ഹയർസെക്കന്ററി കോഴ്സ്

# ഇന്ത്യൻ സാമ്പത്തിക വികസനം

XI


കേരള സർക്കാർ

വിദ്യാഭ്യാസ വകുപ്പ്

തയാറാക്കിയത്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി

കേരളം 2018

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യ പൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനംകൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

**തയാറാക്കിയത്**
**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT),**
**കേരളം 2018**

## ആമുഖം

മലയാള ഭാഷ മാധ്യമമാക്കിക്കൊണ്ട് ഏതു വിഷയവും എത്ര ആഴത്തിൽ പഠിക്കാനും ഏതു ഗഹനമായ ആശയവും പ്രകാശനം ചെയ്യാനും കഴിയേണ്ടതുണ്ട്. ശ്രേഷ്ഠഭാഷയായി അംഗീകരിക്കപ്പെട്ട നമ്മുടെ ഭാഷയിൽ ഹയർസെക്കണ്ടറി പഠനത്തിന് അവസരം നൽകാനുള്ള പരിശ്രമത്തിന്റെ ഭാഗമായാണ് പാഠപുസ്തകങ്ങൾ പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കുന്നത്.

ഹയർ സെക്കണ്ടറി തലത്തിലെ എല്ലാ കോർ വിഷയങ്ങളുടെയും പുസ്തകങ്ങൾ എസ്.സി.ഇ.ആർ.ടി. മലയാളത്തിലേക്ക് സ്വതന്ത്ര പരിഭാഷ നടത്തി പുറത്തിറക്കുകയാണ്. വികസിത രാജ്യങ്ങൾ മാതൃഭാഷയാണ് വിദ്യാഭ്യാസത്തിനുള്ള മാധ്യമമായി ഉപയോഗിച്ചു വരുന്നത്. ദേശീയതലത്തിലുള്ള മിക്ക മത്സരപ്പരീക്ഷകളും പ്രാദേശിക ഭാഷകളിൽ ഉത്തരമെഴുതുന്നത് അംഗീകരിച്ചിരിക്കുന്ന ഈ അവസരത്തിൽ ഹയർസെക്കണ്ടറി തലത്തിലും മലയാളത്തിലുള്ള പുസ്തകങ്ങൾ അനിവാര്യമാണ്. കേരളത്തിലെ കുട്ടികൾ അവരുടെ മാതൃഭാഷയിൽത്തന്നെ ജ്ഞാനനിർമിതിയിൽ ഏർപ്പെടുന്നതിന് ഈ പുസ്തകങ്ങൾ അവസരമൊരുക്കും.

പുസ്തകങ്ങൾ പരിഭാഷപ്പെടുത്തുമ്പോൾ സാങ്കേതിക പദങ്ങൾ പരമാവധി മലയാളത്തിലാക്കാൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ ദൈനംദിന വ്യവഹാരത്തിന് ഉപയോഗിക്കുന്ന പദങ്ങൾ മലയാള ലിപിയിൽ അതേ പടി നിലനിർത്താനും ശ്രമിച്ചിട്ടുണ്ട്. കുട്ടികളുടെ ആശയഗ്രഹണം കൂടുതൽ എളുപ്പമാക്കുന്നതോടൊപ്പം മലയാള ഭാഷയുടെ വളർച്ചയ്ക്കും ഈ പരിഭാഷ പുസ്തകങ്ങൾ സഹായകമാകുമെന്ന് നമുക്ക് പ്രത്യാശിക്കാം.

**ഡോ.ജെ. പ്രസാദ്**
ഡയറക്ടർ,
എസ്.സി.ഇ.ആർ.ടി. കേരളം

# പാഠപുസ്തക വിവർത്തനം

## ശില്പശാലയിൽ പങ്കെടുത്തവർ

**ടി. രാമചന്ദ്രൻ**
ഗവ.ഹയർ സെക്കണ്ടറി സ്കൂൾ
ചെർപ്പുളശ്ശേരി, പാലക്കാട്

**കെ.പി. മുഹമ്മദാലി**
ഡോ. കെ.ബി. മേനോൻ മെമ്മോറിയൽ ഹയർ
സെക്കണ്ടറി സ്കൂൾ, തൃത്താല

**മണികണ്ഠൻ സി.വി**
ഗവ. ഹയർ സെക്കണ്ടറി സ്കൂൾ

**അബ്ദുൾ ലത്തീഫ് പി.വി**
ഗവ. ഹയർ സെക്കണ്ടറി സ്കൂൾ കാടഞ്ചോട്
കാടഞ്ചോരിപ്പുറം, വരവൂർ, തൃശ്ശൂർ

**രഘു. റ്റി.റ്റി.**
ഗവ. ഹയർ സെക്കണ്ടറി സ്കൂൾ
നിറമരുതൂർ, മലപ്പുറം

**സജീഷ് കെ.സി**
ഗവ. ഹയർ സെക്കണ്ടറി സ്കൂൾ
പീച്ചി, തൃശ്ശൂർ

**റോബിൻ കെ തോമസ്**
ഗവ.ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ
മലപ്പുറം

### വിദഗ്ധർ

**ശ്രീ. ടി. പി. കുഞ്ഞിക്കണ്ണൻ**
അസോസിയേറ്റ് പ്രൊഫസർ(റിട്ട)
ധനശാസ്ത്ര വിഭാഗം
ഡി.കെ.ടി.എം ഗവ. കോളേജ് പേരാമ്പ്ര

**ശ്രീ. രാജഗോപാലൻ**
......................................

**ഡോ. ഇന്ദിര പി.എം**
മഹാത്മാഗാന്ധി ഗവ. ആർട്സ് കോളേജ്,
മാഹി

**അക്കാദമിക് കോഡിനേറ്റർ**

**രമേശ് കെ,** റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.

# ഉള്ളടക്കം

ആമുഖം

യൂണിറ്റ് I: വികസന നയങ്ങളും അനുഭവങ്ങളും (1947–90) .......... 1–12

യൂണിറ്റ് II: മാനവ വികസനം –ആമുഖം ........................................ 13–39

യൂണിറ്റ് III: 1991 മുതലുള്ള സാമ്പത്തിക പരിഷ്കാരങ്ങൾ ....... 40–78

യൂണിറ്റ് IV: ദാരിദ്ര്യം .............................................................................. 79–114

യൂണിറ്റ് V: മനുഷ്യ മൂലധന രൂപീകരണം ഇന്ത്യയിൽ ............... 115–121

യൂണിറ്റ് VI: ഗ്രാമവികസനം ............................................................ 122–146


യൂണിറ്റ് VII: തൊഴിൽ : വളർച്ചയും, അനൗപചാരിക വൽകരണവും, മറ്റ് പ്രശ്നങ്ങളും. ........................................................... 40–78

യൂണിറ്റ് VIII: പശ്ചാത്തല സൗകര്യങ്ങൾ ............................................ 79–114


യൂണിറ്റ് IX: പരിസ്ഥിതിയും സുസ്ഥിരവികസനവും ..................... 115–121

യൂണിറ്റ് X: ഇന്ത്യയുടെ വികസന അനുഭവങ്ങൾ:അയൽ രാജ്യങ്ങളുമായി ഒരു താരതമ്യം ................................ 122–146

## സൗകര്യത്തിനായി പാഠപുസ്തകത്തിൽ ഉപയോഗപ്പെടുത്തിയിരിക്കുന്ന ചില ചിഹ്നങ്ങൾ



പഠന പ്രവർത്തനങ്ങൾ



സംഗ്രഹം



അഭ്യാസം

*സ്വാതന്ത്ര്യാനന്തര ഇന്ത്യ തിരഞ്ഞെടുത്ത ആസൂത്രിത വികസനത്തിന്റെ നാൽപതുവർഷത്തെ ചരിത്രവും, സ്വാതന്ത്ര്യലബ്ധിക്കു മുമ്പുള്ള ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ ഏകദേശചിത്രവും ആദ്യത്തെ രണ്ട് യൂണിറ്റുകളിൽ പ്രതിപാദിക്കുന്നു. ആസൂത്രണക്കമ്മീഷന്റെ രൂപീകരണം, പഞ്ചവത്സര പദ്ധതികളുടെ പ്രഖ്യാപനം എന്നിങ്ങനെ നിരവധി നടപടികൾ ഇന്ത്യാ ഗവൺമെന്റ് ഇതിനായി കൈകൊണ്ടിട്ടുണ്ട്. പഞ്ചവത്സര പദ്ധതികളുടെ ലക്ഷ്യങ്ങൾക്കൊപ്പം അവയുടെ സാധ്യതകളും പരിമിതികളും വിമർശനാത്മകമായി വിലയിരുത്താൻ ഈ യൂണിറ്റിൽ ശ്രമിച്ചിട്ടുണ്ട്.*

# 1

# സ്വാതന്ത്ര്യലബ്ധിക്കാലത്തെ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ

**പഠനനേട്ടങ്ങൾ**

- സ്വാതന്ത്ര്യലബ്ധിക്കാലത്തെ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെ പരിചയപ്പെടുന്നു.
- ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ പിന്നോക്കാവസ്ഥയ്ക്കും മുരടിപ്പിനും കാരണങ്ങളായ ഘടകങ്ങളെ മനസ്സിലാക്കുന്നു.

*"ഇന്ത്യ നമ്മുടെ സാമ്രാജ്യത്തിന്റെ കേന്ദ്രബിന്ദുവാണ്. ഈ സാമ്രാജ്യത്തിന്റെ ഏതു പ്രദേശത്തെ ആധിപത്യം നഷ്ടപ്പെട്ടാലും, നമുക്കതിനെ അതിജീവിക്കാൻ കഴിയും. പക്ഷ ഇന്ത്യ നഷ്ടപ്പെട്ടാൽ, നമ്മുടെ സാമ്രാജ്യത്തിന്റെ സൂര്യൻ അസ്തമിക്കും."*
***(വിക്ടർ അലക്സാണ്ടർ ബ്രൂസ് 1894 ലെ ബ്രിട്ടീഷ് – ഇന്ത്യ വൈസ്രോയി)***

## 1.1. ആമുഖം

ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ അടിസ്ഥാന സവിശേഷതകളേയും, സ്വാതന്ത്ര്യാനന്തരം ഇന്ത്യ സ്വീകരിച്ച വികസനനയങ്ങളെയും പരിചയപ്പെടുത്തുകയാണ് **'ഇന്ത്യൻ സാമ്പത്തിക വികസന'**മെന്ന ഈ പുസ്തകത്തിന്റെ ലക്ഷ്യം. രാജ്യത്തിന്റെ സാമ്പത്തികാവസ്ഥയുടെ വർത്തമാന, ഭാവി ദർശനങ്ങളെ മനസ്സിലാക്കുന്നത്ര തന്നെ പ്രാധാന്യമുള്ളതാണ് അതിന്റെ ഭൂതകാലത്തെക്കുറിച്ചുള്ള അറിവും. സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ വികസന തന്ത്രങ്ങളുടെ രൂപീകരണത്തിൽ സ്വാതന്ത്ര്യലബ്ധിക്കു മുമ്പുള്ള സാഹചര്യങ്ങൾ നിർണ്ണായക സ്വാധീനം ചെലുത്തിയിട്ടുണ്ട്.

വർത്തമാന ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ ഘടന സമീപകാലത്തായി രൂപംകൊണ്ട ഒന്നല്ല. മറിച്ച് ഭൂതകാലചരിത്രത്തിലേക്കാണ് അതിന്റെ വേരുകൾ ആഴ്ന്നിറങ്ങുന്നത്. പ്രത്യേകിച്ചും 1947 ആഗസ്റ്റ് 15 ന് ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിക്കുന്നതിന് മുമ്പുള്ള രണ്ട് നൂറ്റാണ്ട് നീണ്ടുനിന്ന ബ്രിട്ടീഷ് ഭരണത്തിലേക്ക് പുരോഗമിച്ചുകൊണ്ടിരുന്ന ബ്രിട്ടനിലെ ആധുനികവ്യവസായങ്ങൾക്ക് തടസ്സമില്ലാതെ അസംസ്കൃതവസ്തുക്കൾ പ്രദാനം ചെയ്യുന്ന കമ്പോളമാക്കി ഇന്ത്യയെ മാറ്റുക എന്നതായിരുന്നു കൊളോണിയൽ ഭരണത്തിന്റെ ലക്ഷ്യം. കഴിഞ്ഞ ഏഴു പതിറ്റാണ്ട് കാലം ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിൽ ഉണ്ടായ മാറ്റങ്ങളെയും പുരോഗതിയേയും മനസ്സിലാക്കുന്നതിനും വിലയിരുത്തുന്നതിനും കോളനി ഭരണകൂടത്തിന്റെ ഈ ചൂഷണാത്മക മനോഭാവത്തെ അറിയേണ്ടത് അനിവാര്യമാണ്.

## 1.2. കോളനി കാലത്തെ താഴ്ന്ന സാമ്പത്തിക വികസനം

ബ്രിട്ടീഷ് അധിനിവേശത്തിന് മുമ്പ് ഇന്ത്യക്ക് സ്വതന്ത്രമായൊരു സമ്പദ്ഘടനയാണ് ഉണ്ടായിരുന്നത്. കൃഷിയായിരുന്നു ഇക്കാലത്തെ ജനങ്ങളുടെ പ്രധാനജീവിതോപാധി. എന്നിരുന്നാലും വൈവിധ്യമാർന്ന വ്യാവസായികോൽപന്നങ്ങളാൽ സമ്പന്നമായിരുന്നു ഇന്ത്യ. പരുത്തി, പട്ടു തുണിത്തരങ്ങൾ, ലോഹം, അമൂല്യമായ രത്നങ്ങൾ തുടങ്ങിയ കരകൗശല വ്യവസായങ്ങൾ ഉയർന്ന പുരോഗതി കൈവരിച്ചിരുന്നു. ഗുണമേന്മയുള്ള വസ്തുക്കളാൽ നിർമ്മിതമായ ഈ ഉൽപ്പന്നങ്ങളിൽ ഇന്ത്യൻ കരവിരുത് പ്രകടമായിരുന്നു. അതിനാൽ അവ വിദേശ കമ്പോളങ്ങളിൽ പ്രിയമേറിയവയുമായിരുന്നു. കോളനി ഭരണം ഇന്ത്യയിൽ നടപ്പാക്കിയ സാമ്പത്തിക നയങ്ങളുടെ പ്രധാനലക്ഷ്യം

**ബോക്സ് 1.1 ബംഗാളിലെ തുണിവ്യവസായം**

*പരുത്തി വസ്ത്രങ്ങളുടെ വകഭേദമായ 'മസ്ലിൻ' തുണിയുടെ ഉൽഭവസ്ഥാനം ഇന്നത്തെ ബംഗ്ലാദേശിന്റെ തലസ്ഥാനമായ 'ഡാക്ക' യും പരിസരപ്രദേശങ്ങളുമാണ്. പരുത്തിവസ്ത്രങ്ങളുടെ ഉത്കൃഷ്ട ഇനം എന്ന നിലയിൽ 'ഡാക്കാ മസ്ലിൻ' ലോകപ്രശസ്തിയാർജ്ജിച്ചി രുന്നു. മസ്ലിൻ തുണിയുടെ ഏറ്റവും മുന്തിയ ഇനം 'മൽമത്' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. വിദേശസഞ്ചാരികൾ 'രാജകീയതക്കനുയോജ്യം' എന്നർത്ഥം വരുന്ന 'മൽമൽ ഷാഹി' അല്ലെങ്കിൽ 'മൽമൽഖാസ്' എന്നും ഇതിനെ വിശേഷിപ്പിച്ചിരുന്നു.*

ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ പുരോഗതിയേക്കാളുപരി, അവരുടെ സാമ്പത്തികതാൽപര്യങ്ങളുടെ സംരക്ഷണവും പ്രോത്സാഹനവുമായിരുന്നു. ഇത് ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെ 'അസംസ്കൃത വസ്തുക്കളുടെ ദാതാവും' ബ്രിട്ടനിൽ നിന്നുള്ള 'അന്തിമ വ്യാവസായിക ഉൽപ്പന്നങ്ങളുടെ ഉപഭോക്താവു'മെന്ന ദയനീയ അവസ്ഥയിലേക്ക് എത്തിച്ചു.

ഈ കാലയളവിൽ ഇന്ത്യയുടെ **ദേശീയ വരുമാനം (National Income), ആളോഹരി വരുമാനം (Per Capita Income)** എന്നിവ നിർണ്ണയിക്കുന്നതിനുള്ള ആത്മാർത്ഥമായൊരു പരിശ്രമവും കോളനിഭരണകൂടത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായില്ല. അതേ സമയം വ്യക്തിപരമായ ചില ശ്രമങ്ങൾ നടന്നുവെങ്കിലും പരസ്പര വിരുദ്ധവും ചേർച്ചയില്ലാത്തതുമായ ഫലങ്ങളാണ് ലഭിച്ചത്. **ദാദാബായ് നവ്‌റോജി, വില്യം ഡിഗ്ബൈ, ഫിൻഡ്‌ലേ ഷിറാസ്, വി.കെ. ആർ.വി.റാവു, സി.ആർ. ദേശായ്** എന്നിവർ ഇത്തരം പഠനങ്ങൾ നടത്തിയവരിൽ ശ്രദ്ധേയരാണ്. VKRV റാവുവിന്റെ പഠനങ്ങളാണ് കോളനി ഭരണകാലത്തെ ദേശീയവരുമാനനിർണ്ണയത്തിൽ സവിശേഷ ശ്രദ്ധയാകർഷിച്ചത്. എന്നിരുന്നാലും ഇത്തരം പഠനങ്ങൾ, ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതി വരെ രാജ്യത്തിന്റെ മൊത്തം യഥാർത്ഥ ഉൽപന്ന (Aggregate Real Output) വളർച്ചാനിരക്ക് 2% ത്തിൽ താഴെയും വാർഷിക ആളോഹരി ഉൽപന്ന (Percapita Output) വളർച്ചാനിരക്ക് വെറും അരശതമാനത്തിൽ താഴെയുമായിരന്നുവെന്ന ദയനീയാവസ്ഥയുടെ നേർചിത്രങ്ങളാണ് വരച്ചുകാണിക്കുന്നത്.

## 1.3. കാർഷികമേഖല

കോളനി ഭരണകാലത്ത് ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ പ്രധാനമായും കൃഷിയെ ആശ്രയിച്ചാണ് നിലനിന്നത്. ജനസംഖ്യയുടെ 85 ശതമാനത്തോളം പേർ ജീവിതോപാധിയായി

**Box. 1. 2. ബ്രിട്ടീഷ് ഇന്ത്യക്ക് മുമ്പുള്ള കാർഷിക മേഖല**

പ്രശസ്ത ഫ്രഞ്ച് സഞ്ചാരിയായിരുന്ന 'ബെർണിയർ' 17-ാം നൂറ്റാണ്ടിലെ ബംഗാളിനെ ഇപ്ര കാരമാണ് വിശേഷിപ്പിച്ചത്. "എന്റെ രണ്ട് സന്ദർശനങ്ങൾ ബംഗാൾ ഈജിപ്തിനേക്കാൾ സമ്പന്നമാണെന്ന വസ്തുതയെ അരക്കിട്ടുറപ്പിച്ചു. ബംഗാളിൽ നിന്ന് പരുത്തി, പട്ട്, അരി, പഞ്ചസാര, വെണ്ണ എന്നിവ ധാരാളമായി കയറ്റു മതി ചെയ്തിരുന്നു. ഗോതമ്പ്, പച്ചക്കറികൾ, ധാന്യ ങ്ങൾ, താറാവ്, കോഴി, വാത്ത് തുടങ്ങിയവയെ സ്വന്തം ആവശ്യങ്ങൾക്കായി ധാരാളമായി ഉൽപാദിപ്പിച്ചു. ചെമ്മരിയാടുകളും പന്നികളും സുലഭമായിരുന്നു. എല്ലാതരം മത്സ്യങ്ങളും സമൃദ്ധമായിരുന്നു. ജലസേചനത്തിനും സഞ്ചാരത്തിനുമായി ഗംഗയിൽ നിന്നും നിരവധി കനാലുകൾ അളവറ്റ അധ്വാനമുപയോഗിച്ച് രാജ്മഹൽ മുതൽ സമുദ്രതീരം വരെ മുൻകാലങ്ങളിൽ നിർമ്മിച്ചിട്ടുണ്ടായിരുന്നു."



**ചിത്രം 1.1. ബ്രിട്ടീഷ് കോളനി ഭരണകാലത്തെ ഇന്ത്യൻ കാർഷിക മേഖലയിലെ മുരടിപ്പ്**

- പതിനേഴാം നൂറ്റാണ്ടിലെ ഇന്ത്യയുടെ കാർഷികപുരോഗതി പരിശോധിക്കുക. 200 വർഷങ്ങൾക്ക് ശേഷം ബ്രിട്ടീഷുകാർ ഇന്ത്യ വിട്ട് പോകുന്ന കാലത്തെ കാർഷിക മുരടിപ്പിനെ ഇതുമായി താരതമ്യം ചെയ്യുക.

കൃഷിയെ പ്രത്യക്ഷമായോ പരോക്ഷമായോ ആശ്രയിച്ചിരുന്നു.എന്നിരുന്നാലും കാർഷിക മേഖല മുരടിപ്പിലായിരുന്നു (Stagnation). മൊത്തം കൃഷി ഭൂമിയുടെ അളവിൽ നേരിയ വർദ്ധനവ് ഉണ്ടായിരുന്നെങ്കിലും, **കാർഷികോൽപ്പാദനക്ഷമത (Agricultural Productivity)** വളരെ താഴ്ന്ന നിലയിലായിരുന്നു. കാർഷികമേഖലയിലെ ഈ മുരടിപ്പിന് പ്രധാനകാരണം ബ്രിട്ടീഷുകാർ നടപ്പാക്കിയ **ഭൂവുടമാ സമ്പ്രദായമായിരുന്നു.** പ്രത്യേകിച്ച് ബംഗാൾ പ്രവിശ്യയിൽ (നിലവിലെ കിഴക്കൻ സംസ്ഥാനങ്ങൾ) നടപ്പിലാക്കിയ സെമീന്ദാരി സമ്പ്രദായം. കൃഷിയിൽ നിന്നുള്ള ലാഭം കർഷകർക്കല്ല മറിച്ച് ഇടനിലക്കാരായ സെമീന്ദാർമാർക്കാണ് ലഭിച്ചിരുന്നത്.എന്നാൽ കാർഷിക മേഖലയുടെ പുരോഗതിയ്ക്കുവേണ്ടി സെമീന്ദാർമാരോ കോളനി ഭരണകൂടമോ ഒന്നും ചെയ്തിരുന്നില്ല. കർഷകരിൽ നിന്ന് വൻതോതിൽ പാട്ടം പിരിച്ചെടുക്കുന്നതിൽ മാത്രമായിരുന്നു സെമീന്ദാർമാരുടെ ശ്രദ്ധ. വർദ്ധിച്ച പാട്ടഭാരം കർഷകരുടെ ജീവിതം ദുസ്സഹമാക്കി.

ഈ സമ്പ്രദായപ്രകാരം സെമീന്ദാർ കൃത്യസമയത്ത് ബ്രിട്ടീഷ് ഭരണകൂടത്തിന് നികുതി അടയ്ക്കേണ്ടതുണ്ട്. അല്ലാത്തപക്ഷം സെമീന്ദാർക്ക് ഭൂമിയിന്മേലുള്ള അവകാശം നഷ്ടപ്പെടും. ആയതിനാൽ കൃഷിക്കാരുടെ സാമ്പത്തികാവസ്ഥയെ സെമീന്ദാർമാർ ഒരിക്കലും പരിഗണിച്ചിരുന്നില്ല. കൂടാതെ പഴഞ്ചൻ സാങ്കേതികവിദ്യ, ജലസേചന സൗകര്യങ്ങളുടെ അഭാവം, രാസവളങ്ങളുടെ കുറഞ്ഞ ഉപയോഗം എന്നിവയും കാർഷികമേഖലയിലെ മുരടിപ്പിന് കാരണമായി.

കാർഷിക മേഖലയിലെ വാണിജ്യവൽക്കരണം കർഷകരെ ഭക്ഷ്യവിളകളിൽ നിന്ന് നാണ്യവിളകളിലേക്ക് ആകർഷിച്ചു. ഇത് അവരുടെ സാമ്പത്തികാവസ്ഥയിൽ ചെറിയ തോതിലുള്ള പുരോഗതി ഉണ്ടാക്കിയെങ്കിലും കാർഷിക മേഖലയിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്ക് ഇടയാക്കി. ജലസേചന സൗകര്യത്തിൽ നേരിയ പുരോഗതി ഉണ്ടായി എങ്കിലും, ഭൂമിയെ തട്ടുകളാക്കൽ, വെള്ളപ്പൊക്ക

### പഠന പ്രവർത്തനങ്ങൾ

- ബ്രിട്ടീഷ് ഇന്ത്യയുടെയും സ്വതന്ത്ര ഇന്ത്യയുടെയും ഭൂപടം താരതമ്യം ചെയ്ത് പാകിസ്ഥാന്റെ ഭാഗങ്ങളായി മാറിയ പ്രദേശങ്ങളെ കണ്ടുപിടിക്കുക. സാമ്പത്തിക കാഴ്ചപ്പാടിൽ എന്തു കൊണ്ടാണ് ഈ പ്രദേശങ്ങൾ ഇന്ത്യയെ സംബന്ധിച്ച് പ്രാധാന്യമർഹിക്കുന്നത്? (കൂടുതൽ വിവരങ്ങൾക്കായി ഡോ. രാജേന്ദ്രപ്രസാദിന്റെ 'India Divided' എന്ന ഗ്രന്ഥം പരിശോധിക്കുക)
- ബ്രിട്ടീഷുകാർ ഇന്ത്യയിൽ നടപ്പാക്കിയ വ്യത്യസ്ത ഭൂവുടമാസമ്പ്രദായങ്ങൾ ഏതെല്ലാം? ഈ ഭൂവുടമാസമ്പ്രദായങ്ങൾ എവിടെയെല്ലാം നടപ്പാക്കി? അവയുടെ ഫലങ്ങൾ എന്തെല്ലാം? ഇവ നിലവിലെ കാർഷിക സാഹചര്യങ്ങളെ സ്വാധീനിച്ചിട്ടുണ്ടെന്ന് നിങ്ങൾ കരുതുന്നുണ്ടോ? (ഈ ചോദ്യങ്ങളുടെ ഉത്തരങ്ങൾ കണ്ടെത്താൻ, രമേഷ് ചന്ദ്രദത്തിന്റെ മൂന്ന് വാല്യങ്ങളുള്ള 'Economic History of India' എന്ന ഗ്രന്ഥവും, B. H. ബേഡൻ പവ്വലിന്റെ രണ്ട് വാല്യങ്ങളുള്ള 'The Land System of British India' എന്ന ഗ്രന്ഥവും പരിശോധിക്കുക) ഈ വിഷയം കൂടുതൽ അറിയുന്നതിനായി ബ്രിട്ടീഷ് ഇന്ത്യയുടെ കാർഷിക ഭൂപടം സ്വയം വരയ്ക്കുകയോ കമ്പ്യൂട്ടറിന്റെ സഹായത്താൽ തയ്യാറാക്കുകയോ ചെയ്യുക. ഇതു മനസ്സിലാക്കാൻ വിശദീകരണ ഭൂപടത്തേക്കാൾ സഹായകരമായ മറ്റൊന്നും തന്നെ ഇല്ല.

നിയന്ത്രണം, നീർവാർച, മണ്ണിലെ ലവണാംശങ്ങൾ നീക്കൽ തുടങ്ങിയ രംഗങ്ങളിൽ നിക്ഷേപം കുറവായിരുന്നു. ചെറിയൊരു ഭാഗം കൃഷിക്കാർ ഭക്ഷ്യവിളകളിൽ നിന്ന് നാണ്യവിളകളിലേക്ക് മാറിയെങ്കിലും ഭൂരിഭാഗം കുടിയാന്മാർക്കും ചെറുകിട കർഷകർക്കും കൂട്ടുകൃഷിക്കാർക്കും കൃഷിയിൽ നിക്ഷേപമിറക്കുന്നതിനാവശ്യമായ വിഭവങ്ങളോ സാങ്കേതിക വിദ്യകളോ പ്രോത്സാഹനങ്ങളോ ലഭിച്ചിരുന്നില്ല.

## 1.4. വ്യാവസായിക മേഖല

കാർഷിക മേഖലയിലെന്ന പോലെ, ഉൽപന്ന നിർമ്മാണ മേഖലയിലും ശക്തമായ വ്യാവസായിക അടിത്തറ കെട്ടിപ്പടുക്കാൻ ഇന്ത്യയിൽ കോളനി ഭരണത്തിൽ കഴിഞ്ഞിരുന്നില്ല. ലോകപ്രശസ്തിനേടിയ ഇന്ത്യൻ കരകൗശലവ്യവസായങ്ങൾ ക്ഷയിച്ചു എന്നു മാത്രമല്ല, ആ സ്ഥാനത്തേക്ക് അതേ പ്രൗഢിയിലുള്ള ആധുനിക വ്യവസായങ്ങൾ ഉയർന്നുവരാൻ അനുവദിച്ചതുമില്ല. ഇന്ത്യൻ വ്യവസായങ്ങളുടെ തകർച്ചക്ക് ആക്കം കൂട്ടിയ ബ്രിട്ടന്റെ വ്യവസായികനയങ്ങൾക്ക് രണ്ട് ലക്ഷ്യങ്ങളാണ് ഉണ്ടായിരുന്നത്. ബ്രിട്ടനിൽ വളർന്നുവന്ന ആധുനിക വ്യവസായങ്ങൾക്ക് ആവശ്യമായ അസംസ്കൃതവസ്തുക്കൾ കയറ്റുമതി ചെയ്യുന്ന രാജ്യമായി ഇന്ത്യയെ മാറ്റുക എന്നതായിരുന്നു ഒന്നാമത്തെ ലക്ഷ്യം. ബ്രിട്ടനിൽ ഉൽപ്പാദിപ്പിക്കുന്ന വ്യവസായ ഉൽപ്പന്നങ്ങളുടെ വിശാലകമ്പോളമാക്കി ഇന്ത്യയെ മാറ്റുക എന്നതായിരുന്നു രണ്ടാമത്തെ ലക്ഷ്യം. ബ്രിട്ടന്റെ സാമ്പത്തിക പുരോഗതിയായിരുന്നു ഈ നയങ്ങളിലൂടെ കോളനി ഭരണകൂടം ലക്ഷ്യം വെച്ചത്. ഇത് ഇന്ത്യയിൽ പുതിയൊരു സാമ്പത്തിക അവസ്ഥ സംജാതമാക്കി. കരകൗശലവ്യവസായങ്ങളുടെ തകർച്ച ഇന്ത്യയിൽ തൊഴിലില്ലായ്മ രൂക്ഷമാക്കുകയും ഉപഭോഗ കമ്പോളത്തിൽ പ്രാദേശിക ഉൽപന്നങ്ങളുടെ ലഭ്യത ഇല്ലാതാക്കുകയും ചെയ്തു. തുടർന്നുണ്ടായ ഉപഭോഗവസ്തുക്കളുടെ ചോദന വർദ്ധനവിനെ ബ്രിട്ടനിൽ ഉൽപ്പാദിപ്പിച്ചിരുന്ന വിലകുറഞ്ഞ വസ്തുക്കളുടെ ഇറക്കുമതിയിലൂടെയാണ് കോളനി ഭരണകൂടം സമർത്ഥമായി ഉപയോഗപ്പെടുത്തിയത്.

19-ാംനൂറ്റാണ്ടിന്റെ രണ്ടാംപകുതിയിൽ തന്നെ ആധുനിക വ്യവസായങ്ങൾ ഇന്ത്യയിൽ വേരുറപ്പിച്ചുവെങ്കിലും അവയുടെ വളർച്ച മന്ദഗതിയിലായിരുന്നു. തുടക്കത്തിൽ ഈ പുരോഗതി ചണം, പരുത്തി എന്നീ വ്യവസായങ്ങളിൽ മാത്രമൊതുങ്ങി. ഇന്ത്യക്കാരുടെ അധീനതയിലുണ്ടായിരുന്ന പരുത്തി വ്യവസായശാലകൾ പ്രധാനമായും ആരംഭിച്ചത് ഗുജറാത്തിലും മഹാ രാഷ്ട്രയിലുമായിരുന്നു. അതേസമയം ബ്രിട്ടീഷുകാരുടെ അധീനതയിൽ ഉണ്ടായിരുന്ന ചണ വ്യവസായങ്ങൾ കേന്ദ്രീകരിച്ചത് ബംഗാളിലായിരുന്നു. 20-ാംനൂറ്റാണ്ടിന്റെ തുടക്കത്തിൽ ഇന്ത്യയിൽ ഇരുമ്പുരുക്ക് വ്യവസായം പ്രവർത്തനമാരംഭിച്ചു. 1907 ൽ ടാറ്റാ ഇരുമ്പുരുക്ക് കമ്പനി (**TISCO**) സ്ഥാപിതമായി. രണ്ടാം ലോകയുദ്ധത്തിന് ശേഷം പഞ്ചസാര, സിമന്റ്, കടലാസ് വ്യവസായങ്ങൾ പേരിനെങ്കിലും ഇന്ത്യയിൽ തുടക്കം കുറിച്ചു.

വ്യാവസായവൽക്കരണത്തിന് അത്യന്താപേക്ഷിതമായ **മൂലധനചരക്ക് വ്യവസായങ്ങൾ (Capital Goods Industry)** ഉണ്ടായിരുന്നില്ല. ഉൽപ്പാദനത്തിനാവശ്യമായ യന്ത്രസാമഗ്രികൾ നിർമ്മിക്കുന്ന വ്യവസായങ്ങളാണ് മൂലധനചരക്ക് വ്യവസായങ്ങൾ. ഒറ്റപ്പെട്ട ചില വ്യവസായങ്ങൾ ആരംഭിച്ചുവെങ്കിലും അവ ഇന്ത്യയുടെ പരമ്പരാഗതമായ കരകൗശലവ്യവസായങ്ങൾക്ക് പകരം നിൽക്കാവുന്ന തരത്തിലുള്ളവയായിരുന്നില്ല. കൂടാതെ ഈ വ്യവസായങ്ങളുടെ വളർച്ചാനിരക്കും **മൊത്തം ആഭ്യന്തര ഉൽപന്നത്തിലേക്കുള്ള (GDP)**

### പഠന പ്രവർത്തനങ്ങൾ

- ഇന്ത്യയിൽ ആധുനികവ്യവസായങ്ങൾ ആദ്യമായി എവിടെ, എന്ന് സ്ഥാപിച്ചു. എന്നതിനെ കുറിച്ച് ഒരു പട്ടിക തയ്യാറാക്കുക. ആധുനിക വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന ഘടകങ്ങൾ ഏതെല്ലാം? ടാറ്റാ ഇരുമ്പുരുക്ക് വ്യവസായം ഇപ്പോഴത്തെ ജാർക്കണ്ഡിന്റെ ഭാഗമായ ജാംഷെഡ്പൂരിൽ തന്നെ സ്ഥാപിക്കാനുണ്ടായ കാരണങ്ങൾ എന്തെല്ലാം?
- ഇന്ത്യയിൽ നിലവിലെത്ര ഇരുമ്പുരുക്ക് വ്യവസായശാലകളുണ്ട്? ലോകത്തിലെ മികച്ച ഇരുമ്പുരുക്ക് വ്യവസായങ്ങളിൽ ഇവ ഉൾപ്പെടുന്നുണ്ടോ? ഇവ പുന: ക്രമീകരിക്കുകയും നവീകരിക്കുകയും ചെയ്യേണ്ടതുണ്ടോ? ഉണ്ടെങ്കിൽ എപ്രകാരം നടപ്പിലാക്കാം? തന്ത്രപ്രധാനമല്ലാത്ത വ്യവസായങ്ങൾ പൊതുമേഖലയിൽ തുടരേണ്ടതില്ല എന്ന അഭിപ്രായത്തോടുള്ള നിങ്ങളുടെ കാഴ്ചപ്പാട് എന്താണ്?
- ഇന്ത്യാഭൂപടത്തിൽ സ്വാതന്ത്ര്യകാലത്തെ പരുത്തി വ്യവസായങ്ങൾ, ചണമില്ലുകൾ, തുണിമില്ലുകൾ എന്നിവ അടയാളപ്പെടുത്തുക.

ഇവയുടെ സംഭാവനയും നാമമാത്രമായിരുന്നു. പുതുതായി ആരംഭിച്ച വ്യവസായങ്ങളിൽ പൊതുമേഖലയുടെ സംഭാവന റെയിൽവെ, വൈദ്യുതോൽപ്പാദനം, തുറമുഖം, വാർത്താവിനിമയം എന്നിവയിൽ ഒതുങ്ങി

## 1. 5. വിദേശവ്യാപാരം

പുരാതനകാലം മുതൽക്കേ വിദേശവ്യാപാരത്തിൽ പ്രശസ്തിയാർജ്ജിച്ച രാജ്യമായിരുന്നു ഇന്ത്യ. എന്നാൽ കോളനി ഭരണകൂടം ഉൽപാദനം, വ്യാപാരം, തീരുവ എന്നീ മേഖലകളിൽ നടപ്പാക്കിയ നയങ്ങൾ ഇന്ത്യയുടെ വിദേശവ്യാപാരത്തിന്റെ ഘടനയേയും, ഘടകങ്ങളേയും അളവിനേയും പ്രതികൂലമായി ബാധിച്ചു. ഇതിന്റെ ഫലമായി അസംസ്കൃത പട്ട്, പരുത്തി, കമ്പിളി, പഞ്ചസാര, നീലം, ചണം തുടങ്ങിയ പ്രാഥമിക വസ്തുക്കൾ കയറ്റുമതി ചെയ്യുകയും ബ്രിട്ടനിലെ ഫാക്ടറികളിൽ നിർമ്മിച്ച ലഘുയന്ത്രങ്ങൾ പോലുള്ള മൂലധനവസ്തുക്കൾ, പൂർണ്ണ ഉപഭോഗവസ്തുക്കളായ പരുത്തി, പട്ട്, കമ്പിളി വസ്ത്രങ്ങൾ ഇറക്കുമതി ചെയ്യുന്ന രാജ്യമായി ഇന്ത്യമാറി. കൂടാതെ നിക്ഷിപ്തലക്ഷ്യങ്ങളോടെ ഇന്ത്യയുടെ ഇറക്കുമതിയുടെയും കയറ്റുമതിയുടെയും മേൽ കുത്തകാധിപത്യം ബ്രിട്ടൺ നിലനിർത്തി. ഇതിന്റെ ഫലമായി ഇന്ത്യയുടെ വിദേശവ്യാപാരത്തിന്റെ പകുതിയിലധികവും ബ്രിട്ടനുമായും ശേഷിക്കുന്ന ഭാഗം ചൈന, സിലോൺ (ശ്രീലങ്ക), പേർഷ്യ (ഇറാൻ) പോലുള്ള രാജ്യങ്ങളുമായും നടത്താൻ നിർബന്ധിതമായി. സൂയസ് കനാൽ തുറന്നതോടുകൂടി ഇന്ത്യൻ വിദേശവ്യാപാരത്തിന്മേലുള്ള നിയന്ത്രണം ബ്രിട്ടൻ കൂടുതൽ കർശനമാക്കി (ബോക്സ് 1.3 കാണുക)

ബ്രിട്ടീഷുഭരണകാലത്തെ വിദേശവ്യാപാരത്തിന്റെ പ്രത്യേകലക്ഷ്യം ഉയർന്ന കയറ്റുമതി മിച്ചം സൃഷ്ടിക്കുകയെന്നതായിരുന്നു. എന്നാൽ ഈ മിച്ചം ഉണ്ടാക്കുന്നതിന് രാജ്യം വലിയ വില നിൽകേണ്ടിവന്നു. ഭക്ഷ്യ ധാന്യങ്ങൾ, വസ്ത്രങ്ങൾ, മണ്ണെണ്ണ തുടങ്ങി പലവിധത്തിലുള്ള അത്യാവശ്യ വസ്തുക്കളുടെ ലഭ്യത ആഭ്യന്തര കമ്പോളത്തിൽ കുറഞ്ഞു. ഈ വ്യാപാരമിച്ചം ഇന്ത്യയിലേയ്ക്കുള്ള സ്വർണ്ണത്തിന്റെയും വെള്ളിയുടെയും ഒഴുക്ക് വർദ്ധിപ്പിച്ചില്ല എന്നു മാത്രമല്ല ഇവ ബ്രിട്ടീഷുകാരുടെ ഭരണ, യുദ്ധ

### പരിശീലിക്കുക

- ബ്രിട്ടീഷ് ഭരണകാലത്തെ ഇന്ത്യയുടെ കയറ്റുമതി, ഇറക്കുമതി ഇനങ്ങളുടെ പട്ടിക തയ്യാറാക്കുക.
- ഇന്ത്യാഗവൺമെന്റിന്റെ ധനകാര്യ വകുപ്പ് പുറത്തിറക്കുന്ന സാമ്പത്തിക സർവ്വേകളിൽ നിന്ന് നമ്മുടെ കയറ്റുമതി ഇറക്കുമതി ഇനങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിക്കുക. ഈ ഇനങ്ങളെ സ്വാതന്ത്ര്യലബ്ധിക്കുമുമ്പുള്ള കാലത്തെ ഇനങ്ങളുമായി താരതമ്യം ചെയ്യുക. ഇന്ത്യയുടെ വിദേശവ്യാപാരത്തിൽ സുപ്രധാനപങ്ക് വഹിക്കുന്ന തുറമുഖങ്ങൾ ഏതെല്ലാമെന്ന് കണ്ടെത്തുക.

ചെലവുകൾക്കുംഒപ്പം വിവിധ സേവനങ്ങളുടെ ഇറക്കുമതി ചെലവിനായി വിനിയോഗിക്കുകയും ചെയ്തു. ഇതെല്ലാം ബ്രിട്ടനിലേക്കുള്ള ഇന്ത്യൻ സമ്പത്തിന്റെ ഒഴുക്ക് സുഗമമാക്കി.

## 1. 6. ജനസംഖ്യാസ്ഥിതി

ഇന്ത്യയിൽ ആദ്യമായി ഔദ്യോഗിക സെൻസസ് നടന്നത് 1881 ൽ ആണ്. ചില പരിമിതികൾ ഉണ്ടെങ്കിലും ഇന്ത്യയിലെ ജനസംഖ്യാ വളർച്ചയുടെ അസന്തുലിതാവസ്ഥ ഇത് തുറന്നുകാട്ടി. ഇന്ത്യയിൽ 10 വർഷം കൂടുമ്പോഴാണ് സെൻസസ് നടത്തുന്നത്. 1921ന് മുമ്പ് ഇന്ത്യ **ജനസംഖ്യ പരിവർത്തനത്തിന്റെ (Demographic Transition)** ആദ്യഘട്ടത്തിലായിരുന്നു. രണ്ടാംഘട്ടം ആരംഭിക്കുന്നത് 1921 നുശേഷമാണ്. എന്നിരുന്നാലും ഈ ഘട്ടത്തിൽ




ചിത്രം1. 2. സൂയസ് കനാൽ – ഇന്ത്യയേയും ബ്രിട്ടനേയും ബന്ധിപ്പിച്ച സുപ്രധാന പാത.

**ബോക്സ് 1. 3 സൂയസ് കനാലിലൂടെയുള്ള വ്യാപാരം**


വടക്ക് കിഴക്കൻ ഈജിപ്തിലെ സൂയസ് കരയിടുക്കിന് സാമാന്തരമായി വടക്ക്–തെക്ക് നീണ്ടു കിടക്കുന്ന മനുഷ്യനിർമ്മിത ജലമാർഗ്ഗമാണ് സൂയസ് കനാൽ. ഇത് മെഡിറ്ററേനിയൻ കടലിലെ പോർട്ട് സെയ്ദിനേയും ചെങ്കടലിന്റെ കൈവഴിയായ സൂയസ് ഉൾക്കടലിനേയും പരസ്പരം ബന്ധിപ്പിക്കുന്നു. സൂയസ് കനാൽ യൂറോപ്പ്, അമേരിക്ക, തെക്കേ ഏഷ്യൻ രാജ്യങ്ങൾ, കിഴക്കൻ ആഫ്രിക്ക, ഓഷ്യാനിയ തുടങ്ങിയ പ്രദേശങ്ങളിലെ തുറമുഖങ്ങളിലേക്ക് സഞ്ചരിക്കുന്ന കപ്പലുകൾക്ക് ആഫ്രിക്കൻ വൻകരയെ ചുറ്റി സഞ്ചരിക്കേണ്ട അവസ്ഥ ഒഴിവാക്കുന്നു. സാമ്പത്തികമായും തന്ത്രപ്രധാനമായും ലോകത്തിലെ പ്രധാന ജലമാർഗ്ഗങ്ങളിലൊന്നാണ് ഇത്. 1869 ൽ ഇത് തുറന്നതോടു കൂടി യാത്രാചിലവ് കുറയുകയും യൂറോപ്യൻ രാജ്യങ്ങൾക്ക് ഇന്ത്യൻ കമ്പോളത്തിലേക്കുള്ള പ്രവേശനം സുഗമമാവുകയും ചെയ്തു.

ഇന്ത്യയുടെ മൊത്തം ജനസംഖ്യയും ജന സംഖ്യാവളർച്ചാനിരക്കും ഉയർന്നതായിരുന്നില്ല.

ഇന്ത്യയിലെ സാമൂഹ്യ വികസന സൂചകങ്ങൾ ഒന്നും തന്നെ ഒട്ടും പ്രോത്സാഹനകരമായ അവസ്ഥയി ലായിരുന്നില്ല. രാജ്യത്തെ സാക്ഷരതാ നിരക്ക് 16% ത്തിൽ താഴെയായി രുന്നു. ഇതിൽ സ്ത്രീ സാക്ഷരതാ നിരക്ക് വെറും 7% ത്തിൽ താഴെയും. പൊതുജനാ രോഗ്യ സൗകര്യങ്ങൾ നല്ലൊരുവിഭാഗം ജന ങ്ങൾക്കും ലഭ്യമായിരുന്നില്ല. ഉണ്ടായിരുന്നവ തന്നെ തീർത്തും അപര്യാപ്തമായിരുന്നു. അതിനാൽ വായു – ജലജന്യ രോഗങ്ങൾ വ്യാപ കമാവുകയും ഇവ പിടിപെട്ട് ധാരാളം ആളുകൾ മരിക്കുകയും ചെയ്തു. മൊത്തം മരണനിരക്ക് വളരെ ഉയർന്നതായിരുന്നു എന്നതിൽ ഒട്ടും അതിശയോക്തിയില്ല. **ശിശുമരണനിരക്ക് (Infent Mortality Rate)** 1000ന് 218 എന്ന നിരക്കിലായിരുന്നു. ഇതിനെ ഇപ്പോഴത്തെ ശിശുമരണ നിരക്കായ 1000 ന് 63 മായി താരതമ്യം ചെയ്തുനോക്കുക. ആയൂർ ദൈർഘ്യം 44 വർഷം മാത്രമായിരുന്നു. ഇപ്പോഴത് 68 വർഷമാണെന്നോർക്കുക. വിശ്വാസയോഗ്യമായ ദത്തങ്ങളുടെ അഭാവ ത്തിൽ അക്കാലത്തെ ദാരിദ്ര്യത്തിന്റെ വ്യാപ്തി അളക്കൽ പ്രയാസമാണ്. എങ്കിലും കോളനി ഭരണകാലത്ത് ഇന്ത്യയിൽ കഠിനമായ ദാരിദ്ര്യം നിലനിന്നിരുന്നുവെന്നതും അത് ഇന്ത്യൻ ജനത യുടെ ജീവിതം ദുഃസ്സഹമാക്കി എന്നതും തർക്കമില്ലാത്ത കാര്യമാണ്.

## 1.7. തൊഴിൽ ഘടന

കോളനി ഭരണകാലത്ത് ഇന്ത്യയുടെ തൊഴിൽഘടന, അതായത് വിവിധ വ്യവസായ ങ്ങളിലും, മേഖലകളിലും തൊഴിൽ ചെയ്യുന്നവ രുടെ വിതരണത്തിൽ ചെറിയ മാറ്റങ്ങൾ പ്രകടിപ്പിച്ചു. മൊത്തം തൊഴിൽശക്തിയുടെ ഏറിയ പങ്കും കാർഷികമേഖലയിലായിരുന്നു. ഇത് ഏകദേശം 70% മുതൽ 75% വരെ യായിരുന്നു. എന്നാൽ ഉൽപന്ന നിർമ്മാണ മേഖല 10% വും സേവന മേഖല 15–20 % വും തൊഴിൽ ശക്തിയെ യാണ് ഉൾക്കൊണ്ടിരുന്നത്. ശ്രദ്ധേയമായ മറ്റൊരു വസ്തുത വർദ്ധിച്ച പ്രാദേശികതലത്തിലുള്ള അന്തരമായിരുന്നു.



ചിത്രം 1.3. ഇന്ത്യയിലെ വലിയൊരു വിഭാഗം ജനതങ്ങൾക്കും വീടുപോലുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ല.

**പരിശീലിക്കുക.**


- സ്വാതന്ത്ര്യത്തിനു മുമ്പ് ഇന്ത്യയിൽ ഇട യ്ക്കിടെ സംഭവിച്ചിരുന്ന ക്ഷാമങ്ങളുടെ കാരണങ്ങൾ എന്തെന്ന് കണ്ടെത്താൻ നിങ്ങൾക്ക് കഴിയുമോ? നോബേൽ പുര സ്കാരജേതാവായ അമർത്യാസെന്നിന്റെ 'Poverty and Famine' എന്ന ഗ്രന്ഥം അവ ലംബിക്കാം
- സ്വാതന്ത്ര്യലബ്ധിക്കാലത്തെ ഇന്ത്യയു ടെ തൊഴിൽ ഘടനയെ കാണിക്കുന്ന ഒരു പൈ ഡയഗ്രം വരയ്ക്കുക.

അന്നത്തെ മദ്രാസ്പ്രവിശ്യയുടെ ചില ഭാഗങ്ങ ളിലും (ഇന്നത്തെ സംസ്ഥാനങ്ങളായ കേരളം, തമിഴ്നാട്, കർണ്ണാടകം, ആന്ധ്രപ്രദേശ്, തെലു ങ്കാന എന്നിവ മദ്രാസ് പ്രവിശ്യയുടെ ഭാഗ ങ്ങളായിരുന്നു) ബോംബെയിലും ബംഗാളിലും കാർഷികമേഖലയിൽ പണിയെടുക്കുന്നവരുടെ എണ്ണം കുറവും നിർമ്മാണമേഖലയിലും സേവനമേഖലയിലുമുള്ളവരുടെ എണ്ണം കൂടുതലുമായിരുന്നു. അതേസമയം ഒറീസ്സ, രാജസ്ഥാൻ, പഞ്ചാബ് തുടങ്ങിയ സംസ്ഥാനങ്ങളിൽ കാർഷികമേഖലയിലെ തൊഴിൽശക്തി ഉപയോഗം ഉയർന്നു കൊണ്ടി രിക്കുകയായിരുന്നു.

## 1.8. പശ്ചാത്തലസൗകര്യങ്ങൾ


കോളനി ഭരണകാലത്ത് ഇന്ത്യയുടെ പശ്ചാത്തലസൗകര്യങ്ങളായ റെയിൽവേ, തുറ മുഖം, ജലഗതാഗതം, തപാൽ, കമ്പിതപാൽ എന്നിവ വികസിച്ചു. ബ്രിട്ടീഷുകാരുടെ യഥാർത്ഥലക്ഷ്യം ഇന്ത്യക്കാർക്ക് പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമാക്കുക എന്നതായിരു ന്നില്ല, മറിച്ച് തങ്ങളുടെ വിവിധങ്ങളായ സാമ്രാ ജ്യത്വ താൽപര്യങ്ങളെ സംരക്ഷിക്കുക യായിരുന്നു. ബ്രിട്ടീഷ് ഭരണത്തിനു മുമ്പ് നിർമ്മിച്ച റോഡുകൾ ആധുനിക ഗതാഗത ത്തിന് ഒട്ടും അനുയോജ്യമായിരുന്നില്ല. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലേക്ക് സൈനിക നീക്കങ്ങൾക്കുള്ള സൗകര്യമൊരുക്കുക എന്ന ലക്ഷ്യമാണ് പല റോഡ് നിർമ്മാണങ്ങൾക്കും പിന്നിലുണ്ടായിരുന്നത്. അത് പോലെ അസംസ്കൃത വസ്തുക്കൾ ഗ്രാമപ്രദേശങ്ങിൽ നിന്നും അടുത്തുള്ള റെയിൽവേ സ്റ്റേഷൻ ലേക്കും, തുറമുഖങ്ങൾതുടങ്ങിയ ഇടങ്ങളിലേക്ക് എത്തിച്ച് അത് അവിടെ നിന്ന് ഇംഗ്ലണ്ടിലേക്കോ ലാഭകരമായ മറ്റ് വിദേശ കേന്ദ്രങ്ങളിലേക്കോ എത്തിക്കുക എന്ന താൽപര്യവും ഈ റോഡു നിർമ്മാണങ്ങൾക്കു പിന്നിലുണ്ടായിരുന്നു. എല്ലാ കാലാവസ്ഥയിലും ഉപയോഗിക്കാവുന്ന റോഡുകൾ ഗ്രാമങ്ങളിൽ കുറവായതിനാൽ പ്രകൃതി ദുരന്തങ്ങളുടെയും ക്ഷാമത്തിന്റെയും അവസരങ്ങളിൽ ജനങ്ങൾ വളരെപ്രയാസപ്പെട്ടിരുന്നു.

ബ്രിട്ടീഷുകാർ ഇന്ത്യയിൽ റെയിൽവെ ആരം ഭിച്ചത് 1850 ലാണ്. അത് അവരുടെ സംഭാ വനയായി കരുതുന്നു. ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ ഘടനയെ രണ്ട് രീതിയിലാണ് റെയിൽവെ സ്വാധീനിച്ചത്. ഒന്നാമതായി, ദീർഘ ദൂരയാത്രകൾ സാധ്യമായതോടെ ഭൂമി ശാസ്ത്രപരവും സാംസ്കാരികവുമായ അതിർവരമ്പുകൾ ഭേദിക്കാൻ സഹായകമായി. രണ്ടാമതായി, കൃഷിയുടെ വാണിജ്യ വൽക്കരണത്തെ അത് പരിപോഷിപ്പിച്ചെങ്കിലും ഗ്രാമീണ സമ്പദ്വ്യവസ്ഥയുടെ സ്വയം പര്യാ പ്തതയെ ദോഷകരമായി ബാധിച്ചു. ഇന്ത്യയിൽ നിന്നുള്ള കയറ്റുമതിവർദ്ധിച്ചു എന്നതിന് സംശയമില്ല. എങ്കിലും ഇതിന്റെ ഗുണമൊന്നും കൃഷിക്കാരായ ജനങ്ങൾക്ക് നേരിട്ട് ലഭിച്ചില്ല. റെയിൽവേയുടെ ആവിർഭാവം കൊണ്ട് ഇന്ത്യൻ ജനതയ്ക്കുണ്ടായ സാമൂഹ്യനേട്ടം രാജ്യ ത്തിന്റെ സാമ്പത്തിക നഷ്ടത്തെ മറി കടക്കുന്നതായിരുന്നു.



ചിത്രം 1.4. ആദ്യ റെയിൽവേ പാലം – 1854 ബോംബെ – താനെയുമായി ബന്ധിപ്പിക്കുന്നത്.

റെയിൽവേ, റോഡ് എന്നിവയുടെ വികസനത്തോടൊപ്പം തന്നെ കോളനി ഭരണകൂടം ഉൾനാടൻ വ്യാപാരവും കടൽ ഗതാഗത മാർഗ്ഗങ്ങളും വികസിപ്പിക്കാനുള്ള നടപടിയെടുത്തു. എങ്കിലും ഈ പ്രവർത്തനങ്ങൾ തൃപ്തികരമായിരുന്നില്ല. ഉൾനാടൻ ജലഗതാഗതം ഒറീസ്സയിലെ തീരദേശ കനാൽ സംവിധാനത്തെപ്പോലെതന്നെ സാമ്പത്തികമായി ലാഭമായിരുന്നില്ല. ഉയർന്ന ചെലവിൽ നിർമ്മിച്ചിരുന്ന കനാൽ സംവിധാനമായിരുന്നിട്ടും റെയിൽവെയുമായി മത്സരിക്കാൻ കഴിയുമായിരുന്നില്ല. ഏറെ താമസിയാതെ ആ പ്രദേശത്ത് കനാലിനു സമാന്തരമായി റെയിൽവെ വരികയും കനാൽ സംവിധാനം തന്നെ ഉപേക്ഷിക്കേണ്ടിവരികയും ചെയ്തു. ചെലവേറിയതാണെങ്കിലും



ചിത്രം 1. 5. ടാറ്റാ എയർലൈൻസ് – 1932 ൽ ഇതിന്റെ ആരംഭത്തോടെ ഇന്ത്യ യിൽ വ്യോമ ഗതാഗതം ആരംഭിച്ചു.

### പഠന പ്രവർത്തനം

➤ ബ്രിട്ടീഷ് ഭരണം പല വിധത്തിലും ഇന്ത്യയ്ക്ക് അനുഗുണമായിരുന്നുവെന്ന ഒരു കാഴ്ചപ്പാട് നിലനിൽക്കുന്നുണ്ട്. ഇതിനെക്കുറിച്ച് വിശദമായ സംവാദം ആവശ്യമുണ്ട്. ഈ കാഴ്ചപ്പാടിനെ കുറിച്ചുള്ള നിങ്ങളുടെ നിരീക്ഷണം എന്താണ്? 'ബ്രിട്ടീഷ് രാജ് ഇന്ത്യയ്ക്ക് അനുഗുണമായിരുന്നോ' – ക്ലാസ്സിൽ ചർച്ച ചെയ്യുക.

വൈദ്യുതീകൃത കമ്പിതപാൽ സംവിധാനം രാജ്യത്തിന്റെ ക്രമസമാധാനപാലനത്തിൽ വലിയ പങ്കാണ് വഹിച്ചത്. തപാൽ സംവിധാനം ഉപകാരപ്രദമായിരുന്നുവെങ്കിലും വർദ്ധിച്ച ആവശ്യങ്ങൾക്കനുസൃതമായ സേവനം നൽകാൻ പര്യാപ്തമായിരുന്നില്ല. പശ്ചാത്തലസൗകര്യങ്ങളെ കുറിച്ചുള്ള വിശദവിവരങ്ങൾ 8–ാംമാത്തെ അധ്യായത്തിലും കാണാം.

## 1.9. ഉപസംഹാരം

ഇന്ത്യ സ്വാതന്ത്ര്യം നേടുമ്പോഴേക്കും രണ്ട് നൂറ്റാണ്ടോളം നീണ്ട് നിന്ന ബ്രിട്ടീഷ് ഭരണത്തിന്റെ പ്രത്യാഘാതങ്ങൾ ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ എല്ലാ തലങ്ങളേയും ബാധിച്ചിരുന്നു. ആവശ്യത്തിലധികം തൊഴിലാളികളെ കൊണ്ടും അങ്ങേയറ്റം താഴ്ന്ന ഉൽപാദന ക്ഷമത കൊണ്ടും കാർഷിക മേഖല തളർന്നിരുന്നു. ആധുനികവൽക്കരണം, വൈവിധ്യവൽക്കരണം, ശേഷി നിർമ്മാണം, പൊതുനിക്ഷേപ വർദ്ധന എന്നിവ വ്യാവസായിക മേഖലയിൽ അത്യാവശ്യമായിരുന്നു. അക്കാലത്തെ വിദേശ വ്യാപാരം ബ്രിട്ടനിലെ വ്യാവസായിക വിപ്ലവത്തെ പരിപോഷിപ്പിക്കാൻ മാത്രം ലക്ഷ്യമിട്ടതായിരുന്നു. പശ്ചാത്തല സൗകര്യങ്ങളിൽ റെയിൽവേ ശൃംഖലകളുടെ നവീകരണം, വിപുലീകരണം, പൊതു ക്രമീകരണം എന്നിവ ഉൾപ്പെടുന്നു. വ്യാപകമായ ദാരിദ്ര്യവും തൊഴിലില്ലായ്മയും ജനക്ഷേമ സാമ്പത്തിക നയങ്ങളുടെ ആവശ്യകതയെ ചൂണ്ടികാട്ടി. ചുരുക്കത്തിൽ രാജ്യത്തിന് നേരിടേണ്ടി വന്ന സാമൂഹ്യസാമ്പത്തിക വെല്ലുവിളികൾ വളരെയേറെയായിരുന്നു.

1. കോളനി ഭരണകൂടം ഇന്ത്യയിൽ നടപ്പാക്കിയ സാമ്പത്തിക നയങ്ങളുടെ യഥാർത്ഥ ലക്ഷ്യങ്ങളെന്തായിരുന്നു? ഈ നയങ്ങളുടെ പ്രത്യാഘാതങ്ങൾ

### സംഗ്രഹം

- സ്വാതന്ത്ര്യത്തിനുശേഷം ഉണ്ടായ വികസനനേട്ടങ്ങളെ അറിയുന്നതിനും വിലയിരുത്തുന്നതിനും സ്വാതന്ത്ര്യലബ്ധിക്കുമുമ്പുള്ള സമ്പദ് വ്യവസ്ഥയെ മനസ്സിലാക്കൽ അത്യാവശ്യമാണ്.
- കോളനി ഭരണകാലത്ത് നടപ്പാക്കിയ സാമ്പത്തികനയങ്ങളുടെ ലക്ഷ്യം കോളനി രാജ്യങ്ങളുടെയും കോളനി ജനതയുടെയും സാമ്പത്തികപുരോഗതിക്കുപരി ബ്രിട്ടീഷ് ഭരണകൂടത്തിന്റെ നിക്ഷിപ്ത താൽപര്യങ്ങളുടെ സംരക്ഷണവും പരിപോഷണവും മാത്രമായിരുന്നു.
- ഇന്ത്യയിലെ ബഹുഭൂരിപക്ഷം ജനങ്ങളും തങ്ങളുടെ ജീവിതോപാധിയായി കാർഷികമേഖലയെ ആശ്രയിച്ചിരുന്നുവെങ്കിലും ബ്രിട്ടീഷ് കാലഘട്ടത്തിൽ കാർഷികമേഖല പൂർണ്ണമായും മുരടിപ്പിലും ശോഷണത്തിലുമായിരുന്നു.
- ബ്രിട്ടീഷ് ഭരണം ഇന്ത്യയിലെ ലോക പ്രശസ്തമായ കരകൗശലവ്യവസായങ്ങളെ തകർക്കുകയും പകരം ആധുനിക വ്യവസായ അടിത്തറക്കുള്ള സാഹചര്യം ഒരുക്കാതിരിക്കുകയും ചെയ്തു.
- പൊതു ആരോഗ്യസൗകര്യങ്ങളുടെ അഭാവം, ഇടയ്ക്കിടെയുള്ള പ്രകൃതി ദുരന്തങ്ങൾ, ക്ഷാമം എന്നിവ ഇന്ത്യൻ ജനതയെ പാപ്പരാക്കുകയും ഉയർന്ന മരണനിരക്കിന് കാരണമാവുകയും ചെയ്തു.
- പശ്ചാത്തലസൗകര്യങ്ങളുടെ വികസനത്തിനായി, കോളനി ഭരണകൂടം ശ്രമിച്ചിരുന്നെങ്കിലും തങ്ങളുടെ താൽപര്യങ്ങളുടെ സംരക്ഷണമായിരുന്നു അവരുടെ ലക്ഷ്യം. ആസൂത്രണത്തിലൂടെ ഈ കുറവുകൾ നികത്തുക എന്നതായിരുന്നു സ്വതന്ത്ര ഇന്ത്യയിലെ ഗവൺമെന്റിന്റെ മുന്നിലുണ്ടായിരുന്ന ആദ്യ കടമ്പ.



## അഭ്യാസം

എന്തായിരുന്നു.?

2. കോളനി ഭരണകാലത്ത് ഇന്ത്യയുടെ ദേശീയവരുമാന നിർണ്ണയം നടത്തിയവരിൽ ശ്രദ്ധേയരായ സാമ്പത്തിക ശാസ്ത്രജ്ഞർ ആരെല്ലാം?

3. കോളനി ഭരണകാലത്ത് കാർഷികമേഖലയിലുണ്ടായ മുരടിപ്പിന്റെ കാരണങ്ങൾ എന്തൊക്കെയായിരുന്നു.?

4. സ്വാതന്ത്ര്യലബ്ധിക്കാലത്ത് ഇന്ത്യയിൽ പ്രവർത്തിച്ചിരുന്ന ആധുനികവ്യവസായങ്ങളുടെ പേരെഴുതുക.

5. സ്വാതന്ത്ര്യലബ്ധിക്ക് മുമ്പ് ബ്രിട്ടീഷുകാർ ഇന്ത്യയിൽ നടപ്പാക്കിയ ക്രമാനുഗതമായ വ്യവസായ നയങ്ങൾക്ക് പുറകിലുള്ള ദ്വിമുഖലക്ഷ്യങ്ങൾ എന്തായിരുന്നു.?

6. "ബ്രിട്ടീഷ് ഭരണകാലത്ത് പരമ്പരാഗത കരകൗശല വ്യവസായങ്ങൾ പൂർണ്ണമായും തകർത്തു." ഈ കാഴ്ചപ്പാടിനോട് നിങ്ങൾ യോജിക്കുന്നുണ്ടോ? നിങ്ങളുടെ ഉത്തരത്തെ സാധൂകരിക്കുന്ന കാരണങ്ങൾ നൽകുക.

7. ഇന്ത്യയിലെ പശ്ചാത്തല സൗകര്യവികസനനയങ്ങളിലൂടെ ബ്രിട്ടീഷുകാർ ലക്ഷ്യം വെച്ചതെന്തായിരുന്നു?

8. ബ്രിട്ടീഷ് ഭരണകൂടം ഇന്ത്യയിൽ നടപ്പാക്കിയ വ്യാവസായിക നയങ്ങളുടെ കോട്ടങ്ങളെ വിമർശനാത്മകമായി വിലയിരുത്തുക.

9. കോളനിഭരണകാലത്തെ 'ഇന്ത്യൻ സമ്പത്തിന്റെ ചോർച്ച" എന്നതുകൊണ്ട് നിങ്ങൾ എന്ത് മനസ്സിലാക്കുന്നു.

10. ജനസംഖ്യാപരിവർത്തനത്തിന്റെ ആദ്യഘട്ടത്തിൽ നിന്നും രണ്ടാംഘട്ടത്തിലേക്കുള്ള മാറ്റത്തിന്റെ അതിർത്തി നിർണ്ണയവർഷം ഏതാണ്?

11. കോളനി ഭരണകാലത്തെ ഇന്ത്യയുടെ ജനസംഖ്യാരൂപരേഖയെ അളവുപരമായി വിലയിരുത്തുക.

12. സ്വാതന്ത്ര്യലബ്ധിക്കുമുമ്പുള്ള ഇന്ത്യയുടെ തൊഴിൽ ഘടനയുടെ സവിശേഷതകളെ എടുത്തു കാണിക്കുക.

13. സ്വാതന്ത്ര്യലബ്ധിക്കാലത്ത് ഇന്ത്യ നേരിടേണ്ടി വന്ന നിർണായക സാമ്പത്തിക വെല്ലുവിളികളെ അടിവരയിട്ട് കാണിക്കുക.

14. ഇന്ത്യയിൽ ഔദ്യോഗിക സെൻസസ് ആരംഭിച്ചതെപ്പോൾ?

15. സ്വാതന്ത്ര്യലബ്ധികാലത്തെ ഇന്ത്യൻ വ്യാപാരത്തിന്റെ ദിശയും വ്യാപ്തിയും സൂചിപ്പിക്കുക.

16. ബ്രിട്ടീഷ് ഭരണം ഇന്ത്യയെ സംബന്ധിച്ച് അനുഗൃഹീതമായിരുന്നോ? ചർച്ച ചെയ്യുക.

1. സ്വാതന്ത്ര്യലബ്ധിക്ക് മുമ്പ് ഇന്ത്യൻ ഗ്രാമ– നഗരങ്ങളിലെ ജനങ്ങൾക്ക് ലഭ്യമായിരുന്ന സാധന

## നിർദ്ദേശിക്കപ്പെട്ട അധിക പ്രവർത്തനങ്ങൾ

സേവനങ്ങളുടെ പട്ടിക തയ്യാറാക്കുക. ഇന്നത്തെ ജനങ്ങളുടെ ഉപഭോഗരീതികളുമായി ഇതിനെ താരതമ്യം ചെയ്യുക. ജനങ്ങളുടെ ജീവിതനിലവാരത്തിലെ സ്പഷ്ടമായ വ്യത്യാസങ്ങളെ എടുത്തുകാണിക്കുക.

2. സ്വാതന്ത്ര്യലബ്ധിക്ക് മുമ്പുള്ള നിങ്ങളുടെ പരിസരപ്രദേശങ്ങളിലെ ഗ്രാമങ്ങളുടെയും പട്ടണങ്ങളുടെയും ചിത്രങ്ങൾ ശേഖരിച്ച്, അവയുടെ നിലവിലെ അവസ്ഥയുമായി താരതമ്യം ചെയ്യുക. എന്തു മാറ്റമാണ് നിങ്ങൾക്ക് അനുഭവപ്പെടുന്നത്? ഈ മാറ്റങ്ങൾ നല്ലതോ ചീത്തയോ? ചർച്ച ചെയ്യുക.
3. 'ഇന്ത്യയിൽ നിന്ന് സെമീന്ദാരി സമ്പ്രദായം പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യപ്പെട്ടുവോ' എന്ന വിഷയത്തിൽ ചർച്ച സംഘടിപ്പിക്കുക. ചർച്ചയിൽ അഭിപ്രായസമന്വയമില്ലെങ്കിൽ, സെമീന്ദാരി സമ്പ്രദായത്തെ പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യാൻ ഏത് മാർഗ്ഗങ്ങൾ സ്വീകരിക്കണമെന്നാണ് നിങ്ങളുടെ അഭിപ്രായം. എന്തുകൊണ്ട്?
4. സ്വാതന്ത്ര്യലബ്ധിക്കാലത്ത് ഇന്ത്യക്കാരുടെ പ്രധാന തൊഴിലുകളേതെല്ലാമായിരുന്നുവെന്ന് കണ്ടെത്തുക. ഇന്നത്തെ ജനങ്ങളുടെ പ്രധാനതൊഴിലുകൾ എന്തെല്ലാം? 2020 ആകുമ്പോഴേക്കും ഇന്ത്യയുടെ തൊഴിൽമേഖല എപ്രകാരമായിരിക്കുമെന്നാണ് നിങ്ങൾ വിഭാവനം ചെയ്യുന്നത്?

## REFERENCES


BADEN-POWELL, B.H. 1892. *The Land Systems of British India*, Vols I, II and III. Oxford Clarendon Press, Oxford.

BUCHANAN, D.H. 1966. *Development of Capitalist Enterprise in India*. Frank Cass and Co, London.

CHANDRA, BIPAN. 1993. 'The Colonial Legacy' in Bimal Jalan (ed.), *The Indian Economy: Problems and Prospects.* Penguin Books, New Delhi.

DUTT, R.C. 1963. *Economic History of India*, Vols. I and II. Ministry of Information and Broadcasting, Government of India, New Delhi.

KUMAR, D. AND MEGHNAD DESAI (Eds.). 1983. *Cambridge Economic History of India.* Cambridge University Press, Cambridge.

MILL, JAMES.1972. *History of British India*. Associated Publishing House, New Delhi.

PRASAD, RAJENDRA. 1946. *India Divided.* Hind Kitabs, Bombay.

SEN, AMARTYA. 1999. *Poverty and Famines*. Oxford University Press, New Delhi.

2

# ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ 1950-1990

## പഠനനേട്ടങ്ങൾ

- ഇന്ത്യയുടെ പഞ്ചവത്സര പദ്ധതികളുടെ ലക്ഷ്യങ്ങൾ അറിയുന്നു.
- 1950–90 കാലഘട്ടത്തിലെ കൃഷി, വ്യവസായം തുടങ്ങിയ വ്യത്യസ്ത മേഖലകളിലെ വികസന നയങ്ങളെക്കുറിച്ച് അറിയുന്നു.
- നിയന്ത്രിത സമ്പദ്‌വ്യവസ്ഥയുടെ നേട്ടങ്ങളേയും പരിമിതികളെയും കുറിച്ച് ചിന്തിക്കുന്നതിന് പ്രാപ്തി നേടുന്നു.

> ***ഇന്ത്യൻ ആസൂത്രണത്തിന്റെ കേന്ദ്ര ലക്ഷ്യം ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുകയും സമ്പന്നവും വൈവിധ്യവുമാർന്ന ജീവിതത്തിനായി പുതിയ അവസരങ്ങൾ തുറന്നു കൊടുക്കുകയും ചെയ്യുന്ന വികസന പ്രക്രിയക്കു തുടക്കം കുറിക്കുക എന്നതാണ്.***
>
> *ഒന്നാം പഞ്ചവൽസര പദ്ധതിരേഖ*

## 2.1 ആമുഖം

1947 ഓഗസ്റ്റ് 15 ന് ഭാരതം സ്വതന്ത്രമായി. ഇരുന്നൂറ് വർഷത്തെ ബ്രിട്ടീഷ് ഭരണത്തിന് ശേഷം നാം നമ്മുടെ 'വിധിയെ നിർണ്ണയി'ക്കുന്നവരായി മാറി. രാഷ്ട്രനിർമ്മാണം എന്ന കർത്തവ്യം നമ്മുടെ കൈകളിൽ എത്തിച്ചേർന്നു. സ്വതന്ത്ര ഇന്ത്യയെ നയിച്ചിരുന്നവർ നമ്മുടെ രാജ്യത്തിന് ഏറ്റവും അനുയോജ്യമായ സമ്പദ്‌വ്യവസ്ഥ സൃഷ്ടിക്കാനാണ് ശ്രമിച്ചത്. ഏതാനും പേരുടെ ക്ഷേമത്തിലുപരി എല്ലാവരുടേയും ക്ഷേമം മെച്ചപ്പെടുത്തുന്ന വ്യവസ്ഥയാണ് അവർ ലക്ഷ്യമിട്ടത്. അന്ന് ലോകത്ത് നിലവിലിരുന്ന വ്യത്യസ്തങ്ങളായ സമ്പദ്‌വ്യവസ്ഥകളിൽ ജവർഹർലാൽ നെഹ്റുവിന് ഏറ്റവും നല്ലതായി തോന്നിയത് സോഷ്യലിസമായിരുന്നു. എന്നിരുന്നാലും സോവിയറ്റ് യൂണിയനിൽ നിലനിന്നിരുന്ന സോഷ്യലിസത്തെ (വ്യവസായ ശാലകളും കൃഷിയിടങ്ങളും തുടങ്ങി എല്ലാ ഉൽപാദന ഉപാധികളും ഗവൺമെന്റിന്റെ ഉടമസ്ഥതയിലായിരുന്നു) അദ്ദേഹം അനുകൂലിച്ചില്ല. അവിടെ സ്വകാര്യ സ്വത്ത് ഉണ്ടായിരുന്നില്ല. സോവിയറ്റ് യൂണിയനിൽ നടപ്പിലാക്കിയതുപോലെ, പൗരൻമാരുടെ ഭൂമിയുടേയും വസ്തുവകകളുടെയും ഉടമസ്ഥാവകാശങ്ങളിൽ മാറ്റം വരുത്തുന്നത് ഇന്ത്യ പോലൊരു ജനാധിപത്യ രാജ്യത്ത് ബുദ്ധിമുട്ടായിരുന്നു.

സ്വതന്ത്ര ഇന്ത്യയിൽ നെഹ്റുവും മറ്റ് നേതാക്കളും ചിന്തകരും മുതലാളിത്തത്തിന്റെയും സോഷ്യലിസത്തിന്റെയും തീവ്ര രൂപങ്ങൾക്ക് ബദൽ മാർഗങ്ങൾ അന്വേഷിച്ചു. സോഷ്യലിസ്റ്റ് വീക്ഷണത്തോട് അനുഭാവം പ്രകടിപ്പിച്ച അവർ സോഷ്യലിസത്തിന്റെ സവിശേഷതകൾ മാത്രമുള്ളതും അതിന്റെ പരിമിതികളില്ലാത്തതുമായ ഒരു സമ്പദ്‌വ്യവസ്ഥയാണ് ആവിഷ്ക്കരിച്ചത്. ഈ കാഴ്ചപ്പാടിൽ ഇന്ത്യയെ സ്വകാര്യ സ്വത്തും ശക്തമായ പൊതുമേഖലയും ജനാ

**പഠന പ്രവർത്തനങ്ങൾ**

- ഇന്ന് നിലവിലിരിക്കുന്ന വ്യത്യസ്ത തരം സമ്പദ്‌വ്യവസ്ഥകളെക്കുറിച്ച് ഒരു ചാർട്ട് തയ്യാറാക്കുക. രാജ്യങ്ങളെ മുതലാളിത്ത സമ്പദ്‌വ്യവസ്ഥ, സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥ, മിശ്ര സമ്പദ്‌വ്യവസ്ഥ എന്നിങ്ങനെ പട്ടികപ്പെടുത്തുക.
- ഒരു കൃഷി സ്ഥലത്തേക്ക് ക്ലാസ് പഠനയാത്ര ആസൂത്രണം ചെയ്യുക. ക്ലാസിനെ ഏഴ് ഗ്രൂപ്പായി തിരിച്ചു ഓരോ ഗ്രൂപ്പിനും ഒരു നിശ്ചിത ലക്ഷ്യം ആസൂത്രണം ചെയ്യാൻ കൊടുക്കുക. ഉദാഹരണം: സന്ദർശനത്തിന്റെ ഉദ്ദേശ്യം, പഠനയാത്രാച്ചെലവ്, എടുക്കുന്ന സമയം, വിഭവങ്ങൾ, ഗ്രൂപ്പിനെ അനുഗമിക്കുന്നവർ, ബന്ധപ്പെടേണ്ടവർ, സന്ദർശിക്കാൻ സാധിക്കുന്ന സ്ഥലങ്ങൾ, ചോദിക്കാവുന്ന ചോദ്യങ്ങൾ മുതലായവ. ഈ ലക്ഷ്യങ്ങളെ സംയോജിപ്പിച്ച് ഒരു കൃഷിയിടത്തേക്കുള്ള വിജയകരമായ സന്ദർശനത്തിന്റെ ദീർഘകാല ലക്ഷ്യങ്ങളുമായി താരതമ്യം ചെയ്യുക.

ബോക്സ് 2.1

## വിവിധതരം സമ്പദ്വ്യവസ്ഥകൾ

ഓരോ സമൂഹവും മൂന്ന് ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തേണ്ടതുണ്ട്.

- എന്തൊക്കെ സാധനങ്ങളും സേവനങ്ങളുമാണ് ഒരു രാജ്യത്ത് ഉൽപാദിപ്പിക്കേണ്ടത്?
- എങ്ങനെയാണ് ഈ സാധനങ്ങളും സേവനങ്ങളും ഉൽപാദിക്കപ്പെടേണ്ടത്? ഇവ ഉൽപാദിപ്പിക്കാനായി ഉൽപാദകർ ഉപയോഗിക്കേണ്ടത് കൂടുതൽ മനുഷ്യാധ്വാനമാണോ അതോ മൂലധനമോ (യന്ത്രങ്ങൾ)
- ഈ സാധനങ്ങളും സേവനങ്ങളും ജനങ്ങൾക്കിടയിൽ വിതരണം ചെയ്യേണ്ടത് എങ്ങനെയാണ്?

കമ്പോള ശക്തികളായ പ്രദാനം, ചോദനം തുടങ്ങിയവയെ ആശ്രയിക്കുക എന്നതാണ് ഈ ചോദ്യങ്ങൾക്കുള്ള ഒരു ഉത്തരം. മുതലാളിത്ത സമ്പദ്വ്യവസ്ഥയിൽ ആഭ്യന്തര വിപണിയലോ വിദേശ വിപണിയിലോ ലാഭകരമായി വിറ്റഴിക്കപ്പെടുന്ന ഉപഭോഗവസ്തുക്കളാണ് ഉൽപാദിപ്പിക്കുക. കാറുകൾക്കാണ് ചോദനമുള്ളതെങ്കിൽ കാറുകളും, സൈക്കിളുകൾക്കാണ് ചോദനമെങ്കിൽ സൈക്കിളുകളും ഉൽപാദിക്കും. മൂലധനത്തേക്കാൾ ചിലവ് കുറഞ്ഞതാണ് അധ്വാനമെങ്കിൽ കൂടുതൽ അധ്വാനോന്മുഖ ഉൽപ്പാദന രീതിയും നേരെ മറിച്ചാണെങ്കിൽ മൂലധനോന്മുഖ ഉൽപാദന രീതിയും ഉപയോഗിക്കും. ഒരു മുതലാളിത്ത സമൂഹത്തിൽ ഉൽപാദിക്കുന്ന സാധനങ്ങൾ ജനങ്ങൾക്കിടയിൽ വിതരണം ചെയ്യുന്നത് ജനങ്ങൾക്ക് എന്താണ് ആവശ്യം എന്നതിന്റെ അടിസ്ഥാനത്തിലല്ല, മറിച്ച് ക്രയശേഷിയുടെ (സാധനങ്ങളും സേവനങ്ങളും വാങ്ങാനുള്ള ശേഷിയുടെ) അടിസ്ഥാനത്തിലാണ്. അതായത് ജനങ്ങളുടെ കൈവശം പണം ഉണ്ടായിരിക്കണം. പാവങ്ങൾക്കായി ചിലവ് കുറഞ്ഞ പാർപ്പിടം ആവശ്യമുള്ളതാണ്. പക്ഷേ വിപണിയിൽ ഇതിന് ചോദനമുള്ളതായി പറയാൻ കഴിയില്ല. കാരണം പാവപ്പെട്ടവർക്ക് ഈ ആവശ്യത്തെ നിറവേറ്റാനുള്ള വാങ്ങൽശേഷി ഉണ്ടാവില്ല. തൽഫലമായി കമ്പോള ശക്തിക്കനുസൃതമായി ഇത് വിപണിയിൽ ഉൽപാദിക്കുകയോ, വിൽക്കുകയോ ചെയ്യുന്നില്ല. നമ്മുടെ പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന് ഇത്തരമൊരു സമൂഹം അഭികാമ്യമായി തോന്നിയില്ല. കാരണം ഇത്തരമൊരു സമൂഹത്തിൽ നമ്മുടെ രാജ്യത്തെ ബഹുഭൂരിപക്ഷം ജനങ്ങൾക്കും അവരുടെ ജീവിത ഗുണനിലവാരം വർദ്ധിപ്പിക്കാൻ അവസരം കിട്ടാതെ പിൻതള്ളപ്പെട്ടു പോവുമായിരുന്നു.

ഒരു **സോഷ്യലിസ്റ്റ്** സമൂഹം ഈ മൂന്ന് ചോദ്യങ്ങളുടെയും ഉത്തരം കണ്ടെത്തുന്നത് തികച്ചും വ്യത്യസ്തമായ രീതിയിലാണ്. ഇവിടെ സമൂഹത്തിന്റെ ആവശ്യത്തിനനുസരിച്ച് ഏതൊക്കെ വസ്തുക്കളാണ് ഉൽപാദിപ്പിക്കേണ്ടതെന്ന് സർക്കാർ തീരുമാനിക്കുന്നു. ഒരു രാജ്യത്തിന് ഗുണകരമായതെന്തെന്ന് സർക്കാരിന് അറിയാമെന്നും വ്യക്തിഗത ഉപഭോക്താക്കളുടെ ആവശ്യങ്ങൾക്ക് കൂടുതൽ പ്രാധാന്യം നല്കേണ്ടതില്ലെന്നും അനുമാനിക്കുന്നു. സാധനങ്ങൾ എങ്ങനെ ഉൽപാദിക്കപ്പെടണമെന്നും അവ എങ്ങനെ വിതരണം ചെയ്യണമെന്നും സർക്കാർ തീരുമാനിക്കുന്നു. തത്വത്തിൽ സോഷ്യലിസത്തിൽ വിതരണം അടിസ്ഥാനമാക്കിയിരിക്കുന്നത് ജനങ്ങളുടെ ആവശ്യത്തെയാണ്. അല്ലാതെ അവർക്ക് എന്ത്

വാങ്ങാൻ കഴിയും എന്നതിനെയല്ല. മുതലാളിത്തത്തിൽ നിന്നും വിഭിന്നമായി ഒരു സോഷ്യ ലിസ്റ്റ് രാജ്യം പൗരൻമാർക്ക് സൗജന്യമായി ആരോഗ്യ പരിരക്ഷ നൽകുന്നു. സേഷ്യലിസ്റ്റ് വ്യവസ്ഥയിൽ എല്ലാം സർക്കാർ ഉടമസ്ഥതയിലായതിനാൽ സ്വകാര്യസ്വത്ത് ഇല്ല. ഉദാഹര ണത്തിന് ക്യൂബയിലും ചൈനയിലും ഭൂരിഭാഗം സാമ്പത്തികപ്രവർത്തനങ്ങളും നടത്തു ന്നത് സർക്കാരുകളാണ്,

എന്തു ഉൽപാദിപ്പിക്കണം, എങ്ങനെ ഉൽപാദിപ്പിക്കണം, ഉൽപാദിപ്പിച്ചത് എങ്ങനെ വിതരണം ചെയ്യണം എന്നീ ചോദ്യങ്ങൾക്ക് സർക്കാരും കമ്പോളവും ചേർന്ന് ഉത്തരം കണ്ടെത്തുന്ന മിശ്രസമ്പദ് വ്യവസ്ഥയാണ് ഇന്ന് ഭൂരിഭാഗം രാജ്യങ്ങളിലും നിലനിൽക്കുന്നത്. മിശ്രസമ്പദ് വ്യവസ്ഥയിൽ ഉൽപാദിപ്പിക്കാൻ സാധിക്കുന്ന സാധനങ്ങളും സേവനങ്ങളും വിപണി നൽകു കയും വിപണിക്ക് നൽകാൻ കഴിയാത്ത അവശ്യ സാധനങ്ങളുടെ ഉൽപാദനവും വിതര ണവും സർക്കാർ നടത്തുകയും ചെയ്യും.

ബോക്സ് 2.2

## ഒരു പദ്ധതി എന്നാൽ എന്ത്?

ഒരു രാഷ്ട്രത്തിന്റെ വിഭവങ്ങൾ എങ്ങനെ വിനിയോഗിക്കണം എന്ന് വിശദമാക്കുന്നതാണ് പദ്ധതി. പദ്ധതിക്ക് നിശ്ചിത കാലയളവിൽ നേടേണ്ട പൊതുവായതും പ്രത്യേകമായതുമായ ചില ലക്ഷ്യങ്ങൾ ഉണ്ടായിരിക്കണം. ഇന്ത്യയിൽ പദ്ധതികൾ നടപ്പിലാക്കിയിരുന്നത് അഞ്ച് വർഷ കാലയളവിലാണ്. അതിനാൽ അവ പഞ്ചവൽസര പദ്ധതികൾ എന്ന് അറിയപ്പെടു ന്നു. (ദേശീയ ആസൂത്രണത്തിന്റെ തുടക്കം കുറിച്ച പഴയ സോവിയറ്റ് യൂണിയനിൽ നിന്നുമാണ് നാം പഞ്ചവൽസര പദ്ധതികൾ കടംകൊണ്ടത്) നമ്മുടെ പദ്ധതി രേഖകൾ അഞ്ച് വർഷം കൊണ്ട് നേടേണ്ട പ്രത്യേക ലക്ഷ്യങ്ങൾക്ക് പുറമേ 20 വർഷം കൊണ്ട് നാം നേടേണ്ടതെന്തെന്നും വ്യക്തമാക്കുന്നു. ഈ ദീർഘകാല പദ്ധതിയെ പരിപ്രേക്ഷ്യ പദ്ധതി (Perspective plan) എന്ന് പറയുന്നു. പരിപ്രേക്ഷ്യ പദ്ധതിക്ക് അടിസ്ഥാനമായി വർത്തിക്കേ ണ്ടത് പഞ്ചവത്സര പദ്ധതികളാണ്.

എല്ലാ ലക്ഷ്യങ്ങൾക്കും എല്ലാ പദ്ധതികളിലും, തുല്യ പ്രാധാന്യം നൽകുക എന്നത് അഭികാ മ്യമല്ല. യഥാർത്ഥത്തിൽ വിവിധ പദ്ധതി ലക്ഷ്യങ്ങൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഉദാഹ രണമായി ആധുനിക സാങ്കേതിക വിദ്യയുടെ അവതരണം തൊഴിൽ ലഭ്യത കുറക്കുമെ ങ്കിൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യവുമായി പൊരുത്തപ്പെടണമെന്നില്ല. പദ്ധതി ലക്ഷ്യങ്ങളെ ഒരുമിച്ചുകൊണ്ടുപോവുക എന്നത് ആസൂത്രകർക്ക് ദുഷ്ക്കരമാണ്. അതിനാൽ വ്യത്യസ്ത ലക്ഷ്യങ്ങൾക്കാണ് ഓരോ പദ്ധതികളിലും ഊന്നൽ നൽകിവന്നിരു ന്നത്.

എത്രമാത്രം സാധനങ്ങളും സേവനങ്ങളും ഉൽപാദിപ്പിക്കണമെന്ന് നമ്മുടെ പദ്ധതികൾ വിശദമാക്കുന്നില്ല. ഇത് അസാധ്യവും അനാവശ്യവുമാണ്. (മുൻ സോവിയറ്റ് യൂണിയൻ ഇതിന് ശ്രമിച്ച് പരാജയപ്പെട്ടതാണ്). ഒരു പദ്ധതിയുടെ പ്രധാന പങ്ക് ഏത് മേഖലയിലാണെന്ന് സൂചിപ്പിക്കുകയും (ഉദാഹരണമായി ഊർജ്ജ ഉൽപാദനം, ജലസേചനം) ബാക്കി വിപണിക്ക് വിട്ടു കൊടുക്കുകയും ചെയ്യുന്നത് ഉചിതമായിരിക്കും.

ബോക്സ് 2.3 **മഹലാനോബിസ് : ഇന്ത്യൻ ആസൂത്രണത്തിന്റെ ശില്പി**

വിശിഷ്ടരായ പല ചിന്തകരും നമ്മുടെ പഞ്ചവത്സര പദ്ധതികളുടെ രൂപീകരണത്തിന് സംഭാവന നൽകിയിട്ടുണ്ട്. അവരിൽ പ്രശാന്ത ചന്ദ്ര മഹലാനോബിസ് എന്ന ശാസ്ത്രജ്ഞന്റെ പേര് എടുത്തുപറയേണ്ടതുണ്ട്.



ആസൂത്രണം അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ ആരംഭിച്ചത് രണ്ടാം പഞ്ചവൽസര പദ്ധതി മുതലാണ്. മഹലാനോബിസിന്റെ വികസന ആസൂത്രണനയം രണ്ടാം പഞ്ചവൽസര പദ്ധതിയിലാണ് മുന്നോട്ട് വെച്ചത്. ഈ അർത്ഥത്തിൽ അദ്ദേഹത്തെ ഇന്ത്യൻ ആസൂത്രണത്തിന്റെ ശിൽപിയായി പരിഗണിക്കാം.

1893-ൽ കൽക്കട്ടയിലായിരുന്നു മഹലാനോബിസിന്റെ ജനനം. കൽക്കട്ടയിലെ പ്രസിഡൻസി കോളേജിലും ഇംഗ്ലണ്ടിലെ കേംബ്രിഡ്ജ് സർവകലാശാല യിലുമായി അദ്ദേഹം വിദ്യാഭ്യാസം പൂർത്തിയാക്കി. സാംഖ്യകം എന്ന വിഷയത്തിൽ നൽകിയ സംഭാവന അദ്ദേഹത്തെ അന്താരാഷ്ട്ര തലത്തിൽ പ്രശസ്തനാക്കി. പ്രശസ്ത ശാസ്ത്രജ്ഞരുടെ സംഘടനയായ ബ്രിട്ടീഷ് റോയൽ സൊസൈറ്റിയിൽ അദ്ദേഹം 1946-ൽ അംഗമായി. സമൂഹത്തിലെ അതിപ്രശസ്തരായ ശാസ്ത്രജ്ഞർക്ക് മാത്രമേ ഇതിൽ അംഗത്വം ലഭിച്ചിരുന്നുള്ളൂ.

മഹലാനോബിസ് കൽക്കട്ടയിൽ ഇന്ത്യൻ സ്റ്റാസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് (ISI) സ്ഥാപിക്കുകയും 'സാംഖ്യ' എന്ന ജേണൽ ആരംഭിക്കുകയും ചെയ്തു. ഇന്നും സാംഖ്യക ശാസ്ത്രജ്ഞർക്ക് അവരുടെ ആശയങ്ങൾ ചർച്ച ചെയ്യാനായി ഒരു അംഗീകരിക്കപ്പെട്ട വേദിയായി ഈ ജേണൽ തുടരുന്നു. ലോകമെമ്പാടുമുള്ള സാമ്പത്തിക ശാസ്ത്രജ്ഞരും സാംഖ്യക ശാസ്ത്രജ്ഞരും ഇന്നും ആദരവോടെ കാണുന്നതാണ് ISI യും സാംഖ്യയും.

രണ്ടാം പഞ്ചവൽസരപദ്ധതികാലത്ത് മഹലാനോബിസ് ഇന്ത്യയിലേയും വിദേശത്തേയും നിരവധി സാമ്പത്തിക ശാസ്ത്രജ്ഞരെ ഇന്ത്യൻ സാമ്പത്തിക വികസനത്തെക്കുറിച്ച് തന്റെ

മേഖലയുടെ വിഹിതത്തിലുണ്ടാവുന്ന വർദ്ധനവ് എന്ന പ്രതിഭാസം 1991 ന് ശേഷം ത്വരി
തഗതിയിലായി (ആഗോളവത്ക്കരണത്തിന്റെ ആരംഭത്തിന് തുടക്കം കുറിച്ചു ഈ കാല
യളവിനെക്കുറിച്ച് നമുക്കു അടുത്ത അധ്യായത്തിൽ ചർച്ച ചെയ്യാം.)

ഉപദേശകരാവാൻ ക്ഷണിച്ചിരുന്നു. ഈ സാമ്പത്തിക ശാസ്ത്രജ്ഞരിൽ ചിലർ പിൽക്കാലത്ത് നോബേൽ സമ്മാനജേതാക്കളായി എന്നത് മഹലാനോബിസ് കഴിവുള്ള വ്യക്തിത്വങ്ങളെ തിരിച്ചറിയുന്നു എന്നതിനു തെളിവാണ്. രണ്ടാം പഞ്ചവൽസര പദ്ധതിയിലെ സോഷ്യലിസ്റ്റ് തത്വത്തിന്റെ നിശിത വിമർശകരായ സാമ്പത്തിക ശാസ്ത്രജ്ഞരും അദ്ദേഹത്തിന്റെ ക്ഷണിതാക്കളിൽ ഉൾപ്പെട്ടിരുന്നു. മറ്റൊരു തരത്തിൽ പറഞ്ഞാൽ തന്റെ വിമർശകർക്ക് പറയാനുള്ളതും കേൾക്കാൻ അദ്ദേഹം തയ്യാറായിരുന്നു. ഒരു മഹാപണ്ഡിതന്റെ ലക്ഷണമാണിത്.

ഇന്ന് ധാരാളം സാമ്പത്തിക ശാസ്ത്രജ്ഞർ മഹലാനോബിസ് രൂപം നൽകിയ സമീപനത്തെ വിമർശിക്കുന്നുവെങ്കിലും ഇന്ത്യയെ സാമ്പത്തിക വികസനത്തിന്റെ പാതയിലെത്തിക്കുന്നതിൽ അദ്ദേഹത്തിന്റെ നിർണായക പങ്ക് അനുസ്മരിക്കുകയും സാംഖ്യക ശാസ്ത്രത്തിന് അദ്ദേഹം നൽകിയ സംഭാവനയെ ഇവർ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.

*ഉറവിടം – സുഖമോയ് ചക്രവർത്തി /മഹലനോബിസ്, പ്രശാന്ത ചന്ദ്രാ, ജോൺ* et. al *(Eds) The New Palgrave Dictionary : Economic Development .... Nortion. New York and London*

**ബോക്സ് 2.4**

## സേവനമേഖല

ഒരു രാജ്യം വികസിക്കുന്നതോടെ ഘടനാപരമായ മാറ്റങ്ങൾക്ക് വിധേയമാവുന്നു. ഇന്ത്യയുടെ കാര്യത്തിൽ ഈ ഘടനാപരമായ മാറ്റം ഒരു സവിശേഷ രീതിയിലാണ് ഉരുത്തിരിഞ്ഞത്. വികസനത്തോടുകൂടി കാർഷിക മേഖലയുടെ വിഹിതം കുറയുകയും വ്യാവസായിക മേഖല പ്രാമുഖ്യം ആർജ്ജിക്കുകയുമാണ് പതിവ്. വികസനത്തിന്റെ ഉയർന്ന തലങ്ങളിൽ എത്തുമ്പോൾ മൊത്ത ആഭ്യന്തരഉൽപാദനത്തിൽ സേവന മേഖലയുടെ സംഭാവന മറ്റു രണ്ട് മേഖലകളേക്കാൾ കൂടുന്നു. ഒരു ദരിദ്രരാഷ്ട്രത്തിന്റേതു പോലെ ഇന്ത്യയിൽ GDP യിലേക്കുള്ള കാർഷികമേഖലയുടെ വിഹിതം 50 ശതമാനത്തിൽ കൂടുതൽ ആയിരുന്നു. എന്നാൽ 1990 ഓടു കൂടി സേവന മേഖലയുടെ വിഹിതം ഒരു വികസിത രാഷ്ട്രത്തിന് സമാനമായി, കാർഷിക വ്യവസായ മേഖലകളേക്കാളും വർദ്ധിച്ച് 40.59 ശതമാനത്തിലെത്തി. സേവന മേഖലയുടെ വിഹിതത്തിലുണ്ടാവുന്ന വർദ്ധനവ് 1991 ന് ശേഷം ത്വരിതഗതിയിലായി. (ആഗോളവത്ക്കരണത്തിന്റെ ആരംഭത്തിന് തുടക്കം കുറിച്ച ഈ കാലയളവിനെക്കുറിച്ച് നമുക്കു അടുത്ത അധ്യായത്തിൽ ചർച്ച ചെയ്യാം.)

തിപത്യവും ചേർന്നുള്ള ഒരു സോഷ്യലിസ്റ്റ് സമൂഹമായി അവർ വിഭാവനം ചെയ്തു. ഗവൺമെന്റ്, സമ്പദ് വ്യവസ്ഥയെ ആസൂത്രിത (ബോക്സ് 2.2 കാണുക) മാക്കുന്നതോടൊപ്പം സ്വകാര്യ മേഖലയെ ആസൂത്രണത്തിന്റെ ഭാഗമാവാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യും. 1948-ലെ വ്യാവസായിക നയപ്രമേയവും ഇന്ത്യൻ ഭരണ ഘടനയിലെ നിർദ്ദേശക തത്വ

1991 ന് ശേഷം ത്വരി
ം കുറിച്ചു ഈ കാല
.)

ങ്ങളും ഈ വീക്ഷണത്തെ പ്രതിഫലിപ്പിക്കുന്നതാണ്. 1950 ൽ പ്രധാനമന്ത്രി അധ്യക്ഷനായി ആസൂത്രണ കമ്മീഷൻ രൂപീകരിച്ചു. അങ്ങനെ പഞ്ചവൽസര പദ്ധതികളുടെ യുഗം ആരംഭിച്ചു.

## 2.2 പഞ്ചവൽസര പദ്ധതിയുടെ ലക്ഷ്യങ്ങൾ

ഏതൊരു പദ്ധതിക്കും വ്യക്തമായ ചില ലക്ഷ്യങ്ങൾ ഉണ്ടായിരിക്കണം. സാമ്പത്തിക വളർച്ച, ആധുനികവൽക്കരണം, സ്വാശ്രയത്വം, സമത്വം എന്നിവയാണ് പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യങ്ങൾ. എല്ലാ പഞ്ചവൽസര പദ്ധതികളും എല്ലാ ലക്ഷ്യങ്ങൾക്കും ഒരേ പ്രാധാന്യം നൽകുന്നു എന്ന് ഇത് അർത്ഥമാക്കുന്നില്ല. വിഭവങ്ങൾ പരിമിതമായതിനാൽ ഓരോ പദ്ധതിയുടേയും മുഖ്യപരിഗണന അർഹിക്കുന്ന ലക്ഷ്യങ്ങൾ തെരഞ്ഞെടുക്കേണ്ടതുണ്ട്. പദ്ധതി നയങ്ങൾ അതിന്റെ ലക്ഷ്യങ്ങൾക്ക് എതിരാകുന്നില്ല എന്ന് ആസൂത്രകർ കഴിയാവുന്നത്ര ഉറപ്പ് വരുത്തേണ്ടതാണ്. ഇനി നമുക്ക് പദ്ധതിയുടെ ലക്ഷ്യങ്ങളെകുറിച്ച് വിശദമായി പഠിക്കാം.

**വളർച്ച** – ചരക്കുകളും സേവനങ്ങളും ഉൽപാദിപ്പിക്കാനുള്ള രാജ്യത്തിന്റെ ശേഷിയുടെ വർധനവിനെയാണ് സാമ്പത്തിക വളർച്ച സൂചിപ്പിക്കുന്നത്. ഉൽപാദന സജ്ജമായ മൂലധനത്തിന്റെ വിപുലശേഖരമോ ബാങ്കിംഗ്, ഗതാഗത സൗകര്യം, തുടങ്ങിയ പിന്തുണാസംവിധാനങ്ങളുടെ വ്യാപ്തിയോ അല്ലെങ്കിൽ ഉൽപാദന സജ്ജമായ മൂലധനം, സേവനങ്ങൾ എന്നിവയുടെ കാര്യക്ഷമതയിലുണ്ടാവുന്ന വളർച്ചയോ ആണ് ഇത് കാണിക്കുന്നത്. മൊത്ത ആഭ്യന്തര ഉൽപാദനത്തി (ജി.ഡി.പി) ലുണ്ടാവുന്ന സ്ഥിരതയുള്ള വളർച്ച സാമ്പത്തിക വളർച്ചയുടെ ഒരു നല്ല സൂചകമാണ്. മൊത്ത ആഭ്യന്തര ഉൽപാദനം എന്നത് ഒരു വർഷം ഒരു രാജ്യത്തിനുള്ളിൽ ഉൽപാദിപ്പിക്കുന്ന ചരക്കുകളുടേയും സേവനങ്ങളുടെയും വിപണി മൂല്യമാണ്. മൊത്ത ആഭ്യന്തര ഉൽപാദനത്തെ ഒരു കേക്ക് ആയും, സാമ്പത്തിക വളർച്ചയെ ആ കേക്കിന്റെ വലുപ്പത്തിൽ ഉണ്ടാവുന്ന വർദ്ധനവായും സങ്കൽപ്പിച്ചു നോക്കൂ. കേക്ക് വലുതാണെങ്കിൽ കൂടുതൽ ജനങ്ങൾക്ക് അത് അനുഭവിക്കാൻ കഴിയും. ഒന്നാം പഞ്ചവൽസര പദ്ധതിയിൽ പറയുന്നതുപോലെ, ഇന്ത്യയിലെ ജനങ്ങൾ കൂടുതൽ സമ്പന്നവും വൈവിധ്യവുമായ ജീവിതം അനുഭവിക്കണമെങ്കിൽ കൂടുതൽ ചരക്കുകളും സേവനങ്ങളും ഉൽപാദിപ്പിക്കേണ്ടതുണ്ട്.

ഒരു സമ്പദ്‌വ്യവസ്ഥയുടെ മൊത്ത ആഭ്യന്തര ഉൽപന്നം ലഭിക്കാവുന്നത് കാർഷികമേഖല, വ്യാവസായിക മേഖല, സേവനമേഖല എന്നിവിടങ്ങളിൽ നിന്നാണ്. ഈ മൂന്ന് മേഖലകളിൽ നിന്നുള്ള സംഭാവനയാണ് സമ്പദ്‌വ്യവസ്ഥയുടെ ഘടനക്ക് രൂപം നൽകുന്നത്. ചില രാജ്യങ്ങളിൽ കാർഷിക മേഖല മൊത്ത ആഭ്യന്തര ഉൽപാദനത്തിന്റെ വളർച്ചക്ക് കൂടുതൽ സംഭാവന ചെയ്യുമ്പോൾ, മറ്റു ചില രാജ്യങ്ങളിൽ സേവനമേഖലയ്ക്കായിരിക്കും മുൻതൂക്കം (ബോക്സ് 2.4 കാണുക)

**ആധുനികവത്ക്കരണം**–ചരക്കുകളുടേയും സേവനങ്ങളുടെയും ഉൽപാദനം വർദ്ധിപ്പിക്കാൻ ഉൽപാദകർ പുതിയ സാങ്കേതിക വിദ്യ സ്വീകരിക്കേണ്ടതുണ്ട്. ഉദാഹരണത്തിന് ഒരു കർഷകന് പഴയ വിത്തിന് പകരം പുതിയ വിത്തിനങ്ങൾ ഉപയോഗിച്ചുകൊണ്ട് തന്റെ കൃഷി സ്ഥലത്തെ ഉൽപാദനം വർദ്ധിപ്പിക്കാൻ

സാധിക്കും. അതുപോലെ ഫാക്ടറിയിലെ ഉൽപാദനം വർദ്ധിപ്പിക്കാൻ ഒരു പുതിയ യന്ത്രം ഉപയോഗപ്പെടുത്താവുന്നതാണ്. പുത്തൻ സാങ്കേതിക വിദ്യ സ്വീകരിക്കുന്നതിനെ ആധുനികവൽക്കരണം എന്ന് പറയുന്നു.

ആധുനികവൽക്കരണം പുതിയ സാങ്കേതികവിദ്യയുടെ ഉപയോഗത്തിൽ മാത്രം ഒതുങ്ങുന്നതല്ല. ഇതിൽ സ്ത്രീ പുരുഷസമത്വ പോലുള്ള സാമൂഹ്യ വീക്ഷണങ്ങളിലുണ്ടായ മാറ്റങ്ങളും കൂടിചേരേണ്ടതുണ്ട്. പരമ്പരാഗത സമൂഹത്തിൽ, പുരുഷൻമാർ ജോലി ചെയ്യുമ്പോൾ സ്ത്രീകൾ വീട്ടിനുള്ളിൽ തന്നെ കഴിയാൻ നിർബന്ധിതരാവുന്നു. എന്നാൽ ആധുനിക സമൂഹം സ്ത്രീകളുടെ കഴിവുകളെയും ജോലി സ്ഥലങ്ങളിൽ (ബാങ്കുകൾ, വ്യവസായശാലകൾ, സ്കൂളുകൾ തുടങ്ങിയ) പ്രയോജനപ്പെടുത്തുന്നു. അത്തരം സമൂഹം കൂടുതൽ അഭിവൃദ്ധിപ്പെടുന്നതായി കാണുന്നു.

**സ്വാശ്രയത്വം** – ഒരു രാജ്യത്തിന് അതിന്റെ തന്നെ വിഭവങ്ങൾ ഉപയോഗിച്ചോ മറ്റുരാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്ത വിഭവങ്ങൾ ഉപയോഗിച്ചോ സാമ്പത്തിക വളർച്ചയും ആധുനികവൽക്കരണവും മെച്ചപ്പെടുത്താം. ഇന്ത്യയിൽ തന്നെ നിർമിക്കാൻ കഴിയുന്ന വസ്തുക്കളുടെ ഇറക്കുമതി ഒഴിവാക്കിക്കൊണ്ടുള്ള സ്വായശ്രയത്വസമീപനത്തിനാണ് ആദ്യ ഏഴ് ഇന്ത്യൻ പഞ്ചവത്സരപദ്ധതികൾ പ്രാധാന്യം നൽകിയത്. ഭക്ഷ്യവസ്തുക്കൾ പോലുള്ളവ ഇന്ത്യയിൽ തന്നെ ഉൽപാദിപ്പിക്കുന്നത് വിദേശ ആശ്രിതത്വം കുറയ്ക്കാൻ സഹായിക്കും. വിദേശ ആധിപത്യത്തിൽ നിന്നും സ്വാതന്ത്ര്യം നേടിയ ജനത സ്വാശ്രയത്ത്വത്തിന് പ്രാധാന്യം നൽകുന്നത് സ്വാഭാവികമാണ്. മാത്രമല്ല ഇറക്കുമതി ചെയ്ത ഭക്ഷ്യവസ്തുക്കൾ, വിദേശ

## പഠന പ്രവർത്തനങ്ങൾ

- താഴെ പറയുന്നവയിൽ ഉപയോഗിച്ചിട്ടുള്ള സാങ്കേതിക വിദ്യയിൽ ഉണ്ടായ മാറ്റം ക്ലാസിൽ ചർച്ച ചെയ്യുക.
    - a) ഭക്ഷ്യധാന്യങ്ങളുടെ ഉൽപാദനം
    - b) സാധനങ്ങൾ പാക്ക് ചെയ്യൽ
    - c) പൊതു വാർത്താവിനിമയം
- 1990–91 ലും 2014–15 ലും ഇന്ത്യ കയറ്റുമതിയും ഇറക്കുമതിയും ചെയ്ത പ്രധാനപ്പെട്ട ഇനങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുക.
    - a) ഇവയിലെ വ്യത്യാസം നിരീക്ഷിക്കുക
    - b) സ്വാശ്രയത്വത്തിന്റെ ഫലം ഇതിൽ കാണുന്നുണ്ടോ? ചർച്ച ചെയ്യുക
    - c) വാർത്താവിനിമയം

*ഈ വിവരങ്ങൾ ലഭിക്കുന്നതിന് നിങ്ങൾക്ക് 'ഇക്കണോമിക് സർവെ' പരിശോധിക്കാവുന്നതാണ്.*

സാങ്കേതിക വിദ്യ, വിദേശ മൂലധനം എന്നിവയിലുള്ള ആശ്രയത്വം നമ്മുടെ നയങ്ങളിലുള്ള വിദേശ ഇടപെടലിനും അത് വഴി ഇന്ത്യൻ പരമാധികാരത്തിന് പോലും ഭീഷണിയാകുമെന്നും നാം ഭയപ്പെട്ടിരുന്നു.

**സമത്വം** – ജനങ്ങളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിന് സാമ്പത്തികവളർച്ച, ആധുനിക വൽക്കരണം, സ്വശ്രയത്വം എന്നിവ മാത്രം മതിയാവില്ല. ഒരു രാജ്യത്ത് ഉയർന്ന സാമ്പത്തിക വളർച്ച ഉണ്ടായാലും, രാജ്യത്തുതന്നെ വികസിപ്പിച്ചെടുത്ത അത്യാധുനിക സാങ്കേതിക വിദ്യ ഉണ്ടായാലും, ഭൂരിഭാഗം ജനങ്ങളും ദാരിദ്ര്യത്തിൽ തന്നെ ജീവിക്കുന്ന അവസ്ഥ ഉണ്ടായേക്കാം. സാമ്പത്തിക അഭിവൃദ്ധിയുടെ നേട്ടങ്ങൾ സമ്പന്നരായ കുറച്ചുപേർ മാത്രം അനുഭവിക്കുന്നതിനു പകരം ദരിദ്ര വിഭാഗങ്ങൾക്കും ലഭ്യമാവുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് വളരെ പ്രധാനപ്പെട്ടതാണ്. അതായത് സാമ്പത്തിക വളർച്ച, ആധുനിക വൽക്കരണം, സ്വാശ്രയത്വം എന്നിവക്കു പുറമെ സമത്വവും പ്രാധാന്യമർഹിക്കുന്നു. എല്ലാ ഇന്ത്യക്കാരും ഭക്ഷണം, വാസയോഗ്യമായ പാർപ്പിടം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ സാക്ഷാൽകരിക്കാൻ പ്രാപ്തരാവുകയും അതിനായി സമ്പത്തിന്റെ വിതരണത്തിലുള്ള അസമത്വം കുറച്ചുകൊണ്ട് വരികയും വേണം.

1950 മുതൽ 1990 വരെയുള്ള കാലഘട്ടത്തിലെ ആദ്യ ഏഴ് പഞ്ചവൽസര പദ്ധതികൾ കൃഷി, വ്യവസായം, വ്യാപാരം എന്നീ മേഖലകളിൽ ഈ ലക്ഷ്യങ്ങൾ നേടുന്നതിന് നടത്തിയ പരിശ്രമവും അവ എത്രത്തോളം വിജയിച്ചുവെന്നും നമുക്ക് പരിശോധിക്കാം. 1991 ന് ശേഷമുള്ള നയങ്ങളേയും വികസന പ്രശ്നങ്ങളെയും കുറിച്ച് നമുക്ക് മൂന്നാം അധ്യായത്തിൽ ചർച്ച ചെയ്യാം.

## 2.3 കൃഷി

കോളനി വാഴ്ചക്കാലത്ത് കാർഷികമേഖലയിൽ വളർച്ചയോ സമത്വമോ ഇല്ലായിരുന്നുവെന്ന് നിങ്ങൾ ഒന്നാം അധ്യായത്തിൽ പഠിച്ചുവല്ലോ. സ്വതന്ത്ര ഇന്ത്യയിലെ നയ രൂപകർക്ക് ഇത്തരം വിഷയങ്ങൾ അഭിസംബോധന ചെയ്യേണ്ടതുണ്ടായിരുന്നു. ഇന്ത്യൻ കാർഷിക രംഗത്തെ ഒരു വിപ്ലവത്തിലേക്ക് നയിച്ച ഭൂപരിഷ്കരണത്തിലൂടെയും അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിലൂടെയും അവർ ഇത് സാധ്യമാക്കി.

**ഭൂപരിഷ്ക്കരണം–** സ്വാതന്ത്ര്യസമയത്ത് ഭൂഅവകാശ വ്യവസ്ഥയുടെ സവിശേഷത എന്നത് സമീന്ദാർമാർ, ജാഗീർദാർമാർ എന്നീ ഇടനിലക്കാരുടെ സാന്നിധ്യമായിരുന്നു. ഇവർ ഭൂമിയിൽ അധ്വാനിക്കുന്നവരിൽ നിന്നും പാട്ടം ചുമത്തി എന്നു മാത്രമല്ല കൃഷി സ്ഥലത്തിന്റെ മെച്ചപ്പെടുത്തലിനായി യാതൊന്നും ചെയ്തിരുന്നുമില്ല. കാർഷിക മേഖലയുടെ കുറഞ്ഞ ഉൽപാദനക്ഷമത കാരണം ഇന്ത്യക്ക് അമേരിക്കൻ ഐക്യ നാടുകളിൽ നിന്നും ഭക്ഷ്യ വസ്തുക്കൾ ഇറക്കു മതി ചേയ്യേണ്ടിവന്നിരുന്നു.

കാർഷിക മേഖലയിൽ സമത്വം കൈവരിക്കുന്നതിന് ഭൂപരിഷ്കരണം ആവശ്യമാണ്. ഭൂമിയുടെ ഉടമസ്ഥാവകാശത്തിലുള്ള പുനർവിതരണമാണ് **ഭൂപരിഷ്കരണം** എന്നത് കൊണ്ട് വിവക്ഷിക്കുന്നത്.

സ്വാതന്ത്ര്യം ലഭിച്ച് ഒരു വർഷം കഴിഞ്ഞപ്പോൾ തന്നെ ഭൂമിയിൽ അധ്വാനിക്കുന്നവരെ ഭൂമിയുടെ ഉടമസ്ഥരാക്കാനുള്ള ശ്രമം നടന്നിരുന്നു. ഇടനിലക്കാരെ ഒഴിവാക്കാനുള്ള നടപടികൾ

**Box 2.5**

## ഉടമസ്ഥാവകാശവും പ്രോത്സാഹനവും

കർഷകർ തന്നെയാണ് കൃഷി ഭൂമിയുടെ ഉടമസ്ഥരെങ്കിൽ ഉൽപാദനം വർദ്ധിപ്പിക്കുന്നതിൽ അവർ കൂടുതൽ തൽപരരാണ് - പ്രോത്സാഹിതരാണ് - എന്ന ആശയത്തിൽ അധിഷ്ഠിതമാണ് കൃഷിഭൂമി അതിൽ അധ്വാനിക്കുന്നവർക്ക് എന്ന നയം. ഉടമസ്ഥാവകാശമുണ്ടെങ്കിൽ വർദ്ധിക്കുന്ന ഉൽപാദനത്തിൽ നിന്നും അധ്വാനിക്കുന്നവർക്ക് കൂടുതൽ നേട്ടമുണ്ടാക്കാൻ കഴിയും എന്നതാണ് ഇതിനു കാരണം. വർദ്ധിച്ച ഉൽപാദനത്തിന്റെ മിച്ചം ഭൂഉടമകൾക്കാണെന്നിരിക്കെ കുടിയാൻമാർക്ക് കൃഷി ഭൂമി അഭിവൃദ്ധിപ്പെടുത്താൻ ഒട്ടും താൽപ്പര്യമുണ്ടാകില്ല. പ്രചോദനം പകരുന്നതിൽ ഉടമസ്ഥാവകാശത്തിന്റെ പ്രാധാന്യം മുൻ സോവിയറ്റ് യൂണിയനിലെ കർഷകർ പഴങ്ങൾ വിൽക്കാനായി അശ്രദ്ധമായി പാക്ക് ചെയ്യുന്ന ഉദാഹരണത്തിലൂടെ കാണിച്ചിട്ടുണ്ട്. പുതിയ പഴങ്ങളോടൊപ്പം ഒരേ പെട്ടിയിൽ ചീഞ്ഞ പഴങ്ങളും കർഷകർ പാക്ക് ചെയ്താൽ നല്ല പഴങ്ങളും കേടു വരുമെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. പഴങ്ങൾ വിൽക്കാൻ സാധിക്കാത്തതു കൊണ്ട് കർഷകർക്ക് അതൊരു വലിയ നഷ്ടമായിരിക്കും. തികച്ചും അവരുടെ തന്നെ നഷ്ടത്തിലേക്കെത്തിക്കുന്ന ഇത്തരമൊരു പ്രവൃത്തി എന്തിനാണ് സോവിയറ്റ് കർഷകർ ചെയ്യുന്നത്? സോവിയറ്റ് യൂണിയനിലെ കർഷകർക്ക് സ്വന്തമായി ഭൂമിയുടെ ഉടമസ്ഥാവകാശം ഇല്ലാത്തതിനാൽ അവർക്ക് നഷ്ടമോ ലാഭമോ ഉണ്ടാകുന്നില്ല. ഉടമസ്ഥാവകാശം ഇല്ലാത്തതിനാൽ കർഷകർക്ക് കാര്യക്ഷമത വർദ്ധിപ്പിക്കാൻ പ്രചോദനമൊന്നും ഇല്ല. വിശാലവും അതിഫലഭൂയിഷ്ടവുമായ വിസ്തൃത കൃഷിസ്ഥലം സോവിയറ്റ് യൂണിയനിൽ ഉണ്ടായിട്ടും കാർഷിക മേഖല മോശം പ്രകടനം കാഴ്ചവച്ചത് അതുകൊണ്ടാണ്.

*Source : Thomas Sowell, Basic Economics, A Citizens Guide to the Economy, New York: Basic Books, 2004 Second Edition*

സർക്കാർ എടുത്തിരുന്നു. വേണ്ടത്ര മൂലധനം ലഭ്യമാക്കിയാൽ, ഭൂവുടമാവകാശം ലഭിച്ച ഭൂമിയിൽ അധ്വാനിക്കുന്നവർക്ക് കൃഷിയുടെ പുരോഗതിക്കായി നിക്ഷേപം നടത്തുന്നതിനുള്ള പ്രചോദനമുണ്ടാകും എന്നതായിരുന്നു ഈ നീക്കത്തിനു പിന്നിലുള്ള ആശയം (ബോക്സ് 2.5 കാണുക). കാർഷിക മേഖലയിൽ സമത്വം കൊണ്ടു വരുന്നതിനായുള്ള മറ്റൊരു നയമായിരുന്നു ഭൂപരിധി നിശ്ചയിക്കൽ. ഒരു വ്യക്തിക്ക് കൈവശം വെക്കാവുന്ന ഭൂമിയുടെ പരമാവധി അളവ് നിശ്ചയിക്കുക എന്നതാണ് ഇത് അർത്ഥമാക്കുന്നത്. ഭൂഉടമസ്ഥത കുറച്ചു പേരിൽ കേന്ദ്രീകരിക്കപ്പെടുന്നത് ഒഴിവാക്കുക എന്നതായിരുന്നു ഭൂപരിധി നിർണയത്തിന്റെ ലക്ഷ്യം.

ഇടനിലക്കാർ ഒഴിവാക്കപ്പെട്ടതോടുകൂടി 200 ലക്ഷത്തോളം കുടിയാന്മാർ സമീന്ദാർമാരുടെ ചൂഷണത്തിൽ നിന്നും മോചിതരാവുകയും ഗവൺമെന്റുമായി നേരിട്ടുള്ള ബന്ധത്തിൽ വരികയും ചെയ്തു. കുടിയാന്മാരിലേക്ക് കൈമാറ്റം ചെയ്തത് ഭൂഉടമസ്ഥാവകാശം അവർക്ക് ഒരു പ്രോത്സാഹനമാവുകയും കാർഷിക വളർച്ചക്ക് ഉതകുകയും ചെയ്തു. എങ്കിലും ഇടനിലക്കാരുടെ ഒഴിവാക്കൽ കൊണ്ട് സമത്വം എന്ന

ലക്ഷ്യം മുഴുവനായും പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. ചില പ്രദേശങ്ങളിൽ പഴയ സെമീന്ദാർ തന്നെ നിയമത്തിന്റെ പഴുതുപയോഗപ്പെടുത്തി വലിയ ഭൂപ്രദേശത്തിന്റെ ഉടമസ്ഥരായി തുടർന്നു. ഭൂവുടമകൾ കൃഷിക്കാരെന്ന് (ഭൂമിയിൽ അധ്വാനിക്കുന്നവർ) അവകാശപ്പെടുകയും യഥാർത്ഥ കുടിയാൻമാരെ കുടിയൊഴിപ്പിച്ച് ഭൂവുടമസ്ഥാവകാശം നിലനിർത്തുകയും ചെയ്ത അവസ്ഥകൾ ഉണ്ടായിട്ടുണ്ട്. ഭൂമിയിൽ അധ്വാനിക്കുന്നവർക്ക് ഉടമസ്ഥാവകാശം ലഭിച്ചെങ്കിലും അതിദരിദ്രരായ കർഷകതൊഴിലാളികൾക്ക് (പങ്കു കൃഷിക്കാർ, ഭൂമിയില്ലാത്ത തൊഴിലാളികൾ തുടങ്ങിയവർ) ഭൂപരിഷ്ക്കരണത്തിന്റെ നേട്ടം ലഭിച്ചിരുന്നില്ല.

ഭൂപരിധി നിയമം തടസ്സപ്പെടുത്തി. വൻകിട ഭൂഉടമകൾ ഈ നിയമത്തെ കോടതിയിൽ ചോദ്യം ചെയ്യുകയും നിയമം നടക്കുന്നത് വൈകിപ്പിക്കുകയും ചെയ്തു. ഈ കാലവിളംബം ഉപയോഗപ്പെടുത്തി അവർ ഭൂമി തങ്ങളുടെ അടുത്ത ബന്ധുക്കളുടെ പേരിലാക്കുകയും അങ്ങനെ നിയമ നടപടികളിൽ നിന്നും രക്ഷപ്പെടുകയും ചെയ്തു. നിയമത്തിന്റെ പഴുതുകൾ പരമാവധി പ്രയോജനപ്പെടുത്തി വൻകിട ഭൂവുടമകൾ അവരുടെ ഭൂവുടമസ്ഥത നിലനിർത്തി. 'ഭൂമി അധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്ക്' എന്ന നയത്തോട് പ്രതിബദ്ധത പുലർത്തിയ ഗവൺമെന്റുകൾ ഉണ്ടായിരുന്ന കേരളത്തിലും പശ്ചിമ ബംഗാളിലും ഭൂപരിഷ്ക്കരണം വിജയകരമായിരുന്നു. നിർഭാഗ്യവശാൽ മറ്റു സംസ്ഥാനങ്ങൾക്ക് ഇതുപോലുള്ള പ്രതിബദ്ധത ഇല്ലാതിരുന്നതുകൊണ്ട്, ഇന്നും കൈവശ ഭൂമിയുടെ അളവിൽ വലിയ അസന്തുലിതാവസ്ഥ നിലനിൽക്കുന്നുണ്ട്.

**ഹരിത വിപ്ലവം –** സ്വാതന്ത്ര്യ സമയത്ത് രാജ്യത്തിലെ 75 ശതമാനം ജനങ്ങളും കൃഷിയെയാണ് ആശ്രയിച്ചത്. ഭൂരിഭാഗം കർഷകരും പഴയ സാങ്കേതിക വിദ്യ ഉപയോഗിച്ചിരുന്നതിനാലും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്താലും കാർഷിക മേഖലയിലെ ഉൽപാദനക്ഷമത വളരെ കുറവായിരുന്നു. ഇന്ത്യൻ കൃഷി പ്രധാനമായും മൺസൂണിനെ ആശ്രയിച്ചുള്ളതാണ്. ജലസേചന സൗകര്യം ലഭ്യമല്ലെങ്കിൽ മഴക്കുറവ് കർഷകരെ പ്രയാസത്തിലാക്കിയിരുന്നു. വളരെ ക്കുറച്ച് കർഷകർക്ക് മാത്രമേ ജലസേചന സൗകര്യങ്ങൾ ലഭ്യമായിരുന്നുള്ളൂ. ഹരിത വിപ്ലവത്തിലൂടെ കോളനി ഭരണത്തിൻ കീഴിൽ കാർഷിക മേഖലയിൽ നിലനിന്നിരുന്ന സ്തംഭനാവസ്ഥ കുറേയൊക്കെ പരിഹരിക്കാനായി. ഹരിത വിപ്ലവം എന്നത് അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങളുടെ (പ്രത്യേകിച്ചും ഗോതമ്പിന്റെയും നെല്ലിന്റെയും) ഉൽപാദനത്തിൽ ഉണ്ടായ വൻവർദ്ധനവിനെ സൂചിപ്പിക്കുന്നു. ഇത്തരത്തിൽ അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങൾ ഉപയോഗിക്കുന്നതിന് കൃത്യമായ അളവിൽ രാസവളങ്ങൾ, കീടനാശിനികൾ എന്നിവയും സ്ഥിരമായ ജലസേചനവും ആവശ്യമാണ്. ഇതിനു പുറമേ നിവേശങ്ങളുടെ (inputs) ശരിയായ അനുപാതത്തിലുള്ള ഉപയോഗവും പ്രധാനമാണ്. അത്യുപാൽദന ശേഷിയുള്ള വിത്തിനങ്ങളിൽ നിന്നും കർഷകർക്ക് മെച്ചമുണ്ടാവണമെങ്കിൽ സ്ഥായിയായ ജലസേചന സൗകര്യങ്ങളും രാസവളം കീടനാശിനി എന്നിവ വാങ്ങാനുള്ള സാമ്പത്തിക ശേഷിയും അത്യാവശ്യമാണ്. തൽഫലമായി ഹരിത വിപ്ലവത്തിന്റെ ഒന്നാം ഘട്ടം (ഏകദേശം 1960 ന്റെ പകുതി മുതൽ 1970 –ന്റെ പകുതി വരെ) അത്യുൽപാദന ശേഷിയുള്ള വിത്തിന




ങ്ങളുടെ ഉപയോഗം സാമ്പത്തികമായി മുന്നിൽ നിൽക്കുന്ന പഞ്ചാബ്, ആന്ധ്രാപ്രദേശ്, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലായി പരിമിതപ്പെട്ടു. അതിലുപരി അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങൾ കൂടുതൽ നേട്ടമുണ്ടാക്കിയത് ഗോതമ്പ് കൃഷി ചെയ്യുന്ന പ്രദേശങ്ങളിലാണ്

ഹരിത വിപ്ലവത്തിന്റെ രണ്ടാം ഘട്ടത്തിൽ (1970 –ന്റെ പകുതി മുതൽ 1980 –ന്റെ പകുതി വരെ) അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങളും സാങ്കേതിക വിദ്യയും കൂടുതൽ സംസ്ഥാനങ്ങളിലേക്ക് വ്യാപിപ്പിക്കുകയും കൂടുതൽ വൈവിധ്യമുള്ള വിളകൾക്ക് പ്രയോജനപ്പെടുകയും ചെയ്തു. ഹരിതവിപ്ലവ സാങ്കേതിക വിദ്യയുടെ വ്യാപനം ഇന്ത്യയെ ഭക്ഷ്യധാന്യങ്ങളുടെ കാര്യത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ പ്രപ്തമാക്കി. നമ്മുടെ ഭക്ഷ്യ ആവശ്യങ്ങൾക്കായി നാം അമേരിക്കയുടെയോ മറ്റേതെങ്കിലും രാഷ്ട്രങ്ങളുടെയോ ദയക്കുവേണ്ടി ഇനി കാത്തു നിൽക്കേണ്ടതില്ല.

കാർഷിക ഉൽപന്നങ്ങളുടെ വളർച്ച പ്രധാന്യമർഹിക്കുന്നതാണ്. പക്ഷേ അത് പര്യാപ്തമായിരുന്നില്ല. ഈ ഉൽപാദന വർദ്ധനവിന്റെ വലിയൊരു ഭാഗം വിപണികളിൽ വിൽക്കാതെ കർഷകർ തന്നെ സ്വയം ഉപഭോഗം നടത്തിയാൽ അത് ദേശീയവരുമാന കണക്കിൽ വലിയൊരു വ്യത്യാസം ഉണ്ടാക്കുകയില്ല. നേരെ മറിച്ച് വർദ്ധിച്ച കാർഷിക ഉൽപാദനത്തിന്റെ ഏറിയ പങ്കും വിപണികളിൽ വിറ്റഴിക്കപ്പെട്ടാൽ അതിന് ദേശീയ വരുമാനകണക്കിൽ വർദ്ധനവു ഉണ്ടാക്കാൻ കഴിയും. കർഷകർ വിപണിയിൽ വിൽക്കുന്ന കാർഷിക ഉൽപന്നത്തിന്റെ ഭാഗം **കമ്പോളമിച്ചം** (marketed surplus) എന്നറിയപ്പെടുന്നു. ഹരിത വിപ്ലവത്തിന്റെ സമയത്ത് ഉൽപാദിപ്പിച്ച അരിയുടെയും

ഗോതമ്പിന്റെയും നല്ലൊരുഭാഗം (വിപണിയിൽ ലഭ്യമാക്കിയ മിച്ചം) കർഷകർ വിപണിയിൽ വിറ്റു. തൽഫലമായി മറ്റ് ഉപഭോഗ വസ്തുക്കളെ അപേക്ഷിച്ച് ഭക്ഷ്യ ധാന്യങ്ങളുടെ വില കുറഞ്ഞു. വരുമാനത്തിന്റെ നല്ലൊരു ശതമാനം ഭക്ഷണത്തിനു വേണ്ടി ചിലവഴിച്ചിരുന്ന താഴ്ന്ന വരുമാനക്കാർക്ക് ഭക്ഷ്യ ധാന്യങ്ങളുടെ വിലയിലുണ്ടായ കുറവ് പ്രയോജനകരമായി. ഭക്ഷ്യ ധാന്യങ്ങളുടെ അപര്യാപ്തത പരിഹരിക്കാൻ ആവശ്യമായ ധാന്യ ശേഖരം ഉണ്ടാക്കുന്നതിന് ഹരിത വിപ്ലവം ഗവൺമെന്റിനെ സഹായിച്ചു.

ഹരിത വിപ്ലവം രാഷ്ട്രത്തിന് വലിയ നേട്ടം ഉണ്ടാക്കിയെങ്കിലും ഇതിന് ഉപയോഗപ്പെടുത്തിയ സാങ്കേതികവിദ്യ പ്രശ്നങ്ങളിൽ നിന്നും മുക്തമായിരുന്നില്ല. ഇതിന്റെ ഒരു പരിണിതഫലം ഇത് ചെറുകിട കർഷകരും വൻകിട കർഷകരും തമ്മിലുള്ള അന്തരം വർദ്ധിപ്പിച്ചു എന്നതാണ്. അവശ്യ നിവേശങ്ങളുടെ ചിലവ് വഹിക്കാൻ കഴിവുണ്ടായിരുന്നത് വൻകിട കർഷകർക്കായിരുന്നതിനാൽ ഹരിതവിപ്ലവത്തിലൂടെ കൂടുതൽ ലാഭം കൊയ്തതും അവർ തന്നെ. മാത്രമല്ല, അത്യുൽപാദന മേൻമയുള്ള വിളകൾക്ക് കൂടുതൽ കീടാക്രമണ സാധ്യത ഉണ്ടായിരുന്നതിനാൽ ഇത്തരം സാങ്കേതികവിദ്യ സ്വീകരിച്ച ചെറുകിട കർഷകർക്ക് കീടാക്രമണം ഉണ്ടായാൽ എല്ലാം നഷ്ടമാകുമായിരുന്നു.

സർക്കാർ സ്വീകരിച്ച നടപടികൾ മൂലം ഇത്തരം ഭയമെല്ലാം കുറയ്ക്കാനായി. ചെറുകിട കർഷകർക്ക് അവശ്യ നിവേശങ്ങൾ ലഭ്യമാക്കുന്നതിനായി ഗവൺമെന്റ് സബ്സിഡി നിരക്കിൽ രാസവളം നൽകുകയും കുറഞ്ഞ പലിശ നിരക്കിൽ വായ്പ അനുവദിക്കുകയും ചെയ്തു. തൽഫലമായി ചെറുകിട കർഷകർക്ക് അവശ്യ നിവേശങ്ങൾ നേടാൻ കഴിഞ്ഞതിനാൽ കാലക്രമേണ ചെറു വിള നിലങ്ങളുടെ ഉൽപാദനക്ഷമത വൻകിട വിള നിലങ്ങളുടേതിന് തുല്യമായി. ഇതിന്റെ ഫലമായി ഹരിതവിപ്ലവത്തിന്റെ പ്രയോജനം വൻകിടക്കാർക്കും ചെറുകിടക്കാർക്കും ലഭ്യമായി. പൊതുമേഖല ഗവേഷണസ്ഥാപനങ്ങൾ നൽകിയ സേവനങ്ങൾ കീടാക്രമണം മൂലമുണ്ടാവുന്ന ചെറുകിട കർഷകരുടെ നഷ്ട സാധ്യത ഗണ്യമായി കുറച്ചു. അതായത് ചെറുകിട കർഷകർക്കും സാങ്കേതിക വിദ്യയുടെ പ്രയോജനം ലഭ്യമാക്കുന്നതിൽ ഗവൺമെന്റുകൾ തങ്ങളുടെ പങ്ക് വഹിക്കാത്ത സാഹചര്യത്തിലാണ് ഹരിത വിപ്ലവത്തിന്റെ പ്രയോജനം ധനിക കർഷകർക്ക് മാത്രമായി പരിമിതപ്പെട്ടത് എന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും.

**സബ്സിഡി - ഒരു സംവാദം** - സബ്സിഡിയുടെ സാമ്പത്തിക ന്യായീകരണം ഇന്ന് ഒരു ചൂടേറിയ ചർച്ചാ വിഷയമാണ്. കർഷകർക്ക് പൊതുവിലും ചെറുകിട കർഷകർക്ക് പ്രത്യേകിച്ചും അത്യുൽപാദന മേൻമയുള്ള സാങ്കേതിക വിദ്യ ഉപയോഗിക്കാൻ പ്രോത്സാഹനം നൽകേണ്ടതിന് സബ്സിഡി അനിവാര്യമാണെന്ന് പൊതുവിൽ അംഗീകരിക്കപ്പെട്ടതാണ്. കർഷകർ എല്ലാ പുത്തൻ സാങ്കേതിക വിദ്യയും അപകടസാധ്യത ഉള്ളതായി കാണുന്നു. ആയതിനാൽ കർഷകരെ പുതിയ സാങ്കേതിക വിദ്യ ഉപയോഗിക്കാൻ പ്രേരിപ്പിക്കുന്നതിന് സബ്സിഡി നൽകേണ്ടത് ഒരു ആവശ്യമാണ്. ഒരിക്കൽ സാങ്കേതിക വിദ്യ ലാഭകരമായിക്കഴിഞ്ഞാൽ, വ്യാപകമായി സ്വീകരിക്കപ്പെട്ടതാണെങ്കിലും അതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ നേടിയതുകൊണ്ട് സബ്സിഡികൾ ഘട്ടം ഘട്ടമായി നിർത്തലാ

ക്കണമെന്ന് ചില സാമ്പത്തിക ശാസ്ത്രജ്ഞർ അഭിപ്രായപ്പെടുന്നു. കർഷകർക്ക് പ്രയോജന കരമാകാനാണ് സബ്സിഡികൾ നൽകുന്നതെ ങ്കിലും രാസവളവ്യവസായവും സബ്സിഡി പ്രയോജനപ്പെടുത്തുന്നുണ്ട്. പൊതുവിൽ സാമ്പത്തിക അഭിവൃദ്ധി നേടിയ മേഖലകളിലെ കർഷകരാണ് സബ്സിഡികൾ കാര്യമായി പ്രയോജനപ്പെടുത്തുന്നത്. അതിനാൽ രാസ വളസബ്സിഡികൾ തുടരുന്നതിൽ അർത്ഥമി ല്ലെന്ന വാദവുമുണ്ട്. കാരണം സബ്സിഡി ലക്ഷ്യം വെക്കുന്ന വിഭാഗത്തിന് പ്രയോജനക രമാവുന്നില്ലെന്നു മാത്രമല്ല ഗവൺമെന്റിന് വലിയ സാമ്പത്തിക ബാധ്യത ഉണ്ടാക്കുകയും ചെയ്യുന്നു (ബോക്സ് 2.6 കാണുക.)

മറുഭാഗത്ത് ഇന്ത്യയിൽ കൃഷിയിൽ നഷ്ട സാധ്യതയുള്ളതായതിനാൽ (risk) കാർഷിക സബ്സിഡി തുടരണമെന്ന് വിശ്വസിക്കുന്നവരുണ്ട്. ഭൂരിഭാഗം കർഷകരും ദരിദ്രരാണ്. സബ്സിഡി കൂടാതെ അവശ്യ നിവേശങ്ങൾക്കുള്ള ചിലവ് വഹിക്കാൻ അവർക്ക് കഴിയുന്നില്ല. സബ്സിഡി ഒഴിവാക്കുന്നത് ധനിക കർഷകരും ദരിദ്ര കർഷ കരും തമ്മിലുള്ള അസമത്വം വർദ്ധിപ്പിക്കു കയും സമത്വമെന്ന ലക്ഷ്യത്തിന് എതിരാവു കയും ചെയ്യുന്നു. സബ്സിഡികൾ പ്രയോജ നകരമാവുന്നത് വൻകിട കർഷകർക്കും രാസ വള വ്യവസായത്തിനുമാണെങ്കിൽ സബ്സിഡി ഒഴിവാക്കലല്ല ശരിയായ നയമെന്നും ദരിദ്ര കർഷകർ സബ്സിഡിയുടെ നേട്ടങ്ങൾ അനു ഭവിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്ന നടപടികൾ എടുക്കുകയാണ് വേണ്ടതെന്നും ഈ വിദഗ്ദർ വാദിക്കുന്നു.

1960 കളുടെ അവസാനത്തോടുകൂടി ഇന്ത്യയിലെ കാർഷിക ഉൽപാദനക്ഷമത വർദ്ധനവ് ഭക്ഷ്യധാന്യ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് സഹായകരമായി. ഇത് അഭിമാനിക്കേണ്ട ഒരു നേട്ടമാണ്. എന്നാൽ 1990 കളുടെ അവസാനത്തിൽപോലും രാജ്യ ത്തിന്റെ 65 ശതമാനം ജനങ്ങളും കാർഷിക മേഖലയെ തന്നെ തൊഴിലിനായി ആശ്രയിക്കു ന്നു എന്നത് അഭികാമ്യമല്ല. കാരണം ഒരു രാജ്യം അഭിവൃദ്ധിപ്പെടുന്നതിനനുസരിച്ച് മൊത്ത ആഭ്യന്തര ഉൽപാദനത്തിലേക്ക് കാർഷിക മേഖലയിൽ നിന്നുള്ള സംഭാ വനയുടെ അനുപാതവും ആ മേഖലയിൽ ജോലിചെയ്യുന്ന ജനങ്ങളുടെ എണ്ണവും കുറയുന്നു എന്ന് സാമ്പത്തിക ശാസ്ത്രജ്ഞർ പൊതുവിൽ നിരീക്ഷിച്ചതാണ്. ഇന്ത്യയിൽ 1950 നും 1990 നും ഇടക്ക് കാർഷിക മേഖലയുടെ സംഭാവന മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ അനുപാതം എന്ന നിലയിൽ ഗണ്യമായി കുറഞ്ഞു. പക്ഷേ കാർഷിക മേഖ ലയെ ആശ്രയിക്കുന്ന ജനങ്ങളുടെ എണ്ണത്തിൽ കാര്യമായ കുറവ് വന്നില്ല. (1950 ൽ 67.5 ശത മാനത്തിൽ നിന്നും 1990 ആവുമ്പോഴേക്കും 64.9 ശതമാനം). ചെറിയൊരു വിഭാഗം മാത്രം ജോലി ചെയ്താൽപ്പോലും വളർച്ചയുണ്ടാകു മായിരുന്ന കാർഷിക മേഖലയിൽ എന്തുകൊ ണ്ടാവാം വലിയൊരു വിഭാഗം ജനങ്ങൾ തൊഴിൽ ചെയ്യേണ്ടി വരുന്നത്? കാർഷിക മേഖ ലയിൽ ജോലി ചെയ്തിരുന്നവരെ ഉൾക്കൊ ള്ളാൻ സേവന, വ്യാവസായിക മേഖലകൾക്കാ യില്ല എന്നതാണ് ഇതിനുള്ള ഉത്തരം. 1950 മുതൽ 1990 വരെ നാം പിന്തുടർന്ന നയങ്ങളുടെ പരാജയമായിട്ടാണ് ചില സാമ്പത്തിക ശാസ്ത്ര ജ്ഞർ ഇതിനെ കാണുന്നത്.

## 2.4 വ്യവസായവും വ്യാപാരവും

ദരിദ്ര രാഷ്ട്രങ്ങൾ പുരോഗതി പ്രാപിക്കണമെ ങ്കിൽ നല്ലൊരു വ്യവസായിക വളർച്ചയിലൂടെ

ബോക്സ് 2.6

## വിലകൾ എന്ന സൂചനകൾ

സാധനങ്ങളുടെ വിലകൾ വിപണിയിൽ നിർണ്ണയിക്കപ്പെടുന്നതെങ്ങനെയെന്ന് നിങ്ങൾ മുൻ ക്ലാസുകളിൽ പഠിച്ചിട്ടുണ്ടാവുമല്ലോ. വിലകൾ വസ്തുക്കളുടെ ലഭ്യതയെക്കുറിച്ചുള്ള സൂചനകളാണ്. ഒരു വസ്തുവിന് ദൗർലഭ്യമുണ്ടെങ്കിൽ അതിന്റെ വില വർദ്ധിക്കുകയും അതുപയോഗിക്കുന്നവർക്ക് വിലയുടെ അടിസ്ഥാനത്തിൽ ആ വസ്തു കാര്യക്ഷമമായി ഉപയോഗിക്കാൻ പ്രചോദനമാവുകയും ചെയ്യാറുണ്ട്. ജലലഭ്യതയിലുണ്ടാവുന്ന കുറവ് മൂലം അതിന്റെ വില ഉയരുകയാണെങ്കിൽ കൂടുതൽ ശ്രദ്ധയോടെ ജലം ഉപയോഗിക്കാൻ ജനങ്ങൾക്ക് പ്രചോദനമാവാറുണ്ട്. ഉദാഹരണത്തിന് ജല ഉപയോഗം കുറക്കുന്നതിനായി അവർ തോട്ടം നനക്കുന്നത് നിർത്തിയേക്കാം. പെട്രോളിന്റെ വില വർദ്ധിക്കുമ്പോൾ നാം പരാതിപ്പെടുകയും ഗവൺമെന്റിനെ കുറ്റപ്പെടുത്തുകയും ചെയ്യും. പക്ഷെ വർദ്ധിക്കുന്ന വില കാണിക്കുന്നത് അതിന്റെ ദൗർലഭ്യത്തെയാണ്. കുറച്ചു പെട്രോൾ മാത്രമേ ലഭ്യമായിട്ടുള്ളൂ എന്ന സൂചനയാണ് ഇത് നൽകുന്നത്. ഇത് പെട്രോളിന്റെ ഉപയോഗത്തിൽ കുറവ് വരുത്തുന്നതിനോ ബദൽ ഇന്ധനങ്ങൾ കണ്ടെത്താനോ പ്രചോദനമാവാറുണ്ട്.

ഒരു വസ്തുവിന്റെ വിലയിൽ നിന്നും അതിന്റെ ലഭ്യതയെ സംബന്ധിച്ച സൂചന കിട്ടുന്നതിന് സബ്സിഡി തടസ്സം സൃഷ്ടിക്കുന്നതായി ചില സാമ്പത്തിക ശാസ്ത്രജ്ഞർ ചൂണ്ടികാട്ടുന്നു. വൈദ്യുതി, ജലം എന്നിവ സബ്സിഡി നിരക്കിലോ, സൗജന്യമോ ആയി നൽകുമ്പോൾ അവയുടെ ദൗർലഭ്യം പരിഗണിക്കാതെ പാഴാക്കിക്കളയാൻ സാധ്യതയുണ്ട്. ജല ദൗർലഭ്യമുള്ള പ്രദേശമാണെങ്കിലും ജലം സൗജന്യമായി നല്കിയാൽ കർഷകർ ജല ഉപയോഗം കൂടുതലുള്ള വിളകൾ കൃഷിചെയ്യുകയും ഇത്തരം വിളകൾ പരിമിതമായ ജല വിഭവങ്ങളുടെ ശോഷണത്തിന് കാരണമാവുകയും ചെയ്യുന്നു. ജല ദൗർലഭ്യത്തിന് അനുസൃതമായ വിലയാണ് ജലത്തിന് ചുമത്തിയിരുന്നെങ്കിൽ അത്തരം പ്രദേശത്തിന് യോജിച്ച വിളകൾ കർഷകർ അവിടെ കൃഷി ചെയ്യുമായിരുന്നു. രാസവള-കീടനാശിനി സബ്സിഡികൾ പരിസ്ഥിതിക്ക് വിനാശകരമായേക്കാവുന്ന രീതിയിൽ വിഭവങ്ങളുടെ അമിത ഉപയോഗത്തിന് കാരണമാവുന്നു. സബ്സിഡികൾ വിഭവങ്ങൾ പാഴാക്കുന്ന രീതിയിലുള്ള ഉപയോഗത്തിന് പ്രേരകമാവുന്നു. പ്രചോദനം എന്ന നിലയിൽ സബ്സിഡിയെ കണ്ടു കൊണ്ട് കർഷകർക്ക് സൗജന്യ വൈദ്യുതി നൽകുന്നത് സാമ്പത്തിക ശാസ്ത്രത്തിന്റെ വീക്ഷണത്തിൽ നിന്നു കൊണ്ട് ബുദ്ധിപരമാണോ എന്ന് ചിന്തിക്കുക.

മാത്രമേ സാധ്യമാവൂ എന്ന് സാമ്പത്തിക ശാസ്ത്രജ്ഞർ കണ്ടെത്തിയിട്ടുണ്ട്. വ്യവസായമേഖല കാർഷികമേഖലയേക്കാൾ സ്ഥിരതയുള്ള തൊഴിൽ നൽകുകയും ആധുനികവൽക്കരണത്തേയും മൊത്തം അഭിവൃദ്ധിയേയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഇതിന്റെ വെളിച്ചത്തിലാണ് പഞ്ചവത്സര പദ്ധതികൾ വ്യാവസായിക വികസനത്തിന് ഊന്നൽ നൽകുന്നത്. സ്വാതന്ത്ര്യം നേടിയ കാലത്ത് വ്യാവസായിക വൈവിദ്ധ്യവൽക്കരണം തീരെ കുറവായിരുന്നുവെന്നും പരുത്തി, ചണം എന്നിവയിൽ മാത്രം ഒതുങ്ങി

### പഠന പ്രവർത്തനങ്ങൾ

- ഒരു സംഘം വിദ്യാർത്ഥികൾ ഒരു കൃഷിയിടം സന്ദർശിച്ച് അവിടുത്തെ കൃഷി രീതികളെക്കുറിച്ച്, അതായത് അവിടെ ഉപയോഗിച്ചിരിക്കുന്ന വിത്തിനങ്ങൾ, രാസവളങ്ങൾ, യന്ത്രങ്ങൾ, ജലസേചന ഉപാധികൾ, വഹിച്ച ചിലവുകൾ, വിപണനമിച്ചം, നേടിയ വരുമാനം എന്നിവ ഉൾപ്പെടുത്തി, ഒരു കേസ് സ്റ്റഡി തയ്യാറാക്കുക. കൃഷി ഭൂമിയിലുള്ള ഒരു മുതിർന്ന അംഗത്തിൽ നിന്നും കൃഷി രീതിയിൽ വന്ന മാറ്റങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നത് ഗുണകരമാവും.

  *(a)* നിങ്ങളുടെ കണ്ടെത്തലുകൾ ക്ലാസിൽ ചർച്ച ചെയ്യുക.

  *(b)* ഉൽപാദനച്ചിലവ്, ഉൽപാദനക്ഷമത, വിത്തിനങ്ങളുടെ ഉപയോഗം, രാസവളങ്ങൾ, ജലസേചന സംവിധാനങ്ങൾ, കാലയളവ്, വിപണനമിച്ചം, കുടുംബവരുമാനം എന്നിവയിൽ വന്ന മാറ്റങ്ങളെ കാണിക്കുന്ന ചാർട്ട് വിവിധ ഗ്രൂപ്പുകളിലായി തയ്യാറാക്കുക.

- ലോകബാങ്ക്, അന്താരാഷ്ട്ര നാണയനിധി, ലോകവ്യാപാര സംഘടന (ജി 7, ജി 8, ജി 10 രാജ്യങ്ങളുടെ സമ്മേളനങ്ങൾ) എന്നിവയുമായി ബന്ധപ്പെട്ട പത്ര വാർത്തകൾ ശേഖരിക്കുക. കാർഷിക സബ്സിഡിയിൽ വികസിത രാഷ്ട്രങ്ങളുടെയും വികസ്വര രാഷ്ട്രങ്ങളുടേയും കാഴ്ചപ്പാടുകൾ ചർച്ച ചെയ്യുക.

- താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ നിന്നും ഇന്ത്യൻ തൊഴിൽ ഘടനയുടെ പൈചാർട്ട് തയ്യാറാക്കുക

| മേഖല | 1950–51 | 1990–91 | 2015–16 |
|---|---|---|---|
| കൃഷി | 72.1 | 66.8 | 47 |
| വ്യവസായം | 10.7 | 12.7 | 22 |
| സേവനം | 17.2 | 20.5 | 31 |

- കാർഷിക സബ്സിഡിയെ അനുകൂലിക്കുന്നതും പ്രതികൂലിക്കുന്നതുമായ വാദങ്ങൾ പഠന വിധേയമാക്കുക. ഈ വിഷയത്തിൽ നിങ്ങളുടെ കാഴ്ചപ്പാട് എന്താണ്?

- മറ്റു രാജ്യങ്ങളിലെ, പ്രത്യേകിച്ചും വികസിത രാഷ്ട്രങ്ങളിലെ കർഷകർക്ക് വൻ സബ്സിഡി നൽകുകയും ഇത് അവരുടെ ഉൽപന്നങ്ങൾ മറ്റു രാഷ്ട്രങ്ങളിലേക്ക് കയറ്റുമതി ചെയ്യാൻ പ്രോത്സാഹനമാവുകയും ചെയ്യുന്നതായി ചില സാമ്പത്തിക ശാസ്ത്രജ്ഞർ വാദിക്കുന്നു. വികസിത രാഷ്ട്രങ്ങളിലെ കർഷകരുമായി നമ്മുടെ കർഷകർക്ക് മത്സരിക്കാനാവുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ? ചർച്ച ചെയ്യുക.

യിരുന്നുവെന്നും നിങ്ങൾ കഴിഞ്ഞ അധ്യായത്തിൽ പഠിച്ചുവല്ലോ? ജംഷെഡ്പൂരിലും കൊൽക്കത്തയിലുമായി നല്ല രീതിയിൽ പ്രവർത്തിച്ച രണ്ട് ഇരുമ്പുരുക്ക് വ്യവസായശാലകൾ ഉണ്ടായിരുന്നു. പക്ഷേ സമ്പദ്‌വ്യവസ്ഥയുടെ വളർച്ചക്ക് വ്യവസായിക അടിത്തറ വിപുലപ്പെടുത്തേണ്ടതിന് വൈവിധ്യപൂർണ്ണമായ വ്യവസായങ്ങൾ വേണം.

### ഇന്ത്യൻ വ്യവസായ വികസനത്തിൽ പൊതുമേഖലയും സ്വകാര്യമേഖലയും

വ്യാവസായിക വികസനത്തിൽ ഗവൺമെന്റിന്റെയും സ്വകാര്യ മേഖലയുടേയും പങ്ക് എന്തായിരിക്കണം? ഇതായിരുന്നു നയരൂപകർ നേരിട്ട വലിയ വെല്ലുവിളി. സ്വാതന്ത്ര്യം കിട്ടിയ സമയത്ത് ഇന്ത്യൻ വ്യവസായികൾക്ക് നമ്മുടെ രാജ്യത്തിന്റെ വികസനത്തിനാവശ്യമായ വ്യാവസായിക സംരംഭങ്ങൾക്കായി നിക്ഷേപം നടത്താൻ ആവശ്യമായ മൂലധനം ഉണ്ടായിരുന്നെങ്കിലും വികസന പദ്ധതികൾ ഏറ്റെടുക്കാനും ഉൽപാദനം നടത്താനും പ്രേരിപ്പിക്കുന്ന തരത്തിലുള്ള വിപുലമായ കമ്പോളം ഇല്ലായിരുന്നു. ഇക്കാരണത്താൽ സർക്കാരിന് വ്യവസായിക മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കാനുണ്ടായിരുന്നു. കൂടാതെ രണ്ടാം പഞ്ചവൽസര പദ്ധതി മുന്നോട്ടുവെച്ചതുപോലെ സോഷ്യലിസ്റ്റ് രീതിയിൽ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെ വികസിപ്പിക്കുക എന്നത് സർക്കാർ തന്നെ സമ്പദ് വ്യവസ്ഥയെ മുഖ്യമായും നിയന്ത്രിക്കുക എന്ന നയത്തിലേക്കെത്തിച്ചു. സമ്പദ്‌വ്യവസ്ഥയിൽ പരമപ്രധാന വ്യവസായങ്ങളെ പൂർണ്ണമായും സർക്കാർ നിയന്ത്രണത്തിലാക്കുക എന്നതാണ് ഇത് അർത്ഥമാക്കുന്നത്. പൊതുമേഖല ഒരു മാർഗ്ഗനിർദ്ദേശി ആയതിനാൽ സ്വകാര്യ മേഖലയുടെ നയങ്ങൾ പൊതു മേഖലയുടേതിന് പൂരകമാവേണ്ടതുണ്ട്.

### വ്യാവസായിക നയ പ്രമേയം 1956

### (IPR 1956)

സമ്പദ്‌വ്യവസ്ഥയിലെ അടിസ്ഥാന മേഖലകളെ നിയന്ത്രിക്കുക എന്ന ലക്ഷ്യത്തിനനുസൃതമായി 1956 ൽ പുതിയ വ്യാവസായിക നയം അംഗീകരിച്ചു. ഒരു സോഷ്യലിസ്റ്റ് ഘടന നിർമ്മിക്കാൻ പരിശ്രമിച്ചു. രണ്ടാം പഞ്ചവത്സര പദ്ധതിക്ക് ഇതൊരു അടിത്തറയായി. പ്രസ്തുത പ്രമേയം വ്യവസായങ്ങളെ മൂന്നായി തരം തിരിച്ചു. സർക്കാരിന്റെ മാത്രം ഉടമസ്ഥതയിലുള്ള വ്യവസായങ്ങൾ ഒന്നാം വിഭാഗത്തിൽപ്പെടുന്നു. പുതിയ വ്യവസായങ്ങൾ തുടങ്ങാനുള്ള മുഴുവൻ ഉത്തരവാദിത്വവും സർക്കാരിൽ നിക്ഷിപ്തമായതും അത്തരത്തിൽ സർക്കാരിന്റെ പ്രവർത്തനങ്ങളെ പരിപോഷിപ്പിക്കുന്ന സ്വകാര്യ വ്യവസായങ്ങളും രണ്ടാമത്തെ വിഭാഗത്തിൽ പെടുന്നു. അവശേഷിക്കുന്ന സ്വകാര്യ മേഖലയിലുള്ള വ്യവസായങ്ങൾ മൂന്നാമത്തെ വിഭാഗത്തിൽപെടുന്നു.

ഒരു വിഭാഗം വ്യവസായങ്ങൾ സ്വകാര്യ മേഖലയ്ക്ക് വിട്ടുകൊടുത്തെങ്കിലും ആ മേഖല സർക്കാർ നിയന്ത്രണത്തിന് വിധേയമായിരുന്നു. സർക്കാരിൽ നിന്ന് ലൈസൻസ് ലഭിച്ചില്ലെങ്കിൽ പുതിയ വ്യവസായങ്ങൾ ആരംഭിക്കാൻ കഴിയുമായിരുന്നില്ല. ഈ നയം പിന്നാക്ക മേഖലയിൽ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് സഹായകമായി. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മേഖലയിലാണ് വ്യവസായം തുടങ്ങുന്നതെങ്കിൽ ലൈസൻസ് ലഭിക്കുക എളുപ്പമായിരുന്നു. അതിനു പുറമേ അത്തരം വ്യവസായശാലകൾക്ക് കുറഞ്ഞ

നിരക്കിലുള്ള വൈദ്യുതി, കുറഞ്ഞ നികുതി എന്നിങ്ങനെ ഇളവുകൾ നൽകിയിരുന്നു. പ്രാദേശിക സന്തുലിതാവസ്ഥ പ്രോത്സാഹിപ്പിക്കുക എന്നതായിരുന്നു പ്രസ്തുത നയത്തിന്റെ ലക്ഷ്യം.

ഉൽപാദനത്തിന്റെ വൈവിധ്യവത്ക്കരണത്തിനോ (പുതിയതരം വസ്തുക്കൾ ഉൽപാദിപ്പിക്കുന്നതിന്) കൂടുതൽ ഉൽപാദിക്കുന്നതിനോ നിലവിലുള്ള വ്യവസായങ്ങൾക്ക് പോലും ലൈസൻസ് ആവശ്യമായിരുന്നു. സമ്പദ്വ്യവസ്ഥക്ക് ആവശ്യമുള്ള അളവിൽ കൂടുതൽ സാധനങ്ങൾ ഉൽപാദിക്കപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്താനായിരുന്നു ഇത്. ചരക്കുകൾ കൂടുതൽ അളവിൽ സമ്പദ്വ്യവസ്ഥയിൽ ആവശ്യമാണെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടാൽ മാത്രമേ കൂടുതൽ ഉൽപാദിപ്പിക്കാനുള്ള ലൈസൻസ് നൽകിയിരുന്നുള്ളൂ.

### ചെറുകിട വ്യവസായം

1955 –ൽ കാർവെ കമ്മിറ്റി എന്ന് വിളിക്കുന്ന ഗ്രാമീണ ചെറുകിട വ്യവസായ കമ്മിറ്റി ഗ്രാമവികസനത്തിൽ ചെറുകിട വ്യവസായങ്ങളുടെ സാധ്യത എടുത്തു പറയുന്നു. ഒരു വ്യവസായ യൂണിറ്റിന് അനുവദനീയമായ പരമാവധി നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ചെറുകിട വ്യവസായത്തെ നിർവചിച്ചിരിക്കുന്നത്. കാലാനുസൃതമായി ഈ പരിധിയിൽ മാറ്റം വരാറുണ്ട്. 1950 ൽ പരമാവധി 5 ലക്ഷം രൂപ വരെ നിക്ഷേപം നടത്തിയ യൂണിറ്റുകളെയാണ് ചെറുകിട വ്യവസായ യൂണിറ്റുകളായി പരിഗണിച്ചത്. ഇപ്പോൾ പരമാവധി അനുവദനീയമായ നിക്ഷേപം ഒരു കോടി രൂപ ആണ്.

ചെറുകിട വ്യവസായങ്ങൾ കൂടുതൽ തൊഴിലുന്മുഖമാണ്. അതായത് വൻകിട വ്യവസായങ്ങളെക്കാൾ കൂടുതൽ തൊഴിലാളികൾ ചെറുകിട വ്യവസായത്തിൽ തൊഴിൽ ചെയ്യുകയും അതിനാൽ  കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. പക്ഷേ ചെറുകിട വ്യവസായങ്ങൾക്ക് വൻകിട വ്യവസായങ്ങളുമായി മത്സരിക്കാൻ കഴിയാറില്ല. അതിനാൽ ചില വ്യവസായങ്ങൾ ചെറുകിടമേഖലക്ക് മാത്രമായി സംവരണം ചെയ്തിരിക്കുന്നു. ചരക്കുകൾ നിർമ്മിക്കാനുള്ള യൂണിറ്റുകളുടെ ശേഷി അനുസരിച്ചാണ് സംവരണ മാനദണ്ഡം നിശ്ചയിക്കുന്നത്. ഇതിനായി കുറഞ്ഞ എക്സൈസ് തീരുവയും കുറഞ്ഞ പലിശ നിരക്കിലുള്ള ബാങ്ക് വായ്പയും ചെറുകിട വ്യവസായങ്ങൾക്കു നൽകി.

## 2.5 ഇറക്കുമതി ബദൽ വ്യാപാര നയം

നാം സ്വീകരിച്ച വ്യവസായ നയം വ്യാപാരനയവുമായി അടുത്ത ബന്ധമുള്ളതായിരുന്നു. തദ്ദേശീയ വിഭവങ്ങളെ ഉപയോഗിക്കുക എന്ന വ്യാപാര തന്ത്രം ആയിരുന്നു ആദ്യ ഏഴ് പഞ്ചവത്സര പദ്ധതികളുടെ സവിശേഷത. സാങ്കേതികമായി ഈ തന്ത്രം ഇറക്കുമതി ബദൽ (Import Substitution) എന്നറിയപ്പെടുന്നു. ഇറക്കുമതി വസ്തുക്കൾക്ക് പകരം രാജ്യത്തിനകത്ത് ഉൽപാദിപ്പിക്കുന്ന വസ്തുക്കൾ എന്നതായിരുന്നു ഇത് ലക്ഷ്യം വെച്ചത്. ഉദാഹരണത്തിന് വിദേശത്ത് നിന്ന് വാഹനങ്ങൾ ഇറക്കുമതി ചെയ്യുന്നതിന് പകരം അവ ഇന്ത്യയിൽ തന്നെ നിർമ്മിക്കാൻ വ്യവസായങ്ങളെ പ്രോത്സാഹിപ്പിച്ചു. ഈ നയം അനുസരിച്ച് സർക്കാർ തദ്ദേശീയ വ്യവസായങ്ങളെ വിദേശ മത്സരത്തിൽ നിന്നും സംരക്ഷിച്ചു. ഇറക്കുമതി ചുങ്കം (താരിഫ്) ക്വാട്ട എന്നീ രണ്ട് ഉപാധികൾ വഴിയായിരുന്നു ഇറക്കുമതിയിൽ നിന്നുള്ള സംരക്ഷണം. ഇറക്കുമതി തീരുവ എന്നത് ഇറ

ക്കുമതിയിൽ ചുമത്തുന്ന നികുതിയാണ്. ഇവ ഇറക്കുമതി വസ്തുക്കളുടെ വിലവർദ്ധിക്കാനും അവയുടെ ഉപയോഗം കുറയാനും കാരണമാകുന്നു. എത്ര മാത്രം വസ്തുക്കൾ ഇറക്കുമതി ചെയ്യാം എന്ന് നിജപ്പെടുത്തുന്നതാണ് ക്വാട്ട. ഇറക്കുമതി തീരുവ, ക്വാട്ട എന്നിവയുടെ ഫലമായി ഇറക്കുമതി നിയന്ത്രിക്കപ്പെടുകയും ആഭ്യന്തര ഉൽപാദന യൂണിറ്റുകളെ വിദേശ മത്സരത്തിൽ നിന്ന് സംരക്ഷിക്കുകയും ചെയ്യുന്നു.

വികസിത രാഷ്ട്രങ്ങളിൽ ഉൽപാദിപ്പിക്കുന്ന വസ്തുക്കളുമായി വികസ്വര രാഷ്ട്രങ്ങളിലെ വ്യവസായങ്ങൾക്ക് മത്സരക്ഷമത കുറവാണ് എന്ന ആശയത്തിലധിഷ്ടിതമാണ് സംരക്ഷണം (Protection) എന്ന നയം. ആഭ്യന്തര വ്യവസായങ്ങൾ സംരക്ഷിക്കപ്പെട്ടാൽ കാലക്രമേണ അവ മത്സര സജ്ജമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇറക്കുമതിയിൽ നിയന്ത്രണം ഏർപ്പെടുത്തിയില്ലെങ്കിൽ വിദേശ നാണ്യം ആഡംബര വസ്തുക്കളുടെ ഇറക്കുമതിക്കായി ചിലവഴിക്കപ്പെടാനുള്ള സാധ്യതയെ നയരൂപകർ ഭയന്നിരുന്നു. മാത്രമല്ല 1980 കളുടെ പകുതി വരെ കയറ്റുമതി പ്രോത്സാഹിപ്പിക്കാനുള്ള ഗൗരവമായ ചിന്തകൾ ഒന്നും ഉണ്ടായില്ല.


### വ്യാവസായിക വികസനത്തിൽ നയങ്ങളുടെ സ്വാധീനം

ആദ്യ ഏഴ് പഞ്ചവത്സര പദ്ധതികളിൽ വ്യാവസായിക മേഖലയിൽ ഉണ്ടായ നേട്ടങ്ങൾ മതിപ്പുളവാക്കുന്നതായിരുന്നു. ഇക്കാലത്ത് വ്യാവസായിക മേഖലയിൽ നിന്നും മൊത്ത ആഭ്യന്തര ഉൽപ്പന്നത്തിലേക്കുള്ള സംഭാവനയുടെ അനുപാതം 1950-51 ലെ 11.8 ശതമാനത്തിൽ നിന്ന് 1990-91 ആയപ്പോഴേക്കും 24.6 ശതമാനമായി വർദ്ധിച്ചു. GDP യിലേക്കുള്ള വ്യാവസായിക മേഖലയുടെ വിഹിതത്തിലുണ്ടാവുന്ന വർദ്ധനവ് വികസനത്തിന്റെ ഒരു പ്രധാനപ്പെട്ട സൂചകം ആയിട്ടാണ് കണക്കാക്കിയിരുന്നത്. ഇക്കാലയളവിൽ വ്യാവസായിക മേഖലയിൽ ഉണ്ടായ 6% വാർഷിക വളർച്ചാ നിരക്ക് പ്രശംസനീയമാണ്. ഇന്ത്യൻ വ്യവസായം ഇനി മുതൽ പരുത്തി ചണം എന്നിവയിൽ മാത്രം പരിമിതപ്പെടേണ്ടതല്ല. യഥാർത്ഥത്തിൽ 1990 ഓടുകൂടി പൊതുമേഖലയുടെ സഹായത്തിൽ വ്യവസായം വലിയ തോതിൽ വൈവിദ്ധ്യവൽക്കരിക്കപ്പെട്ടിരുന്നു. വലിയ വ്യാവസായശാലകൾ തുടങ്ങാൻ മൂലധനം ഇല്ലാതിരുന്നവർക്ക് ചെറുകിട മേഖലയുടെ പ്രോത്സാഹനം വലിയ സാധ്യതകൾ നൽകി. വിദേശ മത്സരങ്ങളിൽ നിന്നുള്ള സംരക്ഷണം മറ്റൊരു തരത്തിൽ വികസന സാധ്യത ഇല്ലാതിരുന്ന ഇലക്ട്രോണിക്സ്, വാഹന നിർമാണം തുടങ്ങിയ പ്രാദേശിക വ്യവസായങ്ങളുടെ വികസനം സാധ്യമാക്കി.

സമ്പദ്‌വ്യവസ്ഥയുടെ വളർച്ചക്ക് പൊതുമേഖല വലിയ സംഭാവന നൽകിയെന്നാലും ചില സാമ്പത്തിക ശാസ്ത്രജ്ഞർ പൊതുമേഖല സംരഭങ്ങളുടെ പ്രകടനത്തെ വിമർശിക്കുന്നുണ്ട്. പ്രാരംഭ ഘട്ടത്തിൽ പൊതുമേഖല അതിവിപുലമായ തോതിൽ ആവശ്യമായി വന്നതിനെക്കുറിച്ച് ഈ അധ്യായത്തിന്റെ തുടക്കത്തിൽ സൂചിപ്പിച്ചിരുന്നു. പൊതുമേഖല സംരംഭങ്ങൾ ചിലസാധനങ്ങളും സേവനങ്ങളും പൊതുമേഖലയിൽ തന്നെ ഉൽപാദിപ്പിക്കേണ്ടതിന്റെ ആവശ്യകത ഇല്ലാതിരുന്നിട്ടും (അവരുടെ കുത്തകയാക്കി) ഉൽപാദിപ്പിച്ചിരുന്നു. വാർത്താ വിനിമയ സേവനങ്ങൾ ഇതിനൊരുദാഹരണമാണ്. സ്വകാര്യമേഖലാ സ്ഥാപനങ്ങൾക്ക് ഇത് ഉൽപാദിപ്പിക്കാൻ കഴിയുമെങ്കിലും ഈ വ്യവസായം പൊതുമേഖലയ്ക്ക് സംവരണം ചെയ്തിരുന്നു. മത്സര

### പഠനപ്രവർത്തനങ്ങൾ

➢ താഴെ കൊടുത്ത പട്ടിക ഉപയോഗിച്ച് GDP യിലേക്കുള്ള വിവിധ മേഖലകളുടെ സംഭാവന കാണിക്കുന്ന ഒരു പൈ ചാർട്ട് നിർമ്മിക്കുക. 1950–91 കാലഘട്ടത്തിലെ വികസനത്തിന്റെ അടിസ്ഥാനത്തിൽ GDP യിലേക്ക് ഈ മേഖലകളിൽ നിന്നുണ്ടായ സംഭാവനയിൽ വന്ന വ്യത്യാസം ചർച്ചചെയ്യുക.

| മേഖല | *1950-51* | *1990-91* |
|---|---|---|
| കൃഷി  | *59.0* | *34.9* |
| വ്യവസായം  | *13.0* | *24.6* |
| സേവനം  | *28.0* | *40.5* |

➢ ക്ലാസിനെ രണ്ടായി തിരിച്ച് പൊതു മേഖല സംരംഭങ്ങളുടെ (PSUs) പ്രയോജനത്തെക്കുറിച്ച് ഒരു സംവാദം സംഘടിപ്പിക്കുക. ഒരു ഗ്രൂപ്പ് പൊതുമേഖലാ സംരഭങ്ങളെ അനുകൂലിച്ചും അടുത്ത ഗ്രൂപ്പ് അതിനെ എതിർത്തും സംസാരിക്കാം. (പരമാവധി വിദ്യാർത്ഥികളെ ഇതിൽ ഉൾപ്പെടുത്തുകയും ഉദാഹരണങ്ങൾ നൽകാൻ അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം)

ത്തിന്റെ അഭാവം മൂലം 1990 കളുടെ അവസാനത്തിൽപോലും ഒരാൾക്ക് ദീർഘകാലം ടെലഫോൺ കണക്ഷൻ ലഭിക്കാൻ കാത്തിരിക്കേണ്ടി വന്നിരുന്നു. മോഡേൺ ബ്രഡ് നിർമാണത്തിന്റെ കാര്യം മറ്റൊരു ഉദാഹരണമാണ്; സ്വകാര്യ മേഖലക്ക് ബ്രഡ് നിർമിക്കാൻ കഴിയാത്തതുപോലെ! 2001–ൽ ഈ സ്ഥാപനം സ്വകാര്യമേഖലക്ക് വിറ്റു. ആസൂത്രിത വികസനത്തിന്റെ നാല് പതിറ്റാണ്ടിന് ശേഷവും *(i)* പൊതുമേഖലയ്ക്ക് മാത്രം ചെയ്യാവുന്നത് എന്ത്? *(ii)* സ്വകാര്യ മേഖലക്ക് ചെയ്യാവുന്നത് എന്ത് എന്നതിന് കൃത്യമായ ഒരു വേർതിരിവ് ഉണ്ടായില്ല എന്നത് ഇവിടെ സൂചിപ്പിക്കേണ്ടതുണ്ട്. ഉദാഹരണത്തിന് ഇപ്പോഴും ദേശീയ പ്രതിരോധം പൊതുമേഖലയിലാണ്. അതുപോലെ സ്വകാര്യ മേഖലയ്ക്ക് ഹോട്ടലുകൾ ഭംഗിയായി നടത്തി കൊണ്ട് പോകാൻ കഴിയുമെങ്കിലും ഗവൺമെന്റും ഹോട്ടൽ നടത്തുന്നുണ്ട്. അതിനാൽ സ്വകാര്യ മേഖലയ്ക്ക് ഭംഗിയായി കൈകാര്യം ചെയ്യാൻ കഴിയുന്ന മേഖലകളിൽ നിന്നും സർക്കാർ പിൻവാങ്ങി സ്വകാര്യമേഖലയ്ക്ക് പ്രവർ

ത്തിക്കാൻ സാധിക്കാത്ത മേഖലകളിൽ സർക്കാരിന്റെ വിഭവങ്ങൾ വിനിയോഗിക്കുന്നതിൽ ശ്രദ്ധിക്കണമെന്ന് ചില പണ്ഡിതർ വാദിക്കുന്നു.

ഒരു രാജ്യത്തിന്റെ പരിമിതമായ വിഭവങ്ങൾ ചോർത്തിക്കളയുന്ന രീതിയിൽ നഷ്ടം വരുത്തിയാലും പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചു പൂട്ടാൻ ബുദ്ധിമുട്ടായതിനാൽ അതെപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. സ്വകാര്യ സ്ഥാപനങ്ങൾ എല്ലായ്പ്പോഴും ലാഭകരമാണെന്ന് ഇത് അർത്ഥമാക്കുന്നില്ല. (യഥാർത്ഥത്തിൽ ചില പൊതു മേഖലാ സ്ഥാപനങ്ങൾ ആരംഭത്തിൽ നഷ്ടത്തെതുടർന്ന് അടച്ചുപൂട്ടൽ ഭീഷണിയിലായിരുന്ന സ്വകാര്യ സ്ഥാപനങ്ങൾ ആയിരുന്നു. അവ പിന്നീട് അതിലെ തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കാൻ വേണ്ടി ദേശസാൽക്കരിക്കപ്പെട്ടവയാണ്) എന്നിരുന്നാലും നഷ്ടം വരുത്തുന്ന സ്വകാര്യസ്ഥാപനങ്ങൾ വിഭവങ്ങൾ പാഴാക്കിക്കൊണ്ട് ഏറെ തുടർന്ന് പ്രവർത്തിക്കുകയില്ല.

പുതിയ വ്യവസായം ആരംഭിക്കുന്നതിന് അനുമതിപത്രം ആവശ്യമായിരുന്നുവെന്നത് വ്യവസായികൾ ദുരുപയോഗം ചെയ്തു. ചില വൻവ്യവസായികൾ പുതിയ സ്ഥാപനം തുടങ്ങുന്നതിലുപരി തങ്ങളുടെ പ്രതിയോഗികൾ പുതിയ സ്ഥാപനങ്ങൾ തുടങ്ങാതിരിക്കാനായി അനുമതിപത്രം കരസ്ഥമാക്കിയിരുന്നു. പെർമിറ്റ് "ലൈസൻസ് രാജ്" എന്ന് വിളിക്കുന്ന ഇത്തരം നിയന്ത്രണം ചില സ്ഥാപനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് തടസ്സമായി. വ്യവസായികൾ തങ്ങളുടെ ഉൽപന്നങ്ങൾ എങ്ങനെ മെച്ചപ്പെടുത്താം എന്ന് ചിന്തിക്കുന്നതിലുപരി പുതിയ അനുമതി പത്രങ്ങൾ നേടുന്നതിനും സർക്കാർ ഏജൻസികളെ സ്വാധീനിക്കുന്നതിനും സമയം ചിലവഴിച്ചു.

വിദേശ മത്സരത്തിൽ നിന്നുള്ള സംരക്ഷണം ഗുണത്തേക്കാളേറെ ദോഷമാണെന്ന് തെളിഞ്ഞിട്ടും തുടർന്നുപോന്നത് വിമർശനത്തിനിടയാക്കി. ഇറക്കുമതി നിയന്ത്രിക്കപ്പെട്ടിരുന്നതിനാൽ ഇന്ത്യൻ ഉപഭോക്താക്കൾ ആഭ്യന്തര ഉൽപാദകർ എന്ത് ഉൽപാദിപ്പിച്ചാലും വാങ്ങാൻ നിർബന്ധിതരായിരുന്നു. എന്തുൽപാദിപ്പിച്ചാലും വിറ്റു പോകുന്ന ഒരു വിപണി തങ്ങൾക്കുണ്ടെന്ന തോന്നൽ ഉൽപാദകർക്കുണ്ടായിരുന്നു. അതിനാൽ അവർക്ക് തങ്ങളുടെ ഉൽപന്നത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കാൻ യാതൊരു പ്രചോദനവും ഉണ്ടായില്ല. തങ്ങളുടെ ഗുണമേന്മ കുറഞ്ഞ ഉൽപന്നം കൂടിയ വിലക്ക് വിറ്റഴിക്കാൻ സാധിക്കുമ്പോൾ എന്തിന് അവർ തങ്ങളുടെ ഉൽപന്നത്തിന്റെ ഗുണമേൻമ വർദ്ധിപ്പിക്കാൻ ശ്രമിക്കണം? ഇറക്കുമതിയിൽ നിന്നുള്ള മത്സരം നമ്മുടെ ഉൽപാദകരെ കൂടുതൽ കാര്യക്ഷമത ഉള്ളവരാക്കുന്നു.

പൊതുമേഖല ലാഭം നേടാൻ വേണ്ടി ലക്ഷ്യം വെച്ചുള്ളതല്ലെന്നും അത് രാഷ്ട്രത്തിന്റെ ക്ഷേമത്തിനായുള്ളതാണെന്നും ചില സാമ്പത്തിക ശാസ്ത്രജ്ഞർ ചൂണ്ടികാണിക്കുന്നുണ്ട്. ഈ കാഴ്ചപാടിൽ പൊതു മേഖലാ സ്ഥാപനങ്ങൾ വിലയിരുത്തപ്പെടേണ്ടത് അവ നേടിയ ലാഭത്തിന്റെ അടിസ്ഥാനത്തിലല്ല മറിച്ച് ജനക്ഷേമത്തിനായി അവയുടെ സംഭാവന എത്രയെന്നതിന്റെ അടിസ്ഥാനത്തിലാണ്. ധനികരാഷ്ട്രങ്ങൾ അവരുടെ ഉൽപാദകരെ സംരക്ഷിക്കുന്ന കാലത്തോളം നാം നമ്മുടെ ഉൽപാദകരെ വിദേശ മത്സരങ്ങളിൽ നിന്ന് സംരക്ഷിക്കണമെന്നാണ് ചില സാമ്പത്തിക ശാസ്ത്രജ്ഞരുടെ പക്ഷം. ഇത്തരത്തിൽ അഭിപ്രായ വ്യത്യാസങ്ങൾ ഉള്ളതിനാൽ ഒരു പുതി

യ നയം ആവശ്യമാണെന്ന് ഇവർ കരുതുന്നു. ഇത്തരം ആവശ്യങ്ങളും ഇതോടൊപ്പമുള്ള മറ്റു പ്രശ്നങ്ങളും 1991–ൽ ഒരു പുതിയ സാമ്പത്തിക നയം അവതരിപ്പിക്കുന്നതിലേക്ക് സർക്കാരിനെ നയിച്ചു.

## 2.6 ഉപസംഹാരം

ആദ്യ ഏഴ് പഞ്ചവൽസര പദ്ധതികളിലെ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ പുരോഗതി മതിപ്പുളവാക്കുന്നതായിരുന്നു. സ്വാതന്ത്ര്യലബ്ധിക്കാലത്തെ അവസ്ഥയിൽ നിന്നും നമ്മുടെ വ്യവസായങ്ങൾ വളരെയധികം വൈവിധ്യവൽക്കരിക്കപ്പെട്ടിരിക്കുന്നു. ഹരിത വിപ്ലവത്തിന്റെ ഫലമായി ഇന്ത്യ ഭക്ഷ്യ ധാന്യത്തിന്റെ ഉൽപാദനത്തിൽ സ്വയം പര്യാപ്തത നേടി. വെറുക്കപ്പെട്ട സെമീന്ദാരി സമ്പ്രദായത്തിന്റെ തുടച്ചു നീക്കലിന് ഭൂപരിഷ്ക്കരണം വഴി തെളിയിച്ചു. എന്നിരുന്നാലും പൊതുമേഖലാ സംരംഭങ്ങളുടെ പ്രകടനത്തിൽ നിരവധി സാമ്പത്തിക ശാസ്ത്രജ്ഞർ അസംതൃപ്തരായിരുന്നു. അമിതമായ സർക്കാർ നിയന്ത്രണം സംരംഭകത്വത്തിന്റെ വളർച്ചക്ക് തടസ്സമാത്രെ. സ്വാശ്രയത്ത്വത്തിന്റെ പേരിൽ നമ്മുടെ ഉൽപാദകർ വിദേശ മത്സരത്തിൽ നിന്നും സംരക്ഷിക്കപ്പെട്ടു. എന്നാൽ ഇത് ഉൽപാദിപ്പിച്ച സാധനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കാൻ അവർക്ക് പ്രചോദനമായില്ല. നമ്മുടെ നയങ്ങൾ ആഭ്യന്തര പ്രാധാന്യമുള്ളതായതിനാൽ (Inward oriented) ശക്തമായ ഒരു കയറ്റുമതി മേഖല വികസിപ്പിക്കുന്നതിൽ പരാജയപ്പെട്ടു. മാറുന്ന ആഗോള സാമ്പത്തിക സ്ഥിതിക്കനുസരിച്ചുള്ള പരിഷ്കാര നയങ്ങൾ വേണമെന്നുള്ള ആവശ്യം ശക്തമാവുകയും 1991 ൽ പുത്തൻ സാമ്പത്തിക നയങ്ങൾക്ക് ആരംഭം കുറിക്കുകയും ചെയ്തു. ഇതാണ് അടുത്ത അധ്യായത്തിൽ നാം ചർച്ച ചെയ്യുന്നത്.

## സംഗ്രഹം

- സ്വാതന്ത്ര്യത്തിനുശേഷം സോഷ്യലിസത്തിന്റെയും മുതലാളിത്തത്തിന്റെയും നല്ല സവിശേഷതകൾ ഉൾകൊള്ളുന്ന ഒരു മിശ്രസമ്പദ്‌വ്യവസ്ഥയ്ക്കാണ് ഇന്ത്യ പ്രാധാന്യം നൽകിയത്.
- എല്ലാ സാമ്പത്തിക ആസൂത്രണങ്ങളും പഞ്ചവൽസര പദ്ധതികളിലൂടെയാണ് നടപ്പാക്കിയത്.
- പഞ്ചവൽസര പദ്ധതികളുടെ പൊതു ലക്ഷ്യങ്ങൾ വളർച്ച, ആധുനികവത്ക്കരണം, സ്വയം പര്യാപ്തത, സമത്വം എന്നിവയാണ്.
- കാർഷിക മേഖലയിൽ തുടങ്ങിവെച്ച പ്രധാന നയങ്ങൾ ഭൂപരിഷ്ക്കരണവും ഹരിതവിപ്ലവവുമായിരുന്നു. ഈ പ്രവർത്തനങ്ങൾ ഇന്ത്യയെ ഭക്ഷ്യധാന്യ ഉൽപാദനത്തിൽ സ്വയം പര്യാപ്തമാക്കി.
- കാർഷിക മേഖലയിൽ ജോലി ചെയ്യുന്ന ജനങ്ങളുടെ അനുപാതത്തിൽ പ്രതീക്ഷിച്ചതു പോലെയുള്ള ഒരു കുറവ് വന്നിട്ടില്ല.
- വ്യവസായിക മേഖലയിൽ തുടക്കം കുറിച്ച പുതിയ നയങ്ങൾ GDP യിലേക്കുള്ള അതിന്റെ വിഹിതത്തിൽ വർദ്ധനവുണ്ടാക്കി.
- വ്യാവസായിക മേഖലയുടെ ഒരു പ്രധാന പരിമിതി പൊതു മേഖലയുടെ കാര്യക്ഷമത കുറഞ്ഞ പ്രവർത്തനമായിരുന്നു. ഇത് പൊതു മേഖലയ്ക്ക് വൻനഷ്ടം വരുത്തുകയും രാജ്യത്തിന്റെ പരിമിത വിഭവങ്ങൾ ചോർന്നു പോകുന്നതിന് ഇടയാക്കുകയും ചെയ്തു.



## അഭ്യാസങ്ങൾ

1. പദ്ധതി എന്തെന്ന് നിർവചിക്കുക.
2. ഇന്ത്യ ആസൂത്രണം തെരെഞ്ഞെടുത്തത് എന്തുകൊണ്ട്?
3. പദ്ധതികൾക്ക് ലക്ഷ്യം ഉണ്ടായിരിക്കേണ്ടത് എന്തുകൊണ്ട്?
4. അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങൾ (HYV) എന്നാൽ എന്ത്?
5. വിപണന മിച്ചം (Marketable surplus) എന്നാൽ എന്ത്?

6. കാർഷിക മേഖലയിൽ നടപ്പാക്കിയ ഭൂപരിഷ്ക്കരണനടപടികളും അവയുടെ ആവശ്യകതകളും വിശദീകരിക്കുക.

7. എന്താണ് ഹരിത വിപ്ലവം? എന്തുകൊണ്ട് ഇത് നടപ്പാക്കിയെന്നും കർഷകർക്ക് എപ്രകാരം ഗുണകരമായിതീർന്നുവെന്നും ചുരുക്കി വിശദീകരിക്കുക.

8. സമത്വമുള്ള വളർച്ചയെ (growth with equity) ആസൂത്രണ ലക്ഷ്യമാണെന്ന നിലയിൽ വിശദമാക്കുക.

9. പദ്ധതിയുടെ ഒരു ലക്ഷ്യം എന്ന നിലയിൽ ആധുനികവൽക്കരണവും തൊഴിലവസര സൃഷ്ടിയും പരസ്പര വിരുദ്ധമാണോ? വിശദീകരിക്കുക.

10. ഇന്ത്യ പോലുള്ള ഒരു വികസ്വര രാജ്യത്തിന് സ്വാശ്രയത്വം എന്നത് ആസൂത്രണ ത്തിന്റെ ലക്ഷ്യമായി എടുക്കേണ്ടതിന്റെ ആവശ്യകത എന്ത്?

11. സമ്പദ്വ്യവസ്ഥയുടെ മേഖലാപരമായ ഘടന (Sectoral composition) എന്നാൽ എന്ത്? ഒരു സമ്പദ്വ്യവസ്ഥയുടെ GDPയിലേക്ക് സേവനമേഖല ഏറ്റവും കൂടുതൽ സംഭാവന ചെയ്യേണ്ടത് ആവശ്യമാണോ? നിങ്ങളുടെ അഭിപ്രായമെന്ത്?

12. പദ്ധതി കാലയളവിൽ വ്യവസായിക വികസനത്തിന് പൊതുമേഖലയ്ക്ക് ഒരു പ്രധാന പങ്ക് നൽകിയതെന്തിനായിരുന്നു?

13. ദൗർലഭ്യകാലത്ത് ഉപയോഗിക്കാൻ ഭക്ഷ്യധാന്യങ്ങളുടെ ഒരു വലിയ ശേഖരം സംഭരി ക്കാൻ ഹരിത വിപ്ലവം ഗവൺമെന്റിനെ പര്യാപ്തമാക്കി. ഈ പ്രസ്താവന വിശദീകരി ക്കുക.

14. സബ്സിഡികൾ കർഷകരെ പുത്തൻ സാങ്കേതിക വിദ്യകൾ ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുമെങ്കിലും അവ ഗവൺമെന്റിന് വലിയ സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നു. ഈ വസ്തുതയുടെ വെളിച്ചത്തിൽ സബ്സിഡിയുടെ പ്രയോജനം ചർച്ച ചെയ്യുക.

15. ഹരിത വിപ്ലവം നടപ്പാക്കിയിട്ടും എന്തുകൊണ്ടാണ് ജനസംഖ്യയുടെ 65 ശതമാനവും 1990 വരെ കാർഷിക മേഖലയിൽ തുടർന്നത്?

16. വ്യവസായത്തിന് പൊതുമേഖല അത്യന്താപേക്ഷിതമാണെങ്കിലും ധാരാളം പൊതുമേ ഖലാസ്ഥാപനങ്ങൾ വലിയ നഷ്ടമുണ്ടാക്കുകയും സമ്പദ്വ്യവസ്ഥയുടെ വിഭവങ്ങൾ ചോർന്നു പോകുന്നതിന് കാരണമാവുകയും ചെയ്യുന്നു. ഈ വസ്തുതയുടെ അടിസ്ഥാന ത്തിൽ പൊതു മേഖലയുടെ പ്രയോജനം ചർച്ച ചെയ്യുക.

17. ഇറക്കുമതി ബദൽ നയം എങ്ങനെ ആഭ്യന്തരവ്യവസായത്തെ സംരക്ഷിക്കുന്നുവെന്ന് വിശ ദീകരിക്കുക.

18. 1956 ലെ ഇന്ത്യൻ വ്യവസായ പ്രമേയ (IPR) ത്തിനു കീഴിൽ സ്വകാര്യ മേഖല നിയന്ത്രണ വിധേയമാക്കപ്പെട്ടത് എന്തുകൊണ്ടാണെന്നും എങ്ങനെയാണെന്നും വിശദീകരിക്കുക.

19. **ചേരുംപടി ചേർക്കുക.**

| | |
|---|---|
| 1. പ്രധാനമന്ത്രി | A. ഉയർന്ന അനുപാതത്തിൽ ഉൽപന്നം നൽകുന്ന വിത്തുകൾ |
| 2. മൊത്ത ആഭ്യന്തര ഉൽപന്നം | B. ഇറക്കുമതി ചെയ്യാൻ കഴിയുന്ന വസ്തുക്കളുടെ അനുവദനീയമായ അളവ് |
| 3. ക്വാട്ടാ | C. ആസൂത്രണ കമ്മീഷന്റെ അധ്യക്ഷൻ |
| 4. ഭൂപരിഷ്ക്കരണം | D. ഒരു വർഷം ഒരു രാജ്യത്ത് ഉൽപാദിപ്പിക്കപ്പെടുന്ന അന്തിമ സാധനസേവനങ്ങളുടെ പണ മൂല്യം. |
| 5.HYV വിത്തുകൾ | E ഉൽപാദനക്ഷമത വർദ്ധിപ്പിക്കാനായി കാർഷിക മേഖലയിൽ നടത്തുന്ന മെച്ചപ്പെടുത്തൽ. |
| 6. സബ്സിഡി | F. ഉൽപാദന പ്രവർത്തനങ്ങൾക്ക് ഗവൺമെന്റ് നൽകുന്ന സാമ്പത്തിക സഹായം. |



## REFERENCES


*BHAGWATI, J. 1993. India in Transition: Freeing the Economy. Oxford University Press, Delhi.*

*DANDEKAR, V.M. 2004. Forty Years After Independence, in Bimal Jalan, (Ed.). The Indian Economy: Problems and Prospects. Penguin, Delhi.*

*JOSHI, VIJAY. and I.M.D. LITTLE. 1996. India's Economic Reforms 1991-2001. Oxford University Press, Delhi.*

*MOHAN, RAKESH. 2004. Industrial Policy and Controls, in Bimal Jalan (Ed.). The Indian Economy: Problems and Prospects. Penguin, Delhi.*

*RAO, C.H. HANUMANTHA. 2004. Agriculture: Policy and Performance, in Bimal Jalan, (Ed.). The Indian Economy: Problems and Prospects. Penguin, Delhi.*

# യൂണിറ്റ്
# *3*

## 1991 മുതലുള്ള സാമ്പത്തിക പരിഷ്കാരങ്ങൾ

*നാല്പതുവർഷത്തെ ആസൂത്രിത വികസനത്തിന്റെ ഭാഗമായി ധാന്യോൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനും, വ്യവസായ മേഖലയിൽ ശക്തമായ ഒരു അടിത്തറ കെട്ടിപ്പടുക്കുന്നതിനും ഇന്ത്യക്ക് കഴിഞ്ഞിട്ടുണ്ട്. എന്നിരിക്കിലും ഭൂരിപക്ഷം ജനങ്ങൾ ഇപ്പോഴും കാർഷിക മേഖലയെ തന്നെയാണ് ആശ്രയിക്കുന്നത്. ഇന്ത്യയിൽ വിദേശനാണ്യശേഖരണത്തിലുണ്ടായ പ്രതിസന്ധി 1991 – ൽ സാമ്പത്തിക പരിഷ്ക്കാരങ്ങൾക്ക് തുടക്കം കുറിച്ചു. ഈ യൂണിറ്റിൽ സാമ്പത്തിക പരിഷ്ക്കാരങ്ങളെ വിലയിരുത്താനും, അത് ഇന്ത്യയെ എങ്ങനെ സ്വാധീനിച്ചു എന്ന് കണ്ടെത്താനുമാണ് ശ്രമിക്കുന്നത്.*

3

# ഉദാരവൽക്കരണം, സ്വകാര്യവൽക്കരണം, ആഗോളവൽക്കരണം ഒരു വിലയിരുത്തൽ

**പഠനനേട്ടങ്ങൾ**

- 1991 ൽ ഇന്ത്യയിൽ നടപ്പാക്കിയ സാമ്പത്തികനയത്തിന്റെ പശ്ചാത്തലം മനസ്സിലാക്കുക.
- സാമ്പത്തികനയം നടപ്പാക്കിയ രീതികൾ മനസ്സിലാക്കുക.
- ഇന്ത്യയിൽ ആഗോളവൽക്കരണ പ്രക്രിയകളും അതിന്റെ വിവക്ഷകളും മനസ്സിലാക്കുക.
- വിവിധ മേഖലകളിലെ പരിഷ്കരണ പ്രക്രിയയുടെ ആഘാതത്തെക്കുറിച്ച് ബോധ്യപ്പെടുക.

“സാമ്പത്തിക വികസനം കൊണ്ട് എല്ലാമായില്ല എന്നതിലും, ജിഡിപി സമൂഹ പുരോഗതിയുടെ ഒരു അളവുകോലല്ല എന്നതിലും ലോകത്തിന് ഇപ്പോൾ ഏകാഭിപ്രായമാണ് ഉള്ളത്.” കെ.ആർ. നാരായണൻ

## 3.1 ആമുഖം

മുതലാളിത്തത്തിന്റെയും സോഷ്യലിസത്തിന്റെയും നല്ല വശങ്ങൾ ഇടകലർന്ന ഒരു മിശ്രസമ്പദ്ഘടനയായിരുന്നു സ്വാതന്ത്ര്യാനന്തര ഇന്ത്യ പിന്തുടർന്നത് എന്ന് മുൻ അദ്ധ്യായത്തിൽ നിങ്ങൾ പഠിച്ചിട്ടുണ്ടല്ലോ. കാലാകാലങ്ങളായി പല നയങ്ങളിലൂടെയും നിയമങ്ങളിലൂടെയും നമ്മുടെ സമ്പദ്വ്യവസ്ഥയെ നിയന്ത്രിച്ചുകൊണ്ടുള്ള ഒരു വികസന കാഴ്ചപ്പാടാണ് സാമ്പത്തികവിദഗ്ധർ മിശ്രസമ്പദ്വ്യവസ്ഥയിലൂടെ ഉദ്ദേശിച്ചത്. എന്നിരുന്നാലും ഈ നയങ്ങൾ നമ്മുടെ രാജ്യത്തിന്റെ വളർച്ചയെയും വികസനത്തെയും തടസ്സപ്പെടുത്തുകയാണ് ഉണ്ടായതെന്ന് ഒരു വിഭാഗം പണ്ഡിതർക്കിടയിൽ അഭിപ്രായമുണ്ട്. എന്നാൽ മറു ഭാഗത്തിന്റെ പ്രസ്താവന ഇപ്രകാരമാണ്. സാമ്പത്തിക മുരടിപ്പിൽ നിന്നാണ് രാജ്യത്തിന്റെ വികസനപാതക്ക് തുടക്കം കുറിച്ചത്. അതിന്റെ ഭാഗമായി ദേശീയ സമ്പാദ്യത്തിൽ വളർച്ച നേടാൻ കഴിഞ്ഞു. വൈവിധ്യമാർന്ന സാധനങ്ങൾ ഉൽപാദിപ്പിക്കുന്ന വ്യവസായ മേഖല വികസിച്ചുവന്നു. കൂടാതെ കാർഷികോൽപ്പന്നങ്ങളുടെ സുസ്ഥിരമായ വികസനം ഭക്ഷ്യ സുരക്ഷ ഉറപ്പു നൽകി.

1991 ൽ വിദേശ കടവുമായി ബന്ധപ്പെട്ട വലിയ സാമ്പത്തിക പ്രതിസന്ധിയെ ഇന്ത്യ അഭിമുഖീകരിച്ചു. വിദേശ കടത്തിന്റെ തിരിച്ചടവു പോലും നടത്താൻ ഗവൺമെന്റിന് കഴിയാത്ത അവസ്ഥയായിരുന്നു. എണ്ണയും മറ്റ് പ്രധാന ഇന്ധനങ്ങളും ഇറക്കുമതി ചെയ്യുന്നതിനുള്ള വിദേശനാണ്യശേഖരം (Foreign Exchange Reserves) വളരെ പരിമിതമായിരുന്നു. അതായത് രാജ്യത്തിന്റെ കൈവശമുള്ള വിദേശനാണ്യ ശേഖരം ഏതാണ്ട് രണ്ടാഴ്ചയ്ക്ക് പോലും ആവശ്യമായ ഇറക്കുമതിക്ക് തികയുമായിരുന്നില്ല. നിത്യോപയോഗ സാധനങ്ങളുടെ വില വൻതോതിൽ കുതിച്ചുയർന്നതും പ്രതിസന്ധിക്ക് ആക്കംകൂട്ടി. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ ഇന്ത്യാ ഗവണ്മെന്റ് പുതിയ നയങ്ങൾ ആവിഷ്കരിക്കുകയും, അത് നമ്മുടെ വികസനതന്ത്രത്തിന്റെ ദിശ മാറ്റുകയും ചെയ്തു. സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലം, ഗവൺമെന്റ് സ്വീകരിച്ച നടപടികൾ, വിവിധ മേഖലകളിൽ ഇതിന്റെ ആഘാതം എന്നിവയെക്കുറിച്ചാണ് ഈ അധ്യായത്തിൽ പ്രതിപാദിക്കുന്നത്.

## 3.2 പശ്ചാത്തലം

1980 കളിലെ ഇന്ത്യൻ സമ്പദ്വ്യവസ്ഥയുടെ കാര്യക്ഷമതയില്ലാത്ത ഭരണ നിർവഹണമായിരുന്നു സാമ്പത്തിക പ്രതിസന്ധിക്ക് തുടക്കം കുറിച്ചത്. വിവിധ നയങ്ങളും പൊതുഭരണവും നടപ്പാക്കുന്നതിനാവശ്യമായ പണം നികുതികൾ, പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭം തുടങ്ങിയ ഉറവിടങ്ങളിൽ നിന്ന് ഗവൺമെന്റ് കണ്ടെത്തുമെന്ന് നമുക്കറിയാമല്ലോ. ചെലവ് വരുമാനത്തേക്കാൾ ഉയർന്നതാണെങ്കിൽ

ആ കമ്മി (deficit) നികത്തുന്നതിനായി ബാങ്കുകളിൽ നിന്നും, ജനങ്ങളിൽ നിന്നും, അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും (International Financial Institutions) ഗവൺമെന്റ് കടമെടുക്കും. പെട്രോളിയം പോലുള്ള സാധനങ്ങൾ ഇറക്കുമതി ചെയ്യുന്നതിന് ആവശ്യമായ വിദേശനാണ്യം (ഡോളർ) കയറ്റുമതിയിൽ നിന്നാണ് നാം നേടിയിരുന്നത്.

രാജ്യത്തിന്റെ വരുമാനം കുറവായിരുന്നെങ്കിലും വികസന നയങ്ങൾ നടപ്പിലാക്കുന്നതിനും, സാമ്പത്തിക പ്രശ്നങ്ങളായ തൊഴിലില്ലായ്മ, ദാരിദ്യം, ജനസംഖ്യാവിസ്ഫോടനം എന്നിവയെ മറികടക്കുന്നതിനും ഗവൺമെന്റിന്റെ വരുമാനം വർദ്ധിപ്പിക്കേണ്ടിയിരുന്നു. ഗവൺമെൻറ് തുടർച്ചയായി വികസന പരിപാടികൾക്ക് പണം ചെലവിട്ടിട്ടും പുതിയ വരുമാനമൊന്നും ഉണ്ടായില്ല. കൂടാതെ നികുതി പോലുള്ള ആഭ്യന്തര ഉറവിടത്തിൽ നിന്നും ആവശ്യമായ വരുമാനമുണ്ടാക്കാൻ ഗവൺമെന്റിന് കഴിഞ്ഞിരുന്നില്ല. ഗവൺമെന്റ് വരുമാനത്തിന്റെ ഭൂരിഭാഗവും ചെലവഴിച്ചിരുന്നത് വളരെ പെട്ടെന്നു തന്നെ സാമ്പത്തിക നേട്ടം ലഭിക്കാത്ത സാമൂഹ്യ മേഖല, പ്രതിരോധം എന്നിവയിലായിരുന്നു. അതുകൊണ്ടു തന്നെ ബാക്കി വരുമാനം വളരെ മികവുറ്റ രീതിയിൽ ഉപയോഗിക്കേണ്ടതായിരുന്നു. വർദ്ധിച്ചു വരുന്ന ചെലവുകൾക്കനുസൃതമായി വൻതോതിലുള്ള വരുമാനമൊന്നും നമ്മുടെ പൊതുമേഖലയിൽ നിന്ന് ലഭിച്ചിരുന്നില്ല. മാത്രവുമല്ല വിദേശരാജ്യങ്ങളിൽ നിന്നും വിദേശ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയിരുന്ന കടം പ്രധാനമായും ഉപഭോഗ ആവശ്യങ്ങൾക്കാണ് ഗവൺമെന്റ് ഉപയോഗിച്ചിരുന്നത്. ഗവൺമെന്റിന്റെ അമിതമായ ചെലവുകൾ നിയന്ത്രിക്കാനോ, വർദ്ധിച്ചുവരുന്ന ഇറക്കുമതി ചെലവ് നികത്താനാവശ്യമായ കയറ്റുമതി മൂല്യം വർദ്ധിപ്പിക്കുന്നതിനോ ഉള്ള ശ്രമങ്ങളും നടന്നിരുന്നില്ല .

1980കളുടെ അവസാനത്തിൽ ഗവൺമെൻറ് ചെലവ്, വരവിനേക്കാൾ അധികമാകാൻ തുടങ്ങി. ഇത്തരത്തിലുള്ള ഒരു വലിയ വിടവ് കടംവാങ്ങലിലൂടെ പരിഹരിക്കാവുന്നതായിരുന്നില്ല. മിക്ക അത്യാവശ്യസാധനങ്ങളുടെയും വില കുതിച്ചുയർന്നു. കയറ്റുമതിയുമായി ഒരു പൊരുത്തമില്ലാതെ ഇറക്കുമതി അതിവേഗം വർദ്ധിച്ചു കൊണ്ടിരുന്നു. നേരത്തെ സൂചിപ്പിച്ചതുപോലെ രണ്ടാഴ്ചയിൽ കൂടുതൽ ഇറക്കുമതിക്കാവശ്യമായ വിദേശനാണ്യശേഖരം പോലും കൈവശമുണ്ടായിരുന്നില്ല. വിദേശ കടങ്ങൾക്കുള്ള പലിശ നൽകാൻ പോലും ആവശ്യമായ വിദേശനാണ്യം ലഭ്യമായിരുന്നില്ല. അതുപോലെതന്നെ വിദേശ ധനകാര്യ സ്ഥാപനങ്ങളും, രാജ്യങ്ങളും ഇന്ത്യക്ക് കടം നൽകാൻ തയ്യാറായിരുന്നില്ല.

ഈ അവസരത്തിൽ സാമ്പത്തിക-സഹായത്തിനായി ഇന്ത്യ ലോകബാങ്കിനേയും (IBRD-International Bank For Reconstruction and Development-World Bank) അന്താരാഷ്ട്ര നാണയ നിധിയേയും (International Monetary Fund- IMF) സമീപിക്കുകയും ഈ പ്രതിസന്ധി കൈകാര്യം ചെയ്യുന്നതിനായി 700 കോടി അമേരിക്കൻ ഡോളർ വായ്പയായി ലഭിക്കുകയും ചെയ്തു. അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതിനായി നമ്മുടെ സാമ്പദ്വ്യവസ്ഥ ഉദാരവൽക്കരിക്കുകയും, തുറന്നിടുകയും ചെയ്യേണ്ടിയിരുന്നു. സ്വകാര്യ മേഖലയ്ക്കു

ള്ള നിയന്ത്രണങ്ങൾ മാറ്റുക, വിവിധ മേഖല കളിലെ ഗവൺമെന്റിന്റെ നിയന്ത്രണങ്ങൾ കുറയ്ക്കുക, ഇന്ത്യയും വിദേശ രാജ്യങ്ങളും തമ്മിലുള്ള വ്യാപാര നിയന്ത്രണങ്ങൾ നീക്കം ചെയ്യുക എന്നിവയെല്ലാം നമ്മുടെ രാജ്യത്ത് നടപ്പാക്കുമെന്ന് ഈ അന്താരഷ്ട്ര ധനകാര്യസ്ഥാപനങ്ങൾ പ്രതീക്ഷിച്ചിരുന്നു.

ലോകബാങ്കിന്റെയും ഐ.എം.എഫിന്റേയും നിബന്ധനകൾ ഇന്ത്യ അംഗീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പുതിയ സാമ്പത്തിക നയം (New Economic Policy - NEP) പ്രഖ്യാപിക്കുകയും ചെയ്തു. വലിയ തലത്തിലുള്ള സാമ്പത്തിക പരിഷ്കാരങ്ങളാണ് പുത്തൻ സാമ്പത്തിക നയത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. 'സമ്പദ്‌വ്യവസ്ഥയെ കൂടുതൽ മത്സരാധിഷ്ഠിതമാക്കുവാനും തടസ്സങ്ങൾ നീക്കി കൂടുതൽ വ്യാവസായിക വളർച്ച സൃഷ്ടിക്കാനുമാണ് പുതിയ സാമ്പത്തിക നയങ്ങൾ ലക്ഷ്യമിട്ടത്.'

ഈ നയങ്ങളെ പൊതുവേ രണ്ടായി തരംതിരിക്കാം. സുസ്ഥിരമാക്കൽ നടപടികൾ (stabilisation measures), ഘടനാപരമായ പരിഷ്കാരങ്ങൾ (structural reform measures). സുസ്ഥിരമാക്കൽ നടപടികൾ ഹ്രസ്വകാല നടപടികളാണ്. അടവുശിഷ്ടത്തിലെ (Balance of Payment) കമ്മി പരിഹരിക്കുന്നതിനും, പണപ്പെരുപ്പം (Inflation) നിയന്ത്രിക്കുന്നതിനുമാണ് ഈ നടപടികൾ ലക്ഷ്യംവെച്ചത്. ചുരുക്കിപ്പറഞ്ഞാൽ നമ്മുടെ രാജ്യത്ത് ആവശ്യമായ വിദേശ നാണ്യശേഖരം നിലനിർത്തുക, വിലക്കയറ്റം നിയന്ത്രണവിധേയമാക്കുക എന്നൊക്കെയാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്. മറിച്ച് ഘടനാപരമായ പരിഷ്കരണനയങ്ങൾ ദീർഘകാല നടപടികളാണ്. സമ്പദ്‌വ്യവസ്ഥയുടെ കാര്യക്ഷമത മെച്ചപ്പെടുത്തുക, വിവിധ മേഖലകളിലെ തടസ്സങ്ങൾ ഒഴിവാക്കി സമ്പദ് വ്യവസ്ഥയുടെ അന്താരാഷ്ട്ര മത്സരക്ഷമത വർദ്ധിപ്പിക്കുക എന്നിവയൊക്കെയാണ് ഇതുകൊണ്ട് ലക്ഷ്യമിട്ടത്. ഇതിന്റെ ഭാഗമായി ഗവൺമെന്റ് തുടങ്ങി വെച്ച വിവിധ നയങ്ങളെ മൂന്നായി തിരിക്കാം

ഉദാരവൽക്കരണം (Liberalisation),
സ്വകാര്യവൽക്കരണം (Privatisation),
ആഗോളവൽക്കരണം (Globalisation).

## 3.3 ഉദാരവൽക്കരണം

മുമ്പ് സൂചിപ്പിച്ചപോലെ സാമ്പത്തിക പ്രവർത്തനങ്ങളെ നിയന്ത്രിച്ചിരുന്ന നിയമങ്ങളും നയങ്ങളും യഥാർത്ഥത്തിൽ സമ്പദ് വ്യവസ്ഥയുടെ വളർച്ചയേയും വികസനത്തെയും തടസ്സപ്പെടുത്തുകയാണ് ചെയ്തത്. ഈ തടസ്സങ്ങളെല്ലാം ഒഴിവാക്കി സമ്പദ് വ്യവസ്ഥയുടെ വിവിധമേഖലകൾ തുറന്നുകൊടുക്കുന്നതാണ് ഉദാരവൽക്കരണം നടപടികൾ. ഉദാരവൽക്കരണ നയങ്ങൾ 1980കളിൽ തന്നെ ഇന്ത്യയിൽ ആരംഭിച്ചിരുന്നു. ഇവ പ്രധാനമായും വ്യവസായ അനുമതി നൽകൽ (Industrial Licencing) കയറ്റുമതി ഇറക്കുമതി നയങ്ങൾ, (Export - Import Policy), സാങ്കേതി കവിദ്യാനവീകരണം, (Technology Upgradation), ധനനയം, (Fiscal Policy), വിദേശ നിക്ഷേപം (Foreign Investment) തുടങ്ങിയ രംഗങ്ങളിലായിരുന്നു. 1991-ൽ തുടങ്ങിയ ഉദാരവൽക്കരണം കൂടുതൽ സമഗ്രമായിരുന്നു.1991 -ലും അതിനുശേഷവും കൂടുതൽ ശ്രദ്ധ കിട്ടിയ വ്യവസായമേഖല, ധനകാര്യ മേഖല, നികുതി പരിഷ്കാരം, വിദേശ വിനിമയ കമ്പോളങ്ങൾ, വ്യാപാര നിക്ഷേപ

മേഖലകൾ എന്നിവയെ കുറിച്ച് നമുക്ക് പഠിക്കാം.

### വ്യവസായ മേഖലയുടെ നിയന്ത്രണം മാറ്റൽ (Deregulation of Industrial sector)

ഇന്ത്യയിൽ വിവിധ മാർഗ്ഗങ്ങളിലൂടെ വ്യവസായ മേഖലയ്ക്ക് മുകളിൽ ചില നിയന്ത്രണങ്ങൾ നടപ്പിലാക്കിയിരുന്നു.

(i) ഏതൊരു സംരംഭകനും വ്യവസായം തുടങ്ങുന്നതിനും അവസാനിപ്പിക്കുന്നതിനും, എന്തൊക്കെ എത്രമാത്രം ഉൽപാദിപ്പിക്കണം എന്നതിനും സർക്കാറിൽ നിന്നുള്ള വ്യാവസായിക അനുമതി ആവശ്യമായിരുന്നു.

(ii) ഒട്ടനവധി വ്യവസായങ്ങളിൽ സ്വകാര്യ മേഖലയെ അനുവദിച്ചിരുന്നില്ല.

(iii) ചില സാധനങ്ങളുടെ ഉൽപാദനം ചെറുകിട വ്യവസായ മേഖലയ്ക്ക് മാത്രമായി നിജപ്പെടുത്തിയിരുന്നു.

(iv) തെരഞ്ഞെടുക്കപ്പെട്ട ചില വ്യവസായ ഉൽപന്നങ്ങളുടെ വില നിർണയത്തിലും, വിതരണത്തിലും ഗവൺമെന്റിന്റെ നിയന്ത്രണം നിലനിന്നിരുന്നു.

1991 ലും അതിനു ശേഷവും തുടങ്ങിയ പരിഷ്ക്കാരനയങ്ങൾ ഇത്തരത്തിലുള്ള മിക്ക നിയന്ത്രണങ്ങളും എടുത്തുകളഞ്ഞു. മദ്യം, സിഗരറ്റ്, ആപൽകരമായ രാസവസ്തുക്കൾ, വ്യാവസായിക ആവശ്യത്തിനുള്ള സ്ഫോടകവസ്തുക്കൾ, ഇലക്ട്രോണിക്സ്, വിമാനനിർമ്മാണ വ്യവസായം, ഔഷധ നിർമ്മാണ വ്യവസായം എന്നിവ ഒഴികെയുള്ള മറ്റെല്ലാ വ്യാവസായിക ഉൽപന്നങ്ങൾക്കും അനുമതിപത്ര സംവിധാനം ഒഴിവാക്കി. രാജ്യരക്ഷാ ഉപകരണങ്ങളുടെ നിർമ്മാണം, ആണവ ഊർജ്ജ ഉൽപാദനം, റെയിൽ ഗതാഗതം എന്നീ വ്യവസായങ്ങൾ മാത്രമാണ് പൊതുമേഖലക്കായി സംവരണം ചെയ്തത്. ചെറുകിട വ്യവസായ മേഖലയിൽ മാത്രം ഉൽപാദിപ്പിച്ചിരുന്ന ഒട്ടേറെ വ്യാവസായിക ഉൽപന്നങ്ങളുടെ സംവരണം ഗവൺമെന്റ് ഇല്ലാതാക്കി. ഒട്ടേറെ വ്യവസായങ്ങളിൽ ഉൽപന്നങ്ങളുടെ വില നിർണയിക്കാൻ വിപണിയെ കൂടി അനുവദിച്ചു.

### ധനകാര്യമേഖലാ പരിഷ്കാരങ്ങൾ (Financial Sector Reforms):

വാണിജ്യബാങ്കുകൾ (Commercial Banks), നിക്ഷേപ ബാങ്കുകൾ, (Investment Banks) ഓഹരി വിപണി ഇടപാടുകൾ (Stock Exchange Operations), വിദേശ വിനിമയ കമ്പോളം (Foreign Exchange Market) തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളാണ് ധനകാര്യമേഖലയിലുള്ളത്. റിസർബാങ്ക് ഓഫ് ഇന്ത്യയാണ് (RBI) നമ്മുടെ രാജ്യത്തെ ധനകാര്യമേഖലയെ നിയന്ത്രിക്കുന്നത്. നിങ്ങൾക്കറിയുന്നതുപോലെ, ഇന്ത്യയിലെ എല്ലാ ബാങ്കുകളെയും, മറ്റ് ധനകാര്യ സ്ഥാപനങ്ങളെയും വിവിധ നിയമങ്ങളിലൂടെയും നടപടികളിലൂടെയും റിസർബാങ്ക് നിയന്ത്രിക്കുന്നു. ഓരോ ബാങ്കും കൈവശം വയ്ക്കേണ്ടുന്ന പണത്തിന്റെ അളവ്, ചുമത്തേണ്ട പലിശനിരക്കുകൾ, വിവിധ മേഖലകൾക്കുള്ള വായ്പാ രീതികൾ മുതലായവയെല്ലാം റിസർവ് ബാങ്ക് തീരുമാനിക്കുന്നു. ധനകാര്യ മേഖലയുടെ നിയന്ത്രകൻ (Controller) എന്ന സ്ഥാനത്തുനിന്നും സഹായകൻ (Facilitator) എന്ന തലത്തിലേക്ക് റിസർവ് ബാങ്കി

ന്റെ ചുമതലകളെ മാറ്റുക എന്നത് ധനകാര്യമേഖലാ പരിഷ്കാരങ്ങളിലെ പ്രധാനപ്പെട്ട ഒന്നായിരുന്നു. അതായത്, റിസർബാങ്കുമായി കൂടിയാലോചിക്കാതെ തന്നെ ധനകാര്യമേഖലയ്ക്ക് സ്വതന്ത്രമായി തീരുമാനമെടുക്കാനുള്ള അവകാശം നൽകിയിരുന്നു.

പരിഷ്കാരനയത്തിന്റെ ഫലമായി നിരവധി സ്വകാര്യ ബാങ്കുകൾ (ഇന്ത്യൻ ബാങ്കുകളും, വിദേശബാങ്കുകളും) നിലവിൽവന്നു. ബാങ്കുകളിലെ വിദേശനിക്ഷേപപരിധി 50 ശതമാനത്തോളം ഉയർത്തിക്കൊണ്ടുവന്നു. റിസർവ് ബാങ്കുമായി കൂടിയാലോചിക്കാതെ തന്നെ ചില വ്യവസ്ഥകൾക്ക് വിധേയമായി പുതിയ ബ്രാഞ്ചുകൾ തുടങ്ങാനുള്ള അനുമതി ബാങ്കുകൾക്ക് നൽകുകയും, നിലവിലുള്ള ബ്രാഞ്ചുകൾക്ക് യുക്തിസഹമായ പ്രവർത്തനാനുമതിയും നൽകി. രാജ്യത്തിനകത്തുനിന്നും പുറത്തുനിന്നും വിഭവങ്ങൾ ശേഖരിക്കാനുള്ള അനുമതി ബാങ്കുകൾക്ക് നൽകിയിരുന്നെങ്കിലും, രാജ്യത്തിന്റെയും, ബാങ്കുകളിലെ നിക്ഷേപകരുടെയും താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടി ചില ഭരണനിർവഹണ അധികാരങ്ങൾ റിസർവ് ബാങ്കിൽ തന്നെ നിലനിർത്തി. വിദേശ നിക്ഷേപകരായ സ്ഥാപനങ്ങൾ (Foreign Insistutional Investors) വ്യാപാര ബാങ്കുകൾ (Merchant Banks), മ്യൂച്ചൽ ഫണ്ടുകൾ (Mutual Funds), പെൻഷൻ ഫണ്ടുകൾ (Pension Funds) എന്നിവയ്ക്ക് ഇന്ത്യൻ മൂലധന വിപണിയിൽ നിക്ഷേപിക്കാൻ അനുമതി നൽകി.

**നികുതി പരിഷ്കാരങ്ങൾ (Tax Reforms):**

സർക്കാറിന്റെ നികുതിവ്യവസ്ഥ, പൊതു ചെലവ് എന്നിവയുമായി ബന്ധപ്പെട്ടതാണ് നികുതി പരിഷ്കാരങ്ങൾ. ഈ നയങ്ങളെ ഒരുമിച്ച് പറയുന്നതാണ് ധനനയം (Fiscal policy). രണ്ടു തരം നികുതികളാണ് ഉള്ളത്. പ്രത്യക്ഷനികുതിയും, (Direct taxes) പരോക്ഷ നികതിയും. (Indirect taxes) വ്യക്തികളുടെ വരുമാനത്തിലും, കമ്പനികളുടെ ലാഭത്തിലും ചുമത്തുന്നത് പ്രത്യക്ഷ നികുതിയാണ്. 1991 മുതൽ വ്യക്തിഗത ആദായനികുതി തുടർച്ചയായി കുറച്ചുകൊണ്ടുവന്നു. നികുതിവെട്ടിപ്പ് വർദ്ധിക്കാനുള്ള പ്രധാന കാരണം ഉയർന്ന നികുതിനിരക്കാണ് എന്നതുകൊണ്ടായിരിക്കാം നികുതി നിരക്ക് കുറച്ചത്. നികുതി നിരക്ക് മിതമാകുന്നതോടു കൂടി ജനങ്ങളുടെ സമ്പാദ്യശീലം വർദ്ധിക്കുമെന്നും, സമ്പാദ്യം സ്വമേധയാ വെളിപ്പെടുത്തുമെന്നും പൊതുവേ കണക്കാക്കപ്പെടുന്നു. മുമ്പ് ഉയർന്ന തോതിലായിരുന്ന കമ്പനി നികുതി (Corporat Tax) നിരക്ക് പിന്നീട് ക്രമേണ കുറച്ചു കൊണ്ടുവന്നു. സാധനങ്ങൾക്കു മേൽ ചുമത്തുന്ന നികുതിയായ പരോക്ഷനികുതിയിലും (Indirect tax) പരിഷ്കരണം കൊണ്ടുവന്നു. സാധനങ്ങളുടെ പൊതുവായ ഒരു ദേശീയ കമ്പോളം സ്ഥാപിക്കുക എന്നതായിരുന്നു ഇതിന്റെ പ്രധാന ലക്ഷ്യം. ഈ മേഖലയിലെ പരിഷ്കാരത്തിന്റെ മറ്റൊരു ഘടകം കാര്യങ്ങൾ ലഘൂകരിക്കലായിരുന്നു. മാത്രമല്ല, നികുതി ഒടുക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ലഘൂകരിക്കുകയും നികുതി നിരക്ക് കുറയ്ക്കുകയും ചെയ്തു.

### വിദേശ വിനിമയ പരിഷ്കാരങ്ങൾ (Foreign Exchange Reforms)

വിദേശകാര്യ മേഖലയിലെ പ്രധാനപ്പെട്ട ആദ്യത്തെ പരിഷ്കാരം ഉണ്ടായത് വിദേശ വിനിമയ വിപണിയിലാണ്. അടവ് ശിഷ്ട പ്രതിസന്ധിക്ക് (Balance of payment crisis) ഉടനടി പരിഹാരം കാണാനാണ് 1991-ൽ വിദേശ കറൻസിയുമായി താരതമ്യം ചെയ്ത് ഇന്ത്യൻ കറൻസിയുടെ മൂല്യം കുറച്ചത്. (Devaluation). ഇതിന്റെ ഫലമായി വിദേശ നാണ്യം ഇന്ത്യയിലേക്ക് കൂടുതൽ പ്രവഹിച്ചു. കൂടാതെ വിനിമയ നിരക്ക് റിസർവ് ബാങ്ക് നിയന്ത്രണത്തിൽ നിന്നും മാറി വിദേശ വിനിമയ വിപണി തീരുമാനിക്കുന്ന തലത്തിലേക്ക് എത്തിച്ചേർന്നു. അതായത് ഇന്ത്യയിലെ രൂപയുടെ വിനിമയനിരക്ക് വിദേശ വിനിമയത്തിന്റെ ചോദനത്തെയും പ്രദാനത്തേയും (Demand & Supply) ആശ്രയിച്ച് തീരുമാനിക്കാൻ തുടങ്ങി.

### വ്യാപാരീ നിക്ഷേപ നയപരിഷ്കാരങ്ങൾ (Trade and Investment Policy Reforms)

വ്യാപാരീനിക്ഷേപ മേഖലയിലെ പരിഷ്കാരം പ്രധാനമായും ലക്ഷ്യമിട്ടത് ഇവയാണ്. ഇന്ത്യൻ വ്യാവസായിക ഉൽപാദനത്തിൽ അന്താരാഷ്ട്ര മത്സരക്ഷമത വർധിപ്പിക്കുക, നമ്മുടെ രാജ്യത്തേക്കുള്ള വിദേശ നിക്ഷേപത്തേയും സാങ്കേതിക വിദ്യയേയും പ്രോത്സാഹിപ്പിക്കുക. പ്രാദേശിക വ്യവസായങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക, ആധുനിക സാങ്കേതികവിദ്യ സ്വീകരിക്കുക എന്നിവയും ലക്ഷ്യങ്ങളായിരുന്നു.

തദ്ദേശീയ വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി ഇറക്കുമതി ചെയ്യുന്ന സാധനങ്ങളിൽ അളവുപരമായ നിയന്ത്രണം (Quantitative Restrictions) ഇന്ത്യാ ഗവൺമെന്റ് വരുത്തിയിരുന്നു. ഇറക്കുമതിയെ കർശനമായി നിയന്ത്രിച്ചു കൊണ്ടും, ഉയർന്ന ഇറക്കുമതി ചുങ്കം നിലനിർത്തിയുമാണ് ഇങ്ങനെ ചെയ്തത്. ഈ നയം നമ്മുടെ വ്യവസായ മേഖലയുടെ കാര്യക്ഷമതയും മത്സരക്ഷമതയും കുറച്ചു. അതുവഴി വ്യാവസായിക മേഖലയുടെ (Manufacturing sector) വളർച്ചാനിരക്ക് കുറഞ്ഞ തോതിലായി. വ്യാപാരപരിഷ്കാരങ്ങൾ ലക്ഷ്യമിട്ടത് ഇവയാണ്.

(i) ഇറക്കുമതിയിലും കയറ്റുമതിയിലും ഉള്ള അളവുപരമായ നിയന്ത്രണങ്ങൾ ഇല്ലാതാക്കുക.

(ii) ഇറക്കുമതിചുങ്ക നിരക്ക് (tariff rate) കുറച്ചു കൊണ്ടുവരിക.

(iii) ഇറക്കുമതിക്കാവശ്യമായ അനുമതി നൽകൽ നടപടികൾ ഒഴിവാക്കുക. അപകടകരവും പരിസ്ഥിതിക്ക് പ്രശ്മുണ്ടാക്കുന്നതുമായ വ്യവസായങ്ങൾ ക്കൊഴികെ മറ്റെല്ലാ വ്യവസായങ്ങൾക്കും ഇറക്കുമതി അനുമതിപത്രം ഇല്ലാതാക്കി. 2001 ഏപ്രിൽ മുതൽ ഇറക്കുമതി ചെയ്യുന്ന എല്ലാ വ്യാവസായിക ഉപഭോഗ ഉൽപന്നങ്ങളുടേയും കാർഷികഉൽപന്നങ്ങളുടേയും അളവു നിയന്ത്രണം പൂർണമായും ഇല്ലാതാക്കി. അന്താരാഷ്ട്ര വിപണിയിൽ ഇന്ത്യൻ ഉൽപന്നങ്ങളുടെ മത്സരശേഷി വർദ്ധിപ്പിക്കുന്നതിന്ന് കയറ്റുമതി ചുങ്കം (Export dtuy) പൂർണമായും ഒഴിവാക്കി.

## പഠന പ്രവർത്തനങ്ങൾ

- ദേശസാൽകൃത ബാങ്ക്, സ്വകാര്യ ബാങ്ക്, സ്വകാര്യ വിദേശ ബാങ്ക്, വിദേശസ്ഥാപന നിക്ഷേപകർ (FII), മ്യൂച്ചൽ ഫണ്ട് എന്നിവയുടെ ഓരോ ഉദാഹരണം എടുത്തെഴുക. രക്ഷിതാവിനൊപ്പം  പരിസരത്തുള്ള ഒരു ബാങ്ക് സന്ദർശിക്കുക. ബാങ്കിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും കണ്ടെത്തുകയും ചെയ്യുക. അത് നിങ്ങളുടെ സഹപാഠികളുമായി ചർച്ചചെയ്ത് ഒരു ചാർട്ട് തയ്യാറാക്കുക. താഴെപ്പറയുന്നവയെ പ്രത്യക്ഷ, പരോക്ഷ നികുതികൾ ആയി തരം തിരിക്കുക.
- വില്പന നികുതി, കസ്റ്റംസ് തീരുവ, സ്വത്തു നികതി, (Properti tax) ഡെത്ത് ഡ്യൂട്ടി, (Death duty) വാറ്റ്, ആദായനികുതി (Income tax)
- നിങ്ങളുടെ രക്ഷിതാക്കൾ നികുതി അടക്കുന്നുണ്ടോ? ഉണ്ടെങ്കിൽ എന്തിനാണ് അവർ ഇതു ചെയ്യുന്നത്? എങ്ങിനെയാണ് നികുതി അടക്കുന്നത്.?
- വിദേശത്തേക്ക് പണം അടക്കുന്നതിനു വേണ്ടി രാജ്യങ്ങൾ കാലങ്ങളോളം സ്വർണ്ണവും വെള്ളിയും കരുതലായി സൂക്ഷിച്ചിരുന്നു എന്ന് നിങ്ങൾക്കറിയാമോ? ഏതു രൂപത്തിലാണ് നമ്മുടെ വിദേശവിനിമയ ശേഖരം സൂക്ഷിച്ചിരിക്കുന്നത് എന്ന് കണ്ടെത്തുക. പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, സാമ്പത്തിക സർവ്വേ എന്നിവയിലൂടെ നമ്മുടെ രാജ്യത്തെ ഇപ്പോഴത്തെ വിദേശ വിനിമയ ശേഖരം എത്രയെന്ന് കണ്ടെത്തുക. കൂടാതെ താഴെപ്പറയുന്ന രാജ്യങ്ങളുടെ കറൻസി ഏതെന്നും രൂപയുമായുള്ള വിനിമയ നിരക്ക് എത്രയെന്നും എഴുതുക .

| രാജ്യം | കറൻസി | ഇന്ത്യൻ രൂപയിൽ ഒരു യൂണിറ്റ് വിദേശ നാണ്യത്തിന്റെ മൂല്യം |
|---|---|---|
| യു.എസ് എ | | |
| യു.കെ | | |
| ജപ്പാൻ | | |
| ചൈന | | |
| കൊറിയ | | |
| സിങ്കപ്പൂർ | | |
| ജർമ്മനി | | |

## 3.4 സ്വകാര്യവൽക്കരണം (Privatisation)

പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉടമസ്ഥാവകാശമോ നിർവ്വഹണ ചുമതലയോ സ്വകാര്യ മേഖലക്ക് കൈമാറുക എന്നതാണ് സ്വകാര്യവൽക്കരണം കൊണ്ട് ഉദ്ദേശിക്കുന്നത്. ഗവൺമെന്റ് കമ്പനികളെ രണ്ടു രീതിയിലാണ് സ്വകാര്യ കമ്പനികളാക്കി മാറ്റുന്നത്.

(i) പൊതുമേഖലാസ്ഥാപനങ്ങളുടെ ഉടമസ്ഥാവകാശം, നിർവഹണച്ചുമതല എന്നിവയിൽ നിന്നും ഗവൺമെന്റ് പിൻവാങ്ങുക.

(ii) പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യമേഖലയ്ക്കു വിൽക്കുക.

പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ ഭാഗികമായി സ്വകാര്യമേഖലയ്ക്ക് വിൽക്കുന്നതിനെ മൂലധന നിക്ഷേപ സ്വകാര്യവൽക്കരണം (Disinvestment) എന്നാണ് പറയുന്നത്. സാമ്പത്തിക അച്ചടക്കവും, ആധുനികവൽക്കരണവും കൊണ്ടുവരിക എന്നതായിരുന്നു ഓഹരി വിൽപ്പനയിലൂടെ സർക്കാർ ലക്ഷ്യമിട്ടത്. സ്വകാര്യമൂലധനം, മികച്ച മാനേജ്മെൻറ് എന്നിവയെ പൊതുമേഖലയുടെവികസനത്തിനായി വേണ്ട രൂപത്തിൽ ഉപയോഗിക്കുക എന്നതും വിഭാവനം ചെയ്തിരുന്നു. കൂടാതെ രാജ്യത്തേക്കുള്ള നേരിട്ടുള്ള വിദേശ നിക്ഷേപത്തിന്റെ ഒഴുക്ക് വർദ്ധിക്കാൻ സ്വകാര്യവൽക്കരണം പ്രചോദനമാകും എന്ന് ഗവൺമെന്റ് കണക്കാക്കിയിരുന്നു.

പൊതുമേഖലയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് മാനേജ്മെൻറ് സംബന്ധമായ തീരുമാനമെടുക്കാൻ ഇവക്ക് സ്വയം ഭരണാധികാരം നൽകി. ഉദാഹരണത്തിന് ചില പൊതുമേഖലാ സ്ഥാപനങ്ങൾക്ക് മഹാരത്നങ്ങൾ, നവരത്നങ്ങൾ, മിനിരത്നങ്ങൾ എന്നീ പ്രത്യേക പദവികൾ നൽകുകയുണ്ടായി. (ബോക്സ് 3.1 കാണുക).

**ബോക്സ് 3.1 നവരത്ന കമ്പനികളും പൊതുമേഖലാ നയങ്ങളും**

വിക്രമാദിത്യരാജാവിന്റെ കൊട്ടാരത്തിൽ കലയിലും സാഹിത്യത്തിലുമൊക്കെ പ്രഗത്ഭരായ 9 പേരെ കുറിച്ച് (നവരത്നങ്ങൾ) നിങ്ങൾ കേട്ടിരിക്കുമല്ലോ? കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനും തൊഴിൽപരമായ കഴിവ് സൃഷ്ടിക്കുന്നതിനും ഉദാരവൽക്കരണ കാലഘട്ടത്തിൽ കൂടുതൽ ഫലപ്രദമായി മത്സരിക്കുന്നതിനും വേണ്ടി പൊതുമേഖലാസ്ഥാപനങ്ങളെ മഹാരത്നങ്ങൾ, നവരത്നങ്ങൾ, മിനി രത്നങ്ങൾ എന്നിങ്ങനെ ഗവൺമെന്റ് പ്രഖ്യാപിച്ചു. ഈ സ്ഥാപനങ്ങൾക്ക് കൂടുതൽ ഭരണനിർവഹണ ചുമതലയും, സ്വയംഭരണാധികാരവും നൽകി. ഇത് പ്രധാനമായും സ്ഥാപനത്തിന്റെ ഫലപ്രദമായ നടത്തിപ്പിന് ആവശ്യമായ തീരുമാനങ്ങൾ എടുക്കുന്നതിനും, ലാഭം വർദ്ധിപ്പിക്കുന്നതിനും വേണ്ടിയായിരുന്നു. കൂടുതൽ ലാഭമുണ്ടാക്കുന്ന മിനിരത്ന കമ്പനികൾക്ക് പ്രവർത്തനകാര്യങ്ങളിലും, സാമ്പത്തിക കാര്യങ്ങളിലും, ഭരണനിർവഹണ കാര്യങ്ങളിലും കൂടുതൽ സ്വയംഭരണാധികാരം നൽകി.

2011 ൽ ഏതാണ്ട് 90 ഓളം കമ്പനികൾക്ക് വിവിധ പദവികൾ നൽകി. ചില ഉദാഹരണങ്ങൾ താഴെ നൽകുന്നു .

(i) മഹാരത്ന കമ്പനികൾ (a) ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ് (IOC) (b) സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡ് (SAIL)

(ii) നവരത്നകമ്പനികൾ (a) ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡ് (BHEL) (b) മഹാനഗർ ടെലഫോൺ നിഗം ലിമിറ്റഡ് (MTNL)

(iii) മിനി രത്നകമ്പനികൾ (a) ഭാരത് സഞ്ചാർ നിഗം ലിമിറ്റഡ് (BSNL), (b) എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ (AA I) (c) ഇന്ത്യൻ റെയിൽവേ കാറ്ററിങ് ആൻഡ് ടൂറിസം കോർപ്പറേഷൻ ലിമിറ്റഡ് (IRCTC)

മേൽപ്പറഞ്ഞവയിൽ ലാഭകരമായ കൂടുതൽ സ്ഥാപനങ്ങളും 1950-കളിലും 60-കളിലും രൂപംകൊണ്ടവയാണ്. സ്വയംപര്യാപ്തത, അടിസ്ഥാനസൗകര്യ വികസനം, നേരിട്ടുള്ള തൊഴിൽ നൽകൽ എന്നീ പൊതുനയങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ സ്ഥാപനങ്ങൾ തുടങ്ങിയത്. അതുകൊണ്ടുതന്നെ കുറഞ്ഞവിലയിൽ ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ ജനങ്ങളിലേക്കെത്തിക്കാൻ ഈ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിരുന്നു. കൂടാതെ കമ്പനി അതിന്റെ ഓഹരി ഉടമകളോട് കൂടുതൽ ഉത്തരവാദപ്പെട്ടവരായി മാറി.

ഈ പദവി നൽകിയതോടുകൂടി പൊതുമേഖലാ സ്ഥാപനങ്ങൾ മെച്ചപ്പെട്ട പ്രകടനം കാഴ്ച വെച്ചു. പൊതുമേഖലാസ്ഥാപനങ്ങളെ വികസിപ്പിച്ച് ലോകനിലവാരത്തിലേക്ക് എത്തിക്കുന്നതിനുപകരം ഓഹരി വിൽപ്പനയിലൂടെ ഈ കമ്പനികളെ ഭാഗികമായി സ്വകാര്യവൽക്കരിക്കുകയാണ് ചെയ്തത് എന്ന് ചില പണ്ഡിതർ ആരോപിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളെ പൊതുമേഖലയിൽ തന്നെ നിലനിർത്താൻ അടുത്തകാലത്ത് ഗവൺമെന്റ് തീരുമാനിച്ചിരുന്നു. പൊതുമേഖലാ സ്ഥാപനങ്ങൾ സ്വയം വളർന്നു ലോകനിലവാരത്തിൽ ആവാനും മൂലധന വിപണിയിൽ നിന്നും ആവശ്യമായ ധനം സ്വയം കണ്ടെത്താനും ഗവൺമെന്റ് തീരുമാനിച്ചിരുന്നു.

## 3.5 ആഗോളവൽക്കരണം (Globalisation)

രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥ ആഗോള സമ്പദ്‌വ്യവസ്ഥയുമായി സമന്വയിപ്പിക്കുന്നതിനെയാണ് ആഗോളവൽക്കരണം കൊണ്ട് സാധാരണയായി അർത്ഥമാക്കുന്നത് എങ്കിലും ഇത് വളരെ സങ്കീർണ്ണമായ ഒരു പ്രതിഭാസമാണ്. ലോകത്തെ കൂടുതൽ പരസ്പരാശ്രയത്വമുള്ളതായും കൂട്ടിച്ചേർക്കുന്നതുമായ നയങ്ങളുടെ പരിണതഫലമാണ് ആഗോളവൽക്കരണം. സാമ്പത്തികവും, സാമൂഹികവും, ഭൂമിശാസ്ത്രപരവുമായ അതിരുകളില്ലാത്ത പ്രവർത്തന ശൃംഖലകൾ സൃഷ്ടിക്കലാണ് ഇതിലുള്ളത്. ആഗോളവൽക്കരണത്തിന്റെ ഭാഗമായി പുറംരാജ്യങ്ങളിൽ സംഭവിക്കുന്ന മാറ്റങ്ങളുടെ ഓളങ്ങൾ നമ്മുടെരാജ്യത്തേക്കും

### പഠന പ്രവർത്തനങ്ങൾ (Work these out)

- പൊതുമേഖലയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള സ്വകാര്യവൽക്കരണത്തിന്റെ അലയടിയാണ് മൂലധന നിക്ഷേപ സ്വകാര്യ വൽക്കരണം എന്ന് പണ്ഡിതർക്കിടയിൽ ഒരഭിപ്രായമുണ്ട്. എന്നാൽ പൊതുമുതൽ മുഴുവൻ നിക്ഷിപ്ത താൽപര്യത്തിനുവേണ്ടി വിറ്റഴിക്കുകയാണ് എന്ന അഭിപ്രായവും നിലവിലുണ്ട്. നിങ്ങൾ എന്താണ് കരുതുന്നത്?
- വർത്തമാന പത്രത്തിൽ നിന്നും നവരത്ന കമ്പനികളെ കുറിച്ച് ഏതാണ്ട് പതിനഞ്ചോളം വാർത്താശകലങ്ങൾ ഉള്ള പോസ്റ്റർ തയ്യാറാക്കുക. കൂടാതെ ഇവയുടെ മുദ്രകളും പരസ്യങ്ങളും കൂടി ശേഖരിച്ച് നോട്ടിസ് ബോർഡിൽ പ്രദർശിപ്പിക്കുകയും ക്ലാസ് മുറികളിൽ ചർച്ച ചെയ്യുകയും ചെയ്യുക.
- നഷ്ടത്തിലോടുന്ന പൊതുമേഖലാ കമ്പനികളെ മാത്രമാണ് സ്വകാര്യവൽക്കരിക്കേണ്ടതെന്ന് നിങ്ങൾ കരുതുന്നുവോ? എന്തുകൊണ്ട്?
- പൊതുബജറ്റിൽ നിന്നാണ് പൊതുമേഖലയുടെ നഷ്ടങ്ങൾ നികത്തേണ്ടത്. ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? ചർച്ചചെയ്യുക.

എത്തിച്ചേരുന്നു. തൽഫലമായി അതിരുകളില്ലാത്ത ഏക ലോകമായിമാറുന്ന അവസ്ഥ സംജാതമാകുന്നു.

### പുറം പണിക്കരാർ (Outsourcing):

ആഗോളവൽക്കരണത്തിന്റെ പ്രധാന ഫലങ്ങളിലൊന്നാണ് പുറംപണിക്കരാർ. ഒരു കമ്പനിക്ക് മുൻകാലങ്ങളിൽ രാജ്യത്തിനകത്തുനിന്നുതന്നെ നൽകപ്പെട്ടിരുന്ന സേവനങ്ങൾ (നിയമോപദേശം, കമ്പ്യൂട്ടർ സേവനം, പരസ്യം, സുരക്ഷ, തുടങ്ങിയ കമ്പനിയുടെ അതാത് വിഭാഗങ്ങളാണ് നൽകിയിരുന്നത്). ഇപ്പോൾ പുറത്തുനിന്നും, പ്രത്യേകിച്ച് വിദേശരാജ്യങ്ങളിൽ നിന്നും സ്വീകരിക്കുന്നു. വാർത്താവിനിമയ ബന്ധത്തിലുണ്ടായ വലിയ വികസനം, പ്രത്യേകിച്ചും വിവരസാങ്കേതിക വിദ്യയുടെ വികസനം ഒരു സാമ്പത്തിക പ്രവർത്തനം എന്ന നിലയിൽ പുറം പണിക്കരാറിനെ അടുത്ത കാലത്തായി കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്. ശബ്ദാധിഷ്ഠിത ബിസിനസ് പ്രക്രിയകൾ (പൊതുവെ പറയുന്ന പേര് കാൾ സെന്ററുകൾ), രേഖകൾ സൂക്ഷിക്കൽ, അക്കൗണ്ടൻസി, ബാങ്കുകളുടെ സേവനങ്ങൾ, സംഗീത റെക്കോർഡിങ്, സിനിമഎഡിറ്റിംഗ്, പുസ്തകം പകർത്തി എഴുതൽ, ചികിത്സ സംബന്ധമായ ഉപദേശങ്ങൾ, അധ്യാപനം തുടങ്ങിയ സേവനങ്ങൾ വികസിതരാജ്യങ്ങളിലെ കമ്പനികൾ ഇന്ത്യയിൽ നിന്നും പുറംകരാർ പണി പ്രകാരം വാങ്ങുന്നു അഥവാ ചെയ്യിപ്പിക്കുന്നു. ഈ സേവനങ്ങളുമായി ബന്ധപ്പെട്ട വാചകങ്ങൾ, ചിത്രങ്ങൾ, ശബ്ദങ്ങൾ എന്നിവ സംഖ്യാ രൂപത്തിലാക്കി ആധുനിക വാർത്താവിനിമയ സംവിധാനമായ ഇന്റർനെറ്റിന്റെ സഹായത്തോടെ മറ്റു

**ബോക്സ് 3.2 ആഗോള പാദമുദ്ര**

ആഗോളവൽക്കരണം മൂലം കുറെയേറെ ഇന്ത്യൻ കമ്പനികൾ അവരുടെ ശാഖകൾ വിദേശങ്ങളിലേക്ക് വ്യാപിപ്പിച്ചിട്ടുണ്ട് എന്ന് കണ്ടെത്താൻ കഴിയും. ലോകത്തെ അതിശയിപ്പിച്ചുകൊണ്ട് 2000-ത്തിൽ ടാറ്റാ ചായ കമ്പനി 1870 കോടിരൂപയുടെ നിക്ഷേപം ബ്രിട്ടനിൽ നടത്തി ടെറ്റ്‌ലി എന്ന ചായ കമ്പനി സ്വന്തമാക്കി. 2004-ൽ ടാറ്റാ സ്റ്റീൽ കമ്പനി സിംഗപ്പൂർ അടിസ്ഥാനമായ നാറ്റ് സ്റ്റീൽ (Nat Steel) കമ്പനി 1245 കോടി രൂപയ്ക്ക് വാങ്ങി. കൂടാതെ തെക്കൻ കൊറിയയിലെ വൻവാണിജ്യ വാഹനങ്ങൾ നിർമ്മിക്കുന്ന കമ്പനിയായ ദേവുവിന്റെ (Daewoo) കൂടുതൽ ഓഹരികൾ ടാറ്റാ മോട്ടോർസ് 448 കോടി രൂപയ്ക്ക് വാങ്ങി കമ്പനിയുടെ നിയന്ത്രണം ഏറ്റെടുത്തു. കടലിനടിയിലുള്ള ടൈക്കോസിന്റെ (Tycos ) കേബിൾ നെറ്റ് വർക്ക് ഇപ്പോൾ 572 കോടി രൂപയ്ക്ക് VSNL നേടുകയുണ്ടായി. മൂന്ന് ഭൂഖണ്ഡങ്ങളിലായി 60,000 കിലോമീറ്റർ ദൂരത്തിൽ കടലിനടിയിലൂടെയുള്ള കേബിൾ ശൃംഖലയുടെ ഉടമസ്ഥരാണ് ടൈക്കോ കമ്പനി. ബംഗ്ലാദേശിലെ രാസവളം, സ്റ്റീൽ, ഊർജനിലയം എന്നിവയിൽ 8800 കോടി രൂപയുടെ നിക്ഷേപം നടത്താൻ ടാറ്റാ കമ്പനി ഉദ്ദേശിക്കുന്നുണ്ട്.

*ഉറവിടം: ബിസിനസ് ടുഡെ. 22 മെയ് 2005*

രാജ്യങ്ങളിലേക്കും ഭൂഖണ്ഡങ്ങളിലേക്കും സംപ്രേഷണം ചെയ്യപ്പെടുന്നു. വൈദഗ്ധ്യമേറിയ സൂക്ഷ്മതയോടു കൂടിയ മനുഷ്യ വിഭവങ്ങൾ, കുറഞ്ഞ വേതനം എന്നിവ മൂലം മിക്കവാറും ബഹുരാഷ്ട്ര കമ്പനികളും, ചെറിയ കമ്പനികളും അവരുടെ സേവനങ്ങൾ പുറംകരാർ പണിയിലൂടെ ഇന്ത്യക്ക് നൽകുന്നു. കുറഞ്ഞ വേതനനിരക്ക്, വിദഗ്ദ്ധതൊഴിലാളികളുടെ ലഭ്യത എന്നിവ സാമ്പത്തിക പരിഷ്കരണത്തിനു ശേഷമുള്ള കാലഘട്ടത്തിൽ പുറംകരാർ പണിയുടെ ഒരു ആഗോള കേന്ദ്രമായി ഇന്ത്യയെ മാറ്റിയിരിക്കുന്നു.

**ലോക വ്യാപാര സംഘടന (World Trade Organisation WTO)**

ഗാട്ട് എന്ന സംഘടനയുടെ (General Agreement on Tariff and Trade-GATT) പിൻഗാമിയായി 1995ലാണ് ലോകവ്യാപാര സംഘടന നിലവിൽവന്നത്. വ്യാപാര




ചിത്രം. 3.1 പുറംകരാർ. വിലിയ പട്ടണങ്ങളിലെ പുതിയ തൊഴിലവസരങ്ങൾ

## പഠന പ്രവർത്തനങ്ങൾ (Work these out)

- ആഗോളവൽക്കരണം ഒരു ഭീഷണിയാണ്. അത് ഗവൺമെന്റിന്റെ വിവിധ മേഖലകളിലുള്ള പങ്ക് കുറയ്ക്കുന്നു എന്ന് ചില പണ്ഡിതർ വാദിക്കുന്നുണ്ട്. എന്നാൽ ആഗോളവൽക്കരണം വിപണികളെ തുറന്നിടുകയും മത്സരിക്കാനും നിയന്ത്രിക്കാനുമുള്ള അവസരങ്ങൾ നൽകുകയും ചെയ്യുന്നു എന്ന എതിർവാദങ്ങളും ഉണ്ട്. ഇതുമായി നിങ്ങളുടെ ക്ലാസ് മുറിയിൽ ഒരു സംവാദം സംഘടിപ്പിക്കുക .
- ഇപ്പോൾ സാധാരണയായി സംഭവിച്ചുകൊണ്ടിരിക്കുന്ന ചിലതിനെക്കുറിച്ച് ഒരു വർത്തമാന പത്രത്തിൽ വന്നത് താഴെക്കൊടുത്തിരിക്കുന്നു. ഇതിനെ ഉദ്ധരിക്കുക.
- ഇന്ത്യയിൽ ബിപിഒ (BPO) സേവനങ്ങൾ നടത്തുന്ന 5 കമ്പനികളുടെ ലിസ്റ്റ് അടങ്ങുന്ന ഒരു ചാർട്ട് തയ്യാറാക്കുക. അതിന്റെ വിറ്റുവരവും (Turn over ) ചേർക്കുക.
- കാലത്ത് 7 മണിക്ക് തൊട്ടുമുമ്പ് ഗ്രീഷ്മ ഹെഡ്സെറ്റുമായി അവളുടെ കമ്പ്യൂട്ടറിന് മുന്നിൽ ഇരുന്ന് ഉച്ചാരണ ശുദ്ധിയോടെ ഇംഗ്ലീഷിൽ പറഞ്ഞു "ഹലോ ഡാനിയേൽ." നിമിഷങ്ങൾക്കകം അവൾക്ക് മറുപടി ലഭിച്ചു. "ഹലോ ഗ്രീഷ്മാ" "കുശല സംഭാഷണത്തിനുശേഷം ഗ്രീഷ്മ പറഞ്ഞു" ഇന്ന് നമുക്ക് സർവ്വനാമങ്ങളെ കുറിച്ച് പഠിക്കാം. ഗ്രീഷ്മ 22 വയസ്സ്, കൊച്ചിയിലും, ഗ്രീഷ്മയുടെ വിദ്യാർത്ഥിനിയായ ഡാനിയേൽ 13 വയസ്സ്, കാലിഫോർണിയയിലെ മാലിബുവിലുള്ള അവളുടെ വീട്ടിലും എന്നതിൽ കവിഞ്ഞൊന്നും അസാധാരണമായി ഈ സംഭാഷണത്തിലില്ല. ഡാനിയേലയുടെ ടെസ്റ്റ് ബുക്ക് മുന്നിൽ വെച്ചുകൊണ്ട് ഇന്റർനെറ്റിന്റെ സഹായത്തോടെ നാമത്തിന്റെയും, നാമവിശേഷണത്തിന്റെയും, ക്രിയകളുടെയും സങ്കീർണതകൾ ആ കൗമാരക്കാരിക്ക് വിശദീകരിച്ചു കൊടുക്കുന്നു. മലയാളം സംസാരിച്ചുകൊണ്ട് വളർന്ന ഗ്രീഷ്മയാണ് ഇംഗ്ലീഷ് വ്യാകരണങ്ങളും ഭാഷയും അമേരിക്കക്കാരിയായ ഡാനിയേലയെ പഠിപ്പിക്കുന്നത്.
- ഇത് എങ്ങനെയാണ് സാധ്യമാകുന്നത്? എന്തുകൊണ്ടാണ് ഡാനിയേലക്ക് അവളുടെ സ്വന്തം നാട്ടിൽ പാഠങ്ങൾ പഠിക്കാൻ കഴിയാത്തത്. നമ്മുടെ മാതൃഭാഷ ഇംഗ്ലീഷ് അല്ലാതിരുന്നിട്ടും ഇംഗ്ലീഷ് പാഠഭാഗങ്ങൾ അവൾ ഇന്ത്യയിൽ നിന്നും പഠിക്കുന്നത് എന്തുകൊണ്ടാണ്?
- ഉദാരവൽക്കരണംകൊണ്ടും, ആഗോളവിപണിയുടെ കൂടിച്ചേരൽ കൊണ്ടും ഇന്ത്യയ്ക്ക് നേട്ടങ്ങൾ ലഭിക്കുന്നു. നിങ്ങൾ യോജിക്കുന്നുണ്ടോ?
- കാൾ സെന്ററുകളിലെ ജോലി സ്ഥായിയായതാണോ? സ്ഥിരവരുമാനം ലഭിക്കുന്നതിന് കാൾസെന്ററുകളിൽ ജോലിചെയ്യുന്നവർക്ക് ഏതുതരത്തിലുള്ള വൈദഗ്ധ്യമാണ് ആവശ്യമായിട്ടുള്ളത്?
- കുറഞ്ഞ വേതനം നിലനിൽക്കുന്നതിനാൽ ഇന്ത്യപോലുള്ള രാജ്യങ്ങളിലേക്ക് ബഹുരാഷ്ട്ര കമ്പനികൾ കുറെയേറെ സേവനങ്ങൾ പുറം പണികരാർ നൽകുന്നു. അങ്ങനെയെങ്കിൽ ഈ കമ്പനികൾ നിലനിൽക്കുന്ന രാജ്യങ്ങളിലെ ജനങ്ങൾക്ക് എന്ത് സംഭവിക്കും? ചർച്ച ചെയ്യുക.

ആവശ്യങ്ങൾക്കായി അന്താരാഷ്ട്ര വിപണിയിൽ എല്ലാ രാജ്യങ്ങൾക്കും തുല്യ അവസരം നൽകി വിവിധ രാജ്യങ്ങളുമായുള്ള വ്യാപാര ഉടമ്പടികൾ നിർവഹിക്കാനാണ് ആഗോള വ്യാപാര സംഘടനയായ ഗാട്ട് 1948 ൽ നിലവിൽ വന്നത്. നിയമാധിഷ്ഠിത വ്യാപാര സംവിധാനം സ്ഥാപിക്കുക എന്നതായിരുന്നു ലോക വ്യാപാര സംഘടന പ്രതീക്ഷിച്ചിരുന്നത്. ഇതിൽ രാജ്യങ്ങൾക്ക് ഏകപക്ഷീയമായ നിയന്ത്രണങ്ങൾ വ്യാപാരത്തിനു മേൽ ഏർപ്പെടുത്താൻ കഴിയില്ല. കൂടാതെ, സേവനങ്ങളുടെ ഉൽപാദനവും വ്യാപാരവും വർദ്ധിപ്പിക്കുക, ആഗോള വിഭവങ്ങളുടെ ഏറ്റവും അനുകൂലമായ ഉപയോഗം, പരിസ്ഥിതി സംരക്ഷണം. എന്നിവയും ലോക വ്യാപാര സംഘടനയുടെ ലക്ഷ്യങ്ങളായിരുന്നു. ഇറക്കുമതി തീരുവ നിയന്ത്രണങ്ങൾ, തീരുവേതര (Nontariff) നിയന്ത്രണങ്ങൾ എന്നിവ ഒഴിവാക്കികൊണ്ട് സാധനങ്ങളുടേയും സേവനങ്ങളുടേയും അന്താരാഷ്ട്ര വ്യാപാരം (രണ്ടു രാജ്യങ്ങളുമായും, വിവിധ രാജ്യങ്ങളു മായും ശക്തിപ്പെടു ത്തുക എന്നത് ലോക വ്യാപാര സംഘടനയുടെ ഉടമ്പടിയിലുള്ളതാണ്. കൂടാതെ എല്ലാ അംഗ രാജ്യങ്ങൾക്കും കൂടുതൻ വിപണി അവസരങ്ങളും നൽകുന്നു.

വികസ്വര രാജ്യങ്ങളുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനും, അവർക്കു വേണ്ടി നിലകൊള്ളുന്നതിനും, ആഗോള നിയമങ്ങളും നിയന്ത്രണങ്ങളും രൂപീകരിക്കുന്നതിനും ലോക വ്യാപാര സംഘടനയിലെ ഒരു പ്രധാന അംഗരാജ്യമെന്ന നിലയിൽ ഇന്ത്യ എപ്പോഴും മുൻപന്തിയിൽ തന്നെയായിരുന്നു. ലോക വ്യാപാര സംഘടന പറയുന്നതു പോലെ ഇറക്കുമതിക്കുള്ള ക്വാട്ട നിയന്ത്രണങ്ങൾ ഒഴിവാക്കിക്കൊണ്ടും, ഇറക്കുമതിച്ചുങ്കം വെട്ടിക്കുറച്ചുകൊണ്ടും നമ്മുടെ രാജ്യം വ്യാപാര മേഖലയിൽ ഉദാരവൽക്കരണത്തോടുള്ള പ്രതിബദ്ധത നടപ്പിലാക്കി.

**പട്ടിക 3.1**

**വിവിധ മേഖലകളിലെ ജിഡിപി വളർച്ച (ശതമാന കണക്കിൽ**

| മേഖല | 1980–91 | 1992–2001 | 2002–2007 | 2007–12 | 2012–17 XII പദ്ധതി | |
|---|---|---|---|---|---|---|
| | | | | | ലക്ഷ്യം I | ലക്ഷ്യം I |
| കൃഷി | 3.6 | 3.3 | 2.3 | 3.2 | 4.0 | 4.2 |
| വ്യവസായം | 7.1 | 6.5 | 9.4 | 7.4 | 9.6 | 10.9 |
| സേവനം | 6.7 | 8.2 | 7.8 | 8.2 | 10.0 | 10.0 |
| ആകെ | 5.6 | 6.4 | 7.8 | 8.2 | 9.0 | 9.5 |

***ഉറവിടം:*** പത്താം പഞ്ചവത്സര പദ്ധതി; അതിവേഗത്തിലുള്ളതും, സുസ്ഥിരവും, കൂടുതൽ ഉൾച്ചേർന്നതുമായ വളർച്ച: (more inclusive growth) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിലേക്കുള്ള സമീപനം, ആസൂത്രണ കമ്മീഷൻ, ഇന്ത്യാ ഗവൺമെന്റ് 2011.

അന്താരാഷ്ട്ര വ്യാപാരത്തിന്റെ ഭൂരിഭാഗവും വികസിത രാജ്യങ്ങൾ തമ്മിലായതിനാൽ ലോക വ്യാപാര സംഘടനയിൽ ഇന്ത്യ ഒരു അംഗമെന്ന നിലയിൽ തുടരുന്നതിന്റെ സാംഗത്യം ചില പണ്ഡിതർ ചോദ്യം ചെയ്യുന്നുണ്ട്. അവർ വീണ്ടും പറയുന്നു. വികസിത രാജ്യങ്ങൾ കാർഷിക ആവശ്യങ്ങൾക്കായി സബ്സിഡി നൽകുന്നു. അതേ സമയം വികസ്വരരാജ്യങ്ങളിലുള്ള കാർഷിക സബ്സിഡിക്കെതിരെ വികസിത രാജ്യങ്ങൾ ലോകവ്യാപാര സംഘടനയിൽ പരാതി നൽകുന്നു. വികസ്വരരാജ്യങ്ങൾ അവരുടെ വിപണി വികസിതരാജ്യങ്ങൾക്കായി തുറന്നു കൊടുക്കുന്നു. എന്നാൽ, വികസിതരാജ്യങ്ങൾ അവരുടെ വിപണി വികസ്വരരാജ്യങ്ങൾക്കായി തുറന്നുകൊടുക്കുന്നില്ല. ഇതിനാൽ വികസ്വര രാജ്യങ്ങൾ വഞ്ചിക്കപ്പെടുന്നു.



ചിത്രം 3.2 ഇന്ത്യയുടെ കയറ്റുമതിയിൽ വലിയ സംഭാവന നൽകുന്ന ഒന്നാണ് ഐടി വ്യവസായം

## 3.6 പരിഷ്കരണ കാലത്തെപ്പറ്റി ഒരു വിലയിരുത്തൽ

ഇന്ത്യയിൽ സാമ്പത്തികപരിഷ്കാരം തുടങ്ങിയിട്ട് 25 വർഷം പിന്നിട്ടിരിക്കുന്നു. ഈ കാലഘട്ടത്തിലെ ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ പ്രകടനങ്ങൾ എന്തെല്ലാമെന്ന് നമുക്ക് നോക്കാം. GDP വളർച്ച നിരക്ക് നോക്കിയാണ് ഒരു രാജ്യത്തിന്റെ സാമ്പത്തിക വളർച്ച അളക്കുന്നത്. പട്ടിക 3.1 നോക്കുക. 1980-91 കാലഘട്ടത്തിൽ GDP വളർച്ചനിരക്ക് 5.6% മായിരുന്നത് 2007–12 കാലഘട്ടത്തിൽ 8.2% ആയി വർദ്ധിച്ചു. പരിഷ്കരണ കാലഘട്ടത്തിൽ കാർഷിക മേഖലയിലെ വളർച്ചാനിരക്ക് കുറയുകയാണുണ്ടായത്. അതേ സമയം വ്യവസായ മേഖലയിലെ വളർച്ചാനിരക്കിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായിരുന്നു. എന്നാൽ സേവന മേഖലയിലെ വളർച്ചാ നിരക്ക് വർധിച്ചു. രാജ്യത്തിന്റെ സാമ്പത്തികവളർച്ചയെ മുന്നോട്ട് കൊണ്ടുപോകുന്നത് സേവനമേഖലയുടെ വളർച്ചയാണ് എന്നാണ് ഇത് സൂചിപ്പിക്കന്നത്. GDP വളർച്ചാ നിരക്ക് 9 ശതമാനമോ 9.5 ശതമാനമോ നേടണമെന്നതാണ് പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി ലക്ഷ്യമിട്ടത്, (2012–17). ഈ ഉയർന്ന വളർച്ചാ നിരക്ക് നേടണമെങ്കിൽ നമ്മുടെ കാർഷിക മേഖല 4 മുതൽ 4.2 ശതമാനം വരെയും, വ്യാവസായിക മേഖല 9.6 മുതൽ 10.9 ശതമാനം വരെയും, സേവന മേഖല ശതമാനവും വളരേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള ഉയർന്ന വളർച്ചാനിരക്ക് നിലനിൽക്കുന്നതല്ല എന്ന പണ്ഡിതരുടെ ആശങ്കയും ഉയർന്നു വന്നിട്ടുണ്ട്.

സമ്പദ്‌വ്യവസ്ഥ തുറന്നിട്ടതോടു കൂടി നേരിട്ടുള്ള വിദേശനിക്ഷേപവും, വിദേശ വിനിമയ ശേഖരവും വർദ്ധിക്കുകയുണ്ടായി. നേരിട്ടുള്ള വിദേശ നിക്ഷേപം, വിദേശസ്ഥാപനങ്ങളുടെ നിക്ഷേപം എന്നിവ കൂടി ചേർന്ന വിദേശനിക്ഷേപം 1990 – 91 ലെ 10 കോടി അമേരിക്കൻ ഡോളറിൽ നിന്നും 2010–11 ആയപ്പോഴേക്ക് 4000 കോടി അമേരിക്കൻ ഡോളറായി

വർദ്ധിച്ചു. അതുപോലെ തന്നെ വിദേശ നാണ്യ ശേഖരം 1990-91 ലെ 60 കോടി അമേരിക്കൻ ഡോളറിൽ നിന്നും 2011-12 ആയപ്പോഴേക്കും 4000 കോടി അമേരിക്കൻ ഡോളറായി വർദ്ധിച്ചു. ലോകത്ത് ഏറ്റവും കൂടുതൽ വിദേശനാണ്യ ശേഖരമുള്ള രാജ്യങ്ങളിലൊന്നാണ് ഇന്ത്യ.

ഓട്ടോമൊബൈൽ സ്പെയർപാർട്സുകൾ, എഞ്ചിനീയറിംഗ് സാമഗ്രികൾ, ഐടി സോഫ്റ്റ്‌വേർ, തുണിത്തരങ്ങൾ എന്നിവ വൻതോതിൽ കയറ്റുമതി ചെയ്യുന്ന രാജ്യമായി പരിഷ്കരണ കാലഘട്ടത്തെ ഇന്ത്യയെ കാണാൻകഴിയും. കൂടാതെ വിലക്കയറ്റം നിയന്ത്രണ വിധേയമാക്കിയിരിക്കുന്നു.

എന്നാൽ തൊഴിൽ, കൃഷി, വ്യവസായം, അടിസ്ഥാന സൗകര്യ വികസനം, ധനനിർവഹണം എന്നീ മേഖലകളിലെ അടിസ്ഥാന പ്രശ്നങ്ങളെ അഭിസംബോധന ചെയ്യാൻ സാമ്പത്തിക പരിഷ്കരണത്തിന് കഴിഞ്ഞില്ല എന്ന വിമർശനം മറുഭാഗത്ത് നിലനിൽക്കുന്നുണ്ട്.

## പഠന പ്രവർത്തനങ്ങൾ

- കൃഷി ഉൾപ്പെടെയുള്ള വിവിധ മേഖലകളിലെ സബ്സിഡിയെക്കുറിച്ച് കഴിഞ്ഞ അധ്യായത്തിൽ നിങ്ങൾ പഠിച്ചല്ലോ. കാർഷിക മേഖലയിൽ അന്താരാഷ്ട്ര മത്സരക്ഷമതയുണ്ടാക്കുന്നതിനു വേണ്ടി ഈ മേഖലയിൽ സബ്സിഡി ഒഴിവാക്കണമെന്ന് പണ്ഡിതർക്കിടയിൽ ചില വാദങ്ങൾ നിലനിൽക്കുന്നുണ്ട്. ഇതിനോട് നിങ്ങൾ യോജിക്കുന്നുവോ? അങ്ങനെയെങ്കിൽ ഇത് എങ്ങനെ നടപ്പിലാക്കാൻ കഴിയും? ക്ലാസിൽ ചർച്ച ചെയ്യുക.
- താഴെക്കൊടുത്തിട്ടുള്ള ഖണ്ഡിക വായിച്ച് ക്ലാസ്സ് മുറിയിൽ ചർച്ച ചെയ്യുക .
- ആന്ധ്രപ്രദേശിലെ പ്രധാന എണ്ണക്കുരുവാണ് നിലക്കടല. അവിടുത്തെ ആനന്തപൂർ ജില്ലയിലെ മഹാദേവ എന്ന കർഷകൻ അരയേക്കർ സ്ഥലത്ത് നിലക്കടല കൃഷി ചെയ്യാനായി 1500 രൂപ ചെലവഴിച്ചു. അസംസ്കൃത വസ്തുക്കൾ (വിത്ത്, വളം, മുതലായവ) എന്നിവ വാങ്ങിയതിനും, തൊഴിലാളികൾക്ക് കൂലി കൊടുത്തതിനും, കാളയെ ഉപയോഗിച്ചതിനും വൈദ്യുതി, യന്ത്രങ്ങൾ എന്നിവ ഉപയോഗിച്ചതിനുമെല്ലമാണ് ഈ ചെലവ്. ശരാശരി 2 ക്വിന്റൽ നിലക്കടല യാണ് മഹാദേവന് ലഭിക്കുക. ഓരോ ക്വിന്റലും ആയിരം രൂപയ്ക്കാണ് വിൽക്കുന്നത്. ഇങ്ങനെ 1500 രൂപ ചെലവിട്ട് കൃഷിചെയ്ത മഹാദേവന് ലഭിക്കുന്നത് വെറും 2000 രൂപ മാത്രമാണ്. ആനന്തപൂർ ജില്ല വരൾച്ചാസാധ്യതയുള്ള ഒരു പ്രദേശമാണ്. സാമ്പത്തിക പരിഷ്കാരത്തിന്റെ ഫലമായി വലിയതോതിലുള്ള ജലസേചന പദ്ധതികളൊന്നും ഗവൺമെന്റ് ഇവിടെ നടപ്പാക്കിയിട്ടില്ല. അടുത്തകാലത്ത് വിളകൾക്ക് രോഗം പിടിപെട്ടതിനാൽ നിലക്കടല കൃഷി വലിയ പ്രതിസന്ധി നേരിട്ടു. ഗവൺമെന്റ് ചെലവ് കുറച്ചതിനാൽ ഈ മേഖലയിൽ

ഗവേഷണപ്രവർത്തനങ്ങൾ എല്ലാംതന്നെ കുറഞ്ഞുവന്നു. മഹാദേവനും സുഹൃത്തുക്കളും ഈ പ്രശ്നം അടിക്കടി ഗവൺമെന്റ് ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽ പെടുത്തിയെങ്കിലും ഒന്നും നടന്നില്ല. വിത്ത്, വളം എന്നിവയുടെ സബ്സിഡി വെട്ടിക്കുറച്ചതു മൂലം മഹാദേവന്റെ കൃഷിച്ചെലവ് വർദ്ധിച്ചു. ഇറക്കുമതി നിയന്ത്രണം എടുത്തുകളഞ്ഞതോടെ പ്രാദേശിക വിപണിയിൽ ഭക്ഷ്യഎണ്ണകൾ കുറഞ്ഞ ചെലവിൽ ലഭിക്കാൻ തുടങ്ങി. ചിലവാക്കിയ തുക പോലും വിലയിലൂടെ ലഭിക്കാതിരുന്നതിനാൽ അദ്ദേഹത്തിന്റെ നിലക്കടല വിപണിയിൽ വിൽക്കാൻ പോലും കഴിഞ്ഞില്ല.

- നഷ്ടം സഹിക്കുന്ന മഹാദേവനെ പോലുള്ള കർഷകർക്ക് വേണ്ടി എന്താണ് ചെയ്യാൻ കഴിയുക? ക്ലാസ്സിൽ ചർച്ച ചെയ്യുക.

### സാമ്പത്തികവളർച്ചയും തൊഴിലും:

സാമ്പത്തിക പരിഷ്കരണത്തിന്റെ കാലഘട്ടത്തിൽ GDP വളർച്ചാ നിരക്ക് വർദ്ധിച്ചുവെങ്കിലും, ഈ സാമ്പത്തിക വളർച്ച നമുക്ക് വേണ്ടത്ര തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടില്ല എന്നാണ് പണ്ഡിതർ ചൂണ്ടിക്കാണിക്കുന്നത്. വളർച്ച, തൊഴിലിന്റെ വിവിധ സ്വഭാവങ്ങൾ എന്നിവ തമ്മിലുള്ള ബന്ധത്തെക്കുറിച്ച് അടുത്ത യൂണിറ്റിൽ നിങ്ങൾ പഠിക്കുന്നുണ്ട്.

### കാർഷിക മേഖലയിലെ പരിഷ്കാരങ്ങൾ:

സാമ്പത്തിക പരിഷ്കാരം കൊണ്ട് കാർഷിക മേഖലക്ക് ഗുണമൊന്നും ലഭിച്ചിട്ടില്ല. മാത്രമല്ല ഈ കാലഘട്ടത്തിൽ വളർച്ചാ നിരക്ക് കുറയുകയാണുണ്ടായത്.

പരിഷ്കരണ ഘട്ടത്തിൽ കാർഷിക മേഖലയിലെ സർക്കാറിന്റെ മൂലധന നിക്ഷേപം പ്രത്യേകിച്ചും അടിസ്ഥാന സൗകര്യങ്ങളായ ജലസേചനം, വൈദ്യുതി, റോഡുകൾ, വിപണി ബന്ധിപ്പിക്കൽ, ഗവേഷണം (ഹരിതവിപ്ലവത്തിൽ ഇവയെല്ലാം പ്രധാന പങ്കുവഹിച്ചതാണ്) തുടങ്ങിയവയിൽ കുറയുകയാണുണ്ടായത്. രാസവളങ്ങൾ സബ്സിഡി വെട്ടിക്കുറച്ചതു മൂലം കാർഷികഉൽപാദന ചിലവ് വർദ്ധിച്ചു. ഇത് ഏറ്റവും മോശമായി ബാധിച്ചത് ചെറുകിട നാമമാത്ര കർഷകരെയാണ്. കാർഷികോൽപന്നങ്ങളുടെ ഇറക്കുമതിച്ചുങ്കം വെട്ടിക്കുറച്ചതും, താങ്ങുവില നീക്കം ചെയ്തതും, കാർഷികോൽപന്നങ്ങളുടെ അളവു നിയന്ത്രണം എടുത്തു കളഞ്ഞതുമെല്ലാം ഈ മേഖലയിലുണ്ടായ നയമാറ്റങ്ങളാണ്. ഇതെല്ലാം ഇന്ത്യൻ കർഷകരെ കൂടുതൽ മോശപ്പെട്ട അവസ്ഥയിലേക്ക് എത്തിച്ചു. അതുകൊണ്ട് വർദ്ധിച്ചതോതിലുള്ള അന്താരാഷ്ട്ര മത്സരങ്ങളും ഇന്ന് ഇന്ത്യൻ കർഷകർ നേരിടുന്നുണ്ട്.

ഇതുകൂടാതെ കാർഷികമേഖലയിലെ കയറ്റുമതി അടിസ്ഥാനമാക്കിയ നയതന്ത്രത്തിന്റെ ഭാഗമായി ഭക്ഷ്യ വിളകൾക്കു പകരം നാണ്യവിളകളുടെ ഉൽപാദനത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. ഇതോടെ തദ്ദേശീയ വിപണിക്കു വേണ്ടിയുള്ള ഉൽപാദനത്തിനു പകരം വിദേശ വിപണി ലക്ഷ്യംവച്ചു കൊണ്ടുള്ള ഉൽപാദനത്തിന് പ്രാധാന്യം നൽകി. ഇത് ഭക്ഷ്യധാന്യങ്ങളുടെ വിലയിൽ വലിയ സമ്മർദ്ദം സൃഷ്ടിച്ചു.

### വ്യവസായ മേഖലയിലെ പരിഷ്കാരങ്ങൾ:

വ്യവസായ വളർച്ച നിരക്കും കുറഞ്ഞ തോതിലാണ് രേഖപ്പെടുത്തിയത്. വിലകുറഞ്ഞ വിദേശ ഉൽപന്നങ്ങളുടെ ഇറക്കുമതി, പശ്ചാത്തല സൗകര്യങ്ങളിലുള്ള അപര്യാപ്തമായ നിക്ഷേപം തുടങ്ങിയവയാണ് ഇതിന്റെ പ്രധാന കാരണങ്ങൾ.

ആഗോളവൽക്കരണ കാലത്ത് വികസ്വര രാജ്യങ്ങൾ അവരുടെ വിപണി വികസിത രാജ്യങ്ങളുടെ ഉൽപന്നങ്ങൾക്കും മൂലധനങ്ങൾക്കും വേണ്ടി തുറന്നു കൊടുക്കാൻ നിർബന്ധിതരായി. ഇത് ഇറക്കുമതി വസ്തുക്കൾക്ക് വേണ്ടി നമ്മുടെ വ്യവസായങ്ങളെ അടിയറവയ്ക്കുകയും ഇകഴ്ത്തുകയുമായിരുന്നു ചെയ്തത്. കുറഞ്ഞ വിലയിലുള്ള ഇറക്കുമതി സാധനങ്ങൾ തദ്ദേശീയ ഉൽപന്നങ്ങളുടെ ചോദനം കുറച്ചു. തദ്ദേശീയ ഉൽപന്ന നിർമ്മാതാക്കൾ ഇറക്കുമതി ഉൽപന്നങ്ങളിൽ നിന്നുള്ള കടുത്ത മത്സരം നേരിട്ടു. മൂലധന നിക്ഷേപത്തിന്റെ അപര്യാപ്തത മൂലം വൈദ്യുതി ഉൾപ്പെടെയുള്ള പശ്ചാത്തല സൗകര്യങ്ങൾക്ക് ദൗർലഭ്യം നേരിട്ടിരുന്നു. ആഗോളവൽക്കരണം മൂലം വിദേശ രാജ്യങ്ങളിൽ നിന്നും സാധനങ്ങളുടേയും സേവനങ്ങളുടേയും അനിയന്ത്രിതമായ ഒഴുക്ക് വികസ്വര രാജ്യങ്ങളിലെ പ്രാദേശിക വ്യവസായങ്ങളേയും തൊഴിലവസരങ്ങളേയും പ്രതികൂലമായി ബാധിച്ചു

കൂടാതെ, വികസിത രാജ്യങ്ങളിലെ ഉയർന്ന ചുങ്കം മറ്റ് തടസ്സങ്ങൾ ഇവ മൂലം ഇന്ത്യയെ പോലുള്ള ഒരു വികസ്വരരാജ്യത്തിന്റെ ഉൽപന്നങ്ങൾക്ക് വികസിത രാജ്യങ്ങളിലെ വിപണി ലഭിക്കാൻ അവസരമുണ്ടായില്ല. ഉദാഹരണമായി വസ്ത്രങ്ങളുടേയും, തുണിത്തരങ്ങളുടേയും കയറ്റുമതി അളവിലെ നിയന്ത്രണം ഇന്ത്യ ഒഴിവാക്കിയിരുന്നുവെങ്കിലും, ഇന്ത്യയിൽ നിന്നും ചൈനയിൽ നിന്നും ഇറക്കുമതി ചെയ്യുന്ന തുണിത്തരങ്ങൾക്കുള്ള അളവിലുള്ള നിയന്ത്രണം അമേരിക്ക ഒഴിവാക്കിയിരുന്നില്ല.

### മൂലധന നിക്ഷേപ സ്വകാര്യവൽക്കരണം: (Disinvestment)

പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിൽക്കുന്നതിന് ഇന്ത്യാ ഗവൺമെന്റ് എല്ലാ വർഷവും ഒരു ലക്ഷ്യം വെക്കാറുണ്ട്. ഉദാഹരണമായി 1991–92 ൽ പൊതുമേഖലയുടെ സ്വകാര്യവൽക്കരത്തിലൂടെ ലക്ഷ്യമിട്ട തുക 2500 കോടി രൂപ ആയിരുന്നു. എന്നാൽ ഇതിലൂടെ നേടിയത് നേടിയത് 3040 കോടി രൂപയാണ്. ഇത് ലക്ഷ്യമിട്ടതിനേക്കാൾ കൂടുതലാണ്. 2010–11ൽ ലക്ഷ്യമിട്ട തുക 40000 കോടി രൂപ ആയിരുന്നു. എന്നാൽ നേടാനായത് 22850 കോടി രൂപ മാത്രം. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ കുറഞ്ഞ വിലയിൽ സ്വകാര്യമേഖലക്ക് വിൽക്കുന്നു എന്ന വിമർശനം ഉയർന്നു വന്നിട്ടുണ്ട്. ഗവൺമെന്റിന് ഗണ്യമായ സാമ്പത്തിക നഷ്ടം ഉണ്ടായി എന്നതാണ് ഇതിനർത്ഥം. കൂടാതെ പൊതുമേഖലാ ഓഹരികൾ വിറ്റുകിട്ടുന്ന പണം ആ മേഖലയുടെ വികസനത്തിനോ സാമൂഹ്യ അടിസ്ഥാന ഘടകങ്ങളുടെ നിർമാണത്തിനോ ആയിരുന്നില്ല ഉപയോഗിച്ചത്. മറിച്ച്, ഗവൺമെൻറിന്റെ റവന്യൂ വരുമാനത്തിലെ കമ്മിനികത്തുന്നതിനായിരുന്നു. പൊതുമേഖലയുടെ നില മെച്ചപ്പെടുത്തുന്നതിന് അവയുടെ സ്വത്തിന്റെ ഒരു ഭാഗം വിൽക്കലാണ് ഏറ്റവും മെച്ചപ്പെട്ടവഴി എന്ന് നിങ്ങൾ കരുതുന്നുവോ?

**സാമ്പത്തിക പരിഷ്കരണങ്ങളും ധനനയങ്ങളും:**

പൊതുചെലവുകൾ പ്രത്യേകിച്ചും സാമൂഹ്യ മേഖലകയിലുള്ള ചെലുകൾ നിയന്ത്രിക്കുന്ന ഒരവസ്ഥയാണ് സാമ്പത്തികപരിഷ്ക്കരണത്തിൽ കാണാൻ കഴിഞ്ഞത്. നികുതി നിരക്ക് കുറയ്ക്കലിലൂടെ ലക്ഷ്യമിട്ട ഉയർന്ന വരുമാനവും, നികുതി വെട്ടിപ്പ് നിയന്ത്രണവും ഗവൺമെന്റിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് സഹായിച്ചില്ല. കൂടാതെ കസ്റ്റംസ് തീരുവ കുറച്ചതിലൂടെയും നികുതി വരുമാന വർദ്ധനവിനുള്ള സാധ്യത കുറയുകയാണുണ്ടായത്. വിദേശ നിക്ഷേപം പ്രോത്സാഹിപ്പിക്കാൻ നൽകിയിരുന്ന നികുതിയിളവുകൾ നികുതി വരുമാനം വർദ്ധിപ്പിക്കാനുള്ള സാധ്യത വീണ്ടും കുറയ്ക്കുകയാണ് ചെയ്തത്. ഇത് രാജ്യത്തിന്റെ വികസന, ക്ഷേമ ചെലവുകളെ ദോഷമായി ബാധിച്ചു.

## 3.7 ഉപസംഹാരം

ഇന്ത്യയ്ക്കും മറ്റ് രാജ്യങ്ങൾക്കും സ്വകാര്യവൽക്കരണത്തിലൂടെയും ഉദാരവൽക്കരണത്തിലൂടെയും ഉണ്ടായ ആഗോളവൽക്കരണപ്രക്രിയയിൽ കൊണ്ട് ഗുണദോഷഫലങ്ങൾ ഉണ്ടായിട്ടുണ്ട്. ആഗോളവൽക്കരണ നയത്തിന്റെ ഭാഗമായി വികസ്വര രാജ്യങ്ങൾക്ക് അന്താരാഷ്ട്ര വിപണിയിൽ കൂടുതൽ അവസരങ്ങൾ ലഭിച്ചു എന്ന് അഭിപ്രായമുണ്ട്. കൂടാതെ ഉയർന്ന സാങ്കേതിക വിദ്യയും, അന്താരാഷ്ട്രതലത്തിൽ വികസ്വര രാജ്യങ്ങളിലെ വൻ വ്യവസായങ്ങൾക്കുള്ള സാധ്യതകളും ഇതിന്റെ ഗുണഫലങ്ങളാണ് എന്ന വാദങ്ങൾ ചില പണ്ഡിതർ ഉയർത്തുന്നുണ്ട്.

### ബോക്സ് 3.3 സിർസില്ല ദുരന്തം

ഇന്ത്യൻ സംസ്ഥാനങ്ങൾ പരിഷ്കാരം മൂലം കുറഞ്ഞ നിരക്കിലുള്ള വൈദ്യുതി വിതരണത്തിൽ നിന്ന് പിന്മാറുകയും വൈദ്യുതി നിരക്ക് വൻതോതിൽ വർദ്ധിപ്പിക്കുകയും ചെയ്തു. ഇത് ചെറുകിട വ്യവസായങ്ങളിലെ തൊഴിലാളികളെ കാര്യമായി ബാധിച്ചു. ആന്ധ്രപ്രദേശിലെ യന്ത്രത്തറി (Powerloom) തുണി വ്യവസായങ്ങൾ ഇതിന് ഉദാഹരണമാണ്. യന്ത്രത്തറി തൊഴിലാളികളുടെ വേതനം അവരുടെ കമ്പനിയിലെ തുണി ഉൽപ്പാദനവുമായി ബന്ധപ്പെട്ടിരുന്നതിനാൽ വൈദ്യുതിമുടക്കം എന്നാൽ തൊഴിലാളികളുടെ വേതനം കുറക്കുക എന്നതായിരുന്നു. വൈദ്യുത നിരക്ക് വർദ്ധനവ് മൂലം ഇവർ ഇതിനകം തന്നെ ഏറെ പ്രയാസപ്പെട്ടിരുന്നു. ഇത് അവരുടെ ഉപജീവനത്തിൽ വലിയ പ്രതിസന്ധി സൃഷ്ടിക്കുകയും ആന്ധ്രാപ്രദേശിലെ ചെറിയ പട്ടണമായ സിർസില്ലയിൽ 50 യന്ത്രത്തറി തൊഴിലാളികൾ ആത്മഹത്യ ചെയ്യുകയുമുണ്ടായി.

- വൈദ്യുതി നിരക്ക് ഉയർത്തരുത് എന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടോ?
- സാമ്പത്തിക പരിഷ്കാരം മൂലം പ്രയാസപ്പെടുന്ന ചെറുകിട വ്യവസായങ്ങളെ പുനരുദ്ധരിക്കാൻ എന്ത് നിർദ്ദേശമാണ് നിങ്ങൾക്കു ഉള്ളത്?

അതിനു വിപരീതമായി വികസിത രാജ്യത്തെ ഉൽപ്പന്നങ്ങൾക്ക് മറ്റു രാജ്യങ്ങളിൽ വിപണി കണ്ടെത്താനുള്ള തന്ത്രമാണ് ആഗോളവൽക്കരണം എന്ന അഭിപ്രായവും വിമർശകർ പങ്കു വെക്കുന്നു. ഇവരുടെ അഭിപ്രായത്തിൽ ദരിദ്രരാജ്യങ്ങളിലെ മനുഷ്യരുടെ ക്ഷേമവും സ്വത്വബോധവും ആഗോളവൽക്കരണ നയങ്ങൾ ഇല്ലാതാക്കി. മാത്രവുമല്ല, വിപണി അടിസ്ഥാനമാക്കിയുള്ള ആഗോളവൽക്കരണ നയങ്ങൾ ജനങ്ങൾക്കിടയിലും, രാജ്യങ്ങൾക്കിടയിലും വലിയ അസമത്വം സൃഷ്ടിച്ചു.

ഇന്ത്യൻ സാഹചര്യത്തിൽ നിന്നും നോക്കുമ്പോൾ 1990 ആദ്യവർഷങ്ങളിൽ ഇന്ത്യയിലുണ്ടായ സാമ്പത്തികപ്രതിസന്ധിക്ക് കാരണമായിചില പഠനങ്ങൾ പറയുന്നത് ഇന്ത്യൻ സമൂഹത്തിലെ ആഴത്തിലുള്ള അസമത്വങ്ങളാണെന്നാണ്. ഈ പ്രതിസന്ധി മറികടക്കാൻ തുടങ്ങി വെച്ച സാമ്പത്തിക പരിഷ്കാരങ്ങൾ അസമത്വം വീണ്ടും വർദ്ധിപ്പിക്കുകയാണ് ചെയ്തത്. ഈ നയങ്ങൾ രാജ്യത്തെ ചെറിയ ശതമാനം വരുന്ന സമ്പന്നരുടെ വരുമാനവും, ഉപഭോഗവും വർദ്ധിക്കാൻ മാത്രമേ സഹായിച്ചിട്ടുള്ളൂ. ദശലക്ഷക്കണക്കിന് ജനങ്ങളുടെ ഉപജീവനമാർഗമായ കാർഷിക വ്യവസായ മേഖലകളേക്കാൾ രാജ്യത്ത് വളർന്നു വികസിച്ചത് സേവന മേഖലയിലുളള, വാർത്താവിനിമയം, വിവരസാങ്കേതികവിദ്യ, പണമേഖല, വിനോദം, യാത്ര, അതിഥി സേവനങ്ങൾ, റിയൽ എസ്റ്റേറ്റ് എന്നിവയാണ്.

**സംക്ഷിപ്തരൂപം (Recap)**

- കുറഞ്ഞുവരുന്ന വിദേശനാണ്യം, കയറ്റുമതി വർദ്ധനവില്ലാതെയുള്ള ഇറക്കുമതി വർദ്ധനവ്, ഉയർന്ന വിലക്കയറ്റം എന്നീ പ്രശ്നങ്ങൾ ഇന്ത്യ അഭിമുഖീകരിച്ചിരുന്നു. സാമ്പത്തിക പ്രതിസന്ധി, അന്താരാഷ്ട്ര സംഘടനകളായ IMFന്റേയും ലോകബാങ്കിന്റെയും സമ്മർദ്ദം എന്നിവമൂലമാണ് 1991-ൽ ഇന്ത്യ സാമ്പത്തിക നയങ്ങൾ മാറ്റിയത്.
- ആഭ്യന്തര സമ്പദ്‌വ്യവസ്ഥയിൽ പ്രധാനമായും വ്യവസായമേഖല, ധനകാര്യ മേഖല എന്നിവയിലാണ് വലിയപരിഷ്കാരങ്ങൾ നടപ്പാക്കിയത്. വിദേശകാര്യ മേഖലയിലാവട്ടെ പ്രധാനമായും വിദേശ നാണയ നിയന്ത്രണങ്ങൾ ഒഴിവാക്കലും ഇറക്കുമതി ഉദാരവൽക്കരണവും ആയിരുന്നു.
- പൊതുമേഖലയുടെ പ്രകടനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി അതിന്റെ പ്രാധാന്യം കുറച്ച് സ്വകാര്യമേഖലയ്ക്ക് തുറന്നുകൊടുക്കണമെന്ന് അഭിപ്രായസമന്വയം വന്നിരുന്നു. മൂലധന നിക്ഷേപത്തിന്റെ സ്വകാര്യവൽക്കരണത്തിലൂടെയും. ഉദാരവൽക്കരണ നടപടിയിലൂടെയുമാണ് ഇത് നടപ്പിലാക്കിയത്.

- ആഗോളവൽക്കരണം എന്നത് ഉദാരവൽക്കരണത്തിന്റെയും സ്വകാര്യവൽക്കരണത്തിന്റെയും പരിണിതഫലമാണ്. നമ്മുടെ സമ്പദ്‌വ്യവസ്ഥയെ ആഗോള സമ്പദ്‌വ്യവസ്ഥയുമായി ഉദ്ഗ്രഥിപ്പിക്കുക എന്നതാണ് ഇതിനർഥം.
- പുറം പണിക്കരാർ എന്നത് (outsourcing) ഉയർന്നുവരുന്ന ഒരു ബിസിനസ് പ്രവർത്തനമാണ്.
- ലോക വിഭവങ്ങളുടെ ഏറ്റവും മികച്ച ഉപഭോഗം (optimum utilisation) ഉറപ്പുവരുത്തുന്നതിന് നിയമാധിഷ്ഠിത വ്യാപാരവാഴ്ച സ്ഥാപിക്കുക എന്നതായിരുന്നു ലോകവ്യാപാര സംഘടനയുടെ ലക്ഷ്യം.
- പരിഷ്കരണ കാലഘട്ടത്തിൽ കാർഷിക മേഖല, വ്യവസായമേഖല എന്നിവയിൽ വളർച്ചാനിരക്ക് കുറയുകയാണ് ചെയ്തത്. എന്നാൽ സേവനമേഖലയിൽ വളർച്ചാനിരക്ക് കൂടുകയുണ്ടായി. പരിഷ്കരണങ്ങൾ കാർഷികമേഖലയ്ക്ക് ഗുണപ്രദമായിരുന്നില്ല. ഈ മേഖലയിൽ പൊതു നിക്ഷേപം കുറയുകയും ചെയ്തിട്ടുണ്ട്.
- കുറഞ്ഞ വിലയിലുള്ള ഉൽപന്നങ്ങളുടെ ഇറക്കുമതിയും, കുറഞ്ഞ മൂലധനനിക്ഷേപവും വ്യവസായ മേഖലയിലെ വളർച്ച കുറയാൻ ഇടയാക്കി.



## അഭ്യാസം

1. എന്തിനാണ് ഇന്ത്യയിൽ സാമ്പത്തിക പരിഷ്കാരങ്ങൾ തുടങ്ങിയത്?
2. ലോക വ്യാപാര സംഘടനയിൽ (WTO) അംഗമാകുന്നതിന്റെ ആവശ്യമെന്താണ്?
3. ഇന്ത്യയിലെ ധനകാര്യ മേഖലയുടെ നിയന്ത്രകൻ എന്നതിൽ നിന്നും സഹായകൻ എന്നതിലേക്ക് റിസർബാങ്ക് മാറിയത് എന്തുകൊണ്ട്?
4. റിസർബാങ്ക് വാണിജ്യബാങ്കുകളെ നിയന്ത്രിക്കുന്നതെങ്ങിനെ?
5. രൂപയുടെ മൂല്യശോഷണം എന്നതു കൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?
6. താഴെ പറയുന്നവയുടെ വ്യത്യാസം കണ്ടെത്തുക .
   i. തന്ത്രപ്രധാനമായ വിൽപ്പനയും, തുച്ഛമായ വിൽപനയും. (Srategic and minortiy

sale)

ii. ഉഭയകക്ഷി വ്യാപാരവും, ബഹുമുഖ വ്യാപാരവും. (Bilateral and multilateralt rade)

iii. ചുങ്കം വഴിയുള്ള നിയന്ത്രണവും ചുങ്കേതരം നിയന്ത്രണവും

7. എന്തിനാണ് ചുങ്കം ചുമത്തുന്നത്?

8. അളവുപരമായ നിയന്ത്രണങ്ങൾ (quantitative restrictions) എന്നത് കൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?

9. ലാഭം ഉണ്ടാക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളെയാണ് സ്വകാര്യവൽക്കരിക്കേണ്ടത്. ഈ കാഴ്ചപ്പാടിനോട് നിങ്ങൾ യോജിക്കുന്നുവോ? എന്തുകൊണ്ട്?

10. പുറം പണിക്കരാർ ഇന്ത്യയ്ക്ക് ഗുണകരമാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ? എന്തുകൊണ്ടാണ് വികസിത രാജ്യങ്ങൾ ഇതിനെ എതിർക്കുന്നത്?

11. നമ്മുടെ രാജ്യത്തെ ചില നേട്ടങ്ങൾ ഇന്ത്യയെ പുറം പണി കരാറിന്റെ അനുകൂലമായ ഒരു കേന്ദ്രമാക്കി മാറ്റിയിരിക്കുന്നു. ഈ നേട്ടങ്ങളേതെല്ലാം?

12. നവരത്ന നയം ഇന്ത്യയിലെ പൊതുമേഖലയുടെ പ്രകടനത്തെ മെച്ചപ്പെടുത്താൻ സഹായിച്ചു എന്ന് നിങ്ങൾ കരുതുന്നുണ്ടോ? എങ്ങിനെ?

13. സേവനമേഖലയുടെ ഉയർന്നതോതിലുള്ള വളർച്ചയ്ക്ക് സഹായിച്ച ഘടകങ്ങൾ ഏതെല്ലാം?

14. സാമ്പത്തികപരിഷ്കാര നടപടികൾ കാർഷികമേഖലയെ മോശമായി ബാധിച്ചു. എന്തുകൊണ്ട്?

15. എന്തു കൊണ്ടാണ് പരിഷ്കരണ കാലഘട്ടത്തിൽ വ്യവസായ മേഖല മോശം പ്രകടനം കാഴ്ച്ചവച്ചത്?

16. സാമൂഹ്യനീതി, ക്ഷേമം എന്നിവയുടെ വെളിച്ചത്തിൽ ഇന്ത്യയിലെ സാമ്പത്തിക പരിഷ്കാരത്തെകുറിച്ച് ചർച്ച ചെയ്യുക

## നിർദ്ദേശിക്കപ്പെട്ട അധിക പ്രവർത്തനങ്ങൾ

1. താഴെ കൊടുത്ത പട്ടിക കാണിക്കുന്നത് 1993-94 വർഷത്തെ വില അടിസ്ഥാനമാക്കിയുള്ള GDP വളർച്ചാ നിരക്കാണ്. ദത്തങ്ങളുടെ അവതരണ രീതി നിങ്ങൾ സാംഖികത്തിൽ പഠിച്ചുവല്ലോ. പട്ടികയിലെ ദത്തങ്ങൾ അനുസരിച്ച് ഒരു ടൈം സീരീസ് ലൈൻ വരയ്ക്കുക. അതിനെ വ്യാഖ്യാനിക്കുക.

| വർഷം ജി.ഡി.പി. | വളർച്ചാ നിരക്ക് (%) |
|---|---|
| 2000–01 | 4.3 |
| 2001–02 | 5.5 |
| 2002–03 | 4.0 |
| 2003–04 | 8.1 |
| 2004–05 | 7.0 |
| 2005–06 | 9.5 |
| 2006–07 | 9.6 |
| 2007–08 | 9.3 |
| 2008–09 | 6.7 |
| 2009–10 | 8.6 |
| 2010–11 | 9.3 |

2. നിങ്ങളുടെ ചുറ്റുപാടുകൾ നിരീക്ഷിക്കുക. നിങ്ങളുടെ സംസ്ഥാന വൈദ്യുത ബോർഡിനെ കാണാൻ കഴിയും. KSEB യും, മറ്റു പൊതുമേഖലാസ്ഥാപനങ്ങളും, സ്വകാര്യ സ്ഥാപനങ്ങളും പട്ടണങ്ങളിലും സംസ്ഥാനങ്ങളിലും വൈദ്യുത വിതരണം നടത്തുന്നുണ്ട്. ഇവിടെ ഗവൺമെൻറ് ബസ്സുകൾ സേവനം നടത്തുന്നതോടൊപ്പം തന്നെ സ്വകാര്യ ബസ്സുകളും സേവനം നടത്തുന്നുണ്ട്.

   i. പൊതുമേഖലയും സ്വകാര്യമേഖലയും ഒരുമിച്ച് നിലനിൽക്കുന്ന ഈ വ്യവസ്ഥയെകുറിച്ച് നിങ്ങൾ എന്തു കരുതുന്നു?

   ii. അത്തരത്തിലുള്ള ഇരട്ട സംവിധാനത്തിന്റെ ഗുണങ്ങളും ദോഷങ്ങളും എന്തെല്ലാമാണ്? ചർച്ച ചെയ്യുക.

3. നിങ്ങളുടെ രക്ഷിതാക്കളുടെയും മറ്റു പ്രായമായവരുടേയും സഹായത്തോടുകൂടി സ്വാതന്ത്ര്യം കിട്ടിയ സമയത്തുള്ള ഇന്ത്യയിലെ ബഹുരാഷ്ട്ര കമ്പനികളുടെ പട്ടിക തയ്യാറാക്കുക. ഇപ്പോഴും നിലനിൽക്കുന്ന അത്തരം സ്ഥാപനങ്ങളെ (✓) അടയാളമിട്ടും, നിലവിലില്ലാത്തതിനെ (X) അടയാളമിട്ടും രേഖപ്പെടുത്തുക. ഏതെങ്കിലും കമ്പനിയുടെ പേര് മാറിയിട്ടുണ്ടോ? പുതിയ പേരുകൾ, ഏതു രാജ്യത്തിന്റേതാണ്, ഏതുതരത്തിലുള്ള ഉൽപന്നമാണ്, കമ്പനിയുടെ ചിഹ്നം എന്നിവ അടങ്ങുന്ന ചാർട്ട് ക്ലാസ്സിൽ തയ്യാറാക്കുക.

4. താഴെ പറയുന്നവക്ക് അനുയോജ്യമായ ഉദാഹരണങ്ങൾ എഴുതുക.

| ഉല്പന്നങ്ങൾ | വിദേശ കമ്പനിയുടെ പേര് |
|---|---|
| ബിസ്ക്കറ്റുകൾ | |
| ഷൂസുകൾ | |
| കമ്പ്യൂട്ടറുകൾ | |
| കാറുകൾ | |
| ടിവികളും ഫ്രിഡ്ജുകളും | |
| സ്റ്റേഷനറി | |

ഈ കമ്പനികൾ 1991-ന് മുമ്പ് ഇന്ത്യയിൽ നിലനിന്നിരുന്നുവോ? അതോ പുതിയ സാമ്പത്തികനയത്തിനുശേഷം വന്നവയാണോ? ഇതിനായി നിങ്ങളുടെ അധ്യാപകർ, രക്ഷിതാക്കൾ, കുടുംബത്തിലെ മുതിർന്നവർ, കടയുടമകൾ എന്നിവരുടെ സഹായം തേടുക.

5. ലോകവ്യാപാരസംഘടനയുടെ മീറ്റിങ്ങുമായി ബന്ധപ്പെട്ട കുറച്ച് പത്രശകലങ്ങൾ ശേഖരിക്കുക. ഈ മീറ്റിങ്ങുകളിൽ സംവാദത്തിന് വിധേയമാക്കിയ വിഷയങ്ങൾ ചർച്ച ചെയ്യുക. എങ്ങനെയാണ് ഈ സംഘടന ലോക വ്യാപാരത്തെ സുഗമമാക്കുന്നത് എന്ന് കണ്ടെത്തുക.

6. ലോകബാങ്കിന്റെയും IMF-ന്റേയും ആജ്ഞയനുസരിച്ച് ഇന്ത്യയിൽ സാമ്പത്തിക പരിഷ്കാരം തുടങ്ങേണ്ടത് അത്യാവശ്യമായിരുന്നുവോ? അടവുശിഷ്ട പ്രതിസന്ധി മറികടക്കാൻ ഗവൺമെന്റിന് മറ്റുമാർഗങ്ങൾ ഉണ്ടായിരുന്നില്ലേ? ക്ലാസ്സിൽ ചർച്ച ചെയ്യുക.



## സഹായഗ്രന്ഥങ്ങൾ


*ACHARYA, S. 2003. India's Economy: Some Issues and Answers. Academic Foundation, New Delhi.*

*ALTERNATIVE SURVEY GROUP. 2005. Alternative Economic Survey, India 2004–05, Disequalising Growth. Daanish Books, Delhi.*

*AHLUWALIA, I.J. and I.M.D. LITTLE. 1998. India's Economic Reforms and Development. Oxford University Press, New Delhi.*

*BARDHAN, PRANAB. 1998. The Political Economy of Development in India. Oxford University Press, Delhi.*

*Bhaduri, Amit and Deepak Nayyar. 1996. The Intelligent Person's Guide to Liberalisation. Penguin, Delhi.*

*Bhagwati, Jagdish. 1992. India in Transition: Freeing the Economy.* Oxford University Press, Delhi.

*Byres, Terence J. 1997. The State, Development Planning and Liberalisation in India.* Oxford University Press, Delhi.

*Chadha, G.K. 1994. Policy Perspectives in Indian Economic Development.* Har-Anand, Delhi.

*Chelliah, Raja J. 1996. Towards Sustainable Growth: Essays in Fiscal and Financial Sector Reforms in India.* Oxford University Press, Delhi.

*Debroy, B. and Rahul Mukherji (Eds.). 2004. The Political Economy of Reforms.* Bookwell Publication, New Delhi.

*Dreze, Jean and Amartya Sen. 1996. India: Economic Development and Social Opportunity.* Oxford University Press, Delhi.

*Dutt, Ruddar and K.P.M. Sundaram. 2005. Indian Economy.* S. Chand and Company, New Delhi.

*Guha, Ashok (Ed.) 1990. Economic Liberalisation, Industrial Structure and Growth in India.* Oxford University Press, Delhi.

*Jalan, Bimal. 1993. India's Economic Crisis: The Way Ahead.* Oxford University Press, Delhi.

*Jalan, Bimal. 1996. India's Economic Policy: Preparing for the Twenty First Century.* Viking, Delhi.

*Joshi, Vijay and I.M.D. Little. 1996. India's Economic Reforms 1991-2001.* Oxford University Press, Delhi,

*Kapila, Uma. 2005. Understanding the Problems of Indian Economy.* Academic Foundation, New Delhi.

*Mahajan, V.S. 1994. Indian Economy Towards 2000 A.D.* Deep & Deep, Delhi.

*Parekh, Kirit and Radhakrishna, 2002, India Development Report 2001-02.* Oxford University Press, New Delhi.

*Rao, C.H. Hanumantha. and Hans Linnemann. 1996. Economic Reforms and Poverty Alleviation in India,* Sage Publication, Delhi.

*Sachs, Jeffrey D., Ashutosh Varshney and Nirupam Bajpai. 1999. India in the Era of Economic Reforms.* Oxford University Press, New Delhi.

**Government Reports**

*Economic Survey 2012-13.* Ministry of Finance, Government of India.

*Tenth Five Year Plan 1997-2002.* Vol. 1. Government of India, Planning Commission, New Delhi.

## യൂണിറ്റ്
## *4*

# ദാരിദ്ര്യം

*ദാരിദ്ര്യം, ഗ്രാമീണ ഇന്ത്യയുടെ വികസനം, അടിസ്ഥാന സൗകര്യങ്ങളുടെ വികസനം എന്നിവയാണ് ഇന്ത്യ ഇന്ന് അഭിമുഖീകരിക്കുന്ന മുഖ്യവെല്ലുവിളികൾ. 130 കോടിയിൽ പരം ജനങ്ങളുള്ള നമ്മുടെ മനുഷ്യവിഭവശേഷി നമുക്ക് വലിയൊരു മുതൽ കൂട്ടാണ്. അത് മെച്ചപ്പെടുത്താൻ ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ നിക്ഷേപം വേണം. തൊഴിൽ എന്തെന്ന് മനസ്സിലാക്കാനും, നമ്മുടെ രാജ്യത്ത് കൂടുതൽ തൊഴിലുകൾ സൃഷ്ടിക്കാനും ശ്രമുണ്ടാവണം. വികസനം നമ്മുടെ പരിസ്ഥിതിയിൽ വരുത്തുന്ന മാറ്റത്തെക്കുറിച്ച് ശരിയായ ധാരണ ഉണ്ടാവുകയും, സുസ്ഥിര വികസനം ഉറപ്പാക്കുകയും വേണം. ഇത്തരം കാര്യങ്ങൾ പരിഹരിക്കാൻ ഗവൺമെന്റ് എന്ത് മുൻകൈ എടുക്കുന്നു എന്നത് ഓരോ ഘടകങ്ങളേയും വേർത്തിരിച്ച് വിമർശനാത്മകമായി വിലയിരുത്താൻ ഈ യൂണിറ്റിൽ ശ്രമിക്കുന്നു.*

4

# ദാരിദ്ര്യം

## പഠനലക്ഷ്യങ്ങൾ

- ദാരിദ്ര്യത്തിന്റെ ലക്ഷണങ്ങൾ മനസ്സിലാക്കുന്നു.
- ദാരിദ്ര്യം എന്ന ആശയത്തോട് ബന്ധപ്പെട്ട വിവിധ കാര്യങ്ങൾ മനസ്സിലാക്കുന്നു.
- ദാരിദ്ര്യം കണക്കാക്കുന്ന രീതിശാസ്ത്രത്തെക്കുറിച്ച് വിമർശനാത്മകമായി വിലയിരുത്തുന്നു.
- നിലവിലുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളെ പരിശോധിക്കുന്നതിനും വിലയിരുത്തുന്നതിനും കഴിയുന്നു.

*ബഹുഭൂരിഭാഗം ജനങ്ങളും ദാരിദ്ര്യത്തിലും കഷ്ടതയിലുമുള്ള ഒരു സമൂഹത്തിന് തീർച്ചയായും സമൃദ്ധിനേടുന്നതിനോ സന്തുഷ്ടമായി ജീവിക്കുന്നതിനോ കഴിയില്ല.*

*ആഡം സ്മിത്ത്.*

## 4.1 ആമുഖം

കഴിഞ്ഞ ഏഴ് ദശാബ്ദായി ഇന്ത്യൻ സമ്പദ്വ്യവസ്ഥയിലുണ്ടായ സാമ്പത്തിക വികാസത്തിനാധാരമായ നയങ്ങളും അതിന്റെ ഫലമായി വിവിധ വികസന സൂചികകളിൽ ഇന്ത്യ എത്രത്തോളം മുന്നോട്ട് പോയി എന്നുമാണ് മുൻ അധ്യായങ്ങളിൽ നാം കണ്ടത്. ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുകയും അസമത്വം കുറക്കുകയും ചെയ്യുക എന്നത് സ്വതന്ത്ര ഇന്ത്യയുടെ ലക്ഷ്യമായിരുന്നു. ദരിദ്രരിൽ ദരിദ്രരായവരെ ഉയർത്തി കൊണ്ടു വരുന്നതും ദരിദ്രരെ മുഖ്യധാരയിലെത്തിക്കുന്നതും അവർക്ക് ഉയർന്ന ജീവിത നിലവാരം നേടിക്കൊടുക്കുന്നതിനുമാണ് ഓരോ പഞ്ചവത്സര പദ്ധതിയും ഊന്നൽ നല്കിയത്.

1947ൽ ഭരണഘടനാ നിർമ്മാണ സഭയെ സംബോധന ചെയ്തു കൊണ്ട് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പറഞ്ഞു. 'നമ്മുടെ ഈ നേട്ടം (സ്വാതന്ത്ര്യം) നമ്മെ കാത്തിരിക്കുന്ന വലിയ വിജയങ്ങളിലേക്കും അവസരങ്ങളിലേക്കും ഉള്ള ഒരു കാൽ വെപ്പാണ്.., ദാരിദ്ര്യം, അറിവില്ലായ്മ, രോഗങ്ങൾ, അവസരസമത്വമില്ലായ്മ തുടങ്ങിയവ ഇല്ലാതാക്കാൻ ......'

എന്തൊക്കെയായാലും നാം എവിടെ എത്തി നിൽക്കുന്നുവെന്ന് മനസ്സിലാക്കേണ്ടതുണ്ട്. ലോകത്തിലെ ദരിദ്രരുടെ അഞ്ചിലൊന്ന് ഇവിടെ വസിക്കുന്നത് ഇന്ത്യക്ക് മാത്രമല്ല, അടിസ്ഥാനാവശ്യങ്ങൾ പോലും നിറവേറ്റാൻ കഴിയാത്ത 30 കോടിയോളം ദരിദ്രരുള്ള ലോകത്തിന് തന്നെ, ദാരിദ്ര്യം ഇന്നൊരു വെല്ലുവിളിയാണ്.

ദാരിദ്ര്യത്തിന് പല മുഖങ്ങളുണ്ട്. ഇത് സ്ഥലകാലങ്ങൾക്കനുസരിച്ച് വ്യത്യാസപ്പെടുകയും പല രീതിയിൽ വിശദീകരിക്കപ്പെടുകയും ചെയ്യുന്നു. ദാരിദ്ര്യമെന്നത് ജനങ്ങൾ ഒഴിവാക്കാൻ ആഗ്രഹിക്കുന്ന ഒരു അവസ്ഥയാണ്. കൂടുതൽ പേർക്ക് ഭക്ഷ്യവസ്തുക്കൾ, മതിയായ പാർപ്പിട സൗകര്യങ്ങൾ, വിദ്യാഭ്യാസ ലഭ്യത, ആരോഗ്യം, അക്രമങ്ങളിൽ നിന്നുള്ള സംരക്ഷണം, സ്വന്തം ചുറ്റുപാടുകളിൽ എന്ത് നടക്കുന്നുവെന്ന് വിളിച്ചു പറയാനുള്ള സ്വാതന്ത്ര്യം തുടങ്ങിയവക്കുള്ള ഒരു ഉദ്ബോധനം എന്ന രീതിയിൽ ദാരിദ്ര്യം എന്നത് ധനികനും ദരിദ്രനും ഒരു പോലെ പ്രവർത്തിക്കേണ്ടതിനുള്ള ആഹ്വാനമാണ്.

ദാരിദ്ര്യത്തെ എങ്ങനെ ലഘൂകരിക്കാം, ഏതെല്ലാം ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ വിജയിച്ചു, ഏതെല്ലാം പരാജയപ്പെട്ടു, കാലാകാലങ്ങളിൽ എന്തെല്ലാം മാറ്റങ്ങളുണ്ടായി എന്നെല്ലാം അറിയുന്നതിന് ദാരിദ്ര്യത്തെ നിർവ്വചിക്കണം, അളക്കണം, പഠിക്കണം, അതിലുപരി അനുഭവിക്കുകയും വേണം. ദാരിദ്ര്യം എന്ന ആശയത്തിന് വ്യത്യസ്ത മാനങ്ങൾ ഉള്ളത് കൊണ്ട് തന്നെ അതിനെ പലവിധ സൂചകങ്ങളിലൂടെ – വരുമാനം, ഉപഭോഗം, സാമൂ

ഹ്യസൂചകങ്ങൾ, അപായസാധ്യതാ സൂചകങ്ങൾ, സാമൂഹ്യരാഷ്ട്രീയ പ്രാപ്യത മുതലായവ നോക്കിക്കാണുകയാണ് നാം ഇവിടെ ചെയ്യുന്നത്.

## 4.2 ആരാണ് ദരിദ്രർ ?

നമുക്കിടയിൽ, (ഗ്രാമങ്ങളിലും നഗരങ്ങളിലും) ചിലർ ദരിദ്രരും ചിലർ ധനികരും ആയിരിക്കുന്നത് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാകുമല്ലോ? അനുവിന്റെയും സുധയുടേയും കഥ വായിക്കുക. ജീവിതത്തിന്റെ രണ്ടറ്റങ്ങൾക്ക് ഉദാഹരണമാണവർ. (ബോക്സ് 4.1 കാണുക) ഈ അറ്റങ്ങൾക്കിടയിലും വിവിധ തലത്തിലുള്ള ജനങ്ങളുണ്ട്.

ഉന്തുവണ്ടിക്കാരും, തെരുവിൽ ചെരുപ്പു കുത്തുന്നവരും, പൂമാല കെട്ടുന്ന സ്ത്രീകളും, പാഴ്‌വസ്തുക്കൾ പെറുക്കുന്നവരും തെരുവുകച്ചവടക്കാരും, യാചകരുമെല്ലാം നഗരപ്രദേശങ്ങളിലെ ദരിദ്രരും ക്ലേശജീവിതം നയിക്കുന്നവരുമായ ജനവിഭാഗങ്ങൾക്ക് ഉദാഹരണങ്ങളാണ്. ഇവർ തീരെ കുറഞ്ഞ ആസ്തിയുള്ളവരാണ്. ഇവർ ജീവിക്കുന്നത് പുല്ലും ഓലയും മുളയും മരവും ചൂളവെച്ച മണ്ണും കൊണ്ട് നിർമ്മിച്ച കുടിലുകളിലാണ്. ഇവരിൽ ഏറ്റവും ദരിദ്രരായവർക്കാകട്ടെ, ഇത്തരത്തിലുള്ള വീടുകൾ പോലുമില്ല. സ്വന്തമായി ഭൂമിയില്ലാത്തവരേയും കിടപ്പാടമില്ലാത്തവരേയും ധാരാളം കാണാവുന്നതാണ്. ചിലർക്ക് ഭൂമിയുണ്ടെങ്കിലും അത് വരണ്ടതോ ഉപയോഗശൂന്യമോ ആണ്. ചിലർ ദിവസേന ഒരു നേരത്തെ ഭക്ഷണം പോലും ലഭിക്കാത്തവരാണ്. തീരെ ദരിദ്രരായ കുടുംബങ്ങളുടെ മുഖമുദ്രയാണ് വിശപ്പും ഭക്ഷണമില്ലായ്മയും. സാക്ഷരതയിലും തൊഴിൽ വൈദഗ്ധ്യത്തിലും ഇവർ പിന്നിലാണ്. അതുകൊണ്ട് തന്നെ വളരെ പരിമിതമായ സാമ്പത്തിക അവസരങ്ങൾ മാത്രമേ ഇവർക്ക് ലഭിക്കുന്നുള്ളൂ. ദരിദ്രർക്ക് സ്ഥിരമായ തൊഴിൽ ലഭിക്കുന്നില്ല.

പോഷകാഹാര കുറവ് ദരിദ്രരുടെ ഇടയിൽ അപകടകരമാംവണ്ണം കൂടുതലാണ്. അനാരോഗ്യം, മാറാരോഗങ്ങൾ തുടങ്ങിയവ ഇവരെ ശാരീരികമായും ദുർബലരാക്കുന്നു. ഇവർ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളിൽ നിന്നും ഉയർന്ന പലിശക്ക് വായ്പയെടുത്ത് കടക്കെണിയിലാകുന്നു. വളരെ ക്ലേശകരമായ ജീവിതം നയിക്കുന്നവരാണിവർ. അവകാശപ്പെട്ട വേതനം പോലും ചോദിച്ചുവാങ്ങാൻ കഴിവില്ലാതെ തൊഴിലുടമകളുടെ ചൂഷണത്തിന് വിധേയമാകുന്ന അരക്ഷിതരാണിവർ. വൈദ്യുതി, പാചകവാതകം തുടങ്ങിയവ ഇവർക്ക് പ്രാപ്യമല്ല.

### ബോക്സ് 4.1 അനുവും സുധയും

അനുവും സുധയും ഒരേ ദിവസം ജനിച്ചവരാണ്. അനുവിന്റെ അച്ഛനുമമ്മയും നിർമ്മാണത്തൊഴിലാളികളായിരന്നു. സുധയുടെ അച്ഛൻ ഒരു ബിസിനസ്സുകാരനും അമ്മ ഒരു ഡിസൈനറും ആയിരുന്നു.

അനുവിന്റെ അമ്മ അവളെ പ്രസവിക്കുന്ന സമയം വരേയും തലയിൽ ഇഷ്ടികകൾ ചുമന്ന് കൊണ്ടുവന്നിരുന്നു. ഇതിനിടയിൽ അവൾ പണിയായുധപ്പുര (Tool Shed) യുടെ പിൻഭാഗത്ത് പോകുകയും ഒറ്റക്ക് തന്നെ തന്റെ കുഞ്ഞിന് ജന്മം നൽകുകയും ചെയ്തു. അവൾ കുഞ്ഞിനെ പാലൂട്ടി. ഒരു പഴയ സാരി കൊണ്ട് പുതപ്പിച്ചു. ചണച്ചാക്ക് കൊണ്ട്

ഒരു തൊട്ടിൽ ഉണ്ടാക്കി. അനുവിനെ അതിൽ കിടത്തി ഒരു മരക്കൊമ്പിൽ തൂക്കിയിട്ടു. തൊഴിൽ നഷ്ടപ്പെടുമോ എന്ന ഭീതികൊണ്ട് അവൾ ധൃതിയിൽ തൊഴിൽ സ്ഥലത്തേക്ക് പോയി. അനു വൈകുന്നേരംവരെ ഉറങ്ങുമെന്ന് അവൾ കണക്ക് കൂട്ടി.

നഗരത്തിലെ ഏറ്റവും നല്ല ആശുപത്രികളിലൊന്നിലാണ് സുധ ജനിച്ചത്. ഡോക്ടർ മാർ അവളെ നല്ല രീതിയിൽ പരിശോധിച്ചിരുന്നു. അവളെ കുളിപ്പിക്കുകയും മൃദുവായ വസ്ത്രങ്ങളണിയിക്കുകയും ചെയ്തു. അമ്മയുടെ തൊട്ടടുത്തുള്ള അഴികട്ടിലിൽ (Crib) അവളെ കിടത്തി. വിശക്കുമ്പോഴെല്ലാം അമ്മ അവളെ പാലൂട്ടി. അവളെ ആശ്ലേഷിച്ചു, ചുംബിച്ചു, അവൾക്ക് വേണ്ടി ഉറക്ക് പാട്ടുകൾ പാടി. അവളുടെ കുടുംബവും സുഹൃ ത്തുക്കളും അവളുടെ ജനനം ആഘോഷിച്ചു.

അനുവിന്റേയും സുധയുടേയും കുട്ടിക്കാലം വളരെ വ്യത്യസ്തമായിരുന്നു.വളരെ ചെറു പ്രായത്തിൽ തന്നെ അനു അവളുടെ കാര്യങ്ങൾക്കെല്ലാം ശേഷിയുള്ളവളായി. വിശപ്പും അധസ്ഥിതാവസ്ഥയും എന്താണെന്നവൾ തിരിച്ചറിഞ്ഞു. ചവറ്റുകൊട്ടയിൽ നിന്നും ഭക്ഷ ണം കണ്ടെത്താൻ അവൾ പഠിച്ചു. ശൈത്യകാലത്ത് ചൂട് നിലനിർത്തുന്നതെങ്ങനെയെന്നും മഴക്കാലത്ത് സംരക്ഷണം തേടുന്നതെങ്ങനെയെന്നും കല്ലുകൾ കൊണ്ടും ചുള്ളിക്കമ്പുകൾ കൊണ്ടും കമ്പി കഷ്ണങ്ങൾക്കൊണ്ടും കളിക്കുന്നതെങ്ങനെയെന്നും അവൾ പഠിച്ചു. അ വളുടെ രക്ഷിതാക്കൾ കുടിയേറിയ തൊഴിലാളികളായതിനാലും നഗരങ്ങളിൽ നിന്നും നഗ രങ്ങളിലേക്ക് തൊഴിൽ തേടി പോകേണ്ടതിനാലും അനുവിന് വിദ്യാലയത്തിൽ പോകാൻ ക ഴിഞ്ഞില്ല.

അനുവിന് നൃത്തം വളരെ ഇഷ്ടമായിരുന്നു. എവിടെ ഒരു പാട്ട് കേട്ടാലും അതിനനു സരിച്ചവൾ നൃത്തം ചെയ്യുമായിരുന്നു. അവൾ വളരെ സുന്ദരിയായിരുന്നു. അവളുടെ ച ലനങ്ങൾ സുന്ദരവും ആകർഷകവുമായിരുന്നു. ഒരു വേദിയിൽ നൃത്തം ചെയ്യുകയെന്നത് അവളുടെ സ്വപ്നമായിരുന്നു. അവൾ ഒരു വലിയ നർത്തകിയാകുമായിരുന്നു. പക്ഷെ ത ന്റെ 12-ാമത്തെ വയസിൽ അവൾക്ക് ജോലിക്ക് പോകേണ്ടി വന്നു. അവൾക്ക് തന്റെ അ ച്ഛനമ്മമാരോടൊപ്പം ധനികർക്കുള്ള വീടുകൾ നിർമ്മിച്ച് (അവൾ ഒരിക്കലും അത്തരം വീ ടുകളിൽ താമസിച്ചിട്ടില്ലെങ്കിലും) ജീവിത മാർഗ്ഗം കണ്ടെത്തേണ്ടി വന്നു.

സുധ നല്ല ഒരു പ്ലേ സ്കൂളിൽ ചേർന്നു. അവിടെ നിന്നും വായിക്കുവാനും എഴുതുവാ നും എണ്ണുവാനും അവൾ പഠിച്ചു. പ്ലാനറ്റോറിയത്തിലേക്കും മ്യൂസിയത്തിലേക്കും ദേശീയോ ദ്യാനങ്ങളിലേക്കും അവൾ വിനോദയാത്രകൾ നടത്തി. അതിനുശേഷം വളരെ നല്ലൊരു വി ദ്യാലയത്തിൽ ചേർന്നു. ചിത്രരചന അവൾക്ക് വളരെ ഇഷ്ടമായിരുന്നു. ഒരു പ്രസിദ്ധനായ ചി ത്രകാരനിൽ നിന്നും അവൾക്ക് സ്വകാര്യ പരിശീലനം ലഭിച്ചു. ഒരു ഡിസൈൻ സ്കൂളിൽ ചേ രുകയും ഒരു പ്രശസ്ത ചിത്രകാരിയായി മാറുകയും ചെയ്തു.

ഉണക്കിയ ചാണകവും, വിറകുമാണ് ഇവർ ഭക്ഷണം പാചകം ചെയ്യാൻ ഉപയോ ഗിക്കുന്നത്. ഇവരിൽ ഭൂരിഭാഗത്തിനും ശുദ്ധമായ കുടിവെള്ളം പോലും ലഭ്യമല്ല. വരു മാനമുണ്ടാക്കുന്ന തൊഴിലവസരങ്ങളിലും വിദ്യാഭ്യാസത്തിലും കുടുംബങ്ങളിൽ വിവിധ തീരുമാനങ്ങളെടുക്കുന്നതിൽ പോലും കടുത്ത ലിംഗവിവേചനം ഇവർക്കിടയിൽ നിലനിൽക്കുന്നു. ഗർഭിണികളെ പരിചരി ക്കുന്ന കാര്യത്തിലും ആരോഗ്യമുള്ള കുഞ്ഞിന് ജന്മം കൊടുക്കുന്ന കാര്യത്തി ലുമെല്ലാം ദരിദ്രസ്ത്രീകൾ അവഗണി ക്കപ്പെടുന്നു.




ചിത്രം 4.1 ഭൂരിഭാഗം കാർഷിക തൊഴിലാളികളും ദരിദ്രരാണ്

നഗരപ്രദേശങ്ങളിലാകട്ടെ മെച്ചപ്പെട്ട ഉപജീവനത്തിനായി ഗ്രാമങ്ങളിൽ നിന്നും കുടിയേറിയവരും കൂലിത്തൊഴിലാളികളും, റോഡരികിൽ കച്ചവടം ചെയ്യുന്ന സ്വയം തൊഴിൽ കണ്ടെത്തിയവരും മറ്റ് പ്രവർത്തനങ്ങൾ ചെയ്യുന്നവരും ഇക്കൂട്ടത്തിൽപ്പെടുന്നു.

വിദഗ്ധർ ദരിദ്രരെ തിരിച്ചറിയുന്നത് അവരുടെ തൊഴിലിന്റെയും ആസ്തികളുടെ ഉടമസ്ഥതയുടേയും അടിസ്ഥാനത്തിലാണ്. ഗ്രാമപ്രദേശങ്ങളിലെ ദരിദ്രർ ഭൂരിഭാഗവും ഭൂരഹിതരായ കർഷകത്തൊഴിലാളികളോ കുറഞ്ഞ നാമമാത്രഭൂമി കൈവശമുള്ള കർഷകരോ കർഷകകുടിയാൻമാരോ കാർഷികേതര തൊഴിലാളികളോ ആണ്.

## 4.3 ദരിദ്രരെ എങ്ങനെ തിരിച്ചറിയാം

ഇന്ത്യയിലെ ദാരിദ്ര്യം ഇല്ലാതാക്കുന്നതിന് ദാരിദ്ര്യത്തിന്റെ കാരണങ്ങൾ മനസ്സിലാക്കിക്കൊണ്ടുള്ള പ്രായോഗികവും കാര്യക്ഷമവുമായ തന്ത്രങ്ങൾ കണ്ടെത്തുകയും ദരിദ്രരെ ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുകയും വേണം. ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിന് ആരാണ് ദരിദ്രർ എന്ന് കണ്ടെത്തേണ്ടിയിരിക്കുന്നു. ഇതിനായി ദാരിദ്ര്യംഅളക്കുന്നതിനുള്ള ഒരു മാനദണ്ഡം വികസിപ്പിക്കേണ്ടതുണ്ട്. അതുപോലെ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനുള്ള ഘടകങ്ങൾ ശ്രദ്ധാപൂർവ്വം തെരെഞ്ഞെടുക്കേണ്ടതുണ്ട്.



ചിത്രം 4.2 ധാരാളം കുടുംബങ്ങൾ ജീവിക്കുന്നത് പുൽമേഞ്ഞ കുടിലുകളിലാണ്.

സ്വാതന്ത്ര്യപൂർവ്വ ഭാരതത്തിൽ ദാരിദ്ര്യരേഖ എന്ന ആശയം ഉയർത്തിക്കൊണ്ടുവന്നത്

## എന്താണ് ദാരിദ്ര്യം ( What is Povetry?)

ഷഹീൻ റാഫി ഖാൻ, ഡാമിയൻ കില്ലൻ എന്നീ പണ്ഡിതർ ദരിദ്രരുടെ അവസ്ഥയെ ഇങ്ങനെ സംഗ്രഹിക്കുന്നു. 'ദാരിദ്ര്യം എന്നത് വിശപ്പാണ്. ദാരിദ്ര്യം എന്നത് അസുഖം വന്നിട്ടും ഡോക്ടറെ കാണുവാൻ കഴിയാത്ത അവസ്ഥയാണ്. ദാരിദ്ര്യം എന്നത് വിദ്യാലയത്തിൽ പോകുന്നതിനോ വായിക്കുന്നതിനോ കഴിവില്ലാതിരിക്കുന്നതാണ്. ദാരിദ്ര്യം എന്നത് തൊഴിലില്ലാതിരിക്കുന്നതാണ്. ദാരിദ്ര്യം എന്നത് ഭാവിയിൽ ഒരു നേരത്തെ ഭക്ഷണമെങ്കിലും ലഭിക്കുമോ എന്നതിനെക്കുറിച്ചുള്ള ആശങ്കയാണ്. ദാരിദ്ര്യം എന്നത് ശുദ്ധജലം ലഭിക്കാത്തതിനാൽ ഒരു കുട്ടിക്ക് അസുഖം പിടിപെടുന്നതാണ്. ദാരിദ്ര്യം എന്നത് അധികാരമില്ലായ്മയും പ്രാതിനിധ്യവും സ്വാതന്ത്ര്യവുമില്ലായ്മയുമാണ്.' നിങ്ങൾ ഇതിനെക്കുറിച്ച് എന്തുപറയുന്നു?

ദാദാഭായ് നവറോജിയാണ്. ജയിൽപ്പുള്ളികളുടെ ആഹാരക്രമത്തിനുള്ള മെനു അദ്ദേഹം തെരെഞ്ഞെടുക്കുകയും നിലവിലുള്ള വിലകളുടെ അടിസ്ഥാനത്തിൽ ജയിൽ ജീവിത ചെലവ് സൂചിക തയ്യാറാക്കുകയും ചെയ്തു. തടവുകാർക്കിടയിൽ പ്രായപൂർത്തിയായവർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ജനസംഖ്യയിൽ മുതിർന്നവരും കുട്ടികളും ഉൾപ്പെടുന്നു. അതിനാൽ അനുയോജ്യമായ ചില ക്രമീകരണങ്ങൾ നടത്തിയാണ് ജയിൽ ജീവിത ചെലവ് സൂചിക തയാറാക്കിയത്. ജനസംഖ്യയിൽ മൂന്നിലൊന്ന് ഭാഗം കുട്ടികളാണ്. ഇവരിൽ പകുതി പേർ കുറച്ചു മാത്രം ഭക്ഷണം കഴിക്കുന്നവരും, ബാക്കി പകുതി പേർ മുതിർന്നവർ കഴിക്കുന്നതിന്റെ പകുതി മാത്രം ഭക്ഷണം കഴിക്കുന്നവരുമാണ്.

അതായത്,

(1/6 ) (ഇല്ല) + (1/6) (പകുതി) + 2/3 X (മുഴുവൻ)

1/12 +2/3

9/12 = 3/4(മുഴുവൻ)

ഈ മൂന്ന് വിഭാഗങ്ങളുടേയും ഉപഭോഗത്തിൻെറ ഭാരിത ശരാശരി (Weighted Average) ഉപയോഗിച്ചാണ് ദാരിദ്ര്യരേഖ കണക്കാക്കുന്നത്. ഇതിൻപ്രകാരം ജയിൽ ജീവിത ചെലവിന്റെ 3/4 ഭാഗത്തെയാണ് ശരാശരി ദാരിദ്ര്യരേഖയായി കണക്കാക്കിയത്.

സ്വാതന്ത്ര്യാനന്തരഭാരതത്തിൽ ദരിദ്രരുടെ എണ്ണം നിർണയിക്കുന്നതിനുള്ള സംവിധാനം കണ്ടെത്തുന്നതിന് ധാരാളം ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. ഉദാഹരണത്തിന് 1962ൽ ഇന്ത്യയുടെ ആസൂത്രണ കമ്മീഷൻ ഒരു പഠന ഗ്രൂപ്പ് രൂപീകരിച്ചു. 1979 ൽ "ടാസ്ക് ഫോഴ്സ് ഓൺ പ്രൊജക്ഷൻസ് ഓഫ് മിനിമം നീഡ്സ് ആന്റ് ഇഫക്ടീവ് കൺസംപ്ഷൻ ഡിമാൻറ്" എന്ന കർമ്മ സേന രൂപീകരിച്ചു. 1989 ലും 2005ലും ഇതേ ലക്ഷ്യം വെച്ച് വിദഗ്ധ ഗ്രൂപ്പ് രൂപീകരിച്ചു. ആസൂത്രണ കമ്മീഷനുപുറമെ പല സാമ്പത്തിക വിദഗ്ധരും ഇത്തരം സംവിധാനം വികസിപ്പിക്കുന്നതിന് ശ്രമിച്ചിട്ടുണ്ട്.

ദാരിദ്ര്യത്തെ നിർവചിക്കുന്നതിനായി ജനങ്ങളെ ദരിദ്രർ, ദരിദ്രരല്ലാത്തവർ എന്നിങ്ങനെ രണ്ടായി തിരിക്കുന്നു. ദാരിദ്ര്യരേഖ ഈ രണ്ട് വിഭാഗത്തേയും വേർതിരിക്കുന്നു. ദരിദ്രർ പലതരത്തിലുണ്ട്. കേവല ദരിദ്രർ

**ചാർട്ട് 4.1 ദാരിദ്ര്യ രേഖ**

| കേവല/ സമ്പൂർണ്ണ ദരിദ്രർ | വളരെ ദരിദ്രർ | ദരിദ്രർ | അത്ര ദരിദ്രർ അല്ലാത്തവർ | മദ്ധ്യ വർഗം | ഉപരി മദ്ധ്യ വർഗം | ധനികർ | വളരെ ധനികർ | കോടീശ്വരന്മാർ | ശത കോടീശ്വരന്മാർ |
|---|---|---|---|---|---|---|---|---|---|
| ദരിദ്രർ | | | ദരിദ്രരല്ലാത്തവർ | | | | | | |


(Absolutely Poor) ആപേക്ഷിക ദരിദ്രർ (Relatively Poor) വളരെ ദരിദ്രർ (Very poor) ദരിദ്രർ (Poor). അതുപോലെ ദരിദ്രരല്ലാത്തവരും പല തരത്തിലുണ്ട്. മധ്യവർഗ്ഗം (Middle Class), ഉപരി മധ്യവർഗ്ഗം (Upper middle class), ധനികർ (Rich), വളരെ ധനികർ, (Very rich), പൂർണ്ണ ധനികർ (Absolutely rich) എന്നിങ്ങനെ. കേവലദരിദ്രൻ മുതൽ പൂർണ ധനികൻ വരെയുള്ള വിഭാഗങ്ങളെ ഒരു തുടർച്ചയായി ദാരിദ്ര്യരേഖയുടെ സഹായത്താൽ വിശദീകരിക്കാം.

**ദരിദ്രരെ തരംതിരിക്കൽ** ദാരിദ്ര്യത്തെ വ്യത്യസ്ത രീതിയിൽ തരം തിരിക്കാം ഇതിൽ ഒന്ന് **ദാരിദ്ര്യം വിട്ടുമാറാത്തവർ** (Chronic poor ) എന്ന വിഭാഗമാണ്. നിത്യദരിദ്രരും (Always poor ) സാധാരണ ദരിദ്രരും (Usually poor ) കൂലിവേലക്കാരെ പോലെ ചിലപ്പോൾ അല്പം വരുമാനം ലഭിക്കുന്നവർ ചേർന്ന വിഭാഗമാണിത്. അടുത്തതായി ക്ഷണിക ദരിദ്രർ (Transient Poor) എന്ന വിഭാഗമാണ്. ഇടക്കൊക്കെ ദാരിദ്ര്നല്ലാതാവുന്ന ഇടക്കാല ദരിദ്രരും (Churning poor ) (ഉദാ: ചെറുകിട കർഷകരും കർഷകത്തൊഴിലാളികളും), മിക്ക സമയത്തും ദരിദ്രരല്ലാത്തവരും എന്നാൽ ചിലപ്പോൾ ദാരിദ്ര്യത്തിലാവുകയും ചെയ്യുന്ന വല്ലപ്പോഴും ദരിദ്രരും (Occasionally poor ) ഇക്കൂട്ടത്തിൽ പെടുന്നു. മൂന്നാമതായി ഒരിക്കലും ദരിദ്രരല്ലാത്തവർ (NeverPoor) അഥവാ ദാരിദ്ര്യ ഹീനർ (Non poor) എന്ന വിഭാഗമാണ്.

### ദാരിദ്ര്യരേഖ (Povetry Line)

ഇനി നമുക്ക് ദാരിദ്ര്യ രേഖ നിർണ്ണയിക്കുന്നതെങ്ങനെ എന്ന് നോക്കാം. ദാരിദ്ര്യ രേഖ നിശ്ചയിക്കുന്നതിന് ധാരാളം രീതികൾ നിലവിലുണ്ട്. ഒന്നാമത്തേത് ഒരാൾക്ക് തൊഴിൽ ചെയ്യാൻ ലഭിക്കേണ്ട ഊർജ്ജത്തിന്റെ കലോറി മൂല്യത്തിനാവശ്യമായ ചെലവിന്റെ (ആളോഹരി ചെലവ്) അടിസ്ഥാനത്തിലുള്ളതാണ്. അതായത്, ഗ്രാമങ്ങളിൽ

ചാർട്ട് 4.2 ദാരിദ്ര്യം വിട്ടുമാറാത്തവർ (Chronic poor), ക്ഷണിക ദരിദ്രർ (Transient poor), ദരിദ്ര രല്ലാത്തവർ (Non-poor)



400 കിലോകലോറിയും നഗരങ്ങളിൽ 2100 കിലോകലോറിയും ഊർജം വേണമെന്ന് നിശ്ചയിച്ചു. ഇതിൻ പ്രകാരം 2009-10 വർഷം ഗ്രാമപ്രദേശങ്ങളിൽ ഒരാൾക്ക് ഈ കലോറി മൂല്യം ലഭിക്കുന്നതിന് 673 രൂപയും നഗരങ്ങളിൽ 860 രൂപയും ലഭിക്കണമായിരുന്നു.

ദരിദ്രരെ തിരിച്ചറിയാൻ കുടുംബങ്ങളുടെ വരുമാനത്തിന് പകരമായി മാസ ആളോഹരി ചെലവ് (Monthly Per Capita Expenditure MPCE) ആണ് എടുക്കുന്നത്. നമ്മുടെ രാജ്യത്തെ ദരിദ്രരെ തിരിച്ചറിയാൻ ഇത് മതിയായ ഒരു സംവിധാനമാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ?

ഈ സംവിധാനത്തിന്റെ ഏറ്റവും വലിയ പോരായ്മ, ഇത് ദരിദ്രരെ വളരെ ദരിദ്രർ, മറ്റ് ദരിദ്രർ എന്നിങ്ങനെ തരം തിരിക്കുന്നതിന് പകരം, എല്ലാവരേയും ഒന്നായി കാണുന്നു എന്നതാണ്. (ചാർട്ട് 4.2 കാണുക) ഭക്ഷണത്തിനും തെരെഞ്ഞെടുത്ത വളരെ കുറച്ച് സാധനങ്ങൾക്കും ആവശ്യമായ ചെലവ് മാത്രമാണ് ഈ രീതിയിൽ കണക്കിലെടുക്കുന്നത്. ഇതിനെ സാമ്പത്തിക വിദഗ്ധർ ചോദ്യം ചെയ്യുന്നുണ്ട്. സർക്കാർ സഹായം നൽകേണ്ട ദരിദ്ര ജനവിഭാഗം ഏതെന്ന് തിരിച്ചറിയാൻ ഈ രീതി സഹായിക്കുന്നുണ്ടെങ്കിലും, സഹായം ഏറ്റവുമധികം ആവശ്യമുള്ളവരെ കണ്ടുപിടിക്കാൻ വളരെ പ്രയാസമാണ്.

വരുമാനം ആസ്തി എന്നിവക്ക് പുറമെ അടിസ്ഥാന വിദ്യാഭ്യാസ ലഭ്യത, ആരോഗ്യരക്ഷാ സൗകര്യങ്ങൾ, ശുദ്ധമായ കുടിവെള്ളം, പൊതു ശുചിത്വം തുടങ്ങിയവയും ദാരിദ്ര്യവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇവ കൂടി കണക്കിലെടുത്താണ് ദാരിദ്ര്യ രേഖ നിർണ്ണയക്കേണ്ടത്. ദാരിദ്ര്യരേഖ നിർണയിക്കുന്ന നിലവിലെ സംവിധാനം, ദാരിദ്ര്യത്തെ ഉത്തേജിപ്പിക്കുകയും സ്ഥായിയാക്കുകയും ചെയ്യുന്ന നിരക്ഷരത, അനാരോഗ്യം, വിഭവങ്ങൾ ലഭ്യമല്ലായ്ക, രാഷ്ട്രീയവും രാഷ്ട്രീയേതരവുമായ സ്വാതന്ത്ര്യമില്ലായ്ക തുടങ്ങിയ സാമൂഹ്യ ഘടകങ്ങളെ പരിഗണിച്ചുകൊണ്ടുള്ളതല്ല. ഇതിനായി ഒരാൾക്ക് ആരോഗ്യപരവും പോഷകസമൃദ്ധവും അവബോധം നൽകുന്നതും സാമൂഹ്യ ജീവനത്തിൽ പങ്കാളിയാകാൻ പ്രാപ്തമാക്കുന്ന വിവിധ സാധ്യതകൾ വികസിപ്പിച്ചു കൊണ്ട് മനുഷ്യജീവിതത്തെ മെച്ചപ്പെടുത്തുക എന്നിവയായിരിക്കണം ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളിലൂടെ ലക്ഷ്യം വെക്കേണ്ടത്. ഈ വീക്ഷണത്തിൽ, ഒരു **വ്യക്തിയുടെ നിരക്ഷരത, അനാരോഗ്യം, വിഭവങ്ങൾ ലഭ്യമല്ലായക, രാഷ്ട്രീയവും അല്ലാത്തതുമായ സ്വാതന്ത്ര്യത്തിന്റെ അഭാവം തുടങ്ങിയ പ്രതിബന്ധങ്ങളെ നീക്കം ചെയ്യുന്ന പ്രവർത്തനമാണ് വികസനം.**

ഉയർന്ന വളർച്ചാ നിരക്ക്, കാർഷികോൽപാദനത്തിലുള്ള വർദ്ധനവ്, ഗ്രാമങ്ങളിൽ തൊഴിലുകൾ സൃഷ്ടിക്കൽ, 1990 കളിലെ സാമ്പത്തിക പരിഷ്കരണ നടപടികൾ എന്നിവയുടെയെല്ലാം ഫലമായി ദരിദ്രരുടെ എണ്ണം കുറഞ്ഞിട്ടുള്ളതായി സർക്കാർ അവകാശപ്പെടുന്നുണ്ടെങ്കിലും സാമ്പത്തിക വിദഗ്ധർക്ക് ഈ വാദത്തിൽ സംശയമുണ്ട്. വിവരങ്ങൾ ശേഖരിച്ച രീതി, തെരെഞ്ഞെടുത്ത ഉപഭോഗവസ്തുക്കൾ, ദാരിദ്ര്യരേഖ കണക്കാക്കുന്നതിനായി സ്വീകരിച്ച രീതിശാസ്ത്രം, ദരിദ്രരുടെ എണ്ണം എന്നിവയിലെല്ലാം കൃത്രിമം കാണിക്കുന്നതിനാലാണ്, ഇന്ത്യയിലെ ദരിദ്രരുടെ എണ്ണം ഇത്ര

കുറഞ്ഞു കാണുന്നതിന് കാരണമെന്ന് അവർ ചൂണ്ടിക്കാണിക്കുന്നു

ദാരിദ്ര്യം ഔദ്യോഗികമായി കണക്കാക്കുന്നതിന് ധാരാളം പരിമിതികൾ ഉള്ളതിനാൽ വിദഗ്ധർ മറ്റ് രീതികൾ അവലംബിക്കുന്നുണ്ട്. ഉദാഹരണമായി നൊബേൽ സമ്മാന ജേതാവ് അമർത്യാസെൻ, സെൻസൂചിക (Sen Index) തയ്യാറാക്കി. അതു പോലെ പോവർട്ടി ഗ്യാപ് ഇൻഡക്സ്, സ്ക്വയേർഡ് പോവർട്ടി ഗ്യാപ് തുടങ്ങിയവയുമുണ്ട്. ഇവയെക്കുറിച്ച് നിങ്ങൾ ഉയർന്ന ക്ലാസ്സുകളിൽ പഠിക്കും.

## 4.4 ഇന്ത്യയിലെ ദരിദ്ര്യരുടെ എണ്ണം

ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുടെ എണ്ണവും ജനസംഖ്യയും തമ്മിലുള്ള അനുപാതമാണ് തലയെണ്ണൽ അനുപാതം (Head Count Ratio)


ഇന്ത്യയിലെ ദരിദ്രരുടെ എണ്ണമെത്രയാണ്? അവർ എവിടെയാണ് താമസിക്കുന്നത്? കാലാകാലങ്ങളായി ദാരിദ്ര്യം കുറഞ്ഞുവരുന്നുണ്ടോ? എന്നിവയെല്ലാം അറിയാൻ നിങ്ങൾക്കും താൽപര്യമില്ലേ? ഇങ്ങനെ ദരിദ്രജനഎണ്ണം അനുപാതവും ശതമാനവും ഉപയോഗിച്ച് ഒരു താരതമ്യ വിശകലനം നടത്തുമ്പോൾ ജനങ്ങളുടെ ദാരിദ്ര്യത്തെക്കുറിച്ചും വിവിധ സംസ്ഥാനങ്ങളിലെ ദരിദ്രരുടെ വിതരണത്തെ കുറിച്ചും അറിവ് ലഭിക്കുന്നു.

ദാരിദ്ര്യം സംബന്ധിച്ച ഔദ്യോഗിക വിവരങ്ങൾ ലഭ്യമാക്കുന്നത് ആസൂത്രണ കമ്മീഷൻ ആണ്. NSSO ശേഖരിച്ച ഉപഭോഗ ച്ചെലവ് വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഇത് കണക്കാക്കുന്നത്. 1973 – 2010 കാലഘട്ടത്തിൽ, ദരിദ്രരുടെ എണ്ണവും ഇന്ത്യൻ ജനസംഖ്യയിൽ അവരുടെ അനുപാതവുമാണ് ചാർട്ട് 4.3 കാണിക്കുന്നത്. 1973-74ൽ 32 കോടിയിലധികം പേർ ദാരിദ്ര്യരേഖക്ക് താഴെയായിരുന്നു. 2004-05 ആയപ്പോഴേക്കും ദരിദ്രരുടെ എണ്ണം 30 കോടിയായി കുറഞ്ഞു. 1973-74-ൽ ജനസംഖ്യയുടെ 55 ശതമാനം പേരും ദാരിദ്ര്യരേഖക്ക് താഴെയായിരുന്നു. 2009-10-ൽ ഇത് 30 ശതമാനമായി കുറഞ്ഞു. 1973-74-ൽ ഏകദേശം 80 ശതമാനം ദരിദ്രരും

### പഠനപ്രവർത്തനങ്ങൾ

- ദരിദ്രരെ തിരിച്ചറിയുന്നതിന് വരുമാനത്തോടും ചെലവിനോടും ബന്ധപ്പെട്ട സൂചകങ്ങളെ കൂടാതെ ഭൂമി, പാർപ്പിടം, വിദ്യാഭ്യാസം, ആരോഗ്യം, ശുചീകരണ സൗകര്യങ്ങൾ എന്നിവയെ കൂടി ആശ്രയിച്ചിരിക്കുന്നുവെന്ന് 4.2, 4.3 പാഠഭാഗങ്ങളിൽ നിന്നും മനസ്സിലാക്കിയല്ലോ ചില വിവേചനപരമായ രീതികളെ കൂടി ഇവിടെ പരിഗണിക്കേണ്ടതുണ്ട്. മറ്റെല്ലാ സൂചികകളേയും ഉൾപ്പെടുത്തി കൊണ്ട് ഒരു ബദൽ ദാരിദ്ര്യരേഖ എങ്ങനെ നിർമ്മിക്കാം എന്ന് ചർച്ച ചെയ്യുക.
- ദാരിദ്ര്യരേഖയുടെ നൽകപ്പെട്ട നിർവചനത്തിന്റെ അടിസ്ഥാനത്തിൽ, നിങ്ങളുടെ പ്രദേശത്തുള്ള വീട്ടുവേലക്കാർ, അലക്കുകാർ പത്രവിതരണക്കാർ മുതലായവർ ദാരിദ്ര്യരേഖക്ക് താഴെയാണോ അല്ലയോ എന്ന് പരിശോധിക്കുക.


**ചാർട്ട് 4.3 ഇന്ത്യയിലെ ദാരിദ്ര്യത്തിന്റെ പ്രവണത 1973–2010**




ഗ്രാമ പ്രദേശങ്ങളിലായിരുന്നു. 2009–10 ആയപ്പോഴേക്കും ഇത് ഗണ്യമായി കുറഞ്ഞു. ചുരുക്കത്തിൽ നാലിൽ മൂന്ന് ഭാഗം ദരിദ്രരും ഗ്രാമങ്ങളിലാണ്. എന്തുകൊണ്ട് ഇതൊരു പ്രശ്നമായി വരുന്നില്ല?

1990 കളിൽ ഗ്രാമങ്ങളിലെ ദരിദ്രരുടെ എണ്ണം കുറഞ്ഞിട്ടുണ്ടെങ്കിലും നഗരങ്ങളിലെ ദരിദ്രരുടെ എണ്ണം അത്രത്തോളം വർദ്ധിച്ചിട്ടുണ്ട്. ദരിദ്രരുടെ അനുപാതം ഗ്രാമ നഗരങ്ങളിൽ കുറഞ്ഞു വരുന്നുണ്ട്. ചാർട്ട് 4.3 പ്രകാരം 1973–2010 കാലയളവിൽ ദരിദ്രരുടെ എണ്ണവും അനുപതവും കുറഞ്ഞിട്ടുണ്ട്. എന്നിരുന്നാലും ഈ രണ്ട് ഘടകങ്ങളിലും ദരിദ്രരുടെ എണ്ണം കുറയുന്നതിന്റെ സ്വഭാവം തൃപ്തികരമല്ല. ദരിദ്രരുടെ അനുപാതം ദരിദ്ര്യരുടെ എണ്ണത്തേക്കാൾ വളരെയധികം കുറഞ്ഞ നിരക്കിലാണ് കുറയുന്നത്. 1999–2000 കാലഘട്ടത്തിൽ ഗ്രാമപ്രദേശങ്ങളിലെ ദരിദ്രരുടെ എണ്ണം കുറഞ്ഞിട്ടുണ്ട്. അതേസമയം അനുപാതത്തിന്റെ കാര്യത്തിൽ ഇവ സ്ഥിരമായി തന്നെ നിൽക്കുന്നു. അതുപോലെ 2004–10 കാലത്ത് ദാരിദ്ര്യാനുപാതം വർദ്ധിച്ചിരിക്കുന്നു. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ ദാരിദ്ര്യത്തിന്റെ പ്രവണതകൾ ചാർട്ട് 4.4 ൽ നൽകിയിരിക്കുന്നു. ഇന്ത്യയിലെ അഞ്ച് സംസ്ഥാനങ്ങൾ ഉത്തർപ്രദേശ്, ബീഹാർ, മധ്യപ്രദേശ്, പശ്ചിമ ബംഗാൾ, ഒറീസ്സ എന്നിവയിലാണ് ഇന്ത്യയിലെ ദരിദ്ര്യരുടെ 70 ശതമാനവും താമസിക്കുന്നത്. 1973–74 കാലത്ത് ഈ സംസ്ഥാനങ്ങളിൽ മിക്കതിലും ജനങ്ങളുടെ പകുതിയോളം പേരും ദാരിദ്ര്യരേഖക്ക് താഴേയായിരുന്നു. ബീഹാർ എന്ന ഏക സംസ്ഥാനം 2009–10 ലും ഏറെക്കുറെ ഇതേ നിലയിൽ തന്നെയാണ്. ബീഹാറിൽ ദരിദ്രരുടെ എണ്ണം കുറഞ്ഞിട്ടുണ്ടെങ്കിലും മറ്റ് സംസ്ഥാനങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ ഈ കുറവ് നാമമാത്രമാണ്. തമിഴ്നാടിനെ സംബന്ധിച്ച് പറയുമ്പോൾ 1973–2010 കാലഘട്ടത്തിൽ, ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുടെ എണ്ണം 55 ശതമാനത്തിൽ നിന്നും 17 ശതമാനമായി കുറച്ചു കൊണ്ടുവന്നു. ഈ കാലഘട്ടത്തിൽ പശ്ചിമബംഗാൾ അവിടുത്തെ ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുടെ അനുപാതം 63 ശതമാനത്തിൽ നിന്നും 27 ശതമാനമായി കുറച്ചു.

**ചാർട്ട് 4.4ചില വലിയ സംസ്ഥാനങ്ങളിലെ ദാരിദ്ര്യരേഖക്ക് താഴെയുള്ള ജനസംഖ്യ,19732010 (%.)**




**കുറിപ്പ്:** *1973 വർഷത്തിൽ, ഉത്തർപ്രദേശിൽ ഇപ്പോഴത്തെ ഉത്തരാഖണ്ഡും, മധ്യപ്രദേശിൽ, ഛത്തീസ്ഗഢും, ബീഹാറിൽ ഝാർഖണ്ഡും ഉൾപ്പെടുന്നു.*

## 4.5 എന്താണ് ദാരിദ്ര്യത്തിന് കാരണം?

ദരിദ്രരുടെ ജീവിതത്തെ സഹായിക്കുന്ന സ്ഥാപനപരവും സാമൂഹികവുമായ ഘടകങ്ങളുടെ അഭാവമാണ് ദാരിദ്ര്യത്തിന് കാരണം. ദരിദ്രർക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭിക്കുന്നില്ല. അതിനാൽ മെച്ചപ്പെട്ടവരുമാനം ലഭ്യമാക്കുന്ന വൈദഗ്ധ്യം സ്വായത്തമാക്കാനുള്ള സാഹചര്യം അവർക്കില്ല. അതുപോലെ മെച്ചപ്പെട്ട ആരോഗ്യ ചികിത്സാസൗകര്യങ്ങളും അവർക്കില്ല. ജാതിയുടേയും മതത്തിന്റേയും മറ്റ് വിവേചന പരമായ പ്രവൃത്തികളുടേയും ഇരകളാണ് ദരിദ്രർ. ഇവയുടെയെല്ലാം കാരണം (1) സാമൂഹിക സാമ്പത്തിക രാഷ്ട്രീയ അസമത്വം, (2) സാമൂഹികമായ ഭ്രഷ്ട്, (3) തൊഴിലില്ലായ്മ, (4) കടക്കെണി, (5) സമ്പത്തിന്റെ അസന്തുലിതമായ വിതരണം തുടങ്ങിയവയാണ്. വ്യക്തി ദാരിദ്ര്യത്തിന്റെ ആകെ തുക മാത്രമാണ് മൊത്തം ദാരിദ്ര്യം. താഴ്ന്ന മൂലധന സ്വരൂപണം. അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം, ചോദനത്തിന്റെ കുറവ്, ജനസംഖ്യാ സമ്മർദ്ദം, സാമൂഹിക സുരക്ഷ /ക്ഷേമ പദ്ധതികളുടെ അഭാവം തുടങ്ങിയ സമ്പദ്‌വ്യവസ്ഥയിലുടനീളമുള്ള പ്രശ്നങ്ങളും പൊതുവിൽ ദാരിദ്ര്യത്തിന് കാരണമാകുന്നു.

ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണത്തെക്കുറിച്ച് ഒന്നാം അധ്യായത്തിൽ നാം പഠിച്ചു. ഇന്ത്യക്കാരുടെ ജീവിത നിലവാരത്തിൽ ബ്രിട്ടീഷ് ഭരണം ചെലുത്തിയ അന്തിമ ആഘാതത്തെക്കുറിച്ച് തർക്കം നിലനിൽക്കുന്നുണ്ടെങ്കിലും, ജനങ്ങളുടെ ജീവിത നിലവാരത്തിലും ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥയിലും എടുത്തുപറയത്തക്ക ഒരു പുറകോട്ടടി ഉണ്ടായി എന്നതിൽ സംശയമില്ല.

ബ്രിട്ടീഷ് ഭരണകാലത്ത് ഉയർന്ന തോതിലുള്ള അപവ്യവസായീകരണം (De-Industrialisation), നടന്നിട്ടുണ്ട്. ഇന്ത്യയിൽ പ്രാദേശികമായി ഉൽപാദിപ്പിച്ചിരുന്ന പരുത്തി വസ്ത്രത്തെ, ഇംഗ്ലണ്ടിലെ ലങ്കാഷയറിൽ നിന്ന് ഇറക്കുമതി ചെയ്ത നിർമ്മിത പരുത്തി വസ്ത്രങ്ങൾ നിഷ്കാസനം ചെയ്തെന്ന് മാത്രമല്ല, കേവലം പരുത്തി നൂൽ കയറ്റുമതി ചെയ്യുന്ന രാജ്യമാക്കി ഇന്ത്യ അധ:പതിക്കുന്നതിനും കാരണമായി.

ബ്രിട്ടീഷ് ഭരണകാലം മുതൽ തന്നെ, 70 ശതമാനത്തിലധികം ഇന്ത്യക്കാർ കാർഷിക മേഖലയെ ആശ്രയിച്ചിരുന്നു എന്നതിനാൽ ഈ മേഖലയിലുണ്ടാകുന്ന ഏതൊരു പ്രയാസവും മറ്റെന്തിനേക്കാളും ഇന്ത്യക്കാരുടെ ജീവിതനിലവാരത്തെ പ്രതികൂലമായി ബാധിച്ചിരുന്നു. ഗ്രാമങ്ങളിൽ നികുതികൾ കുത്തനെ വർദ്ധിപ്പിക്കുന്നത് പോലുള്ള നടപടികൾ, വ്യവസായികളേയും സ്വകാര്യ പണമിടപാട് കാരേയും വൻകിട ഭൂവുടമകളാക്കിമാറ്റി. ബിട്ടീഷ് ഭരണകാലത്ത്, ഇന്ത്യ വസ്തുക്കൾ കയറ്റുമതി ചെയ്യാൻ തുടങ്ങുകയും, തൽഫലമായി 1875–1900 കാലയളവിൽ ഏകദേശം 26 ദശലക്ഷം പേർ ക്ഷാമം മൂലം മരിക്കുകയും ചെയ്തു.

ബ്രിട്ടീഷ് ഭരണത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ ബ്രിട്ടീഷ് കയറ്റുമതിക്കാവശ്യമായ ഒരു കമ്പോളം വളർത്തുക, ബ്രിട്ടന് ലഭിക്കാനുള്ള വായ്പാ അടവുകൾ ഇന്ത്യയിൽ നിന്ന് നേടിയെടുക്കുക, ബ്രിട്ടീഷ് സാമ്രാജ്യത്വ സേനയിലേക്ക് ആളുകളെ ചേർക്കുക എന്നിവയായിരുന്നു.

ബ്രിട്ടീഷ് ഭരണം ലക്ഷക്കണക്കിനാളുകളെ ദരിദ്രരാക്കി. നമ്മുടെ പ്രകൃതി വിഭവങ്ങൾ കൊള്ളയടിച്ചു. നമ്മുടെ വ്യവസായശാലകൾ, ബ്രിട്ടീഷുകാർക്കാവശ്യമായ വസ്തുക്കൾ കുറഞ്ഞ വിലക്ക് ഉൽപാദിപ്പിക്കാനുള്ള കേന്ദ്രങ്ങളാക്കി മാറ്റി. നമ്മുടെ ഭക്ഷ്യധാന്യങ്ങൾ കയറ്റുമതി ചെയ്യപ്പെട്ടു. പട്ടിണിയും വിശപ്പും മൂലം ധാരാളം പേർ മരിച്ചു. ധാരാളം പ്രാദേശിക നേതാക്കളെ സ്ഥാനഭ്രഷ്ടരാക്കിയതും കർഷകരുടെ മേൽ അങ്ങേയറ്റം ഉയർന്ന നികുതി ചുമത്തിയതും ബ്രിട്ടീഷ് കാർക്കെതിരെയുള്ള മറ്റ് അസംതൃപ്തികളുമെല്ലാം ചേർന്ന് 1857–58 ബ്രിട്ടീഷ് പട്ടാളത്തിലെ ഇന്ത്യൻ സൈനികർ (ശിപായികൾ) ബ്രിട്ടീഷ് ഭരണത്തിനെതിരെ ഒരു കലാപത്തിന് വഴിയൊരുക്കി.



ചിത്രം 4.4 താഴ്ന്ന നിലവാരത്തിലുള്ള സ്വയംതൊഴിൽ ദാരിദ്ര്യത്തെ നിലനിർത്തുന്നു.

ഇക്കാലത്തും ജനങ്ങളുടെ മുഖ്യ ഉപജീവനോപാധി കൃഷിയാണ്.

അതു പോലെ ഗ്രാമീണരുടെ ഏറ്റവും പ്രാഥമിക ആസ്തി ഭൂമിയാണ്. ഇന്ന് ഭൗതിക ക്ഷേമത്തിന്റെ നിർണായക ഘടകം ഭൂമിയുടെ ഉടമസ്ഥതയാണ്. ഭൂമിയുള്ളവന് അവന്റെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിന് കൂടുതൽ അവസരങ്ങളുണ്ട്.



ചിത്രം 4.5 ഗുണമേൻമയുള്ള തൊഴിലവസരങ്ങൾ പാവങ്ങളുടെ ഒരു സ്വപ്നം മാത്രമാണ്.

വൻതോതിൽ ഭൂമി കൈവശം വെച്ചിരിക്കുന്നവരിൽ നിന്ന് അധികമുള്ള ഭൂമി ഏറ്റെടുക്കുന്നതിനും അത് മണ്ണിൽ പണിയെടുക്കുന്ന ഭൂരഹിതരായ കർഷർക്ക് പുനർവിതരണം ചെയ്യുന്നതിനുമുള്ള ശ്രമങ്ങൾ സ്വാതന്ത്ര്യം ലഭിച്ചതുമുതൽ തന്നെ ആരംഭിച്ചിരുന്നു. എന്നാൽ, ഇത് പരിചിതമായി മാത്രമേ വിജയിച്ചിട്ടുള്ളൂ. കാരണം ഭൂരഹിതർക്ക് ലഭിച്ച തുണ്ടുഭൂമി ലാഭകരമായി കൃഷി ചെയ്യുന്നതിന് പര്യാപ്തമായിരുന്നില്ല. അതുപോലെ പണവും മണ്ണിനെ ഉൽപാദനക്ഷമമാക്കുന്നതിനുള്ള വൈദഗ്ധ്യവും അവർക്കുണ്ടായിരുന്നില്ല. കൂടാതെ ഇന്ത്യയിലെ ഭൂരിഭാഗം സംസ്ഥാനങ്ങളിലും ഭൂമി പുനർവിതരണ നയങ്ങൾ നടപ്പിലാക്കുന്നതിൽ പരാജയപ്പെടുകയും ചെയ്തിരുന്നു.

ഇന്ത്യയിലെ ഗ്രാമീണ ദരിദ്രരിൽ ഭൂരിഭാഗവും ചെറുകിട കർഷകരായിരുന്നു. പൊതുവിൽ, അവർക്ക് ലഭിച്ച ഭൂമി ഫലഭൂയിഷ്ഠി കുറഞ്ഞതും മഴയെ മാത്രം ആശ്രയിച്ച് കൃഷി ചെയ്യാവുന്നതുമായിരുന്നു. ഉപജീവന വിളകളേയും ചിലപ്പോൾ കന്നുകാലികളേയും ആശ്രയിച്ചാണ് അവരുടെ നിലനിൽപ്. ദ്രുതഗതിയിലുള്ള ജനസംഖ്യവർദ്ധനവും തൊഴിലിന് ബദൽ മാർഗ്ഗങ്ങളുടെ അഭാവവും കൃഷിഭൂമിയുടെ പ്രതിശീർഷലഭ്യത കുത്തനെ കുറയുന്നതിനും തദ്വാരാ കൃഷിഭൂമിയെ തുണ്ടു തുണ്ടുകളാക്കി മാറ്റുന്നതിനും ഇടയാക്കി. ഈ ചെറിയ കൃഷിയിടങ്ങളിൽ നിന്നുള്ള വരുമാനം കുടുംബങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾക്ക് മതിയാകുന്നില്ല.

കർഷക ആത്മഹത്യയെക്കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടാകുമല്ലോ. കാർഷികാവശ്യങ്ങൾക്ക് വേണ്ടിയോ മറ്റ് ഗാർഹികാവശ്യങ്ങൾക്ക് വേണ്ടിയോ വായ്പ എടുക്കുകയും, വരൾച്ചയുടേയോ മറ്റ് പ്രകൃതിക്ഷോഭങ്ങളുടേയോ ഫലമായി കൃഷി നശിക്കുകയും താൻ എടുത്ത വായ്പ തിരിച്ചടക്കാൻ സാധിക്കാതെ വരുമ്പോഴുമാണ് കർഷകർ ആത്മഹത്യ ചെയ്യുന്നത് (ബോക്സ് 4.3 കാണുക).

ഗ്രാമ, നഗര സമ്പദ്വ്യവസ്ഥകളിൽ ഉയർന്നു കൊണ്ടിരിക്കുന്ന തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിൽ പട്ടികജാതിപട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സാധിക്കുന്നില്ല. കാരണം, അതിനാവശ്യമായ അറിവും വൈദഗ്ധ്യവും അവർക്കില്ല.

### പഠനപ്രവർത്തനങ്ങൾ

- നിങ്ങളുടെ സമീപത്ത് അലക്കുകാരേയും ബാർബർമാരേയും നിങ്ങൾ കണ്ടിരിക്കും. അവരുമായി അല്പനേരം ചിലവഴിക്കുകയും സാംസാരിച്ചിരിക്കുകയും ചെയ്യുക. എന്തുകൊണ്ടാണ് അവർ ഈ പ്രവൃത്തി തെരെഞ്ഞെടുത്തത്? അവർ കുടുംബത്തോടൊപ്പം എവിടെ താമസിക്കുന്നു? ഒരു ദിവസം എത്ര പ്രാവശ്യം ഭക്ഷണം കഴിക്കാൻ സാധിക്കുന്നു? എന്തെങ്കിലും ഭൗതിക വസ്തുക്കൾ അവർക്ക് സ്വന്തമായുണ്ടോ? എന്തുകൊണ്ടാണ് വേറൊരു ജോലി സ്വീകരിക്കാത്തത്? തുടങ്ങിയ വിവരങ്ങൾ ശേഖരിക്കുക. ലഭിച്ച വിവരങ്ങൾ ക്ലാസ്സിൽ ചർച്ച ചെയ്യുക.
- ഗ്രാമങ്ങളിലെയും നഗരങ്ങളിലേയും ജനങ്ങളുടെ തൊഴിലുകളെക്കുറിച്ച് ഒരു പട്ടിക തയ്യാറാക്കുക. ദരിദ്രരല്ലാത്തവരുടെ വിവരങ്ങൾ കൂടി ശേഖരിക്കുക. രണ്ട് പട്ടികയും താരതമ്യം ചെയ്യുക. എന്തുകൊണ്ടാണ് ദരിദ്രർ ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടാത്തത്? ക്ലാസ്സിൽ ചർച്ച ചെയ്യുക.

## പരുത്തി കർഷകരുടെ ദുരവസ്ഥ

ആഗോളവൽകരണത്തിന്റെ ആഘാതവും പ്രതീക്ഷിത വരുമാന സമ്പാദന അവസരങ്ങളുടെ അഭാവവും മൂലം, ഇന്ത്യയിലെ മെച്ചപ്പെട്ട സംസ്ഥാനങ്ങളിലെ ചെറുഭൂവുടമകളായ കർഷകരും കർഷക കുടുംബങ്ങളും നെയ്ത്തുകാരുമെല്ലാം ദാരിദ്ര്യത്തിലേക്ക് എത്തിപ്പെടുകയാണ്. സ്വന്തം ആസ്തികൾ വിൽക്കുന്നതിനോ കടം വാങ്ങുന്നതിനോ അല്ലെങ്കിൽ ഇതര തൊഴിലവസരങ്ങളിലൂടെ വരുമാനം കണ്ടെത്തുന്നതിനോ സാധിക്കുന്നിടത്ത് ഇതിന്റെ ആഘാതം താത്കാലികമായിരിക്കും. എന്നിരുന്നാലും വിൽക്കുന്നതിനുള്ള ആസ്തികൾ ലഭ്യമല്ലാതിരിക്കുകയോ വായ്പ ലഭിക്കുന്നതിന് മാർഗ്ഗമില്ലാതിരിക്കുകയോ അല്ലെങ്കിൽ ചൂഷണാത്മകമായ പലിശ നിരക്കിൽ മാത്രം വായ്പ ലഭിക്കുകയോ ചെയ്യുന്നുവെങ്കിൽ അവർ കടക്കെണിയിലാവുകയും തൽഫലമായി ദീർഘകാലത്തേക്ക് ഇതിൻെറ ആഘാതം പടർന്ന് പിടിച്ച് കുടുംബങ്ങളെ ദാരിദ്ര്യ രേഖക്ക് താഴേക്ക് തള്ളി വിടുകയും ചെയ്യും. ഈ പ്രതിസന്ധിയുടെ ഏറ്റവും മോശമായ രൂപമാണ് ആത്മഹത്യകൾ. ഇത്തരം ആത്മഹത്യകളുടെ എണ്ണം ആന്ധ്രാപ്രദേശിൽ 2005 ഡിസംബർ വരെ 3000 ത്തിലെത്തുകയും ഉയർന്ന് കൊണ്ടിരിക്കുകയും ചെയ്യുന്നു. മഹാരാഷ്ട്രയിൽ 2001 ന് ശേഷം ആയിരത്തിലേറെ കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്.



ചിത്രം 4.3 പരുത്തി കർഷകരുടെ ദുരവസ്ഥ

ലോകത്തിൽ ഏറ്റവും കൂടുതൽ സ്ഥലത്ത് പരുത്തി കൃഷി ചെയ്തിരുന്നത് ഇന്ത്യയിലാണ്. 2002 – 2003ൽ 8,300 ഹെക്ടർ. ഒരു ഹെക്ടറിലെ ശരാശരി ഉൽപാദനം 300 Kg എന്ന താഴ്ന്ന നിരക്കലായതിനാൽ ഉൽപാദനത്തിൽ ഇന്ത്യക്ക് മൂന്നാം സ്ഥാനം മാത്രമാണുള്ളത്. ഉയർന്ന ഉൽപാദന ചെലവ്, താഴ്ന്നതും അസ്ഥിരവുമായ വിളവ്, ആഗോള വിലയിലുള്ള കുറവ്, യു.എസ്.എ.യും മറ്റ് രാജ്യങ്ങളും ഇളവുകൾ നൽകുന്നത് മൂലമുള്ള ആഗോള അമിതോൽപാദനം, ആഗോളവത്കരണത്തിന്റെ ഫലമായി സമ്പദ്‌വ്യവസ്ഥ തുറന്നുകൊടുക്കൽ, എന്നിവ കർഷകരുടെ, പ്രത്യേകിച്ചും ആന്ധ്രാപ്രദേശിലേയും മ ഹാരാഷ്ട്രയലേയും പരുത്തി മേഖലകളിൽ ദുരവസ്ഥക്കും ആത്മഹത്യക്കും കാരണമായി. ഈ അവ സ്ഥ ഉയർന്ന വരുമാനം ലഭിക്കാത്തതിന്റേയോ ലാഭം ലഭിക്കാത്തതിന്റേയോ പ്രശ്നം മാത്രമല്ല. മറിച്ച്, കൃഷി യെ മാത്രം ആശ്രയിച്ചു കഴിയുന്ന ലക്ഷക്കണക്കിന്, ചെറുകിട നാമമാത്ര കർഷകരുടെ ഉപജീ വനത്തിന്റേയും നിലനിൽപിന്റേയും പ്രശ്നം കൂടിയാണ്.

കർഷക ആത്മഹത്യക്ക് ധാരാളം കാരണങ്ങൾ വിദഗ്ദർ പറയുന്നുണ്ട്. (1) പരമ്പരാഗത കൃഷിയിൽ നി ന്ന് അത്യുൽപാദന ശേഷിയുള്ള വാണിജ്യ വിളകളുടെ കൃഷിയിലേക്കുള്ള മാറ്റം. ആവശ്യത്തിനുള്ള സാങ്കേതിക പിന്തുണാസംവിധാനത്തിന്റെ കുറവും അതോടൊപ്പം കൃഷി സങ്കേതങ്ങളെക്കുറിച്ച് അറിവ് നൽകൽ, കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പെട്ടെന്നുള്ള പരിഹാരം നിർദ്ദേശിക്കൽ, അവശ്യ സമയത്തുള്ള ഉപദേശങ്ങൾ തുടങ്ങിയ കാർഷിക സേവനങ്ങളിൽ നിന്ന് സർക്കാരിന്റെ പിൻ വാങ്ങലും ഇതിന് കാരണമായി. (2) കഴിഞ്ഞ കുറേ വർഷങ്ങളായി കാർഷികമേഖലയിലെ പൊതുനി ക്ഷേപത്തിന്റെ കുറവ്, (3) വൻകിട ആഗോള കമ്പനികൾ നൽകുന്ന വിത്തുകളുടെ മുളക്കായ്കയും സ്വകാര്യ കമ്പനികൾ നൽകുന്ന വ്യാജമായ വിത്തുകളും കീടനാശിനികളും, (4) വിളനാശം, കീടാണു ബാധ, വരൾച്ച, (5) 36ശതമാനം മുതൽ 120 ശതമാനം വരെ പലിശ നിരക്കിൽ സ്വകാര്യ പണമിടപാടു കാരിൽ നിന്നുള്ള വായ്പ (6) വിലയിലും ലാഭത്തിലും കുറവു വരുന്ന രീതിയിൽ വളരെ വില കുറവി ലുള്ള ഇറക്കുമതി, (7)വിളകൾക്കാവശ്യമായ ജലലഭ്യതയുടെ അഭാവം. വെള്ളം കിട്ടുന്ന കുഴൽ കിണർ നിർമ്മിക്കുന്നതിനായി വളരെ ഉയർന്ന പലിശക്ക് വായ്പ എടുക്കുന്നതിന് കാരണമാകുന്നു ഇവയെല്ലാം.

**ഉറവിടം:** *Excerted from A K Mehta and Sourabh Ghosha assisted by Raitu Elwadhi, "Globalisation, Loss of Livelihoods and Entry into Povetry", Alternative Economic Survey, India* 2004-2005, Alternative Survey Group, *Daanish Books,Delhi 2005 and PSainath,The Swelling'Register of Deaths', The Hindu, 29, December 2005.*

നഗരദരിദ്രരിൽ സിംഹഭാഗവും തൊഴിലി നും ഉപജീവനത്തിനുമായി ഗ്രാമങ്ങളിൽ നി ന്ന് കുടിയേറിയവരാണ്. ഇവരെ എല്ലാവ രേയും ഉൾക്കൊള്ളത്തക്ക രീതിയിൽ വ്യവ സായവൽക്കരണ നടപടികൾ പുരോഗമി ച്ചിട്ടില്ല. നഗരത്തിലെ ദരിദ്രരാകട്ടെ തൊഴി ലില്ലാത്തവരോ വല്ലപ്പോഴും മാത്രം തൊ ഴിൽ ലഭിക്കുന്ന കൂലിവേലക്കാരോ ആണ്. സമൂഹത്തിലെ ഏറ്റവും അരക്ഷിത വിഭാഗ വും ഇത്തരം കൂലിവേലക്കാരാണ്. അവർ ക്ക് തൊഴിൽ സുരക്ഷിതത്വമില്ല ആസ്തി യില്ല. പരിമിതമായ വൈദഗ്ധ്യവും വിരള മായ അവസരങ്ങളും മാത്രമേയുള്ളൂ. അ തു പോലെ നിലനിൽക്കുന്നതിനാവശ്യമായ മിച്ചം അവർക്കില്ല.

ദാരിദ്ര്യം എന്നത് തൊഴിലിൻെറ സ്വഭാവ വുമായി വളരെ ബന്ധപ്പെട്ടു കിടക്കുന്നു. തൊഴിലില്ലായ്മയും അല്ലെങ്കിൽ അൽപ തൊഴിലും, ക്രമമില്ലാത്തതും വല്ലപ്പോഴും ലഭ്യമാകുന്ന തൊഴിലും എല്ലാ ഗ്രാമീണരേ യും നഗരവാസികളേയും കടക്കെണിയിലേ ക്ക് തള്ളിവിടുകയും ദാരിദ്ര്യത്തെ ഊട്ടി ഉ

റപ്പിക്കുകയും ചെയ്യുന്നു. ദാരിദ്ര്യത്തിന്റെ പ്രധാന ഘടകങ്ങളിലൊന്ന് കടക്കെണിയാണ്. ആഡംബര വസ്തുക്കളുടെ വിലയേക്കാൾ കൂടിയ നിരക്കിലുള്ള ഭക്ഷ്യധാന്യങ്ങളുടേയും മറ്റ് അവശ്യസാധനങ്ങളുടേയും വിലക്കയറ്റം താഴ്ന്ന വരുമാനക്കാരുടെ ക്ലേശവും കഷ്ടപ്പാടുകളും കൂടുതൽ തീവ്രമാക്കുന്നു. വരുമാനത്തിലേയും സ്വത്തിലേയും അസന്തുലിതമായ വിതരണം ഇന്ത്യയിലെ ദാരിദ്ര്യം സ്ഥിരമായി നിൽക്കുന്നതിന് കാരണമാകുന്നു .

ഇവയെല്ലാം സമൂഹത്തിൽ രണ്ട് വിഭാഗങ്ങളെ സൃഷ്ടിച്ചു. ഉൽപാദനോപാധികളുടെ ഉടമസ്ഥരായ ഉയർന്ന വരുമാനക്കാരും അതിജീവനത്തിനായി സ്വന്തം അധ്വാനശേഷി മാത്രം കൈവശമുള്ളവരും. കാലാകാലങ്ങളിലായി ധനികനും ദരിദ്രനും തമ്മിലുള്ള അന്തരം വർദ്ധിച്ചുവരുന്നു. ഇന്ത്യയെ സംബന്ധിച്ചിടത്തോളം ദാരിദ്ര്യമെന്നത് യുദ്ധകാലടിസ്ഥാനത്തിൽ പരിഹരിക്കേണ്ട ഒരു ബഹുമുഖ വെല്ലുവിളിയാണ്.

## 4.6 ദാരിദ്ര്യ നിർമ്മാർജ്ജന നയങ്ങളും പരിപാടികളും

സർക്കാരിന്റെ വികസനതന്ത്രങ്ങളുടെ പ്രാഥമിക ലക്ഷ്യമായി ഇന്ത്യൻ ഭരണഘടനയും പഞ്ചവത്സര പദ്ധതികളും ഉയർത്തിക്കാട്ടുന്നത് സാമൂഹ്യനീതിയാണ്. ഒന്നാം പഞ്ചവത്സര പദ്ധതി (1951–56) പ്രകാരം, 'ഇന്ന് സാമൂഹികവും സാമ്പത്തികവുമായ മാറ്റത്തിനുള്ള ആഹ്വാനമുയരുന്നതിന് കാരണം ദാരിദ്ര്യവും വരുമാനത്തിന്റേയും സ്വത്തിന്റേയും അവസരങ്ങളുടേയും അസമത്വവും നിലനിൽക്കുന്നതാണ്'. രണ്ടാം പഞ്ചവത്സര പദ്ധതി (1956–61) 'സാമ്പത്തിക വികസനത്തിന്റെ ഗുണഫലങ്ങൾ, സമൂഹത്തിലെ, താരതമ്യേന ദുർബല ജനവിഭാഗങ്ങൾക്ക് കടുതൽ കൂടുതൽ പ്രയോജനപ്പെടുന്ന വിധത്തിലായിരിക്കണം' എന്നും ചൂണ്ടിക്കാണിക്കുന്നു. ദാരിദ്ര്യ നിർമ്മാർജ്ജനത്തിലും അതിനായി സർക്കാർ സ്വീകരിച്ച വിവിധ തന്ത്രങ്ങളിലും ഊന്നിക്കൊണ്ടാണ് എല്ലാ നയരേഖകളും എന്ന് നമുക്ക് കാണാൻ കഴിയും.

ദാരിദ്ര്യ നിർമാർജ്ജനത്തിൽ സർക്കാർ ഒരു ത്രിമുഖ സമീപനമാണ് (Three Dimensional Approach) സ്വീകരിക്കുന്നത്. ഒന്നാമതായി വളർച്ചോന്മുഖ സമീപനമാണ്, (Growth Oriented Approach). സാമ്പത്തിക വളർച്ചയുടെ, മൊത്തം ആഭ്യന്തരോൽപാദനത്തിലും ആളോഹരി വരുമാനത്തിലുമുള്ള ദ്രുതഗതിയിലുള്ള വർദ്ധനവിന്റെ ഫലങ്ങൾ സമൂഹത്തിൽ എല്ലാ മേഖലകളിലേക്കും എത്തുമെന്നും ദരിദ്ര ജനവിഭാഗങ്ങളിലേക്ക് അത് കിനിഞ്ഞ് ഇറങ്ങുമെന്നും (Trickle down), ഉള്ള പ്രതീക്ഷയിലാണ് ഈ സമീപനം സ്വീകരിച്ചത്. 1950 കളിലും 1960 കളുടെ തുടക്കത്തിലും ഇതായിരുന്നു ആസൂത്രണത്തിന്റെ പ്രധാന ഊന്നൽ. ദ്രുതഗതിയിലുള്ള വ്യവസായവത്കരണവും തെരഞ്ഞെടുത്ത ചില മേഖലയിലെ ഹരിത വിപ്ലവത്തിലൂടെയുള്ള കാർഷിക മാറ്റങ്ങളും അൽപവികസിത മേഖലകൾക്കും അവികസിത പ്രദേശങ്ങൾക്കും ഗുണകരമാകുമെന്ന് പ്രതിക്ഷിച്ചു. കാർഷിക, വ്യാവസായിക രംഗത്തുണ്ടായ മാറ്റങ്ങളും സമ്പദ്‌വ്യവസ്ഥയിലാകെ സംഭവിച്ച മാറ്റങ്ങളും അത്ര മതിപ്പുളവാക്കുന്നതായിരുന്നില്ലെന്ന് 2,3, അധ്യായങ്ങളിൽ നിങ്ങൾ പഠിച്ചല്ലോ. ജനസംഖ്യാവളർച്ച പ്രതിശീർഷവരുമാന വളർച്ചയെ പുറകോട്ട് വലിച്ചു. ഉള്ളവനും ഇല്ലാ

ത്തവനും തമ്മിലുള്ള അന്തരം വർദ്ധിച്ചു വന്നു. പ്രാദേശിക അന്തരവും വൻകിട ചെറുകിട കർഷകർ തമ്മിലുള്ള അന്തരവും വർദ്ധിക്കാൻ ഹരിതവിപ്ലവം കാരണമായി. ഭൂമി പുനർവിതരണം ചെയ്യാൻ വിസമ്മതിക്കുകയും അത് നടപ്പിലാക്കാൻ കഴിയാതിരിക്കുകയും ചെയ്തു. സാമ്പത്തിക വിദഗ്ധരുടെ അഭിപ്രായത്തിൽ സാമ്പത്തികവളർച്ചയുടെ ഗുണം ദരിദ്രരിലേക്ക് ഒട്ടും കിനിഞ്ഞിറങ്ങിയില്ല എന്നാണ്.

ദരിദ്രരുടെ ക്ഷേമത്തിനായി ഇതര മാർഗ്ഗങ്ങൾ അന്വേഷിക്കുമ്പോൾ അധിക ആസ്തി നിർമ്മാണത്തിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ടതിന്റെയും അതുവഴി പ്രത്യേകമായി ദരിദ്രർക്ക് വരുമാനവും തൊഴിലവസരങ്ങളും വർദ്ധിപ്പിക്കേണ്ടതിന്റെയും ആവശ്യകതയെക്കുറിച്ച് ചിന്തിക്കാൻ തുടങ്ങി. സവിശേഷമായ ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളിലൂടെ മാത്രമേ ഇത് നേടാനാകൂ. രണ്ടാമത്തെ സമീപനം, മൂന്നാം പഞ്ചവവത്സര പദ്ധതി (1961–66) യിൽ ആരംഭിക്കുകയും ക്രമേണ വികസിക്കുകയും ചെയ്ത സ്വയം തൊഴിൽ, വേതന തൊഴിൽ പദ്ധതികളുണ്ട്. ഇവയിൽ എടുത്തുപറയേണ്ട ആദ്യ പദ്ധതിയാണ് 1970–ൽ നടപ്പിലാക്കിയ തൊഴിലിന് കൂലി ഭക്ഷണം പരിപാടി (Food for Work Programme).

പഞ്ചവത്സര പദ്ധതികളുടെ പരിപ്രേക്ഷ്യത്തിന്റെ അടിസ്ഥാനത്തിലാണ് ഭൂരിഭാഗം ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളും നടപ്പിലാക്കിയത്. സ്വയം തൊഴിൽ പദ്ധതികളും, വേതന തൊഴിൽ പദ്ധതികളും വ്യാപിപ്പിക്കുക എന്നതാണ് ദാരിദ്ര്യത്തെ നേരിടുന്നതിനുള്ള പ്രധാന മാർഗ്ഗമായി




**ചിത്രം 4.6 തൊഴിലിന് കൂലി ഭക്ഷണം പരിപാടി (Food For work Programme )**

പരിഗണിച്ചത്. സ്വയംതൊഴിൽ പദ്ധതികൾക്കുള്ള ഉദാഹരണങ്ങളാണ് ഗ്രാമീണതൊഴിലുൽപാദന പരിപാടി (Rural Employment Generation Programme REGP), പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതി (Prime Minister's Rozgar Yojana PMRY), സ്വർണജയന്തി നാഗരിക തൊഴിൽദാന പദ്ധതി Swarna Jayanthy Shahari Rozgar Yojana (SJSRY) എന്നിവ.

**ഗ്രാമീണ തൊഴിലുൽപാദന പരിപാടി :** നഗരപ്രദേശങ്ങളിൽ സ്വയം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായുള്ള പദ്ധതിയാണിത്. ഖാദിക്കും ഗ്രാമീണ വ്യവസായങ്ങൾക്കുമായുള്ള കമ്മീഷൻ (Khadi and Village Industries Commission) ആണ് ഇത് നടപ്പിലാക്കുന്നത്. ചെറിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ബാങ്കുകൾ മുഖേന വായ്പ നൽകുന്ന പദ്ധതിയാണിത്.

**പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതി:** ഗ്രാമങ്ങളിലേയും നഗരങ്ങളിലേയും താഴ്ന്ന വരുമാനമുള്ള കുടുംബങ്ങളിലെ അഭ്യസ്തവിദ്യരായ തൊഴിലില്ലാത്ത യുവാക്കൾക്ക് ഏത് തരം സംരംഭങ്ങൾ തുടങ്ങുന്നതിനും സാമ്പത്തികസഹായം നൽകുന്ന പദ്ധതിയാണിത്.

**സ്വർണജയന്തി നാഗരിക തൊഴിൽദാന പദ്ധതി:** നഗരപ്രദേശങ്ങളിൽ സ്വയം തൊഴിലും വേതന തൊഴിലും സൃഷ്ടിക്കാനുള്ള പദ്ധതിയാണ് ഇത്.

ആദ്യകാലത്ത് സ്വയം തൊഴിൽ പദ്ധതികളിൽ നിന്നുള്ള സഹായധനം വ്യക്തികൾക്ക്/കുടുംബങ്ങൾക്ക് നൽകുകയാണ് ചെയ്തിരുന്നത്. 1990 മുതൽ ഈ രീതിക്ക് മാറ്റം വന്നു. ഇപ്പോൾ ഈ പദ്ധതികളിൽ നിന്ന് സാമ്പത്തിക സഹായം ലഭിക്കുന്നതിന് ആദ്യം സ്വയം സഹായ സംഘങ്ങൾ (Self Help Groups) രൂപീകരിക്കണം. അവരെ ചെറിയ സംഖ്യ സമാഹരിക്കുവാൻ പ്രേരിപ്പിക്കുകയാണ് ആദ്യം ചെയ്യുന്നത്. ഈ പണം അവർക്കിടയിൽ തന്നെ ചെറിയ വായ്പകൾ നൽകാനായി ഉപയോഗിക്കുന്നു. ശേഷം സർക്കാർ ബാങ്കുകൾ മുഖേന ഈ സ്വയം സഹായ സംഘങ്ങൾക്ക് ഭാഗികമായി സാമ്പത്തിക സഹായം നൽകുന്നു. അവരാണ് സ്വയം തൊഴിൽ ചെയ്യുന്നതിന് ആർക്ക് വായ്പ കൊടുക്കണമെന്ന് തീരുമാനിക്കുന്നത്. സ്വർണജയന്തി ഗ്രാമറോസ്ഗാർ യോജന (SGSY) ഇത്തരത്തിലുള്ള ഒരു പദ്ധതിയാണ്. ഇപ്പോൾ ഈ പദ്ധതി പുനഃസംഘടിപ്പിച്ച് ദേശീയ ഗ്രാമീണ ഉപജീവന മിഷൻ എന്നറിയപ്പെടുന്നു.

ഗ്രാമങ്ങളിലെ ദരിദ്രരായ, അവിദഗ്ധ ജനങ്ങൾക്ക് വേതന തൊഴിൽ നൽകുന്നതിന് പലതരം പദ്ധതികൾ നിലവിലുണ്ട്. ഇവയിൽ ചിലതാണ് ദേശീയ തൊഴിലിന് കൂലി ഭക്ഷണം പരിപാടി (National Food For Work Programme), സമ്പൂർണ ഗ്രാമീണ സ്വയംതൊഴിൽ പദ്ധതി (Sampoorna Grameen Swarozgar Yojana SGRY) എന്നിവ. പ്രത്യേക വൈദഗ്ധ്യം ആവശ്യമില്ലാത്ത തൊഴിൽ ചെയ്യാൻ തയ്യാറുള്ള കുടുംബത്തിലെ പ്രായപൂർത്തിയായ ഒരംഗത്തിന് വർഷത്തിൽ 100 തൊഴിൽ ദിനങ്ങൾ ഉറപ്പു നൽകുന്ന ഒരു നിയമം 2005 ആഗസ്റ്റ് മാസത്തിൽ പാർലമെന്റ് പാസാക്കുകയുണ്ടായി. മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പു നിയമം (Mahatma Gandhi National Rural Employment Guarantee Act MGNREGA) എന്നാണ് ഇത് അറിയപ്പെടുന്നത്. ഈ നി

യമപ്രകാരം നിലവിലുള്ള മിനിമം കൂലി നിരക്കിൽ തൊഴിൽ ചെയ്യാൻ തയ്യാറുള്ളവർക്ക് ഈ പദ്ധതി നടപ്പിലാക്കുന്ന പ്രദേശങ്ങളിൽ തൊഴിലെടുക്കാവുന്നതാണ്. ഈ പദ്ധതി പ്രകാരം 2012-13 ൽ 4.4 കോടി കുടുംബങ്ങൾക്ക് തൊഴിൽ നൽകി.

ദാരിദ്ര്യത്തെ നേരിടുവാനുള്ള മൂന്നാമത്തെ സമീപനം ദരിദ്ര ജനവിഭാഗങ്ങൾക്ക് ഏറ്റവും ചുരുങ്ങിയ ചെലവിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക എന്നതാണ്. സബ്സിഡി നിരക്കിലുള്ള ഭക്ഷ്യധാന്യങ്ങൾ, വിദ്യാഭ്യാസം, ആരോഗ്യം, ജലവിതരണം, ശുചിത്വ സൗകര്യങ്ങൾ മുതലായ സാമൂഹ്യ ഉപഭോഗ ആവശ്യങ്ങൾ പൊതു ചെലവിൽ നൽകിക്കൊണ്ട് ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താവുന്ന പദ്ധതികൾ വിഭാവനം ചെയ്യുന്നതിൽ ലോകത്തിൽ തന്നെ മുൻപന്തിയിലുള്ള രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ. ഈ രീതിയിൽ നടപ്പിലാക്കുന്ന പദ്ധതികൾ ദരിദ്രരുടെ ഉപഭോഗാവശ്യങ്ങൾ നിറവേറ്റുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ആരോഗ്യ വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ളവയാണ്. അഞ്ചാം പഞ്ചവത്സര പദ്ധതി മുതൽക്ക് ഈ സമീപനം കാണാവുന്നതാണ്. 'തൊഴിലവസരങ്ങൾ വികസിച്ചിട്ടും ദരിദ്രർക്ക് അത്യാവശ്യ സാധന സേവനങ്ങൾ സ്വയം വാങ്ങിക്കുവാൻ കഴിയുന്നില്ല. അതിനാൽ അവശ്യ ഭക്ഷ്യധാന്യങ്ങൾ, വിദ്യാഭ്യാസം, ആരോഗ്യം പോഷകാഹാരം, കുടിവെള്ളം, പാർപ്പിടം, വാർത്താവിനിമയ സൗകര്യങ്ങൾ, വൈദ്യുതി തുടങ്ങിയ സാമൂഹ്യ ഉപഭോഗങ്ങളും നിക്ഷേപങ്ങളും ഏറ്റവും ചുരുങ്ങിയ അളവിൽ ലഭ്യമാക്കേണ്ടതുണ്ട്. 'ദരിദ്രരുടെ ഭക്ഷണാപോഷകാഹാര അവസ്ഥ മെച്ചപ്പെടുത്തുന്നതിനുള്ള മൂന്ന് ബൃഹത്തായ പദ്ധതികളാണ് പൊതുവിതരണ സമ്പ്രദായം (Public Distribution System PDS), സംയോജിത ശിശു വികസന പരിപാടി (Integrated Child Development Scheme ICDS), ഉച്ചഭക്ഷണ പരിപാടി ( Midday Meals Scheme MMS) എന്നിവ. പ്രധാനമന്ത്രി ഗ്രാമീണ റോഡ് പദ്ധതി (Pradhan Matnri Gram Sadak Yojana), പ്രധാനമന്ത്രി ഗ്രാമോദയ യോജന (Pradhan Matnri Gramodaya Yojana), വാത്മീകി അംബേദ്കർ പാർപ്പിട പദ്ധതി (Valmiki Ambedkar Awas Yojana) എന്നിവയും ഇതേ ലക്ഷ്യത്തോടെയുള്ള പരിപാടികളാണ്. ചുരുക്കത്തിൽ ഇന്ത്യ ഇക്കാര്യങ്ങളിലെല്ലാം തൃപ്തികരമായ പുരോഗതി കൈവരിച്ചിട്ടുണ്ട്.

സമൂഹത്തിലെ പിന്നോക്കമുള്ള പ്രത്യേക വിഭാഗങ്ങളെ സഹായിക്കുന്നതിനായി സർക്കാർ അനേകം സാമൂഹ്യ സുരക്ഷാ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. കേന്ദ്ര സർക്കാർ നടപ്പാക്കിയ ഇത്തരം പദ്ധതികളിൽ ഒന്നാണ് ദേശീയ സാമൂഹ്യ സഹായ പദ്ധതി (National Social Assistance Programme). ഈ പദ്ധതി പ്രകാരം നിരാലംബരായ മുതിർന്ന പൗരന്മാർക്ക് സഹായമായി പെൻഷൻ നൽകുന്നു. ദാരിദ്ര്യം അനുഭവിക്കുന്ന വിധവകളും അഗതികളായ സ്ത്രീകളും ഈ പദ്ധതിയുടെ പരിധിയിൽ വരുന്നു. ദരിദ്രർക്ക് ആരോഗ്യ ഇൻഷുറൻസ് നൽകുന്ന ഒരു പദ്ധതിയും സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്.

## പഠനപ്രവർത്തനങ്ങൾ

- തീരപ്രദേശങ്ങളിലും മരുഭൂമികളിലും മലമ്പ്രദേശങ്ങളിലെ ഗോത്രമേഖലകളിലും ജോലിക്ക് കൂലി ഭക്ഷണ പദ്ധതി, സ്വയംതൊഴിൽ പദ്ധതി, എന്നിവക്ക് അനുയോജ്യമായ ഏതെങ്കിലും മൂന്ന് തൊഴിലവസരങ്ങളെക്കുറിച്ച് ചർച്ചചെയ്യുകയും ആശയം പട്ടികപ്പെടുത്തുകയും ചെയ്യുക.
- നിരവധി നയരേഖകൾ, പഞ്ചവത്സര പദ്ധതി രേഖകൾ സാമ്പത്തിക സർവ്വെകൾ മുതലായവ ആസൂത്രണ കമ്മീഷന്റെ വെബ്സൈറ്റിൽ (www.planningcommission.nic.in) ലഭ്യമാണ്. ഇവയിൽ ചിലത് നിങ്ങളുടെ സ്കൂളുകളിലും വായനശാലകളിലും ഉണ്ടാകും. ഈ രേഖകളിൽ സർക്കാർ നടത്തിയ ശ്രമങ്ങളും അവയുടെ വിലയിരുത്തലുകളും ലഭ്യമാണ്. അവയിൽ ചിലത് പരിശോധിക്കുക. ക്ലാസ്സിൽ ചർച്ച ചെയ്യുക.
- നിങ്ങളുടെ പ്രദേശത്തോ പരിസരങ്ങളിലോ റോഡ് നിർമ്മാണം, ആശുപത്രികൾക്കും വിദ്യാലയങ്ങൾക്കുമുള്ള കെട്ടിടങ്ങളുടെ നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ നിങ്ങൾ കണ്ടിട്ടുണ്ടാകും. ഇത്തരം സ്ഥലങ്ങൾ സന്ദർശിക്കുക. അവിടെയുള്ള തൊഴിലിൻെറ സ്വഭാവം, തൊഴിലെടുക്കുന്നവരുടെ എണ്ണം, തൊഴിലാളികൾക്ക് കൊടുക്കുന്ന വേതനം തുടങ്ങിയവ കണ്ടെത്തി രണ്ടോ മൂന്നോ പേജുകളുള്ള റിപ്പോർട്ട് തയാറാക്കുക
- വികസന പ്രവർത്തികളുടെ (ഉദാ: NREGS) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അതിനോട് ബന്ധപ്പെട്ട സർക്കാർ നയരേഖയെ വിമർശനാത്മകമായി വിലയിരുത്തുക.

## 4.7 ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികൾ - ഒരു വിമർശനാത്മക വിലയിരുത്തൽ

സ്വാതന്ത്ര്യാനന്തരകാലം മുതൽ തന്നെ ദാരിദ്ര്യ നിർമാർജ്ജനത്തിനുള്ള ശ്രമങ്ങൾ ആരംഭിച്ചു. ഇന്ന് പല സംസ്ഥാനങ്ങളിലേയും കേവല ദരിദ്രരുടെ ശതമാനം ദേശീയ ശരാശരിയേക്കാൾ വളരെ താഴ്ന്നതാണ്. ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്നതിന് വിവിധ തരം പരിപാടികൾ നടപ്പിലാക്കിയെങ്കിലും, വിശപ്പ്, പോഷകാഹാരക്കുറവ്, നിരക്ഷരത, അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത തുടങ്ങിയവ ഇന്ത്യയുടെ പല ഭാഗങ്ങളിലും സാധാരണമായി തന്നെ തുടരുന്നു. കഴിഞ്ഞ ആറര പതിറ്റാണ്ടുകളായി പുരോഗമനോന്മുഖമായ ധാരാളം ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പിലാക്കിയെങ്കിലും മൗലികമായ ഒരു പരിവർത്തനവും അതിനുണ്ടായിട്ടില്ല. പല പദ്ധതികളുടെയും പുനർനാമകരണവും, സംയോജനവും, ചെറിയ മാറ്റം വരുത്തലുകളും മാത്രമാണ് നടക്കുന്നത്. അവശ്യ വിഭാഗങ്ങൾക്ക് അടിസ്ഥാന ആവശ്യങ്ങളുടെ ലഭ്യതയിലോ ഉൽപാദന പ്രക്രിയയുടേയും ആസ്തികളുടേയും ഉടമസ്ഥതയിലോ കാര്യമായ മാറ്റങ്ങളൊന്നും തന്നെ ഉണ്ടായിട്ടില്ല. നമ്മുടെ പദ്ധതികളുടെ വിജയകരമായ

## ബോക്സ് 4.4 രാമദാസ കൊർവ്വയുടെ എങ്ങുമെത്താത്ത റോഡ്

സർക്കാരിന് 17.44 ലക്ഷം രൂപ മൂല്യമുള്ള ഒരാളാണ് താൻ എന്നറിഞ്ഞതിൽ, രാജ്കേത ഗ്രാമത്തിലെ രാമദാസ് കൊർവ്വക്ക് വലിയ സന്തോഷമൊന്നും തോന്നിയില്ല. 1993 ന്റെ അവസാനം പട്ടികവർഗ്ഗ വികസനത്തിൽ ഉൾപ്പെടുത്തി 17.44 ലക്ഷം രൂപ ചെലവഴിച്ച് രാജ്കേത ഗ്രാമത്തിലേക്ക് 3 കി.മീ ദൈർഘ്യമുള്ള ഒരു റോഡ് നിർമ്മിക്കാൻ തീരുമാനിച്ചു.

ഇന്ത്യയിലെ ഏറ്റവും ദരിദ്രമായ ജില്ലകളിൽ ഒന്നാണ്, 55 ശതമാനത്തിലധികം പേരും പട്ടികവർഗ്ഗക്കാരായ സർഗുജ (Surguja). ഇവരിൽ തന്നെ ഏറ്റവും താഴെ തട്ടിലുള്ള 5 ശതമാനം പേർ പഹാദി (Pahadi) അല്ലെങ്കിൽ ഹിൽ കൊർവ്വകൾ ( Hill Korwas ) എന്ന വിഭാഗത്തിൽപ്പെടുന്നു. ഇന്ത്യയിലെ ഒട്ടും പരിഷ്കൃതരല്ലാത്ത വിഭാഗമാണിത്. അവരുടെ ഉന്നമനത്തിനായി ധാരാളം പണം ചെലവഴിച്ച പലയിനം പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. പഹാദി കൊർവ്വ പദ്ധതി (Pahadi Korwa Project) എന്ന കേന്ദ്ര പദ്ധതിക്ക് മാത്രം 5 വർഷത്തിനുള്ളിൽ 42 കോടി രൂപ ചെലവഴിച്ചു.

ഏകദേശം 15,000 പഹാദി കൊർവ്വകൾ ജീവിച്ചിരിപ്പുണ്ട്. ഇവരിൽ ഭൂരിഭാഗവും സർഗുജ ജില്ലയിലുമാണ്. എന്തൊക്കെയായിരുന്നാലും ചില രാഷ്ട്രീയ കാരണങ്ങളാൽ പദ്ധതികളുടേയെല്ലാം അടിസ്ഥാനം റായ്ഗഡ് ജില്ലയായിരുന്നു. രാജ്കേതയിലെ പഹാദി കൊർവ്വ റോഡ് നിർമ്മിക്കുന്നതിന് ഒരു തടസ്സമുണ്ടായിരുന്നു. രാമദാസിന്റെ കുടുംബം ഒഴികെ മറ്റു പഹാദികൾ ആരും തന്നെ അവിടെ ഉണ്ടായിരുന്നില്ല.

ഒരു സർക്കാരിതര സംഘടന (NGO) പ്രവർത്തകൻ പറയുന്നു. 'പഹാദി കൊർവ്വകൾക്ക് അല്പം പോലും ഗുണകരമാവുന്നില്ലെങ്കിലും അവർക്ക് ഉപകാരമില്ലെങ്കിലും അത് പ്രശ്നമല്ല. ഒരു നീന്തൽ കുളമോ ബംഗ്ലാവോ ആയിരുന്നാലും നിങ്ങൾ അത് പട്ടികവർഗ്ഗ വികസനത്തിനെന്ന പേരിൽ നടപ്പിലാക്കണം' രാമദാസിന്റെ മകനായ രാമവതാർ കൊർവ്വ പറഞ്ഞു, 'രാജ്കേത വില്ലേജിൽ യഥാർത്ഥത്തിൽ പഹാദികൊർവ്വകൾ താമസിക്കുന്നുണ്ടോ എന്ന് പോലും പരിശോധിക്കാൻ ആരും തയ്യാറായിട്ടില്ല. കൂടാതെ അവിടെ മുൻപ് തന്നെ ഒരു താത്കാലിക മൺപാത (Kutcha Road) ഉണ്ടായിരുന്നെന്നും ആരും പറയുന്നില്ല. അവർ അല്പം ചുവന്ന മണ്ണ് കൊണ്ടുവന്നു പരത്തി. ഇന്നും, 17..44 ലക്ഷംരൂപ ചെലവഴിച്ചിട്ടും അത് ഒരു സാധാരണ റോഡ് ആയിട്ടില്ല.

രാമദാസിന്റെ ആവശ്യം ഹൃദയസ്പർശിയും ലളിതവുമായിരുന്നു. അദ്ദേഹം പറയുന്നു. 'എനിക്ക് വേണ്ടത് അല്പം വെള്ളം മാത്രമാണ്. വെള്ളമില്ലാതെ ഞങ്ങൾ എങ്ങിനെ കൃഷി ചെയ്യും" ആവർത്തിച്ചുള്ള ചോദ്യത്തിന് അദ്ദേഹം പറഞ്ഞു. ' റോഡ് നിർമാണത്തിനായി 17.44 ലക്ഷം രൂപ ചെലവഴിച്ചതിന് പകരം കുറച്ച് ആയിരങ്ങൾ മാത്രം ചെലവു വരുന്ന എന്റെ കിണർ നല്ലതാക്കി തരാമായിരുന്നില്ലേ? കൃഷി ഭൂമിയിലും ചില ക്രമീകരണങ്ങൾ ആവശ്യമായിരുന്നു. അവർ അല്പം വെള്ളം തന്നുകൊണ്ട് തുടങ്ങട്ടെ.'

രാമദാസിന്റെ പ്രശ്നങ്ങളെല്ലാം അവഗണിക്കപ്പെട്ടു. അവർക്ക് വേണ്ടിയിരുന്നത്, 'പദ്ധതി ലക്ഷ്യങ്ങൾ പൂർത്തീകരിക്കുകയായിരുന്നു.' ഒരു ഉദ്യോഗസ്ഥൻ അവരെ പരിഹസിച്ചു കൊണ്ട് പറഞ്ഞു. 'ആ പണം ഒരു ബാങ്കിൽ സ്ഥിര നിക്ഷേപം നടത്തിയിരുന്നെങ്കിൽ അവർ പണിയൊന്നും എടുക്കുമായിരുന്നില്ല. അതിന്റെ പലിശ കൊണ്ട് മാത്രം എല്ലാ പഹാദി കുടുംബങ്ങൾക്കും സർഗുജ നിലവാരത്തിൽ കഴിയാമായിരുന്നു.'

രാമദാസിനോട് നിങ്ങൾക്ക് എന്താണാവശ്യമെന്നോ നിങ്ങളുടെ പ്രശ്നങ്ങൾ എന്താണെന്നോ ആരും അന്വേഷിച്ചില്ല. പ്രശ്നങ്ങൾക്ക് പരിഹാരവും കണ്ടില്ല. പകരം അദ്ദേഹത്തിന്റെ പേരിൽ 17.44 ലക്ഷം മുടക്കി ഉപയോഗമില്ലാത്ത ഒരു റോഡ് നിർമ്മിച്ചു. 2 കി.മീ മാത്രം പണിത, എങ്ങുമെത്താത്ത ആ റോഡിലൂടെ യാത്ര ചെയ്യുമ്പോൾ അദ്ദേഹം ചോദിച്ചു. 'ഞങ്ങളുടെ ജലക്ഷാമത്തിന് എന്തെങ്കിലും ചെയ്യാൻ സാധിക്കുമോ സർ'

**ഉറവിടം:** *Excerpted from P Sainath, 1996, Everybody Loves a Good Drought, Stories from India's Poorest Districts, Penguin Books, New Delhi,*

നടത്തിപ്പിന് തടസ്സമായി നിൽക്കുന്ന മൂന്ന് പ്രധാന കാരണങ്ങളാണ് ചുണ്ടിക്കാണിക്കപ്പെടുന്നത്. ഭൂമിയുടേയും സ്വത്തിന്റേയും അസന്തുലിതമായ വിതരണ ഫലമായി ദാരിദ്ര്യ നിർമ്മാർജ്ജന പ്രർത്തനങ്ങളുടെ നേരിട്ടുള്ള ഗുണഫലങ്ങൾ ദരിദ്രരല്ലാത്തവർ നേടിയെടുത്തു. ദാരിദ്ര്യത്തിന്റെ വ്യാപ്തി കണക്കിലെടുക്കുമ്പോൾ ഈ ആവശ്യത്തിനായി നീക്കിവെച്ച വിഭവങ്ങൾ അപര്യാപ്തമായിരുന്നു. അതിലുപരി സർക്കാർ ജീവനക്കാരും ബാങ്ക് ഉദ്യോഗസ്ഥരുമായിരുന്നു ഈ പദ്ധതികൾ നടപ്പിലാക്കേണ്ടിയിരുന്നത്. ഈ ഉദ്യോഗസ്ഥർ ശരിയായ രീതിയിലുള്ള പരിശീലനം ലഭിക്കാത്തവരോ താൽപ്പര്യമില്ലാത്തവരോ അഴിമതിക്കാരോ പ്രാദേശികമായ വരേണ്യ വിഭാഗക്കാരുടെ സ്വാധീനത്തിന് വിധേയമാകുന്നവരോ ആയിരുന്നതിനാൽ വിഭവങ്ങൾ കാര്യക്ഷമമല്ലാതെ ഉപയോഗിക്കുകയും പാഴാക്കുകയും ചെയ്തു. പോരാത്തതിന് പ്രാദേശിക സ്ഥാപനങ്ങളുടെ പങ്കാളിത്തം പദ്ധതി നിർവഹണത്തിൽ ഉണ്ടായിരുന്നുമില്ല.

ദാരിദ്ര്യരേഖക്ക് താഴെയോ തൊട്ടു മുകളിലോ ഉള്ള ഭൂരിഭാഗം വരുന്ന അവശ വിഭാഗങ്ങളെ അഭിസംബോധന ചെയ്യുന്ന കാര്യത്തിൽ സർക്കാർ നയങ്ങൾ പരാജയപ്പെട്ടു. ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യാൻ ഉയർന്ന വളർച്ചാനിരക്ക് മാത്രം പോരാ എന്ന് തെളിയിക്കപ്പെട്ടിരിക്കുന്നു. ദരിദ്രജന വിഭാഗങ്ങളുടെ സജീവ പങ്കാളിത്തമില്ലാതെ, ഒരു പദ്ധതിയും വിജയകരമായി നടപ്പിലാക്കാൻ കഴിയില്ല.

സാമ്പത്തിക വളർച്ചാപ്രക്രിയയിൽ ദരിദ്രർ സജീവമയായി ഇടപെടുകയും സാമ്പത്തിക വളർച്ചയിൽ അവരുടെ കാര്യക്ഷമമായ



*ചിത്രം 4.7 പാഴ്‌വസ്തു ശേഖരിക്കുന്നവർ: തൊഴിൽ ആസൂത്രണത്തിന്റെ തെറ്റായ തരത്തിലുള്ള നിർവഹണം വളരെ തുച്ഛമായ വരുമാനം ലഭിക്കുന്ന തൊഴിലുകൾ കൂടി ഏറ്റെടുക്കാൻ ജനങ്ങളെ നിർബന്ധിതമാക്കുന്നു.*

സംഭാവന ഉണ്ടാവുകയും ചെയ്യുമ്പോൾ മാത്രമേ ദാരിദ്ര്യത്തെ പൂർണമായി തുടച്ചു നീക്കാൻ സാധിക്കുകയുള്ളൂ. ഇതിനായി സാമൂഹ്യ സഹകരണമുണ്ടാവുകയും ദരിദ്രരെ ഇതിൽ പങ്കെടുക്കുവാൻ പ്രോത്സാഹിപ്പിക്കുകയും അവരെ ശക്തിപ്പെടുത്തുകയുമാണ് ചെയ്യേണ്ടത്. തൊഴിലവസരങ്ങൾ വർദ്ധിക്കുകയും അതിലൂടെ തൊഴിൽ നൈപുണ്യവികസനം, സാക്ഷരത, ആരോഗ്യം, എന്നിവയെ മെച്ചപ്പെടുകയും ചെയ്യണം. അതിലുപരി ദാരിദ്ര്യ ബാധിത പ്രദേശങ്ങളെ

കണ്ടെത്തുകയും അവിടെ വിദ്യാലയങ്ങൾ, റോഡുകൾ, വൈദ്യുതി, വാർത്താവിനിമയ സൗകര്യങ്ങൾ, ഐ.ടി. സേവനങ്ങൾ, പരിശീലന സ്ഥാപനങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 4.8 ഉപസംഹാരം

സ്വാതന്ത്ര്യത്തിനു ശേഷം നാം ഏഴ് പതിറ്റാണ്ടുകൾ പിന്നിട്ടു കഴിഞ്ഞു. സാമൂഹ്യനീതിക്കും സമത്വത്തോടുമൊപ്പമുള്ള ദ്രുതഗതിയിലുള്ള സന്തുലിത വളർച്ചയാണ് നമ്മുടെ പദ്ധതികളുടെ ദീർഘകാല ലക്ഷ്യം. ഏത് സർക്കാർ അധികാരത്തിലിരിക്കുമ്പോഴും ദാരിദ്ര്യനിർമ്മാർജ്ജനം എന്നത് നമ്മുടെ പ്രധാന ലക്ഷ്യമായിരുന്നു. രാജ്യത്തെ കേവല ദരിദ്രരുടെ എണ്ണം കുറഞ്ഞു. ചില സംസ്ഥാനങ്ങളിൽ ദരിദ്രരുടെ അനുപാതം ദേശീയ ശരാശരിയേക്കാൾ കുറവുമാണ്. എന്നിട്ടും വിമർശകർ പറയുന്നത്, വളരെയധികം പണം നീക്കിവെക്കുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും ലക്ഷ്യം വളരെ വിദൂരമാണെന്നാണ്. പ്രതിശീർഷ വരുമാനത്തിലും ശരാശരി ജീവിത നിലവാരത്തിലും നമുക്ക് പുരോഗതിയുണ്ടായിട്ടുണ്ട്. അടിസ്ഥാന ആവശ്യങ്ങൾ നേടിയെടുക്കുന്ന കാര്യത്തിലും പുരോഗതിയുണ്ട്. എന്നാൽ മറ്റു രാജ്യങ്ങളിലുണ്ടായ പുരോഗതിയോട് തുലനം ചെയ്യുമ്പോൾ നമ്മുടെ പുരോഗതി ആശാവഹമല്ല. അതിലുപരി വികസനത്തിന്റെ സദ്ഫലം എല്ലാ വിഭാഗം ജനങ്ങൾക്കുമെത്തിയിട്ടില്ല. ചില വിഭാഗങ്ങൾ, സമ്പദ്വ്യവസ്ഥയുടെ ചില മേഖലകൾ, രാജ്യത്തിലെ ചില പ്രദേശങ്ങൾ എല്ലാം തന്നെ സാമൂഹിക സാമ്പത്തിക വികസന കാര്യത്തിൽ വികസിത രാജ്യങ്ങളോടുപോലും മത്സരിക്കാൻ പ്രാപ്തമാണ്. പക്ഷെ മറ്റു പലരും ദാരിദ്ര്യത്തിന്റെ വിഷമവൃത്തത്തിൽ (Vicious Circle of Povetry) നിന്ന് തന്നെ പുറത്തു കടക്കാൻ പ്രാപ്തിയില്ലാത്തവരുമാണ്.

## സംഗ്രഹം (Recap)

- ഇന്ത്യയുടെ വികസനതന്ത്രങ്ങളുടെ പ്രധാന ലക്ഷ്യം ദാരിദ്ര്യം ലഘൂകരിക്കുക എന്നതായിരുന്നു.
- ഗ്രാമങ്ങളിലെ ശരാശരി ഊർജ്ജാവശ്യമായ 2400 കിലോകലോറിയും നഗരങ്ങളിലെ 2100 കിലോകലോറിയും ലഭിക്കാനാവശ്യമായ ആളോഹരി ഉപഭോഗ ചെലവും എറ്റവും ചുരുങ്ങിയ ഭക്ഷ്യേതര ചെലവും ഉൾപ്പെടുന്നതാണ് ദാരിദ്ര്യരേഖ അഥവാ കേവല ദാരിദ്ര്യം.
- ദരിദ്രരുടെ എണ്ണവും അനുപാതവും താരതമ്യം ചെയ്യുമ്പോൾ ജനങ്ങളുടെ ദാരിദ്ര്യത്തിന്റെ വ്യത്യസ്ഥ തലകളും കാലാകാലങ്ങളായി സംസ്ഥാനങ്ങളിൽ നിലനിൽക്കുന്ന സ്ഥിതിയെപ്പറ്റിയുള്ള വിശദാംശവും ലഭിക്കുന്നു.

- ഇന്ത്യയിലെ ദരിദ്രരുടെ എണ്ണവും മൊത്തം ജനസംഖ്യയിലെ ദരിദ്രരുടെ അനുപാതവും വളരെയധികം കുറഞ്ഞിട്ടുണ്ട്. ആദ്യമായി 1990ൽ കേവല ദരിദ്രരുടെ എണ്ണത്തിൽ കുറവുണ്ടായി.
- ഭൂരിഭാഗം ദരിദ്രരും ഗ്രാമങ്ങളിലാണ് ജീവിക്കുന്നത്. അവർ നിത്യവേതന തൊഴിലുകളിലും അവിദഗ്ധ തൊഴിലുകളിലുമാണ് ഏർപ്പെടുന്നത്
- വരുമാനത്തിലും ചെലവിലും അധിഷ്ഠിതമായ സമീപനം ദരിദ്രരുടെ മറ്റ് സവിശേഷതകളൊന്നും പരിഗണിക്കുന്നില്ല.
- ഇന്ത്യയിലെ ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്നതിനായി മൂന്ന് സമീപന രീതികളാണ് പിന്തുടരുന്നത്. വളർച്ചോന്മുഖ വികസനം, പ്രത്യേക ദാരിദ്ര്യ നിർമാർജ്ജന പദ്ധതികൾ ദരിദ്രരുടെ ഏറ്റവും ചുരുങ്ങിയ ആവശ്യങ്ങൾ നിർവ്വഹിക്കൽ എന്നിവ.
- ആസ്തികളുടെ ഉടമസ്ഥതയും ഉൽപാദന പ്രക്രിയകളും മാറ്റുന്നതിനും ദരിദ്രരുടെ അടിസ്ഥാന സൗകര്യങ്ങൾ നിറവേറ്റുന്നതിനുള്ള സർക്കാർ ശ്രമങ്ങൾ ഇനിയും ആവശ്യമാണ്



## അഭ്യാസങ്ങൾ

1. ദരിദ്രരെ തിരിച്ചറിയാൻ കിലോകലോറിയെ അടിസ്ഥാനമാക്കിയുള്ള ആശയം മതിയായതല്ല എന്തുകൊണ്ട്?
2 ജോലിക്ക് കൂലി ഭക്ഷണം പരിപാടി എന്നത് കൊണ്ട് ഉദ്ദേശിക്കുന്നതെന്ത്?
3 ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പദ്ധതികൾ കൂടി ആവശ്യമാണ്. എന്തുകൊണ്ട്?
4 വരുമാന സമ്പാദന ആസ്തികളുടെ സൃഷ്ടി ദാരിദ്ര്യമെന്ന പ്രശ്നത്തെ അഭിസംബോധന ചെയ്യുന്നതെങ്ങനെ?
5 ഇന്ത്യയിൽ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി സ്വീകരിച്ച ത്രിമാന സമീപനം ദാരിദ്ര്യം കുറക്കുന്നതിൽ വിജയിച്ചിട്ടില്ല. വിലയിരുത്തുക.
6. മുതിർന്ന പൗരൻമാർക്കും, ദരിദ്രരും നിരാലംബരുമായ സ്ത്രീകൾക്കും സഹായമാകുന്നതിന് സർക്കാർ സ്വീകരിച്ച പദ്ധതികളെന്തെല്ലാം?

7. ദാരിദ്ര്യവും തൊഴിലില്ലായ്മയും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ? വിശദീകരിക്കുക

8. നിങ്ങൾ ഒരു ദരിദ്രകുടുംബത്തിലെ അംഗമാണെന്നും ഒരു ചെറിയ കട തുടങ്ങാൻ സർക്കാരിൽ നിന്നും നിങ്ങൾക്ക് സഹായം ആവശ്യമാണെന്നും സങ്കല്പിക്കുക. ഏത് പദ്ധതി പ്രകാരമാണ് നിങ്ങൾ സഹായത്തിൽ അപേക്ഷിക്കുക?

9. ഗ്രാമീണ ദാരിദ്ര്യവും നഗര ദാരിദ്ര്യവും തമ്മിലുള്ള വ്യത്യാസം വിശദീകരിക്കുക. ദാരിദ്ര്യം ഗ്രാമങ്ങളിൽ നിന്നും നഗരങ്ങളിലേക്ക് മാറ്റപ്പെട്ടിരിക്കുന്നു എന്ന് പറയുന്നത് ശരിയാണോ? നിങ്ങളുടെ ഉത്തരം സാധൂകരിക്കുന്നതിനുള്ള ദാരിദ്ര്യ അനുപാതത്തിലെ പ്രവണതകൾ ഉപയോഗിക്കുക.

10. നിങ്ങൾ ഒരു ഗ്രാമീണനാണെന്ന് സങ്കൽപിക്കുക. ദാരിദ്ര്യം മറികടക്കുന്നതിനായുള്ള ചില നിർദ്ദേശങ്ങൾ നൽകുക.

## നിർദ്ദേശിക്കപ്പെടുന്ന അധിക പ്രവർത്തനങ്ങൾ

1. നിങ്ങളുടെ പ്രദേശത്തുള്ള 30 വ്യക്തികളിൽ നിന്ന്, അവർ നിത്യേന ഉപഭോഗം ചെയ്യുന്ന വസ്തുക്കളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുക. അതിനു ശേഷം ആപേക്ഷിക ദാരിദ്ര്യത്തിന്റെ തോത് അറിയുന്നതിനായി ഉപഭോഗ നിലവാരത്തിലെ അളവനുസരിച്ച് ക്രമീകരിക്കുക.

2. താഴ്ന്ന വരുമാനമുള്ള കുടുംബങ്ങൾ വിവിധ വസ്തുക്കൾക്കായി ചെലവഴിക്കുന്ന പണം സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുകയും താഴെ തന്നിരിക്കുന്ന പട്ടിക പൂർത്തിയാക്കുകയും ചെയ്യുക. പഠനത്തെ വിശകലനം ചെയ്ത് ഏത് കുടുംബമാണ് മറ്റുള്ളവരെ അപേക്ഷിച്ച് ദരിദ്രർ എന്ന് കണ്ടെത്തുക. ഒരു വ്യക്തിക്ക് 500 രൂപ ചെലവ് എന്നത് ദാരിദ്ര്യരേഖയായി സ്വീകരിച്ച് ആരൊക്കെയാണ് കേവല ദരിദ്രർ എന്ന് കണ്ടെത്തുക.

| ഇനം | കുടുംബം എ | കുടുംബം ബി | കുടുംബം സി | കുടുംബം ഡി |
|---|---|---|---|---|
| ഗോതമ്പ്/അരി<br>സസ്യ എണ്ണ<br>പഞ്ചസാര<br>വൈദ്യുതി/വെളിച്ചം<br>നെയ്യ്<br>വസ്ത്രങ്ങൾ<br>വീട്ടുവാടക | | | | |

3. ഇന്ത്യയിലേയും ഡൽഹി ചേരിയിലേയും ഒരു വ്യക്തിയുടെ ഉപഭോഗ വസ്തുക്കൾക്കുള്ള ഒരു മാസത്തെ ശരാശരി ചെലവിന്റെ ശതമാനം താഴെ നൽകിയിരിക്കുന്നു.' അരിയും ഗോതമ്പും 'ഗ്രാമങ്ങളിൽ 25 ശതമാനം എന്നാൽ ഓരോ 100 രൂപയിലും 25 രൂപ 'അരിക്കും ഗോതമ്പിനും' വേണ്ടി മാത്രം ചെലവഴിക്കുന്നു എന്നാണ് അർത്ഥം. പട്ടിക വായിക്കുക. താഴെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

* വ്യത്യസ്ത ഗ്രൂപ്പുകളിലെ ഭക്ഷ്യവസ്തുക്കളുടെ ചെലവിന്റെ ശതമാനവും അവരുടെ മുൻഗണനകളും താരതമ്യം ചെയ്യുക.
* ചേരിയിലെ കുടുംബങ്ങൾ കൂടുതലായും ധാന്യങ്ങളേയും പയറു വർഗ്ഗങ്ങളേയും ആശ്രയിക്കുന്നുവെന്ന് നിങ്ങൾ കരുതുന്നുണ്ടോ?
* ഓരോ പ്രദേശങ്ങളിലും ജീവിക്കുന്ന ജനങ്ങൾ ഏതെല്ലാം വസ്തുക്കളിലാണ് ഏറ്റും കുറവ് ചെലവഴിക്കുന്നത്? താരതമ്യം ചെയ്യുക.
* ചേരിനിവാസികൾ മാംസം, മത്സ്യം, മുട്ട എന്നിവക്ക് കൂടുതൽ പ്രാധാന്യം നൽകുന്നുവെന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടോ

| ഇനം | ഗ്രാമം | നഗരം | ഡൽഹി ചേരികൾ |
|---|---|---|---|
| അരിയും ഗോതമ്പും | 25.0 | 35.9 | 28.7 |
| പയറു വർഗ്ഗങ്ങളും അതിന്റെ ഉൽപന്നങ്ങളും | 5.7 | 6.1 | 9.9 |
| പാലും പാലുൽപന്നങ്ങളും | 17.4 | 14.1 | 10.3 |
| പഴങ്ങളും പച്ചക്കറികളും | 15.1 | 12.7 | 19.6 |
| മത്സ്യവും മാംസവും മുട്ടയും | 6.3 | 5.3 | 13.1 |
| പഞ്ചസാര | 3.3 | 3.8 | 4.0 |
| ഉപ്പും സുഗന്ധവ്യഞ്ജനങ്ങളും | 10.8 | 10.8 | 8.1 |
| മറ്റു ഭക്ഷ്യ ഇനങ്ങൾ | 16.5 | 11.3 | 6.4 |
| ആകെ | 100 | 100 | 100 |
| എല്ലാ ഇനങ്ങളുടേയും ശതമാനമെന്ന നിലക്ക് ഭക്ഷ്യവസ്തുക്കളിൻമേലുള്ള ചെലവ് | 62.9 | 72.8 | 72.8 |

# സൂചിക


Sen, Amartya & Jean  Dreaze. (Eds). (1995) The Political Economy of Hunger, Clarendon Press,  Oxford

NAOROJl. DADABHAI, 1996, Povetry and UnBritish Rule in India, Publication Division, Ministry of Information and Broadcasting, Government of India, Second Edition, New Delhi

SAINATH P, 1996. Everybody Loves a Good Drought: Stories from India's Poorest Districts, Penguin Books, New Delhi

SEN, AMARTYA. 1999. Povety and Famine: An Essay on Entitlement and Deprivation, Oxford Universtiy Press, New Delhi.

SUBRAMANIAM.S, (Ed) (2001) India's Development Experience: Selected Writings of SGuhan, Oxford Universtiy Press, New Delhi

5

# മനുഷ്യ മൂലധന രൂപീകരണം ഇന്ത്യയിൽ

**പഠന ലക്ഷ്യങ്ങൾ**

- മനുഷ്യവിഭവം, മനുഷ്യ മൂലധന രൂപീകരണം, മനുഷ്യവികസനം എന്നീ ആശയങ്ങൾ മനസ്സിലാക്കുന്നു.
- മനുഷ്യ മൂലധന ത്തിലുള്ള നിക്ഷേപം, സാമ്പത്തിക വളർച്ച, മനുഷ്യവികസനം എന്നിവ തമ്മിലുള്ള ബന്ധം മനസ്സിലാക്കുന്നു.
- വിദ്യാഭ്യാസത്തിനും ആരോഗ്യത്തിനും വേണ്ടിയുള്ള ഗവൺമെന്റ് ചെലവിന്റെ ആവശ്യകത മനസ്സിലാക്കുന്നു.
- ഇന്ത്യയുടെ വിദ്യാഭ്യാസ നേട്ടത്തിന്റെ അവസ്ഥ മനസ്സിലാക്കുന്നു.

ഗവൺമെന്റും സ്വകാര്യവ്യക്തികളും വിദ്യാഭ്യാസത്തിനുവേണ്ടി ചെലവഴിക്കുന്നത് അതിന്റെ നേരിട്ടുള്ള ഗുണഫലം മാത്രം നോക്കി അളക്കരുത്. ജനങ്ങൾക്ക് സ്വയം നേടാനാകുമായിരുന്നതിനേക്കാൾ ഉയർന്ന അവസരങ്ങൾ നൽകുന്നു എന്ന കാര്യത്തിൽ വെറും ഒരു നിക്ഷേപമെന്ന നിലയിൽ വിദ്യാഭ്യാസം ആദായകരമാണ്. അജ്ഞരായി ജീവിതം തീർക്കുമായിരുന്ന പലർക്കും അവരിലെ അന്തർലീനമായ കഴിവുകളെ ഉയർത്തിക്കൊണ്ടുവരുന്നതിന് തുടക്കം കുറിക്കാൻ പ്രാപ്തരാക്കുന്നു എന്നതാണ് ഇതിനർത്ഥം.

**(ആൽഫ്രഡ് മാർഷൽ)**

## 5.1 ആമുഖം (Introduction)

മനുഷ്യരാശിയുടെ പടിപടിയായുള്ള വികാസത്തിൽ വലിയ വ്യത്യാസം ഉണ്ടാക്കിയ ഒരു കാര്യത്തെക്കുറിച്ച് ചിന്തിച്ചുനോക്കൂ. ഒരുപക്ഷേ അത് അറിവ് ശേഖരിക്കാനും സംഭാഷണത്തിലൂടെയും പാട്ടുകളിലൂടെയും വിശദമായ അധ്യാപനത്തിലൂടെയും പകരാനുമുള്ള മനുഷ്യന്റെ കഴിവുകൾ ആകാം. കാര്യങ്ങൾ വളരെ പെട്ടെന്നു തന്നെ എളുപ്പത്തിലാക്കാൻ പരിശീലനത്തിന്റെയും നൈപുണികളുടെയും ആവശ്യകത മനുഷ്യൻ കണ്ടെത്തുകയായിരുന്നു.

വിദ്യാഭ്യാസമുള്ളവരുടെ തൊഴിൽ വൈദഗ്ധ്യം അല്ലാത്തവരുടേതിനേക്കാൾ കൂടുതലാണെന്ന് നമുക്കറിയാമല്ലോ? അതുകൊണ്ടു തന്നെ വിദ്യാഭ്യാസമുള്ളവർക്ക് ഇല്ലാത്തവരെക്കാൾ കൂടുതൽ വരുമാനമുണ്ടാക്കാൻ കഴിയുന്നു. മാത്രമല്ല, രാജ്യത്തിന്റെ സാമ്പത്തിക വളർച്ചക്ക് വിദ്യാഭ്യാസമുള്ളവരുടെ സംഭാവനയും വളരെ കൂടുതലാണ്.

വിദ്യാഭ്യാസം വ്യക്തികൾക്ക് ഉയർന്ന വരുമാനമുണ്ടാക്കുമെന്നു മാത്രമല്ല, മറ്റ് ഉന്നത മൂല്യാധിഷ്ഠിത ഗുണങ്ങളും സംഭാവന ചെയ്യുന്നു. വിദ്യാഭ്യാസം വ്യക്തികൾക്ക്




*ചിത്രം 5.1 കർഷകർക്ക് ആവശ്യമായ വിദ്യാഭ്യാസവും പരിശീലനവും നൽകിയാൽ കാർഷികമേഖലയിൽ ഉൽപാദനക്ഷമത വർധിപ്പിക്കാൻ കഴിയും*

സമൂഹത്തിൽ വലിയ സ്ഥാനവും അഭിമാനവും നൽകുന്നു. അത് ജീവിതത്തിൽ ഏറ്റവും നല്ല മാർഗങ്ങൾ തിരഞ്ഞെടുക്കാൻ സഹായിക്കുന്നു. സമൂഹത്തിലെ മാറ്റങ്ങൾ മനസ്സിലാക്കാനുള്ള അറിവു നൽകുന്നു. അതുപോലെ തന്നെ നൂതനമായ ആശയങ്ങൾക്കുള്ള പ്രചോദനവും നൽകുന്നു. കൂടാതെ വിദ്യാഭ്യാസമുള്ള തൊഴിൽ ശക്തിയുടെ ലഭ്യത പുതിയ സാങ്കേതിക വിദ്യകളുടെ ഉപയോഗം സുഗമമാക്കുന്നു. സാമ്പത്തിക വികസനത്തിന്റെ വേഗത വർദ്ധിപ്പിക്കലിൽ വിദ്യാഭ്യാസത്തിന് വലിയ പ്രാധാന്യമാണ് സാമ്പത്തിക ശാസ്ത്രജ്ഞർ കൽപ്പിക്കുന്നത്.

## 5.2 എന്താണ് മനുഷ്യ മൂലധനം (What is Human Capital)

ഒരു രാജ്യം എങ്ങനെയാണോ അതിന്റെ ഭൂമി പോലുള്ള ഭൗതിക വിഭവത്തെ ഫാക്ടറികൾ പോലുള്ള ഭൗതികമൂലധനമാക്കി മാറ്റുന്നത് അതേ രൂപത്തിൽ തന്നെ വിദ്യാർത്ഥികളായ മനുഷ്യവിഭവങ്ങളെ അധ്യപകരോ സാമൂഹ്യ ശാസ്ത്രജ്ഞരോ, ശാസ്ത്രജ്ഞരോ പോലുള്ള മനുഷ്യ മൂലധനമാക്കി മാറ്റാൻ കഴിയും. സമൂഹത്തിന് ഏറ്റവും ആദ്യം ആവശ്യമുള്ളത് പര്യാപ്തമായ മനുഷ്യ മൂലധനമാണ്. അതാകട്ടെ വിദ്യാഭ്യാസവും പരിശീലനവും ലഭിച്ച ആചാര്യന്മാർ മറ്റു ഉദ്യോഗസ്ഥർ എന്നിവരാണ്. മറ്റൊരു തരത്തിൽ പറഞ്ഞാൽ സമൂഹത്തിന്റെ മനുഷ്യ വിഭവങ്ങളായ വിദഗ്ദ്ധരെ സൃഷ്ടിക്കുന്നതിന് തന്നെ മനുഷ്യ മൂലധനം അത്യന്താപേക്ഷിതമാണ്. മനുഷ്യ വിഭവത്തിൽ നിന്നും കൂടുതൽ മനുഷ്യ മൂലധന ത്തെ സൃഷ്ഷിക്കുന്നതിനു മനുഷ്യമൂലധനത്തിലുള്ള നിക്ഷേപം ആവശ്യമാണെന്നാണ് ഇതിനർത്ഥം.

താഴെപ്പറയുന്ന ചോദ്യങ്ങളിലൂടെ എന്താണ് മനുഷ്യ മൂലധനം എന്ന് കുറച്ചുകൂടി നമുക്ക് മനസ്സിലാക്കാൻ കഴിയും.

1. മനുഷ്യ മൂലധനത്തിന്റെ ഉറവിടങ്ങൾ എന്തെല്ലാമാണ്?
2. ഒരു രാജ്യത്തെ സാമ്പത്തിക വികസനവും മനുഷ്യ മൂലധനവും തമ്മിൽ ഏതെങ്കിലും തരത്തിലുള്ള ബന്ധം നിലനിൽക്കുന്നുണ്ടോ?
3. മനുഷ്യന്റെ സർവതോൻമുഖവികസനമായ മനുഷ്യ വികസനവും മനുഷ്യ മൂലധന രൂപീകരണവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നുവോ?
4. മനുഷ്യ മൂലധന രൂപീകരണത്തിൽ എന്ത് പങ്കാണ് നമ്മുടെ രാജ്യത്തെ സർക്കാറിന് ചെയ്യാൻ കഴിയുക.

## 5.3 മനുഷ്യ മൂലധനത്തിന്റെ ഉറവിടങ്ങൾ (Sources of Human Capital)

മനുഷ്യ മൂലധനത്തിന്റെ ഉറവിടങ്ങളിൽ പ്രധാനപ്പെട്ടവയിലൊന്നാണ് വിദ്യാഭ്യാസ മേഖലയിലുള്ള നിക്ഷേപം. മറ്റ് ഉറവിടങ്ങൾ ഇവയാണ്. ആരോഗ്യ മേഖലയിലുള്ള

**പഠനപ്രവർത്തനങ്ങൾ**

- വ്യത്യസ്ത നിലകളിലുള്ള 3 കുടുംബങ്ങളെ തിരഞ്ഞെടുക്കുക. 1. വളരെ പാവപ്പെട്ടവർ 2. മധ്യവർഗ്ഗം 3. സമ്പന്നർ. ഓരോ കുടുംബങ്ങളിലും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വിദ്യാഭ്യാസത്തിനു ചെലവഴിക്കുന്ന രീതി മനസ്സിലാക്കുക



നിക്ഷേപം, തൊഴിൽ പരിശീലനത്തിനുള്ള നിക്ഷേപം, കുടിയേറ്റം, വിവരശേഖരണം എന്നിവ. എന്തുകൊണ്ടാണ് നിങ്ങളുടെരക്ഷിതാക്കൾ വിദ്യാഭ്യാസത്തിനുവേണ്ടി പണം ചെലവിടുന്നത്? വരും കാലങ്ങളിൽ ലാഭം നേടുന്നതിനുവേണ്ടി കമ്പനികൾ എപ്രകാരമാണോ മൂലധന നിക്ഷേപം നടത്തുന്നത് അതുപോലെ ത്തന്നെയാണ് ചിലർ വിദ്യാഭ്യാസത്തിനും പണം ചെലവഴിക്കുന്നത്.



വ്യക്തികളുടെ ഭാവിയിലെ വരുമാനം വർദ്ധിപ്പിക്കാൻ വേണ്ടിയാണ് അവർ വിദ്യാഭ്യാസത്തിൽ നിക്ഷേപം നടത്തുന്നത്. വിദ്യാഭ്യാസത്തെ പോലെത്തന്നെ ആരോഗ്യവും ഒരു രാജ്യത്തെ സംബന്ധിച്ചും വ്യക്തികളെ സംബന്ധിച്ചും വികസനത്തിന്റെ പ്രധാന നിവേശമാണ് (input).

ആരാണ് രാജ്യത്ത് നന്നായി ജോലി ചെയ്യുന്നത്? ആരോഗ്യം കുറഞ്ഞ വ്യക്തിയാണോ അതോ ആരോഗ്യമുള്ള വ്യക്തിയാണോ? ചികിത്സാ സൗകര്യങ്ങൾ ലഭിക്കാതെ അസുഖം ബാധിച്ച ഒരു തൊഴിലാളിക്ക് ഉല്പാദനക്ഷമതയിൽ കുറവു സംഭവിക്കുന്നതുമൂലം നിർബന്ധമായും ജോലിയിൽ നിന്നു വിട്ടുനിൽക്കേണ്ടി വരുന്നു. അവിടെ ഉത്പാദനക്ഷമതയിൽ കുറവു സംഭവിക്കുന്നു. അതുകൊണ്ടുതന്നെ ആരോഗ്യമേഖലയിലുള്ള ചെലവ്' മനുഷ്യ മൂലധന രൂപീകരണ ത്തിന്റെ ഒരു പ്രധാന ഉറവിടമാണ്.



ആരോഗ്യ സംരക്ഷണത്തിനായി പണം ചെലവാക്കുന്നത് പലവിധത്തിലാണ്.

പ്രതിരോധ ഔഷധങ്ങൾ (Preventive medicine), പ്രതിരോധ കുത്തിവെപ്പുകൾ (vaccination), രോഗം ഭേദമാക്കുന്ന ഔഷധങ്ങൾ (curative medicine) രോഗം ഭേദമാക്കാനുള്ള ചികിൽസ സോഷ്യൽ മെഡിസിൻ, ആരോഗ്യ സാക്ഷരതയുടെ പ്രചരണം ശുദ്ധമായ കുടിവെള്ള വിതരണം, ശുചീകരണ നടപടികൾ തുടങ്ങിയവ. ആരോഗ്യ ചെലവുകൾ നേരിട്ട് ആരോഗ്യമുള്ള തൊഴിൽ സേനയുടെ ലഭ്യതയെ വർദ്ധിപ്പിക്കുന്നു അതുകൊണ്ട് ഇത് മനുഷ്യ മൂലധനരൂപീകരണത്തിന്റെ ഒരു പ്രധാന ഉറവിടമാണ്.

**തൊഴിൽ പരിശീലനം** (Job training)

കമ്പനികൾ തങ്ങളുടെ തൊഴിലാളികൾക്ക് തൊഴിൽ പരിശീലനത്തിനായി പണം ചെലവഴിക്കുന്നുണ്ട്. ഇത് പലതരത്തിലാവാം.

(1) ഒരു വിദഗ്ധ തൊഴിലാളിയുടെ മേൽനോട്ടത്തിൽ കമ്പനിക്കുള്ളിൽ വെച്ചുകൊണ്ടു തന്നെ തൊഴിലാളികൾക്ക് പരിശീലനം നൽകാം.

(2) പുറത്തുള്ള തൊഴിൽ പരിശീലന കേന്ദ്രത്തിലേക്ക് തൊഴിലാളികളെ അയച്ച് പരിശീലനം നൽകാം.

ഈ രണ്ട് അവസ്ഥയിലും കമ്പനികൾ ചെലവ്

വഹിക്കുന്നുണ്ട്. ആയതിനാൽ കമ്പനികൾ തൊഴിലാളികളോട് ഒരു നിശ്ചിതസമയം ജോലിയെടുക്കാൻ ആവശ്യപ്പെടുന്നു. ഈ സമയത്തിനുള്ളിൽ പരിശീലനത്തിലൂടെ ലഭിച്ച ഉല്പാദനക്ഷമതാ വർധനവിലൂടെ കമ്പനികൾ നേട്ടം വരുത്തുന്നു. മനുഷ്യ മൂലധന രൂപീകരണത്തിന്റെ ഒരു ഉറവിടം തന്നെയാണ് തൊഴിൽ പരിശീലനത്തിനുള്ള ചെലവ്. തൊഴിൽ പരിശീലനത്തിന് ചെലവഴിക്കുന്ന തുകയെക്കാൾ വലിയതോതിലുള്ള നേട്ടങ്ങളാണ് തൊഴിലാളികൾക്ക് പരിശീലനം നൽകിയതു വഴി ഉത്പാദനക്ഷമത വർദ്ധിക്കുമ്പോൾ കമ്പനികൾക്ക് ഉണ്ടാകുന്നത് .

**കുടിയേറ്റം** (Migration)

ഉയർന്ന ശമ്പളമുള്ള ജോലികൾ ലഭിക്കും എന്നതു കൊണ്ടാണ് ജനങ്ങൾ മറ്റ് പ്രദേശങ്ങളിലേക്ക് കുടിയേറി പാർക്കുന്നത്. ഇന്ത്യയിൽ ഗ്രാമങ്ങളിൽ നിന്നും നഗരങ്ങളിലേക്കുള്ള കുടിയേറ്റത്തിനു കാരണം തൊഴിലില്ലായ്മയാണ്. ഉന്നത വിദ്യാഭ്യാസം നേടിയവർ ഉയർന്ന ശമ്പളം പ്രതീക്ഷിച്ചുകൊണ്ട് മറ്റു രാജ്യങ്ങളിലേക്ക് കുടിയേറുന്നു. ഈ രണ്ട് കുടിയേറ്റങ്ങളിലും യാത്രാ ചെലവുകൾ, കുടിയേറി പാർക്കുമ്പോൾ ഉണ്ടാകുന്ന ഉയർന്ന ചെലവുകൾ, അപരിചിതമായ സാമൂഹ്യ സാംസ്കാരിക മേഖലകളിൽ ജീവിക്കേണ്ടിവരുന്നതിന്റെ മാനസിക പ്രയാസങ്ങൾ എന്നിവയെ തരണം ചെയ്യുന്നത് കുടിയേറ്റത്തിന്റെ ഭാഗമായിലഭിക്കുന്ന നേട്ടങ്ങളാണ്. അതുകൊണ്ടുതന്നെ കുടിയേറ്റവുമായി ബന്ധപ്പെട്ട ചെലവുകളെല്ലാം തന്നെ മനുഷ്യ മൂലധന രൂപീകരണത്തിന്റെ ഉറവിടങ്ങളിൽ ഒന്നാണ്.

**വിവരശേഖരണം** (Information)

മനുഷ്യ മൂലധനം സൃഷ്ടിക്കുന്നതിനുള്ള മറ്റൊരു ഉറവിടം വിവരശേഖരണത്തിനുള്ള ചെലവാണ്. തൊഴിൽ കമ്പോളം, വിദ്യാഭ്യാസ ആരോഗ്യ കമ്പോളങ്ങൾ എന്നിവയെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനും ജനങ്ങൾ വൻ തുക ചെലവഴിക്കുന്നു. ഉദാഹരണമായി വിവിധ മേഖലയിലെ ജോലി സാധ്യതകളും അവയ്ക്ക് ലഭിക്കുന്ന ശമ്പളത്തെക്കുറിച്ചു അറിയുന്നതിനും, ശരിയായ തൊഴിൽ വൈദഗ്ധ്യം നൽകുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളാണോ ഇവ എന്നും, ആയതിലേക്ക് എന്ത് ചെലവ് വരും എന്നുമുള്ള അന്വേഷണങ്ങളാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്. മനുഷ്യ മൂലധന മേഖലയിൽ നിക്ഷേപം നടത്തുന്നതിനും അതുപോലെതന്നെ ലഭ്യമായ മനുഷ്യ മൂലധന വിഭവങ്ങളുടെ ഫലപ്രദമായ ഉപയോഗത്തിനും ഇത്തരം വിവരങ്ങൾ അത്യാവശ്യമാണ്. തൊഴിൽ കമ്പോളം, മറ്റ് കമ്പോളങ്ങൾ എന്നിവയെക്കുറിച്ച് അറിയുന്നതിന് ചെലവാക്കുന്ന തുകയും മനുഷ്യ മൂലധന രൂപീകരണത്തിന്റെ ഉറവിടമാണ്.

മനുഷ്യ മൂലധനമെന്ന സാമാന്യ സങ്കൽപത്തിന്റെ അടിസ്ഥാനം ഭൗതിക മൂലധനം എന്ന ആശയമാണ്. രണ്ട് വിധത്തിലുള്ള ഈ മൂലധനങ്ങൾക്ക് സാമ്യതകളും വ്യത്യാസങ്ങളുമുണ്ട്.

## മനുഷ്യ മൂലധനവും സാമ്പത്തിക വളർച്ചയും(Human capital and Economic growth)

ആരാണ് ദേശീയ വരുമാനത്തിലേക്ക് കൂടുതൽ സംഭാവന നൽകുന്നത്? ഫാക്ടറിയിലെ തൊഴിലാളിയാണോ, അതോ സോഫ്റ്റ്വെയർ ഉദ്യോഗസ്ഥനാണോ? വിദ്യാഭ്യാസമുള്ള ഒരു തൊഴിലാളിയുടെ വൈദഗ്ധ്യം അതില്ലാത്ത ഒരു തൊഴിലാളിയെക്കാൾ അധികമായിരിക്കും എന്ന് നമുക്കറിയാമല്ലോ. മാത്രവുമല്ല

**ബോക്സ് 5.1 ഭൗതിക മൂലധനവും മനുഷ്യ മൂലധനവും.**

ബോധപൂർവ്വമുള്ള നിക്ഷേപ തീരുമാനങ്ങളുടെ പരിണതഫലമാണ് ഭൗതിക മൂലധന രൂപീകരണവും മനുഷ്യ മൂലധന രൂപീകരണവും. ഭൗതിക മൂലധനത്തിനുള്ള തീരുമാനംവരുന്നത് സംരഭകന്റെ അറിവിനെ അടിസ്ഥാനപ്പെടുത്തിയാണ്. ഓരോ നിക്ഷേപത്തിൽ നിന്നും ലഭിക്കുന്ന പ്രതീക്ഷിത വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് സംരംഭകൻ നിക്ഷേപങ്ങൾ തീരുമാനിക്കുന്നത്. ഉടമസ്ഥന്റെ ബോധപൂർവമായ തീരുമാനത്തിന്റെ പ്രതിഫലമാണ് ഭൗതിക മൂലധനത്തിന്റെ ഉടമസ്ഥത. ഭൗതിക മൂലധനരൂപീകരണമെന്നത് പ്രധാനമായും സാമ്പത്തികസാങ്കേതിക പ്രക്രിയയാണ്. 'ഒരു വ്യക്തിക്ക് സമ്പാദ്യം കൂടുതൽ നേടാൻ കഴിയുമോ ഇല്ലയോ എന്ന് തീരുമാനിക്കാൻ കഴിയാത്ത കാലത്താണ് അയാളുടെ മനുഷ്യ മൂലധന രൂപീകരണം ഉണ്ടാകുന്നത്. കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ ആരോഗ്യ സംവിധാനങ്ങൾ അവരുടെ രക്ഷിതാക്കളും സമൂഹവും ഒരുക്കിക്കൊടുക്കുന്നു. ചങ്ങാതികൾ അധ്യാപകർ സമൂഹം എന്നിവരെല്ലാം ഒരു വ്യക്തിയുടെ മനുഷ്യ മൂലധന നിക്ഷേപത്തിൽ ഉന്നതവിദ്യാഭ്യാസ ഘട്ടത്തിൽ വരെ സ്വാധീനം ചെലുത്തുന്നു. കൂടാതെ ഈ ഘട്ടത്തിൽ നടക്കുന്ന മനുഷ്യ മൂലധന രൂപീകരണം സ്കൂൾ തലത്തിൽ തന്നെ ഇതിനകം രൂപപ്പെട്ടിട്ടുള്ള മനുഷ്യ മൂലധന രൂപീകരണത്തെ ആശ്രയിച്ചിരിക്കുന്നു. മനുഷ്യ മൂലധന രൂപീകരണം ഭാഗികമായി ഒരു സാമൂഹ്യ പ്രക്രിയയാണ്. കൂടാതെ മൂലധനമാവേണ്ട വ്യക്തിയുടെ ബോധപൂർവ്വമുള്ള തീരുമാനം കൂടിയാണ്.

ഒരു ഭൗതിക മൂലധനത്തിന്റെ ഉടമ, ഉദാഹരണം ഒരു ബസ് ഉടമ, ആ മൂലധനം ഉപയോഗിക്കുന്നിടത്ത് വേണമെന്നില്ല. എന്നാൽ ബസ് ഡ്രൈവർ ആയ മനുഷ്യ മൂലധനം ഗതാഗത സമയത്ത് ആ ബസ്സി നോടൊപ്പം ഉണ്ടായിരിക്കണം. ഭൗതിക മൂലധനം സ്പർശനവേദ്യമാണ്. മറ്റ് സാധനങ്ങളെപ്പോലെ ഇത് വിപണിയിൽ വിൽക്കാവുന്നതാണ്. മനുഷ്യ മൂലധനം സ്പർശന വേദ്യമല്ല. അത് പൂർണമായും അതിന്റെ ഉടമയുടെ ശരീരവും മനസ്സും കൂടിച്ചേർന്നതാണ്. മനുഷ്യ മൂലധനം ഒരിക്കലും വിപണിയിൽ വിൽക്കാൻ കഴിയില്ല. എന്നാൽ മനുഷ്യ മൂലധനത്തിന്റെ സേവനമാണ് വിപണിയിൽ വിൽക്കുന്നത്. അതുകൊണ്ടുതന്നെ ഉത്പാദന സ്ഥലങ്ങളിൽ മനുഷ്യ മൂലധന ഉടമയുടെ സാന്നിധ്യം ആവശ്യമാണ്. ഭൗതിക മൂലധനം അതിന്റെ ഉടമസ്ഥനിൽ നിന്നും വേറിട്ടാണ്. എന്നാൽ മനുഷ്യ മൂലധനത്തിൽ രണ്ടും ഒരുമിച്ചാണ്.

ഈ രണ്ട് തരത്തിലുള്ള മൂലധനവും അതിന്റെ ചലനത്തിലും വ്യത്യാസപ്പെട്ടിരിക്കുന്നു. വ്യാപാര നിയന്ത്രണങ്ങൾ ഉള്ള ചില ഭൗതിക മൂലധനമൊഴി കെ മറ്റെല്ലാ ഭൗതികമൂലധനവും രാജ്യങ്ങൾക്കിടയിൽ ചലിക്കാവുന്നതാണ്. എന്നാൽ മനുഷ്യമൂലധനത്തിന് ഇത്തരത്തിൽ പൂർണമായും രാജ്യാന്തര ചലനം സാധ്യമല്ല .കാരണം ഇവിടെ ദേശീയതയുടെയും സംസ്കാരത്തിന്റെയും തടസ്സങ്ങളുണ്ട്. അതുകൊണ്ട് തന്നെ ഭൗതിക മൂലധനം നമുക്ക് ഇറക്കുമതിയിൽ കൂടിയും ഉണ്ടാക്കാൻ കഴിയും. എന്നാൽ മനുഷ്യ മൂലധന രൂപീകരണം നടക്കുന്നത് സമ്പദ് വ്യവസ്ഥയു ടേയും സമൂഹത്തിന്റേയും ഉചിതവും ബോധപൂർവ്വമുള്ള നയരൂപീകരണത്തിന്റേയും, വ്യക്തികളുടെയും ഗവണ്മെന്റിന്റെയും ചെലവിന്റ അടിസ്ഥാനത്തിലുമാ ണ്.

കാലം കഴിയുന്തോറും രണ്ടുതരത്തിലുള്ള മൂലധനങ്ങൾക്കും മൂല്യശോഷണം സംഭവിക്കുന്നു.എന്നാൽ ഇതിന്റെ രീതികൾ വ്യത്യസ്തമാണ്. യന്ത്രത്തിന്റെ തുടർച്ചയായ ഉപയോഗം മൂലം അതിനു തേയ്മാനം സംഭവിക്കുന്നു. സാങ്കേതികവിദ്യ മാറുന്നതോടെ യന്ത്രങ്ങൾ കാലഹരണപ്പെട്ടതാകുന്നു. പ്രായമാകുന്നതോടെ മനുഷ്യ മൂലധനത്തിൽ മൂല്യശോഷണം സംഭവിക്കുന്നു. വിദ്യാഭ്യാസത്തിലും ആരോഗ്യത്തിലുമുള്ള തുടർച്ചയായ നിക്ഷേപത്തിലൂടെ ഒരു പരിധിവരെ ഇത്തരം മൂല്യശോഷണം കുറച്ചുകൊണ്ടുവരാൻ കഴിയും. ഈ നിക്ഷേപം പുതിയ സാങ്കേതിക വിദ്യയുമായി ഇഴുകിച്ചേരാൻ മനുഷ്യ മൂലധനത്തെ സഹായി ക്കുന്നു. ഇത് ഭൗതിക മൂലധനത്തിൽ സാധ്യമല്ല.

മനുഷ്യ മൂലധനത്തിൽ നിന്നും വരുന്ന ഗുണങ്ങൾ ഭൗതിക മൂലധനത്തിൽ നിന്നും വരുന്ന ഗുണങ്ങളിൽ നിന്നും വ്യത്യസ്തമാണ്. മനുഷ്യ മൂലധനം മൂലം അതിന്റെ ഉടമയ്ക്ക് മാത്രമല്ല സമൂഹത്തിനുകൂടി നേട്ടമുണ്ടാകുന്നു. ഇതിനെ ബാഹികനേട്ടം എന്നു പറയുന്നു. ഒരു വിദ്യാസമ്പന്നനായ വ്യക്തിക്ക് ജനാധിപത്യ പ്രക്രിയയിൽ ഫലപ്രദമായി ഇടപെടാൻ കഴിയും. കൂടാതെ രാജ്യത്തിന്റെ സാമ്പത്തിക സാമൂഹിക പുരോഗതിക്കും സംഭാവന ചെയ്യാൻ കഴിയും. വ്യക്തിപരമായ ശുചിത്വവും, ആരോഗ്യ പരിപാലനവും നിലനിർത്തിക്കൊണ്ട് ഒരു വ്യക്തിക്ക് സാംക്രമിക രോഗങ്ങളെ തടയാൻ കഴിയും. മനുഷ്യ മൂലധനം സ്വകാര്യ സാമൂഹ്യ നേട്ടങ്ങൾ ഉണ്ടാക്കുന്നു. എന്നാൽ ഭൗതിക മൂലധനം സ്വകാര്യ ലാഭം മാത്രമാണ് ഉണ്ടാക്കുന്നത്. അതായത് ആരാണോ സാധനങ്ങൾക്കും സേവനങ്ങൾക്കും വില നൽകുന്നത്, അവർക്കു മാത്രമാണ് മൂലധനത്തിൽ നിന്നുള്ള ഗുണം ലഭിക്കുന്നത്.

വിദ്യാഭ്യാസം ഉള്ളയാൾ ഉണ്ടാക്കുന്ന വരുമാനം അതില്ലാത്ത ആളുടെ വരുമാനത്തേക്കാൾ അധികവുമായിരിക്കും. രാജ്യത്തിന്റെ യഥാർത്ഥ ദേശീയ വരുമാനം വർദ്ധിക്കുക എന്നതാണ് സാമ്പത്തിക വളർച്ച കൊണ്ട് അർഥമാക്കുന്നത്. സ്വാഭാവികമായി ഒരു രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയിലേക്കുള്ള വിദ്യാഭ്യാസമുള്ള വ്യക്തിയുടെ സംഭാവന ഒരു നിരക്ഷരന്റെ സംഭാവനയെക്കാൾ കൂടുതലായിരിക്കും. ഒരു ആരോഗ്യമുള്ളവ്യക്തിക്ക് കൂടുതൽ കാലം തൊഴിൽ ചെയ്യാൻ കഴിയുമെങ്കിൽ ആരോഗ്യവും സാമ്പത്തിക വികസനത്തിന്റെ ഘടകമാണ്. അതുകൊണ്ടുതന്നെ വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ പരിശീലനം, തൊഴിൽ വിപണിയെ കുറിച്ചുള്ള അറിവ്, കുടിയേറ്റം എല്ലാം തന്നെ ഒരു വ്യക്തിയുടെ ധനസമ്പാദനത്തിനുള്ള കഴിവ് വർദ്ധിപ്പിക്കുന്നു.


**ചർച്ച ചെയ്യുക**

*(a)* ശരിയായ പഠന ക്ലാസുകളുടെ ഗുണങ്ങൾ എന്തെല്ലാമാണ്?

*(b)* ഈ വിദ്യാലയത്തിലേക്ക് വരുന്ന വിദ്യാർഥികൾക്ക് ഗുണപരമായ വിദ്യാഭ്യാസം ലഭിക്കുന്നു എന്ന് നിങ്ങൾ കരുതുന്നുവോ?

*(c)* എന്തുകൊണ്ടാണ് ഈ സ്കൂളുകൾക്ക് കെട്ടിടങ്ങൾ ഇല്ലാത്തത്? ഇല്ലാത്തത്?

മനുഷ്യ മൂലധനത്തിന്റെ ഇത്തരത്തിലുള്ള ഉയർന്ന ഉത്പാദനക്ഷമത തൊഴിലാളികളുടെ ഉത്പാദനക്ഷമത വർധിപ്പിക്കുന്നു എന്നുമാത്രമല്ല നവീനമായ കണ്ടുപിടുത്തങ്ങളും സാങ്കേതികവിദ്യകളും സ്വീകരിക്കുന്നതിന് പ്രചോദനമാകുന്നു. സമൂഹത്തിലെ മാറ്റങ്ങളും,



*ചിത്രം 5.2 മനുഷ്യ മൂലധനത്തിന്റെ നിർമ്മാണം .ഡൽഹിയിലെ തെരുവോരത്ത് ഉള്ള ഒരു സ്കൂൾ.*

ശാസ്ത്രീയ മുന്നേറ്റങ്ങളും മനസ്സിലാക്കുന്നതിന് വിദ്യാഭ്യാസം സഹായിക്കുന്നു. അതുമൂലം പുതിയ കണ്ടുപിടിത്തങ്ങളും, അതിന്റെ ക്രിയാത്മകമായ പ്രയോഗങ്ങളും സുഗമമാക്കുന്നു. വിദ്യാഭ്യാസമുള്ളവർക്ക് പുതിയസാങ്കേതികവിദ്യകൾ സ്വീകരിക്കുന്നതിന് എളുപ്പത്തിൽ കഴിയുന്നു.

മനുഷ്യ മൂലധനത്തിലെ വർദ്ധനവ് സാമ്പത്തിക വളർച്ചയ്ക്ക് കാരണമാകുമെന്നതിന് പ്രത്യക്ഷമായ തെളിവുകൾ നിരത്തുക എളുപ്പമല്ല. ഇത്, കണക്കാക്കുന്നതിൽ വരുന്ന പ്രശ്നങ്ങളാകാം. ഉദാഹരണം എത്ര വർഷം സ്കൂളിൽ പോയി പഠിക്കുന്നു, അധ്യാപക വിദ്യാർത്ഥി അനുപാതം, എത്ര വിദ്യാർഥികൾ സ്കൂളിൽ ചേരുന്നു എന്നതിനെയെല്ലാം അടിസ്ഥാനമാക്കിയാണ് പൊതുവിൽ വിദ്യാഭ്യാസത്തെ അളക്കുന്നത്. എന്നാൽ ഇത് ഒരിക്കലും വിദ്യാഭ്യാസ ഗുണനിലവാരത്തെ പ്രതിഫലിപ്പിക്കണം എന്നില്ല. അതുപോലെ തന്നെ ആരോഗ്യ സേവനങ്ങൾ അളക്കുന്നത് പൊതുവിൽ പണമെന്ന മാനകം ഉപയോഗിച്ചാണ്. എന്നാൽ ആയുർദൈർഘ്യം, മരണനിരക്ക് എന്നിവ ഒരിക്കലും ഒരു രാജ്യത്തെ ജനങ്ങളുടെ യഥാർത്ഥ ആരോഗ്യ നിലവാരത്തെ പ്രതിഫലിപ്പിക്കണം എന്നില്ല. മുകളിൽ സൂചിപ്പിച്ച സൂചകങ്ങൾ ഉപയോഗിച്ചുകൊണ്ട് വികസിത. വികസ്വര രാജ്യങ്ങളിലെ വിദ്യാഭ്യാസം, ആരോഗ്യം, പ്രതിശീർഷ വരുമാനം എന്നീ മേഖലയിലെ നേട്ടങ്ങൾ വിലയിരുത്തുമ്പോൾ നമുക്ക് കാണാൻ സാധിക്കുന്നത്

മനുഷ്യ മൂലധനത്തിന്റെ അളവുകളുടെ ഒരുമിക്കലാണ്. എന്നാൽ ആളോഹരി യഥാർത്ഥ വരുമാനത്തിന്റെ ഒരുമിക്കൽ ഇവിടെ കാണുന്നില്ല എന്നതാണ്. മറ്റൊരുതരത്തിൽ പറഞ്ഞാൽ, വികസ്വരരാജ്യങ്ങളിൽ വളർന്നു



*ചിത്രം 5.3 ശാസ്ത്രീയവും സാങ്കേതികവുമായ മനുഷ്യവിഭവശേഷി: സമ്പന്നമായ മനുഷ്യ മൂലധനത്തിന്റെ ഘടകങ്ങൾ.*

വരുന്ന മനുഷ്യ മൂലധനത്തിന്റെ വളർച്ച അതിവേഗത്തിൽ ഉള്ളതാണ്. എന്നാൽ ആളോഹരി വരുമാനത്തിന്റെ വളർച്ച നിരക്ക് ഇവിടെ സൂചിപ്പിച്ചപോലെ അത്രവേഗത്തിൽ അല്ല. മനുഷ്യ മൂലധനത്തിന്റെയും സാമ്പത്തിക വളർച്ചയുടെയും യാദൃശ്ചിക ബന്ധം ഏത് ദിശകളിലേക്കും മാറാവുന്നതാണ് എന്നാണ് ഇത് സൂചിപ്പിക്കുന്നത്. അതായത് ഉയർന്ന വരുമാനം മൂലം ഉയർന്ന തലത്തിലുള്ള മനുഷ്യ മൂലധന രൂപീകരണമോ നേരെമറിച്ചോ സംഭവിക്കാം. അതായത് ഉയർന്ന തോതിലുള്ള മനുഷ്യ മൂലധനം വരുമാനം വർദ്ധിക്കുന്നതിനു കാരണമാകുന്നു.

പണ്ടുമുതൽക്കുതന്നെ സാമ്പത്തിക വളർച്ചയിൽ മനുഷ്യ മൂലധന ത്തിലുള്ള പ്രാധാന്യം ഇന്ത്യ അംഗീകരിച്ചിട്ടുണ്ട്. ഏഴാം പഞ്ചവത്സര പദ്ധതി പറയുന്നത്. 'ഏതൊരു രാജ്യത്തിന്റെ വികസന തന്ത്രത്തിലും പ്രത്യേകിച്ച് വലിയ ജനസംഖ്യയുള്ള രാജ്യത്ത് മാനവവിഭവ വികസനത്തിന് വലിയ പങ്കാണ് വഹിക്കാനുള്ളത്. ശരിയായ മാർഗ്ഗത്തിലൂടെ വിദ്യാഭ്യാ

**പട്ടിക 5.1 വിദ്യാഭ്യാസത്തിന്റെയും ആരോഗ്യത്തിന്റെയും ചില വികസന സൂചകങ്ങൾ**

| വിവരങ്ങൾ | | *1951* | *1981* | *1991* | *2001* | *2014-15* |
|---|---|---|---|---|---|---|
| യഥാർത്ഥ ആളോഹരി വരുമാനം (രൂപയിൽ) | | 7651 | 12174 | 15748 | 23095 | 72900 |
| സ്വാഭാവിക മരണനിരക്ക് (ആയിരം ജനസംഖ്യയ്ക്ക്) | | 25.1 | 12.5 | 9.8 | 8.1 | 6.7 |
| ശിശുമരണ നിരക്ക് | | 146 | 110 | 80 | 63 | 37 |
| ആയുർദൈർഘ്യം (വർഷം) | പുരുഷൻ | 37.2 | 54.1 | 59.7 | 63.9 | 67 |
| | സ്ത്രീ | 36.2 | 54.7 | 60.9 | 66.9 | 70 |
| സാക്ഷരതാ നിരക്ക് (%) | | 16.67 | 43.57 | 52.21 | 65.20 | 76 |

സവും പരിശീലനവും നൽകിയാൽ രാജ്യത്തിന്റെ അതിവേഗത്തിലുള്ള സാമ്പത്തിക വികസനത്തിന് ജനസംഖ്യക്ക് മുതൽക്കൂട്ടാവാൻ കഴിയും. ഇത് ശരിയായ ദിശയിലേക്കുള്ള സാമൂഹ്യമാറ്റത്തിന് വഴിതെളിയിക്കുന്നു.

മനുഷ്യ മൂലധനത്തിന്റെ വളർച്ചയും (വിദ്യാഭ്യാസം, ആരോഗ്യം) സാമ്പത്തിക വളർച്ചയും തമ്മിൽ കാര്യകാരണ ബന്ധങ്ങൾ സ്ഥാപിച്ചെടുക്കാൻ പ്രയാസമായിരിക്കും. ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ (പട്ടിക 5.1) ഈ മേഖലകളെല്ലാം ഒരേസമയം വളരുന്നതായാണ് കാണാൻ കഴിയുന്നത്. ഒരു മേഖലയിലുണ്ടാകുന്ന വളർച്ച മറ്റു മേഖലകളുടെ വളർച്ചയ്ക്ക് ശക്തി പകരുന്നതായി കാണാം.

ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെകുറിച്ച് ഈയടുത്ത കാലത്ത് പ്രസിദ്ധീകരിച്ച രണ്ട് സ്വതന്ത്ര റിപ്പോർട്ടുകൾ പ്രസക്തമാണ്. ശക്തമായ മനുഷ്യ മൂലധന രൂപീകരണം മൂലം ഇന്ത്യ അതിവേഗം വളർന്നുകൊണ്ടിരിക്കകയാണ്. ജർമ്മൻ ബാങ്കായ ഡ്യൂഷ് ബാങ്ക്, ആഗോള വളർച്ചാ കേന്ദ്രങ്ങൾ, എന്നതുമായി ബന്ധപ്പെട്ട 1.07. 2005 ൽപ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ പറയുന്നത് 2020 ആകുമ്പോഴേക്കും ലോകത്തിൽ ഏറ്റവും കൂടുതൽ സാമ്പത്തിക വളർച്ച കൈവരിക്കുന്ന നാല് രാജ്യങ്ങളിൽ ഒന്നായി ഇന്ത്യ മാറുമെന്നാണ്. ഇതിന് കാരണമായി അവർ ചൂണ്ടിക്കാണിക്കുന്നത് ഇന്ത്യയിൽ ലഭ്യമായ മനുഷ്യ മൂലധനമാണ്. കാരണം രാജ്യത്ത്



*ചിത്രം 5.4 തൊഴിൽ കയ്യിൽ തന്നെ. ഇന്ത്യ വിജ്ഞാന സമ്പത്ത് അവസ്ഥയിലേക്ക് മാറുന്നു.*

**ബോക്സ് 5.2 ഇന്ത്യ വിജ്ഞാനസമ്പദ് വ്യവസ്ഥ എന്ന നിലയിൽ**

കഴിഞ്ഞ ദശകത്തിൽ ഇന്ത്യൻ സോഫ്റ്റ്‌വെയർ വ്യവസായം ഏറ്റവും മികച്ച പ്രകടനമാണ് കാഴ്ചവച്ചത്. വിവരസാങ്കേതിക വിദ്യകളുടെ (IT) സാധ്യതകളുപയോഗിച്ച് എങ്ങനെ ഇന്ത്യയ്ക്ക് വിജ്ഞാന സമ്പദ്‌വ്യവസ്ഥയിലേക്ക് മാറാൻ കഴിയുമെന്ന വീക്ഷണങ്ങൾ സംരംഭകർ, ഉദ്യോഗസ്ഥർ, രാഷ്ട്രീയക്കാർ തുടങ്ങിയവർ മുന്നോട്ടു വെയ്ക്കുന്നു. ഇത്തരം മാറ്റങ്ങളുടെ ഉദാഹരണമായി ഇവിടെ കൊടുത്തിട്ടുള്ളത് ഗ്രാമീണർ ഈമെയിൽ ഉപയോഗിക്കുന്നതാണ്. അതുപോലെതന്നെ ഭാവിയുടെ മാർഗ്ഗമായി ഇ-ഗവേണൻസിനെയാണ് കൂടുതൽ ഉയർത്തിക്കാട്ടുന്നത്. വിവര സാങ്കേതിക വിദ്യയിലെ മൂല്യം നിലവിലുള്ള സാമ്പത്തിക വികസനത്തെ ആശ്രയിച്ചാണിരിക്കുന്നത്. വിവരസാങ്കേതികവിദ്യയുടെ മൂല്യം. വിവരസാങ്കേതിക വിദ്യയിലധിഷ്ഠിതമായ സേവനങ്ങൾ മനുഷ്യ വികസനത്തിലേക്ക് നയിക്കുന്നു എന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടോ? ചർച്ച ചെയ്യുക.

ഉയർന്ന തോതിലുള്ള ജിഡിപി നേടുന്നതിന് നിർണായകമായ പ്രാധാന്യമാണ് മനുഷ്യ മൂലധനത്തിനുള്ളത്. 2005 നും 2020 നുമിടയിൽ ഇന്ത്യയിലെ ശരാശരി സ്കൂൾ വിദ്യാഭ്യാസ കാലയളവ് ഇപ്പോഴുള്ളതിനേക്കാൾ (ഏഴ് വർഷം) 40 ശതമാനത്തോളം വർദ്ധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

"ഇന്ത്യയും വിജ്ഞാന സമ്പദ്‌വ്യവസ്ഥയും, പ്രേരകശക്തികളും അവസരങ്ങളും" എന്ന ലോകബാങ്കിന്റെ അടുത്ത കാലത്തുള്ള അവലോകനത്തിൽ പറയുന്നത്, ഇന്ത്യ വിജ്ഞാന സമ്പദ്‌വ്യവസ്ഥയിലേക്ക് നിർബന്ധമായും മാറണമെന്നാണ്. അയർലണ്ട് അവരുടെ വിജ്ഞാനം ഉപയോഗിച്ചതു പോലെ ഇന്ത്യയും ചെയ്താൽ നമ്മുടെ രാജ്യത്തിന്റെ പ്രതിശീർഷ വരുമാനം 2002ലെ ആയിരം അമേരിക്കൻ ഡോളറിൽ നിന്നും 2020 ആകുമ്പോഴേക്കും മൂവായിരം അമേരിക്കൻ ഡോളറിൽ എത്തിച്ചേരും എന്നാണ്. വൈവിധ്യമുള്ള തൊഴിലാളികൾ, നല്ല രൂപത്തിലുള്ള ജനാധിപത്യം, വ്യത്യസ്തമായ ശാസ്ത്ര സാങ്കേതിക സൗകര്യങ്ങൾ എന്നിവയെല്ലാം ഇന്ത്യയ്ക്ക് വിജ്ഞാന സമ്പദ് വ്യവസ്ഥയിലേക്ക് മാറാനുള്ള അനുകൂലമായ ഘടകങ്ങളാണ് എന്നും ഈ റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു. ചുരുക്കത്തിൽ ഇന്ത്യയിലെ മനുഷ്യ മൂലധന രൂപീകരണം നമ്മുടെ സമ്പദ് വ്യവസ്ഥയെ കൂടുതൽ ഉയർന്ന സഞ്ചാരപഥങ്ങളിൽ എത്തിക്കുമെന്നാണ് ഈ രണ്ടു റിപ്പോർട്ടുകളും സൂചിപ്പിക്കുന്നത്

## 5.4 മനുഷ്യ മൂലധനവും മാനവിക വികസനവും (Human Capital and Human Development)

ഈ രണ്ടു പദങ്ങളും ഒന്നായി തോന്നാമെങ്കിലും ഇവ തമ്മിൽ വ്യക്തമായ വ്യത്യാസങ്ങളുണ്ട്. തൊഴിലാളികളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങളായാണ് വിദ്യാഭ്യാസത്തെയും ആരോഗ്യത്തെയും മനുഷ്യ മൂലധനം പരിഗണിക്കുന്നത്. മനുഷ്യ ക്ഷേമത്തിന് ഒഴിച്ചുകൂടാൻ പറ്റാത്തതാണ് വിദ്യാഭ്യാസവും ആരോഗ്യവും എന്ന ആശയത്തിന്റെ അടിസ്ഥാനത്തിലാണ് മനുഷ്യ വികസനം നിലനിൽക്കുന്നത്. ജനങ്ങൾക്ക് എഴുതാനും വായിക്കുവാനുമുള്ള കഴിവ് ഉണ്ടാവുകയും, ആരോഗ്യത്തോടെ ദീർഘകാലം ജീവിക്കാൻ കഴിയുകയും ചെയ്യുമ്പോൾ മാത്രമാണ് അവർക്ക് അവരുടെ പ്രാമുഖ്യ

ത്തിന് അനുസരിച്ചുള്ള മറ്റുകാര്യങ്ങൾ തിരഞ്ഞെടുക്കാൻ കഴിയുന്നത്. ഉത്പാദന ക്ഷമത വർധിപ്പിക്കുക എന്ന ലക്ഷ്യത്തി ലേക്കുള്ള മാർഗ്ഗമാണ് വിദ്യാഭ്യാസവും ആരോഗ്യവും എന്നാണ് മനുഷ്യ മൂലധനം പരിഗണിക്കുന്നത്. ഈ കാഴ്ചപ്പാടിൽ സാധന ങ്ങളുടെയും സേവനങ്ങളുടെയും ഉത്പാദനം വർദ്ധിച്ചിട്ടില്ലെങ്കിൽ വിദ്യാഭ്യാസത്തിലും ആരോഗ്യത്തിലുമുള്ള നിക്ഷേപം നിഷ്ഫല മാണെന്നാണു വിവക്ഷ. മനുഷ്യ വികസന കാഴ്ചപ്പാടിൽ മനുഷ്യരുടെ ഉന്നമനം തന്നെ യാണ് ലക്ഷ്യം. ആരോഗ്യ വിദ്യാഭ്യാസ മേഖല യിലെ നിക്ഷേപത്തിലൂടെ മനുഷ്യ ക്ഷേമം വർദ്ധിപ്പിക്കേണ്ടതാണ്. ഈ മേഖലയിലെ നിക്ഷേപത്തിലൂടെ ഉത്പാദനക്ഷമത വർദ്ധി ക്കണമെന്നില്ല. അതുകൊണ്ട് അടിസ്ഥാന വിദ്യാഭ്യാസവും ആരോഗ്യവും പരമപ്രധാനം തന്നെയാണ്. ഉല്പാദനക്ഷമത കൂടുന്നുവോ കുറയുന്നുവോ എന്നൊന്നും ഈ കാഴ്ചപ്പാടിൽ പരിഗണിക്കുന്നില്ല. ഈ കാഴ്ചപ്പാടിൽ എല്ലാ വ്യക്തികൾക്കും അടിസ്ഥാനവിദ്യാഭ്യാസം,

**പഠനപ്രവർത്തനങ്ങൾ**

➤ ഒരു നിർമ്മാണത്തൊഴിലാളി, വീട്ടു വേലക്കാരി. അലക്കുകാരൻ അല്ലെ ങ്കിൽ സ്കൂളിലെ പ്യൂൺ എന്നിവർ ആരോഗ്യപ്രശ്നം മൂലം ജോലിക്ക് ഹാജരാകാതിരുന്നാൽ താഴെ പറ യുന്നവയെ എങ്ങിനെ ബാധിക്കും?

1) ജോലി സുരക്ഷ

2) കൂലി/ശമ്പളം

സാധ്യമായ കാരണങ്ങൾ എന്തൊക്കെ യായിരിക്കും?

അടിസ്ഥാന ആരോഗ്യം എന്നിവ ലഭിക്കു ന്നതിന് അവകാശമുണ്ട്. അതായത് സാക്ഷര നാവുക, ആരോഗ്യകരമായ ജീവിതം നയിക്കുക എന്നത് എല്ലാ വ്യക്തികളുടെയും അവകാശമാണ്. ഇന്ത്യയിലെ മനുഷ്യ മൂലധന രൂപീകരണമാണ് ഇവിടെ നമ്മൾ വിശകലനം ചെയ്യുന്നത്.

## 5.5 ഇന്ത്യയിലെ മനുഷ്യ മൂലധന രൂപീകരണത്തിന്റെ അവസ്ഥ (State of Human Capital Formation in India)

വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ പരിശീ ലനം, കുടിയേറ്റം, വിവരശേഖരണം എന്നിവയി ലുള്ള മൂലധന നിക്ഷേപത്തിന്റെ പരിണത ഫലമാണ് മനുഷ്യ മൂലധന രൂപീകരണം എന്ന് നമ്മൾ മനസ്സിലാക്കിയല്ലോ. ഇതിൽത്തന്നെ വിദ്യാഭ്യാസവും ആരോഗ്യവും മനുഷ്യ മൂലധന രൂപീകരണത്തിൽ പരമപ്രധാനമാണ്. കേന്ദ്ര ഗവൺമെന്റ്, സംസ്ഥാന ഗവൺമെന്റ്, പ്രാദേ ശിക ഗവൺമെന്റുകൾ (മുൻസിപ്പൽ കോർപ്പ റേഷൻ, നഗരസഭകൾ, ഗ്രാമപഞ്ചായത്തുകൾ) എന്നിവചേർന്നുള്ള ഒരു ഫെഡറൽ സംവി ധാനം ആണ് ഇന്ത്യയ്ക്കുള്ളത്. ഓരോ തല ത്തിലുള്ള ഗവൺമെന്റുകളും ചെയ്യേണ്ട കർത്തവ്യത്തെ കുറിച്ച് ഇന്ത്യൻ ഭരണഘടന വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. അതുപ്രകാരം ആരോഗ്യ വിദ്യാഭ്യാസമേഖ ലകൾക്കുള്ള ചെലവ് ഈ മൂന്നു തലത്തി ലുള്ള ഗവൺമെന്റുകളും ചെയ്യേണ്ടതാണ്. ആരോഗ്യ മേഖലയെ കുറിച്ചുള്ള വിശകലനം എട്ടാമത്തെ അധ്യായത്തിൽ പ്രതിപാദി ക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ഇവിടെ നമ്മൾ വിദ്യാഭ്യാസത്തെക്കുറിച്ച് മാത്രമാണ് പ്രതിപാദിക്കുന്നത്.

ഇന്ത്യയിൽ വിദ്യാഭ്യാസം, ആരോഗ്യം എന്നിവ നടത്തുന്നത് ആരാണ്എന്ന് നിങ്ങൾക്ക റിയാമോ? വിദ്യാഭ്യാസത്തെക്കുറിച്ച് വിശക ലനം ചെയ്യുന്നതിന് മുമ്പ് വിദ്യാഭ്യാസ ആരോ ഗ്യമേഖലയിൽ ഗവൺമെന്റ് ഇടപെടുന്നതിന്റെ ആവശ്യകതയെ കുറിച്ച് നമുക്ക് മനസ്സിലാ ക്കേണ്ടതുണ്ട്. ഇന്ത്യയുടെ ആരോഗ്യ വിദ്യാ ഭ്യാസ മേഖലയിൽ സ്വകാര്യ സ്ഥാപനങ്ങളും ഗവണ്മെന്റ് സ്ഥാപനങ്ങളും പ്രവർത്തിക്കു ന്നുണ്ട്. ആരോഗ്യ വിദ്യാഭ്യാസ മേഖലയിലെ സേവനങ്ങളുടെ ഫലമായി സ്വകാര്യ, സാമൂ ഹ്യ നേട്ടങ്ങൾ സൃഷ്ടിക്കുന്നു. ആരോഗ്യ വിദ്യാഭ്യാസ മേഖലയിൽ പണം ചെലവഴിക്കുന്നത് മൂലം ദീർഘകാല നേട്ടങ്ങളാണ് സൃഷ്ടിക്കു ന്നത്. ആയതിനാൽ അതിൽ നിന്നും, ഉൾവലിയേണ്ടതില്ല. അതുകൊണ്ടുതന്നെ ഈ മേഖലയിൽ സർക്കാർ ഇടപെടൽ അത്യാവശ്യമാണ്. ഉദാഹരണമായി ഒരു കുട്ടിയെ സൗകര്യ ങ്ങളില്ലാത്ത ഒരു സ്കൂളിലോ ആരോഗ്യ കേന്ദ്രത്തിലോ പ്രവേശിപ്പിച്ചു എന്നിരിക്കട്ടെ. ആ കുട്ടിയെ മറ്റൊരു മികച്ച സ്ഥാപനത്തിൽ എത്തിക്കുന്നതിനു മുമ്പു തന്നെ ആദ്യ സ്ഥാപ നത്തിലെ അസൗകര്യങ്ങൾ കുട്ടിയുടെ ഭാവി യെത്തന്നെ അവതാളത്തിലാക്കിയേക്കാം. കൂടാതെ ഇത്തരം സേവനങ്ങളുടെ ഗുണനില വാരത്തെക്കുറിച്ചോ, അതിന്റെ ചെലവിനെ ക്കുറിച്ചോ സാധാരണ ഉപഭോക്താക്കൾക്ക് പൂർണമായ ബോധ്യം ഉണ്ടാകണമെന്നില്ല. ഈയൊരവസ്ഥയിൽ വിദ്യാഭ്യാസ ആരോഗ്യ സേവനങ്ങൾ നൽകുന്നവർ കുത്തക അധികാര മുപയോഗിച്ച് ഉപഭോക്താക്കളെ ചൂഷണത്തിന് വിധേയമാക്കുന്നു. ഗവൺമെന്റ് ഇടപെട്ടു കൊണ്ട് ഇവരുടെ സേവനങ്ങളും ഈടാക്കുന്ന വിലകളും നിയന്ത്രണവിധേയമാക്കി വിദ്യാ ഭ്യാസ ആരോഗ്യ മേഖലയുടെ ഗുണനിലവാരം ഉറപ്പാക്കേണ്ടതാണ്. അതുകൊണ്ടു തന്നെയാണ് സർക്കാറിന്റെ പ്രസക്തി വർദ്ധിക്കുന്നതും.

ഇന്ത്യയിൽ കേന്ദ്ര സംസ്ഥാന തലത്തിലുള്ള വിദ്യാഭ്യാസ മന്ത്രാലയങ്ങൾ, വിദ്യാഭ്യാസ വകുപ്പ്, വിവിധ ഗവൺമെന്റ് സ്ഥാപനങ്ങളായ എൻ.സി.ഇ.ആർ.ടി (വിദ്യാഭ്യാസ ഗവേഷണ ത്തിനും പരിശീലനത്തിനത്തിനുമുള്ള സമിതി NCERT), യു.ജി.സി. (യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ UGC), എ.ഐ.സി.ടി.ഇ (സാങ്കേതിക വിദ്യാഭ്യാസത്തിനുള്ള അഖിലേന്ത്യ കൗൺസിൽ ICTE) എന്നിവ യെല്ലാം വിദ്യാഭ്യാസ മേഖലയിൽ ഉൾപ്പെടുന്നു. അതുപോലെതന്നെ കേന്ദ്ര സംസ്ഥാന തലത്തിലുള്ള ആരോഗ്യ മന്ത്രാലയങ്ങൾ, ആരോഗ്യവകുപ്പ്, വിവിധ ഗവൺമെന്റ് സ്ഥാപനങ്ങളായ ഐസിഎംആർ (മെഡി ക്കൽ ഗവേഷണത്തിനുള്ള ഇന്ത്യൻ കൗൺ സിൽ ICMR) എന്നിവയെല്ലാം ആരോഗ്യ മേഖലയെ ശക്തിപ്പെടുത്തുന്നതിൽ വ്യക്തമായ പങ്കു വഹിക്കുന്നു.

വലിയ വിഭാഗം ജനങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെ ജീവിക്കുന്ന ഇന്ത്യയെപ്പോലുള്ള ഒരു വികസ്വര രാജ്യത്ത് നിരവധി പേർക്ക് അടി സ്ഥാന വിദ്യാഭ്യാസവും ആരോഗ്യവും നേടാൻ ശേഷിയില്ല എന്നതൊരു വസ്തുതയാണ്. വലിയൊരു വിഭാഗം ജനങ്ങൾക്ക് വിദഗ്ദ്ധ ചികിത്സ ലഭിക്കുന്നതിനും ഉന്നതവിദ്യാഭ്യാസം നേടുന്നതിനും ഇതിനാൽ കഴിയാതെ പോകുന്നുണ്ട്. അടിസ്ഥാന വിദ്യാഭ്യാസവും ആരോഗ്യ സംവിധാനങ്ങളും ഒരു വ്യക്തിയുടെ അവകാശമാ യതിനാൽ സമൂഹത്തിൽ പിന്നോക്കം നിൽക്കുന്ന അടിച്ചമർത്തപ്പെട്ട ജനവിഭാഗങ്ങൾക്കും അർഹതപ്പെട്ട മറ്റു വിഭാഗങ്ങൾക്കും ഗവൺമെന്റ് സൗജന്യമായ

വിദ്യാഭ്യാസ ആരോഗ്യ സംവിധാനങ്ങൾ ഒരുക്കിക്കൊടുക്കേണ്ടതാണ്. ഇന്ത്യയെ 100% സാക്ഷരമാക്കുക. ശരാശരി വിദ്യാഭ്യാസ ഫല പ്രാപ്തി നേടുക, എന്നീ ലക്ഷ്യങ്ങൾ കൈവരി ക്കുന്നതിന് കേന്ദ്രസംസ്ഥാന സർക്കാറുകൾ വൻതുക വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി വിനിയോഗിച്ചു വരുന്നു.

**പഠനപ്രവർത്തനങ്ങൾ**

- എൻസിഇആർടി, യുജിസി, എ ഐ സി ടി ഇ, ഐസിഎംആർ എന്നിവയുടെ ലക്ഷ്യങ്ങളും ധർമ്മങ്ങളും തിരിച്ചറിയുക

## 5.6 ഇന്ത്യയിലെ വിദ്യാഭ്യാസ മേഖല (Education Sector in India)

### വിദ്യാഭ്യാസ മേഖലയിൽ സർക്കാർ ചെല വിന്റെ വളർച്ച (Growth in Government Expenditure on Education.)

വിദ്യാഭ്യാസത്തിനുവേണ്ടി എത്രമാത്രം തുകയാണ് സർക്കാർ ഓരോ വർഷവും ചെലവഴിക്കുന്നത് എന്ന് നിങ്ങൾക്കറിയാമോ? ഈ ചെലവ് രണ്ടുതരത്തിൽ പറയാം.

1. സർക്കാറിന്റെ ആകെ ചെലവിന്റെ എത്ര ശതമാനം?
2. ജി ഡി പി യുടെ എത്ര ശതമാനം?

സർക്കാറിന്റെ ആകെ ചെലവിന്റെ എത്ര ശതമാനമാണ് വിദ്യാഭ്യാസത്തിനു ചെലവഴി ക്കുന്നത് എന്നതുകൊണ്ട് സൂചിപ്പിക്കുന്നത് വിദ്യാഭ്യാസത്തിനു ഗവൺമെന്റ് നൽകുന്ന പ്രാധാന്യത്തെ കുറിച്ചാണ്. ജി ഡി പി യുടെ എത്ര ശതമാനം വിദ്യാഭ്യാസത്തിന് ചെല വഴിക്കുന്നു എന്നതുകൊണ്ടർത്ഥമാക്കുന്നത് രാജ്യത്തെ മൊത്ത വരുമാനത്തിൽ എത്രമാത്രം വിദ്യാഭ്യാസ വികസനത്തിനു വേണ്ടി ചെലവഴിക്കുന്നു എന്നതാണ്. 1952 ൽ നിന്നും 2014 ലേക്ക് എത്തുമ്പോൾ വിദ്യാഭ്യാസത്തിനു വേണ്ടി സർക്കാർ ചെലവിട്ടത് ആകെ ചെലവിന്റെ 7.92 ശതമാനത്തിൽനിന്നും 15.7 ശതമാനമായി വർധിച്ചതായി കാണാം. അത് ജിഡിപിയുടെ അനുപാതത്തിലാണെങ്കിൽ 0.64 ശതമാന ത്തിൽ നിന്നും 4.13 ശതമാനമായി വർധി ച്ചിട്ടുണ്ട്. വിദ്യാഭ്യാസ ചെലവിലുണ്ടായ വർദ്ധനവ് ഈ ഒരു ഏകീകൃത രൂപത്തിലായിരുന്നില്ല. ചില വർഷങ്ങളിൽ കൂടിയും മറ്റു ചില വർഷങ്ങളിൽ കുറഞ്ഞും ആയിരുന്നു. സർക്കാർ ചെലവുകളോടൊപ്പം വ്യക്തികളുടെയും ധർമ്മസ്ഥാപനങ്ങളുടേയും വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള ചെലവുകളും കൂടികൂട്ടുമ്പോൾ ഈ മേഖലയിൽ ആകെ ചെലവാക്കുന്ന തുക വലിയതായിരിക്കും.

ആകെ വിദ്യാഭ്യാസത്തിനു ചിലവാക്കുന്ന തുകയിൽ പ്രധാന പങ്കും പ്രാഥമിക വിദ്യാഭ്യാ സത്തിനാണ് പോകുന്നത്. ഉന്നത വിദ്യാഭ്യാസത്തിന് ചെലവാകുന്നത് തുലോം കുറവുമാണ്. (കോളേജുകൾ, പോളിടെക്നിക്, യൂനിവേഴ്സിറ്റികൾ മുതലായവ). ശരാശരി വിദ്യാഭ്യാസച്ചെലവ് നോക്കുമ്പോൾ ഏറ്റവും കുറവ് ചെലവഴിക്കുന്നത് ഉന്നതവിദ്യാഭ്യാ സത്തിന് ആണെങ്കിലും ഈ മേഖലയിലുള്ള സർക്കാറിന്റെ ആളോഹരി വിദ്യാഭ്യാസ ചെലവ് പ്രാഥമിക വിദ്യാഭ്യാസത്തിലെ ആളോഹരി വിദ്യാഭ്യാസ ചെലവിനേക്കാൾ കൂടുതലാണ് .സർക്കാരിന്റെ പണം ഉന്നത വിദ്യാഭ്യാസ ത്തിൽ നിന്നും പ്രാഥമിക വിദ്യാഭ്യാസത്തിന് നൽകണം എന്നതല്ല ഇതുകൊണ്ട് ഉദ്ദേശിക്കു ന്നത്. സ്കൂൾവിദ്യാഭ്യാസം വിപുലപ്പെടുത്തു ന്നതിനു വേണ്ടി നമുക്ക് കൂടുതൽ അധ്യാപ കരെ ആവശ്യവുമുണ്ട് . ഇവർക്ക് ആവശ്യമായ



*ചിത്രം 5.5 വിദ്യാഭ്യാസമേഖലയിലെ പശ്ചാത്തല സൗകര്യത്തിലുള്ള നിക്ഷേപം ഒഴിച്ചുകൂടാനാവാത്തതാണ്*

പരിശീലനം നൽകുന്നത് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. അതുകൊണ്ടുതന്നെ എല്ലാ തലത്തിലുള്ള വിദ്യാഭ്യാസ ചെലവുകളും വർദ്ധിപ്പിക്കണം.

2014-15ൽ ആളോഹരി പ്രാഥമിക വിദ്യാഭ്യാസ ച്ചെലവ് ഓരോ സംസ്ഥാനത്തും വ്യത്യസ്ത മാണ്. ഏറ്റവും ഉയർന്നത് (34651 രൂപ) ഹിമാചൽ പ്രദേശിലും, കുറവ് (4088 രൂപ) ബീഹാറിലുമാണ്. ഇതിനാൽ ഓരോ സംസ്ഥാനത്തിന്റെയും വിദ്യാഭ്യാസ സൗകര്യങ്ങളും നേട്ടങ്ങളും വ്യത്യസ്ത മായിരിക്കും.

വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി വിവിധ വിദ്യാഭ്യാസ കമ്മീഷനുകൾ ശുപാർശ ചെയ്ത തുകകൾ പരിശോധിക്കുമ്പോൾ തന്നെ ഗവണ്മെന്റ് ഈ മേഖലയിൽ ഇപ്പോൾ ചിലവഴി ച്ചത് അപര്യാപ്തമാണെന്ന് മനസ്സിലാക്കാൻ കഴിയും. പ്രകടമായ വിദ്യാഭ്യാസ വളർച്ച നേടുന്നതിനുവേണ്ടി ജി ഡി പി യുടെ ഏറ്റവും കുറഞ്ഞത് 6 ശതമാനം എങ്കിലും ഗവൺമെന്റ് ചെലവഴിച്ചിരിക്കണം എന്ന് 50 വർഷങ്ങൾക്കു മുമ്പുതന്നെ (1964ൽ) വിദ്യാഭ്യാസ കമ്മീഷൻ ശുപാർശ ചെയ്തി രുന്നു. 1998 ൽ ഇന്ത്യാ ഗവൺമെന്റ് നിയമിച്ച തപസ്സ് മജുംദാർ കമ്മിറ്റി , 6 വയസ് മുതൽ 14 വയസ്സു വരെയുള്ള ഇന്ത്യയിലെ എല്ലാ കുട്ടികളെയും അടുത്ത പത്തുവർ ഷത്തിനുള്ളിൽ (1998 -99 - 2006 - 07 ) സ്കൂൾ വിദ്യാഭ്യാസം നൽകുന്നതിന് കണക്കാക്കിയത് 1.37 ലക്ഷം കോടി രൂപയാണ്. ജിഡിപിയുടെ 6 ശതമാന മെങ്കിലും വിദ്യാഭ്യാസ മികവിന് ചെലവഴിക്കണമെന്ന് ശുപാർശയുള്ളപ്പോൾത്തന്നെ ഗവ ൺമെന്റ് ഈ മേഖലയിൽ ഇപ്പോൾ ചെലവഴിക്കുന്നത് കേവലം 4 ശതമാനം മാത്രമാണ്. ജിഡിപിയുടെ 6% വിദ്യാഭ്യാസ ചെലവിലേക്ക് വകയിരുത്തണം എന്നത് ത ത്വത്തിൽ നാം അംഗീകരിച്ചതാണ്. വരും വർഷങ്ങളിലെങ്കിലും ഈ തുക വർദ്ധിപ്പി ക്കേണ്ടതുണ്ട്. വിദ്യാഭ്യാസ അവകാശനിയമം 2009 ൽ ഇന്ത്യാ ഗവൺമെന്റ് നടപ്പാക്കി. അതുപ്രകാരം 6 മുതൽ 14 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം ഉറപ്പാക്കുന്നു. അത് മൗലിക അവകാശമായി അംഗീകരിക്കപ്പെടുകയും ചെയ്തു.

ഈയടുത്തകാലത്തായി ഇന്ത്യ ഗവൺമെന്റ് അതിന്റെ എല്ലാ നികുതികളിലും രണ്ട് ശതമാനം വിദ്യാഭ്യാസ സെസ് ചുമത്തിയിരു ന്നു. ഇത് പ്രധാനമായും പ്രാഥമിക വിദ്യാഭ്യാസത്തിനാണ് ചിലവിടുന്നത്. കൂടാതെ ഉന്നത വിദ്യാഭ്യാസം മെച്ചപ്പെടു ത്തുന്നതിനായി ഇന്ത്യാഗവൺമെന്റ് വലിയ തുക വകയിരുത്തുകയും വിദ്യാർത്ഥി കൾക്ക് വിദ്യാഭ്യാസ വായ്പാ സമ്പ്രദായം കൊണ്ടു വരികയും ചെയ്തു.

**പഠനപ്രവർത്തനങ്ങൾ**

- ➢ സ്കൂൾ വിദ്യാഭ്യാസത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള കൊഴിഞ്ഞുപോക്കിനെ കുറിച്ച് ഒരു വിശദ പഠനം (Case Study) നടത്തുക

  *(i)* പ്രാഥമിക വിദ്യാഭ്യാസത്തിലുള്ള കൊഴിഞ്ഞു പോക്ക്

  *(ii)* 8-ാം ക്ലാസ്സിലെ കൊഴിഞ്ഞുപോക്ക്

  *(iii)* 10-ാം ക്ലാസ്സിലെ കൊഴിഞ്ഞുപോക്ക്

  കാരണങ്ങൾ കണ്ടെത്തി ക്ലാസ്സിൽ ചർച്ച ചെയ്യുക.

- ➢ സ്കൂളിലെ കൊഴിഞ്ഞുപോക്ക് ബാലവേലയിലേക്കുള്ള വഴിയാണ്. ഇത് എങ്ങനെയാണ് മനുഷ്യ മൂലധനത്തിന് നഷ്ടമുണ്ടാകുന്നത് എന്ന് ചർച്ച ചെയ്യുക.

**പട്ടിക 5.2**

**ഇന്ത്യയിലെ വിദ്യാഭ്യാസ നേട്ടങ്ങൾ**

| *ക്രമ നം.* | *വിശദാംശങ്ങൾ* | *1990* | *2000* | *2015* |
|---|---|---|---|---|
| *1.* | പ്രായപൂർത്തിയായവരിലെ സാക്ഷരതാ നിരക്ക് (15 വയസ്സിനുമുകളിലുള്ളവർ ശതമാനത്തിൽ) | | | |
| | *1.1* പുരുഷന്മാർ | *61.9* | *68.4* | *81* |
| | *1.2* സ്ത്രീകൾ | *37.9* | *45.4* | *63* |
| *2.* | പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കൽ നിരക്ക് (നിശ്ചിത പ്രായഗണത്തിൽ ഉള്ളവർ) | | | |
| | *2.1* പുരുഷന്മാർ | *78* | *85* | *94* |
| | *2.2* സ്ത്രീകൾ | *61* | *69* | *99* |
| *3.* | യുവസാക്ഷരതാ നിരക്ക് (പ്രായം 15നും 24 ഇടയിൽ) | | | |
| | *3.1* പുരുഷന്മാർ | *76.6* | *79.7* | *92* |
| | *3.2* സ്ത്രീകൾ | *54.2* | *64.8* | *87* |

### ഇന്ത്യയിലെ വിദ്യാഭ്യാസ നേട്ടങ്ങൾ

പ്രായപൂർത്തിയായവരിലെ സാക്ഷരതാ നിരക്ക്, പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയവരുടെ നിരക്ക്, യുവാക്കൾക്കിടയിലെ സാക്ഷരതാ നിരക്ക് എന്നീ സൂചകങ്ങൾ പരിശോധിച്ചാണ് ഒരു രാജ്യത്തെ വിദ്യാഭ്യാസ നേട്ടങ്ങൾ വിലയിരുത്തുന്നത്. കഴിഞ്ഞ രണ്ട് ദശകങ്ങളിലെ സ്ഥിതിവിവരക്കണക്കുകൾ പട്ടിക 5.2 ൽ നൽകിയിരിക്കുന്നു.

## 5.7 ഭാവിയിലേക്കുള്ള പ്രത്യാശ (Future prospects)

എല്ലാവർക്കും വിദ്യാഭ്യാസം ഇപ്പോഴും ഒരു വിദൂര സ്വപ്നം(Education for all; Still a distant dream).

പ്രായപൂർത്തിയായവരിലേയും യുവാക്കളിലേയും സാക്ഷരത നിരക്ക് വർദ്ധിച്ചുവെങ്കിലും, ഇന്ത്യയിലെ ഇപ്പോഴുള്ള നിരക്ഷരരുടെ എണ്ണം ഇന്ത്യക്ക് സ്വാതന്ത്ര്യം



*ചിത്രം 5.6 സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് ബാലവേലയിലേക്ക് നയിക്കുന്നു. ഇത് മനുഷ്യ മൂലധനത്തിന്റെ നഷ്ടമാണ്.*

കിട്ടുമ്പോൾ ഉണ്ടായിരുന്ന ജനസംഖ്യയ്ക്ക് തുല്യമാണ്. അടുത്ത പത്തുവർഷത്തിനുള്ളിൽ ഇന്ത്യയിലെ 14 വയസ്സുവരെയുള്ള മുഴുവൻ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകിയിരിക്കണമെന്ന് 1950 ൽ തന്നെ ഭരണഘടനയിലെ മാർഗ്ഗനിർദ്ദേശകതത്ത്വങ്ങളിൽ (Directive Principles) ഉറപ്പു നൽകിയിട്ടുണ്ട്. അന്ന് നമ്മൾ അത് നൽകിയിരുന്നെങ്കിൽ ഇന്ന് നമ്മുടെ രാജ്യം 100% സാക്ഷരത്തായിരുന്നു.

### സ്ത്രീപുരുഷസമത്വം (Gender equality)

ഇന്ത്യയിൽ സ്ത്രീപുരുഷ സാക്ഷരതാ നിരക്കിലുള്ള അന്തരം കുറഞ്ഞു വരുന്ന പ്രതിഭാസം സ്ത്രീപുരുഷ സമത്വത്തിലേക്കുള്ള ചുവടുവയ്പ്പായി വേണം മനസ്സിലാക്കാൻ. ഇത് കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി സ്ത്രീകൾക്ക് വിദ്യാഭ്യാസം നൽകുന്നത് അനിവാര്യമാണ്. കാരണം സ്ത്രീകളുടെ സാമ്പത്തിക സ്വാതന്ത്ര്യം, സാമൂഹിക അവസ്ഥ മെച്ചപ്പെടുത്തൽ, പ്രസവ നിരക്കിലും സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യ പരിപാലനത്തിലും അനുകൂലമായ മാറ്റങ്ങൾ ഉണ്ടാകൽ, എന്നിവയെല്ലാം സ്ത്രീകളുടെ വിദ്യാഭ്യാസത്തിലൂടെ മാത്രമേ സാധ്യമാകൂ. പ്രായപൂർത്തിയായവരിലെ 100% സാക്ഷരത നേടുന്നതിൽ നമുക്ക് ഇനിയും ബഹുദൂരം മുന്നോട്ടു പോകേണ്ടതുണ്ട്.

### ഉന്നത വിദ്യാഭ്യാസം നേടിയവരിലെ കുറവ് മാത്രം (Higher Education a few takers).

ഇന്ത്യയിലെ വിദ്യാഭ്യാസ പിരമിഡ് കുത്തനെയാണ്. ഉന്നതവിദ്യാഭ്യാസരംഗത്ത് എത്തിച്ചേരുന്നത് കുറച്ചുപേർ മാത്രമാണെന്നാണ് അത് സൂചിപ്പിക്കുന്നത്. കൂടാതെ വിദ്യാസമ്പന്നർ ക്കിടയിലെ തൊഴിലില്ലായ്മ രൂക്ഷമാണ്. 2011-12 വർഷത്തെ NSSO കണക്ക് പകാരം ഗ്രാമങ്ങളിൽ ബിരുദവും അതിനു മുകളിലും വിദ്യാഭ്യാസമുള്ള യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ നിരക്ക് 19% ആയിരുന്നു. എന്നാൽ പട്ടണങ്ങളിൽ ഇത് താരതമ്യേന

കുറവായിരുന്നു, 16%. ഏറ്റവും കൂടുതൽ ദോഷകരമായി ബാധിച്ചത് ഗ്രാമങ്ങളിലെ ബിരുദധാരികളായ യുവതികളെയാണ്. ഇവരിൽ 30 ശതമാനത്തിനടുത്ത് തൊഴിലില്ലാത്തവരായിരുന്നു. ഗ്രാമങ്ങളിലെയും പട്ടണങ്ങളിലേയും പ്രാഥമിക വിദ്യാഭ്യാസം മാത്രമുള്ള യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മ നിരക്ക് ഏതാണ്ട് 36 ശതമാനമായിരുന്നു. അതുകൊണ്ടുതന്നെ ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് നൽകുന്ന വിഹിതം ഇനിയും വർദ്ധിപ്പിക്കേണ്ടതുണ്ട്. എങ്കിൽമാത്രമേ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം ഉയർത്താൻ സാധിക്കൂ. ഇത് വഴി കുട്ടികൾക്ക്



ചിത്രം 5.7 ഉന്നതവിദ്യാഭ്യാസം കുറച്ചുപേർക്കു മാത്രം

ഇത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും മെച്ചപ്പെട്ടതൊഴിൽ വൈദഗ്ധ്യത്തോടു കൂടിയ വിദ്യാഭ്യാസം നേടാനാവും. അപ്പോഴും നമുക്ക് മുമ്പിൽ അവശേഷിക്കുന്ന ചോദ്യം എന്തുകൊണ്ടാണ് വിദ്യാഭ്യാസമില്ലാത്ത വരെ അപേക്ഷിച്ച് വിദ്യാസമ്പന്നരിൽ ഇപ്പോഴും കൂടുതൽ തൊഴിലില്ലായ്മ നിലനിൽക്കുന്നത് എന്നതാണ്.

## 5.8 ഉപസംഹാരം (Conclusion)

മനുഷ്യ മൂലധനത്തിന്റെയും മനുഷ്യ വികസനത്തിന്റെയും സാമ്പത്തിക സാമൂഹ്യ നേട്ടങ്ങൾ വളരെ പ്രസക്തമാണ്. ഇന്ത്യയിൽ കേന്ദ്ര സംസ്ഥാന സർക്കാറുകൾ വിദ്യാഭ്യാസ ആരോഗ്യ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഗണ്യമായ തുകവകയിരുത്തുന്നുണ്ട്. സാമ്പത്തിക വളർച്ചയും സമത്വവും നേടുന്നതിനുവേണ്ടി രാജ്യത്തെ വ്യത്യസ്ത ജനവിഭാഗങ്ങൾക്ക് ആവശ്യമായ വിദ്യാഭ്യാസ ആരോഗ്യ സേവനങ്ങൾ ഗവൺമെന്റ് ഉറപ്പുവരുത്തേണ്ടതാണ്. ശാസ്ത്രസാങ്കേതിക രംഗങ്ങളിൽ സമ്പുഷ്ടമായ മനുഷ്യ ശേഷിയാണ് ഇന്ത്യയ്ക്കുള്ളത്. ഈ ശേഷിയെ നമ്മുടെ രാജ്യത്തിന്റെ വളർച്ചയ്ക്കും ഗുണത്തിനും ഉതകുന്ന രീതിയിൽ ഉപയോഗിക്കുക എന്നതാണ് ഈ കാലഘട്ടം നമ്മോട് ആവശ്യപ്പെടുന്നത്.

### സംഗ്രഹം (Recap)

- വിദ്യാഭ്യാസ മേഖലയിലുള്ള നിക്ഷേപം മനുഷ്യനെ മനുഷ്യ മൂലധനമാക്കി മാറ്റുന്നു. മനുഷ്യ മൂലധനം പ്രതിനിധാനം ചെയ്യുന്നത് ഉയർന്നതോതിലുള്ള ഉത്പാദനക്ഷമത യാണ്. ഇത് നേടുന്നത് മനപ്പൂർവമായ നിക്ഷേപ തീരുമാനങ്ങളിൽ നിന്നാണ്. ഭാവിയിൽ വരുമാനമാർഗങ്ങൾ വർധിക്കുമെന്ന പ്രതീക്ഷയിലാണ് ഈ തീരുമാനങ്ങൾ ഉണ്ടാകുന്നത്.
- വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, ആരോഗ്യം, കുടിയേറ്റം, വിവരശേഖരണം എന്നിവയിലുള്ള നിക്ഷേപങ്ങളാണ് മനുഷ്യ മൂലധന രൂപീകരണത്തിന്റെ ഉറവിടങ്ങൾ.
- മനുഷ്യ മൂലധന രൂപീകരണത്തിന്റെ അടിത്തറ ഭൗതിക മൂലധനമാണ്. ഭൗതിക മൂലധന രൂപീകരണവും മനുഷ്യ മൂലധന രൂപീകരണവും തമ്മിൽ ചില സാമ്യതകളും വൈജാത്യങ്ങളും ഉണ്ട്.
- മനുഷ്യ മൂലധന രൂപീകരണത്തിനുള്ള നിക്ഷേപം കാര്യക്ഷമമായതും വളർച്ച വർധിപ്പിക്കുന്നതുമാണ്.
- മനുഷ്യ ക്ഷേമത്തിന്റെ അവിഭാജ്യഘടകമാണ് വിദ്യാഭ്യാസവും ആരോഗ്യവും എന്ന ആശയത്തിന്റെ അടിസ്ഥാനത്തിലാണ് മനുഷ്യവികസനം. എന്തുകൊണ്ടെന്നാൽ ജനങ്ങൾക്ക് എഴുതാനും വായിക്കാനുമുള്ള കഴിവ് ഉണ്ടാവുകയും ദീർഘകാലം ആരോഗ്യത്തോടെ ഇരിക്കാൻ കഴിയുകയും ചെയ്യുമ്പോൾ മാത്രമാണ് അവർക്ക് അവരുടെ പ്രാമുഖ്യമനുസരിച്ചുള്ള മറ്റു കാര്യങ്ങൾ തിരഞ്ഞെടുക്കാൻ കഴിയുന്നത്.
- ആകെ ഗവൺമെന്റ് ചെലവിന്റെ എത്ര ശതമാനം വിദ്യാഭ്യാസത്തിനു ചെലവഴിക്കുന്നു എന്നത് സർക്കാറിന്റെ വിദ്യാഭ്യാസത്തോടുള്ള സമീപനത്തെ സൂചിപ്പിക്കുന്നു.



### അഭ്യാസം(exercise)

1. നമ്മുടെ രാജ്യത്തെ മനുഷ്യ മൂലധനത്തിന്റെ രണ്ട് പ്രധാന ഉറവിടങ്ങൾ എഴുതുക.
2. രാജ്യത്തെ വിദ്യാഭ്യാസ നേട്ടത്തിന്റെ സൂചകങ്ങൾ എന്തെല്ലാം?
3. വിദ്യാഭ്യാസ നേട്ടങ്ങളിൽ എന്തുകൊണ്ടാണ് ഇന്ത്യയിൽ പ്രാദേശിക വ്യത്യാസം കാണുന്നത്?
4. മനുഷ്യ മൂലധനവും മാനവ വികസനവും തമ്മിലുള്ള വ്യത്യാസങ്ങൾ എടുത്ത് എഴുതുക?

5. മനുഷ്യ മൂലധനവുമായി താരതമ്യം ചെയ്യുമ്പോൾ എങ്ങനെയാണ് മാനവ വികസനം ഒരു വിശാലമായ ആശയം ആവുന്നത്?

6. മനുഷ്യ മൂലധന രൂപീകരണത്തിന് സഹായിക്കുന്ന ഘടകങ്ങൾ ഏതെല്ലാം?

7. ഇന്ത്യയിലെ സ്കൂളുകളുടേ യും ആശുപത്രികളുടേ യും പ്രവർത്തനങ്ങളെ എങ്ങനെയാണ് ഗവൺമെന്റ് സംവിധാനം സുഗമമാക്കുന്നത്?

8. ഒരു രാജ്യത്തിന്റെ വികസനത്തിന് വിദ്യാഭ്യാസം ഒരു പ്രധാന നിവേശമാണ് എന്ന് കരുതുന്നു. എങ്ങനെ?

9. മനുഷ്യ മൂലധന രൂപീകരണത്തിന്റെ ഉറവിടമെന്ന നിലയിൽ താഴെക്കൊടുത്തവ ചർച്ചചെയ്യുക

   1. അടിസ്ഥാന ആരോഗ്യ സൗകര്യങ്ങൾ

   2. കുടിയേറ്റവുമായി ബന്ധപ്പെട്ട ചെലവ്

10. മനുഷ്യ വിഭവങ്ങളെ ഫലപ്രദമായി ഉപയോഗിക്കുന്നതിന്ന് ആരോഗ്യ വിദ്യാഭ്യാസ മേഖലയിലെ ചെലവുകളെ കുറിച്ച് അറിവ് നേടുക എന്നത് ആവശ്യമാണ്. സ്ഥാപിക്കുക.

11. എങ്ങനെയാണ് മനുഷ്യ മൂലധനത്തിലുള്ള നിക്ഷേപം സാമ്പത്തിക വളർച്ചയെ സഹായിക്കുന്നത്?

12. ശരാശരി വിദ്യാഭ്യാസം ഉയരുന്ന തോടുകൂടി ലോകത്തുള്ള അസമത്വം കുറയുന്ന പ്രവണത ഉണ്ടാകുന്നു. അഭിപ്രായം പറയുക

13. ഒരു രാജ്യത്തിന്റെ സാമ്പത്തിക വികസനത്തിൽ വിദ്യാഭ്യാസത്തിനുള്ള പങ്ക് പരിശോധിക്കുക?

14. എങ്ങനെയാണ് വിദ്യാഭ്യാസത്തിലുള്ള നിക്ഷേപം  സാമ്പത്തിക വളർച്ചയെ ഉത്തേജിപ്പിക്കുന്നത്?


15. വ്യക്തി കൾക്ക്  തൊഴിൽ പരിശീലനം നൽകുന്നതിന്റെ ആവശ്യകത എന്താണ്?

16. ഇന്ത്യയിൽ സ്ത്രീ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കേണ്ട തിന്റെ ആവശ്യകതയെ കുറിച്ച് ചർച്ചചെയ്യുക.

17. വിദ്യാഭ്യാസ ആരോഗ്യ മേഖലയിൽ  വ്യത്യസ്ത തരത്തിലുള്ള ഗവൺമെന്റ് ഇടപെടലു കളുടെ ആവശ്യകതയെക്കുറിച്ച് അനുകൂലമായ വാദം നിരത്തുക.

18. ഇന്ത്യയിലെ മനുഷ്യ മൂലധന രൂപീകരണത്തിന്റെ പ്രധാന പ്രശ്നങ്ങൾ നിങ്ങളുടെ കാഴ്ചപ്പാടിൽ എന്തെല്ലാമാണ്?

19.. വിദ്യാഭ്യാസആരോഗ്യ സ്ഥാപനങ്ങളിലെ ഫീസ് ഘടന നിയന്ത്രിക്കേണ്ടത്  നിങ്ങളുടെ കാഴ്ചപ്പാടിൽ  അ ത്യാവശ്യമാണോ? ആണെങ്കിൽ എന്തുകൊണ്ട്?



## നിർദ്ദേശിക്കപ്പെട്ട അധിക പ്രവർത്തനങ്ങൾ (Suggested additional activities)

1. എങ്ങനെയാണ് മാനവ വികസന സൂചിക കണക്കാക്കുന്നത്. ലോക മാനവവികസന സൂചികയിൽ ഇന്ത്യയുടെ സ്ഥാനം എത്രാമത്തെതാണ്?
2. സമീപഭാവിയിൽ ഇന്ത്യ വിജ്ഞാനാധിഷ്ഠിത സമ്പദ്‌വ്യവസ്ഥ യിലേക്ക് നീങ്ങുകയാണോ? ക്ലാസ്സ് മുറിയിൽ ചർച്ച ചെയ്യുക.
3. പട്ടിക 5.2ൽ നൽകിയ കണക്കുകളെ വ്യാഖ്യാനിക്കുക.
4. വിദ്യാസമ്പന്നൻ എന്ന നിലയിൽ വിദ്യാഭ്യാസരംഗത്തേക്ക് താങ്കൾ എന്തു സംഭാവന നല്കും. (ഉദാഹരണം ഓരോരുത്തരും ഓരോരുത്തരെ പഠിപ്പിക്കുക)
5. വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്ന ഉറവിടങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുക.
6. കേന്ദ്രഗവൺമെന്റിന്റെ മനുഷ്യവിഭവ വികസനവും ആരോഗ്യവും എന്ന വാർഷിക റിപ്പോർട്ട് വായിച്ചു സംഗ്രഹിക്കുക. സാമ്പത്തിക സർവേയിലെ സാമൂഹ്യ മേഖലയുമായി ബന്ധപ്പെട്ട അദ്ധ്യായങ്ങൾ വായിക്കുക.



## സഹായക സാമഗ്രികൾ

**പുസ്തകങ്ങൾ**


BECKER, GARY S. (1964). Human Capital. 2nd Edition, Columbia Universtiy Press, NewYork.

FREEMAN, RICHARD (1976).The Overeducated American. AcademicPress. NewYork.

Government Reports

Education in India, Ministry of Human Resource Development, Government of India for recent years.

Annual Reports, Ministry of HumanResource Development, Government of India.


**വെബ് സൈറ്റ്**

www.education.Inc.in
www.cbse.nic.in
www.ugc.ac.in
www.aicte.ernet.in
www.ncert.nic.in
www.finmin.nic.in

6

# ഗ്രാമവികസനം

**പഠന നേട്ടങ്ങൾ**

* ഈ അദ്ധ്യായം പഠിക്കുന്നതിലൂടെ വിദ്യാർത്ഥികൾ ഗ്രാമവികസനവും, അതുമായി ബന്ധപ്പെട്ട വിഷയങ്ങളും മനസ്സിലാക്കുന്നു.
* ഇന്ത്യയുടെ സമഗ്രവികസനത്തിന് ഗ്രാമീണ മേഖലയുടെ, ഉൾപ്രദേശങ്ങളുടെ വികസനം എത്രമാത്രം നിർണ്ണായകമാണെന്ന് തിരിച്ചറിയുന്നു.
* ഗ്രാമവികസനത്തിൽ വായ്പാ വിപണന വ്യവസ്ഥകൾക്കുള്ള സുപ്രധാനമായ പങ്കിനെക്കുറിച്ച് മനസ്സിലാക്കുന്നു.
* ജീവനോപാധികൾ സുസ്ഥിരമാക്കുന്നതിന് നിർമ്മാണ പ്രവർത്തനങ്ങളിൽ വൈവിധ്യമുണ്ടാകണം എന്ന് ഗ്രഹിക്കുന്നു.
* സുസ്ഥിര വികസനത്തിൽ ജൈവകൃഷിക്കുള്ള പ്രാധാന്യം മനസ്സിലാക്കുന്നു.

*മണ്ണിൽ ഉഴുതുമറിക്കുന്നവരാണ് അതിന്റെ യഥാർത്ഥ അവകാശികൾ– മറ്റുള്ളവരാകട്ടെ അപ്പം ഭക്ഷിക്കുന്ന ആശ്രിതർ മാത്രമാകുന്നു.* – *തിരുവള്ളുവർ*

## 6.1 ആമുഖം

ദാരിദ്ര്യം എന്നത് ഇന്ത്യ അഭിമുഖീകരിക്കുന്ന വലിയ വെല്ലുവിളിയാണെന്ന് നാലാമത്തെ അധ്യായത്തിൽ പഠിച്ചുല്ലോ. ദാരിദ്ര്യം അനുഭവിക്കുന്ന ബഹുഭൂരിപക്ഷം ഇന്ത്യക്കാരും അടിസ്ഥാന സൗകര്യങ്ങൾപോലും ലഭ്യമല്ലാതെ ഗ്രാമപ്രദേശങ്ങളിലാണ് വസിക്കുന്നത് എന്നും നാം കണ്ടു.

കൃഷിയാണ് ഗ്രാമീണമേഖലയിൽ ഉപജീവനത്തിന്റെ മുഖ്യമാർഗ്ഗം. വ്യാവസായിക നഗരങ്ങളുടെ വളർച്ചയും, വികസനവും മാത്രമല്ല ഇന്ത്യയുടെ യഥാർത്ഥ വികസനം മറിച്ച് ഗ്രാമീണ മേഖലയുടെ വികസനം കൂടിയാണെന്ന് ഗാന്ധിജി അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇത് രാജ്യത്തിന്റെ സമഗ്ര വികസനത്തിന്റെ കേന്ദ്രതലമാണ്.

ഗ്രാമവികസനം എന്ന ആശയത്തിന് ഇന്നും ഏറെ പ്രസക്തിയുള്ളത് എന്തുകൊണ്ടാണെന്ന് നിങ്ങൾക്കറിയാമോ? പുത്തൻ വിവരസാങ്കേതിക സങ്കേതങ്ങളും , കൂറ്റൻ വ്യവസായ ശൃംഖലകളുമായി ആധുനിക നഗരങ്ങൾ വളർച്ചയിലേക്കു കുതിക്കുമ്പോൾ എന്തിന് ഗ്രാമീണമേഖലക്ക് ഇത്രയും വലിയ പ്രാധാന്യം നൽകണമെന്ന് നാം ഒരു പക്ഷേ ചിന്തിച്ചേക്കാം. എന്നാൽ, അതിനു കാരണമുണ്ട്. ഭാരതത്തിന്റെ ജനസംഖ്യയിൽ മൂന്നിൽ രണ്ടിലേറെ വരുന്ന ജനങ്ങൾ കാർഷികവൃത്തിയെയാണ് ആശ്രയിക്കുന്നത്. എങ്കിലും, കാർഷികമേഖലയുടെ ഉത്പാദനക്ഷമതയാകട്ടെ, ഇനിയും അവരെ താങ്ങി നിർത്തുന്നതിന് പര്യാപ്തവുമല്ല. രാജ്യത്തിന്റെ മൂന്നിൽ ഒന്നു വരുന്ന ജനങ്ങളും രൂക്ഷമായ ദാരിദ്ര്യത്തിൽ കഴിയുന്നു. തന്മൂലം നമ്മുടെ രാജ്യം പുരോഗതി പ്രാപിക്കണമെങ്കിൽ ഗ്രാമീണ ഇന്ത്യ ശക്തി പ്രാപിക്കേണ്ടതുണ്ട്. ഈ അധ്യായത്തിൽ നമുക്കു ഗ്രാമവികസനത്തെക്കുറിച്ച് ചിന്തിക്കാം.

## 6.2 എന്താണ് ഗ്രാമ വികസനം?

ഗ്രാമവികസനം എന്നത് ഒരു സമഗ്രപദമാണ്. ഗ്രാമസമ്പദ്ഘടനയുടെ സമഗ്രവികസനത്തിനാണ് അത് ഊന്നൽ നൽകുന്നത്. വെല്ലുവിളികൾ നിറഞ്ഞതും, പുത്തൻ ശ്രമങ്ങൾ ആവശ്യമുള്ളതുമായ ചില മേഖലകളെക്കുറിച്ചാണ് ഇവിടെ പ്രതിപാദിക്കുന്നത്. അവ താഴെ കൊടുക്കുന്നു.

- സാക്ഷരത, വിശേഷിച്ച് സ്ത്രീ സാക്ഷരത, വിദ്യാഭ്യാസം, തൊഴിൽ നൈപുണി.
- ശുചിത്വം, പൊതുജനാരോഗ്യം എന്നിവ ഉൾക്കൊള്ളുന്ന മാനവിക വിഭവങ്ങളുടെ വികസനം.
- വൈദ്യുതി, ജലസേചനം, വായ്പാവിതരണം, ദേശീയപാതകളുമായി ബന്ധിപ്പിക്കുന്ന പോഷകപാത (feeder roads) കളുടേയും, ഗ്രാമീണപാതകളുടേയും നിർമ്മാണം.
- കാർഷിക ഗവേഷണത്തിന്റേയും, അതിന്റെ വിപുലീകരണത്തിന്റേയും, വിവരവിതരണത്തിന്റേയും ലഭ്യതയും, സൗകര്യങ്ങളും ഉൾകൊള്ളുന്ന അടിസ്ഥാന സൗകര്യങ്ങളുടെ വികസനം.

- ഭൂപരിഷ്കരണം (land reforms)
- ഓരോ പ്രദേശത്തേയും ഉത്പാദനത്തെ സഹായിക്കുന്ന വിഭവങ്ങളുടെ വികസനം.
- ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും, ജനസംഖ്യയിലെ ദുർബലവിഭാഗങ്ങളുടെ ജീവിതസാഹചര്യങ്ങൾ ഗണ്യമായ രീതിയിൽ മെച്ചപ്പെടുത്തുവാനും ഉതകുന്ന ഉത്പാദനപരവും, നിർമ്മാണപരവുമായ തൊഴിലവ സരങ്ങൾ സൃഷ്ടിക്കാനുള്ള നടപടികൾ.

ഇന്ത്യയുടെ കാർഷിക-കാർഷികേതര മേഖലകളിൽ പണിയെടുക്കുന്നവരുടെ ഉത്പാദനക്ഷമത വർധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുകയും, തൊഴിലാളികൾക്ക് അവ ലഭ്യമാക്കുകയും ചെയ്യണമെന്നാണ് ഇതുകൊണ്ടർത്ഥമാക്കുന്നത്. ഭക്ഷ്യസംസ്ക്കരണം തുടങ്ങി കാർഷികേതര മേഖലകളിൽ വൈവിധ്യമാർന്ന അവസരങ്ങൾ നാം അവർക്ക് ലഭ്യമാക്കണം. ഭവനങ്ങളിലും, തൊഴിൽമേഖലകളിലും ഏറ്റവും ചുരുങ്ങിയ ചെലവിൽ ഏറ്റവും മികച്ച ആരോഗ്യശുചിത്വ സൗകര്യങ്ങളും, സാർവ്വത്രിക വിദ്യാഭ്യാസവും ഭാരതത്തിലെ അടിസ്ഥാനവിഭാഗങ്ങൾക്ക് നൽകേണ്ടത് ദ്രുതഗതിയിലുള്ള ഗ്രാമവികസനത്തിന് അത്യന്താപേക്ഷിതമാണ്.

ജി.ഡി.പി.യിൽ കാർഷികമേഖലയുടെ പങ്കാളിത്തം കുറവായിരുന്നപ്പോഴും, ഈ മേഖലയിൽ പ്രവർത്തിക്കുന്ന ജനങ്ങളെ അത് കാര്യമായി സ്വാധീനിച്ചില്ല എന്ന് മുൻഅധ്യായത്തിൽ നാം കണ്ടു. സാമ്പത്തിക പരിഷ്കാരങ്ങളുടെ ആവിർഭാവത്തോടെ 1990കളിൽ കാർഷിക മേഖലയിലെ പ്രതിവർഷവളർച്ചാനിരക്ക് 2.3 ശതമാനത്തിലേക്ക് താഴുകയാണ് ചെയ്തത്. ഇത് മുൻവർഷങ്ങളിലേതിനേക്കാൾ തുലോം കുറവായിരുന്നു. 1991 മുതലുള്ള പൊതുമേഖലാ നിക്ഷേപത്തിലെ വലിയ കുറവാണ് ഇതിനു മുഖ്യകാരണമായി ചൂണ്ടിക്കാട്ടുന്നത്. അതു കൂടാതെ, അടിസ്ഥാന സൗകര്യങ്ങളിലെ അപര്യാപ്തത, വ്യവസായിക മേഖലയിലും, മറ്റു തൊഴിൽമേഖലകളിലും വൈവിധ്യമാർന്ന തൊഴിലുകളുടെ അഭാവം, തൊഴിലുകളുടെ വർധിച്ചുവരുന്ന അസ്ഥിര സ്വഭാവം മുതലായവയും ഗ്രാമീണവികസനത്തിനു പ്രതിബന്ധമായി. ദൗർഭാഗ്യകരമായ ഈ പ്രതിഭാസത്തിന്റെ അനന്തരഫലം ഇന്ത്യയുടെ വിവിധഭാഗങ്ങളിലെ കർഷകർക്കിടയിൽ പ്രകടമായ അസ്വസ്ഥതയാണ്. ഈ സാഹചര്യത്തിൽ, സുസ്ഥിരവികസനം സാധ്യമാക്കുന്നതിനായി, ഗ്രാമീണഭാരതത്തിന് സവിശേഷമായുള്ള വായ്പാവിപണനവ്യവസ്ഥകൾ, കാർഷിക വൈവിധ്യം, ജൈവകൃഷിയുടെ പങ്ക് എന്നിവയെ നാം ഗൗരവമായി വീക്ഷിക്കേണ്ടതുണ്ട്.

### പരിശീലിക്കുക

- ➢ ഓരോ മാസത്തേയും വർത്തമാനപത്രങ്ങൾ പരിശോധിച്ച് ആ പ്രദേശത്തെ ഗ്രാമീണ മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും, അവയ്ക്കുള്ള പരിഹാരങ്ങളും കണ്ടെത്തുക. അടുത്തുള്ള ഗ്രാമത്തിൽ ചെന്ന് ഗ്രാമീണരെ സന്ദർശിക്കുക. അവരുടെ പ്രശ്നങ്ങൾ അടുത്തറിയാൻ ശ്രമിക്കുക. അവരുടെ പ്രയാസങ്ങൾ മനസ്സിലാക്കുക. ആ പ്രശ്നങ്ങൾ ക്ലാസ്സിൽ ചർച്ചചെയ്യുക.
- ➢ ഗവൺമെന്റ് വെബ്സൈറ്റ് നോക്കി ഈ അടുത്ത കാലത്ത് നടപ്പാക്കിയ ഗ്രാമീണപദ്ധതികളേയും, അവയുടെ ലക്ഷ്യങ്ങളേയും സംബന്ധിച്ച ഒരു ലിസ്റ്റ് തയ്യാറാക്കുക. (http:/www.rural.nic.in)

## 6.3 ഗ്രാമങ്ങളിലെ വായ്പാ വിതരണവും, വിപണനവും.

**വായ്പാവിതരണം:** ഗ്രാമീണ സമ്പദ്വ്യവസ്ഥയുടെ വളർച്ച പ്രധാനമായും മൂലധനനിക്ഷേപത്തെ ആശ്രയിച്ചാണിരിക്കുന്നത്. കാലാനുസൃതമായി, കാർഷിക-സാമൂഹിക ബാങ്കിങ്ങ് പദ്ധതിയും ബഹുതല നയവും കൈകൊണ്ടതിനുശേഷമാണ് ഗ്രാമീണാവശ്യങ്ങളെ വേണ്ടവിധത്തിൽ നിറവേറ്റാൻനമുക്ക് കഴിഞ്ഞത്. 1982-ൽ ദേശീയ കാർഷിക ഗ്രാമീണ വികസനബാങ്ക് (NABARD)ന്റെ സംസ്ഥാപനം, ഗ്രാമീണമേഖലയിലുള്ള എല്ലാ ധനകാര്യ പ്രവർത്തനങ്ങളേയും ഏകോപിപ്പിക്കാൻ സഹായകമായി. ഹരിതവിപ്ലവം വായ്പാവ്യവസ്ഥിതിയിൽ പ്രധാനമാറ്റങ്ങൾക്ക് വഴിതെളിച്ചു. ഇതാണ് ഗ്രാമീണവായ്പാ സമ്പ്രദായത്തെ ഉത്പാദനോന്മുഖമാക്കുന്നതിന് കാരണമായത്.

വാണിജ്യ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണ വായ്പ, ഗ്രാമീൺ ബാങ്കുകൾ, സഹകരണ സംഘങ്ങൾ, ഭൂവികസനബാങ്കുകൾ എന്നിങ്ങനെയുള്ള വിവിധ സ്ഥാപനങ്ങൾ ഉൾപ്പെടുന്നതാണ് ഗ്രാമീണ ബാങ്കിങ്ങിന്റെ ഇന്നത്തെ ഘടന. തീരെ ചെറിയ നിരക്കിൽ വായ്പ നൽകാൻ ചുമതലപ്പെട്ടിരിക്കുന്നവയാണ് ഈ സ്ഥാപനങ്ങൾ. ഔദ്യോഗിക വായ്പാ സംവിധാനം ഗ്രാമീണ, സാമൂഹിക, വികസനവുമായി അത്രയൊന്നും സംയോജിതമല്ല. തന്നെയുമല്ല ഈ സംവിധാനത്തിൽ ധാരാളം പാളിച്ചകളുണ്ട്. ഈ വിടവുകൾ നികത്തുന്നതിനും, കുറവുകൾ പരിഹരിക്കുന്നതിനും വേണ്ടിയാണ് സ്വയം സഹായസംഘങ്ങൾ അഥവാ Self Help Group SHG) രൂപം കൊണ്ടത്. വായ്പാ സംവിധാനത്തിൽ ഈട് നൽകേണ്ടത് അത്യാവശ്യമാണെന്നിരിക്കേ, ദരിദ്ര്യരായ ഗ്രാമീണ കുടുംബങ്ങൾ സ്വാഭാവികമായും വായ്പാശൃംഖലയിൽ നിന്ന് പുറത്താകുന്നു. സ്വയം സഹായ സംഘങ്ങൾ ഓരോ അംഗത്തിൽനിന്നും ചുരുങ്ങിയ സംഭാവനകൾ സ്വീകരിച്ച് അവരിലെ മിതവ്യയശീലം മെച്ചപ്പെടുത്തുകയും, സമ്പാദ്യശീലം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. മിതമായ പലിശനിരക്കിൽ ചെറിയ തവണകളായി തിരിച്ചടക്കാവുന്ന രീതിയിൽ ആവശ്യക്കാരായ അംഗങ്ങൾക്ക് വായ്പ നൽകുന്നു. മാർച്ച് 2003 അവസാനത്തോടെ തന്നെ ഏഴ് ലക്ഷത്തിലേറെ സ്വയം സഹായസംഘങ്ങൾ വായ്പാബന്ധിതമായതായി കണക്കാക്കുന്നു. സംഘാംഗങ്ങളിൽ നിന്നു സമാഹരിക്കുന്ന തുകയെ ചെറിയ പലിശക്ക് നൽകുന്നതിനാൽ ഇത്തരത്തിലുള്ള വായ്പാവിതരണത്തെ 'മൈക്രോ ക്രെഡിറ്റ്' ഗ്രാമീൺ ബാങ്കുകൾ എന്ന് വിളിക്കുന്നു. സ്വയം സഹായസംഘങ്ങൾ സ്ത്രീ ശാക്തീകരണത്തിനായും പ്രവർത്തിക്കുന്നു. ഉത്പാദനപരമായ ലക്ഷ്യങ്ങൾക്കായി ചെലവഴിക്കുന്നതിനുപകരം കടമെടുക്കുന്ന തുക ആളുകൾ ഉപഭോഗ ആവശ്യങ്ങൾക്കായി ചെലവിടുന്നു എന്നതാണ് പ്രധാനമായി ആരോപിക്കപ്പെടുന്നത്. വായ്പയെടുക്കുന്നവർ ഉത്പാദനപരമായ ലക്ഷ്യങ്ങൾക്കായി തുക വിനിയോഗിക്കാത്തത് എന്തുകൊണ്ടാണെന്ന ചോദ്യം ഇവിടെ ഉയരുന്നു.

**ഗ്രാമീണ ബാങ്കിങ്: വിമർശാനാത്മക പഠനം** ഗ്രാമീണബാങ്കിങ്ങിന്റെ വികസനത്തിലുണ്ടായ വൻകുതിപ്പും, തൊഴിലിലും, വരുമാനത്തിലുമുണ്ടായ വർദ്ധനവും കാർഷിക - കാർഷികേതര മേഖലകളിൽ വലിയസ്വാധീനം ചെലുത്തിയിട്ടുണ്ട്. വിശേഷിച്ച്, ഹരിതവിപ്ലവത്തിനുശേഷം, തൊഴിൽകണ്ടെത്താനും, വായ്പാസൗക

**ബോക്സ് 6.1 ദരിദ്ര വനിതകൾക്കുള്ള ബാങ്ക്**

വനിതകളുടെ ഉന്നമനത്തിനും ദാരിദ്ര്യനിർമ്മാർജനത്തിനുമായി കേരളത്തിൽ ആരംഭിച്ച സാമൂഹിക സംഘടനയാണ് കുടുംബശ്രീ. ദരിദ്ര വനിതകൾക്കായുള്ള ചെറിയ സേവിംഗ്സ് ബാങ്ക് എന്ന നിലയിൽ 1995 ൽ നിക്ഷേപം ലക്ഷ്യംവച്ചുകൊണ്ട് ഒരു ക്രെഡിറ്റ് സൊസൈറ്റി ആരംഭിക്കുകയും ഒരു കോടി രൂപ സമാഹരിക്കുകയും ചെയ്തു. ഇത് നിക്ഷേപത്തിന്റേയും പങ്കാളിത്തത്തിന്റെയും മേഖലയിൽ, ഏഷ്യയിലെ ബാങ്കുകളിൽ ഏറ്റവും വലിയ അനൗദ്യോഗികബാങ്കിംങ്ങ് ശൃംഖലയായി മാറുകയും ചെയ്തു. ഈ സംഘടനയുടെ മറ്റു സംരംഭങ്ങളെക്കുറിച്ച് അറിയുന്നതിന് www.kudumbasree.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

ഇവയുടെ വിജയത്തിന് നിദാനമായ മറ്റ് കാരണങ്ങൾ കണ്ടെത്താൻ നിങ്ങൾക്ക് ആവുമോ?

ര്യങ്ങളും, വിവിധവായ്പകളും നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തുവാനും അത് കർഷകർക്ക് സഹായകമായി. ഇതോടെ ക്ഷാമം കുറഞ്ഞു. ഭക്ഷ്യസുരക്ഷ കൈവരിക്കാനും, കൂടുതലായി ധാന്യസംഭരണം നടത്തുവാനും, ഇതിലൂടെ നമുക്ക് കഴിഞ്ഞിട്ടുണ്ട്.എങ്കിലും, നമ്മുടെ ബാങ്കിംങ്ങ് സംവിധാനം പൂർണ്ണമായും കുറ്റമറ്റതാണെന്ന് പറയാൻ കഴിയില്ല. വാണിജ്യബാങ്കുകൾ ഒഴികെയുള്ള മറ്റ് ഔദ്യോഗിക സ്ഥാപനങ്ങളെല്ലാം നിക്ഷേപസമാഹരണത്തെ ഗ്രാമത്തിന്റെ സംസ്കാരമാക്കി മാറ്റിയെടുക്കുന്നതിൽ പരാജയപ്പെട്ടു. അതിലൂടെമാത്രമെ, ഉത്തരവാദിത്തപ്പെട്ട വായ്പയെടുപ്പുകാരിലൂടെ നൽകിയ തുക തിരിച്ചുലഭിക്കുകയുള്ളൂ. കാർഷികവായ്പാ സമ്പ്രദായത്തിലെ അപാകതകൾ ഇപ്പോഴും പരിഹരിക്കപ്പെടാതെ നിൽക്കുന്നു. വാസ്തവത്തിൽ, കർഷകർ എടുത്ത വായ്പ തിരിച്ചടക്കാത്തതിനുള്ള കാരണമെന്താണ്? അവർ മന:പൂർവ്വമാണ് വായ്പ തിരിച്ചടക്കാത്തത് എന്നാണ് അധികാരികൾ ഉയർത്തുന്ന ആരോപണം. എന്താണ് ഈ പ്രസ്താവന

**പരിശീലിക്കുക**

- നിങ്ങളുടെ പ്രദേശത്ത് വായ്പ അനുവദിക്കുന്ന സ്വയം സഹായസംഘങ്ങൾ സന്ദർശിക്കുക. ഈ സംഘങ്ങളുടെ യോഗങ്ങളിൽ പങ്കെടുക്കുക. ഈ സംഘടനകളുടെ രൂപരേഖയെക്കുറിച്ചുള്ള റിപ്പോർട്ട് തയ്യാറാക്കുക. സംഘത്തിന്റെ ആരംഭം, അംഗസംഖ്യ, നിക്ഷേപത്തുക, വായ്പാ ഇനങ്ങൾ, വായ്പയുടെ ഉപയോഗം എന്നിവ രൂപരേഖയിൽ ഉൾപ്പെടുത്തുക.
- സ്വയംതൊഴിൽ കണ്ടെത്താൻ വായ്പ എടുക്കുന്നവർ മറ്റെന്തെങ്കിലും ആവശ്യങ്ങൾക്കായി ഈ തുക ഉപയോഗിക്കുന്നുണ്ടോ എന്ന് കണ്ടെത്തുക. വായ്പ എടുത്ത ചില വ്യക്തികളെ കണ്ട് സംസാരിക്കുകയും, അവരിൽ തൊഴിൽ സംരംഭം തുടങ്ങാത്തവരോട് പ്രത്യേകമായി കാരണങ്ങൾ അന്വേഷിക്കുകയും ചെയ്യുക. ഈ പ്രശ്നം ക്ലാസ്സിൽ ചർച്ച ചെയ്യുക.

കളുടെ യാഥാർത്ഥ്യം.?

സാമ്പത്തികപരിഷ്കാരങ്ങൾക്ക് ശേഷവും ഗ്രാമീണബാങ്കിങ്ങ് മേഖലയുടെ വികസനവും, പുരോഗതിയും പിറകിൽ തന്നെയാണ്. ഈ സ്ഥിതി മെച്ചപ്പെടുത്താൻ, ബാങ്കുകൾ തങ്ങളുടെ സമീപനം മാറ്റേണ്ടതുണ്ട്. കേവലം, വായ്പ ദാതാക്കളാകാതെ, ബാങ്കുകൾ വായ്പയെടുക്കുന്നവരുമായി നല്ല ബന്ധം സ്ഥാപിച്ചെടുക്കേണ്ടതുണ്ട്. കർഷകർക്ക് സാമ്പത്തികസഹായം വിവിധതരത്തിൽ പ്രയോജനപ്പെടുത്താനുള്ള പരിശീലനം നൽകേണ്ടതുണ്ട്.

## 6.4 കാർഷിക വിപണനമേഖല

നാം നിത്യേന ഉപയോഗിക്കുന്ന ഭക്ഷ്യധാന്യങ്ങൾ, പഴങ്ങൾ, പച്ചക്കറികൾ, എന്നിവ ഭക്ഷ്യവിപണിയിൽ എത്തിച്ചേരുന്നത് എങ്ങനെയാണെന്ന് നിങ്ങൾക്കറിയുമോ? വൈവിധ്യമാർന്ന വിപണന ശൃംഖലകളിലൂടെയാണ് ഇവയെല്ലാം പലയിടങ്ങളിലുള്ള ഭക്ഷ്യ വിപണികളിൽ എത്തുന്നത്. രാജ്യത്തുടനീളമുള്ള കാർഷികോല്പന്നങ്ങളുടെ ശേഖരണം. സംസ്കരണം, പാക്കിങ്ങ്, തരംതിരിക്കൽ, വിതരണം എന്നിവ ഉൾക്കൊള്ളുന്ന ഒരു പ്രക്രിയയാണ് കാർഷിക വിപണനം.

സ്വാതന്ത്ര്യം ലഭിക്കുന്നതിനുമുൻപ്, കർഷകർ കൃഷിചെയ്തുണ്ടാക്കിയ ഉല്പന്നങ്ങൾ കച്ചവ

### പരിശീലിക്കുക

- നിങ്ങളുടെ അടുത്തപ്രദേശത്തു നടന്നതോ, പത്രമാധ്യമങ്ങൾ, ടെലിവിഷൻ എന്നിവയിലൂടെ നിങ്ങൾ അറിഞ്ഞതോ ആയ കർഷക ആത്മഹത്യകളെ കുറിച്ച് പഠിക്കാൻ ശ്രമിക്കുക. കഴിഞ്ഞ വർഷങ്ങളിൽ ഉണ്ടായ ഭൂരിപക്ഷം കർഷക ആത്മഹത്യകളും പരിശോധിച്ചാൽ വ്യക്തമാകുന്ന ഒരു വസ്തുതയുണ്ട്. അവരിൽ ഭൂരിപക്ഷവും കാർഷികാവശ്യങ്ങൾക്കും മറ്റുമായി കടമെടുത്തവരാണ്. വിളനാശവും, അപര്യാപ്തമായ വരുമാനവും, മികച്ച തൊഴിൽ അവസരങ്ങളുടെ അഭാവവും മൂലം തുക തിരിച്ചടക്കാൻ അവർക്ക് സാധ്യമായില്ല. ഇത്തരത്തിലുള്ള ജീവിത പ്രതിസന്ധികളാണ് ആത്മഹത്യപോലെയുള്ള കടുത്ത തീരുമാനങ്ങൾ എടുക്കാൻ അവരെ പ്രേരിപ്പിച്ചത്. സമാനമായകേസുകൾ ശേഖരിച്ച് ക്ലാസ്സിൽ ചർച്ചചെയ്യുക.
- കാർഷികസഹകരണ ബാങ്കുകൾ, ഭൂവികസന ബാങ്കുകൾ, പ്രാദേശിക ഗ്രാമീണബാങ്കുകൾ, ജില്ലാസഹകരണബാങ്കുകൾ എന്നിങ്ങനെ ഗ്രാമീണ മേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ബാങ്കുകൾ സന്ദർശിക്കുക. ഈ ബാങ്കുകളിൽ നിന്ന് വായ്പ എടുത്തിരിക്കുന്ന കുടുംബങ്ങൾ, വായ്പ എടുത്ത തുക, ഈടിനത്തിൽ പണയപ്പെടുത്തുന്ന വസ്തുക്കൾ, പലിശ, തുക അടക്കേണ്ട അവസാന തിയ്യതി എന്നിവയെക്കുറിച്ച് ലിസ്റ്റ് തയ്യാറാക്കുക.
- വിളനാശം കൊണ്ടോ, മറ്റുകാരണങ്ങൾകൊണ്ടോ സഹകരണബാങ്കുകളിൽ നിന്ന് വായ്പ യെടുത്ത കർഷകർക്ക് പണം തിരിച്ചടക്കാൻ കഴിയാതെ വന്നാൽ, അവരുടെ കടം എഴുതിത്തള്ളേണ്ടതാണ്. അല്ലാത്തപക്ഷം, ആത്മഹത്യപോലുള്ള അപകടകരമായ മാർഗങ്ങൾ തെരഞ്ഞെടുത്തേക്കാം. നിങ്ങൾ ഇതിനോട് യോജിക്കുന്നുണ്ടോ?

ടക്കാർക്ക് വിൽക്കുമ്പോൾ, കച്ചവടക്കാർ അളവിലും, തൂക്കത്തിലും, പണമിടപാടുകളിലും നീതിനിഷ്ഠമല്ലാത്ത സമീപനമാണ് കൈക്കൊണ്ടത്. കർഷകർക്ക് കമ്പോള വിലനിലവാരത്തെക്കുറിച്ച് അറിവില്ലാത്തതിനാൽ, കുറഞ്ഞ വിലക്ക് ഉൽപന്നങ്ങൾ വിൽക്കാൻ അവർ നിർബന്ധിതരായി. ഉല്പന്നങ്ങൾ സംഭരിച്ച് വെച്ച് ഉയർന്നവിലക്ക് പിന്നീട് വിപണനം നടത്താൻ മെച്ചപ്പെട്ട സംഭരണസംവിധാനങ്ങൾ അവർക്ക് ലഭ്യമല്ലാതായിരുന്നു. ഇക്കാലത്തുപോലും, കൃഷിചെയ്യുന്ന വിളവിന്റെ പത്തുശതമാനത്തിലേറെയും മികച്ച സംഭരണസംവിധാനത്തിന്റെ അഭാവത്തിൽ പാഴായിപോവുകയാണെന്ന വസ്തുത നിങ്ങൾക്കറിയാമോ? അതുകൊണ്ടുതന്നെ, സ്വകാര്യ കച്ചവടക്കാരുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കാൻ സർക്കാരിന്റെ ഇടപെടൽ അനിവാര്യമായിത്തീർന്നു.

വിപണനമേഖല മെച്ചപ്പെടുത്താൻ, നാം അവലംബിച്ച നാലുമാർഗ്ഗങ്ങളെക്കുറിച്ചാണ് ഇവിടെ ചർച്ചചെയ്യുന്നത്. ഒന്നാമതായി, കൃത്യവും സുതാര്യവുമായ വിപണനോപാധികൾകൊണ്ട് വിപണികളുടെ നിയന്ത്രണം സാധ്യമാക്കി. ഈ നയം കർഷകർക്കും, ഉപഭോക്താക്കൾക്കും ഒരുപോലെ ഫലപ്രദമായി. ഏതാണ്ട് ഇരുപത്തിയേഴായിരത്തോളം വരുന്ന വിപണികളെ നിയന്ത്രിത കമ്പോളങ്ങളാക്കുന്നതിലൂടെ മാത്രമേ, അവയെ പൂർണ്ണവളർച്ചയിൽ എത്തിക്കാൻ കഴിയൂ. രണ്ടാമതായി, റോഡ്, റെയിൽവെ, സംഭരണശാലകൾ, നിലവറകൾ, ശീതസംഭരണികൾ, സംസ്കരണയൂണിറ്റുകൾ എന്നിങ്ങനെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത ഉറപ്പാക്കേണ്ടതുണ്ട്. നാം കൈവരിക്കേണ്ട ലക്ഷ്യങ്ങൾ കണക്കിലെടുക്കുമ്പോൾ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ തുലോം അപര്യാപ്തമായതിനാൽ, അവയെ ദ്രുതഗതിയിൽ മെച്ചപ്പെടുത്തേണ്ടതുണ്ട്. കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്ന സഹകരണവിപണനം ഗവൺമെന്റ് നയത്തിന്റെ ഭാഗമായിരുന്നു എന്നതാണ് മൂന്നാമതായി ഉറപ്പാക്കേണ്ടത്. ഗുജറാത്തിന്റെ സാമൂഹിക സാമ്പത്തിക വ്യവസ്ഥിതിയേയും, രാജ്യത്തിന്റെ മറ്റു ചില ഭാഗങ്ങളേയും പരിവർത്തനപ്പെടുത്തുന്നതിൽ ക്ഷീരസഹകരണ സംഘങ്ങൾ നേടിയ വിജയം സഹകരണസംഘങ്ങൾ നടത്തുന്ന മികച്ച പ്രവർത്തനങ്ങൾക്കുള്ള ഉദാത്തമായ സാക്ഷ്യമാണ്. എന്നിരുന്നാലും, അടുത്തകാലത്ത് സഹകരണസംഘങ്ങൾക്ക് തിരിച്ചടി നേരിട്ടിട്ടുണ്ട്. കർഷകരുടെ യഥാർത്ഥ അംഗസംഖ്യ ലഭ്യമാക്കാത്തതും, വിപണനസംസ്കരണ സംഘങ്ങൾക്കിടയിൽ നല്ലബന്ധം സ്ഥാപിക്കപ്പെടാത്തതും, കഴിവുകെട്ട ധനകാര്യമാനേജ്മെന്റുകളും ഇതിനു കാരണമായി. നാലാമതായി

*(i)* കാർഷികോൽപന്നങ്ങൾക്കുള്ള താങ്ങുവില ഉറപ്പാക്കൽ

*(ii)* ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ വഴി അരി, ഗോതമ്പ് എന്നിവയുടെ സംഭരണം

*(iii)* പൊതുവിതരണ സമ്പ്രദായം (P D S) വഴിയുള്ള ഭക്ഷ്യധാന്യങ്ങൾ, പഞ്ചസാര എന്നിവയുടെ വിതരണവും ഉറപ്പാക്കൽ എന്നിവയാണ് ചെയ്യേണ്ടത്. കർഷകരുടെ വരുമാനം ഉറപ്പാക്കാനും, പാവപ്പെട്ടവർക്ക് ഭക്ഷ്യധാന്യം മിതമായനിരക്കിൽ ലഭ്യമാക്കാനും ഈ നടപടികൾ ലക്ഷ്യമിടുന്നു.

ഗവൺമെന്റിന്റെ ഇടപെടലുകൾ ഉണ്ടെന്നിരിക്കിലും, പണമിടപാടുകാർ, നാട്ടിൻപുറങ്ങളിൽ രാഷ്ട്രീയമേൽക്കോയ്മയുള്ളവർ, വൻകിടവ്യാ

പാരികൾ, സമ്പന്നകർഷകർ എന്നിവർ ഉൾപ്പെടുന്ന സ്വകാര്യവിപണി മൊത്തം കാർഷിക

ക്രയവിക്രയത്തെ കീഴടക്കികഴിഞ്ഞു. സ്വകാര്യമേഖല കാർഷികോൽപ്പന്നങ്ങളുടെ സിംഹഭാഗവും കൈകാര്യംചെയ്യുമ്പോൾ, ഈ മേഖലയിൽ ശക്തിയുക്തം ഉടൻ തന്നെ ഗവൺമെന്റ് ഇടപ്പെടേണ്ടതുണ്ട്.

കാർഷികമേഖലയിൽ ഗവൺമെന്റിന്റെ വിവിധ ഇടപെടൽമൂലം കാർഷികവിപണി ബഹുദൂരം മുന്നേറിക്കഴിഞ്ഞു. ഗവൺമെന്റ് പരിമിതപ്പെടുത്തികൊണ്ടുള്ള കൃഷിയുടെ വാണിജ്യവത്ക്കരത്തിലൂടെ കർഷകർക്ക് ഉയർന്ന വരുമാനം നേടാൻ സഹായകമാകുമെന്ന് ചില നിരീക്ഷകർ ചൂണ്ടികാട്ടുന്നുണ്ട്. ഇതേക്കുറിച്ച് നിങ്ങളുടെ കാഴ്ച്ചപ്പാട് എന്താണ്?

**ബദൽ വിപണന മാർഗ്ഗങ്ങളുടെ ഉദയം:** കർഷകർ തങ്ങളുടെ ഉൽപ്പന്നങ്ങൾ നേരിട്ട് ഉപഭോക്താക്കൾക്ക് നൽകുന്നത് അവരുടെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടാക്കുന്നു. പഞ്ചാബ്, ഹരിയാന, രാജസ്ഥാൻ എന്നിവിടങ്ങളിലെ Apni Mandi, പൂനെയിലെ Hadaspar Mandi , ആന്ധ്രപ്രദേശിലെ പഴം പച്ചക്കറി മാർക്കറ്റുകളായ Rythu Bazars, തമിഴ്നാട്ടിലെ കൃഷിമാർക്കറ്റുകളായ Uzhavar- Sandies എന്നിവ ഇത്തരം വിപണികൾക്ക് ഉദാഹരണങ്ങളാണ്. പച്ചക്കറികൾ, പഴങ്ങൾ മുതലായ ഗുണനിലവാരമുള്ള കാർഷികോല്പന്നങ്ങൾ ലഭിക്കുന്നതിന് നിരവധി ദേശീയ ബഹുരാഷ്ട്ര ഫാസ്റ്റ്ഫുഡ് ശൃംഖലകൾ കർഷകരുമായി കരാറിൽ ഏർപ്പെടുന്നുണ്ട്. അവർ കർഷകർക്ക് ആവശ്യമായ വിത്തിനങ്ങൾ നൽകുക മാത്രമല്ല, മുൻക്കൂട്ടി നിശ്ചയിച്ച പ്രകാരമുള്ള തുകക്ക് ഉല്പ്പന്നങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നു. ഈ ക്രമീകരണങ്ങൾ കർഷകരുടെ വില നഷ്ടം കുറക്കാനും, കാർഷിക ഉല്പ്പന്നങ്ങളുടെ വരുമാന വർദ്ധനക്കും സഹായകരമാകുമെന്ന് നിരീക്ഷിക്കുന്നു. ഇത്തരം സംവിധാനങ്ങൾകൊണ്ട് ചെറുകിട കർഷകരുടെ വരുമാനം മെച്ചപ്പെടുത്താൻ സാധിക്കുമോ? ഇതെക്കുറിച്ച് നിങ്ങളുടെ കാഴ്ച്ചപ്പാട് എന്താണ്?



*ചിത്രം 6.1 നിയന്ത്രിത വിപണികൾ കൃഷിക്കാർക്കും ഉപഭോക്താക്കൾക്കും ഗുണകരമാണ്.*

### പരിശീലിക്കുക

- അടുത്തുള്ള പഴം പച്ചക്കറിമാർക്കറ്റ് സന്ദർശിച്ച് അവിടുത്തെ സവിശേഷതകൾ തിരിച്ചറിയുക. ചുരുങ്ങിയത് പത്തിനം പഴങ്ങളും പച്ചക്കറികളും കൃഷിചെയ്യപ്പെടുന്ന ഇടങ്ങൾ കണ്ടെത്താൻ ശ്രമിക്കുക. എത്രദൂരം പിന്നിട്ടാണ് ഈ ഉല്പ്പന്നങ്ങൾ  വിപണിയിൽ എത്തിച്ചേർന്നതെന്നും അവ വിപണിയിലെത്തിക്കുന്നതിനുള്ള വാഹനസംവിധാനങ്ങൾ ഉല്പന്നങ്ങളുടെ വിലയെ സ്വാധീനിക്കുന്നതെങ്ങനെയെന്നും മനസ്സിലാക്കുക.
- ചെറുകിടപട്ടണങ്ങളിൽ കർഷകർക്ക് തങ്ങളുടെ ഉല്പന്നങ്ങൾ വിപണനം നടത്താനുള്ള നിയന്ത്രിത കമ്പോള സംവിധാനമുണ്ട്. അവിടെ കർഷകർക്ക് തങ്ങളുടെ സാധനസാമഗ്രികൾ സംഭരിക്കാനുള്ള ക്രമീകരണങ്ങളുമുണ്ട്. ഏതെങ്കിലും ഒരു നിയന്ത്രിത കമ്പോള മേഖല സന്ദർശിച്ച് അതിന്റെ വിശദാംശങ്ങളും പ്രവർത്തനരീതികളും മനസ്സിലാക്കുക. നിശ്ചിത വില നിലവാരത്തേയും, വിവിധ ഇനം ഉല്പന്നങ്ങളേയുംകുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുക.

## 6.5 ഉല്പാദന പ്രവർത്തനങ്ങളിലെ വൈവിധ്യവത്ക്കരണം

ഉല്പാദനമേഖലയിലെ വൈവിധ്യവത്ക്കരണം പ്രധാനമായും രണ്ടുകാര്യങ്ങൾക്ക് ഊന്നൽ നൽകുന്നു. കാർഷിക വിളവിന്റെ പുതിയ മാതൃകകളെ ആശ്രയിക്കലാണ് ഒന്ന്.  മൃഗസംരക്ഷണം, കോഴിവളർത്തൽ, മത്സ്യബന്ധനം (fisheries) എന്നിങ്ങനെ കാർഷിക അനുബന്ധ മേഖലകളിലേക്കും കാർഷികേതരമേഖലയിലേക്കും കാർഷികമേഖലയിൽനിന്നുള്ള തൊഴിൽശക്തി കൈമാറുക എന്നതാണ് രണ്ടാമത്തെ ധർമ്മം. ഉപജീവനമാർഗ്ഗത്തിന് കൃഷിയെ മാത്രം ആശ്രയിക്കുന്നതു മൂലം നഷ്ടസാദ്ധ്യത ഇല്ലാതാക്കുന്നതിനായി ഉല്പാദന പ്രവർത്തനങ്ങളിൽ വൈവിധ്യവത്കരണം ആവശ്യമായിത്തീരുന്നു. ഈ വൈവിധ്യവത്കരണം ഗ്രാമീണജനങ്ങൾക്ക് ഉല്പാദനപരവും സുസ്ഥിരവുമായ ഉപജീവന സാധ്യതകളാണ് തുറന്നുകൊടുക്കുന്നത്.  കാർഷിക തൊഴിലുകൾ അധികവും നടക്കുന്നത് ഖാരിഫ് സീസണിലാണ്. ജലസേചന സൗകര്യങ്ങളുടെ അപര്യാപ്ത റാബിസീസണിൽ, ഗ്രാമീണജനങ്ങൾക്ക് കൃഷി ലാഭകരമല്ലാത്തതാക്കുന്നു.

### പരിശീലിക്കുക

- നിങ്ങളുടെ ഗ്രാമത്തിലോ, അയൽഗ്രാമത്തിലോ കർഷകർ ഉപയോഗിക്കുന്ന മറ്റു വിപണനസമ്പ്രദായങ്ങൾ മനസ്സിലാക്കുക. ഈ വിപണികളിൽ നിന്ന് നിയന്ത്രിതകമ്പോളങ്ങൾക്കുള്ള വ്യത്യാസങ്ങൾ കണ്ടെത്തുക. ഈ വിപണികൾക്ക് ഗവൺമെന്റിന്റെ സഹായവും, സഹകരണങ്ങളും ആവശ്യമാണോ? ആവശ്യമെങ്കിൽ എങ്ങനെയാണ് അതു നൽകേണ്ടത്? ചർച്ചചെയ്യുക.

അതിനാൽ ദാരിദ്ര്യത്തെ നേരിടാനും വരുമാനം മെച്ചപ്പെടുത്താനും ലാഭകരമായ മറ്റുതൊഴിലുകൾ കണ്ടെത്തേണ്ടതുണ്ട്. അതുകൊണ്ട് കാർഷിക അനുബന്ധപ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു. ഗ്രാമീണ മേഖലയിൽ സുസ്ഥിരമായ ജീവനോപാധികൾ വേണ്ടുവോളം ഉണ്ടെന്നിരിക്കെ വർദ്ധിച്ചുവരുന്ന അദ്ധ്വാനശേഷിയുടെ സിംഹഭാഗത്തെയും കാർഷികേതര മേഖലകളിലെ തൊഴിലുകളിലേക്ക് തിരിച്ചു വിടുന്നതാണ് ഉചിതം.

കാർഷികേതരമല്ലാത്ത സമ്പദ്‌വ്യവസ്ഥക്ക് വിവിധ വശങ്ങളുണ്ട്. അവയിൽ ചില മേഖലകൾ ആരോഗ്യകരമായ വളർച്ച ഉറപ്പാക്കുന്നതും ചലനാത്മകവും പരിവർത്തനാത്മകവുമാണ്. അതേ സമയം മറ്റുള്ളവയാകട്ടെ ഉത്പാദനക്ഷമത കുറഞ്ഞ് തീരെ അപര്യാപ്തവുമാണ്.

കാർഷിക മേഖലയുടെ സജീവമായ ഉപമേഖലകളിൽ കാർഷികോൽപന്ന സംസ്കരണ വ്യവസായങ്ങൾ (Agro Processing Industries), ഭക്ഷ്യസംസ്കരണ വ്യവസായങ്ങൾ, തുകൽ വ്യവസായം, വിനോദസഞ്ചാരം മുതലായവ ഉൾപ്പെടുന്നു. മൺപ്പാത്ര നിർമ്മാണം, കൈത്തറി, കരകൗശലം തുടങ്ങിയ പരമ്പരാഗത കുടുംബവ്യവസായങ്ങളിൽ നൈപുണ്യമുള്ളവരുണ്ടെങ്കിലും അവർക്ക് അടിസ്ഥാന സൗകര്യങ്ങളും, മറ്റുസഹായലഭ്യതയും തീരെ കുറവാണ്. ഗ്രാമീണമേഖലയിലെ ബഹുഭൂരിപക്ഷം സ്ത്രീകളും കാർഷിക വൃത്തിയിൽ വ്യാപൃതരാണ്. പുരുഷന്മാരാകട്ടെ, കാർഷികേതര മേഖലകളിലാണ് തൊഴിൽ ചെയ്യുന്നത്. സമീപ കാലങ്ങളിൽ സ്ത്രീകളും കാർഷികേതരമായ തൊഴിലുകൾ തേടാൻ തുടങ്ങിയിട്ടുണ്ട്. (ബോക്സ് 6:2 ImWpI)

**മൃഗസംരക്ഷണം (Animal Husbandry)**

ഇന്ത്യയിലെ കാർഷികസമൂഹം കൃഷിയും കാലിവളർത്തലും ഇടകലർന്ന കാർഷിക വ്യവസ്ഥയെയാണ് ആശ്രയിക്കുന്നത്. പശു, എരുമ, ആട്, പക്ഷി എന്നിവ ഉൾപ്പെടുന്ന ജീവി വർഗ്ഗ

**ബോക്സ് 6.2: തമിഴ്നാടിലെ 'തൻവ' പദ്ധതി**

'തൻവ' എന്നത് തമിഴ്നാട് സംസ്ഥാനത്ത് ആധുനിക കാർഷിക സാങ്കേതിക വിദ്യകളിൽ സ്ത്രീകൾക്ക് പരിശീലനം നൽകുന്ന ഒരു പദ്ധതിയാണ്. ഇത് കാർഷികോല്പാദനക്ഷമതയും വരുമാനവും മെച്ചപ്പെടുത്താൻ കാർഷിക മേഖലയിലെ സ്ത്രീകളുടെ സജീവമായ പങ്കാളിത്തം ഉറപ്പുവരുത്തുന്നു. തിരുച്ചിറപ്പള്ളിയിൽ അന്തൂണിയമ്മാളിന്റെ Farm women's group പരിശീലനം സിദ്ധി ച്ച സ്ത്രീകൾ വളരെ വിജയകരമായി മണ്ണിര കമ്പോസ്റ്റ് ഉണ്ടാക്കുകയും, വില്ക്കുകയും, ഈ സംരംഭം വഴി നല്ലവരുമാനം ഉണ്ടാക്കുകയും ചെയ്യുന്നു. മറ്റു ചില വനിതാ കാർഷിക ഗ്രൂപ്പുകൾ, ചെറുവായ്പ വ്യവസ്ഥയിൽ മിനി ബാങ്കുകളായി പ്രവർ ത്തിക്കുന്നതിലൂടെ സ്വന്തം ഗ്രൂപ്പുകളിൽ സമ്പാദ്യമുണ്ടാക്കുകയും ചെയ്യുന്നു. വർദ്ധിച്ച സമ്പാദ്യത്തിലൂടെ അവർ ചെറുകിട, ഗാർഹിക പ്രവർത്തനങ്ങളായ കൂൺകൃഷി, സോപ്പ് നിർമ്മാണം , പാവ നിർമ്മാണം എന്നി വയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.




**ചിത്രം 6.2.** *(പനംചക്കര/ശർക്കര നിർമ്മാണം കാർഷിക മേഖലയുമായി ബന്ധപ്പെട്ടതൊഴിലാണ്.)*

സമ്പത്തിന്റെ ഉല്പാദനത്തിലൂടെ കുടുംബത്തിനാവശ്യമായ വരുമാനം, ഭക്ഷ്യസുരക്ഷ, ഗതാഗതം, ഇന്ധനം, പോഷണം എന്നിവ വർധിപ്പിക്കാൻ കഴിയും. മറ്റു ഭക്ഷ്യോത്പാദന പ്രവർത്തനങ്ങളെ തടസ്സപ്പെടുത്താതെ തന്നെ ഈ കാർഷിക വ്യവസ്ഥയെമുന്നോട്ട് കൊണ്ട്പോകാൻ നമുക്ക് കഴിയും. മൃഗസംരക്ഷണമേഖല ഭൂരഹിതരും, പാർശ്വവത്കരിക്കപ്പെട്ടവരുമായ 70 ദശലക്ഷം ചെറുകിടകർഷകർക്കു തൊഴിൽ പ്രദാനം ചെയ്യുന്നു. ഒരു നല്ല വിഭാഗം സ്ത്രീകളും ഈ മേഖലയിൽ തൊഴിൽ കണ്ടെത്തുന്നുണ്ട്. (ചാർട്ട് 6.1 കാണുക)

ഇന്ത്യയിലെ പക്ഷിമൃഗാദികളുടെ എണ്ണത്തിന്റെ തോത് എപ്രകാരമാണെന്ന് ഇതു വ്യക്തമാക്കുന്നു. കോഴി, താറാവ് ഇനത്തിൽപ്പെടുന്ന വളർത്തുപക്ഷികൾ 42 ശതമാനം ആണ്. കഴുതകൾ, ഒട്ടകങ്ങൾ, കുതിരകൾ, മട്ടക്കുതിരകൾ, കോവർകഴുതകൾ എന്നിവയുടെ എണ്ണം തീരെ കുറവാണ്. 1997ൽ 287 ദശലക്ഷം കാലികളെകൊണ്ട് അനുഗൃഹീതമായിരുന്നു ഇന്ത്യ. അവയിൽ എരുമ, പോത്ത് എന്നിവ 90 ദശലക്ഷമാണ്. കഴിഞ്ഞ 3 ദശാബ്ധങ്ങളായി ഇന്ത്യയുടെ ക്ഷീരമേഖല വളരെ മികച്ച രീതിയിൽ പ്രവർത്തിച്ചു വരുന്നു. 1960–2002 കാലഘട്ടത്തിൽരാജ്യത്തെ ക്ഷീരോല്പാദനം നാലിരട്ടിയിലധികമായി വർദ്ധിച്ചു.. ധവള വിപ്ലവ (Operation flood)ത്തിന്റെ വിജയകരമായ നിർവ്വഹണത്തിന്റെ ഫലമാണിത്. ഗുണനിലവാരമനുസരിച്ച് ക്ഷീരകർഷകരിൽനിന്നുള്ള പാൽ സംഭരിച്ച്, സംസ്കരണത്തിനു ശേഷം വിവിധ സഹകരണ സംഘങ്ങൾവഴി നഗരപ്രദേശങ്ങളിൽ എത്തിക്കുന്നു. ക്ഷീരകർഷകർക്ക് ഇതിലൂടെ മികച്ച വരുമാനം ലഭ്യമാകുന്നു. ഈ മേഖലയിൽ ക്ഷീരസഹകരണ സംഘങ്ങൾവഴി മികച്ച പ്രവർത്തനം കാഴ്ച

ചാർട്ട് 6.1. (ഇന്ത്യയിലെ പക്ഷിമൃഗ സമ്പത്തിന്റെ വിതരണം - 1997.)





**ചിത്രം 6.3.** *(ആടുമേക്കൽ - ഗ്രാമീണമേഖലയിലെ പ്രധാന ധനസമ്പാദന മാർഗ്ഗം.)*

വെച്ച ഗുജറാത്തിലെ "അമൂൽ" എന്ന സ്ഥാപനത്തിന്റെ വിജയമാതൃക ഇതരസംസ്ഥാനങ്ങൾക്ക് പ്രചോദനമായിത്തീർന്നു. ഇറച്ചി, മുട്ട, കമ്പിളി മുതലായവയും മറ്റ് ഉപോൽപന്നങ്ങളും ഉല്പാദനമേഖലയിലെ വൈവിധ്യവൽക്കരണത്തെ സഹായിക്കുന്നു.

**മത്സ്യബന്ധനം (Fisheries)** മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവർക്ക് ജലാശയങ്ങൾ അമ്മയും ദാതാവുമാണ്. അതുകൊണ്ട് തന്നെ സമുദ്രം, പുഴകൾ, തടാകങ്ങൾ, കുളങ്ങൾ, അരുവികൾ എന്നിവ ഉൾപ്പെടുന്ന ജലസഞ്ചയങ്ങൾ, മത്സ്യതൊഴിലാളികളുടെ ജീവിതത്തിന്റെ അവിഭാജ്യ ഭാഗങ്ങളാണ്. അവർക്കത് ജീവദായകശക്തിയാകുന്നു. ഇന്ത്യയിൽ ഈ മേഖലയിലേക്കുള്ള ബജറ്റ് വിഹിതത്തിൽ ക്രമാനുഗത വളർച്ചയും മത്സ്യബന്ധനത്തിലും ജലകൃഷി (Aqua Culture) യിലെയും നൂതന സാങ്കേതിക വിദ്യയുടെ അവതരണവും മത്സ്യബന്ധനത്തിന്റെ വികസനത്തിൽ വലിയപങ്ക് വഹിച്ചു. ആകെ മത്സ്യോല്പാദനത്തിന്റെ 49 ശതമാനവും ഉൾനാടൻ ജലാശയങ്ങളിൽ നിന്നാണ്. ബാക്കി 51 ശതമാനം മത്സ്യസമ്പത്ത് കടലിൽ നിന്നാണ്, മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ (GDP) 1.4 ശതമാനമാണ് മത്സ്യസമ്പത്തിന്റെ സംഭാവന. ഇന്ത്യയിൽ മത്സ്യം ഉല്പാദിപ്പിക്കുന്ന മുഖ്യ സംസ്ഥാനങ്ങൾ തമിഴ്നാട്, കേരളം, ഗുജറാത്ത്, മഹാരാഷ്ട്ര എന്നിവയാണ്. മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന കുടുംബങ്ങളിൽ ഭൂരിഭാഗവും ദരിദ്രരാണ്. തൊഴിലില്ലായ്മ, കുറഞ്ഞ ആളോഹരിവരുമാനം, ഇതരമേഖലകളിൽ തൊഴിൽ കണ്ടെത്താൻ കഴിയായ്ക, നിരക്ഷരത, കടബാദ്ധ്യത എന്നിവ മത്സ്യ തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽപ്പെടുന്നു. സ്ത്രീകൾ നേരിട്ട് മത്സ്യബന്ധനത്തിൽ സജീവമായി ഏർപ്പെടുന്നില്ലെങ്കിലും കയറ്റുമതി വിപണിയിൽ 60 ശതമാനവും ആഭ്യന്തരവിപണിയിൽ 40 ശതമാനവും പ്രവർത്തിക്കുന്നത് സ്ത്രീകളാണ്. സ്ത്രീകൾക്ക് വിപണിയിൽ മൂലധനം കണ്ടെത്തണമെങ്കിൽ, സ്വയംസഹായസംഘങ്ങൾവഴിയും സഹകരണസംഘങ്ങൾവഴിയും വായ്പാസൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്.

## പഴം-പച്ചക്കറികൃഷി (Horticulture)

ഫലഭൂയിഷ്ടിയുള്ള മണ്ണും, നല്ല കാലാവസ്ഥയുംകൊണ്ട് സമ്പന്നമായ ഇന്ത്യ തോട്ടവിളകളായ പഴങ്ങൾ, പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ, പുഷ്പങ്ങൾ, ഔഷധസസ്യങ്ങൾ, സുഗന്ധസസ്യങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, നാണ്യവിളകൾ മുതലായവ കൃഷിചെയ്യുന്നതിൽ ഏറെ മുന്നിലാണ്. മെച്ചപ്പെട്ട തൊഴിലവസരങ്ങൾ നൽകുന്നതോടൊപ്പം ആഹാരവും, പോഷണവും പ്രദാനം ചെയ്യുന്നതിനും ഈ വിളകൾ പ്രധാനപങ്ക് വഹിക്കുന്നു. 1991 മുതൽ 2003 വരെയുള്ള കാലം അതിന്റെ സവിശേഷമായ പദ്ധതികളാലും, പരിശ്രമങ്ങളാലും ഒരു

സുവർണ്ണയുഗമെന്ന് വിളിക്കപ്പെടാൻ യോഗ്യമാണ്. പഴം പച്ചക്കറി മേഖലയിലെ നമ്മുടെ നിക്ഷേപമത്രയും തികച്ചും ഉല്പാദനപരവും ഫലപ്രദവുമായി തീർന്നിട്ടുണ്ട്. മാത്രമല്ല, സുസ്ഥിരമായ തൊഴിൽ സാധ്യതകൾ നൽകുന്നതിലും ഈ മേഖല മുന്നിട്ടു നിൽക്കുന്നു. മാമ്പഴം, വാഴപ്പഴം, നാളികേരം, കശുവണ്ടി, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയുടെ ഉല്പാദനത്തിൽ ലോകരാഷ്ട്രങ്ങൾക്കിടയിൽ നേതൃസ്ഥാനം കൈയ്യാളുകയാണ് ഇന്ത്യ. പഴങ്ങളുടെയും പച്ചക്കറികളുടെയും ഉല്പാദനത്തിലാകട്ടെ ഇന്ത്യ രണ്ടാംസ്ഥാനത്ത് എത്തിയിരിക്കുന്നു. പഴം പച്ചക്കറി കർഷകർക്ക് സാമ്പത്തിക ഭദ്രത ഉറപ്പാക്കുവാനും ദാരിദ്ര്യമേഖലയിലുള്ള കർഷകരുടെ ജീവിതം മെച്ചപ്പെടുത്താനും ഇത് വഴിയൊരുക്കി. പുഷ്പകൃഷി, നഴ്സറി നിർമ്മാണം, സങ്കരവിത്തുല്പാദനം, ടിഷ്യുകൾച്ചർ, പുഷ്പ-ഫല വില്പന, ഭക്ഷ്യസംസ്കരണം എന്നീ മേഖലകൾ ഗ്രാമീണ മേഖലയിലെ സ്ത്രീകൾക്ക് ആദായകരമായ തൊഴിൽ പ്രദാനം ചെയ്യുന്നു.

അംഗസംഖ്യയിൽ ഇന്ത്യയിലെ പക്ഷിമൃഗസമ്പത്ത് (Livestock) മികവ് പുലർത്തുന്നുവെങ്കിലും ഇതരരാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ അവയുടെ ഉൽപാദനക്ഷമത തുലോം കുറവാണ്. ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി നാം സാങ്കേതിക വിദ്യ മെച്ചപ്പെടുത്തുകയും നല്ലയിനം മൃഗങ്ങളെ വളർത്തിയെടുക്കുകയും വേണം. അതോടൊപ്പം മികച്ച മൃഗരോഗചികിത്സയും, മൃഗസംരക്ഷണമാർഗവും ഉറപ്പാക്കണം പാർശ്വവൽക്കരിക്കപ്പെട്ട ചെറുകിട കർഷകർക്കും ഭൂരഹിതരായ തൊഴിലാളികൾക്കും മെച്ചപ്പെട്ട വായ്പാ സൗകര്യം ഏർപ്പെടുത്തുകയും ചെയ്യണം. പക്ഷി മൃഗസമ്പത്തിന്റെ ഉല്പാദനത്തിലൂടെ സുസ്ഥിരമായ ഉപജീവനമാർഗ്ഗങ്ങൾ സൃഷ്ടിക്കാൻ സാധിക്കും. മെച്ചപ്പെട്ട ഇടപെടലിലൂടെ മത്സ്യോല്പാദനം വർദ്ധിപ്പിക്കാൻ നമുക്കു സാധിച്ചിട്ടുണ്ട്.

എന്നിരുന്നാലും ക്രമാതീതമായ മത്സ്യബന്ധനവും, ജലമലിനീകരണവും നിയന്ത്രിക്കേണ്ടതുണ്ട്. മത്സ്യതൊഴിലാളികൾക്കായുള്ളക്ഷേമ പ്രവർത്തനങ്ങൾ ദീർഘകാലനേട്ടങ്ങൾ കൈവരിക്കുന്ന വിധത്തിലും ഉപജീവനം മെച്ചപ്പെടുത്തുന്ന വിധത്തിലും പുനഃക്രമീകരിക്കേണ്ടതുണ്ട്. പഴം പച്ചക്കറികൃഷി വിജയപ്രദവും സുസ്ഥിരവുമായ ഒരു ജീവനോപാധി ആയതിനാൽ ഈ മേഖലക്ക് ഗണ്യമായ പ്രോത്സാഹനം നൽകേണ്ടതുണ്ട്. അതോടൊപ്പം പഴം



**ചിത്രം 6.4.** *(കോഴിവളർത്തൽ - ഇന്ത്യയിലെ പക്ഷിമൃഗ സമ്പത്തിന്റെ പ്രധാന ഘടകം)*



**ചിത്രം 6.5.** *(തേനീച്ച വളർത്തൽ – ഗ്രാമീണ സ്ത്രീകളുടെ വ്യവസായ സംരംഭ പ്രവർത്തനം)*

പച്ചക്കറി കൃഷിയുടെ നിർണ്ണായക വളർച്ചക്ക് വൈദ്യുതി, ശീതീകരണസംവിധാനങ്ങൾ, സംഭരണികൾ, വിപണന ശൃഖലകൾ, ചെറുകിട സംസ്കരണ യൂണിറ്റുകൾ എന്നിവയുൾ പ്പെടെയുള്ള അടിസ്ഥാനസൗകര്യങ്ങളും വികസിതമായ സാങ്കേതികവിദ്യയുടെ വിതരണവും ഉറപ്പാക്കേണ്ടതുണ്ട്.

**മറ്റു ജീവനോപാധികൾ (Alternate Livelihood Options)** ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ പല മേഖലകളിലും സമൂല പരിവർത്തനം കൊണ്ടുവരാൻ വിവരസാങ്കേതികവിദ്യ (ICT) ക്കുകഴിഞ്ഞിട്ടുണ്ട്. 21-ാം നൂറ്റാണ്ടിൽ സുസ്ഥിര വികസനവും ഭക്ഷ്യസുരക്ഷയും കൈവരിക്കുന്നതിന് കാർഷിക മേഖലക്ക് നിർണായക പങ്ക് വഹിക്കാൻ കഴിയുമെന്നത് പൊതുവെ അംഗീകരിക്കപ്പെട്ട വസ്തുതയാണ്. ഭക്ഷ്യ ദൗർലഭ്യമോ മറ്റ് പ്രതിസന്ധികളോ ഈ മേഖലയിൽ ഉണ്ടാകുന്ന പക്ഷം സോഫ്റ്റ് വെയർ ഉപയോഗിച്ച് കൃത്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ അത് മുൻകൂട്ടി പ്രവചിക്കുന്നതിനും ക്ഷാമം പോലെയുള്ള അത്യാഹിത സംഭവങ്ങൾ ഗണ്യമായി കുറയ്ക്കുന്നതിനും വിവരസാങ്കേതികവിദ്യ ഏറെ സഹായകമാണ്. പുതിയസാങ്കേതികവിദ്യയെകുറിച്ചും അതിന്റെ പ്രയോഗത്തെക്കുറിച്ചും വിലനിലവാരം, വിളകൾക്ക് അനുയോജ്യമായ കാലാവസ്ഥ, മണ്ണിന്റെ ഫലഭൂയിഷ്ഠത എന്നിവയെക്കുറിച്ചുമുള്ള അമൂല്യമായ അറിവുകൾ പകരുവാൻ വിവരസാങ്കേതികവിദ്യ സഹായിക്കുമെന്നതിനാൽ കാർഷിക മേഖലയിലും ICT യുടെ സ്വാധീനം വലുതാണ്, ഒരു സമൂഹം ഉൾക്കൊള്ളുന്ന സർഗ്ഗാത്മക ശേഷിയും അറിവും പുറത്തുകൊണ്ടുവരുന്നതിനാൽ കാർഷികമേഖലയെ പരിവർത്തനപ്പെടുത്തുന്നതിൽ ICT ഏറെ നിർണ്ണായകമാണ്. ഗ്രാമീണമേഖലയിൽ തൊഴിൽ പ്രദാനം ചെയ്യുന്നതിനും കൃഷി പ്രാപ്തമാണ്. ഇന്ത്യയുടെ ഗ്രാമീണമേഖലയിൽ തുടരുന്ന വിവരസാങ്കേതിക വിദ്യയുടെ പരീക്ഷണങ്ങളും പ്രയോഗങ്ങളും രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിലേക്കും വ്യാപിച്ചിരിക്കുന്നു. (ബോക്സ് 6.3 കാണുക)

## 6.6 ജൈവകൃഷിയും സുസ്ഥിര വികസനവും

കഴിഞ്ഞ കുറച്ചു വർഷങ്ങളിൽ രാസവളവും കീടനാശിനിയും നമ്മുടെ ആരോഗ്യത്തിൽ വരുത്തുന്ന ദൂഷ്യഫലങ്ങളെകുറിച്ച് ജനങ്ങൾക്കിടയിൽ വലിയ ബോധവത്ക്കരണം നടന്നുവരുന്നുണ്ട്. കാർഷിക വൃത്തിയിൽ കർഷകർ ഉപയോഗിക്കുന്ന രാസവളങ്ങളും വിഷലിപ്തമായ കീടനാശിനികളും നിർബാധം നമ്മുടെ ആഹാരശൃഖലയിലും എത്തിച്ചേരുന്നു. മണ്ണിനേയും ജലസ്രോതസ്സുകളെയും അവ വിഷലിപ്തമാക്കുന്നു ജൈവസമ്പത്തിനെ മലിനമാക്കുന്നു.

### ബോക്സ് 6.3: ഓരോ ഗ്രാമവും അറിവിന്റെ കേന്ദ്രം

മുബെയിലെ ശ്രീ. രത്തൻടാറ്റ ട്രസ്റ്റിന്റെ സഹായത്തോടെ തമിഴ്നാട്ടിലെ ചെന്നെയിൽ എം.എസ് സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ (Rural Prosperity Jamshedji Tata National Virtual Academy സ്ഥാപിച്ചു. താഴെ തട്ടിൽ അടിസ്ഥാന അറിവുകൾ പകർന്നു നൽകാൻ പ്രാപ്തരായ ഒരു ദശലക്ഷം തൊഴിലാളികളെ അംഗങ്ങളായി ഈ അക്കാദമി നിശ്ചയിച്ചിട്ടുണ്ട്. ഈ പ്രോഗ്രാമിലൂടെ കുറഞ്ഞ നിരക്കിൽ ഇന്റർനെറ്റ് സൗകര്യങ്ങളോടുകൂടിയ പേഴ്സണൽ കമ്പ്യൂട്ടർ, വീഡിയോ കോൺഫറൻസിങ് സൗകര്യം, സ്കാനർ, ഫോട്ടോകോപ്പിയർ ഉൾപ്പെടെയുള്ള സേവനം പ്രദാനം ചെയ്യുന്നു. ഒരു പ്രദേശത്ത് വ്യത്യസ്തമായ സേവനങ്ങൾ നൽകുന്നതിന് അദ്ദേഹത്തിന് ന്യായമായ വരുമാനവും നൽകുന്നു. ഭാരതസർക്കാർ 100 കോടി രൂപ മുതൽ മുടക്കിയാണ്, ഈ യജ്ഞത്തിന്റെ ഭാഗമായത് .

പ്രകൃതിയെയും പരിസ്ഥിതിയെയും തകിടംമറിയ്ക്കുന്നു. ആയതിനാൽ പരിസ്ഥിതിക്കിണങ്ങുന്ന സാങ്കേതികവിദ്യ കണ്ടെത്തേണ്ടത് സുസ്ഥിരവികസനത്തിന് അത്യന്താപേക്ഷിതമാണ്. അത്തരത്തിൽ പരിസ്ഥിതി ക്കിണങ്ങുന്ന ഒരു കൃഷിരീതിയാണ് ജൈവകൃഷി. ചുരുക്കത്തിൽ പരിസ്ഥിതി സന്തുലനത്തെ വീണ്ടെടുക്കുകയും നിലനിർത്തുകയും മെച്ചപ്പെടുത്തുകയും ചെയ്യുന്ന ഒരു സമഗ്ര കൃഷിരീതിയാണ് ജൈവകഷി. ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനായി ലോകെമ്പാടും ജൈവമായി ഉല്പാദിപ്പിക്കപ്പെടുന്ന ഭക്ഷ്യപദാർത്ഥങ്ങൾക്ക് വളരെയേറെ ആവശ്യക്കാരുണ്ട്. (ബോക്സ് 6.4 കാണുക.)

**ജൈവകൃഷിയുടെ സവിശേഷതകൾ (Benefits of Organic Farming):** തദ്ദേശീയമായി ഉല്പാദിപ്പിയ്ക്കപ്പെടുന്ന ചിലവുകുറഞ്ഞ ജൈവവിഭവങ്ങളും കൃഷിരീതികളും, നാം ഇപ്പോൾ പ്രയോഗിക്കുന്ന ചിലവേറിയ രാസവളങ്ങൾ, കീടനാശിനികൾ, അത്യുല്പാദനശേഷിയുള്ള (H.Y.V) വിത്തുകൾ, എന്നിവയോക്കാൾ മെച്ചപ്പെട്ടതാണ്. കാരണം അവ നിക്ഷേപത്തിനൊത്ത ആദായം നൽകുന്നു. ജൈവോ

### ബോക്സ് 6.4: ജൈവ ഭക്ഷണം

ജൈവഭക്ഷണത്തിന് ലോകമെമ്പാടും പ്രചാരമേറുകയാണ്. പല രാജ്യങ്ങളിലും ഭക്ഷ്യവ്യവസ്ഥയുടെ ഏതാണ്ട് പത്തുശതമാനത്തോളം ജൈവകൃഷി മേഖലയിലാണ് ഉല്പാദിപ്പിക്കുന്നത്. ജൈവാഹാര പദാർത്ഥങ്ങളുടെ വില്പന നടത്തുവാൻ ഹരിതപദവി (Green Status) ഉള്ള ചെറുകിട ശൃംഖലകളും സൂപ്പർമാർക്കറ്റുകളും ഉണ്ട്. സാമ്പ്രദായിക വിപണികളിൽ ഉല്പാദിപ്പിക്കുന്ന ഉല്പപ്പന്നങ്ങളേക്കാൾ ജൈവോല്പന്നങ്ങൾക്ക് 10 മുതൽ 100% വരെ വിലകൂടുതലുണ്ട്.

ല്പന്നങ്ങൾക്ക് ആവശ്യക്കാർ കൂടുതലായതിനാൽ അവ മികച്ച വരുമാനവും ഉറപ്പാക്കുന്നു. രാസകൃഷിയിൽ നിന്ന് ലഭിക്കുന്ന ഉല്പന്നങ്ങളേക്കാൾ ജൈവകൃഷിയിൽ നിന്നുള്ള ഉല്പന്നങ്ങൾ പോഷക സമ്പന്നമാണെന്ന് വിവിധരാജ്യങ്ങളിൽ നടന്ന പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. സാമ്പ്രദായിക രീതിയേക്കാൾ ജൈവകൃഷിയിൽ കൂടുതൽ കായികാധ്വാനം ആവശ്യമായതിനാൽ, ഇന്ത്യയിൽ ആകർഷകമായ തോതിൽ തൊഴിൽ പ്രദാനം ചെയ്യാൻ ജൈവകൃഷിക്ക് കഴിയും. പാരിസ്ഥിതികമായി സുസ്ഥിരമായ രീതിയിൽ ലഭ്യമാകുന്നതും കീടനാശിനി വിമുക്തമായിരിക്കുന്നതും ആണ് ഈ കൃഷിരീതിയുടെ നേട്ടം. (ബോക്സ് 6.5 കാണുക.)

ജൈവകൃഷിക്ക് പ്രചാരം ലഭിയ്ക്കണമെങ്കിൽ കർഷകർക്കിടയിൽ ബോധവത്ക്കരണം നടത്തേണ്ടത് ആവശ്യമാണ്. മാത്രമല്ല പുതിയ സാങ്കേതികവിദ്യ സ്വീകരിയ്ക്കാൻ അവർ സന്നദ്ധരാകേണ്ടതുമുണ്ട്. ജൈവകൃഷി വികസിപ്പിക്കാൻ നാം അനുയോജ്യമായ ഒരു കാർഷിക നയം അവലംബിക്കണം. അതോടൊപ്പം അടിസ്ഥാനസൗകര്യങ്ങളിലെ അപര്യാപ്തതയും മാർക്കറ്റിങ്ങിലുള്ള പ്രശ്നങ്ങളും പരിഹരിക്കേണ്ടതാണ്. പ്രാരംഭവർഷങ്ങളിൽ ജൈവകൃഷിയിൽ നിന്നുള്ള വിളവിന്റെ ലഭ്യത ആധുനിക കൃഷിയിൽ നിന്നുള്ള വിളവിനേക്കാൾ തുലോം കുറവായിരുന്നു. ചെറുകിടകർഷകർക്ക് വൻതോതിലുള്ള ഉല്പാദനം കൈവരിക്കുന്നത് ഏറെ ശ്രമകരമായിരിയ്ക്കും. വേഗത്തിൽ കേടാകുന്നതിന് സാധ്യതയുള്ളതിനാൽ ഈ ഉല്പന്നങ്ങൾ ദീർഘകാലത്തേക്ക് സംഭരിക്കാൻ പ്രയാസമാണ്. ജൈവകൃഷിയിൽ കാലംമാറി കൃഷിചെയ്യാവുന്ന വിളകൾ തീർത്തും പരിമിതമാണ്. എന്നിരുന്നാലും കൃഷിയുടെ സുസ്ഥിര വികസനത്തിന് ജൈവകൃഷി ഒരു മുതൽ കൂട്ടു

**ബോക്സ് 6.5: മഹാരാഷ്ട്രയിലെ ജൈവപരുത്തികൃഷി.**

ഏറ്റവും കൂടുതൽ രാസകീടനാശിനികൾ ഉപയോഗിച്ച് കൃഷിചെയ്യുന്ന പരുത്തിച്ചെടി, ജൈവമാർഗ്ഗങ്ങളിലൂടെ ഉല്പാദിപ്പിക്കാമെന്ന് പ്രമുഖ NGO ആയ 'പ്രകൃതിയുടെ' കിസാൻ മേത്ത 1995 ൽ ഉന്നയിച്ചപ്പോൾ, ഇന്ത്യയെ വസ്ത്രമില്ലാത്തവരുടെ നാട് ആക്കണമോ എന്ന് നാഗ്പൂരിലെ Central Institute for Cotton Research ന്റെ ഡയറക്ടറുടെ മറുചോദ്യം ഏറെ ചർച്ചാവിഷയമായി. International Federation of Organic Agriculture Movement ന്റെ നിലവാരത്തിന് അനുസൃതമായി ഇന്ന് 130 ഓളം കർഷകർ 1200 ഹെക്ടർ ഭൂമിയിൽ ജൈവകൃഷിയിലൂടെ പരുത്തി ഉല്പാദിപ്പിക്കുന്നു. ജർമനിയിലെ അംഗീകൃത ഏജൻസിയായ AGRECO ഈ പരുത്തി ഉല്പന്നങ്ങൾ പരിശോധിക്കുകയും ഉന്നത ഗുണനിലവാരമുള്ളതെന്ന് സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇന്ത്യൻ കർഷകരിൽ 78%വും നാമമാത്ര കർഷകരാണ് ഇവർ കയ്യാളുന്ന ശരാശരി കൃഷിഭൂമി വെറും 0.8 ഹെക്ടർ മാത്രവും. ഇത് മൊത്തം കൃഷിഭൂമിയുടെ 20% ത്തോളം വരും എന്നാണ് കിസാൻ മേത്ത അഭിപ്രായപ്പെടുന്നത്. അതുകൊണ്ട് അത്തരം കർഷകർക്ക് സമ്പത്തിന്റെയും മണ്ണ് സംരക്ഷണത്തിന്റെയും കാര്യത്തിൽ ജൈവകൃഷി ദീർഘകാല അടിസ്ഥാനത്തിൽ ലാഭകരമാണ്.

**ഉറവിടം** *Lyla Bavadam, Green Alternative, Frontline 29th July 2005*

തന്നെയാണ്. ഇന്ത്യയ്ക്കാകട്ടെ ആഭ്യന്തരവും വിദേശീയവുമായ വിപണികളിൽ ജൈവകൃഷി ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിൽ മികച്ചനേട്ടം കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ജൈവകൃഷി യിലൂടെ ഭക്ഷ്യവും ഭക്ഷ്യേതരവുമായ ഉല്പ ന്നങ്ങൾ കുറഞ്ഞ ചിലവിൽ ഉല്പാദിപ്പിക്കാ നാകുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ? കൂട്ടുകാ രെ, ഈ വിഷയത്തെക്കുറിച്ച് നിങ്ങളുടെ അഭി പ്രായമെന്താണ്.

## 6.7 ഉപസംഹാരം

ശ്രദ്ധേയമായ എന്തെങ്കിലും മാറ്റങ്ങൾ സംഭവി ക്കുന്നതുവരെയും ഗ്രാമീണമേഖലയുടെ പിന്നോക്കാവസ്ഥ നിലനിൽക്കുമെന്നത് ഒരു വസ്തുതയാണ്. ക്ഷീരോത്പാദനം, ക്ഷീരോൽ പന്നങ്ങൾ, കോഴി–താറാവു വളർത്തൽ മത്സ്യ കൃഷി, പഴം പച്ചക്കറികൃഷി എന്നിവയിലൂടെ ഗ്രാമീണ ഉല്പാദനകേന്ദ്രങ്ങളെ വൈവിധ്യവ ത്കരിച്ചുകൊണ്ടും ആഭ്യന്തരവും വൈദേശിക വുമായ കമ്പോളങ്ങളുമായി ബന്ധപ്പെടുത്തി ക്കൊണ്ടും ഗ്രാമീണമേഖലയെ ചലനാത്മകമാ ക്കിയാലേ ഉത്പന്നങ്ങൾക്കായി നാം മുടക്കിയ നിക്ഷേപത്തിനനുസൃതമായ ലാഭം നമുക്ക് നേടിയെടുക്കാനാകൂ. അതിലുപരി വായ്പ, വിപ ണനം എന്നീ അടിസ്ഥാന സൗകര്യങ്ങൾ മെച്ച പ്പെടുത്തുകയും, കർഷകർക്കിണങ്ങുന്ന കാർ ഷിക നയങ്ങൾ കൈകൊള്ളുകയും സംസ്ഥാ നത്തെ കാർഷിക ഡിപ്പാർട്ടുമെന്റുകളും കർ ഷക സംഘങ്ങളും തമ്മിലുള്ള നിരന്തരസമ്പർ ക്കങ്ങൾ പ്രോത്സാഹിപ്പിക്കുകയും, കാർഷിക പ്രവർത്തനങ്ങളുടെ നിരന്തമായ വിലയിരു ത്തൽ നടത്തുകയും ചെയ്യുന്നതിലൂടെ മാത്രമേ ഈ മേഖലയിലെ അധ്വാനശേഷിയും വിഭവശേഷിയും ലക്ഷ്യപ്രാപ്തിയിലെത്തു കയുള്ളൂ.

ഇന്ന് നമുക്ക് പരിസ്ഥിതിയെയും ഗ്രാമീണ വികസനത്തെയും രണ്ട് വ്യത്യസ്ത മേഖലക ളായി പരിഗണിയ്ക്കാൻ കഴിയില്ല. അതിനായി നാം വിഭിന്ന സാഹചര്യങ്ങളിലെ പരിസ്ഥി തിക്കിണങ്ങുന്നതും സുസ്ഥിര വികസനത്തിന് ഉതകുന്നതുമായ സാങ്കേതിക വിദ്യ വികസിപ്പി ച്ചെടുക്കേണ്ടതുണ്ട്. ഓരോ ഗ്രാമ കൂട്ടായ്മക്കും കൈവരിയ്ക്കാനുള്ള ലക്ഷ്യങ്ങൾക്ക് അനുയോ ജ്യമായ മാർഗ്ഗങ്ങൾ ഇതിനായി അവലംബിക്കാ വുന്നതാണ്. ഇന്ത്യയുടെ വിവിധസംസ്ഥാനങ്ങ ളിൽ സമാനസാഹചര്യങ്ങളിൽ മികച്ച കർഷ

### പരിശീലിക്കുക

- ഇന്ത്യയിൽ ജൈവരീതിയിൽ ഉല്പാദിപ്പിക്കുന്ന അഞ്ച് പ്രശസ്ത ഉല്പന്നങ്ങളുടെ ലിസ്റ്റ് തയ്യാ റാക്കുക.
- അടുത്തുള്ള സൂപ്പർ മാർക്കറ്റോ, പച്ചക്കറിക്കടയോ, ഡിപ്പാർട്ട്മെന്റ് സ്റ്റോറുകളോ സന്ദർശിക്കുക. വില, ഗുണം, പരസ്യം എന്നിവയുടെ അടിസ്ഥാനത്തിൽ ജൈവോല്പ ന്നങ്ങളുടേയും അല്ലാത്ത വയുടേയും ലിസ്റ്റ് തയ്യാറാക്കുക.
- ഒരു പഴം–പച്ചക്കറികൃഷിസ്ഥലം സന്ദർശിച്ച്, അവിടെ കൃഷിചെയ്യുന്ന ഉല്പന്നങ്ങളുടെ വിവരങ്ങൾ ശേഖരിക്കുക. അവർ നടപ്പിലാക്കിയ വൈവിധ്യവൽക്കരണത്തിന്റെ നേട്ട ങ്ങളേയും കോട്ടങ്ങളേയും പറ്റി ചർച്ച ചെയ്യുക.

കർ കൈവരിച്ച വിജയഗാഥകൾ ഇതരസംസ്ഥാനങ്ങൾക്ക് മാതൃകയാക്കാവുന്നതാണ്. ഉദാത്തമായ ഈ സംരംഭത്തിന് ആക്കം കൂട്ടുന്നതിന്

## സംഗ്രഹം

- ഗ്രാമവികസനം എന്നത് ഒരു സമഗ്രപദമാണ് സാമൂഹിക സാമ്പത്തിക മേഖലകളിൽ പിന്നോക്കം നിൽക്കുന്ന ഗ്രാമപ്രദേശങ്ങളുടെ വികസനത്തിനുവേണ്ടിയുള്ള പദ്ധതികളുടെ ആസൂത്രണമാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്.
- ബാങ്കിംഗ്, വിപണനം, സംഭരണികൾ, ഗതാഗതസൗകര്യങ്ങൾ, മെച്ചപ്പെട്ട ആശയവിനിമയത്തിനുള്ള സൗകര്യങ്ങൾ എണ്ണത്തിലും ഗുണത്തിലും മെച്ചപ്പെടുത്തികൊണ്ട് ഈ മേഖലകളുടെ യഥാർത്ഥമായ വിഭവശേഷിയെ ഫലപ്രാപ്തിയിലെത്തിക്കാൻ കഴിയും.
- പക്ഷിമൃഗസംരക്ഷണം, മത്സ്യകൃഷി എന്നിങ്ങനെ കാർഷികേതരമേഖലകളിലെ വൈവിധ്യവത്കരണം, കാർഷികമേഖലയിൽ ഉണ്ടാകാനിടയുള്ള നഷ്ടസാധ്യതകൾ മറികടക്കുവാനും ഗ്രാമീണജനങ്ങൾക്ക് ഉല്പാദനപരവും സുസ്ഥിരവുമായ ഉപജീവനമാർഗ്ഗങ്ങൾ ഒരുക്കുവാനും അനിവാര്യമാണ്.
- പാരിസ്ഥിതികമായി സ്ഥിരതയുള്ള ഉത്പാദനപ്രക്രിയ എന്ന നിലയിൽ ജൈവകൃഷിക്ക് ഉയർന്ന പ്രാധാന്യമുള്ളതിനാൽ അതിനെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.



## അഭ്യാസം

പ്രവൃത്തിയിലൂടെയുള്ള പഠനം എന്ന രീതി നമുക്ക് സ്വീകരിക്കാം.

1. ഗ്രാമവികസനം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്? ഗ്രാമവികസനത്തിലെ നിർണായക പ്രശ്നങ്ങൾ കണ്ടെത്തുക?
2. ഗ്രാമവികസനത്തിൽ വായ്പയുടെ പ്രാധാന്യത്തെക്കുറിച്ച് ചർച്ചചെയ്യുക?
3. പാവപ്പെട്ടവരുടെ ആവശ്യങ്ങൾ പരിഹരിക്കുന്നതിൽ മൈക്രോ ക്രെഡിറ്റിന്റെ പങ്ക് വിശദമാക്കുക.?
4. ഗ്രാമീണ വിപണികളുടെ വികസനത്തിന് ഗവൺമെന്റ് കൈകൊണ്ട നടപടികൾ വിവരിക്കുക?
5. സുസ്ഥിരമായ ഉപജീവനത്തിന് കാർഷികമേഖലയിലെ വൈവിധ്യവത്കര

ണത്തിന്റെ ആവശ്യകത വ്യക്തമാക്കുക?

6. ഇന്ത്യയിലെ ഗ്രാമവികസനത്തിൽ, ഗ്രാമീണബാങ്കിങ്ങ് സംവിധാനത്തിന്റെ പങ്കിനെ വിമർശനാത്കമായി വിലയിരുത്തുക.

7. കാർഷിക വിപണനം എന്നാലെന്ത്?

8. കാർഷികവിപണനസംവിധാനത്തിന് തടസ്സം നിൽക്കുന്നഘടകങ്ങളേതെന്ന് സൂചിപ്പിക്കുക.

9. കാർഷിക വിപണനത്തിന്റെ മറ്റ് മാർഗങ്ങൾ എന്തെല്ലാം? ഉദാഹരണങ്ങൾ നൽകുക.

10. ഹരിത വിപ്ലവവും (Green Revolution) സുവർണ്ണ വിപ്ലവവും (Golden Revolution) തമ്മിലുള്ള വ്യത്യാസങ്ങൾ എഴുതുക.

11. കാർഷിക വിപണന സൗകര്യങ്ങളെ മെച്ചപ്പെടുത്താൻ സർക്കാർ സ്വീകരിച്ച നടപടികൾപര്യാപ്തമാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ? ചർച്ചചെയ്യുക.

12. ഗ്രാമീണ വൈവിധ്യ വൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്നതിൽ കാർഷികേതര തൊഴിലിന്റെ പങ്ക് വ്യക്തമാക്കുക.


13. വൈവിധ്യവൽക്കരണത്തിന്റെ ഉറവിടങ്ങൾ എന്ന നിലയിൽ മൃഗസംരക്ഷണം,മത്സ്യബന്ധനം, പഴം- പച്ചക്കറികൃഷി എന്നിവയുടെ പ്രാധാന്യം എഴുതുക.

14. ഭക്ഷ്യ സുരക്ഷയും സുസ്ഥിര വികസനവും കൈവരിക്കുന്നതിൽ വിവരസാങ്കേതിക വിദ്യ (ICT) സുപ്രധാന പങ്ക് വഹിക്കുന്നു. അഭിപ്രായമെഴുതുക.

15. ജൈവകൃഷി എന്നാലെന്ത്? അതെങ്ങിനെയാണ് സുസ്ഥിര വികസനത്തെ പ്രോത്സാഹിപ്പിക്കുന്നത്?

16. ജൈവകൃഷിയുടെ നേട്ടങ്ങളും കോട്ടങ്ങളും തിരിച്ചറിയുക.

17. ജൈവകൃഷിയുടെ പ്രാരംഭകാലത്ത് നേരിടേണ്ടിവന്ന പ്രശ്നങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുക.



## സഹായസാമഗ്രികൾ


Acharya, S.S. 2004. *Agricultural Marketing, State of the Indian Farmer, a Millennium Study*. Academic Foundation, New Delhi.

Alagh, Y.K. 2004. *State of the Indian Farmer, a Millennium Study — an Overview.* Academic Foundation, New Delhi.

Chawla, N.K., M.P.G. Kurup and V. P. Sharma. 2004. *Animal Husbandry, State of the Indian Farmer, a Millennium Study.* Academic Foundation, New Delhi.

DEHADRAI, P.V. and Y.S. YADAV. 2004. *Fisheries Development, State of the Indian Farmer, a Millennium Study.* Academic Foundation, New Delhi.

JALAN, BIMAL. (Ed.). 1992. *The Indian Economy: Problems and Perspectives.* Penguin Publication, New Delhi.

NARAYANAN, S. 2005. *Organic Farming in India.* NABARD Occasional Paper No: 38, Department of Agriculture and Rural Development, Mumbai.

SINGH, H.P., P.P. DUTTA and M. SUDHA. 2004. *Horticulture Development, State of the Indian Farmer, a Millennium Study.* Academic Foundation, New Delhi.

SINGH, SURJIT and VIDYA SAGAR. 2004. *Agricultural Credit in India: State of the Indian Farmer, a Millennium Study.* Academic Foundation, New Delhi.

SINHA, V.K. 1998. *Challenges in Rural Development.* Discovery Publishing House, New Delhi.

TODARO, MICHAEL P. 1987. *Economic Development in the Third World.* Orient Longman Ltd, Hyderabad.

TOPPO, E. 2004. *Organic Vegetable Gardening: Grow Your Own Vegetables.* Unit for Labour Studies, Tata Institute of Social Sciences, Mumbai.

**സർക്കാർ പഠനങ്ങൾ**

*Successful Governance Initiatives and Best Practices: Experiences from Indian States,* Government of India in Coordination with Human Resource Development Centre and UNDP, Planning Commission, Delhi, 2002.

*Annual Reports,* Ministry of Rural Development, Government of India, New Delhi.

**വെബ് സൈറ്റുകൾ**

www.dahd.nic.in

7

# തൊഴിൽ : വളർച്ചയും, അനൗപചാരിക വത്കരണവും മറ്റ് പ്രശ്നങ്ങളും.

**പഠന നേട്ടങ്ങൾ**

- സാമ്പത്തിക പ്രവർത്തനങ്ങൾ, തൊഴിലാളി, തൊഴിൽശക്തി, തൊഴിലില്ലായ്മ തുടങ്ങിയ തൊഴിലുമായി ബന്ധപ്പെട്ട അടിസ്ഥാന ആശയങ്ങളെ കുറിച്ച് അറിയുന്നു.
- വ്യത്യസ്ഥ മേഖലകളിലെ, വിവിധങ്ങളായ സാമ്പത്തിക പ്രവർത്തനങ്ങളിൽ സ്ത്രീയുടേയും പുരുഷന്റേയും പങ്കാളിത്തത്തിന്റെ സ്വഭാവം അറിയുന്നു.
- തൊഴിലില്ലായ്മയുടെ പ്രകൃതവും വ്യാപ്തിയും തിരിച്ചറിയുന്നു.
- വിവിധ മേഖലകളിലും പ്രദേശങ്ങളിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായുള്ള സർക്കാർ ശ്രമങ്ങൾ വിലയിരുത്തുന്നു.

*ഞാൻ എതിർക്കുന്നത് യന്ത്രങ്ങളെയല്ല, യന്ത്രങ്ങളോടുള്ള ഭ്രമത്തേയാണ്. തൊഴിൽ ചുരുക്കൽ യന്ത്രങ്ങളെന്ന് വിളിക്കപ്പെടുന്നവയോടുള്ള ഭ്രമം. തൊഴിലില്ലാതെ, പട്ടിണി ചത്തൊടുങ്ങാനായി ആയിരക്കണക്കിന് ജനങ്ങൾ, തെരുവിലേക്കറിയപ്പെടുന്നതുവരേയും മനുഷ്യൻ ഈ തൊഴിൽ ചുരുക്കൽ തുടർന്ന് കൊണ്ടിരിക്കും.*

മഹാത്മാഗാന്ധി.

## 7.1 ആമുഖം



ചിത്രം 7.1 പഞ്ചാബിലെ ജലന്ധറിലെ വീടുകളിലുണ്ടാക്കിയ ഫുട്ബാളുകൾ, ബഹുരാഷ്ട്ര കമ്പനികൾ വിൽക്കുന്നു.

ജനങ്ങൾ വൈവിധ്യമാർന്ന തൊഴിലുകളിലേർപ്പെട്ടിരിക്കുന്നു. ചിലർ കൃഷിയിടങ്ങൾ, ഫാക്ടറികൾ, ബാങ്കുകൾ, വ്യാപാര സ്ഥാപനങ്ങൾ, മറ്റ് തൊഴിലിടങ്ങൾ എന്നിയിൽ തൊഴിലെടുക്കുമ്പോൾ മറ്റു ചിലർ വീടുക ളിൽ ഇരുന്നുകൊണ്ട് തൊഴിലുകളിൽ ഏർപ്പെടുന്നു. ഇതിൽ നെയ്ത്ത്, നൂൽനൂല്പ്, കരകൗശല വസ്തു നിർമ്മാണം തുടങ്ങിയ പരമ്പരാഗത തൊഴിലുകൾ മാത്രമല്ല, വിവര വിനിമയ സാങ്കേതിക വ്യവസായ ത്തിലെ പ്രോഗ്രാമിംഗ് പോലുള്ള നൂതന തൊഴിലുകളും ഉൾപ്പെടുന്നു. മുമ്പ് ഫാക്ടറി ജോലി എന്നാൽ പട്ടണങ്ങളിലെ ഫാക്ടറികളിൽ ജോലി ചെയ്യുക എന്നായിരുന്നു അർത്ഥമാക്കിയിരുന്നത്. എന്നാൽ ഇന്ന്, ഗ്രാമങ്ങളിലെ വീടുകളിൽ നിന്നു പോലും ഫാക്ടറി ഉൽപ്പന്നങ്ങൾ നിർമ്മിച്ചെടുക്കാൻ സാങ്കേതികവിദ്യ നമ്മെ പ്രാപ്തരാക്കി യരിക്കുന്നു.


എന്തുകൊണ്ട് ജനങ്ങൾ തൊഴിലിൽ ഏർപ്പെടുന്നു? വ്യക്തികൾ എന്ന നിലയിലും സമൂഹത്തിലെ അംഗങ്ങളെന്ന നിലയിലും നമ്മുടെ ജീവിതത്തിൽ തൊഴിൽ നിർണായക പങ്ക് വഹിക്കുന്നു. ഉപജീവനത്തിന് വേണ്ടി യാണ് ജനങ്ങൾ തൊഴിലിൽ ഏർപ്പെടുന്നത്. ചിലർക്ക് പണം പാരമ്പര്യമായി ഉണ്ട് അല്ലെങ്കിൽ ലഭിക്കുന്നു. അവർ ഇതിന് വേണ്ടി തൊഴിലടുക്കുന്നില്ല. പണം ആരേയും പൂർണ സംതൃപ്തരാക്കുന്നില്ല. തൊഴിലിൽ ഏർപ്പെടുക എന്നത്, ആത്മാഭിമാനം നൽകുന്നതിനും നമ്മെ മറ്റുള്ളവരുമായി അർത്ഥപൂർണമായി ഇടപെടുന്നതിന് കഴിവുള്ളവനാക്കുന്നതിനും സഹായിക്കുന്നു. ഓരോ തൊഴിലാളിയും ദേശീയ വരുമാനത്തിലേക്ക് തന്റേതായ പങ്ക് ചേർക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് തന്നെ ഒരു ഉപജീവനമാർഗ്ഗം നേടിയെടുക്കുക എന്നതിന്റെ യഥാർത്ഥ അർത്ഥം, വിവിധ സാമ്പത്തിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന തിലൂടെ സാമ്പത്തിക വികസനത്തിൽ പങ്കാളി യാകുക എന്നതാണ്. നാം നമുക്ക് വേണ്ടി

മാത്രമല്ല അദ്ധ്വാനിക്കുന്നത്. നമ്മെ ആശ്രയിച്ചരിക്കുന്നവരുടെ ആവശ്യങ്ങൾ കൂടി സാക്ഷാത്കരിക്കുന്നതിനായി തൊഴിൽ ചെയ്യുമ്പോഴാണ് ജീവിതം അർത്ഥവത്താകുന്നത്. തൊഴിലിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞത് കൊണ്ടു തന്നെയാണ് മഹാത്മാഗാന്ധി, വിദ്യാഭ്യാസത്തോടൊപ്പം കൈതൊഴിലുകളുൾപ്പെടെയുള്ള പലതരം തൊഴിലുകളുടെ പരിശീലനത്തിന് ഊന്നൽ നൽകിയത്.

തൊഴിലെടുക്കുന്നവരെക്കുറിച്ച് പഠിക്കുമ്പോൾ നമ്മുടെ രാജ്യത്തെ തൊഴിലിന്റെ ഗുണമേന്മയെക്കുറിച്ചും, അതിന്റെ പ്രകൃതത്തെക്കുറിച്ചും ഉൾക്കാഴ്ച ഉണ്ടാകുന്നു. അതുപോലെ നമ്മുടെ മാനവവിഭവത്തെക്കുറിച്ച് മനസ്സിലാക്കുന്നതിനും അവയെ കൃത്യമായി ആസൂത്രണം ചെയ്യുന്നതിനും, തൊഴിലെടുക്കുന്നവരെക്കുറിച്ചുള്ള അറിവ് സഹായിക്കുന്നു. ദേശീയ വരുമാനത്തിലേക്ക്, വിവിധ വ്യവസായങ്ങളുടേയും വിവിധ മേഖലകളുടേയും സംഭാവന വിശകലനം ചെയ്യുന്നതിനും സമൂഹത്തിലെ പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങൾക്കെതിരായുള്ള ചൂഷണം, ബാലവേല തുടങ്ങിയ സാമൂഹ്യ പ്രശ്നങ്ങൾ മനസ്സിലാക്കാനും ഇത് സഹായകമാകുന്നു.

## 7.2 തൊഴിലാളികളും തൊഴിലും ( Workers and Employment.)

എന്താണ് തൊഴിൽ? ആരാണ് തൊഴിലാളി? ഒരു കർഷകൻ വയലിൽ പണിയെടുക്കുമ്പോൾ അവൻ അല്ലെങ്കിൽ അവൾ ഭക്ഷ്യധാന്യങ്ങളും വ്യവസായങ്ങൾക്കാവശ്യമായ അസംസ്കൃത വസ്തുക്കളും ഉല്പാദിപ്പിക്കുന്നു. തുണിമില്ലുകളിലും യന്ത്രത്തറികളിലും പരുത്തി വസ്ത്രങ്ങളായി മാറുന്നു. ലോറികൾ സാധനങ്ങളെ ഒരു സ്ഥലത്ത് നിന്നും മറ്റ് സ്ഥലങ്ങളിലേക്കെത്തിക്കുന്നു. ഈ രീതിയിൽ, ഒരു രാജ്യത്ത് ഒരു വർഷത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന സാധനങ്ങളുടേയും സേവനങ്ങളുടേയും ആകെ പണമൂല്യത്തെയാണ് മൊത്തം ആഭ്യന്തരോൽപന്നമെന്ന് വിളിക്കപ്പെടുന്നതെന്ന് നമുക്കറിയാം. ഇതിനോടൊപ്പം ഇറക്കുമതിക്കായി നൽകുന്ന തുകയും കയറ്റുമതിയിൽ നിന്ന് നമുക്ക് ലഭിക്കുന്ന തുകയും ചേർന്ന ഒരു അറ്റമൂല്യം കൂടി പരിഗണിക്കുക. ഈ മൂല്യം ധനാത്മകമോ (Positive) (ഇറക്കുമതി മൂല്യത്തേക്കാൾ കൂടുതൽ കയറ്റുമതി മൂല്യമുണ്ടെങ്കിൽ). ഋണാത്മകമോ (Negative) (ഇറക്കുമതി മൂല്യ



**പഠനപ്രവർത്തനങ്ങൾ.**

➢ നിങ്ങളുടെ വീടുകളിലും അയൽ വീടുകളിലും സ്ത്രീകൾക്ക് സാങ്കേതിക ബിരുദങ്ങളും, ഡിപ്ലോമകളും, ആവശ്യത്തിന് സമയവും ഉണ്ടായിരുന്നിട്ടും തൊഴിലിന് പോകാതിരിക്കുന്നത് നിങ്ങൾ കണ്ടുകാണും. എന്തുകൊണ്ടാണ് അവർ തൊഴിലിന് പോകാത്തതെന്ന് അവരോട് അന്വേഷിക്കുക. എല്ലാ കാരണങ്ങളും പട്ടികയാക്കുക. അവർ ജോലിക്ക് പോകേണ്ടതു ണ്ടെന്ന് നിങ്ങൾ കരുതുന്നുണ്ടോ? എന്തുകൊണ്ട്? ക്ലാസിൽ ചർച്ച ചെയ്യുക. അവരെ ജോലിക്ക് പറഞ്ഞയക്കുന്നതിന് ചെയ്യേണ്ട മാർഗ്ഗങ്ങളും ചർച്ച ചെയ്യുക, ചില സാമൂഹ്യശാസ്ത്രജ്ഞർ വാദിക്കുന്നത്, വീട്ടമ്മമാർ വേതനമില്ലാതെ വീടുകളിൽ ചെയ്യുന്ന തൊഴിൽ മൊത്ത ദേശീയോൽപന്നത്തിലേക്കുള്ള സംഭാവനയായി പരിഗണിക്കണമെന്നും അങ്ങനെ അവരും സാമ്പത്തിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതായി കണക്കാക്കണമെന്നുമാണ്. നിങ്ങൾ അനുകൂലിക്കുന്നുണ്ടോ?

ത്തേക്കാൾ കുറവാണ് കയറ്റുമതി മൂല്യമെങ്കിൽ) പൂജ്യമോ (Zero) (ഇറക്കുമതി മൂല്യവും കയറ്റുമതി മൂല്യവും തുല്യമാണെങ്കിൽ) ആകാം. വിദേശ ഇടപാടുകളിൽ നിന്നുള്ള ഈ അറ്റസംഖ്യ (+ അല്ലെങ്കിൽ) കൂടി കൂട്ടുമ്പോൾ രാജ്യത്തിന്റെ ആ വർഷത്തെ മൊത്തം ദേശീയോൽപന്നം ലഭിക്കുന്നു.

മൊത്ത ദേശീയോൽപന്നത്തിലേക്ക് സംഭാവന ചെയ്യുന്ന ഏതൊരു പ്രവർത്തനത്തേയും സാമ്പത്തികപ്രവർത്തനം (Economic Activtiy) എന്ന് വിളിക്കാം. സാമ്പത്തിക പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്ന എല്ലാവരേയും അത് ഏതളവിലാണെങ്കിലും തൊഴിലാളികൾ (Workers) എന്ന് വിളിക്കാം. രോഗം, പരിക്ക്, മറ്റ് ശാരീരക അവശതകൾ എന്നിവമൂലമോ മോശം കാലാവസ്ഥ, ആഘോഷങ്ങൾ, സാമൂഹികമോ മതപരമോ ആയ ചടങ്ങുകൾ തുടങ്ങിയവ മൂലമോ താത്കാലികമായി തൊഴിലിൽ നിന്ന് വിട്ടുനിൽക്കുന്നുവെങ്കിൽ കൂടിയും അവരെ തൊഴിലാളികളായി കണക്കാക്കാം. ഇത്തരം സാമ്പത്തിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന മുഖ്യതൊഴിലാളികളെ സഹായിക്കുന്നവരും തൊഴിലാളികളിൽ ഉൾപ്പെടുന്നു. പൊതുവെ ഒരു തൊഴിലുടമക്ക് കീഴിൽ വേതനം ലഭിക്കുന്ന തൊഴിലിൽ ഏർപ്പെടുന്നവരെ മാത്രമാണ് തൊഴിലാളികളായി കണക്കാക്കുന്നത്. എന്നാൽ ഇതങ്ങനെയല്ല, സ്വയം തൊഴിൽ ചെയ്യുന്നവരും തൊഴിലാളികളിൽ ഉൾപ്പെടുന്നു.

പല മുഖങ്ങളുള്ളതാണ് ഇന്ത്യയിലെ തൊഴിലിൻെറ സ്വഭാവം. ചിലർക്ക് വർഷം മുഴുവൻ തൊഴിൽ ലഭിക്കുന്നു. മറ്റ് ചിലർക്ക് വർഷത്തിൽ കുറച്ച് മാസങ്ങളിൽ മാത്രം തൊഴിൽ ലഭിക്കുന്നു. പല തൊഴിലാളികൾക്കും തങ്ങളുടെ തൊഴിലിന് ന്യായമായ കൂലി ലഭിക്കുന്നില്ല. തൊഴിലാളികളുടെ എണ്ണം കണക്കാക്കുമ്പോൾ സാമ്പത്തിക പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്ന എല്ലാവരേയും തൊഴിലുള്ളവരായി കണക്കാക്കുന്നു. പലതരത്തിലുള്ള സാമ്പത്തിക പ്രവർത്തനങ്ങളിൽ സജീവമായി ഏർപ്പെട്ടുകൊണ്ടിരിക്കുന്നവരുടെ എണ്ണമറിയാൻ നിങ്ങൾക്കും താൽപര്യമുണ്ടാകും. 2011–12 ൽ ഏകദേശം 47.3 കോടി ഉറച്ച തൊഴിൽ ശക്തി ഇന്ത്യക്കുണ്ടായിരുന്നു. നമ്മുടെ ബഹുഭൂരിപക്ഷം ജനങ്ങളും ഗ്രാമങ്ങളിൽ താമസിക്കുന്നതിനാൽ, തൊഴിൽ ശക്തിയിൽ കൂടുതലും ഗ്രാമീണരാണ്. ഈ 47.3 കോടി തൊഴിൽ ശക്തിയിൽ നാലിൽ മൂന്ന് ഭാഗവും ഗ്രാമീണ തൊഴിലാളികളാണ്. തൊഴിലാളി കളിൽ ഏകദേശം 70 ശതമാനവും പുരുഷന്മാരാണ്. ബാക്കി സ്ത്രീകളും. (ഈ രണ്ട് വിഭാഗങ്ങളിലും വരുന്ന ജോലി എടുക്കുന്ന കുട്ടികൾ ഉൾപ്പെടെ) ഗ്രാമീണ തൊഴിൽ ശക്തിയിൽ മൂന്നിലൊന്നും സ്ത്രീകളാണ്, എന്നാൽ നഗരങ്ങളിൽ ഇത് അഞ്ചിലൊന്ന് മാത്രമാണ്. പാചകം, വിറക് ശേഖരണം, ജല ശേഖരണം, കൃഷിപണി തുടങ്ങിയ തൊഴിലുകളാണ് സ്ത്രീകൾ ചെയ്യുന്നത്. ഇവർക്ക് പണമായോ ധാന്യങ്ങ ളായോ യാതൊന്നും ലഭിക്കുന്നില്ല. ഇതിനാൽ തന്നെ ഈ സ്ത്രീകളെ തൊഴിലാളികൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തുന്നില്ല. ഇവരേയും തൊഴിലാളികൾ എന്ന് വിളിക്കപ്പെടണമെന്ന് സാമ്പത്തിക ശാസ്ത്രജ്ഞർ വാദിക്കുന്നുണ്ട്

## 7.3 ജനങ്ങളുടെ തൊഴിൽ പങ്കാളിത്തം (Work Participation of People )

ഒരു രാജ്യത്തെ തൊഴിൽ സാഹചര്യം വിശകലനം ചെയ്യാനുള്ള സൂചക മാണ്

**പഠനപ്രവർത്തനങ്ങൾ.**

- തൊഴിലിനെ കുറിച്ചുള്ള ഏത് പഠനവും തൊഴിൽ ജനസംഖ്യാനു പാതത്തിൻെറ അവലോകനത്തിൽ നിന്ന് തുടങ്ങണം. എന്തുകൊണ്ട്?
- ചില സമൂഹങ്ങളിൽ, പുരുഷന്മാർക്ക് വേണ്ടത്ര വരുമാനം നേടുവാൻ കഴിയുന്നില്ലെങ്കിൽ പോലും സ്ത്രീകളെ ജോലിക്ക് അയക്കുന്നില്ല. എന്തുകൊണ്ട്?

തൊഴിലാളി ജനസംഖ്യാനുപാതം (Worker Population Ratio). ഈ സൂചകം രാജ്യത്തിലെ ചരക്ക് സേവനങ്ങളുടെ ഉൽപാദനത്തിൽ സജീവ പങ്കാളിത്തമുള്ള ജനങ്ങളുടെ അനുപാതം അറിയുന്നതിന് ഉപകരിക്കുന്നു. ഈ അനുപാതം ഉയർന്നതാണെങ്കിൽ, ജനങ്ങളുടെ പങ്കാളിത്തം ഉയർന്നതാണെന്നും അനുപാതം ശരാശരിയോ താഴ്ന്നതോ ആണെങ്കിൽ, ജനങ്ങളിൽ വളരെ വലിയൊരു ഭാഗം സാമ്പത്തിക പ്രവർത്തനങ്ങളിൽ നേരിട്ട് പങ്കെടുക്കുന്നില്ല എന്നുമാണർത്ഥം.

ജനസംഖ്യ എന്ന വാക്കിന്റെ അർത്ഥം നിങ്ങൾ താഴ്ന്ന ക്ലാസുകളിൽ പഠിച്ചുവല്ലോ. ഒരു നിശ്ചിത സമയത്ത്, ഒരു പ്രത്യേക പ്രദേശത്ത്, അധിവസിക്കുന്ന ജനങ്ങളുടെ ആകെ എണ്ണമാണ് ജനസംഖ്യ. ഇനി, നിങ്ങൾക്ക് ഇന്ത്യയിലെ തൊഴിലാളി ജനസംഖ്യാനുപാതം അറിയണമെങ്കിൽ, ഇന്ത്യയിലെ തൊഴിലാളികളുടെ ആകെ എണ്ണത്തെ, ജനസംഖ്യ കൊണ്ട് ഹരിച്ച് അതിനെ 100 കൊണ്ട് ഗുണിച്ചാൽ മതി.

പട്ടിക 7.1 കാണിക്കുന്നത്, സാമ്പത്തിക പ്രവർത്തനങ്ങളിൽ, വിവിധ ജനങ്ങളുടെ പങ്കാളിത്തമാണ്. ഓരോ 100 വ്യക്തികളിലും

**പട്ടിക 7.1**

ഇന്ത്യയിലെ തൊഴിലാളി - ജനസംഖ്യാനുപാതം
(2011-2012)

(Worker Population Ratio in India 200-1112)

| ലിംഗം | തൊഴിലാളി ജനസംഖ്യാനുപാതം | | |
|---|---|---|---|
| | ആകെ | ഗ്രാമം | നഗരം |
| പുരുഷന്മാർ | 54.6 | 54.7 | 54.3 |
| സ്ത്രീകൾ | 22.8 | 26.1 | 13.8 |
| ആകെ | **39.2** | **40.8** | **35.0** |

ഏകദേശം 39 പേർ (കൃത്യമായി പറഞ്ഞാൽ 38.6പേർ) ഇന്ത്യയിൽ തൊഴിലാളികളാണ്. നഗരപ്രദേശങ്ങളിൽ, ഈ അനുപാതം 36 ഉം ഗ്രാമപ്രദേശങ്ങളിൽ ഇത് 40 ഉം ആണ്. എന്തുകൊണ്ടാണ് ഇത്ര വ്യത്യാസം? ഗ്രാമങ്ങളിലെ ജനങ്ങൾക്ക് ഉയർന്ന വരുമാനം ലഭിക്കുന്നതിനുതകുന്ന വിഭവങ്ങൾ മാത്രമെ ലഭിക്കുന്നുള്ളൂ. അതിനാൽ തൊഴിൽ കമ്പോളത്തിൽ കൂടുതലായി പങ്കെടുക്കുവാൻ കഴിയുന്നില്ല. മിക്കവരും സ്കൂളിലോ കോളേജിലോ മറ്റ് പരിശീലന സ്ഥാപനങ്ങളിലോ പോകുന്നില്ല. അഥവാ ആരെങ്കിലും പോകുന്നുണ്ടെങ്കിൽ തന്നെ അവർ ഇടക്ക് വെച്ച് പഠനം അവസാനിപ്പിക്കുകയും തൊഴിൽശക്തിയുടെ ഭാഗമായി മാറുകയും ചെയ്യുന്നു. അതേസമയം നഗരപ്രദേശങ്ങളിൽ, ബഹുഭൂരിഭാഗം പേർക്കും, പലതരത്തിലുള്ള സ്ഥാപനങ്ങളിൽ പഠിക്കുവാൻ സാധിക്കുന്നുണ്ട്. നഗരജനതക്ക് വിവിധ തരത്തിലുള്ള തൊഴിലവസരങ്ങൾ ലഭ്യമാണ്. അവർ അവരവരുടെ യോഗ്യതക്കും വൈദഗ്ധ്യത്തിനുമനുസരിച്ചുള്ള തൊഴിൽ അന്വേഷിച്ചുകൊണ്ടിരിക്കുന്നു. സാമ്പത്തികാവസ്ഥ പരിമിതമായ ഗ്രാമങ്ങളിലുള്ളവരെ വീട്ടിലിരിക്കാൻ അനുവദിക്കുന്നില്ല. സ്ത്രീകളോട് താരതമ്യം ചെയ്യുമ്പോൾ, പുരുഷന്മാരാണ് തൊഴിലിൽ ഏർപ്പെടുന്നവരിൽ കൂടുതൽ തൊഴിൽ പങ്കാളിത്തനിരക്കിലുള്ള വ്യത്യാസം നഗര

ങ്ങളിൽ കൂടുതലാണ്. ഓരോ 100 നഗരസ്ത്രീകളിലും ഏകദേശം 15 പേർ മാത്രമാണ് സാമ്പത്തിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നത്. ഗ്രാമപ്രദേശങ്ങളിലാകട്ടെ ഓരോ 100 സ്ത്രീകളിലും ഏകദേശം 25 പേർ തൊഴിൽ കമ്പോളത്തിൽ പങ്കാളികളാകുന്നു. എന്തുകൊണ്ടാണ് സ്ത്രീകൾ - നഗരപ്രദേശത്തെ സ്ത്രീകൾ പ്രത്യേകിച്ചും തൊഴിൽ എടുക്കാത്തത്?പുരുഷന്മാർക്ക് ഉയർന്ന വരുമാനമുള്ളിടത്തെല്ലാം സ്ത്രീകൾ ജോലിക്ക് പോകുന്നത് നിരുത്സാഹപ്പെടുത്തപ്പെടുന്നു.

നമ്മൾ മുൻപ്പറഞ്ഞതിലേക്ക് തിരിച്ചു പോകാം. സ്ത്രീകൾ ചെയ്യുന്ന പല വീട്ടുജോലികളും ഉൽപാദനപരമായ പ്രവർത്തനമായി അംഗീകരിക്കപ്പെടുന്നില്ല. തൊഴിലിന്റെ ഈ സങ്കുചിതമായ നിർവചനം സ്ത്രീകളുടെ തൊഴിലിനെ അംഗീകരിക്കാതിരിക്കുന്നതിനും അതുവഴി രാജ്യത്തെ സ്ത്രീതൊഴിലാളികളുടെ എണ്ണത്തെ ചുരുക്കി കണക്കാക്കുന്നതിനും കാരണമാകുന്നു. സ്വന്തം വീടുകളിലേയും കൃഷിയിടങ്ങളിലേയും പലതരത്തിലുള്ള തൊഴിലുകളിൽ സജീവമായി ഏർപ്പെടുന്ന സ്ത്രീകളെക്കുറിച്ച് ചിന്തിച്ചു നോക്കൂ. അവർക്ക് യാതൊരുവിധ കൂലിയും ലഭിക്കുന്നില്ല. കുടുംബവും കൃഷിയിടവും കൃത്യമായി നോക്കിനടത്തുന്ന സ്ത്രീകളുടെ എണ്ണവും കൂടി ഉൾപ്പെടുത്തി സ്ത്രീ തൊഴിലാളികളുടെ എണ്ണം കണക്കാക്കേണ്ടതല്ലേ?

## 7.4 സ്വയംതൊഴിൽ കണ്ടെത്തിയവരും കൂലിക്ക് തൊഴിലെടുക്കുന്നവരും. (Self employed and Hired workers.)

തൊഴിലാളി-ജനസംഖ്യാനുപാതം തൊഴിലാളികളുടെ സ്ഥിതിയെ കുറിച്ചോ അവരുടെ സാഹചര്യങ്ങളെ കുറിച്ചോ എന്തെങ്കിലും സൂചിപ്പിക്കുന്നുണ്ടോ? ഒരു വ്യവസായ സംരംഭത്തിൽ തൊഴിലെടുക്കുന്ന തൊഴിലാളിയുടെ സ്ഥിതി അറിയുന്നതിലൂടെ നമ്മുടെ രാജ്യത്തെ തൊഴിലാളികളുടെ ഏകമാന രൂപവും തൊഴിലിന്റെ ഗുണനിലവാരവും ലഭിക്കുന്നു. ഒരു തൊഴിലാളിക്ക് തൊഴിലിനോടുള്ള മമത, അവന് അല്ലെങ്കിൽ അവൾക്ക് കമ്പനിയോടും മറ്റ് സഹപ്രവർത്തകരോടുമുള്ള വിശ്വാസ്യത എന്നിവയും അറിയാൻ സഹായിക്കുന്നു.


നമുക്ക് നിർമ്മാണമേഖലയിൽ തൊഴിലെടുക്കുന്ന 3 തൊഴിലാളികളെ പരിഗണിക്കാം ഒരു സിമന്റ് കട ഉടമസ്ഥൻ, ഒരു നിർമ്മാണ തൊഴിലാളി, ഒരു സിവിൽ എഞ്ചിനീയർ. ഇവരോരുത്തരുടെയും പദവികൾ വ്യത്യസ്തമാകയാൽ, അവരെ വ്യത്യസ്ത രീതിയിൽ വിളിക്കുന്നു. തന്റെ ഉപജീവനം കണ്ടെത്തുന്നതിനായി ഒരു വ്യവസായ സംരംഭത്തിന്റെ ഉടമയായിരിക്കുകയും ആ സംരംഭം നടത്തിക്കൊണ്ടു പോകുകയും ചെയ്യുന്ന ഒരാളെ സ്വയം തൊഴിൽ ചെയ്യുന്നവൻ (Self Employed) എന്ന് വിളിക്കാം. ഇത്തരത്തിൽ സിമന്റ് കടയുടമ ഒരു സ്വയംതൊഴിൽ ചെയ്യുന്ന ആളാണ്. ഇന്ത്യയിലെ തൊഴിൽശക്തിയിൽ ഏകദേശം 52 ശതമാനവും ഇത്തരക്കാരാണ്. നിർമ്മാണതൊഴിലാളികൾ താൽകാലിക കൂലി തൊഴിലാളികൾ അഥവാ നിത്യവേതന തൊഴിലാളികൾ (Casual Wage Labourers)



ചിത്രം 7.2 ഇഷ്ടിക നിർമ്മാണം.: താൽകാലിക കൂലി തൊഴിലിന്റെ ഒരു രൂപം.


എന്നറിയപ്പെടുന്നു. ഇന്ത്യയുടെ തൊഴിൽ ശക്തിയുടെ 30 ശതമാനം ഇവരാണ്. ഇത്തരം തൊഴിലാളികൾ, മറ്റുള്ളവരുടെ കൃഷിയിടങ്ങളിൽ താൽകാലികമായി തൊഴിലെടുക്കുകയും തൊഴിലിനുള്ള പ്രതിഫലം വാങ്ങിക്കുകയും ചെയ്യുന്നു. നിർമ്മാണ കമ്പനിയിൽ ജോലി ചെയ്യുന്ന സിവിൽ എഞ്ചിനീയറെ പോലെയുള്ളവർ സ്ഥിര ശമ്പളക്കാരാണ്. ഒരു വ്യക്തിയോ സ്ഥാപനമോ ഒരു തൊഴിലാളിയെ സ്ഥിരമായി ജോലിക്ക് വെക്കുകയും അവന് അല്ലെങ്കിൽ അവൾക്ക് സ്ഥിരമായ ശമ്പളം നൽകുകയും ചെയ്യുന്നുവെങ്കിൽ, അത്തരം തൊഴിലാളികളെ സ്ഥിര ശമ്പളക്കാർ എന്ന് വിളിക്കുന്നു. തൊഴിൽശക്തിയുടെ 18 ശതമാനം ഇക്കൂട്ടരാണ്.

ചാർട്ട് 7.1 പരിശോധിക്കുക. ഉപജീവനത്തിനായി സ്വയം തൊഴിൽ ചെയ്യുന്നവരാണ് ബഹുഭൂരിഭാഗം സ്ത്രീ പുരുഷന്മാരും. മൊത്തം തൊഴിൽ ശക്തിയുടെ 50 ശതമാനത്തിലധികവും ഇവരാണ് എന്ന് ഡയഗ്രങ്ങളിൽ നിന്ന് കാണാവുന്നതാണ്. പുരുഷന്മാർക്കും സ്ത്രീകൾക്കും രണ്ടാമത്തെ മുഖ്യ തൊഴിൽ ഉറവിടം കൂലിപ്പണിയാണ്. സ്ത്രീകളിൽ 31 ശതമാനവും പുരുഷൻമാരിൻ 29 ശതമാനവും ഇക്കൂട്ടത്തിൽപ്പെടുന്നു. സ്ഥിരശമ്പളക്കാരെ പരിഗണിക്കുമ്പോൾ സ്ത്രീകളേക്കാൾ (13 ശതമാനം) കൂടുതൽ




ചാർട്ട് 7.1 തൊഴിൽ വിതരണം ലിംഗാ ടിസ്ഥാനത്തിൽ

**ചാർട്ട് 7.2 പ്രദേശാടിസ്ഥാനത്തിലുള്ള തൊഴിൽ വിതരണം.**




പുരുഷൻമാരാണ് (20 ശതമാനം). സ്ഥിരശമ്പള ജോലികൾ കൂടുതൽ വൈദഗ്ധ്യം ആവശ്യമുള്ളതാണ് ഇതിനൊരു കാരണം. സ്ഥിരശമ്പള ജോലികൾക്ക് കൂടുതൽ വൈദഗ്ദ്യവും ഉയർന്നതലത്തിലുള്ള സാക്ഷരതയും ആവശ്യമുള്ളതിനാൽ സ്ത്രീകൾക്ക് ഒരു പരിധിവരെ ഇത്തരം ജോലി ചെയ്യാൻ സാധിക്കുന്നില്ല.

ചാർട്ട് 7.2 പരിശോധിച്ച്, തൊഴിൽശക്തിയുടെ ഗ്രാമ നഗരവിതരണം നമുക്ക് താരതമ്യം ചെയ്യാം. സ്വയം തൊഴിൽ ചെയ്യുന്നവരും കൂലിതൊഴിലാളികളും ഗ്രാമീണ മേഖലയിലാണ് കൂടുതലെന്ന് കാണാം. നഗരങ്ങളിൽ സ്വയംതൊഴിൽ കണ്ടെത്തിയവരും സ്ഥിര ശമ്പളക്കാരുമാണ് കൂടുതൽ. ഗ്രാമങ്ങളിൽ ഭൂരിഭാഗം പേരും സ്വന്തം കൃഷിയിടങ്ങളിൽ തൊഴിലെടുക്കുന്നവരും സ്വതന്ത്രമായി കൃഷി ചെയ്യുന്നവരുമായതിനാലാണ് സ്വയം തൊഴിലിൽ ചെയ്യുന്നവരുടെ പങ്ക് ഉയർന്നിരിക്കുന്നത്.

നഗര പ്രദേശങ്ങളിലെ തൊഴിലിന്റെ സ്വഭാവം വ്യത്യസ്തമാണ് എല്ലാവർക്കും ഫാക്ടറികൾ, കടകൾ, മറ്റ് വ്യത്യസ്തതരം ഓഫീസുകൾ എന്നിവ നടത്തികൊണ്ടു പോകുവാൻ സാധിക്കു

### പഠനപ്രവർത്തനങ്ങൾ

* പൊതുവെ, വേതനത്തിനായി സ്ഥിരമായോ താൽകാലികമായോ തൊഴിൽ ചെയ്യുന്ന കർഷക തൊഴിലാളികളും, ഫാക്ടറി തൊഴിലാളികളും, ബാങ്കുകളിലും മറ്റ് ഓഫീസുകളിലും ക്ലാർക്ക്മാരായും സഹായികളായും തൊഴിലെടുക്കുന്നവരുമാണ് തൊഴിലാളികൾ. മുകളിലെ ചർച്ചയിൽ നിന്ന് പാതയോരങ്ങളിൽ പച്ചക്കറി കച്ചവടം നടത്തുന്നവരെപ്പോലെയുള്ള സ്വയം തൊഴിൽ ചെയ്യുന്നവരും, ഡോക്ടർ, വക്കീൽ, എഞ്ചിനീയർ എന്നിങ്ങനെയുള്ള വിദഗ്ദരും തൊഴിലാളികളാണെന്ന് മനസ്സിലായല്ലോ. താഴെ പറയുന്നവയെ സ്വയംതൊഴിൽ കണ്ടെത്തിയവർ, സ്ഥിരശമ്പളക്കാർ, താത്കാലിക കൂലി തൊഴിലാളികൾ എന്നിങ്ങനെ യഥാക്രമം അ, ആ, ഇ എന്ന് രേഖപ്പെടുത്തുക.

1. ഒരു സലൂണിന്റെ ഉടമ
2. സ്ഥിരമായി ജോലി ചെയ്യുകയും എന്നാൽ ദിവസക്കൂലി അടിസ്ഥാനത്തിൽ വേതനം ലഭിക്കുകയും ചെയ്യുന്ന ഒരു അരിമില്ല് തൊഴിലാളി .

3. ഭാരതീയ സ്റ്റേറ്റ് ബാങ്കിലെ ക്യാഷ്യർ

4. സംസ്ഥാനസർക്കാർ ഓഫീസിൽ ദിവസവേതനാടിസ്ഥാനത്തിൽ തൊഴിലെടുക്കുകയും മാസം തോറും വേതനം ലഭിക്കുന്നതുമായ ഒരു ടൈപ്പിസ്റ്റ്.

5. കൈത്തറി നെയ്ത്തുകാരാൻ

6. പച്ചക്കറി മൊത്തവിതരണശാലയിലെ ചുമട്ടുതൊഴിലാളി

7. പെപ്സി, കൊക്കകോള, മിരിന്റാ, എന്നിവ വിൽക്കുന്ന ശീതളപാനീയ കടയുടെ ഉടമ

8. കഴിഞ്ഞ അഞ്ച് വർഷമായി മാസ ശമ്പളം സ്വീകരിച്ചു കൊണ്ട് സ്ഥിരമായി, സ്വകാര്യ ആശുപത്രിയിൽ തൊഴിലെടുക്കുന്ന നഴ്സ്.

* ഈ മൂന്ന് വിഭാഗങ്ങളിലും വെച്ച് ഏറ്റവും പരിതാപകരമായ അവസ്ഥയിലുള്ളവർ, താൽകാലിക കൂലി തൊഴിലാളികളാണ് എന്ന് സാമ്പത്തിക ശാസ്ത്രജ്ഞർ ചൂണ്ടിക്കാണിക്കുന്നു. ആരൊക്കെയാണിവരെന്നും, എവിടെയാണ് ഇവരെ കാണപ്പെടുന്നതെന്നും എന്തുകൊണ്ടെന്നും കണ്ടെത്താമോ?

* താൽക്കാലിക കൂലിത്തൊഴിലാളികൾ, സ്ഥിരവരുമാനക്കാർ എന്നിവരെക്കാൾ കൂടുതൽ വരുമാനമുണ്ടാക്കുന്നത് സ്വയംതൊഴിൽ ചെയ്യുന്നവരാണെന്ന് പറയാമോ? തൊഴിലിന്റെ ഗുണമേന്മയുടെ മറ്റ് സൂചകങ്ങൾ കണ്ടെത്തുക.

ന്നില്ല. അതിലുപരി നഗരപ്രദേശങ്ങളിലെ സംരംഭങ്ങൾക്ക് സ്ഥിരമായി തൊഴിലാളികളെ ആവശ്യവുമുണ്ട്.

## 7.5 ഉൽപാദകയൂണിറ്റുകളിൽ, വ്യവസായശാലകളിൽ, ഓഫീസുകളിൽ തൊഴിൽ (Employment in Firm, Factories and Offices)

ഒരു രാജ്യത്തിന്റെ സാമ്പത്തികവികസനം പുരോഗമിക്കുമ്പോൾ കൃഷിയുടേയും അനുബന്ധ പ്രവർത്തനങ്ങളുടേയും മേഖലയിൽ നിന്ന് തൊഴിൽ വ്യാവസായിക സേവന മേഖലകളിലേക്കൊഴുകും. ഈ പ്രക്രിയയിൽ തൊഴിലാളികൾ ഗ്രാമങ്ങളിൽ നിന്ന് നഗരങ്ങളിലേക്ക് ചേക്കേറും. അവസാനഘട്ടങ്ങളിൽ സേവന മേഖല അതിവേഗം വികസിക്കുന്നതോടൊപ്പം മൊത്തം തൊഴിലിൽ, വ്യാവസായിക മേഖലയുടെ പങ്ക് ചുരുങ്ങുന്നു.

വിവിധ മേഖലകളിലെ തൊഴിൽ വിതരണം പരിശോധിച്ചാൽ ഈ മാറ്റം മനസിലാകും. പൊതുവെ എല്ലാ സാമ്പത്തിക പ്രവർത്തനങ്ങളേയും എട്ട് വ്യത്യസ്ത വിഭാഗങ്ങളാക്കി തിരിച്ചിരിക്കുന്നു. അവ: i. കൃഷി, ii. ഖനനവും കല്ലുവെട്ടും, iii. ഉൽപന്ന നിർമ്മാണം, iv. വൈദ്യുതി, ഗ്യാസ്, ജലവിതരണം v. നിർമ്മാണ പ്രവർത്തനങ്ങൾ vi. വ്യാപാരം, vii. ഗതാഗതവും സംഭരണവും, viii. സേവനങ്ങൾ എന്നിവയാണ്. ഈ വർഗ്ഗീകരണം കൂടുതൽ ലളിതമാക്കാൻ, ഈ വിഭാഗങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ മൂന്നുമേഖലകളാക്കി തിരിച്ചിരിക്കുന്നു. 1) മുകളിൽ പറയുന്ന (i) ഉൾപ്പെടുന്ന പ്രാഥമിക മേഖലാ 2) ii ഉം iii ഉം iv ഉം v ഉം ഉൾപ്പെടുന്ന ദ്വിതീയമേഖല, 3) vi ഉം vii ഉം viii ഉം ഉൾപ്പെടുന്ന സേവനമേഖല. പട്ടിക 7.2 പ്രകാരം 2011 – 12ൽ വ്യത്യസ്തമേഖലക



ചിത്രം 7.3 വസ്ത്ര നിർമാണ തൊഴിലാളികൾ: സ്ത്രീകളുടെ സാന്നിധ്യം വർദ്ധിച്ചു വരുന്ന ഫാക്ടറി തൊഴിൽ

ളിൽ തൊഴിലെടുക്കുന്നവരുടെ വിതരണം കണ്ടെത്താം.

ഭൂരിഭാഗം തൊഴിലാളികളുടേയും തൊഴിലിന്റെ മുഖ്യ ഉറവിടം പ്രാഥമികമേഖല തന്നെയാണ്. തൊഴിൽശക്തിയുടെ 24 ശതമാനത്തിന് മാത്രമേ ദ്വിതീയ മേഖല തൊഴിൽ നൽകുന്നുള്ളൂ. ഏകദേശം 27 ശതമാനം തൊഴിലാളികൾ സേവനമേഖലയിലാണ്. പട്ടിക 7.2 കാണിക്കുന്നത് ഗ്രാമീണഇന്ത്യയിലെ തൊഴിൽശക്തിയിൽ ഏകദേശം 64 ശതമാനം പേരും കൃഷിയേയും വനസമ്പത്തിനേയും മത്സ്യബന്ധനത്തേയും ആശ്രയിക്കുന്നവരാണ് എന്നാണ് ഏകദേശം 20 ശതമാനം ഗ്രാമീണതൊഴിലാളികൾ നിർമ്മാണപ്രവർത്തനങ്ങളിലും ഉൽപന്ന നിർമ്മാണത്തിലും മറ്റ് വ്യാവസായിക പ്രവർത്തനങ്ങളിലും ഏർപ്പെടുന്നു. ഗ്രാമീണ തൊഴിലാളികളിൽ ഏകദേശം 16 ശതമാനത്തിന് മാത്രമേ സേവന മേഖല തൊഴിൽ നൽകുന്നുള്ളൂ. നഗരപ്രദേശങ്ങളിൽ കൃഷി ഒരു പ്രധാന തൊഴിൽ ഉറവിടമല്ല. അവിടെ മുഖ്യമായും സേവന മേഖലയെയാണ് തൊഴിലാളികൾ ആശ്രയിക്കുന്നത്.ഏകദേശം 60 ശതമാനം നഗര തൊഴിലാളികളും സേവന മേഖലയിലാണ്. നഗര തൊഴിൽശക്തിയുടെ ഏകദേശം 35 ശതമാനത്തിന് തൊഴിൽ നൽകുന്നത് ദ്വിതീയമേഖലയാണ്.

പട്ടിക 7.2 തൊഴിൽശക്തി വിതരണം മേഖലാടിസ്ഥാനത്തിൽ (201112)

| മേഖല | താമസ സ്ഥലം | | ലിംഗം | | ആകെ |
|---|---|---|---|---|---|
| | ഗ്രാമം | നഗരം | പുരുഷൻ | സ്ത്രീ. | |
| പ്രാഥമിക മേഖല | 64.1 | 6.7 | 43.6 | 62.8 | 48.9 |
| ദ്വിതീയ മേഖല | 20.4 | 35.0 | 25.9 | 20.0 | 24.9 |
| തൃതീയ/ സേവനമേഖല | 15.5 | 58.3 | 30.5 | 17.2 | 26.8 |
| ആകെ | 100.0 | 100.0 | 100.0 | 100.0 | 100.0 |

**പഠനപ്രവർത്തനങ്ങൾ**

എല്ലാ പത്രങ്ങളിലും ഒരു  ഭാഗം തൊഴിൽ അവസരങ്ങൾക്കായി മാറ്റി വച്ചിട്ടുണ്ട്. ചില പത്രങ്ങൾ ആഴ്ചയിലെ ഒരു ദിവസം ഒരു പ്രത്യേക അനുബന്ധം തന്നെ അതാണ് ഹിന്ദു ദിനപത്രത്തിലെ ഓപ്പർച്യൂണിറ്റിസ് (Opportunities), ടൈംസ് ഓഫ് ഇന്ത്യയിലെ എസന്റ് (Ascent) എന്നിങ്ങനെ ഇതിനായി ഇറക്കുന്നു. പല കമ്പനികളും അവയുടെ തൊഴിൽ ഒഴിവുകൾ പരസ്യം ചെയ്യുന്നു. അത്തരം ഭാഗങ്ങൾ വെട്ടിയെടുക്കുക, ആ കമ്പനികൾ സ്വകാര്യ മേഖല/ പൊതു മേഖല, തസ്തികയുടെ പേര്, തസ്തികയുടെ എണ്ണം, മേഖല പ്രാഥമികം, ദ്വിതീയം, തൃതീയം ആവശ്യമായ യോഗ്യതകൾ, എന്നിങ്ങനെയുള്ള കോളങ്ങളുള്ള ഒരു പട്ടിക വികസിപ്പിക്കുക. പത്രങ്ങളിൽ പരസ്യം ചെയ്യുന്ന ഒഴിവുകളെക്കുറിച്ച് പട്ടിക തയ്യാറാക്കുക. അത് ക്ലാസിൽ വിശകലനം ചെയ്യുക.

## 7. 6 തൊഴിലിന്റെ വളർച്ചയും ഘടനാ മാറ്റവും (Growth and Change in Structure of Employment)

അധ്യായം 2, 3 എന്നിവയിൽ ഇന്ത്യയുടെ ആസൂത്രണതന്ത്രങ്ങളെക്കുറിച്ച് വിശദമായി പഠിച്ചുവല്ലോ. ഇവിടെ നമുക്ക് രണ്ട് വികസന സൂചികകൾ തൊഴിലിന്റെയും മൊത്തആഭ്യന്തരോല്പാദനത്തിന്റേയും വളർച്ച പരിശോധിക്കാം. ദേശീയോൽപന്നത്തിന്റേയും തൊഴിലിന്റേയും വളർച്ചയിലൂടെ സമ്പദ്വ്യവസ്ഥയെ വികസിപ്പിക്കുക എന്നതാണ് നമ്മുടെ 60 വർഷമായുള്ള ആസൂത്രണവികസനത്തിന്റെ ലക്ഷ്യം.

1950–2010 കാലഘട്ടത്തിൽ മൊത്തം ആഭ്യന്തരോൽപന്നത്തിൻെറ വളർച്ച അനുകൂലമായി തൊഴിലിലെ വളർച്ചയേക്കാൾ ഉയർന്ന തോതിലായിരുന്നു. എന്നിരുന്നാലും ജി.ഡി.പി. വളർച്ചയിൽ എല്ലായ്പ്പോഴും വ്യതിയാനങ്ങൾ ഉണ്ടായിരുന്നു. ഈ കാലഘട്ടത്തിൽ തൊഴിൽ വളർച്ച 2 ശതമാനത്തോടടുത്തായിരുന്നു.

1990 കളുടെ അവസാനത്തിലെ പ്രതികൂലമായ വികസനമാണ് ചാർട്ട് 7.3 കാണിക്കുന്നത്. തൊഴിൽവളർച്ച താഴാൻ തുടങ്ങുകയും ഇന്ത്യയുടെ ആസൂത്രണത്തിന്റെ ആദ്യഘട്ടങ്ങളുടേതിന് തുല്യമാവുകയും ചെയ്തു. ഈ കാലഘട്ടത്തിൽ ജി ഡി പി.യുടെ വളർച്ചയും തൊഴിലിന്റെ വളർച്ചയും തമ്മിലുള്ള അന്തരം വർദ്ധിച്ചു വരുന്നതും നാം കണ്ടു. ഇതിനർത്ഥം തൊഴിലവസരങ്ങൾ വർദ്ധിക്കാതെ കൂടുതൽ ചരക്ക് സേവനങ്ങൾ നമുക്ക് ഉൽപാദിപ്പിക്കാൻ ഇന്ത്യൻ സമ്പദ്വ്യവസ്ഥക്ക് കഴിഞ്ഞു എന്നാണ്. ഈ പ്രതിഭാസത്തെ തൊഴിൽ രഹിത വളർച്ച (Jobless Growth) എന്നാണ് വിദഗ്ദർ വിശേഷിപ്പിക്കുന്നത്.

ജി.ഡി.പി.യോട് താരതമ്യം ചെയ്യുമ്പോഴുള്ള തൊഴിലിന്റെ വളർച്ചയാണ് നാം ഇത് വരെ മനസിലാക്കിയത്. തൊഴിലിന്റേയും ജി.ഡി.പി.യുടേയും വളർച്ചരീതി തൊഴിൽശക്തിയുടെ വിവിധ വിഭാഗങ്ങളെ എങ്ങനെ ബാധിച്ചുവെന്ന് മനസിലാക്കേണ്ടത് അത്യാവശ്യമാണ്. ഏത് തരത്തിലുള്ള തൊഴിലുകളാണ് നമ്മുടെ രാജ്യത്ത് സൃഷ്ടിക്കപ്പെടുന്നത് എന്ന് മനസിലാക്കാൻ ഇതിൽ നിന്ന് സാധിക്കും.

മുൻപ് പറഞ്ഞ രണ്ട് സൂചകങ്ങൾ വിവിധ വ്യവസായങ്ങളിലെ ജനങ്ങളുടെ തൊഴിലും അവരുടെ സ്ഥിതിയും പരിശോധിക്കാം. ഇന്ത്യ ഒരു കാർഷിക രാജ്യമാണെന്ന് നമുക്കറിയാം. ബഹുഭൂരിഭാഗവും ഗ്രാമവാസികളും മുഖ്യ


ഉപജീവനോപാധിയായി കൃഷിയെ കണക്കാക്കുന്നവരാണ്. ഇന്ത്യയുൾപ്പെടെയുള്ള പല രാജ്യങ്ങളിലേയും വികസന തന്ത്രങ്ങൾ ലക്ഷ്യം വെച്ചത് കൃഷിയെ ആശ്രയിക്കുന്ന ജന വിഭാഗങ്ങളുടെ അനുപാതം കുറച്ചുകൊണ്ടുവരിക എന്നതായിരുന്നു.

കാർഷീകമേഖലയിലെ തൊഴിലിൽനിന്ന് കാർഷീകേതരമേഖലയിലേക്കുള്ള സാരമായ മാറ്റത്തെയാണ് വിവിധ മേഖലകളിലെ തൊഴിൽ ശക്തി വിതരണം കാണിക്കുന്നത്. (പട്ടിക 7.3 കാണുക) 1972–73 ൽ ഏകദേശം 74 ശതമാനം തൊഴിൽശക്തിയും ഏർപ്പെട്ടിരുന്നത് പ്രാഥമികമേഖലയിലായിരുന്നു. 2011–12ൽ ഈ അനുപാതം 50 ശതമാനമായി കുറഞ്ഞു. ദ്വിതീയതൃതീയ മേഖലകളിലാണ് ഇന്ത്യൻ തൊഴിൽശക്തിയുടെ ശോഭനമായ ഭാവി കാണുന്നത്. ഈ മേഖലകളുടെ പങ്ക് യഥാക്രമം 11 % ത്തിൽ നിന്ന് 24 % ആയും, 22% ത്തിൽ നിന്നും 27% ആയും വർദ്ധിച്ചിരിന്നു.

വിവധ തൊഴിൽ സ്ഥിതിയിലുള്ള തൊഴിൽശക്തി വിതരണം കാണിക്കുന്നത് കഴിഞ്ഞ നാല് ദശാബ്ദക്കാലമായി (1972–2012) കാലഘട്ടത്തിൽ, സ്വയം തൊഴിൽ ചെയ്യുന്നവരും സ്ഥിര ശമ്പളക്കാരും താൽകാലിക കൂലിതൊഴിലാളികളായി മാറിക്കൊണ്ടിരിക്കുന്നു എന്നാണ്. എന്നിരുന്നാലും കൂടുതൽ പേർ തൊഴിൽ കണ്ടെത്തിയിരിക്കുന്നത് സ്വയംതൊഴിൽ മേഖലയിൽ തന്നെയാണ് .

ഇങ്ങനെ സ്വയം തൊഴിൽ ചെയ്യുന്നവരും സ്ഥിരവരുമാനക്കാരും താൽകാലിക കൂലി തൊഴിലാളികളായി മാറുന്ന പ്രക്രിയയെ തൊഴിൽ ശക്തിയുടെ താൽകാലികവത്കരണം (Casual-

ചാർട്ട് 7.3 തൊഴിലിന്റേയും മൊത്തം ആഭ്യന്തരോൽപന്നത്തിന്റേയും വളർച്ച 1951–2012 (%)



പട്ടിക 7.3 തൊഴിൽഘടനയിലെ പ്രവണതകൾ(മേഖലാതലത്തിലും തൊഴിൽ സ്ഥിതി തലത്തിലും) 1972-2012(ശതമാനത്തിൽ)

| ഇനം | 1972 - 73 | 1983 - 84 | 1993 - 94 | 1999 - 2000 | 2011 - 12 |
|---|---|---|---|---|---|
| മേഖല | | | | | |
| പ്രാഥമികം | 74.3 | 68.6 | 64 | 60.4 | 48.9 |
| ദ്വിതീയം | 10.9 | 11.5 | 16 | 15.8 | 24.3 |
| സേവനം | 14.8 | 16.9 | 20 | 23.8 | 26.8 |
| ആകെ | 100.0 | 100.0 | 100.0 | 100.0 | 100.0 |

പട്ടിക 7.3 തൊഴിൽഘടനയിലെ പ്രവണതകൾ(മേഖലാതലത്തിലും തൊഴിൽ സ്ഥിതി തലത്തിലും) 1972-2012(ശതമാനത്തിൽ)

| തൊഴിൽ സ്ഥിതി | | | | | |
|---|---|---|---|---|---|
| സ്വയംതൊഴിൽ ചെയ്യുന്നവർ | 61.4 | 57.3 | 54.6 | 52.6 | 52.0 |
| സ്ഥിരംശമ്പളക്കാർ | 15.5 | 13.8 | 13.6 | 14.6 | 18.0 |
| താൽകാലികകൂലി തൊഴിലാളികൾ | 23.2 | 28.9 | 31.8 | 32.8 | 30.0 |
| ആകെ | 100.0 | 100.0 | 100.0 | 100.0 | 100.0 |

sation of work force) എന്നാണ് വിദഗ്ദർ വിളിക്കുന്നത്. ഇത് തൊഴിലാളികളുടെ സ്ഥിതി അങ്ങേയറ്റം ക്ലേശകരമാക്കി തീർക്കും എങ്ങനെ? തുടർന്നുള്ള ഭാഗത്ത് അഹമ്മദാബാദിലെ ഒരു പഠനം ശ്രദ്ധിക്കുക.

## 7. 7 ഇന്ത്യൻ തൊഴിൽശക്തിയുടെ അനൗപചാരികവൽകണം. (Informalisation of Indian Workforce)

കൂലിതൊഴിലാളികളുടെ അനുപാതം വർദ്ധിച്ചു വരുന്നതായി നാം മുൻഭാഗങ്ങളിൽ നിന്ന് മനസ്സിലാക്കി. സ്വാതന്ത്ര്യലബ്ധിക്കാലം മുതൽക്ക് തന്നെ ഇന്ത്യയുടെ ആസൂത്രണവികസനത്തിന്റെ ലക്ഷ്യങ്ങളിലൊന്ന്, ഇവിടുത്തെ ജനങ്ങൾക്ക് മാന്യമായ ഉപജീവന മാർഗ്ഗം നേടിയെടുക്കുക എന്നതാണ്. വികസിതരാജ്യങ്ങളിലേതുപോലെ, കാർഷികരംഗത്ത് അധികമുള്ള തൊഴിലാളികളെ വ്യവസായ മേഖലയിലേക്ക് ആകർഷിക്കണമെന്നും അവർക്ക് മെച്ചപ്പെട്ട ജീവിത നിലവാരം ലഭ്യമാക്കണമെന്നും വ്യവസായവൽകരണ തന്ത്രം വിഭാവനം ചെയ്യുന്നു. ആസൂത്രണവികസനത്തിന്റെ 60 വർഷങ്ങൾ പിന്നിട്ടിട്ടും ഇന്ത്യൻ തൊഴിൽശക്തിയുടെ പകുതിയി

### പഠനപ്രവർത്തനങ്ങൾ

* ഇന്ത്യയെ പോലുള്ള ഒരു രാജ്യത്തിന്, 2 ശതമാനം തൊഴിൽവളർച്ച നിലനിർത്തുകയെന്നത് എളുപ്പമല്ലെന്ന് നിങ്ങൾ കരുതുന്നുണ്ടോ?എന്തുകൊണ്ട്?
* സമ്പദ് വ്യവസ്ഥയിൽ കൂടുതൽ ചരക്ക് -സേവനങ്ങൾ ഉൽപാദിപ്പിക്കപ്പെടുകയും എന്നാൽ അധിക തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടാതിരിക്കുകയും ചെയ്താൽ എന്താണ് സംഭവിക്കുക? എങ്ങിനെയാണ് തൊഴിൽരഹിത വളർച്ച ഉണ്ടാകുന്നത്?
* സാമ്പത്തികശാസ്ത്രജ്ഞരുടെ അഭിപ്രായത്തിൽ താൽകാലിക തൊഴിൽ രീതി, ജനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നുണ്ടെങ്കിൽ അത്തരം പ്രതിഭാസങ്ങളെ നാം സ്വാഗതം ചെയ്യേണ്ടതാണ്. ഒരു നാമമാത്രകർഷകൻ, മുഴുവൻസമയ കർഷകത്തൊഴിലാളിയായി മാറുന്നുവെന്ന് സങ്കൽപിക്കുക. തന്റെ ദിവസ കൂലിയിൽ നിന്ന് കൂടുതൽ വരുമാനമുണ്ടാകുമ്പോൾ അയാൾ സന്തോഷവാനായിരിക്കുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ? അല്ലെങ്കിൽ ഔഷധ വ്യവസായ രംഗത്തെ ഒരു സ്ഥിരശമ്പളക്കാരൻ ദിവസവേതന തൊഴിലാളിയായി മാറുമ്പോൾ, അവന് വരുമാനവർദ്ധനവ് ഉണ്ടെങ്കിൽ പോലും അയാൾ സന്തോഷവാനായിരിക്കുമോ? ക്ലാസിൽ ചർച്ച ചെയ്യുക.

ലധികവും മുഖ്യഉപജീവനോപാധിയായി ആശ്രയിക്കുന്നത് കൃഷിയെ തന്നെയാണ്.

സാമ്പത്തികശാസ്ത്രജ്ഞരുടെ അഭിപ്രായത്തിൽ, വർഷങ്ങൾ കഴിയുന്തോറും തൊഴിലിന്റെ ഗുണനിലവാരം ശോഷിച്ചുവരികയാണ്. 10 മുതൽ 20 വർഷം വരെ ജോലി ചെയ്തിട്ടും ചില തൊഴിലാളികൾക്ക് പ്രസവാനന്തര ആനുകൂല്യങ്ങൾ, പ്രൊവിഡണ്ട് ഫണ്ട്, ഗ്രാറ്റുവിറ്റി, പെൻഷൻ മുതലായവ ലഭിക്കാത്തത് എന്തുകൊണ്ടാണ്? പൊതുമേഖലയിൽ ഒരു തൊഴിലാളി ചെയ്യുന്ന അതേ ജോലി മറ്റൊരാൾ സ്വകാര്യ മേഖലയിൽ ചെയ്യുമ്പോൾ കുറഞ്ഞ വേതനം ലഭിക്കുന്നത് എന്തുകൊണ്ട്?

ഇന്ത്യയിലെ ഒരു ചെറിയ വിഭാഗത്തിന് മാത്രമേ സ്ഥിരവരുമാനം ലഭിക്കുന്നുള്ളൂ എന്ന് നിങ്ങൾക്ക് കാണാം. വിവിധ തൊഴിൽ നിയമങ്ങളിലൂടെ സർക്കാർ ഇവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നു. ഇവർ തൊഴിലാളിസംഘടനകൾ രൂപികരിക്കുന്നു. മെച്ചപ്പെട്ട വേതനത്തിനും മറ്റ് സാമൂഹ്യസുരക്ഷാ പദ്ധതികൾക്കും വേണ്ടി അവർ തൊഴിലുടമകളോട് വിലപേശുന്നു. ആരൊക്കെയാണവർ? ഇവരെ തിരിച്ചറിയുന്നതിന് തൊഴിൽശക്തിയെ ഔപചാരിക മേഖല, അനൗപചാരിക മേഖല എന്നിങ്ങനെ രണ്ടായി തിരിക്കാം. ഇവ സംഘടിത മേഖല, അസംഘടിതമേഖല എന്നീ പേരുകളിലും വിളിക്കപ്പെടുന്നു. എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും പത്തിൽ കൂടുതൽ തൊഴിലാളികൾ തൊഴിലെടുക്കുന്ന സ്വകാര്യമേഖല സ്ഥാപനങ്ങളും ഉൾപ്പെടുന്നതാണ് ഔപചാരിക മേഖല. അതുപോലെ ഇത്തരം സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരെ ഔപചാരിക തൊഴിലാളികൾ എന്നും വിളിക്കുന്നു. മറ്റെല്ലാ സംരംഭങ്ങളും അതിലെ തൊഴിലാളികളും ഉൾപ്പെടുന്നതാണ് അനൗപചാരിക മേഖല. ഇപ്രകാരം ലക്ഷക്കണക്കിന് കർഷകരും കർഷക തൊഴിലാളികളും ചെറുവ്യവസായ സംരംഭകരും അവിടെ തൊഴിൽ ചെയ്യുന്ന ജനങ്ങളും അതുപോലെ കൂലിത്തൊഴിലാളികളില്ലാത്ത സ്വയംതൊഴിൽ സംരംഭങ്ങളും എല്ലാം ഉൾപെടുന്നതാണ്

അനൗപചാരിക മേഖല.നിർമ്മാണത്തൊഴിലാളികൾ, ചുമട്ടുതൊഴിലാളികൾ തുടങ്ങി ഒന്നിലധികം തൊഴിലുടമക്ക് കീഴിൽ തൊഴിലെടുക്കുന്ന കാർഷീകേതര കൂലി തൊഴിലാളികളും ഈ മേഖലയിൽപ്പെടുന്നു.

ഔപചാരിക മേഖലയിൽ തൊഴിലെടുക്കുന്നവർക്കെല്ലാം സാമൂഹ്യ സുരക്ഷാ പദ്ധതികളുണ്ട്. അവർ അനൗപചാരിക മേഖലയിലുള്ളവരെക്കാൾ കൂടുതൽ സമ്പാദിക്കുന്നുണ്ട്. സമ്പദ് വ്യവസ്ഥ വളരുമ്പോൾ കൂടുതൽ പേർ ഔപചാരികമേഖല തൊഴിലാളികളായി മാറുകയും അനൗപചാരിക മേഖലയിൽ, ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ അനുപാതം കുറയുകയും ചെയ്യുമെന്നാണ് ആസൂത്രിത വികസനം വിഭാവനം ചെയ്യുന്നത്. പക്ഷെ ഇന്ത്യയിൽ എന്താണ് സംഭവിച്ചത്? താഴെ നൽകിയിരിക്കുന്ന ചാർട്ട് (ചാർട്ട് 7.4) നോക്കുക. ഔപചാരിക അനൗപചാരിക മേഖലയിലുള്ള തൊഴിൽ ശക്തി വിതരണം കാണാം.

ഭാഗം 7.2 ൽ ഇന്ത്യയിൽ ഏകദേശം 47.3 കോടി തൊഴിലാളികളുണ്ടെന്ന് നാം കണ്ടു. ഏകദേശം 3 കോടി പേർ മാത്രമാണ്, ഔപചാരിക മേഖലയിൽ പണിയെടുക്കുന്നത്. രാജ്യത്ത് ഔപചാരിക മേഖലയിൽ തൊഴിലെടുക്കുന്നവർ എത്ര ശതമാനമെന്ന് കണക്കു കൂട്ടാമോ? ഏകദേശം 6% (3/47.3 x 100) അതായത് ബാക്കി 94 ശതമാനം തൊഴിലാളികളും അനൗപചാരിക മേഖലയിലാണ്. ഈ 3 കോടി ഔപചാരികതൊഴിലാളികളിൽ 0.6 കോടി, അതായത് 20% (0.6/3 x 100) മാത്രമാണ് സ്ത്രീകൾ. അനൗപചാരിക മേഖലയിൽ, പുരുഷന്മാർ തൊഴിൽ ശക്തിയുടെ 69 % വരുന്നു.

1970 കളുടെ അവസാനം മുതൽ ഔപചാരിക മേഖലയിലെ തൊഴിലവസരങ്ങൾ വളരുന്നില്ലെന്ന് തിരിച്ചറിഞ്ഞ, ഇന്ത്യയുൾപ്പെടെയുള്ള പല വികസ്വര രാജ്യങ്ങളും അനൗപചാരിക മേഖലയിലെ സംരംഭങ്ങളെ ശ്രദ്ധിക്കാൻ തുടങ്ങി. അനൗപചാരിക മേഖലയിലെ തൊഴിലാളികൾക്കും സംരംഭങ്ങൾക്കും ഒരു സ്ഥിരവരുമാനം ലഭിക്കുന്നില്ല. അവർക്ക് സർക്കാരിൽ നിന്നുള്ള മാർഗ്ഗനിർദ്ദേശങ്ങളോ സംരക്ഷണമോ ലഭിക്കുന്നില്ല. യാതൊരു നഷ്ടപരിഹാരവും നൽകാതെ തൊഴിലാളികളെ പിരിച്ചുവിടുന്നു. കാലഹരണപ്പെട്ട സാങ്കേതിക വിദ്യയാണ് അനൗപചാരികമേഖലയിൽ ഉപയോഗിക്കുന്നത്. യാതൊരു വിധ കണക്കുകളും ഇവിടെ തയ്യാറാക്കി സൂക്ഷിക്കാറില്ല. ഈ തൊഴിലാളികൾ താമസിക്കു

**ബോക്സ് 7.1 ഔപചാരികമേഖലാ തൊഴിൽ**


ഔപചാരിക മേഖലയിലെ തൊഴിലുകളുടെ വിവരങ്ങൾ ശേഖരിക്കുന്നത് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന കേന്ദ്ര തൊഴിൽ മന്ത്രാലയമാണ്. ഇന്ത്യയിലെ ഔപചാരിക മേഖലയിലെ മുഖ്യതൊഴിൽദാതാവ് ആരെന്ന് നിങ്ങൾക്കറിയാമോ? 2012 ൽ ആകെയുള്ള 3 കോടി ഔപചാരിക മേഖലാതൊഴിലാളികളിൽ 1.8 കോടിയും തൊഴിലെടുക്കുന്നത് പൊതുമേഖലയിലാണ്. ഇവിടേയും പുരുഷൻമാരാണ് കൂടുതൽ. സ്ത്രീകൾ ഔപചാരികമേഖലയിലെ തൊഴിലാളികളുടെ ആറിലൊന്ന് മാത്രമാണുള്ളത്. 1990 കളുടെ തുടക്കത്തിൽ സാമ്പത്തികപരിഷ്കരണ പ്രക്രിയകൾ ആരംഭിച്ചതിനുശേഷം ഔപചാരികമേഖലയിലെ തൊഴിലാളികളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ടെന്ന് സാമ്പത്തികശാസ്ത്രജ്ഞൻമാർ ചൂണ്ടിക്കാട്ടുന്നു. നിങ്ങൾ എന്ത് കരുതുന്നു?



ചിത്രം 7.4 വഴിയോര കച്ചവടം: വർദ്ധിച്ചു വരുന്ന അനൗപചാരിക മേഖല തൊഴിലുകൾ

ന്നത് പുറമ്പോക്കുകളിലും ചേരിപ്രദേശങ്ങളിലും ആണ്. അന്താരാഷ്ട്ര തൊഴിൽ സംഘടന (ILO) യുടെ ഇടപെടലിനെ തുടർന്ന്, അല്പം വൈകിയാണെങ്കിലും ഗവൺമെന്റ് അനൗപചാരിക മേഖല സംരംഭങ്ങളെ നവീകരിക്കുന്നതിനും അവിടുത്തെ തൊഴിലാളികൾക്ക് സാമൂഹ്യ സുരക്ഷാ നടപടികൾ ആരംഭിക്കുന്നതിനും ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ചാർട്ട് 7.4 ഔപചാരിക / അനൗപചാരിക മേഖലയിലെ തൊഴിലാളികൾ, 2009 2010 തൊഴിലാളികളുടെ എണ്ണം (ദശലക്ഷത്തിൽ)




## 7.8 തൊഴിലില്ലായ്മ (Unemployment)

പലരും പത്രങ്ങളിൽ തൊഴിൽ ഒഴിവുകൾ നോക്കുന്നത് നിങ്ങൾ കണ്ടിരിക്കും. ചിലർ സുഹൃത്തുക്കളിലൂടെയും ബന്ധുക്കളിലൂ ടെയും ആണ് തൊഴിലന്വേഷിക്കുന്നത്. അന്നന്നത്തെ ജോലിക്ക് തങ്ങളെ വിളിക്കു ന്നതിനായി കാത്തു നിൽക്കുന്ന തൊഴിലാളി കളെ പല

**ബോക്സ് 7.2 അഹമ്മദാബാദിലെ അനൗപചാരികവൽകരണം.**



കുടുംബത്തിലെ ശക്തികേന്ദ്രത്തിലെ മാറ്റം തൊഴിൽ നഷ്ട പ്പെട്ട ഒരു മില്ല്തൊഴിലാളി വെളുത്തുള്ളി തൊലികളയുന്നു.അ തേസമയം അവൻെറ ഭാര്യ ഒരു പുതിയ തൊഴിലായ ബീഡി തെരപ്പിൽ ഏർപ്പെട്ടിരിക്കുന്നു

60 ലധികം തുണിമില്ലുകളിൽ തൊഴിലെടുക്കുന്ന 1,50,000 ത്തോളം തൊഴിലാളികൾ ഉൽാദിപ്പിക്കുന്ന ഉൽപ്പന്നത്താൽ സമ്പന്നമായ ഒരു നഗരമാണ് അഹമ്മദാബാദ്. ഈ തൊഴിലാളികൾ നൂറ്റാണ്ടുകളായി വരുമാന സുരക്ഷിതത്വം നേടിയിട്ടുണ്ട്. അവർക്ക് സുരക്ഷിതമായ ജോലിയും, ജീവിക്കാനുള്ള വേതനവും ഉണ്ടായിരുന്നു. അവരുടെ ആരോഗ്യവും വാർദ്ധക്യകാലവും സംരക്ഷിക്കുന്നതിനായുള്ള സാമുഹിക സുരക്ഷാ പദ്ധതികളും ഉണ്ടായിരുന്നു. അവർക്ക് ശക്തമായ തൊഴിലാളി സംഘടനകളുണ്ടായിരുന്നു. അവ തർക്കങ്ങൾ പരിഹരിക്കുക മാത്രമല്ല ചെയ്തിരുന്നത്, തൊഴിലാളികൾക്കും കുടുംബത്തിനും ആവശ്യമായ ക്ഷേമപ്രവർത്തനങ്ങളിലും ഏർപ്പെട്ടിരുന്നു. 1980 കളുടെ തുടക്കത്തിൽ, ഇന്ത്യയിലുടനീളമുള്ള തുണിമില്ലുകൾ അടച്ചുപൂട്ടാൻ തുടങ്ങി. മുംബൈ പോലുള്ള ചില സ്ഥലങ്ങളിൽ മില്ലുകൾ വളരെ വേഗത്തിൽ അടച്ചുപൂട്ടി. അഹമ്മദാബാദിൽ അടച്ചുപൂട്ടൽ പ്രക്രിയ വളരെയധികം, ഏകദേശം 10 വർഷത്തോളം, വലിച്ചു നീട്ടി. ഈ കാലഘട്ടത്തിൽ, ഏകദേശം 80,000ത്തിലധികം സ്ഥിര തൊഴിലാളികൾക്കും 50,000 ത്തിലധികം താൽകാലിക തൊഴിലാളികൾക്കും തൊഴിൽ നഷ്ടപ്പെടുകയും അവർ അനൗപചാരിക മേഖലയിലേക്ക് തള്ളപ്പെടുകയും ചെയ്തു. അഹമ്മദാബാദ്

നഗരം ചില സാമ്പത്തിക പിൻവാങ്ങലിനും (Recession) ക്രമസമാധാന പ്രശ്നങ്ങൾക്കും പ്രത്യേകിച്ച് വർക്ഷീയ ലഹളകൾക്ക്, സാക്ഷ്യം വഹിച്ചു. മുഴുവൻ തൊഴിലാളികളും മധ്യവർഗ്ഗ വിഭാഗങ്ങളിൽ നിന്നും അനൗപചാരിക മേഖലയിലേക്കും ദാരിദ്ര്യത്തിലേക്കും എടുത്തെറിയപ്പെട്ടു. വ്യാപകമായ മദ്യപാനവും ആത്മഹത്യയും വ്യാപകമായി.

നഗരങ്ങളിലും കാണാവുന്നതാണ്. ചിലർ ഫാക്ടറികളിലും ഓഫിസുകളിലും നേരിട്ട് ചെന്ന്, തങ്ങളുടെ ബയോഡാറ്റ നൽകി അവിടങ്ങളിൽ എന്തെങ്കിലും ജോലി ഒഴിവുണ്ടോ എന്ന് അന്വേഷിക്കുന്നു. ഗ്രാമപ്രദേശങ്ങളിൽ പലരും തൊഴിൽ തേടി പുറത്തു പോകുന്നില്ല.അവർ തൊഴിലില്ലാത്തപ്പോൾ, വെറുതെ വീട്ടിലിരിക്കുന്നു. ചിലർ എംപ്ലേയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയുള്ള തൊഴിലവസരങ്ങൾ ലഭിക്കുന്നതിനായി പേര് നൽകി കാത്തിരിക്കുന്നു. നാഷണൽ സാമ്പിൾ സർവ്വേ ഓഫീസ് (NSSO) തൊഴിലില്ലായ്മയെ നിർവചിച്ചിരിക്കുന്നത്, തൊഴിൽ ലഭ്യമല്ലാത്തതു കൊണ്ട് തൊഴിലെടുക്കാത്തവരും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയോ ബന്ധുക്കളും സുഹൃത്തുക്കളും മുഖേനയോ തൊഴിലുടമകൾക്ക് അപേക്ഷകൾ നൽകിയോ നിലവിലുലുള്ള സാഹചര്യത്തിലും പ്രതിഫലത്തിലും തൊഴിൽ ചെയ്യുന്നതിനുള്ള സന്നദ്ധത അറിയിച്ച് തൊഴിലന്വേഷിക്കുന്നവരും ഉൾപ്പെടുന്ന സാഹചര്യം എന്നാണ്. തൊഴിലില്ലാത്ത വ്യക്തിയെ കണ്ടെത്തുന്നതിന് പല മാർഗ്ഗങ്ങളുമുണ്ട്. അരദിവസത്തിൽ ഒരു മണിക്കൂർ പോലും തൊഴിൽ ലഭിക്കാത്ത ആളെയാണ് തൊഴിൽ രഹിതൻ എന്ന് സാമ്പത്തിക വിദഗ്ദർ വിളിക്കുന്നത്.

തൊഴിലില്ലായ്മയെക്കുറിച്ചുള്ള ദത്തങ്ങൾ ലഭ്യമാക്കുന്ന മൂന്ന് ഉറവിടങ്ങളുണ്ട്. ഇന്ത്യൻ കാനേഷുമാരി റിപ്പോർട്ടുകൾ (Reports of Census of India), നാഷണൽ സാമ്പിൾ സർവ്വെ ഓർഗനൈസേഷൻ (NSSO) ന്റെ തൊഴിലും തൊഴിലില്ലായ്മ സാഹചര്യങ്ങളും സംബന്ധിച്ച റിപ്പോർട്ട്, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ

**പഠനപ്രവർത്തനങ്ങൾ**

അനൗപചാരിക മേഖലയിലുള്ളവർക്ക് ശരി ചിഹ്നം (tick mark ) നൽകുക

- ഏഴ് കൂലി തൊഴിലാളികളും കുടുംബത്തിലെ മൂന്ന് അംഗങ്ങളും തൊഴിലെടുക്കുന്ന ഹോട്ടലിലെ തൊഴിലാളി .
- ഇരുപത്തിയഞ്ച് അധ്യാപകരുള്ള സ്വകാര്യസ്കൂളിലെ അധ്യാപകൻ
- പോലിസുകാരൻ
- സർക്കാർആശുപത്രിയിലെ നഴ്സ്.
- സൈക്കിൾ റിക്ഷാക്കാരൻ
- ഒമ്പത് തൊഴിലാളികളുള്ള തുണിക്കടയുടെ ഉടമ
- പത്തിലധികം ബസ്സുകളുള്ളതും 20 ഡ്രൈവർമാരും, കണ്ടക്ടർമാരും, മറ്റു തൊഴിലാളികളമുള്ള ബസ് കമ്പനിയിലെ ഡ്രൈവർ
- പത്ത് തൊഴിലാളികളുള്ള നിർമ്മാണക്കമ്പനിയിലെ സിവിൽ എഞ്ചിനീയർ.
- സംസ്ഥാന സർക്കാർ സ്ഥാപനത്തിൽ ദിവസകൂലി അടിസ്ഥാനത്തിൽ, തൊഴിൽ ചെയ്യുന്ന കമ്പ്യൂട്ടർ ഓപ്പറേറ്റർ
- വൈദ്യുതി ഓഫീസിലെ ഗുമസ്തൻ.



ചിത്രം 7.5 മില്ലിലെ തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾ, താൽകാലിക ജോലികൾക്കായി കാത്തു നിൽക്കുന്നു.

തൊഴിലിനും പരിശീലനത്തിനുമായുള്ള രജിസ്ട്രേഷൻ സംബന്ധിച്ച ഡയറക്ടർ ജനറലിന്റെ റിപ്പോർട്ടുകൾ (Director General of Employment and Training of Registration with Employ-ment Exchanges) എന്നിവ. ഇവ ഓരോന്നും വ്യത്യസ്തമായ വിവരങ്ങളാണ് നമുക്ക് നൽകുന്നതെന്നിരിക്കിലും തൊഴിലില്ലാത്തവരുടെ പ്രകൃതത്തെക്കുറിച്ചും രാജ്യത്ത് നിലവിലിരിക്കുന്ന വിവിധ തരത്തിലുള്ള തൊഴിലില്ലായ്മയെക്കുറിച്ചും, നമുക്ക് അറിവ് നൽകുന്നുണ്ട്.

നമുക്ക് വ്യത്യസ്ത രീതിയിലുള്ള തൊഴിലില്ലായ്മ ഉണ്ടോ? ഈ അധ്യായത്തിന്റെ ആദ്യ ഖണ്ഡികയിൽ വിശദീകരിച്ച രീതിയിലുള്ള തൊഴിലില്ലയ്മയെ പ്രത്യക്ഷ തൊഴിലില്ലായ്മ(Open unemployment) എന്ന് വിളിക്കുന്നു. ഇന്ത്യയിലെ കൃഷിയിടങ്ങളിൽ കാണപ്പെടുന്ന തൊഴിലില്ലയ്മയെ പ്രച്ഛന്ന തൊഴിലില്ലായ്മ? എന്നാണ് സാമ്പത്തിക ശാസ്ത്രജ്ഞർ വിളിക്കുന്നത്. എന്താണ് പ്രച്ഛന്ന തൊഴിലില്ലായ്മ? ഒരു കർഷകന് നാല് ഏക്കർ കൃഷിഭൂമി ഉണ്ടെന്നും ഒരു വർഷം ഈ കൃഷിയിടത്തിലെ എല്ലാ പ്രവർത്തനങ്ങൾക്കുമായി അയാളും രണ്ട് തൊഴിലാളികളും മതി എന്നും സങ്കൽപിക്കുക. എന്നാൽ അഞ്ച് തൊഴിലാളികളും കുടുംബത്തിലെ മറ്റംഗങ്ങളായ ഭാര്യ, കുട്ടികൾ തുടങ്ങിയവരേയും ഇവിടെ തൊഴിലിന് ഉപയോഗിക്കുന്നുവെങ്കിൽ, ആ അവസ്ഥയാണ് പ്രച്ഛന്ന തൊഴിലില്ലായ്മ. 1950 കളിൽ നടന്ന ഒരു പഠനം അനുസരിച്ച് ഇന്ത്യയിലെ കർഷക തൊഴിലാളികളിൽ മൂന്നിലൊന്ന് പേരും പ്രച്ഛന്ന തൊഴിലില്ലായ്മ അനുഭവിക്കുന്നവരാണ്.




ചിത്രം 7. 6 കരിമ്പ് വെട്ടുന്നവർ: പ്രച്ഛന്ന തൊഴിലില്ലായ്മ കാർഷീക തൊഴിലുകളിൽ സാധാരണമാണ്.

ചില ആളുകൾ നഗരപ്രദേശങ്ങളിലേക്ക് കുടിയേറുകയും, അവിടെ കുറച്ചു കാലം തൊഴിൽ ചെയ്ത് മൺസൂൺ കാലമാകുമ്പോൾ സ്വന്തം ഗ്രാമത്തിലേക്ക് തിരിച്ചു വരികയും ചെയ്യുന്നത് നിങ്ങൾ കണ്ടിരിക്കും. എന്തുകൊണ്ടാണ് അവർ അത്തരത്തിൽ പെരുമാറുന്നത്.? കാരണം കാർഷികമേഖലയിലെ തൊഴിലുകൾ കാലികമാണ്. വർഷത്തിലെ എല്ലാ മാസങ്ങളിലും അവർക്കിവിടെ തൊഴിലവസരങ്ങളില്ല. കൃഷിയിടങ്ങളിൽ ചെയ്യാൻ തൊഴിലില്ലാതെ വരുമ്പോൾ അവർ തൊഴിൽ തേടി നഗരപ്രദേശങ്ങളിൽ പോകുകയും അവിടെ തൊഴിൽ എടുക്കുകയും ചെയ്യുന്നു. ഇത്തരം തൊഴിലില്ലായ്മയെ, കാലികതൊഴിലില്ലായ്മ (Seasonal Unemployment) എന്ന് അറിയപ്പെടുന്നു. ഇതും ഇന്ത്യയിൽ സാധാരണയായി കാണുന്ന ഒരു തരം തൊഴിലില്ലായ്മയാണ്.

വളരെ കുറഞ്ഞ തൊഴിൽ വളർച്ചയാണ്, നാം രേഖപ്പെടുത്തിയിട്ടുള്ളതെങ്കിലും ദീർഘകാലം തൊഴിലില്ലാതിരിക്കുന്നവരെ നിങ്ങൾ കണ്ടിട്ടുണ്ടോ? വിദഗ്ധർ പറയുന്നത്, ഇന്ത്യയിലെ ജനങ്ങൾക്ക് അത്തരത്തിൽ, ദീർഘകാലം തൊഴിലെടുക്കാതെ കഴിയുവാൻ സാധിക്കുകയില്ല എന്നാണ്. അവരുടെ നിരാശാജനകമായ സാമ്പത്തിക സാഹചര്യം അങ്ങനെ ഇരിക്കുവാൻ അനുവദിക്കുകയില്ല. ഇവർ വൃത്തിഹീനവും അനാരോഗ്യകരവും അപകടകരവുമായ ചുറ്റുപാടിലുള്ള ജോലികളും അതുപോലെ ചെയ്യാൻ പ്രയാസമുള്ള ജോലികളും, ഏറ്റെടുക്കുവാൻ നിർബന്ധിക്കപ്പെടുന്നു. താഴ്ന്നവരുമാനമുള്ള കുടുംബങ്ങൾക്ക് തൊഴിൽ ലഭിക്കുന്നതിനും അതുവഴി അവർക്ക് മാന്യമായ ജീവിതസാഹചര്യങ്ങൾ ഒരുക്കുന്നതിനുമായുള്ള ധാരാളംശ്രമങ്ങൾ കേന്ദ്ര – സംസ്ഥാന സർക്കാരുകൾ നടത്തുന്നുണ്ട്. ഇവ തുടർന്നുള്ള ഭാഗങ്ങളിൽ പരിശോധിക്കാം.

## 7.9 സർക്കാരും തൊഴിൽ സൃഷ്ടിയും (Government and Employment Generation)

2005 ലെ ദേശീയ ഗ്രാമീണ തൊഴിലുറപ്പുപരിപാടി നിങ്ങൾ ഓർക്കുന്നുണ്ടല്ലോ? വൈദഗ്ധ്യം ആവശ്യമില്ലാത്ത തൊഴിലെടുക്കുവാൻ തയ്യാറുള്ള ഗ്രാമീണ കുടുംബങ്ങൾക്ക് വർഷത്തിൽ 100 ദിവസത്തെ ഉറപ്പായ വേതന തൊഴിൽ വാ



ചിത്രം 7. 7 സർക്കാർ നേരിട്ട് തൊഴിൽ സൃഷ്ടിക്കുന്ന രീതിയാണ് അണക്കെട്ടുകളുടെ നിർമ്മാണം.

ഗ്ദാനം ചെയ്യുന്ന പദ്ധതിയാണിത്. ഗ്രാമപ്രദേശങ്ങളിൽ തൊഴിലന്വേഷകർക്ക് തൊഴിൽ സൃഷടിക്കുന്നതിനായി സർക്കാർ നടപ്പിലാക്കിയ പല പദ്ധതികളിൽ ഒന്ന്.

സ്വാതന്ത്ര്യാനന്തരകാലം മുതൽ തൊഴിൽ സൃഷ്ടിക്കുന്നതിനും, തൊഴിൽ അവസരങ്ങൾ ഉണ്ടാക്കുന്നതിനും കേന്ദ്രസംസ്ഥാന സർക്കാരുകൾ വളരെ പ്രധാന പങ്കാണ് വഹിക്കുന്നത്. ഈ ശ്രമങ്ങളെ പ്രത്യക്ഷം, പരോക്ഷം എന്നിങ്ങനെ രണ്ടായി തിരിക്കാം. ഒന്നാം ഗണത്തിൽ പെടുന്നതാണ് നിങ്ങൾ തൊട്ട് മുൻഭാഗത്ത് പഠിച്ച, ഭരണപരമായ കാര്യങ്ങൾക്കായി വ്യത്യസ്ത വകുപ്പുകളിൽ ജനങ്ങൾക്ക് നേരിട്ട് നിയമനം നൽകുക എന്നത്. അതുപോലെ സർക്കാർ വ്യവസായങ്ങളും ഹോട്ടലുകളും ഗതാഗതസ്ഥാപനങ്ങളും ആരംഭിക്കുകയും അതുവഴി, നേരിട്ട് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. സർക്കാർ സംരംഭങ്ങളിലെ ചരക്ക് സേവനങ്ങളുടെ ഉൽപാദനം വർധിപ്പിക്കുമ്പോൾ സർക്കാർ സംരംഭങ്ങളിൽ നിന്ന് അസംസ്കൃത വസ്തുക്കൾ സ്വീകരിക്കുന്ന സ്വകാര്യ സംരംഭങ്ങൾ അവരുടെ ഉല്പാദനം വർദ്ധിപ്പിക്കുകയും അതിലൂടെ സമ്പദ്വ്യവസ്ഥയിലെ തൊഴിലവസരങ്ങൾ വർദ്ധിക്കുകയും ചെയ്യുന്നു. ഉദാഹരണമായി സർക്കാർ ഉടമസ്ഥതയിലുള്ള ഉരുക്കു കമ്പനി, അതിന്റെ ഉൽപാദനം വർദ്ധിപ്പിക്കുമ്പോൾ, സർക്കാർ കമ്പനിയിലെ തൊഴിലവസരങ്ങൾ വർദ്ധിക്കുന്നു. അതേസമയം തന്നെ ഈ സർക്കാർ കമ്പനിയിൽ നിന്ന് ഉരുക്കുവാങ്ങുന്ന സ്വകാര്യ കമ്പനിയും ഉൽപാദനം വർദ്ധിപ്പിക്കുകയും അതുവഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. ഇതാണ് സമ്പദ്വ്യവസ്ഥയിലെ സർക്കാർ ശ്രമങ്ങളുടെ ഫലമായി പരോക്ഷമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന രീതി.

തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലൂടെ ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്നതിനായി ധാരാളം പദ്ധതികൾ സർക്കാർ നടപ്പിലാക്കുന്നതായി നാലാംഅധ്യായത്തിൽ നാം കണ്ടു. അവ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ എന്ന് കൂടി അറിയപ്പെടുന്നു. ഈ പദ്ധതികളെല്ലാം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ളത് മാത്രമല്ല ലക്ഷ്യമിടുന്നത് മറിച്ച്, പ്രാഥമികാരോഗ്യം, പ്രാഥമിക വിദ്യഭ്യാസം, ഗ്രാമ പ്രദേശങ്ങളിലെ കുടിവെള്ളം, പോഷകാഹാരം, വരുമാനവും തൊഴിലും സൃഷ്ടിക്കന്നതിനുള്ള ആസ്തികൾ വാങ്ങിക്കുന്നതിനായുള്ള സഹായം, വേതന തൊഴിൽ സൃഷ്ടിച്ചു കൊണ്ടുള്ള സമൂഹ ആസ്തികളുടെ വികസനം, വീടുകളുടേയും ശുചീകരണ സൗകര്യങ്ങളുടേയും നിർമ്മാണം, വീടുകൾ നിർമിക്കുന്നതിനുള്ള സഹായം, ഗ്രാമീണ റോഡുകളുടെ നിർമ്മാണം, തരിശു ഭൂമിയുടേയും പാഴ് ഭൂമിയുടേയും വികസനം, തുടങ്ങിയ സേവനങ്ങൾ നൽകുന്നതിനും കൂടിയാണ്.

## 7.10 ഉപസംഹാരം

ഇന്ത്യയുടെ തൊഴിൽശക്തിയുടെ ഘടനയിൽ മാറ്റമുണ്ടായിട്ടുണ്ട്. സേവന മേഖലയിലാണ് പുതിയ തൊഴിലവസരങ്ങൾ കൂടുതലും കണ്ടുവരുന്നത്.ഇക്കാലത്ത് സേവന മേഖലയുടെ വികാസവും ഉയർന്ന സാങ്കേതികവിദ്യയുടെ ആവിർഭാവവും മൂലം ചെറുകിട / വ്യക്തി സംരംഭങ്ങൾക്കും അല്ലെങ്കിൽ വൈദഗ്ധ്യമുള്ള തൊഴിലാളികൾക്കും, ബഹുരാഷ്ട്രകുത്തകകളോട് നേരിട്ട് മത്സരിച്ചാൽ മാത്രമേ നിലനിൽപുള്ളൂ എന്ന അവസ്ഥ സംജാതമായിരിക്കുന്നു. പുറം പണികരാർ (out sourcing) ഇന്ന് ഒരു സാധാരണ സംഭവമായിരിക്കുന്നു. അതിനർത്ഥം വൻകിട കമ്പനികൾ തങ്ങളുടെ ചെറിയ സവിശേഷ

വകുപ്പുകൾ അടച്ചു പൂട്ടുകയും (ഉദാഹരണത്തിന് നിയമം, കംപ്യൂട്ടർ പ്രോഗ്രാമിങ്ങ്, ഉപഭോക്തൃ സേവനങ്ങൾ മുതലായവ) തങ്ങളുടെ വൻകിട ജോലികൾ അൽപാൽപമായി വിദേശങ്ങളിൽ പോലുമുള്ള ചെറിയ സംരംഭങ്ങൾക്കും വൈദഗ്ധ്യമുള്ള വ്യക്തികൾക്കും നൽകുന്നതാണ് കൂടുതൽ ലാഭകരമെന്ന് കണ്ടെത്തുകയും ചെയ്യുന്നു.ഇതിനെ തുടർന്ന് ആധുനികമായ ഒരു വ്യവസായശാല അല്ലെങ്കിൽ ഒരു ഓഫീസ് എന്ന പരമ്പരാഗതമായ ആശയം മാറിയിരിക്കുന്നു. ഇന്ന് പലർക്കും വീടുകൾ തന്നെയാണ് ജോലിസ്ഥലം. പക്ഷെ ഈ മാറ്റങ്ങളൊന്നും വ്യക്തി തൊഴിലാളികൾക്ക് അനുകൂലമല്ല. തൊഴിലിന്റെ സ്വഭാവം കൂടുതൽ അനൗപചാരികമാക്കപ്പെടുന്നു. വളരെ കുറച്ചു പേർക്ക് മാത്രമേ സാമൂഹ്യസുരക്ഷാ പദ്ധതികൾ ലഭ്യമാകുന്നുള്ളൂ.

കഴിഞ്ഞ രണ്ട് ദശാബ്ദങ്ങളായി, മൊത്തം ആഭ്യന്തരോൽപാദനത്തിൽ ദ്രുതഗതിയിലുള്ള വളർച്ച ഉണ്ടായിട്ടുണ്ട്. പക്ഷെ, അതോടൊപ്പം ഉണ്ടാകേണ്ട തൊഴിലവസരങ്ങളിലെ വർദ്ധനവ് ഉണ്ടായിട്ടില്ല. ഇത് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായുള്ള, പ്രത്യേകിച്ചും ഗ്രാമപ്രദേശങ്ങളിൽ, ശ്രമങ്ങൾക്ക് തുടക്കം കുറിക്കുവാൻ സർക്കാരുകളെ നിർബന്ധിതമാക്കുന്നു.

## സംഗ്രഹം ( Recap)

- പലതരത്തിലുള്ള സാമ്പത്തികപ്രവർത്തനങ്ങളിൽ ഏർപ്പെടുകയും മൊത്തം ദേശീയോല്പന്നത്തിലേക്ക് സംഭാവന ചെയ്യുകയും ചെയ്യുന്ന എല്ലാവരും തൊഴിലാളികളാണ്.
- രാജ്യത്തെ ജനസംഖ്യയിൽ അഞ്ചിൽ രണ്ടുഭാഗവും പലതരം സാമ്പത്തിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- ഇന്ത്യയിലെ തൊഴിൽശക്തിയിൽ ഭൂരിഭാഗവും പുരുഷന്മാരാണ്, പ്രത്യേകിച്ചും ഗ്രാമീണ മേഖലയിൽനിന്നുള്ളവർ.
- ഇന്ത്യയിലെ ബഹുഭൂരിഭാഗം തൊഴിലാളികളും സ്വയം തൊഴിൽ ചെയ്യുന്നവരാണ്. താൽകാലിക കൂലി തൊഴിലാളികളും സ്ഥിരശമ്പളക്കാരും ചേർന്ന് ഇന്ത്യയുടെ തൊഴിൽശക്തിയുടെ പകുതിയിൽ താഴെയേ വരുന്നുള്ളൂ.
- ഇന്ത്യയിലെ തൊഴിൽശക്തിയിൽ അഞ്ചിൽ മൂന്ന്ഭാഗവും ഉപജീവനത്തിനായി കൃഷിയേയും അനുബന്ധപ്രവർത്തനങ്ങളേയുമാണ് ആശ്രയിക്കുന്നത്.
- ഈയടുത്ത കാലത്തായി തൊഴിലിന്റെ വളർച്ചാ വേഗം കുറഞ്ഞിട്ടുണ്ട്.
- ഇന്ത്യയുടെ സാമ്പത്തിക പരിഷ്കരണത്തിന് ശേഷമുള്ള കാലഘട്ടത്തിൽ സേവന മേഖലയിലെ തൊഴിലവസങ്ങൾ വർദ്ധിച്ചിട്ടുണ്ട്. ഈ പുതിയ ജോലികൾ ഭൂരിഭാഗവും അനൗപചാരിക മേഖലയിലാണ്. അതു പോലെ തൊഴിലിന്റെ സ്വഭാവം മിക്കവാറും താൽകാലിക രീതിയിലുമാണ്.
- ഔപചാരിക മേഖലയിലെ ഏറ്റവും വലിയ തൊഴിൽദാതാവ് സർക്കാരാണ്.
- ഗ്രാമീണ ഇന്ത്യയിലെ തൊഴിലില്ലായ്മയുടെ പൊതുരൂപമാണ് പ്രച്ഛന്ന തൊഴിലില്ലായ്മ
- ഇന്ത്യയുടെ തൊഴിൽശക്തിയുടെ ഘടനയിൽ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്.
- പലതരത്തിലുള്ള പദ്ധതികളിലൂടെയും നയങ്ങളിലൂടെയും നേരിട്ടും അല്ലാതെയും തൊഴിൽ സൃഷ്ടിക്കാൻ സർക്കാർ ശ്രമിച്ചു വരുന്നു.



## അഭ്യാസങ്ങൾ

1. ആരാണ് തൊഴിലാളി?
2. തൊഴിലാളി – ജനസംഖ്യ അനുപാതം നിർവചിക്കുക.
3. താഴെ പറയുന്നവർ ഒരു യാചകൻ, ഒരു മോഷ്ടാവ്, ഒരു കള്ളക്കടത്തുകാരൻ, ഒരു ചൂതാട്ടക്കാരൻ തൊഴിലാളികളാണോ? എന്തുകൊണ്ട്?

4. ഒറ്റപ്പെട്ടത് കണ്ടെത്തുക.

   1. ഒരു സലൂണിന്റെ ഉടമ
   2. ഒരു ചെരുപ്പുകുത്തി
   3 . മദർ ഡയറി (Mother Dairy) യിലെ കാഷ്യർ
   4. ഒരു ട്യൂഷൻ മാസ്റ്റർ
   5. ട്രാൻസ്പോർട്ട് ഓപ്പറേറ്റർ
   6. നിർമ്മാണതൊഴിലാളി

5. പുതിയതായി ഉണ്ടായിക്കൊണ്ടിരിക്കുന്ന തൊഴിലുകളിൽ ഭൂരിഭാഗവും മേഖലയിലാണ്. (സേവന /ഉൽപാദന)

6. നാല് കൂലി തൊഴിലാളികൾ ഉള്ളൊരു സ്ഥാപനംഎന്നറിയപ്പെടുന്നു. (ഔപചാരികം/ അനൗപചാരികം)

7. രാജ് സ്കൂളിൽ പോകുകയാണ്. സ്കൂൾ ഇല്ലാത്തപ്പോൾ അവൻ കൃഷിയിടത്തിൽ ജോലി ചെയ്യുന്നു. അവനെ ഒരു തൊഴിലാളിയായി കണക്കാക്കാനാവുമോ? എന്തുകൊണ്ട്?

8. നഗരത്തിലെ സ്ത്രീകളുമായി താരതമ്യം ചെയ്യുമ്പോൾ ഗ്രാമീണ സ്ത്രീകളാണ് തൊഴിലിന്് പോകുന്നവരിൽ കൂടുതലും. എന്തുകൊണ്ട്?

9. മീന ഒരു കുടുംബിനിയാണ്. അവർ വീട്ടുജോലികളെല്ലാം ചെയ്യുന്നതിന് പുറമെ ഭർത്താവിന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലും ഉള്ള തുണിക്കടയിൽ ജോലിക്ക് ചെയ്യുന്നു. അവരെ തൊഴിലാളിയായി കണക്കാക്കാമോ? എന്തുകൊണ്ട് ?

10. ഒറ്റപ്പെട്ടത് കണ്ടത്തുക

   1. ഉടമസ്ഥന്റെ കീഴിൽ തൊഴിലെടുക്കുന്ന ഉന്തുവണ്ടിക്കാരൻ,
   2 . കൽപ്പണിക്കാരൻ,
   3 മെക്കാനിക് കടയിലെ തൊഴിലാളി,
   4. ഷൂ പോളീഷ് ചെയ്യുന്ന കുട്ടി.

11. 1972–73 ലെ ഇന്ത്യയിലെ തൊഴിൽശക്തി വിതരണം താഴെ കൊടുത്തിരിക്കുന്നു. അതിനെ വിശകലനം ചെയ്യുകയും തൊഴിൽശക്തിവിതരണത്തിൻെറ സ്വഭാവത്തിനുള്ള കാരണമെന്തെന്ന് കണ്ടെത്തുകയും ചെയ്യുക. 45 വർഷങ്ങൾക്ക് മുമ്പുള്ള ഇന്ത്യയുടെ സ്ഥിതിയാണിതെന്ന് ശ്രദ്ധിച്ചുവല്ലോ!

| താമസ സ്ഥലം | തൊഴിൽശക്തി (ദശലക്ഷത്തിൽ) | | |
|---|---|---|---|
| | പുരുഷൻ | സ്ത്രീ | മൊത്തം |
| ഗ്രാമം | 125 | 69 | 194 |
| നഗരം | 32 | 7 | 39 |

12 1999 – 2000 കാലഘട്ടത്തിലെ, ഇന്ത്യയുടെ ജനസംഖ്യയും തൊഴിലാളി ജനസംഖ്യനുപാത വുമാണ് താഴെ കൊടുത്തിരിക്കുന്നത്. നിങ്ങൾക്ക് ഇന്ത്യയുടെ തൊഴിൽശക്തി (നഗരത്തിലേയും മൊത്തത്തിലും) കണക്കാക്കാമോ?

| പ്രദേശം | ജനസംഖ്യാകണക്കുകൾ (കോടിയിൽ) | തൊഴിലാളി – ജന സംഖ്യ അനുപാതം | കണക്കാക്കപ്പെട്ട തൊഴിലാളികളുടെ എണ്ണം (കോടിയിൽ) |
|---|---|---|---|
| ഗ്രാമം | 71.8 | 41.9 | 7 1/ 100 X 41 = 30.12 |
| നഗരം | 28.52 | 33.7 | ? |
| മൊത്തം | 100.40 | 39.5 | ? |

13 സ്ഥിരവരുമാനമുള്ള തൊഴിലാളികൾ ഗ്രാമങ്ങളിലേക്കാൾ കൂടുതൽ നഗരങ്ങളിലാണ്. എന്തുകൊണ്ട്?

14 സ്ഥിരവരുമാന തൊഴിലുകളിൽ വളരെ കുറച്ച് സ്ത്രീകൾ മാത്രമേ കാണപ്പെടുന്നുള്ളൂ. എന്തുകൊണ്ട്?

15. തൊഴിൽശക്തിയുടെ ഘടനാപരമായ വിതരണത്തിന്റെ സമീപകാല പ്രവണതകൾ വിലയിരുത്തുക.

16. 1970 കളോട് താരതമ്യം ചെയ്യുമ്പോൾ വിവിധ വ്യവസായങ്ങളിലുടനീളം, തൊഴിൽശക്തി വിതരണത്തിൽ മാറ്റങ്ങളൊന്നും ഉണ്ടായിട്ടില്ല. നിങ്ങളുടെ അഭിപ്രായമെന്ത്?

17. കഴിഞ്ഞ അമ്പത് വർഷങ്ങളിൽ, രാജ്യത്ത് സൃഷ്ടിക്കപ്പെട്ട തൊഴിലുകളുടെ അളവ്, ഇന്ത്യയുടെ ജി.ഡി.പി വളർച്ചയോട് സമാനതയുള്ളതാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ? എങ്ങനെ?

18. അനൗപചാരിക മേഖലയേക്കാൾ കൂടുതൽ തൊഴിലവസരങ്ങൾ ഔപചാരിക മേഖലയിൽ സൃഷ്ടിക്കേണ്ടത് അത്യാവശ്യമാണോ? എന്തുകൊണ്ട്?

19. വിക്ടറിന് ഒരു ദിവസം 2 മണിക്കൂർ മാത്രമാണ് തൊഴിൽ ലഭിക്കുന്നത് .ദിവസത്തിലെ ബാക്കി സമയം, അവൻ ജോലി അന്വേഷിക്കുകയാണ്. അവൻ തൊഴിൽരഹിതനാണോ? എന്ത് കൊണ്ട് ? വിക്ടറിനെ പോലുള്ളവർ, ഏത് തരം തൊഴിലാണ് ചെയ്യുന്നത്?

20. നിങ്ങൾ ഒരു ഗ്രാമവാസിയാണ്. നിങ്ങളുടെ ഗ്രാമപഞ്ചായത്തിന് വേണ്ട ഉപദേശങ്ങൾ നൽകാൻ നിങ്ങളോടാവശ്യപ്പെട്ടാൽ, നിങ്ങളുടെ ഗ്രാമത്തിന്റെ പുരോഗതിക്കു തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വേണ്ടി ഏത് തരം പ്രവൃത്തികളാണ് നിങ്ങൾ നിർദ്ദേശിക്കുക.

21. ആരാണ് താത്കാലിക കൂലി തൊഴിലാളി?

22. ഒരു തൊഴിലാളി അനൗപചാരികമേഖലയിലാണ് തൊഴിൽ ചെയ്യുന്നതെന്ന് നിങ്ങൾക്കെങ്ങനെ മനസ്സിലാക്കാം?

## നിർദ്ദേശിക്കപ്പെട്ട അധിക പ്രവർത്തനങ്ങൾ

1. ഒരു പ്രദേശം ഒരു കോളനിയോ തെരുവോ തിരഞ്ഞെടുക്കുക. അതിനെ 34 ഉപമേഖലകളാക്കി തിരിക്കുക. അവിടെ താമസിക്കുന്ന ഓരോവ്യക്തിയും ഏർപ്പെടുന്ന പ്രവർത്തനങ്ങൾ ശേഖരിക്കാവുന്ന തരത്തിൽ, ഒരു സർവ്വെ നടത്തുക. ഓരോ മേഖലയുടേയും തൊഴിലാളി ജനസംഖ്യാനുപാതം കണക്കാക്കുക. വിവിധ ഉപമേഖലകളിലെ തൊഴിലാളി ജനസംഖ്യാനുപാതത്തിലെ വ്യത്യാസത്തെ കുറിച്ച് വ്യഖ്യാനിക്കുക.
2. കുട്ടികളെ ഗ്രൂപ്പുകളാക്കി തിരിച്ച് സംസ്ഥാനത്തെ വിവിധപ്രദേശങ്ങൾ വിഭജിച്ചു നൽകുക. ഒരു പ്രദേശത്തിൽ പ്രധാനമായും നെൽകൃഷിയാണ് നടക്കുന്നത്. മറ്റൊന്ന് തെങ്ങ് കൃഷിയുടേത്. മൂന്നാമത്തേത് മത്സ്യബന്ധനം മുഖ്യ തൊഴിലായിരിക്കുന്ന ഒരു തീരപ്രദേശമാണ്. നാലമത്തേത്, കൂടുതൽ പേരും കന്ന്കാലി പരിപാലനത്തിൽ ഏർപ്പെടുന്ന നദീതീരമാണ്. ഈ നാല്പ്രദേശങ്ങളിലും ഏത് തരം തൊഴിലുകളാണ് സൃഷ്ടിക്കപ്പെടേണ്ടത് എന്നതിനെക്കുറിച്ചുള്ള ഒരു വിവരണം തയ്യാറാക്കുക.
3. നിങ്ങളുടെ പ്രാദേശിക വായനശാല സന്ദർശിക്കുക. അവിടെ ഇന്ത്യ ഗവൺമെന്റിൻെറ പ്രസിദ്ധീകരണമായ എംപ്ലോയ്മെന്റ് ന്യൂസ് ആവശ്യപ്പെടുക. കഴിഞ്ഞ രണ്ട് മാസത്തെ ഓരോ ലക്കവും പരിശോധിക്കുക. 7 ലക്കങ്ങൾ ഉണ്ടായിരിക്കും. ഇവയിൽ നിന്ന് 25 തൊഴിൽപരസ്യങ്ങൾ തെരെഞ്ഞെടുത്ത് താഴെയുള്ള പട്ടിക പുർത്തിയാക്കുക. (ആവശ്യമെങ്കിൽ പട്ടിക വിപുലീകരിക്കുക) തൊഴിലിൻെറ സ്വഭാവം ചർച്ച ചെയ്യുക.

| ഇനങ്ങൾ | പരസ്യം 2 | പരസ്യം 1 |
|---|---|---|
| 1 ഓഫീസിന്റെ പേര് | | |
| 2 വകുപ്പ് / കമ്പനി. | | |
| 3 സ്വകാര്യം/പൊതു / സംയുക്ത സംരംഭം | | |
| 4 തസ്തികയുടെ പേര് | | |
| 5 മേഖല പ്രാഥമികം /ദ്വിതീയം/സേവനം | | |
| 6. തസ്തികയുടെ / ഒഴിവുകളുടെ എണ്ണം. | | |
| 7. ആവശ്യമായ യോഗ്യത. | | |

4. നിങ്ങളുടെ പ്രദേശത്ത് റോഡ് നിർമ്മാണം, ജലസംഭരണികളിലെ മണ്ണ് നീക്കംചെയ്യൽ, സ്കൂൾ കെട്ടിടങ്ങളുടേയും ആശുപത്രികളുടേയും സർക്കാർ ഓഫീസുകളുടേയും നിർമ്മാണം, ചെക്ക് ഡാമുകളുടേയും ദരിദ്രർക്കുള്ള വീടുകളുടേയും നിർമ്മാണം തുടങ്ങിയ പല തരം പ്രവർത്തനങ്ങൾ സർക്കാർ ചെയ്യുന്നുണ്ട്. ഇത്തരത്തിലുള്ള പ്രവർത്തനത്തിൻെറ വിമർശനാത്മക വിലയിരുത്തൽ റിപ്പോർട്ട് തയ്യാറാക്കുക. താഴെ പറയുന്ന പ്രശ്നങ്ങൾ ഉൾപ്പെടുത്തിയായിരിക്കണം 1. എങ്ങനെയാണ് പ്രവൃത്തി കണ്ടെത്തിയത്? 2. അനുവദിച്ച തുക? 3 . പ്രദേശവാസികളുടെ സംഭാവന 4. ഉൾപ്പെട്ടിരിക്കുന്ന ആളുകളുടെ എണ്ണം പുരുഷന്മാരും സ്ത്രീകളും, 5 . നൽകിയ വേതനം. 6. അത് ആ പ്രദേശത്ത് യാർത്ഥത്തിൽ ആവശ്യമാണോ? അതുപോലെ ഈ പ്രവൃത്തി നടപ്പിലാക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട വിമർശനാത്മക വിലയിരുത്തൽ കൂടി ഉൾപ്പെടുത്തുക

5. ഈ അടുത്തകാലത്തായി ധാരാളം സന്നദ്ധ സംഘടനകൾ കുന്നിൻ പ്രദേശങ്ങളിലും വരണ്ട പ്രദേശങ്ങളിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് മുൻകൈ എടുക്കുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ നിങ്ങളുടെ പ്രദേശത്ത് കാണുന്നുവെങ്കിൽ, അവിടം സന്ദർശിക്കുകയും റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യുക.



## സഹായക വിഭവങ്ങൾ


CHADHA,G.K.and P.P.SAHU,2002.'Post-reform Setbacks in Rural Employment:Issues that Need Further Scrutiny'.Economic and Political Weekly,May25,pp.1998-2026

DESAI,S and M.B.DAS,2004.'Is Employment Driving India's Growth Surge'Economic and Political Weekly, July3,pp,3045-3051

GHOSE,AJIT K.1999.'Current Issues of Employment Policy in India.'Economic and Political Weekly,September4,pp 2592-2608

HIRWAY,INDIRA.2002.Employment and Unemployment Situation in 1990s:How good are NSS Data'Economic and Political Weekly,May 25,pp 2027-2036

JACOB, PAUL.1986.Concept of 'work' and estimates of 'workforce'-An appraisal of tjet, reatment of activities relating to non marketed output' Sarvekshsna,Vol IX.No.4April.

KULSHTHRA. A. C, GULABS SINGH, ALOK K and R. L MISHRA,2000Workforce in the Indian National Income Accounts Statistics,"The Journel of Income and Wealth,Vol.22 No.2,July pp 3-39

PRADHAN,B.K. and M.R.SALUJA,1996. 'Labour Statistics in India:A Review',Margin,July-September, Vol.28,Number 4,pp.319-347

RATH,NILAKANTHA.2001,'Data on Employment, Unemployment and Education:Where to go from here?'Economic and Political Weekly,June9, ,pp 2081-2087.

SUNDARAM,K.2001.Employment-Unemployment Situation in the Nineties:Some Results from NSS 55th Survey', Economic and Political Weekly,August 11 pp.3039-3049.

VISARIYA,PRAVIN.1996.Structure of Indian Workforce,1961-1994',The Indian Journal of Labour Economics, Vol.39, No.4,pp.725-740

Government Reports

Annual Reports, Ministry of Labour, Government of India,Delhi

Census of India 2011,Primary Census Abstract, Registrar General of Census Operations,Ministry of Home Affairs,Government of India,Delhi

Economic Survey, Ministry of Finance,Government of India.

Reports on Employment and Unemployment Situation in India,Ministry of Statistics and Planning,Government of India.

**വെബ് സൈറ്റ്**

www.censusofindia.nic.in

www.mospi.nic.in

8

# പശ്ചാത്തല സൗകര്യങ്ങൾ

## പഠന നേട്ടങ്ങൾ

- സാമ്പത്തിക, സാമൂഹിക പശ്ചാത്തല സൗകര്യമേഖലയിൽ ഇന്ത്യ നേരിടുന്ന പ്രധാന വെല്ലുവിളികൾ എന്തെല്ലാം എന്ന് മനസ്സിലാക്കുന്നു.
- സാമ്പത്തികവികസനത്തിൽ പശ്ചാത്തലസൗകര്യങ്ങളുടെ പങ്ക് തിരിച്ചറിയുന്നു.
- പശ്ചാത്തലസൗകര്യങ്ങളുടെ ഒരു നിർണായക ഘടകം എന്നനിലയിൽ ഊർജ്ജത്തിന്റെ പങ്ക് മനസ്സിലാക്കുന്നു.
- ആരോഗ്യ, ഊർജമേഖലകളിലെ പ്രശ്നങ്ങളും സാധ്യതകളും മനസ്സിലാക്കുന്നു.
- ഇന്ത്യയിലെ ആരോഗ്യ പശ്ചാത്തലസൗകര്യങ്ങളെകുറിച്ച് മനസ്സിലാക്കുന്നു.

"ആവശ്യമുള്ള പല കാര്യങ്ങൾക്കും നമുക്ക് കാത്തിരിക്കാനാകും, പക്ഷേ ഒരു കുഞ്ഞിന് അത് കഴിയില്ല; കാരണം കുഞ്ഞിനോട് 'നാളെ' എന്ന് പറയാനാകില്ല. അതിന്റെ പേര് ഇന്ന് എന്നാണ്. അങ്ങനെ തന്നെയാണ് പശ്ചാത്തലസൗകര്യങ്ങളും"

ഗബ്രിയേല മിസ്ട്രൽ; ചിലിയൻ കവി

## 8.1 ആമുഖം

ഇന്ത്യയിലെ ചില സംസ്ഥാനങ്ങൾ, ചില പ്രത്യേക മേഖലകളിൽ, മറ്റു സംസ്ഥാനങ്ങളേക്കാൾ, കൂടുതൽ മെച്ചപ്പെട്ട പ്രകടനം കാഴ്ചവെക്കുന്നത് എന്തുകൊണ്ടാണെന്ന് എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? കാർഷിക മേഖലയിലും പഴംപച്ചക്കറി ഉൽപാദനത്തിലും പഞ്ചാബ്, ഹരിയാന, ഹിമാചൽ പ്രദേശ് എന്നീ സംസ്ഥാനങ്ങൾ കൂടുതൽ അഭിവൃദ്ധിപ്പെട്ടത് എന്തുകൊണ്ടാണ്? മഹാരാഷ്ട്രയും ഗുജറാത്തും കൂടുതൽ വ്യാവസായിക പുരോഗതി കൈവരിച്ചത് എന്തുകൊണ്ടാണ്? എന്തുകൊണ്ടാണ് 'ദൈവത്തിന്റെ സ്വന്തം നാട്' എന്നറിയപ്പെടുന്ന കേരളം സാക്ഷരതയിലും ആരോഗ്യപരിപാലനത്തിലും ശുചീകരണ സൗകര്യത്തിലും, അതുപോലെ ധാരാളം വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിലും മികച്ച് നിൽക്കുന്നത്? എന്തുകൊണ്ടാണ് കർണ്ണാടകയിലെ വിവരസാങ്കേതിക വ്യവസായം ലോകശ്രദ്ധ പിടിച്ചുപറ്റുന്നത്?

ഇവക്കെല്ലാം കാരണം, ഓരോ സംസ്ഥാനങ്ങളും, അവർക്ക് മികവുള്ള മേഖലകളിൽ മെച്ചപ്പെട്ട പശ്ചാത്തലസൗകര്യങ്ങൾ കൈവരിച്ചിരിക്കുന്നു എന്നതാണ്. ചിലർക്ക് മെച്ചപ്പെട്ട ജലസേചന സൗകര്യങ്ങളുണ്ട്. മറ്റ് ചിലർക്ക് മികച്ച ഗതാഗത സൗകര്യങ്ങളാണുള്ളത്, അല്ലെങ്കിൽ അവ നിർമ്മാണ വ്യവസായങ്ങൾക്കാവശ്യമായ അസംസ്കൃതവസ്തുക്കൾ ലഭ്യമാകുന്ന വിധത്തിൽ തുറമുഖങ്ങളോട് അടുത്ത് കിടക്കുന്നവയാണ്. കർണ്ണാടകയിലെ ബംഗലൂരു പോലുള്ള പട്ടണങ്ങൾ ബഹുരാഷ്ട്രകുത്തകകളെ ആകർഷിക്കുന്നത്, അവർ ലോകോത്തര നിലവാരത്തിലുള്ള വാർത്താവിനിമയ സൗകര്യങ്ങൾ നൽകിക്കൊണ്ടാണ്. രാജ്യത്തിന്റെ വികസനത്തിന് സൗകര്യമൊരുക്കുന്ന ഇത്തരം പിന്തുണാ ഘടകങ്ങളെയെല്ലാം ചേർത്ത് പശ്ചാത്തല സൗകര്യങ്ങൾ (Infrastructure) എന്ന് വിളിക്കാം. അങ്ങിനെയാണെങ്കിൽ പശ്ചാത്തല സൗകര്യങ്ങൾ എങ്ങിനെയെല്ലാമാണ് വികസനത്തിന് സഹായകമാകുന്നത്?

## 8.2 എന്താണ് പശ്ചാത്തല സൗകര്യങ്ങൾ? ( What is Infrastructure ?)

കാർഷികവും വ്യാവസായികവുമായ ഉൽപാദനത്തിന്റേയും ആഭ്യന്തരവിദേശ വ്യാപാരത്തിന്റേയും വാണിജ്യത്തിന്റേയും മുഖ്യ മേഖലകൾക്കാവശ്യമായ പിന്തുണാ സേവനങ്ങൾ നൽകുകയാണ് പശ്ചാത്തല സൗകര്യങ്ങൾ ചെയ്യുന്നത്. റോഡുകൾ, റെയിൽവേകൾ, തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ, അണക്കെട്ടുകൾ, വൈദ്യുത പദ്ധതികൾ, എണ്ണവാതക പൈപ്പ് ലൈനുകൾ, വാർത്താവിനിമയ സൗകര്യങ്ങൾ, സ്കൂളുകളും കോളേജുകളും ഉൾപ്പെടുന്ന വിദ്യാഭ്യാസവ്യവസ്ഥകൾ, ആശുപത്രികൾ

ഉടപ്പെടുന്ന ആരോഗ്യമേഖല, കുടിവെള്ളം ഉൾപ്പെടെയുള്ള ശുചീകരണ സൗകര്യങ്ങൾ, ബാങ്കുകൾ, ഇൻഷൂറൻസ് മറ്റ് ധനകാര്യ വ്യവസ്ഥകൾ, തുടങ്ങിയവ ഉൾപ്പെടുന്ന ധന സമ്പ്രദായം എന്നിവയെല്ലാം ഇവയിൽ ഉൾപ്പെടുന്നു. ഇവയിൽ ചിലത് ചരക്ക് സേവനങ്ങളുടെ ഉൽപാദനത്തിൽ നേരിട്ട് പങ്ക് വഹിക്കുന്നവയാണ്. മറ്റുള്ളവ സമ്പദ്‌വ്യവസ്ഥയിലെ സാമൂഹ്യ മേഖല പടുത്തുയർത്തുന്നതിന് ആവശ്യമായ പരോക്ഷ പിന്തുണ നൽകുന്നവയുമാണ്.



*ചിത്രം 8.1. വളർച്ചയെ ത്വരിതപ്പെടുത്തുന്ന കണ്ണികളാണ് റോഡുകൾ*



*പശ്ചാത്തല സൗകര്യങ്ങളിൽ ഒന്ന്.*

പശ്ചാത്തല സൗകര്യങ്ങളെ രണ്ടായി തരം തിരിക്കാവുന്നതാണ്. സാമ്പത്തികവും സാമൂഹികവും. ഊർജ്ജം, ഗതാഗത വാർത്താവിനിമയം എന്നിവയോട് ബന്ധപ്പെട്ട പശ്ചാത്തല സൗകര്യങ്ങൾ ആദ്യത്തെ ഗണത്തിലും, വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം തുടങ്ങിയവ രണ്ടാമത്തെ ഗണത്തിലും പെടുന്നു.

### പഠന പ്രവർത്തനങ്ങൾ

- നിങ്ങളുടെ പ്രദേശത്ത് അല്ലെങ്കിൽ പരിസരങ്ങളിൽ പല തരത്തിലുള്ള പശ്ചാത്തലസൗകര്യങ്ങളും ഉപയോഗിക്കുന്നുണ്ടായിരിക്കും. അവയെല്ലാം പട്ടികപ്പെടുത്തുക. കുറച്ചുകൂടി സൗകര്യങ്ങൾ അവിടെ ആവശ്യമായേക്കാം. അവ തരം തിരിച്ച് കാണിക്കുക.


## 8.3 പശ്ചാത്തല സൗകര്യങ്ങളുടെ പ്രസക്തി (Relevance of Infrastr-ucture)

ഒരു ആധുനികവ്യാവസായികസമ്പദ് വ്യവസ്ഥയുടെ കാര്യക്ഷമമായ പ്രവർത്ത നത്തിന് അത്യാവശ്യമായ പിന്തുണാ സംവിധാനമാണ് പശ്ചാത്തല സൗകര്യ ങ്ങൾ. ആധുനിക കാർഷികമേഖലയും ഇവയെ വൻതോതിൽ ആശ്രയിക്കുന്നു. ഇന്ന് ലഭ്യമായിട്ടുള്ള റോഡ്, റെയിൽ, കപ്പൽ മാർഗ്ഗങ്ങളെല്ലാം, വിത്തുകളുടേയും കീടനാശിനികളുടേയും രാസവളങ്ങളു ടേയും കാർഷിക ഉൽപാദനത്തിന്റേയും വേഗത്തിലും വൻതോതിലുമുള്ള ചരക്ക് നീക്കത്തിന് സഹായിക്കുന്നു. അടുത്ത കാലത്തായി കാർഷികമേഖലയുടെ വൈപുല്യം മൂലം ഇൻഷുറൻസ് ബാങ്കിംഗ് സൗകര്യങ്ങളെയും ആശ്രയിക്കുന്നുണ്ട്.

പശ്ചാത്തല സൗകര്യങ്ങൾ ഉൽപാദന ഘടകങ്ങളുടെ ഉൽപാദനക്ഷമത വർദ്ധി പ്പിച്ചു കൊണ്ടും ജനങ്ങളുടെ ജീവിത ഗുണനിലവാരം ഉയർത്തിക്കൊണ്ടുമാണ് സാമ്പത്തിക വികസനത്തിനെ സഹായി ക്കുന്നത്. പശ്ചാത്തല സൗകര്യങ്ങളുടെ അപ ര്യാപ്തത ആരോഗ്യ മേഖലയിലും ഒട്ടനവധി പ്രതികൂല ഫലങ്ങൾ ഉ ണ്ടാക്കുന്നുണ്ട്. ശുദ്ധജല വിതരണ രംഗത്തും ശു ചീകരണ രംഗത്തുമുള്ള പുരോഗതി ഭയാനകമായ പല ജലജന്യരോഗങ്ങ ളിൽ നിന്നുമുള്ള രോഗാ തുരത രോഗം വരാനുള്ള സാധ്യത (Morbidtiy) ലഘൂകരിക്കുന്നതിനും അവ പിടിപെടുമ്പോൾ അതിന്റെ കാഠിന്യം കുറക്കുന്നതിനും സാധിച്ചിട്ടുണ്ട്. ജലവും ശുചീകരണസൗകര്യങ്ങളും ആരോഗ്യവും തമ്മിലുള്ള വ്യക്തമായ ബന്ധത്തിനു പുറമെ, ആരോഗ്യരക്ഷാകാര്യങ്ങളിൽ ഗതാഗത വാർത്താവിനിമയ സൗകര്യ ങ്ങളുടെ ഗുണമേന്മയും പ്രധാന പങ്ക് വഹി ക്കുന്നു. ജനനിബിഡമായ മേഖലകളിൽ, വായുമലിനീകരണം, ഗതാഗതവുമായി ബന്ധപ്പെട്ടുള്ള അപകടവും സുരക്ഷയില്ലാ യ്മയും രോഗാതുരതയെ സ്വാധീനിക്കുന്നു.

## 8.4 ഇന്ത്യയിലെ പശ്ചാത്തല സൗക ര്യങ്ങളുടെ അവസ്ഥ (The State of Infrastructure in India)

പരമ്പരാഗതമായി, ഒരു രാജ്യത്തിന്റെ പശ്ചാത്തല സൗകര്യങ്ങളുടെ വികസന ത്തിന് സർക്കാർ മാത്രമാണ് ഉത്തരവാദി. പക്ഷെ ഈ മേഖലയിൽ, സർക്കാരിന്റെ നിക്ഷേപം അപര്യാപ്തമാണെന്ന് കാണാം. ഇക്കാലത്ത്, പശ്ചാത്തലസൗകര്യങ്ങളുടെ വികസനത്തിൽ സ്വകാര്യ മേഖല തനിച്ചും, പൊതുമേഖലയോട് പങ്ക് ചേർന്നും ചെയ്യു



*ചിത്രം 8.3 അണക്കെട്ടുകൾ*

ന്ന പ്രവർത്തനങ്ങളും പ്രധാനപ്പെട്ടതാണ്. നമ്മുടെ ജനങ്ങളിൽ ബഹുഭൂരിഭാഗവും ഗ്രാമപ്രദേശങ്ങളിലാണുള്ളത്. ഇന്ന് ലോകത്ത് ഇത്രയധികം സാങ്കേതിക പുരോഗതി ഉണ്ടായിട്ടുപോലും ഗ്രാമീണ സ്ത്രീകൾ, കാർഷീകാവശിഷ്ടങ്ങൾ, ഉണക്ക ചാണകം, വിറക്, തുടങ്ങിയ ജൈവ ഇന്ധനങ്ങൾ തന്നെയാണ് തങ്ങളുടെ ഊർജ്ജാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത്. അവർ വിറക്, വെള്ളം മറ്റ് അടിസ്ഥാന ആവശ്യങ്ങൾക്കുള്ള സാമഗ്രികൾ എന്നിവക്കായി ദീർഘദൂരം സഞ്ചരിക്കുന്നു. 2001 ലെ കാനേഷുമാരി കണക്ക് പ്രകാരം ഇന്ത്യൻ ഗ്രാമങ്ങളിലെ 56 ശതമാനം വീടുകൾ മാത്രമേ വൈദ്യുതീകരിക്കപ്പെട്ടിട്ടുള്ളൂ. 43 ശതമാനം പേർ ഇപ്പോഴും മണ്ണെണ്ണയാണ് ഉപയോഗിക്കുന്നത്. ഏകദേശം 90 ശതമാനം ഗ്രാമീണ കുടുംബങ്ങളും പാചകത്തിന് ജൈവ ഇന്ധനങ്ങൾ തന്നെയാണ് ഉപയോഗിക്കുന്നത്. ഇവരിൽ 24 ശതമാനത്തിന് മാത്രമേ പൈപ്പ് വെള്ള സൗകര്യം ലഭ്യമാകുന്നുള്ളൂ. ഏകദേശം 76 ശതമാനം ജനങ്ങളും കുടിവെള്ളത്തിന്, തുറസ്സായ കുടിവെള്ള ശേഖരങ്ങളായ കിണറുകൾ, കുളങ്ങൾ, ജലസംഭരണികൾ, തടാകങ്ങൾ, നദികൾ, തോടുകൾ മുതലായവയെയാണ് ആശ്രയിക്കുന്നത്. ഗ്രാമപ്രദേശങ്ങളിലെ 20 ശതമാനത്തിന് മാത്രമേ ആധുനിക രീതിയിലുള്ള ശുചീകരണ സൗകര്യങ്ങൾ ലഭിക്കുന്നുള്ളൂ.

പട്ടിക 8.1 പരിശോധിക്കുക. ഇന്ത്യയിലേയും മറ്റ് ചില രാജ്യങ്ങളിലേയും പശ്ചാത്തല സൗകര്യങ്ങളുടെ അവസ്ഥ താരതമ്യം ചെയ്തിരിക്കുന്നതായി കാണാം. പശ്ചാത്തല സൗകര്യങ്ങളാണ് വികസനത്തിന്റെ അടിത്തറ എന്ന് വ്യാപകമായി അംഗീകരിക്കപ്പെട്ടതാണ്. ഈ ലക്ഷ്യത്തിലെത്താൻ ഇന്ത്യ ഇനിയും ഉണർന്ന് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ജി.ഡി.പി.യുടെ 34 ശതമാനം മാത്രമാണ് ഇന്ത്യ പശ്ചാത്തല സൗകര്യങ്ങൾക്കായി മാറ്റിവെക്കുന്നുള്ളൂ. ഇത് ചൈന, ഇന്തോനേഷ്യ എന്നീ രാജ്യങ്ങളുടേതിനെ അപേക്ഷിച്ച് വളരെ കുറവാണ്.


ചിത്രം 8.4. ഒരു നല്ല വീടും കുടിവെള്ളവും ഇന്നും അപ്രാപ്യമാണ്

ചില സാമ്പത്തിക ശാസ്ത്രജ്ഞർ സൂചിപ്പിക്കുന്നത് കുറച്ച് ദശാബ്ദങ്ങൾക്കുള്ളിൽ ഇന്ത്യ ലോകത്തിലെ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയാകുമെന്നാണ്. ഇത് സംഭവിക്കണമെങ്കിൽ ഇന്ത്യയുടെപശ്ചാത്തല സൗകര്യങ്ങളിലെ നിക്ഷേപം കുത്തനെ ഉയർത്തേണ്ട

**പട്ടിക 8.1 ഇന്ത്യയിലേയും മറ്റു രാജ്യങ്ങളിലേയും പശ്ചാത്തല സൗകര്യങ്ങൾ**

| രാജ്യം | പശ്ചാത്തല സൗകര്യ നിക്ഷേപം, ജിഡിപിയുടെ ശതമാനത്തിൽ (2003) | മെച്ചപ്പെട്ട ജലസ്രോതസ്സുകളുടെ പ്രാപ്യത ശതമാനത്തിൽ (2012) | മെച്ചപ്പെട്ട ശുചീകരണ സൗകര്യങ്ങളുടെ ലഭ്യത ശതമാനത്തിൽ (2012) | ഓരോ 100 പേർക്കിടയിലേയും മൊബൈൽ വരിക്കാരുടെ എണ്ണം (2012) | വൈദ്യുതോൽപാദനം (ബില്യൺ kwh) |
|---|---|---|---|---|---|
| ചൈന | 20 | 92 | 65 | 81 | 4208 |
| ഹോങ്കോങ് | 4 | 92 | 100 | 223 | 38 |
| ഇന്ത്യ | **5** | **84** | **35** | **69** | **980** |
| സൗത്ത് കൊറിയ | 7 | 98 | 100 | 110 | 497 |
| പാക്കിസ്ഥാൻ | 2 | 91 | 47 | 67 | 94 |
| സിംഗപൂർ | 5 | 100 | 100 | 153 | 45 |
| ഇന്തോനേഷ്യ | 14 | 84 | 59 | 115 | 170 |

*ഉറവിടം : ലോക വികസനസൂചിക, ലോകബാങ്ക് വെബ്സൈറ്റ് : www.worldbank.org / (*) മൊത്തം മൂലധനസ്വരൂപണത്തെ സൂചിപ്പിക്കുന്നു.*

തുണ്ട്. ഏതൊരു രാജ്യത്തിലും വരുമാനം വർദ്ധിക്കുമ്പോൾ പശ്ചാത്തല സൗകര്യങ്ങളുടെ ആവശ്യകതയിൽ മാറ്റം വരുന്നു. കുറഞ്ഞ വരുമാനമുള്ള രാജ്യങ്ങളിൽ ജലസേചനം, ഗതാഗതം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന മേഖലകളാണ് പ്രധാനം. എന്നാൽ സമ്പദ്വ്യവസ്ഥകൾ പക്വമാവുകയും അവയുടെ അടിസ്ഥാന ഉപഭോഗാവശ്യങ്ങൾ നിറവേറ്റുകയും ചെയ്താൽ സമ്പദ്വ്യവസ്ഥയിൽ കൃഷിയുടെ പ്രാധാന്യം കുറയുകയും പശ്ചാത്തല സൗകര്യങ്ങളോട് ബന്ധപ്പെട്ട മറ്റ് സേവനങ്ങൾ കൂടുതൽ ആവശ്യമായി വരികയും ചെയ്യുന്നു. അതുകൊണ്ടാണ് ഉയർന്ന വരുമാനമുള്ള രാജ്യങ്ങളിൽ വൈദ്യുതിക്കും വാർത്താവിനിമയ പശ്ചാത്തല സംവിധാനത്തിനും വലിയ പ്രാധാന്യം വരുന്നത്.

ഇങ്ങനെ പശ്ചാത്തല സൗകര്യങ്ങളുടെ വികസനവും സാമ്പത്തിക വികസനവും കൈകോർത്ത് കൊണ്ടാണ് മുന്നേറുന്നത്. പര്യാപ്തമായ തോതിലുള്ള ജലസേചന സൗകര്യങ്ങളുടെ വികാസത്തിലാണ് മിക്കവാറും കൃഷി ആശ്രയിച്ചു നിൽക്കുന്നത്. വ്യാവസായിക അഭിവൃദ്ധിയാകട്ടെ ഊർജ്ജ വികസനത്തിലും വൈദ്യുതോൽപാദനം, ഗതാഗതം, വാർത്താവിനിമയം തുടങ്ങിയവയെയും ആശ്രയിച്ചിരിക്കുന്നു. ഒരു കാര്യം വ്യക്തമാണ് പശ്ചാത്തല സൗകര്യങ്ങളുടെ വികസനത്തിന് ശരിയായ ശ്രദ്ധ നൽകിയില്ലായെങ്കിൽ അത് സാമ്പത്തികവികസനത്തിന് വലിയൊരു തടസ്സമാകാനിടയുണ്ട്. ഈ പാഠഭാഗത്ത് ഊർജ്ജം, ആരോഗ്യം, എന്നിവയോട് ബന്ധപ്പെട്ട രണ്ട് പശ്ചാത്തല സൗകര്യങ്ങളെയാണ് വിശകലനവിധേയമാക്കുന്നത്.

## പഠന പ്രവർത്തനങ്ങൾ

* നിങ്ങൾ പത്രം വായിക്കുമ്പോൾ ഭാരത് നിർമ്മാൺ, പ്രത്യേക ഉദ്ദേശ വാഹനം (SPV), പ്രത്യേക സാമ്പത്തിക മേഖല (SEZ), നിർമിച്ച്, പ്രവർത്തിപ്പിച്ച്, കൈമാറ്റം ചെയ്യുക (BOT), പൊതുസ്വകാര്യ പങ്കാളിത്തം (PPP) എന്നിങ്ങനെയുള്ള പ്രയോഗങ്ങൾ കണ്ടിരിക്കും ഇവ ഉൾക്കൊള്ളുന്ന വാർത്തകൾ, ചിത്രങ്ങൾ എന്നിവ ശേഖരിച്ച് ഒരു പുസ്തകത്തിൽ ഒട്ടിക്കുക. ഈ പദാവലികൾ എങ്ങിനെയാണ് പശ്ചാത്തല സൗകര്യങ്ങളോടെ ബന്ധപ്പെടുന്നത്.
* ഈ അധ്യായത്തിന്റെ അവസാനഭാഗത്ത് നൽകിയിരിക്കുന്ന സൂചനകൾ ഉപയോഗിച്ച് മറ്റ് പശ്ചാത്തല സൗകര്യങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുക.

## 8.5 ഊർജം (Energy)

നമുക്ക് ഊർജ്ജത്തിന്റെ ആവശ്യമെന്ത്? ഏതൊക്കെ രൂപത്തിലാണ് ഊർജ്ജം ലഭ്യമായിരിക്കുന്നത്? രാജ്യത്തിന്റെ വികസന പ്രക്രിയയിൽ നിർണ്ണായകമായഘടകമാണ് ഊർജ്ജം. അത് വ്യവസായങ്ങൾക്ക് അത്യാവശ്യമാണ്. കൃഷിക്കും അതിനോട് ബന്ധപ്പെട്ട രാസവളങ്ങളുടേയും കീടനാശിനികളുടേയും കാർഷികോപകരണങ്ങളുടേയും ഉൽപാദനത്തിലും വിതരണത്തിലും വൻതോതിൽ ഊർജ്ജം ആവശ്യമാണ്. നമ്മുടെ വീടുകളിലെ പാചകാവശ്യത്തിനും വെളിച്ചത്തിനും മറ്റും ഊർജ്ജം ആവശ്യമാണ്. ഊർജ്ജം ഉപയോഗിക്കാതെ ഉൽപാദിപ്പിക്കാൻ സാധിക്കുന്ന ഏതെങ്കിലും ഒരു സാധനത്തേയോ സേവനത്തേയോ കുറിച്ച് നിങ്ങൾക്ക് ചിന്തിക്കാൻ കഴിയുമോ?



*ചിത്രം 8.5 കാളവണ്ടികൾ ഇന്ത്യയിലെ ഗ്രാമപ്രദേശങ്ങളിലെ ഗതാഗതത്തിൽ ഇന്നും പ്രധാന പങ്കുവഹിക്കുന്നു.*

**ഊർജത്തിന്റെ സ്രോതസ്സുകൾ (Sources of Energy):** വാണിജ്യവും വാണിജ്യേതരവുമായ ഊർജ സ്രോതസ്സുകൾ നമുക്കുണ്ട്. പെട്രോളിയവും വൈദ്യുതിയും വാണിജ്യോർജ്ജ സ്രോതസ്സുകളാണ്. കാരണം അവ വിൽക്കുകയും വാങ്ങുകയും ചെയ്യുന്നതാണ്. വാണിജ്യേതര ഊർജഉറവിടങ്ങളാണ് വിറക്, കാർഷികാവശിഷ്ടങ്ങൾ, ഉണക്ക ചാണകം എന്നിവ, കാരണം



*ചിത്രം 8.6 വിറകാണ് പ്രധാനപ്പെട്ട ഊർജ സ്രോതസ്സ്*

തിരമാലകളിൽ നിന്നുള്ള ഊർജം എന്നിവ. ഇന്ത്യ ഒരു ഉഷ്ണമേഖല രാജ്യമായതിനാൽ, ചുരുങ്ങിയ ചിലവിൽ ലഭ്യമായ സാങ്കേതിക വിദ്യകൾ കൂടി ഉപയോഗിച്ചാൽ, ഇന്ത്യക്ക് ഈ മൂന്ന് രീതിയിലും അളവറ്റ ഊർജം ഉൽപാദിപ്പിക്കാൻ സാധിക്കും. ഇനിയും മറ്റ് ചിലവ് കുറഞ്ഞ രീതികൾ നമുക്ക് വികസിപ്പിക്കാവുന്നതുമാണ്.

**വാണിജ്യ ഊർജ്ജത്തിന്റെ**

ഇവ പ്രകൃതിയിൽ/വനങ്ങളിൽ നിന്ന് നേരിട്ട് ലഭിക്കുന്നവയാണ്.

വാണിജ്യോർജം പൊതുവെ ഉപയോഗിക്കുന്തോറും കുറഞ്ഞു വരുന്നവയാണ് (ജലവൈദ്യുതപദ്ധതി ഇതിനൊരു അപവാദമാണ്). എന്നാൽ വാണിജ്യേതര ഊർജ്ജം പൊതുവെ പുനരുൽപാദിപ്പിക്കാൻ കഴിയുന്നവയാണ്. ഇന്ത്യൻ കുടുംബങ്ങളിലെ 60 ശതമാനത്തിലധികവും, സാധാരണ പാചകത്തിനും മറ്റ് താപ ആവശ്യങ്ങൾക്കുമായി ആശ്രയിക്കുന്നത് പരമ്പരാഗത ഊർജ സ്രോതസ്സുകളെയാണ്.

**പാരമ്പര്യേതര ഊർജഉറവിടങ്ങൾ (Non Conventional Sources of Energy):** വാണിജ്യ വാണിജ്ജ്യേതര ഊർജഉറവിടങ്ങളെ പരമ്പരാഗത ഊർജ്ജഉറവിടങ്ങൾ എന്നും അറിയപ്പെടുന്നു. മറ്റ് മൂന്ന് പ്രധാന ഊർജ്ജ ഉറവിടങ്ങൾ കൂടിയുണ്ട്. ഇവ പൊതുവായി പാരമ്പര്യേതര ഊർജ്ജഉറവിടങ്ങൾ എന്നറിയപ്പെടുന്നു. സൗരോർജം കാറ്റിൽ നിന്നുള്ള ഊർജം,



*ചിത്രം 8.7 കാറ്റാടി യന്ത്രം: വൈദ്യുതി ഉൽപാദനത്തിന്റെ മറ്റൊരു സ്രോതസ്സ്*

**ഉപഭോഗ മാതൃക. (Consumption Pattern of Commercial Energy):** ഇന്ത്യയിൽ ഉപയോഗിക്കുന്ന മൊത്തം ഊർജ്ജത്തിന്റെ 74 ശതമാനവും വാണിജ്യഊർജ്ജമാണ്. ഇതിൽ ഏറ്റവും കൂടുതൽ (54 ശതമാനം) കൽക്കരിയും; തൊട്ടു പിന്നിൽ എണ്ണ 33 ശതമാനവും, പ്രകൃതി വാതകം 9 ശതമാനവും ജലവൈദ്യുതി 3 ശതമാനവും ആണ്. വാണിജ്യേതര ഊർജ ഉറവിടങ്ങളായ വിറക്, ചാണകം, കാർഷീകാവശിഷ്ടങ്ങൾ തുടങ്ങിയവ മൊത്തം ഊർജഉപഭോഗത്തിന്റെ 26 ശതമാനം വരുന്നു.



ചിത്രം 8.8 സൗരോർജ്ജത്തിന് ധാരാളം സാധ്യതകളുണ്ട്

ഇന്ത്യയിലെ ഊർജമേഖലയിലെ ഏറ്റവും അപകടകരമായ സവിശേഷതയും സമ്പദ് വ്യവസ്ഥയോടുള്ള ബന്ധവും ക്രൂഡ് ഓയിലിന്റേയും പെട്രോളിയത്തിന്റെയും ഇറക്കുമതിയെ ആശ്രയിക്കുന്നതാണ്. ഇത് സമീപ ഭാവിയിൽ കുതിച്ചുയരാനും സാധ്യതയുണ്ട്.


സമ്പദ്വ്യവസ്ഥയിലെ വിവിധ മേഖലകൾ ഉപഭോഗം ചെയ്യുന്ന വാണിജ്യോർജത്തിന്റെ അളവ് പട്ടിക 8.2-ൽ നൽകിയിരിക്കുന്നു. 1953-54-ൽ വാണിജ്യോർജത്തിന്റെ ഏറ്റവും വലിയ ഉപഭോക്താവ് ഗതാഗതമേഖലയാണ്. തുടർന്നുള്ള കാലയളവിൽ ഗാർഹികം, കൃഷി, വ്യവസായം എന്നീ മേഖലകളുടെ ഉപഭോഗം വർദ്ധിച്ചു വരുമ്പോൾ ഗതാഗതമേഖലയുടെ ഉപഭോഗത്തിന്റെ പങ്ക്

**പട്ടിക 8.2 വാണിജ്യഊർജം മേഖല തിരിച്ചുള്ള ഉപയോഗം (%)**

| മേഖല | 1953-54 | 1970 – 71 | 1990-91 | 2014-15 |
|---|---|---|---|---|
| കുടുംബങ്ങൾ | 10 | 12 | 12 | 22 |
| കൃഷി | 01 | 03 | 8 | 18 |
| വ്യവസായം | 40 | 50 | 45 | 45 |
| ഗതാഗതം | 44 | 28 | 22 | 2 |
| മറ്റിനം | 5 | 7 | 13 | 13 |
| ആകെ | 100 | 100 | 100 | 100 |

*ഉറവിടം* : ഒമ്പതാം പഞ്ചവത്സരപദ്ധതി, വോള്യം II, അദ്ധ്യായം 6, ആസൂത്രണക്കമ്മീഷൻ ഭാരതസർക്കാർ, ന്യൂഡൽഹി, 1947 ഉം 2016-ലെ എനർജി സ്റ്റാറ്റിസ്റ്റിക്സ്, സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്, മിനിസ്ട്രി ഓഫ് സ്റ്റാറ്റിസ്റ്റിക്സ് ആൻറ് പ്രോഗ്രാം ഇംപ്ളിമെന്റേഷൻ, ഭാരത സർക്കാർ.

കുറഞ്ഞുവരുന്നു. എല്ലാ വാണിജ്യോർജ ഉപഭോഗവും പരിഗണി ക്കുമ്പോൾ ശുദ്ധീകരിച്ച എണ്ണയും വാതകവും ആണ് ഏറ്റവും കൂടുതൽ ഉപഭോഗം ചെയ്യുന്നത്. ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ചാ നിരക്ക് നിലനിൽക്കുന്നതിനാൽ, ഊർജ്ജോപഭോഗത്തിലും അതിനനുസൃതമായ വർദ്ധനവുണ്ട്.




**വൈദ്യുതോർജ്ജം (Power / Eletcrictiy):** ആധുനിക സംസ്കാരത്തിൽ ഏറ്റവും കൂടുതൽ വികസിപ്പിക്കപ്പെട്ട ഊർജരൂപമാണ് വൈദ്യുതോർജം. ഒരു രാജ്യത്തിന്റെ സാമ്പത്തിക വികസനം നിശ്ചയിക്കുന്നതിൽ നിർണായക സ്ഥാനമുള്ള ഒരു പശ്ചാത്തല സൗകര്യമാണ് വൈദ്യുതി. ഇതിന്റെ ചോദനത്തിന്റെ വളർച്ചാനിരക്ക്, ജി.ഡി.പി.യുടെ വളർച്ചാ നിരക്കിനേക്കാൾ പൊതുവെ ഉയർന്നതാണ്. ചില പഠനങ്ങൾ പറയുന്നത്, നമുക്ക് ജി.ഡി.പി.യുടെ 8 ശതമാനം വാർഷിക വളർച്ചാ നിരക്ക് സാധ്യമാകണമെങ്കിൽ വൈദ്യുതോല്പാദനത്തിൽ 12 ശതമാനത്തോളം വാർഷിക വർദ്ധനവ് ഉണ്ടാകണം എന്നാണ്.

ഇന്ത്യയിൽ 2013 വർഷത്തിൽ ഊർജോൽപാദനത്തിന്റെ 70 ശതമാനവും താപോർജ സ്രോതസ്സുകളിൽ നിന്നാണ്. ജലവൈദ്യുതി, കാറ്റിൽ നിന്നുള്ള വൈദ്യുതി എന്നിവ 16 ശതമാനം ആയിരിക്കുമ്പോൾ

ചാർട്ട് 8.1

ഇന്ത്യയിൽ വ്യത്യസ്ത സ്രോതസ്സുകളിൽ നിന്ന് ഉൽപാദിപ്പിക്കപ്പെട്ട വൈദ്യുതി 2013

ആണവ വൈദ്യുതി

ജലവൈദ്യുതിയും കാറ്റിൽ നിന്നുള്ള

വൈദ്യുതിയും

താപവൈദ്യുതി

മറ്റുള്ളവ

## പഠന പ്രവർത്തനങ്ങൾ

* മറ്റ് ഊർജ ഉറവിടങ്ങളെ അപേക്ഷിച്ച് നാമമാത്രമായ ഒരു പങ്ക് മാത്രമേ ആണ വോർജത്തിൽ നിന്ന് ലഭിക്കുന്നുള്ളൂ. എന്തുകൊണ്ട്?
* സൗരോർജവും കാറ്റിൽനിന്നുള്ള ഊർജ്ജവും തിരമാലകളിൽ നിന്നുള്ള ഊർജവുമെല്ലാം ഭാവിയുടെ ഊർജ ഉറവിടങ്ങൾ ആണ്. ഇവയെ താരതമ്യം ചെയ്ത് ഗുണങ്ങളും ദോഷങ്ങളും കണ്ടെത്തി ക്ലാസിൽ ചർച്ച ചെയ്യുക.

ആണവോർജം വെറും 2 ശതമാനം മാത്ര മാണ്. രണ്ട് തരം ഊർജ സ്രോതസ്സ് ജലം, കാറ്റ് എന്നിവയെയാണ് ഇന്ത്യയുടെ ഊർജനയം പ്രോത്സാഹിപ്പിക്കുന്നത്. കാരണം അവ ഫോസിൽ ഇന്ധനങ്ങളെ ആശ്രയിക്കുന്നില്ല. മാത്രമല്ല കാർബൺ വിസർജനം കുറവുമാണ്. എന്നിട്ടുപോലും ഈ രണ്ട് ഉറവിടങ്ങളിൽ നിന്നുള്ള വൈദ്യുതോൽപാദനത്തിൽ പ്രതീക്ഷിച്ച വേഗത്തിലുള്ള വളർച്ച ലഭിക്കുന്നില്ല.

കുറഞ്ഞ ചെലവിൽ വൈദ്യുതി ഉൽപാദിപ്പി ക്കാവുന്ന മാർഗമാണ് ആണവോർജം. ഇപ്പോൾ മൊത്തം ഊർജോപഭോഗത്തിന്റെ കേവലം 2 ശതമാനം മാത്രമാണ് ഈ ഊർജത്തിന്റെ സംഭാവന. എന്നാൽ ആഗോള ശരാശരി 13 ശതമാനമാണ്. ഇത് തുലോം കുറവാണ്. ആയതിനാൽ, ചില വിദഗ്ദർ നിർദ്ദേശിക്കുന്നത് ആണവസ്രോതസ്സിലൂടെ കൂടുതൽ വൈദ്യുതി ഉൽപാദിപ്പിക്കണമെന്നാണ്. എന്നാൽ പരിസ്ഥിതിയുടേയും സുസ്ഥിര വികസനത്തിന്റേയും വീക്ഷണത്തിൽ ഇതിന് വലിയ എതിർപ്പുകളുണ്ട്. എതിർ പ്പുകൾ എന്തൊക്കെയായിരിക്കുമെന്നാണ് നിങ്ങൾ കരുതുന്നത്?

**ഊർജ മേഖലയിലെ ചില വെല്ലുവിളികൾ. (Some Challenges in the Power Sector)** : വ്യത്യസ്ത ഊർജോൽപാദനയൂണിറ്റുകൾ ഉല്പാദി പ്പിക്കുന്ന ഊർജം മുഴുവനായും അന്തിമ ഉപഭോക്താക്കളിൽ എത്തുന്നില്ല. ഒരു ഭാഗം ഊർജനിലയങ്ങളിൽ തന്നെ ഉപഭോഗം ചെയ്യപ്പെടുന്നു. കൂടാതെ ഒരു ഭാഗം പ്രസരണ നഷ്ടമാണ്. ബാക്കിയുള്ള താണ് നമുക്ക് വീടുകളിലും ആഫീസുക ളിലും ഫാക്ടറികളിലുമെല്ലാം എത്തുന്നത്.

ഇന്ത്യയുടെ ഊർജമേഖലയിലെ വെല്ലു വിളികൾ

ഒന്ന്, 7 മുതൽ 8 ശതമാനം വരെ വാർഷിക വളർച്ചാനിരക്ക് കൈവരിക്കുന്നതിന് ഇന്ത്യയുടെ ഊർജോൽപാദനത്തിന്റെ സ്ഥാപിതശേഷി പര്യാപ്തമല്ല. വർധിച്ചു വരുന്ന വൈദ്യുതിയുടെ ആവശ്യം നിറവേറ്റാൻ ഇന്ത്യയുടെ വാണിജ്യോർ ജത്തിന്റെ ഉൽപാദനത്തിൽ 7 ശതമാനം വാർഷികവർദ്ധനവ് നേടേണ്ടതുണ്ട്. ഇപ്പോൾ 20,000 മെഗാവാട്ട് വൈദ്യുതി മാത്രമേ പ്രതിവർഷം കൂടുതലായി ഉൽപാദിപ്പിക്കുന്നുള്ളൂ. പദ്ധതികൾ ശരിയായ വിധം പ്രവർത്തിക്കാത്തതിനാൽ സ്ഥാപിതശേഷി പൂർണമായി ഉപയോഗ

**ബോക്സ് 8.1 ഒരു മാറ്റം സൃഷ്ടിക്കൽ**

താനെ പട്ടണത്തിന് ഒരു പുതിയ മുഖച്ഛായ വരുകയാണ് ഒരു പരിസ്ഥിതി സൗഹാർദമായ മുഖം. ദീർഘകാലം കൊണ്ടുമാത്രം സാധ്യമാകുമെന്ന് കരുതിയിരുന്ന വൻതോതിലുള്ള സൗരോർജത്തിന്റെ ഉപയോഗം സമ്പത്തിന്റെയും ഊർജ്ജത്തിന്റെയും മിതവ്യയത്തിലൂടെ നേടിയെടുത്തിരിക്കുന്നു. വെള്ളം തിളപ്പിക്കുന്നതിനും ട്രാഫിക് ലൈറ്റുകൾക്കും പരസ്യത്തിനുള്ള ബോർഡുകൾക്കും എല്ലാം സൗരോർജ്ജം ഉപയോഗിച്ച് വരുന്നു. ഈ അതുല്യമായ പരീക്ഷണത്തിന് നേതൃത്വം നൽകിയത് താനെ മുൻസിപ്പൽ കോർപ്പറേഷൻ. പട്ടണത്തിലെ എല്ലാ കെട്ടിടങ്ങളിലും സൗരോർജ വാട്ടർ ഹീറ്ററുകൾ സ്ഥാപിക്കണമെന്ന് നിർബന്ധമാക്കി.

(ആഗസ്റ്റ് 1, 2005 ലെ Outlook മാഗസിനിൽ വന്ന 'മേക്കിംഗ് എ ഡിഫറൻസ് ' എന്ന പംക്തിയിൽ നിന്നെടുന്നത്)

* *ഇത്തരത്തിൽ പരമ്പരാഗത മല്ലാത്ത ഊർജ്ജം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ഉപയോഗിക്കാനുള്ള നിർദ്ദേശങ്ങൾ നൽകാമോ?*

പ്പെടുത്താൻ സാധിച്ചിട്ടില്ല.

രണ്ട്, വൈദ്യുതി വിതരണം ചെയ്യുന്ന സംസ്ഥാന വൈദ്യുതി ബോർഡുകൾ (SEB) ഏകദേശം 500 കോടി രൂപയിലധികം നഷ്ടത്തിലാണ്. പ്രസരണ വിതരണ നഷ്ടവും, വൈദ്യുതി വില നിശ്ചയിക്കുന്നതിലെ പിഴവും, മറ്റ് ഇനങ്ങളിലെ കാര്യക്ഷമക്കുറവും മൂലമാണ് ഇത് സംഭവിക്കുന്നത്. ചില വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നത് കർഷകർക്ക് വൈദ്യുതി വിതരണം ചെയ്യുന്നതാണ് നഷ്ടത്തിന്

**ബോക്സ് 8.2 വൈദ്യുതി വിതരണം ഡൽഹിയിൽ**

സ്വാതന്ത്ര്യത്തിനുശേഷം തലസ്ഥാനത്തെ വൈദ്യുതി കൈകാര്യം ചെയ്യുന്ന രീതി നാലുപ്രാവശ്യം മാറിയിരിക്കുന്നു 1951 ൽ ഡൽഹി സംസ്ഥാന വൈദ്യുതി ബോർഡ് (DSEB) സ്ഥാപിച്ചു. പിന്നീട് ഇത് 1958 ൽ ഡൽഹി ഇലക്ട്രിസിറ്റി സപ്ലൈ അണ്ടർടേക്കിംഗ് ആയി മാറി. 1997 ഫെബ്രുവരിയിൽ ഡൽഹി വൈദ്യുത ബോർഡ് (Delhi Vidjut Board - DVB) നിലവിൽ വന്നു. ഇപ്പോൾ ഡൽഹിയിലെ വൈദ്യുതി വിതരണം രണ്ട് സ്വകാര്യ സ്ഥാപനങ്ങളാണ് കൈകാര്യം ചെയ്യുന്നത്, റിലയൻസ് എനർജി ലിമിറ്റഡും (BSES രാജധാനി പവർ ലിമിറ്റഡ് & BSES യമുന പവർ ലിമിറ്റഡ്) ടാറ്റാ പവർ ലിമിറ്റഡും (NDPL). ഏകദേശം 28 ലക്ഷം ഉപഭോക്താക്കൾക്ക് വൈദ്യുതി നൽകുന്നത് ഇവരാണ്. വൈദ്യുതി നിരക്കിന്റെ ഘടനയും മറ്റ് ക്രമീകരണത്തോട് ബന്ധപ്പെട്ട പ്രശ്നങ്ങളും നിരീക്ഷിക്കുന്നത് ഡൽഹി വൈദ്യുതി റഗുലേറ്ററി കമ്മിഷൻ (DERC) ആണ്. വൈദ്യുതി വിതരണം വലിയ തോതിൽ മെച്ചപ്പെടുമെന്നും ഉപഭോക്താക്കൾക്ക് വലിയ നേട്ടമുണ്ടാകുമെന്നും പ്രതീക്ഷിച്ചിരുന്നുവെങ്കിലും അനുഭവം തൃപ്തികരമായിരുന്നില്ല.

പ്രധാന കാരണം എന്നാണ്. പല ഇട ങ്ങളിലും വൈദ്യുതി മോഷ്ടിക്കപ്പെടുന്നതും SEB കളുടെ നഷ്ടം വർദ്ധിപ്പിക്കുന്നു.

മൂന്ന്, വൈദ്യുതിനിർമ്മാണരംഗത്ത് സ്വകാര്യ മേഖലയുടെ പങ്ക് ഇനിയും വൻതോതിൽ ഉയർത്തേണ്ടതുണ്ട്. അതുപോലെ തന്നെ വിദേശ നിക്ഷേപകരുടേതും.

നാല്, രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ടാകുന്ന ദീർഘനേരമുള്ള പവർകട്ടുകളും ഉയർന്ന വൈദ്യുതി ചാർജും പൊതുജനങ്ങളിൽ അസ്വാരസ്യം ഉണ്ടാക്കുന്നതിനും കാരണമാകുന്നു.

അഞ്ച്, ഇന്ത്യയിലെ ഊർജത്തിന്റെ മുഖ്യ ഉറവിടമായ താപവൈദ്യുത മേഖല, കൽക്കരിയുടേയും മറ്റ് അസംസ്കൃത വസ്തുക്കളുടേയും ലഭ്യത കുറവ് അനുഭവിക്കുന്നു.

ആയതിനാൽ തുടർച്ചയായുള്ള സാമ്പത്തിക വികസനവും ജനസംഖ്യാവർദ്ധനവും, ഇന്ന് ഇന്ത്യയിൽ ഉൽപാദിപ്പിക്കുന്നതിനേക്കാൾ കൂടുതൽ വൈദ്യുതി ആവശ്യമാക്കുന്നു. കൂടുതൽ പൊതുനിക്ഷേപം, കൂടുതൽ മെച്ചപ്പെട്ട ഗവേഷണവികസന ശ്രമങ്ങൾ, പര്യവേക്ഷണം, സാങ്കേതികമായ മികവും കണ്ടെത്തലുകളും, പുനരുൽപാദിപ്പിക്കാൻ കഴിയുന്ന ഊർജ ഉറവിടങ്ങളുടെ ഉപയോഗം തുടങ്ങിയവയിലൂടെ ഊർജത്തിന്റെ ലഭ്യത വർദ്ധിപ്പിക്കാം. വൈദ്യുതി വിതരണ മേഖലയിൽ, ഊർജ മേഖലയിലെ സ്ഥാപിതശേഷി വർദ്ധിപ്പിക്കുന്നതിനായുള്ള നിക്ഷേപങ്ങൾ നടത്തുന്നതിന് പകരം, ഊർജ മേഖല സ്വകാര്യവൽകരിക്കാനുള്ള ശ്രമങ്ങൾ നടത്തുകയാണ് സർക്കാർ ചെയ്യുന്നത്. (ബോക്സ് 8.2 കാണുക). കൂടാതെ വൈദ്യുതിക്ക് കൂടുതൽ വില ചുമത്തുവാനും അനുവദിച്ചു. ഇത് ചില മേഖലകളിൽ കടുത്ത ആഘാതമേല്പിച്ചു. (ബോക്സ് 8.3 കാണുക) ഇത് ശരിയായ ഒരു നയമാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ?

## 8.6 ആരോഗ്യം

ആരോഗ്യമെന്നത്, രോഗങ്ങളുടെ അഭാവം മാത്രമല്ല, ഒരാളുടെ ശേഷി തിരിച്ചറിയുന്നതിനുള്ള കഴിവുകൂടിയാണ്. ഒരാളുടെ ക്ഷേമത്തിന്റെ അളവുകോലാണിത്. ഒരു

**ബോക്സ് 8.3 ഊർജ്ജ സംരക്ഷണം: കോംപാക്ട് ഫ്ളൂറസന്റ് ലാമ്പു (CFL) കളെ പ്രോത്സാഹിപ്പിക്കൽ**

ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെ അഭിപ്രായത്തിൽ സി.എഫ്.എൽ ബൾബുകൾക്ക് സാധാരണ ബൾബുകളേക്കാൾ 80 ശതമാനം കുറവ് വൈദ്യുതി മാത്രമേ ആവശ്യമുള്ളൂ. ഇൻഡോ ഏഷ്യൻ എന്ന സി.എഫ്.എൽ നിർമ്മാതാവ് പറഞ്ഞതുപോലെ പത്ത് ലക്ഷം 100 W ബൾബുകൾക്ക് പകരം 20 W സി.എഫ്.എൽ ബൾബുകൾ ഉപയോഗിച്ചാൽ നമുക്ക് 80 മെഗാവാട്ട് (MW) വൈദ്യുതി ലാഭിക്കാൻ കഴിയും. ഇതിലൂടെ 400 കോടി രൂപ നമുക്ക് നേട്ടമുണ്ടാക്കാൻ കഴിയും.

*ഉറവിടം:* 'യൂസ് കോമൺസെൻസ് ടു സോൾവ് പവർ ക്രൈസിസ് ' നരേഷ് മിനോച്ച, തെഹൽക്ക, ഒക്ടോബർ 1, 2005.

## പഠന പ്രവർത്തനങ്ങൾ

നിങ്ങളുടെ വീട്ടിൽ ഏതുതരം ഊർജമാണ് ഉപയോഗിക്കുന്നത്? വ്യത്യസ്ത ഊർജങ്ങൾക്കായി എത്രരൂപ ചെലവഴിക്കുന്നുവെന്ന് രക്ഷിതാക്കളോട് ചോദിച്ചു കണ്ടുപിടിക്കുക. ആരാണ് നിങ്ങൾക്ക് ഊർജം പ്രദാനം ചെയ്യുന്നത്? എവിടെയാണ് അത് ഉൽപാദിപ്പിക്കപ്പെടുന്നത്? നിങ്ങളുടെ വീട്ടിൽ വെളിച്ചം ലഭിക്കുന്നതിനും ഭക്ഷണം പാകംചെയ്യുന്നതിനും ദീർഘദൂരയാത്രകൾക്കുമെല്ലാം സഹായകരമായ ചിലവുകുറഞ്ഞ ബദൽ ഊർജ്ജ ഉറവിടങ്ങളെ കുറിച്ച് നിങ്ങൾക്ക് ചിന്തിക്കാമോ?

താഴെക്കൊടുത്തിരിക്കുന്ന പട്ടിക പരിശോധിക്കുക. വികസനത്തിന്റെ ഫലപ്രദമായ ഒരു സൂചകമാണ് ഊർജ്ജ ഉപഭോഗം എന്ന് നിങ്ങൾ കരുതുന്നുണ്ടോ?

| രാജ്യം | 2015 ലെ ആളോഹരി വരുമാനം (PPP) (യുഎസ് ഡോളറിൽ) | 2013 ലെ ആളോഹരി ഊർജ ഉപഭോഗം (കിലോഗ്രാം എണ്ണയ്ക്ക് തുല്യമായത്) |
|---|---|---|
| ഇന്ത്യ | 3,840 | 585 |
| ഇന്തോനേഷ്യ | 4,810 | 864 |
| ഈജിപ്ത് | 6,640 | 938 |
| യു.കെ. | 36,880 | 3,252 |
| ജപ്പാൻ | 36,290 | 3,898 |
| യു.എസ്.എ | 50,610 | 7,165 |

**ഉറവിടം:** വേൾഡ് ഡെവലപ്മെന്റ് ഇൻഡിക്കേറ്റർസ്. www.worldbank.org

* നിങ്ങളുടെ പ്രദേശത്ത്/സംസ്ഥാനത്ത് വൈദ്യുതി വിതരണം ചെയ്യുന്നത് എങ്ങിനെ? നിങ്ങളുടെ നഗരത്തിലെ മൊത്തം വൈദ്യുതി ആവശ്യകത കണ്ടെത്തുക. എങ്ങിനെയാണ് അത് കണ്ടെത്തുന്നത്?
* വൈദ്യുതിയും മറ്റ് ഊർജവും സംരക്ഷിക്കുന്നതിനുള്ള വിവിധ രീതികൾ ഉപയോഗിക്കുന്നത് നിങ്ങൾ ശ്രദ്ധിച്ചിരിക്കും. ഉദാഹരണമായി ഗ്യാസ് ഉപയോഗിക്കുമ്പോൾ കാര്യക്ഷമമായും മിതമായും ഉപയോഗിക്കുന്നതിനെക്കുറിച്ച് ഗ്യാസ് ഏജൻസികൾ നിർദേശം നൽകാറുണ്ട്. നിങ്ങളുടെ രക്ഷിതാക്കളോടും മുതിർന്നവരോടും ഇത് ചർച്ച ചെയ്യുക. പറയുന്ന കാര്യങ്ങൾ എഴുതിയെടുക്കുക ക്ലാസ്സിൽ ചർച്ച ചെയ്യുക.

രാഷ്ട്രത്തിന്റെ സമ്പൂർണമായ വളർച്ച യോടും വികസനത്തോടും ബന്ധപ്പെട്ട സമഗ്രമായ ഒരു പ്രക്രിയയാണ് ആരോഗ്യം. ഇരുപതാം നൂറ്റാണ്ടിൽ മുമ്പൊരിക്കലും ഇല്ലാത്ത രീതിയിൽ ആരോഗ്യരംഗത്ത് ആഗോള തലത്തിൽ മാറ്റം നടന്നിട്ടുണ്ട്. എങ്കിലും, ഒരു രാജ്യത്തിന്റെ ആരോഗ്യപര മായ അവസ്ഥ ഒരു കൂട്ടം അളവുകോലി ലൂടെ പറയുക പ്രയാസമാണ്. പൊതുവെ ശിശു മരണനിരക്ക് (Infant Mortaltiy Rate), മാതൃമരണനിരക്ക് (Maternal Mortaltiy Rate), ആയൂർദൈർഘ്യം (Life Expectancy), പോഷകാഹാര നിലവാരം (Nturitional Levels), പകരുന്നതും അല്ലാത്ത തുമായ അസുഖങ്ങളുടെ (Communicable and Non-communicable Diseases) സാന്നിദ്ധ്യം തുടങ്ങിയ സൂചകങ്ങൾ പരിഗ ണിച്ചു കൊണ്ടാണ് ജനതയുടെ ആരോഗ്യ ത്തെ വിദഗ്ധർ അളക്കുന്നത്.

ഒരു രാജ്യത്ത് ചരക്ക് സേവനങ്ങൾ ഉൽപാദി പ്പിക്കാനവശ്യമായ ആരോഗ്യത്തോ ടെയുള്ള മനുഷ്യ വിഭവശേഷി ഉറപ്പുനൽ കുന്നത് ആരോഗ്യ പശ്ചാത്തല സൗകര്യ ങ്ങളുടെ വികാസമാണ്. ആരോഗ്യരക്ഷാ സൗകര്യങ്ങൾ ജനങ്ങൾക്ക് അർഹതപ്പെട്ട താണെന്ന് വിദഗ്ദർ വാദിക്കുന്നു. സമീപ കാലത്തായി ആരോഗ്യകരമായ ജീവിതാ വകാശം ഉറപ്പു നൽകേണ്ടത് സർക്കാരുക ളുടെ ഉത്തരവാദിത്തമാണ്. ആശുപത്രികൾ, ഡോക്ടർമാർ, നഴ്സുമാർ, മറ്റ് പാരാമെഡി ക്കൽ പ്രൊഫഷണലുകൾ, കിടക്കകൾ, ആശുപത്രി ഉപകരണങ്ങൾ, മെച്ചപ്പെട്ട ഔഷധ നിർമ്മാണ വ്യവസായം തുടങ്ങിയ വയെല്ലാം ഉൾപ്പെടുന്നതാണ് ആരോഗ്യ പശ്ചാത്തല സൗകര്യങ്ങൾ. ആരോഗ്യമുള്ള ജനതക്ക് ആരോഗ്യ പശ്ചാത്തല സൗകര്യ ങ്ങളുടെ സാന്നിദ്ധ്യം മാത്രം പോരാ അവ എല്ലാവർക്കും പ്രാപ്യമായിരിക്കുകയും വേണം. നൽകാൻ പണമില്ലാത്ത കാരണ ത്താൽ, രോഗം ഭേദമാക്കുന്നതിനോ പ്രതി രോധിക്കുന്നതിനോ ആവശ്യമായ ആരോ ഗ്യരക്ഷാ സൗകര്യങ്ങൾ ഓരോ വ്യക്തി ക്കും ലഭിക്കുന്നതിൽ യാതൊരു വിധ വീഴ്ചയും സംഭവിക്കരുതെന്ന് ആസൂത്രണ ത്തിന്റെ ആദ്യ ഘട്ടം മുതൽ തന്നെ നമ്മുടെ നയം രൂപീകരിച്ചവർ വിഭാവനം ചെയ്തി രുന്നു. ഈ ലക്ഷ്യം നേടിയെടുക്കുന്നതിൽ നാം വിജയിച്ചിട്ടുണ്ടോ? വിവിധ തരത്തി ലുള്ള ആരോഗ്യ പശ്ചാത്തല സൗകര്യങ്ങ ളെക്കുറിച്ച് പഠിക്കുന്നതിനു മുമ്പായി ഇന്ത്യയിലെ ആരോഗ്യത്തിന്റെ അവസ്ഥ യെക്കുറിച്ച് നമുക്ക് നോക്കാം.

**ആരോഗ്യ പശ്ചാത്തല സൗകര്യങ്ങളുടെ അവസ്ഥ (State of Health Infrastructure)**: ആരോഗ്യ വിദ്യാഭ്യാസം, ഭക്ഷണത്തിൽ മായം ചേർക്കൽ, മരുന്നുകളും വിഷങ്ങളും, ആരോഗ്യമേഖലയിലെ ജോലി, ജനന മരണ വിവാഹ സംബന്ധിയായ സ്ഥിതി വിവര കണക്കുകൾ (Vital Statistics), മാനസിക വളർച്ചക്കുറവ്, ചിത്തഭ്രമം തുട ങ്ങിയ ആരോഗ്യപരമായ പ്രശ്നങ്ങൾ നിയ ന്ത്രിക്കുകയും ആവശ്യമായ മാർഗ നിർ ദേശങ്ങൾ നൽകുകയും ചെയ്യേണ്ടത് സർ ക്കാരിന്റെ ഭരണഘടനാപരമായ കടമയാണ്. കേന്ദ്ര സർക്കാർ, കേന്ദ്ര ആരോഗ്യ കുടും ബക്ഷേമ സമിതി (Cetnral Council for Health and Family Welfare) യിലൂടെ വിവിധങ്ങളായ നയങ്ങളും പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരു ന്നു. സംസ്ഥാനങ്ങൾക്കും കേന്ദ്ര ഭരണ പ്രദേശങ്ങൾക്കും മറ്റ് സ്ഥാപനങ്ങൾക്കും രാജ്യത്തെ പ്രധാനപ്പെട്ട ആരോഗ്യ പദ്ധ



*ചിത്രം 8.9 രാജ്യത്തിന്റെ ഏറിയ ഭാഗങ്ങളിലും ആരോഗ്യ പശ്ചാത്തലസൗകര്യങ്ങളുടെ അഭാവമുണ്ടെന്ന് കാണുന്നു.*

തികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ സാങ്കേതികവും സാമ്പത്തികവുമായ സഹായം നൽകുകയും വിവരങ്ങൾ ശേഖരിക്കകയും ചെയ്യുന്നത് ഇവരാണ്.

ഇന്ത്യക്ക് കാലാകാലങ്ങളായി വളരെ വിശാലമായ ആരോഗ്യ പശ്ചാത്തല സൗകര്യങ്ങളും, വ്യത്യസ്ത തലങ്ങളിലുള്ള മനുഷ്യ വിഭവവും വളർത്തിയെടുക്കാൻ സാധിച്ചിട്ടുണ്ട്. പ്രാഥമികരോഗ്യകേന്ദ്രങ്ങൾ (PHCs) എന്നറിയപ്പെടുന്ന വിവിധ തരത്തിലുള്ള ആശുപത്രികൾ ഗ്രാമീണ തലത്തിൽ തന്നെ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. (ബോക്സ് 8.5 കാണുക). അതു പോലെ സ്വകാര്യ മേഖലയിലും, പല സന്നദ്ധ സംഘടനകൾ നടത്തുന്നതുമായ ധാരാളം ആശുപത്രികളും ഇവിടെയുണ്ട്. മെഡിക്കൽ കോളേജുകളിലും, ഫാർമസി കോളേജുകളിലും നഴ്സിംഗ് കോളേജുകളിലും പരിശീലിച്ച വിദഗ്ധരാണ് ഈ ആശുപത്രികളിലെല്ലാം പ്രവൃത്തിയെടുക്കുന്നത്.

സ്വാതന്ത്ര്യത്തിനുശേഷം ആരോഗ്യ ആരോഗ്യമേഖലയിലെ ഭൗതിക സാഹചര്യങ്ങളിൽ എടുത്തു പറയത്തക്ക വികാസം ഉണ്ടായിട്ടുണ്ട്. 1951–2013 വരെ സർക്കാർ ആശുപത്രികളുടേയും ഡിസ്പെൻസറികളുടേയും എണ്ണം 9,300 ൽ നിന്ന് 44,000 ആയി ഉയർന്നു. ആശുപത്രി കിടക്കകളുടെ എണ്ണം 1.2–ൽ നിന്ന് 6.3 ലക്ഷമായി ഉയർന്നു. ഈ കാലയളവിൽ നഴ്സുമാരുടെ എണ്ണം 0.18ൽ നിന്നും 23.44 ലക്ഷമായും അലോപ്പതി ഡോക്ടർമാരുടെ എണ്ണം 0.62–ൽ നിന്നും 9.2 ലക്ഷമായും ഉയർന്നു ആരോഗ്യ പശ്ചാത്തലസൗകര്യങ്ങളുടെ വികസനഫലമായി വസൂരി, ഞരമ്പു വ്രണം, എന്നീ രോഗങ്ങൾ ഉന്മൂലനം ചെയ്യുന്നതിനും കുഷ്ഠരോഗം,

**പട്ടിക 8.3 ഇന്ത്യയിലെ പൊതുജനാരോഗ്യ പശ്ചാത്തല സൗകര്യങ്ങൾ (1951-2010)**

| ഇനം | 1951 | 1981 | 2000 | 2008–10 |
|---|---|---|---|---|
| ആശുപത്രികൾ | 2,694 | 6,805 | 15,888 | 12,760* |
| കിടക്കകൾ | 1,17,000 | 504,538 | 7,19,861 | 5,76,793* |
| ഡിസ്പൻസറികൾ | 6,600 | 16,745 | 23,065 | 24,465 |
| പി.എച്ച്.സികൾ | 725 | 9,115 | 22,842 | 23,458 |
| ഉപ കേന്ദ്രങ്ങൾ | – | 84,736 | 1,37,311 | 1,45,894 |
| സി.എച്ച്.സി.കൾ | – | 761 | 3,043 | 4,510 |

*ഉറവിടം:* സ്ഥൂലസാമ്പത്തിക ശാസ്ത്രത്തിനും ആരോഗ്യത്തിനുമായുള്ള ദേശീയ കമ്മീഷൻ, ആരോഗ്യകുടുംബക്ഷേമ മന്ത്രാലയം, ഭാരത സർക്കാർ, ന്യൂഡൽഹി 2005 ഉം വിവിധ വർഷങ്ങളിലെ നാഷണൽ ഹെൽത്ത് പ്രൊഫൈൽ, 2010. www.cbhidghs.nic.in.

പോളിയോ എന്നിവയെ ഏതാണ്ട് ഇല്ലാതാക്കുന്നതിനും കാരണമായി.

**സ്വകാര്യ മേഖലയിലെ ആരോഗ്യ പശ്ചാത്തലസൗകര്യങ്ങൾ (Private Sector Health Infrastracture)**: ചരക്കുകളും സേവനങ്ങളും വിതരണം ചെയ്യുന്ന കാര്യത്തിൽ പൊതുമേഖല അത്ര വിജയമല്ല. എന്നാൽ സ്വകാര്യ മേഖല ഈ രംഗത്ത്കുതിച്ചു കയറുകയാണ്. ഇന്ത്യയിലെ 70 ശതമാനത്തിലേറെ ആശുപത്രികളും സ്വകാര്യ മേഖലയിലാണ്. ലഭ്യമായ ആശുപത്രി കിടക്കകളിൽ അഞ്ചിൽ രണ്ട് ഭാഗത്തോളം സ്വകാര്യ മേഖലയുടെ നിയന്ത്രണത്തിലാണ്. 60ശതമാനത്തോളം ഡിസ്പെൻസറികളും (Dispensaries) സ്വകാര്യ മേഖലയിൽ തന്നെയാണ്. കിടത്തി ചികിത്സിക്കുന്നവരുടെ 46 ശതമാനത്തിനും അല്ലാത്തവരുടെ 80 ശതമാനത്തിനും ആരോഗ്യരക്ഷാ സംവിധാനങ്ങൾ നൽകുന്നത് സ്വകാര്യ മേഖലയാണ്.


ഈയടുത്ത കാലത്ത് വൈദ്യശാസ്ത്ര വിദ്യാഭ്യാസത്തിലും പരിശീലനത്തിലും വൈദ്യശാസ്ത്ര സാങ്കേതിക വിദ്യയിലും രോഗനിർണയത്തിലും ഔഷധങ്ങളുടെ നിർമ്മാണത്തിലും വിൽപനയിലും, ആശുപത്രി നിർമ്മാണം, വൈദ്യശാസ്ത്ര സേവനങ്ങൾ നൽകൽ തുടങ്ങിയ മേഖലകളിലുമെല്ലാം സ്വകാര്യ മേഖലക്കാണ് ആധിപത്യം. 2001–02 ൽ 13 ലക്ഷത്തിലധികം വൈദ്യശാസ്ത്ര സംരംഭങ്ങളും അവയിൽ ജോലിയെടുക്കുന്ന 22 ലക്ഷം ആളുകളുമുണ്ടായിരുന്നു. ഇതിൽ 80 ശതമാനത്തി

### ബോക്സ് 8.5 ഇന്ത്യയിലെ ആരോഗ്യ സമ്പ്രദായം (Health System in India)

ഇന്ത്യയിലെ ആരോഗ്യ പശ്ചാത്തല സൗകര്യങ്ങളും ആരോഗ്യരക്ഷയും ത്രിതല സമ്പ്രദായത്തിൽ ഉള്ളതാണ് പ്രാഥമികം, ദ്വിതീയം, ത്രിതീയം. ആരോഗ്യരക്ഷയിൽ ഉൾപ്പെടുന്നത് നിലവിലുള്ള ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചും അവയെ തിരിച്ചറിയുന്ന തിനുമുള്ള വിദ്യാഭ്യാസം, അവയെ തടയുകയും നിയന്ത്രിക്കുകയും ചെയ്യുക, ഭക്ഷണലഭ്യത മെച്ചപ്പെടുത്തുക, ശരിയായ പോഷകാഹാരം ലഭ്യമാക്കുക, ആവശ്യമായ ജലലഭ്യതയും, ശുചീകരണ സൗകര്യങ്ങളും ഉറപ്പുവരുത്തുക, മാതൃശിശു ആരോഗ്യ സുരക്ഷ, മുഖ്യമായ സാംക്രമികരോഗങ്ങളിൽ നിന്നും ക്ഷതങ്ങളിൽ നിന്നും ഉള്ള പ്രതിരോധം, മാനസികാരോഗ്യ പരിരക്ഷ, അവശ്യ മരുന്നുകളുടെ ലഭ്യത എന്നിവയാണ്. ഗ്രാമപ്രദേശങ്ങളിൽ പ്രാഥമിക ആരോഗ്യ പരിരക്ഷ നൽകുന്നത് പ്രസവശുശ്രൂഷ പരിചാരിക (Auxiliary Nursing Midwife - ANM) യാണ്. പ്രാഥമിക ആരോഗ്യ പരിരക്ഷ നൽകുന്നതിന് ഗ്രാമപ്രദേശങ്ങളിലും ചെറു പട്ടണങ്ങളിലും ആശുപത്രികൾ സ്ഥാപിച്ചിട്ടുണ്ട്. അവിടെ ഒരു ഡോക്ടറും ഒരു നഴ്സും പരിമിതമായ അളവിൽ മരുന്നുകളും ലഭ്യമായിരിക്കും. അവ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ (PHCs), സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ (CHCs), ആരോഗ്യ ഉപകേന്ദ്രങ്ങൾ (Sub Cetnres) എന്നിവയാണ്. ഒരു രോഗിയുടെ അവസ്ഥ പി.എച്ച്.സി.കളിൽ കൈകാര്യം ചെയ്യാൻ കഴിയാത്തതാണ് എങ്കിൽ ആ രോഗിയെ ദ്വിതീയ അല്ലെങ്കിൽ തൃതീയ ആശുപത്രി വിഭാഗങ്ങളിലേക്ക് ശുപാർശ ചെയ്യും. ശസ്ത്രക്രിയ, എക്സ്റേ, ഇ.സി.ജി. തുടങ്ങിയവയ്ക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങളുള്ളതാണ് ദ്വിതീയ തല ആരോഗ്യരക്ഷാ സ്ഥാപനങ്ങൾ.



*A health awareness meeting in*



അവ പ്രാഥമിക ആരോഗ്യരക്ഷാദായകരായും കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങൾ നൽകുന്നവരായും പ്രവർത്തിക്കുന്നു. ഇവയിൽ ഭൂരിഭാഗവും ജില്ല ആസ്ഥാനങ്ങളിലും വലിയ നഗരങ്ങളിലും ആണ് പ്രവർത്തിക്കുന്നത്. പ്രാഥമിക ദ്വിതീയ വിഭാഗങ്ങളിലെ ആശുപത്രികൾക്ക് ഏറ്റെടുക്കാൻ സാധിക്കാത്ത എല്ലാ സങ്കീർണ്ണമായ ആരോഗ്യ പ്രശ്നങ്ങളും ഏറ്റെടുക്കാൻ കഴിവുള്ള അത്യാധുനിക ചികിത്സാ ഉപകരണങ്ങളും മരുന്നുകളും ലഭ്യമാകുന്ന ആശുപത്രികളും ആണ് തൃതീയ മേഖലയിൽ പെടുന്നത്.

തൃതീയ മേഖലയിൽ ധാരാളം മികച്ച സ്ഥാപനങ്ങൾ ഉൾപ്പെടുന്നു. ഇവ ഗുണമേന്മയുള്ള വൈദ്യശാസ്ത്ര വിദ്യാഭ്യാസവും ഗവേഷണ സൗകര്യങ്ങളും ഒരുക്കുന്നതോടൊപ്പം സവിശേഷമായ ആരോഗ്യരക്ഷാ സംവിധാനങ്ങൾ

കൂടി നൽകുന്നു. ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് (AIMS), ന്യൂഡൽഹി, പോസ്റ്റ് ഗ്രാജുവേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ചണ്ഡീഗഢ്, ജവഹർലാൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പോസ്റ്റ് ഗ്രാജുവേറ്റ് മെഡിക്കൽ എജുക്കേഷൻ ആന്റ് റിസർച്ച് (JIPMER) പോണ്ടിച്ചേരി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റൽ ഹെൽത്ത് ആൻഡ് ന്യൂറോസയൻസസ് (NIMHANS) ബാംഗ്ലൂർ, ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹൈജീൻ ആന്റ് പബ്ലിക് ഹെൽത്ത് കൊൽക്കത്ത എന്നിവ അവയിൽ ചിലതാണ്.

*ഉറവിടം :* സ്ഥൂലസാമ്പത്തിക ശാസ്ത്രവും ആരോഗ്യവും സംബന്ധിച്ച ദേശീയ കമ്മീഷന്റെ റിപ്പോർട്ട്, 2005.

ലധികവും ഒരു വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതോ അല്ലെങ്കിൽ അവ നടത്തിക്കൊണ്ട് പോകുന്നതിന് പേരിന് ഒരു വ്യക്തിയെ തൊഴിലിന് വെച്ചിട്ടുള്ളതോ ആയ സ്ഥാപനങ്ങളാണ്. ഇന്ത്യയിലെ സ്വകാര്യ ആരോഗ്യ മേഖല വളർന്നത് സ്വതന്ത്രമായിട്ടാണ് എന്നാണ്. വിദഗ്ധർ അഭിപ്രായപ്പെടുന്നത് വലിയ നിയന്ത്രണങ്ങളൊന്നും അവക്കുണ്ടായിരുന്നില്ല. ചില സ്വകാര്യഡോക്ടർമാർക്ക് രജിസ്ട്രേഷൻ പോലും ഉണ്ടായിരുന്നില്ല. ഇവരെ വ്യാജ ഡോക്ടർമാർ എന്ന് വിളിക്കുന്നു.

1990 മുതൽ ഉദാരവത്കരണ നടപടികളുടെ ഫലമായി, വിദേശ ഇന്ത്യക്കാരും വ്യവസായികളും ഔഷധ കമ്പനികളും അത്യാധുനിക സൗകര്യങ്ങളോട് കൂടിയ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾ ആരംഭിച്ചു. ഇന്ത്യയിലെ സമ്പന്നരേയും മെഡിക്കൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായിരുന്നു

### ബോക്സ് 8.6 ആരോഗ്യ വിനോദ സഞ്ചാരം ഒരു മെച്ചപ്പെട്ട അവസരം (Medical, Tourism - A Great opportuntiy)

ശസ്ത്രക്രിയകൾക്കും, കരൾ മാറ്റി വെക്കുന്നതിനും ദന്തചികിത്സയ്ക്കും സൗന്ദര്യ സംരക്ഷണത്തിനായി പോലും വിദേശികൾ കൂട്ടത്തോടെ ഇന്ത്യയിലേക്ക് വരുന്നതായി ഒരു പക്ഷേ, ടെലിവിഷനിൽ നിന്നും പത്രവാർത്തകളിൽ നിന്നും നിങ്ങൾ അറിഞ്ഞുകാണും. എന്തുകൊണ്ടാണിത്? നമ്മുടെ ആരോഗ്യരക്ഷ സംവിധാനങ്ങൾ യോഗ്യരായ വിദഗ്ധ ഡോക്ടർമാരും അത്യാധുനിക ചികിത്സാ സംവിധാനങ്ങളും കൂടിച്ചേർന്നതായതിനാലും ഇതേ ചികിത്സയ്ക്കായി സ്വന്തം രാജ്യത്ത് നൽകേണ്ടി വരുന്നതിനേക്കാൾ കുറഞ്ഞ ചെലവിലാണ് ഇവിടെ ചികിത്സ ലഭിക്കുന്നത് എന്നതിനാലുമാണ് ഇത്. 2004-05 ൽ 1,50,000 ത്തിലധികം വിദേശികൾ വൈദ്യശാസ്ത്ര പരിചരണത്തിനായി ഇന്ത്യയിലെത്തി. ഈ സംഖ്യ ഓരോ വർഷവും 15% കണ്ട് ഉയരുന്നു. വിദഗ്ധരുടെ അഭിപ്രായത്തിൽ 2012 ആകുമ്പോഴേക്കും ആരോഗ്യ വിനോദസഞ്ചാരത്തിലൂടെ 10,000 കോടി രൂപയിലധികം സമ്പാദിക്കാൻ സാധിക്കും. കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി ആരോഗ്യ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്.

ഇത്. (ബോക്സ് 8.6 കാണുക). ഇന്ത്യയിലെ ഭൂരിഭാഗം പേർക്കും അത്യാധുനിക സൗകര്യങ്ങളോട് കൂടിയ (Super Specialty) ആശുപത്രികൾ പ്രാപ്യമാണോ? നിങ്ങൾ എന്ത് കരുതുന്നു? ഇല്ലെങ്കിൽ എന്തുകൊണ്ട്? ഓരോ ഇന്ത്യക്കാരനും മാന്യമായ ആരോഗ്യരക്ഷാ സൗകര്യങ്ങൾ ലഭിക്കുന്നതിന് എന്താണ് ചെയ്യേണ്ടത്?

**ഇന്ത്യയിലെ വൈദ്യശാസ്ത്ര സമ്പ്രദായങ്ങൾ (Indian Systems of Medicine – ISM)** : ആയുർവേദ, യോഗ, യുനാനി, സിദ്ധ, പ്രകൃതിചികിത്സ, ഹോമിയോപതി, (AYUSH) എന്നീ 6 സമ്പ്രദായങ്ങൾ ചേർന്നതാണ് ഇന്ത്യയിലെ വൈദ്യശാസ്ത്ര സമ്പ്രദായം. ഇപ്പോൾ 3,167 ISM ആശുപത്രികൾ 26,000 ഡിസപെൻസറികൾ (Dispensaries), രജിസ്റ്റർ ചെയ്ത 7ലക്ഷം ചികിത്സകർ എന്നിവ ഇവിടെയുണ്ട്. എന്നാൽ ഈ മേഖലയിലെ വിദ്യാഭ്യാസത്തിനും ഗവേഷണത്തിനും നിശ്ചിത മാനദണ്ഡം നൽകാനുള്ള ഒരു ചട്ടക്കൂട് വികസിപ്പിക്കാനായി ഒന്നും ചെയ്തിട്ടില്ല. ISM ന് വളരെയധികം സാദ്ധ്യതകളുണ്ട്. അവ ഫലപ്രദവും സുരക്ഷിതവും ചെലവ് കുറഞ്ഞതുമാകയാൽ നമ്മുടെ ആരോഗ്യ പ്രശ്നങ്ങൾ ഒരു വലിയ അളവ് വരെ പരിഹരിക്കാൻ സാധിക്കും.

**ബോക്സ് 8.7 സാമൂഹ്യ സംഘടനകളും ലാഭേച്ഛ ഇല്ലാത്ത സ്ഥാപനങ്ങളും ആരോഗ്യ സംരക്ഷണത്തിൽ (Communtiy and Non profit Organisations in Healthcare)**

ഒരു നല്ല ആരോഗ്യ രക്ഷാ സമ്പ്രദായത്തിന്റെ പ്രധാന ഘടകം സാമൂഹിക പങ്കാളിത്തമാണ്. ജനങ്ങൾക്ക് പ്രാഥമിക ആരോഗ്യ സമ്പ്രദായങ്ങളിൽ പങ്കാളിത്തവും പരിശീലനവും ലഭിക്കുന്നതിലൂടെയാണ് ഇത് പ്രവർത്തിക്കുക. നമ്മുടെ രാജ്യത്തിന്റെ ചില ഭാഗങ്ങളിൽ ഈ രീതി മുമ്പുതന്നെ ആരംഭിച്ചിട്ടുണ്ട്. അഹമ്മദാബാദിലെ സേവ (SEWA), നീലഗിരിയിലെ അക്കോർഡ് (ACCORD) എന്നിവ ഇന്ത്യയിൽ പ്രവർത്തിക്കുന്ന ഇത്തരത്തിലുള്ള ചില സർക്കാരിതര സംഘടന (NGO) കൾക്ക് ഉദാഹരണങ്ങളാണ്. തൊഴിലാളി സംഘടനകൾ അവയുടെ അംഗങ്ങൾക്കായി ബദൽ ആരോഗ്യരക്ഷാ സേവനങ്ങൾ നടപ്പിലാക്കുകയും തൊട്ടടുത്ത ഗ്രാമങ്ങളിലുള്ളവർക്ക് ചെലവുകുറഞ്ഞ ആരോഗ്യരക്ഷാ സംവിധാനങ്ങൾ നൽകുകയും ചെയ്യുന്നു. ഈ രംഗത്തെ ഏറ്റവും പ്രസിദ്ധമായതും മുൻപന്തിയിൽ നിൽക്കുന്നതുമാണ്, 1983-ൽ സ്ഥാപിച്ചതും മധ്യപ്രദേശിലെ ദുർഗിൽ (Durg) ഛത്തീസ്ഗഡ് മൈൻസ് ശ്രമിക് സംഘ് (CMSS) നടത്തി വരുന്നതുമായ ഷാഹിദ് ആശുപത്രി. ഗ്രാമങ്ങളിൽ ആരോഗ്യരക്ഷാ സൗകര്യങ്ങൾ ഒരുക്കുന്നതിനായി കുറച്ച് ഉദ്യമങ്ങൾ കൂടി നടന്നിട്ടുണ്ട്. മഹാരാഷ്ട്രയിലെ താനെ. ഉദാഹരണം ഇവിടെ പട്ടികവർഗ വിഭാഗങ്ങളിലെ സംഘടനകൾ' കഷ്ടകാരി സംഘാതൻ (Kashtakari Sanghathan) എന്ന സംഘടന സാധാരണ അസുഖങ്ങൾക്ക് ഏറ്റവും കുറഞ്ഞ ചെലവിൽ ചികിത്സിക്കുന്നതിനായി ഗ്രാമങ്ങളിലെ സ്ത്രീ ആരോഗ്യരക്ഷ പ്രവർത്തകർക്ക് പരിശീലനം നൽകുന്നു

*പട്ടിക 8. 4*

**ഇന്ത്യയുടെയും മറ്റ് രാജ്യങ്ങളിലേയും ആരോഗ്യസൂചകങ്ങൾ 2013 (Health Indicators in India and other coutnries, 2013)**

| സൂചകങ്ങൾ | ഇന്ത്യ | ചൈന | യു. എസ്. എ. | ശ്രീലങ്ക |
|---|---|---|---|---|
| ശിശുമരണനിരക്ക്/1000 ജനനങ്ങളിൽ | 47 | 13 | 6.4 | 10.5 |
| അഞ്ചുവയസ്സിൽ താഴെയുള്ള കുട്ടികളുടെ മരണനിരക്ക്/1000 ജനനങ്ങളിൽ | 61.3 | 14.6 | 7.5 | 12.2 |
| വിദഗ്ധരുടെ മേൽനോട്ടത്തിലുള്ള പ്രസവം (ശതമാനത്തിൽ) | 53 | 99 | 99 | 99 |
| രോഗപ്രതിരോധ കുത്തിവെപ്പ് എടുത്തകുട്ടികൾ (%) | 72 | 99 | 99 | 99 |
| ആരോഗ്യച്ചെലവ് ജിഡിപിയുടെ ശതമാനത്തിൽ | 3.9 | 5.2 | 17.9 | 3.4 |
| മൊത്തം സർക്കാർ ചെലവിൽ ആരോഗ്യ മേഖലയുടെ വിഹിതം ശതമാനത്തിൽ | 4.4 | 10.3 | 18.7 | 7.9 |
| മൊത്തം സ്വകാര്യ ആരോഗ്യ ചെലവിൽ വ്യക്തികളുടെ കയ്യിൽ നിന്നും ചെലവാകുന്ന തുക. | 86 | 79 | 21 | 83 |

**ഉറവിടം: ലോക ആരോഗ്യ സ്ഥിതി വിവരക്കണക്കുകൾ 2016 www.worldbank.org.**

**ആരോഗ്യ വ്യവസ്ഥ: ഒരു വിമർശനാത്മക വിലയിരുത്തൽ**

മുൻപ് പറഞ്ഞതുപോലെ ഒരു രാജ്യത്തിന്റെ ആരോഗ്യസ്ഥിതി വിലയിരുത്തേണ്ടത് ശിശുമരണനിരക്ക്, പ്രസവാനന്തര മരണനിരക്ക്, ആയൂർദൈർഘ്യം, പോഷകാഹാര നിലവാരം, പകരുന്നതും അല്ലാത്തതുമായ രോഗങ്ങളുടെ സാന്നിദ്ധ്യം തുടങ്ങിയ സൂചകങ്ങൾ നോക്കിയാണ്. ചില ആരോഗ്യ സൂചകങ്ങളും അതിൽ ഇന്ത്യയുടെ സ്ഥാനവും പട്ടിക 8.4-ൽ നൽകിയിരിക്കുന്നു. വിദഗ്ദരുടെ അഭിപ്രായത്തിൽ ആരോഗ്യമേഖലയിൽ സർക്കാരിന് വലിയ പങ്കാണുള്ളത്. ഉദാഹരണത്തിന്, ആരോഗ്യരംഗത്തെ ചെലവ് ജി.ഡി.പി യുടെ 4.7 ശതമാനമാണ്. മറ്റ് വികസിത-വികസ്വര രാജ്യങ്ങളോട് താരതമ്യം ചെയ്യുമ്പോൾ ഇത് നിരാശജനകമാം വിധം താഴ്ന്നതാണ്.

ഒരു പഠനം പറയുന്നത് ലോക ജനസംഖ്യയുടെ 17 ശതമാനത്തോളം മാത്രമുള്ള ഇന്ത്യയിൽ ഭയാനകമായ രീതിയിൽ 20 ശതമാനം ആഗോള രോഗ ഭാരം (Global Burden of Disease – GBD) ഉണ്ട്. ഒരു

## പഠന പ്രവർത്തനങ്ങൾ

നിങ്ങളുടെ പ്രദേശത്തോ പരിസരങ്ങളിലോ ഉള്ള ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രം സന്ദർശിക്കുക. അതുപോലെ സ്വകാര്യആശുപത്രികളുടേയും മെഡിക്കൽ ലബോറട്ടറികളുടേയും സ്കാനിങ് കേന്ദ്രങ്ങളുടേയും മരുന്ന് കടകളുടേയും മറ്റ് സൗകര്യങ്ങളുടേയും വിവരങ്ങൾ ശേഖരിക്കുക.

* നമ്മുടെ മെഡിക്കൽ കോളേജുകളിൽ നിന്ന് ഓരോ വർഷവും പഠിച്ചിറങ്ങുന്ന ആയിരക്കണക്കിന് മെഡിക്കൽ ബിരുദധാരികളുണ്ടല്ലോ. ഇവരുടെ സേവനം പ്രതിഫലം നൽകി പ്രയോജനപ്പെടുത്തുവാൻ ശേഷിയില്ലാത്ത പാവങ്ങളെ സഹായിക്കുവാനായി പ്രസവ പരിചാരകരുടെ ഒരു സംഘം രൂപീകരിക്കാമോ. ഈ വിഷയത്തിൽ ക്ലാസ്സിൽ ഒരു സംവാദം സംഘടിപ്പിക്കുക.

* ചികിത്സ ചെലവ് കൊണ്ട് മാത്രം ഓരോ വർഷവും ജനസംഖ്യയുടെ 2.2 ശതമാനം പേർ ദാരിദ്ര്യ രേഖക്ക് താഴേക്ക് തള്ളപ്പെടുന്നതായി ഒരു പഠനം പറയയുന്നു. എങ്ങനെ?

* നിങ്ങളുടെ പ്രദേശത്തുള്ള ആശുപത്രികൾ സന്ദർശിക്കുക. അവിടെനിന്ന് പ്രതിരോധ കുത്തിവെയ്പുകൾ എടുക്കുന്ന കുട്ടികളുടെ എണ്ണം കണ്ടുപിടിക്കുക. അഞ്ച് വർഷങ്ങൾക്കു മുമ്പ് പ്രതിരോധ കുത്തിവയ്പ് എടുത്തിരുന്ന കുട്ടികളുടെ എണ്ണം ആശുപത്രി ജീവനക്കാരോട് അന്വേഷിക്കുക. വിവരങ്ങൾ ക്ലാസ്സിൽ ചർച്ച ചെയ്യുക.

* ആസാമിലെ രണ്ടുകുട്ടികൾ ലീന തലൂക്ക്ദാർ (16) ഉം സുഷന്ത മഹന്ത (16) യും ചേർന്ന് പ്രാദേശികമായി ലഭ്യമായ ചെടികൾ വൈക്കോൽ, ഉമി, മറ്റ് അവശിഷ്ടങ്ങൾ ഉപയോഗിച്ച് ജാഗ് എന്ന ഒരു ആയുർവേദ കൊതുക് നിവാരിണി വികസിപ്പിച്ചു. പരീക്ഷണം വിജയകരമായിരുന്നു. [ഷോദ് യാത്ര (കണ്ടുപിടുത്തം), യോജന, സെപ്റ്റംബർ 2005]. നൂതന ചികിത്സാ രീതികൾ ഉപയോഗിച്ച് ആരോഗ്യ സ്ഥിതി മെച്ചപ്പെടുത്താൻ കഴിയുന്നവരോ അല്ലെങ്കിൽ ജനങ്ങളുടെ അസുഖങ്ങൾ മാറ്റിയെടുക്കാനുള്ള പച്ചമരുന്നുകൾ അറിയാവുന്നവരോ ആയ ആരേയെങ്കിലും നിങ്ങൾക്കറിയാമെങ്കിൽ അവരുമായി സംസാരിക്കുക. അവരെ ക്ലാസിൽ കൊണ്ടുവരികയും എങ്ങനെയാണ് അവർ അസുഖങ്ങൾ ഭേദമാക്കുന്നത് എന്ന വിവരങ്ങൾ ശേഖരിക്കുകയും ചെയ്യുക. ഈ വിവരങ്ങൾ പങ്കു വയ്ക്കുക. പ്രാദേശിക പത്രങ്ങളിലേക്കും മാഗസിനുകളിലേക്കും എഴുതുക.

* ആരോഗ്യ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി ഇന്ത്യയിലെ പട്ടണങ്ങളിലെ ആരോഗ്യ പശ്ചാത്തല സൗകര്യങ്ങൾ ലോകോത്തര നിലവാരത്തിൽ എത്തിക്കണമെന്ന് നിങ്ങൾ കരുതുന്നുണ്ടോ? അല്ലെങ്കിൽ

ഗ്രാമീണജനതയ്ക്ക് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് സർക്കാർ ശ്രദ്ധിക്കണമോ? എന്തായിരിക്കണം സർക്കാരിന്റെ മുൻഗണന? ഒരു സംവാദം സംഘടിപ്പിക്കുക .

* നിങ്ങളുടെ പ്രദേശത്ത് ആരോഗ്യ പരിരക്ഷാമേഖലയിൽ പ്രവർത്തിക്കുന്ന സർക്കാർ ഇതര സംഘടനകളെ (NGO) കണ്ടെത്തുക അവരുടെ പ്രവർത്തനങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുക. ക്ലാസ്സിൽ ചർച്ച ചെയ്യുക.

പ്രത്യേക രോഗംമൂലം അകാലത്തിൽ മരണമടയുന്ന ആളുകളുടെ എണ്ണം അളക്കുന്നതിന്നും ആ രോഗത്തെത്തുടർന്ന് പ്രവർത്തനശേഷി നഷ്ടപ്പെട്ട അവസ്ഥയിൽ (Disabiltiy) എത്ര കാലം കിടക്കുന്നു എന്ന് കണക്കാക്കുന്നതിനുമുള്ള സൂചികയാണ് GBD.

ഇന്ത്യയിൽ GBD യുടെ പകുതിയും വരുന്നത് അതിസാരം (Diarrhoea), മലമ്പനി (Malaria), ക്ഷയം (Tuberculosis) എന്നീ പകർച്ചവ്യാധികൾ മൂലമാണ്. ഓരോ വർഷവും എകദേശം 5 ലക്ഷം കുട്ടികൾ ജലജന്യരോഗങ്ങളാൽ മരിക്കുന്നു. AIDS ന്റെ അപകടസ്ഥിതിയും വർദ്ധിക്കുന്നു. പോഷകാഹാരക്കുറവും പ്രതിരോധ മരുന്നുകളുടെ അപര്യാപ്തമായ പ്രദാനവും മൂലം 2.2 ദശലക്ഷം കുട്ടികൾ ഓരോ വർഷവും മരിക്കുന്നു.

ഇന്ന് 20 ശതമാനത്തിൽ താഴെ ജനങ്ങൾ മാത്രമേ പൊതു ആരോഗ്യ സൗകര്യങ്ങൾ ഉപയോഗിക്കുന്നുള്ളൂ. 38 ശതമാനം പ്രാഥമികാരോഗ്യ കേന്ദ്രങ്ങ (PHC) ളിൽ മാത്രമേ ആവശ്യത്തിന് ഡോക്ടർമാർ ഉള്ളൂ എന്നും 30 ശതമാനം PHCകളിൽ മാത്രമേ ആവശ്യത്തിനുള്ള മരുന്നിന്റെ ശേഖരവും ഉള്ളൂ എന്നുമാണ് ഒരു പഠനം തെളിയിക്കുന്നത്

**ഗ്രാമനഗര വേർതിരിവും ദരിദ്ര ധനിക വേർതിരിവും ( Rural-Urban and Poor-Rich Divide):** ഇന്ത്യയിലെ ജനങ്ങളിൽ 70 ശതമാനവും ഗ്രാമങ്ങളിലാണെങ്കിലും ആശുപത്രികളിൽ അഞ്ചിൽ ഒന്ന് മാത്രമേ അവിടെയുള്ളൂ. ഡിസ്പെൻസറിയുടെ ഏതാണ്ട് പകുതിയാണ് ഗ്രാമീണ ഇന്ത്യയിലുള്ളത്. 6.3ലക്ഷം ആശുപത്രി കിടക്കകളിൽ ഏതാണ്ട് 30 ശതമാനം മാത്രമാണ് ഗ്രാമപ്രദേശങ്ങളിലുള്ളത്. അതായത്, ഗ്രാമീണ ജനതക്ക് ആവശ്യമായ വൈദ്യശാസ്ത്ര പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമല്ല. അതുകൊണ്ടുതന്നെ ജനങ്ങളുടെ ആരോഗ്യസ്ഥിതിയിൽ വ്യത്യാസങ്ങൾ നിലനിൽക്കുന്നു. ആശുപത്രികളെ സംബന്ധിച്ചിടത്തോളം ഗ്രാമപ്രദേശങ്ങളിൽ ഒരു ലക്ഷം പേർക്ക് 0.36 ആശുപത്രി മാത്രമേ ലഭിക്കുന്നുള്ളൂ. നഗരങ്ങളിൽ 3.6 ആശുപത്രികളാണ് ഒരു ലക്ഷം പേർക്കായുള്ളത്. ഒരു പട്ടണവാസിയെ സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ടഅടിസ്ഥാന ആരോഗ്യ രക്ഷാസൗകര്യങ്ങളായ എക്സറെ, രക്ത പരിശോധനാ സൗകര്യങ്ങൾ മുതലായവ പോലും ഗ്രാമപ്രദേശങ്ങളിലെ PHC കളിൽ ലഭ്യമല്ല. ബീഹാർ, മധ്യപ്രദേശ്, രാജസ്ഥാൻ, ഉത്തർപ്രദേശ്, തുടങ്ങിയ സംസ്ഥാനങ്ങളിൽ ആരോഗ്യരക്ഷാസൗകര്യങ്ങളിൽ ബഹുദൂരം പിന്നിലാണ്. ഗ്രാമപ്രദേശങ്ങളിൽ ആരോഗ്യരക്ഷാ സൗകര്യ

## പഠന പ്രവർത്തനങ്ങൾ

കഴിഞ്ഞ കുറേ വർഷങ്ങളിലൂടെ രാജ്യത്തിന്റെ പൊതു ആരോഗ്യസ്ഥിതി വളരെ മെച്ചപ്പെട്ടിട്ടുണ്ട്. ആയുർദൈർഘ്യം ഉയർന്നിരിക്കുന്നു. ശിശുമരണ നിരക്ക് കുറഞ്ഞിരിക്കുന്നു. വസൂരി നിർമാർജനം ചെയ്യപ്പെട്ടിട്ടുണ്ട്. കുഷ്ഠരോഗം, പോളിയോ എന്നിവ നിർമ്മാർജനം ചെയ്യുന്നതിനുള്ള ലക്ഷ്യങ്ങൾ വിജയിച്ചിട്ടുണ്ട്. ഇവയെ മാറ്റി നിർത്തി നോക്കുമ്പോഴാണ് ഈ സ്ഥിതിവിവര കണക്കുകൾ മെച്ചമായി തോന്നുന്നത്. ലോകത്തിലെ മറ്റു രാജ്യങ്ങളുമായി ഇവയെ താരതമ്യം ചെയ്യുക. ലോകാരോഗ്യ സംഘടനയുടെ ലോകാരോഗ്യ റിപ്പോർട്ടുകളിൽ നിന്നും ഈ വിവരങ്ങൾ ലഭിക്കുന്നതാണ്. എന്താണ് നിങ്ങൾക്ക് കണ്ടെത്താനാകുന്നത്?

* ഒരുമാസം നിങ്ങളുടെ ക്ലാസ് നിരീക്ഷിക്കുക. എന്തുകൊണ്ടാണ് ചില കുട്ടികൾ ഇടയ്ക്കിടെ ക്ലാസിൽ ഹാജരാകാതിരിക്കുന്നത്? ഇത് അവരുടെ ആരോഗ്യ പ്രശ്നങ്ങൾ മൂലം ആണെങ്കിൽ അവർക്ക് എന്തു തരം അസുഖങ്ങൾ ആണുള്ളത് എന്ന് കണ്ടെത്തുക. അവരുടെ പ്രശ്നത്തെക്കുറിച്ചും അവരെടുക്കുന്ന ചികിത്സാ രീതിയെ കുറിച്ചും മാതാപിതാക്കൾ ചെലവഴിക്കുന്ന പണത്തെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുക. ക്ലാസിൽ ചർച്ച ചെയ്യുക.

ങ്ങളില്ലാത്ത ജനങ്ങളുടെ എണ്ണം കുറച്ച് വർഷങ്ങളായി വർദ്ധിച്ചിട്ടുണ്ട്.

ഗ്രാമവാസികൾക്ക് ബാലചികിത്സ (Paeditarics), സ്ത്രീ രോഗ ചികിത്സ (Gynecology) അനസ്തീഷ്യ (Anesthesia), പ്രസവ സംബന്ധമായ ചികിത്സ തുടങ്ങിയ പ്രത്യേക ശ്രദ്ധ ആവശ്യമായ ചികിത്സാ സൗകര്യങ്ങൾ ലഭ്യമല്ല. അംഗീകൃതമായ 380 മെഡിക്കൽ കോളേജുകളിൽ നിന്നും 44,000 വൈദ്യശാസ്ത്ര ബിരുദധാരികൾ പ്രതി വർഷം പുറത്തിറങ്ങുന്നുണ്ടെങ്കിലും ഗ്രാമ



*പലതരത്തിലുള്ള ആരോഗ്യ പരിരക്ഷ നടപടികൾ ഉണ്ടായിട്ടും മാതൃ ആരോഗ്യം ഇനിയും മെച്ചപ്പെടേണ്ടിയിരിക്കുന്നു.*

പ്രദേശങ്ങളിൽ ഡോക്ടർമാരുടെ ക്ഷാമം നിലനിൽക്കുന്നു. ഇവരിൽ അഞ്ചിലൊന്ന് ഡോക്ടർമാരും കൂടുതൽ സാമ്പത്തികനേട്ടത്തിനായി രാജ്യത്തിന് പുറത്തേക്ക് പോകുകയും മറ്റ് പലരും നഗരങ്ങളിലെ സ്വകാര്യ ആശുപത്രികളിലെ ജോലി തെരെഞ്ഞെടുക്കുകയും ചെയ്യുന്നു.

ഗ്രാമങ്ങളിലേയും നഗരങ്ങളിലേയും ഏറ്റവും പാവങ്ങളായ 20 ശതമാനം ജനങ്ങൾ തങ്ങളുടെ വരുമാനത്തിന്റെ 12 ശതമാനവും ആരോഗ്യരക്ഷക്കായി ചെലവഴിക്കുമ്പോൾ ധനികർ അവരുടെ വരുമാനത്തിന്റെ 2 ശതമാനം മാത്രമേ ഇതിനായി ചെലവഴിക്കുന്നുള്ളൂ. പാവപ്പെട്ടവന് രോഗം വരുമ്പോൾ എന്ത് സംഭവിക്കുന്നു? ചികിത്സാവശ്യത്തിനായി പുരയിടം വിൽക്കുകയോ കുട്ടികളെ പണയംവെക്കുക പോലുമോ ചെയ്യേണ്ടിവരുന്നു. സർക്കാർ നടത്തുന്ന ആശുപത്രികളിൽ ആവശ്യത്തിന് സൗകര്യമില്ലാത്തിടത്തോളം, അവർക്ക് സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ടി വരുന്നു. ഇത് അവരെ കടക്കെണിയിലേക്കും ചിലപ്പോൾ മരണത്തിലേക്കും വഴിവെക്കുന്നു.

**സ്ത്രീകളുടെ ആരോഗ്യം (Women's Health) :** ഇന്ത്യയിലെ ജനസംഖ്യയിൽ ഏകദേശം പകുതിയോളം സ്ത്രീകളാണ്. അവർക്ക് വിദ്യാഭ്യാസത്തിലും സാമ്പത്തിക പ്രവർത്തനങ്ങളിലെ പങ്കാളിത്തത്തിലും ആരോഗ്യരക്ഷാ സൗകര്യങ്ങളുടെ കാര്യത്തിലും പുരുഷൻമാരോട് താരതമ്യം ചെയ്യുമ്പോൾ, വളരെയധികം കോട്ടങ്ങൾ (disadvantages) ഉണ്ട്. 2011 ലെ സെൻസസ് പ്രകാരം കുട്ടികളിലെ സ്ത്രീപുരുഷാനുപാതം 2001-ലെ 927-ൽ നിന്ന് 2011-ൽ 914 ആയി കറഞ്ഞു. ഇത് സൂചിപ്പിക്കുന്നത് സ്ത്രീ ഭ്രൂണഹത്യ രാജ്യത്ത് വർദ്ധിച്ചു വരുന്നു എന്നതാണ്. 15 വയസ്സിൽ താഴെയുള്ള 3 ലക്ഷത്തോളം പെൺകുട്ടികൾ വിവാഹിതകളാണെന്ന് മാത്രമല്ല അവർ ഒരു കുട്ടിക്കെങ്കിലും ജന്മം നൽകിയവരുമാണ്. 15 വയസ്സിനും 49 വയസ്സിനും ഇടയിലുള്ള വിവാഹിതരായ സ്ത്രീകളിൽ 50 ശതമാനത്തിലധികം പേർക്കും, രക്തക്കുറവ് (Anemia), ഇരുമ്പ് അടങ്ങിയ പോഷകാഹാരക്കുറവ് മൂലമുള്ള വിളർച്ച (Nturitional Anemia) ഉള്ളവരാണ്. ഇത് 19 ശതമാനം മാതൃമരണം സംഭവിക്കുന്നതിന് കാരണമാകുന്നു. രോഗാവസ്ഥക്കും മാതൃമരണത്തിനും മറ്റൊരു പ്രധാന കാരണമാണ് ഗർഭച്ഛിദ്രം.

ആരോഗ്യമെന്നത് ഏറ്റവും പ്രധാനപ്പെട്ട പൊതുമുതലും മനുഷ്യാവകാശവുമാണ്. പൊതു ആരോഗ്യ സേവനങ്ങൾ വികേന്ദ്രീകൃതമാക്കുകയാണെങ്കിൽ മെച്ചപ്പെട്ട ആരോഗ്യരക്ഷാ സൗകര്യങ്ങൾ എല്ലാ പൗരന്മാർക്കം ലഭിക്കുമായിരുന്നു. രോഗങ്ങൾക്കെതിരായുള്ള ദീർഘകാല പോരാട്ടങ്ങളുടെ വിജയം എന്നത്, വിദ്യാഭ്യാസത്തേയും കാര്യക്ഷമമായ ആരോഗ്യ പശ്ചാത്തല സൗകര്യങ്ങളേയും ആശ്രയിച്ചിരിക്കുന്നു. അതുകൊണ്ട് തന്നെ ആരോഗ്യത്തേയും വ്യക്തി ശുചിത്വത്തേയും കുറിച്ച് ജനങ്ങളെ ബോധവൽകരിക്കുകയും കാര്യക്ഷമമായ ആരോഗ്യസമ്പ്രദായം പ്രദാനം ചെയ്യുകയും ചെയ്യേണ്ടത് വളരെ നിർണായകമാണ്. ഈ പ്രക്രിയയിൽ വിവരസാങ്കേതിക മേഖലയുടേയും വാർത്താവിനിമയ മേഖലകളുടേയും പങ്ക് അവഗണിക്കപ്പെടരുത്. ആരോഗ്യരക്ഷാസൗകര്യങ്ങളുടെ ഫലപ്രാപ്തി, പ്രാഥമികആരോഗ്യരക്ഷാ സൗകര്യങ്ങളെ ആശ്രയിച്ചിരിക്കുന്നു. ആരോഗ്യരക്ഷാ സൗകര്യങ്ങളുടെ പരമമായ ലക്ഷ്യം മെച്ചപ്പെട്ട ജീവിത ഗുണനിലവാരം നേടിയെടുക്കാൻ സഹായിക്കുക

എന്നതാവണം. ഇന്ത്യയിലെ ഗ്രാമങ്ങളിലേയും നഗരങ്ങളിലേയും ആരോഗ്യരക്ഷാ സൗകര്യങ്ങൾ തമ്മിൽ കടുത്ത വേർതിരിവുണ്ട്. ഈ വേർതിരിവ് വേണ്ടരീതിയിൽ പരിഗണിച്ചില്ലെങ്കിൽ നമ്മുടെ രാജ്യത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ ഘടന അസ്ഥിരപ്പെട്ടുപോയേക്കാം. എല്ലാവർക്കും അടിസ്ഥാന ആരോഗ്യ പരിരക്ഷ ഉറപ്പു വരുത്തുന്നതിന് ആരോഗ്യ പശ്ചാത്തല സൗകര്യങ്ങൾ എല്ലാവർക്കും പ്രാപ്തമാവുകയും ചെലവ് താങ്ങാവുന്നതാവുകയും ചെയ്യേണ്ടതുണ്ട്.

## 8. 7 ഉപസംഹാരം

സാമൂഹികവും സാമ്പത്തികവുമായ പശ്ചാത്തലസൗകര്യങ്ങൾ ഒരു രാജ്യത്തിന്റെ വികസനത്തിന് അത്യാവശ്യമാണ്. ഒരു പിന്തുണ സംവിധാനം എന്ന നിലയ്ക്ക് അത് ഉൽപാദന ഘടകങ്ങളുടെ ഉൽപാദന ക്ഷമത വർധിപ്പിച്ചും ജീവിത ഗുണനിലവാരം മെച്ചപ്പെടുത്തിയും എല്ലാ സാമ്പത്തിക പ്രവർത്തനങ്ങളേയും സ്വാധീനിക്കുന്നു. സ്വാതന്ത്ര്യത്തിനു ശേഷമുള്ള കഴിഞ്ഞ ഏഴ് ദശാബ്ദങ്ങളിൽ ഇന്ത്യയുടെ പശ്ചാത്തലസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ അസന്തുലിത രീതിയിലാണെങ്കിലും എടുത്തു പറയത്തക്ക അഭിവൃദ്ധി ഉണ്ടായിട്ടുണ്ട്. ഗ്രാമീണ ഇന്ത്യയുടെ പല ഭാഗങ്ങളിലും ഇന്നും നല്ല റോഡുകളോ വാർത്താവിനിമയ സൗകര്യങ്ങളോ വൈദ്യുതിയോ വിദ്യാലയങ്ങളോ ആശുപത്രികളോ എത്തിയിട്ടില്ല. ഇന്ത്യ ആധുനികവൽക്കരണത്തിലേക്ക് ചുവടുവെക്കുമ്പോൾ പരിസ്ഥിതിപ്രശ്നങ്ങൾ മനസ്സിലാക്കിക്കൊണ്ട് ഗുണമേന്മയുള്ള പശ്ചാത്തല

### സംഗ്രഹം (Recap)

- ഭൗതിക സൗകര്യങ്ങളുടേയും പൊതു സേവനങ്ങളുടേയും ഒരു ശൃംഖലയാണ് പശ്ചാത്തലസൗകര്യങ്ങൾ. ഇതിന് പിന്തുണ നൽകുന്നതിൽ ഊർജ്ജ ആരോഗ്യ പശ്ചാത്തലസൗകര്യങ്ങൾക്ക് തുല്യ പ്രാധാന്യമുണ്ട്. ഒരു രാജ്യത്തിന്റെ സാമ്പത്തിക വികസനത്തിൽ ഇത് പ്രധാനപ്പട്ട അടിത്തറയാണ്.
- ഉയർന്ന വളർച്ചാനിരക്ക് നിലനിർത്താൻ പശ്ചാത്തലസൗകര്യങ്ങൾ കാലാകാലങ്ങളിൽ മെച്ചപ്പെടുത്തേണ്ടത് ആവശ്യമാണ്. ഈയടുത്ത കാലങ്ങളിൽ നമ്മുടെ മെച്ചപ്പെട്ട പശ്ചാത്തല സൗകര്യങ്ങൾ വിദേശനിക്ഷേപകരേയും വിനോദസഞ്ചാരികളേയും ഇന്ത്യയിലേക്ക് ആകർഷിച്ചിട്ടുണ്ട്.
- ഗ്രാമീണ പശ്ചാത്തലസൗകര്യങ്ങൾ വികസിപ്പിക്കുക എന്നത് വളരെ പ്രധാനപ്പെട്ടതാണ്.
- പശ്ചാത്തലസൗകര്യ വികസനത്തിൽ ഉയർന്നതോതിൽ നിക്ഷേപം ശേഖരിക്കാൻ പൊതുസ്വകാര്യ പങ്കാളിത്തം ആവശ്യമാണ്
- ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ചയ്ക്ക് ഊർജം വളരെ പ്രധാനമാണ്. ഇന്ത്യയിലെ വൈദ്യുതിയുടെ ഉൽപാദനത്തിലും ഉപഭോഗാവശ്യത്തിലും ഇന്ത്യയിൽ വളരെ വലിയ അന്തരം നിലനിൽക്കുന്നുണ്ട് .

- ഊർജ്ജക്ഷാമം പരിഹരിക്കുന്നതിനായി പാരമ്പര്യേതര ഊർജ്ജ ഉറവിടങ്ങൾക്ക് വലിയ പിന്തുണ നൽകേണ്ടതുണ്ട് .
- വൈദ്യുതിയുടെ ഉൽപാദനത്തിലും പ്രസരണത്തിലും വിതരണത്തിലും വളരെയധികം പ്രശ്നങ്ങൾ നേരിടുന്നു.
- മനുഷ്യന്റെ ശാരീരികവും മാനസികവുമായ ക്ഷേമത്തിന്റെ അളവുകോലാണ് ആരോഗ്യം.
- സ്വാതന്ത്ര്യത്തിനുശേഷം ആരോഗ്യ സേവനങ്ങളുടെ ഭൗതിക സാഹചര്യങ്ങളിൽ എടുത്തുപറയത്തക്ക വികസനവും ആരോഗ്യസൂചകങ്ങളിൽ ശ്രദ്ധേയമായ ഉയർച്ചയും ഉണ്ടായിട്ടുണ്ട്.
- ജനങ്ങളുടെ ആവശ്യങ്ങൾ  നിറവേറ്റാൻഉതകുന്ന വിധത്തിലുള്ള പൊതു ആരോഗ്യസംവിധാനങ്ങൾ ഇല്ല .
- ആരോഗ്യപരിരക്ഷാ സൗകര്യങ്ങൾ ഉപയോഗിക്കുന്നതിൽ ഗ്രാമനഗര മേഖലകളിലും ദരിദ്രധനിക വിഭാഗങ്ങൾക്കിടയിലും വലിയ അന്തരം നിലനിൽക്കുന്നു.
- രാജ്യത്തുടനീളം പെൺമരണനിരക്കിലും ഭ്രൂണഹത്യയിലും  ഉള്ള വർദ്ധനവ് സ്ത്രീകളുടെ ആരോഗ്യത്തെക്കുറിച്ച് ഉത്കണ്ഠ ഉണ്ടാക്കുന്നു.
- നിയന്ത്രിക്കപ്പെട്ട സ്വകാര്യമേഖല ആരോഗ്യസേവനങ്ങൾ ആരോഗ്യ സാഹചര്യങ്ങളെ മെച്ചപ്പെടുത്തുന്നുണ്ട്. അതേസമയം ആരോഗ്യപരിരക്ഷാ സൗകര്യങ്ങൾ നൽകുന്നതിലും ആരോഗ്യബോധവൽക്കരണത്തിനും NGO കളും മറ്റ് സമൂഹ പങ്കാളിത്തവും വളരെ പ്രധാനപ്പെട്ടതാണ്.
- പൊതുജനാരോഗ്യത്തെ പിന്തുണയ്ക്കുന്നതിന് തദ്ദേശീയമായ ചികിത്സാ സൗകര്യങ്ങൾ ഉയർത്തിക്കൊണ്ടുവരേണ്ടതുണ്ട്. ഇന്ത്യയിൽ ആരോഗ്യ വിനോദസഞ്ചാരം വികസിപ്പിക്കുന്നതിന് വലിയ സാധ്യതകളാണുള്ളത്.

സൗകര്യങ്ങൾക്കുള്ള ആവശ്യം പരിഗണിക്കേണ്ടതാണ്. സാമ്പത്തികപരിഷ്കാര നടപടികൾ ലക്ഷ്യം വയ്ക്കുന്നത് സ്വകാര്യ മേഖലയെ പൊതുവായും വിദേശനിക്ഷേപകരെ പ്രത്യേകിച്ചും ആകർഷിക്കുന്നതിനായുള്ള ശ്രമങ്ങളാണ്. ഇതിനായി ആനുകൂല്യങ്ങളും പ്രോൽസാഹനങ്ങളും നൽകുന്നുണ്ട്. ഊർജം, ആരോഗ്യം എന്നീ രണ്ട് പശ്ചാത്തല സൗകര്യങ്ങളെ മാത്രം വിശകലനം ചെയ്തുവെങ്കിലും എല്ലാ പശ്ചാത്തല സൗകര്യങ്ങളും എല്ലാവർക്കും തുല്യമായി ലഭ്യമാക്കേണ്ടത് ആവശ്യമാണ്.



## അഭ്യാസങ്ങൾ

1. പശ്ചാത്തലസൗകര്യങ്ങൾ എന്ന ആശയം വിശദീകരിക്കുക.
2. പശ്ചാത്തലസൗകര്യങ്ങളെ രണ്ടായി തിരിച്ചിട്ടുണ്ട്. ഏതെല്ലാം? വിശദീകരിക്കുക. അവപരസ്പരം ബന്ധപ്പെട്ടിരിക്കുന്നത് എങ്ങനെ?
3. പശ്ചാത്തലസൗകര്യങ്ങൾ ഉൽപാദനത്തെ ഉത്തേജിപ്പിക്കുന്നത് എങ്ങനെ?
4. ഒരു രാജ്യത്തിന്റെ സാമ്പത്തികവികസനത്തിൽ പശ്ചാത്തലസൗകര്യങ്ങൾക്ക് വലിയ പങ്കുണ്ട്. നിങ്ങൾ യോജിക്കുന്നുവോ? വിശദീകരിക്കുക.
5. ഇന്ത്യയിലെ ഗ്രാമീണപശ്ചാത്തല സൗകര്യങ്ങളുടെ സ്ഥിതി എന്താണ്?
6. ഊർജത്തിന്റെ പ്രാധാന്യമെന്ത്? വാണിജ്യോർജ ഉറവിടങ്ങൾ വാണിജ്യേതര ഊർജ ഉറവിടങ്ങൾ എന്നിവ തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം?
7. വൈദ്യുതി ഉൽപാദനത്തിന്റെ മൂന്ന് പശ്ചാത്തല ഉറവിടങ്ങൾ ഏതെല്ലാം?
8. പ്രസരണ - വിതരണ നഷ്ടം എന്നതുകൊണ്ട് നിങ്ങൾ ഉദ്ദേശിക്കുന്നത് എന്ത്? അവ എങ്ങിനെ ലഘൂകരിക്കാം.
9. വിവിധതരത്തിലുള്ള വാണിജ്യേതരഊർജ്ജ ഉറവിടങ്ങൾ ഏതെല്ലാം ?
10. ഇന്ത്യയിലെ പുനരുൽപാദിപ്പിക്കാവുന്ന ഊർജഉറവിടങ്ങളുടെ ഉപയോഗത്തിലൂടെ ഊർജ പ്രതിസന്ധി മറികടക്കാം. ന്യായികരിക്കുക.
11. കഴിഞ്ഞകാലങ്ങളിൽ ഊർജ്ജ ഉപഭോഗരീതി എങ്ങിനെയാണ് മാറിയത്?
12. സാമ്പത്തികവളർച്ചാ നിരക്കും ഊർജ്ജഉപഭോഗ നിരക്കും എങ്ങിനെ ബന്ധപ്പെട്ടിരിക്കുന്നു?
13. ഇന്ത്യയുടെ വൈദ്യുതിമേഖല നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാം?
14 ഇന്ത്യയിലെ ഊർജ്ജപ്രതിസന്ധി പരിഹരിക്കുന്നതിനായി ഈ അടുത്തകാലത്ത് സ്വീകരിച്ച പരിഷ്കാരങ്ങൾ ചർച്ച ചെയ്യുക.
15. നമ്മുടെ രാജ്യത്തെ ജനങ്ങളുടെ ആരോഗ്യത്തിന്റെ പ്രധാന സവിശേഷതകൾ എന്തെല്ലാം?
16. ആഗോള രോഗഭാരം എന്നാൽ എന്ത് ?
17. നമ്മുടെ ആരോഗ്യ പരിരക്ഷാസമ്പ്രദായത്തിന്റെ പ്രധാന ന്യൂനതകൾ ചർച്ച ചെയ്യുക.
18. എങ്ങനെയാണ് സ്ത്രീകളുടെ ആരോഗ്യം ഒരു വലിയ ഉത്കണ്ഠയായി മാറുന്നത്?
19. പൊതുജനാരോഗ്യം എന്നതിന്റെ അർത്ഥം വിശദീകരിക്കുക. രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി ഈ അടുത്ത വർഷങ്ങളിൽ സർക്കാർ സ്വീകരിച്ച പ്രധാന പൊതുജനാരോഗ്യ നടപടികൾ ചർച്ച ചെയ്യുക.
20. ആറ് ഇന്ത്യൻ വൈദ്യശാസ്ത്ര സമ്പ്രദായങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം?
21. ആരോഗ്യരക്ഷാ പദ്ധതികളുടെ ഫലപ്രാപ്തി എങ്ങിനെയെല്ലാം വർധിപ്പിക്കാം?

## നിർദ്ദേശിക്കുന്ന അധിക പ്രവർത്തനങ്ങൾ

1. നിങ്ങളുടെ വീടുകളിൽ ഒരു മെഗാവാട്ട് വൈദ്യുതി എത്തിക്കുന്നതിന് 30 മുതൽ 40 ലക്ഷം രൂപവരെ ചെലവഴിക്കുന്നതായി നിങ്ങൾക്കറിയാമോ? ഒരു പുതിയ വൈദ്യുതി നിലയം സ്ഥാപിക്കുന്നതിന് കോടിക്കണക്കിന് രൂപ ചെലവുവരും. നിങ്ങളുടെ വീടുകളിൽ ഊർജ്ജസംരക്ഷണം ആരംഭിക്കാൻ ഈ കാരണം മതിയാവുകയില്ലേ? വൈദ്യുതിസംരക്ഷണം പണസംരക്ഷണമാണ്. യഥാർത്ഥത്തിൽ അത് വൈദ്യുതി ഉൽപാദനത്തേക്കാൾ എത്രയോ വലുതാണ്. ഓരോ മാസവും നിങ്ങളുടെ വീട്ടിലെ വൈദ്യുതിബിൽ കയ്യിലെത്തുമ്പോൾ ഇത്രയധികം ലൈറ്റുകളും ഫാനുകളും ആവശ്യമില്ലെന്ന് നിങ്ങൾക്ക് മനസ്സിലാവും. ജാഗ്രതയോടെയും ശ്രദ്ധാപൂർവ്വവും ഉപയോഗിക്കുക മാത്രമാണ് നിങ്ങൾക്ക് ചെയ്യാനുള്ള ഏറ്റവും നല്ല കാര്യം. നിങ്ങളുടെ വീട്ടിലുള്ള മറ്റ് അംഗങ്ങളെയും ഈ ഉദ്യമങ്ങളിൽ ഉൾപ്പെടുത്തുക. വ്യത്യാസം മനസ്സിലാക്കുക. നിങ്ങളുടെ വീട്ടിലെ ഒരു മാസത്തെ വൈദ്യുതി ഉപഭോഗം കുറിച്ചുവയ്ക്കുക. വൈദ്യുതി സംരക്ഷണത്തിനായി സ്വീകരിച്ച തന്ത്രങ്ങൾ നടപ്പിലാക്കിയതിന് ശേഷം വൈദ്യുതി ബില്ലിലെ വ്യത്യാസം മനസ്സിലാകും.
2. ഏതെല്ലാം പശ്ചാത്തലസൗകര്യ പദ്ധതികളാണ് നിങ്ങളുടെ പ്രദേശത്ത് പുരോഗമിച്ചു കൊണ്ടിരിക്കുന്നത് എന്ന് കണ്ടെത്തുക? അതിനുശേഷം താഴെ പറയുന്നവ കണ്ടുപിടിക്കുക
   i) പദ്ധതിക്കായി അനുവദിച്ച വിഹിതം
   ii) അതിന്റെ ധനസ്രോതസ്സ്
   iii) അതിന് എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും
   iv) ഈ പദ്ധതിയിൽ പൂർത്തീകരിക്കുമ്പോൾ അതുകൊണ്ടുണ്ടാകുന്ന സമഗ്രമായ നേട്ടങ്ങൾ എന്തെല്ലാം?
   v) ഈ പദ്ധതി പൂർത്തിയാവാൻ എത്ര കാലമെടുക്കും
   vi) ഈ പദ്ധതിയിൽ ഏർപ്പെട്ടിരിക്കുന്ന കമ്പനി/കമ്പനികൾ ഏതെല്ലാം?
3. നിങ്ങളുടെ സമീപത്തുള്ള ഒരു താപോർജ്ജ ഉൽപാദന നിലയം/ജലവൈദ്യുതോൽപാദന നിലയം/ആണവോർജ്ജ ഉൽപാദന നിലയം എന്നിവയിലേതെങ്കിലും സന്ദർശിക്കുക. എങ്ങനെയാണ് പ്രവർത്തിക്കുന്നതെന്ന് നിരീക്ഷിക്കുക.
4. അയൽ വീടുകളിലെ ഊർജ്ജഉപഭോഗത്തെ കുറിച്ച് ഒരു സർവേ നടത്തുന്നതിനായി നിങ്ങളുടെ ക്ലാസിലെ കുട്ടികളെ വിവിധ ഗ്രൂപ്പുകളായി തിരിക്കുക, ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന ഇന്ധനം ഏതാണെന്നും, അവയുടെ അളവും കണക്കാക്കാൻ ലക്ഷ്യമിടുന്നതായിരിക്കണം സർവ്വേ.

വ്യത്യസ്ത ഗ്രൂപ്പുകൾക്ക് ഗ്രാഫുകൾ തയ്യാറാക്കാം. ഒരു പ്രത്യേക ഇന്ധനത്തിന് മുൻഗണന കൊടുക്കുന്നതിനുള്ള കാരണങ്ങൾ കണ്ടെത്തുക.

5. ആധുനിക ഇന്ത്യയുടെ ആണവ ഊർജ്ജസ്ഥാപനങ്ങളുടെ ശിൽപ്പിയായ ഡോ ഹോമി ഭാഭയുടെ ജീവിതത്തേയും പ്രവർത്തനങ്ങളേയും പറ്റി ഒരു പഠനം നടത്തുക.

6. 'യുദ്ധത്തിലേർപ്പെടുന്ന രാജ്യങ്ങൾ അനാരോഗ്യകരമായ ഒരു ലോകം സൃഷ്ടിക്കുന്നു. അതുപോലെ വികൃതമായ സമീപനങ്ങളും അടഞ്ഞ മനസ്സും മാനസികമായ അനാരോഗ്യവും സൃഷ്ടിക്കുന്നു 'ഈ വിഷയത്തിൽ ഒരു സംവാദം/ക്ലാസ് ചർച്ച സംഘടിപ്പിക്കുക.



## REFERENCES


### Books

* JALAN , BIMAL (Ed.). The Indian Economy — Problems and Prospects, Penguin Books, Delhi, 1993.

* INDIAN ECONOMIC DEVELOPMENT 2017-18 KALAM , A.P.J. ABDUL with Y.S. RAJAN . 2002. India 2020: A Vision for the New Millennium. Penguin Books, Delhi.

* PARIKH , KIRIT S. AND RADHAKRISHNA (Eds.). 2005. India Development Report 2004-05. Oxford Universtiy Press, Delhi.

### Government Reports

* Energy Statistics 2016, Ministry of Statistics and Programme Implementation, Government of India.

* The World Health Report 2002. Reducing Risks, Promoting Healthy Life,World Health Organisation, Geneva.

* Report of the National Commission on Macroeconomics and Health, Ministry of Health and Family Welfare, Government of India, New Delhi, 2005.

* Tenth Five Year Plan, Vol.2, Planning Commission, Government of India, New Delhi.

* The India Infrastructure Report: Policy Imperatives for Growth and Welfare 1996. Expert

  Group on the Commercialisaton of Infrastructure Projects. Vols.1, 2 and 3 Ministry of Finance. Government of India, New Delhi.

* World Development Report 2004. The World Bank, Washington DC.

* India Infrastructure Report 2004. Oxford Universtiy Press, New Delhi.

* Economic Survey 2004-2005. Ministry of Finance, Government of India.

* World Development Indicators, 2013, The World Bank, Washington.

* World Health Statistics 2014, World Health Organisation, Geneva.

* National Health Profile (NHP) of India for various years, Cetnral Bureau of Health Intelligence, Goverment of India, New Delhi.

## Websites

**On energy related issues:**
www.pcra.org
www.bee-india.coɔ
www.edugreen.teri.res.in
http://powermin.nic.in
**On health related issues:**
http://www.aiims.edu
http://www.whoindia.org
http://mohfw.nic.in
www.apollohospitalsgroup.com
www.worldbank.orzg

9

# പരിസ്ഥിതിയും സുസ്ഥിരവികസനവും

## (Environment and Sustainable Development)

### പഠന ലക്ഷ്യങ്ങൾ

- പരിസ്ഥിതി എന്ന ആശയത്തെക്കുറിച്ച് മനസ്സിലാക്കുക.
- പരിസ്ഥിതി അപചയം, വിഭവശോഷണം എന്നിവയുടെ കാരണങ്ങളും ഫലങ്ങളും വിലയിരുത്തുക.
- ഇന്ത്യയിൽ പരിസ്ഥിതി നേരിടുന്ന വെല്ലുവിളികൾ മനസ്സിലാക്കുക.
- സുസ്ഥിരവികസനം എന്ന ആശയവുമായി പാരിസ്ഥിതിക പ്രശ്നങ്ങളെ ബന്ധപ്പെടുത്തുക.

പരിസ്ഥിതി അതേപടി നിലനിർത്തിയാൽ ദശലക്ഷക്കണക്കിനു വർഷം ജീവൻ നിലനിർത്താൻ കഴിയും. പ്രകൃതിയെ നശിപ്പിക്കുന്നതിൽ ഏറ്റവും വലിയ പങ്കുവഹിയ്ക്കുന്ന ഏക വർഗ്ഗം മനുഷ്യനാണ്. മനുഷ്യവംശം അതിന്റെ സാങ്കേതിക വിദ്യകളുപയോഗിച്ച് മനപ്പൂർവ്വമോ അല്ലാതെയോ ദൂരവ്യാപകവും ഗതിമാറ്റാൻ കഴിയാത്തതുമായ മാറ്റങ്ങളാണ് പ്രകൃതിയിൽ ഉണ്ടാക്കുന്നത്.

*അജ്ഞാതൻ*

## 9.1 ആമുഖം

ഇന്ത്യൻ സമ്പദ്വ്യവസ്ഥ നേരിടുന്ന വിവിധ പ്രശ്നങ്ങളെക്കുറിച്ച് മുൻ അധ്യായങ്ങളിൽ നമ്മൾ ചർച്ച ചെയ്തല്ലോ? പരിസ്ഥിതിയുടെ നൈസർഗിക സ്വഭാവത്തിന് വലിയ വിലനൽകി കൊണ്ടാണ് നാം ഇതു വരെ നേടിയ സാമ്പത്തിക വികസനങ്ങൾ. ഉയർന്ന സാമ്പത്തികവളർച്ച വാഗ്ദാനം ചെയ്യുന്ന ആഗോളവൽക്കരണ കാലഘട്ടത്തിലേക്ക് കാലെടുത്തുവെക്കുമ്പോൾ, രാജ്യത്തിന്റെ മുൻ വികസന പാതകൾ പരിസ്ഥിതിക്ക് സൃഷ്ടിച്ച ആഘാതവും, നാം മനപ്പൂർവം തിരഞ്ഞെടുക്കേണ്ട സുസ്ഥിരവികസനവും നമ്മുടെ മനസ്സിൽ ഉണ്ടാകേണ്ടതാണ്. ഇതുവരെ നാം സ്വീകരിച്ച സുസ്ഥിരമല്ലാത്ത വികസന കാഴ്ചപ്പാട്, സുസ്ഥിരവികസനത്തിന്റെ വെല്ലുവിളികൾ എന്നിവ മനസ്സിലാക്കുന്നതിന് സാമ്പത്തിക വികസനത്തിൽ പരിസ്ഥിതിയുടെ പ്രാധാന്യവും സംഭാവനകളും ആദ്യം നാം മനസ്സിലാക്കേണ്ടതുണ്ട്. ഇത് മനസ്സിൽ ഊന്നിക്കൊണ്ട് ഈ അദ്ധ്യായത്തെ മൂന്ന് ഭാഗങ്ങളായി തിരിക്കാം. ആദ്യ ഭാഗം കൈകാര്യം ചെയ്യുന്നത് പരിസ്ഥിതിയുടെ കർത്തവ്യങ്ങളും പ്രാധാന്യവുമാണ്. ഇന്ത്യയുടെ പരിസ്ഥിതി അവസ്ഥയാണ് രണ്ടാം ഭാഗം ചർച്ചചെയ്യുന്നത്. മൂന്നാം ഭാഗം കൈകാര്യം ചെയ്യുന്നത് സുസ്ഥിര വികസനം നേടാനുള്ള തന്ത്രങ്ങളും നടപടികളുമാണ്.

## 9.2 പരിസ്ഥിതി: നിർവചനവും ധർമ്മവും (Environment: Definition And Functions)

ഭൂഗോളപൈതൃകവും ഭൂമിയിലെ എല്ലാ വിഭാഗങ്ങളുടെ സമ്പൂർണ്ണതയും കൂടിച്ചേർന്നതാണ് പരിസ്ഥിതി. പരസ്പരം ബന്ധപ്പെട്ടുകിടക്കുന്ന ജീവനുള്ളതും ഇല്ലാത്തതുമായ എല്ലാ ഘടകങ്ങളും ചേർന്നതാണ് പരിസ്ഥിതി. പക്ഷികൾ, മൃഗങ്ങൾ, ചെടികൾ, കാടുകൾ, മത്സ്യങ്ങൾ, മുതലായവയെല്ലാം ജീവനുള്ള വിഭാഗത്തിൽപ്പെടുന്നവയാണ്. വായു, ജലം, മണ്ണ്, പാറകൾ, സൂര്യപ്രകാശം എന്നിവയെല്ലാം ജീവനില്ലാത്ത വിഭാഗത്തിൽപ്പെടുന്നവയാണ്. പരിസ്ഥിതിയിലെ ജീവനുള്ളതും അല്ലാത്തതുമായ ഘടകങ്ങളുടെ പരസ്പര ബന്ധത്തെക്കുറിച്ച് പഠിക്കാനാണ് പരിസ്ഥിതി പഠനം നമ്മളോട് ആവശ്യപ്പെടുന്നത്.

### പരിസ്ഥിതിയുടെ ധർമ്മങ്ങൾ (Functions of the Environment):

നാല് പ്രധാന ധർമ്മങ്ങൾ ആണ് പരിസ്ഥിതി നിർവഹിക്കുന്നത്.

1. വിഭവങ്ങൾ പ്രദാനം ചെയ്യുക

വിഭവങ്ങൾ എന്ന് ഇവിടെ സൂചിപ്പിച്ചത് പുനസ്ഥാപിക്കാൻ കഴിയുന്ന വിഭവങ്ങളും പുനസ്ഥാപിക്കാൻ കഴിയാത്ത വിഭവങ്ങളും ചേർന്നാണ്. ഉപയോഗിക്കുന്തോറും കുറയാനോ, തേയ്മാനം വരാനോ സാധ്യതയില്ലാത്ത വിഭവങ്ങളാണ് പുനസ്ഥാപിക്കാൻ കഴിയുന്നവ. അതായത് ഈ വിഭവങ്ങളുടെ പ്രദാനം എല്ലായ്പ്പോഴും ഉണ്ടായിരിക്കും. ഉദാഹരണമായി, കാട്ടിലെ മരങ്ങൾ, സമുദ്രത്തിലെ മത്സ്യങ്ങൾ എന്നിവ. മറിച്ച്, ഉപയോഗിക്കുന്തോറും കുറുകയോ നശിക്കുകയോ ചെയ്യുന്ന വിഭവങ്ങളാണ് പുനസ്ഥാപിക്കാൻ കഴിയാത്ത വിഭവങ്ങൾ. ഉദാ: ഖനിജ ഇന്ധനം (fossil fuel)

2. എല്ലാ പാഴ്‌വസ്തുക്കളേയും ആഗിരണം ചെയ്ത് ഇല്ലാതാക്കുക.

3. ജനിതക വൈവിധ്യങ്ങളും ജൈവവൈവിധ്യങ്ങളും സൃഷ്ടിച്ച് പ്രകൃതിയിൽ ജീവൻ നിലനിർത്തുക.

4. പ്രകൃതിദൃശ്യങ്ങൾ പോലുള്ള സൗന്ദര്യാത്മക സേവനങ്ങൾ നൽകുക (Aesthetic Services).

പരിസ്ഥിതിയുടെ ധർമ്മങ്ങളുടെ ചോദനം അതിന്റെ വാഹകശേഷിക്കുള്ളിൽ (carrying capactiy) നിൽക്കുമ്പോൾ മാത്രമാണ് പരിസ്ഥിതിയുടെ ധർമ്മങ്ങൾ സുഗമമായി നടത്താൻ കഴിയുന്നത്. പരിസ്ഥിതിക്ക് പുനസ്ഥാപിക്കാൻ കഴിയുന്ന വിഭവങ്ങളുടെ വളർച്ചാ നിരക്കിനേക്കാൾ കൂടുതൽ ആവരുത് വിഭവങ്ങളുടെ ഉപയോഗം എന്നാണ് ഇത് അർത്ഥമാക്കുന്നത്. അതുപാലെ തന്നെ പാഴ്‌വസ്തുക്കളെ ആഗിരണം ചെയ്ത് നശിപ്പിക്കാനുള്ള പരിസ്ഥിതിയുടെ ശേഷിയേക്കാൾ (assimilating capactiy) കൂടുതലാവരുത് പരിസ്ഥിതിയിലുണ്ടാകുന്ന പാഴ്‌വസ്തുക്കൾ. ഇങ്ങനെയല്ല സംഭവിക്കുന്നതെങ്കിൽ പരിസ്ഥിതിക്ക് അതിന്റെ മൂന്നാമത്തെ ധർമ്മമായ സുസ്ഥിരത നേടാൻ കഴിയാതെ വരാം. ഇത് പരിസ്ഥിതി നാശത്തിലേക്ക് നയിക്കുന്നു .ലോകം മുഴുവനും ഇന്നുള്ള അവസ്ഥയാണിത്. വികസ്വരരാജ്യങ്ങളിലെ വർധിച്ചു വരുന്ന ജനസംഖ്യ, വികസിത രാജ്യങ്ങളിലെ സമൃദ്ധമായ ഉൽപാദനം, ഉപഭോഗം എന്നിവയെല്ലാം പരിസ്ഥിതിക്ക് വലിയ ആഘാതം ഉണ്ടാക്കുകയും അതിന്റെ ഒന്നും രണ്ടും ധർമ്മങ്ങൾ ചെയ്യുന്നതിന് തടസ്സമാവുകയും ചെയ്യുന്നു. കുറേ



*ചിത്രം 9.1 ജലാശയങ്ങൾ: ചെറുതും മഞ്ഞുപാളികളുമുള്ള ഹിമാലയൻ അരുവികൾ മലിനമാകാത്ത ശുദ്ധജല ഉറവിടങ്ങളാണ്.*

## പഠന പ്രവർത്തനങ്ങൾ

- എന്തുകൊണ്ടാണ് ജലം  ഒരു സാമ്പത്തികസാധനമാകുന്നത്? ചർച്ച ചെയ്യുക.
- വായു, ജലം ,ശബ്ദമലിനീകരണം എന്നിവമൂലം ഉണ്ടാകുന്നതും സാധാരണയായി കാണുന്നതുമായ  അസുഖങ്ങൾ എഴുതി പട്ടിക പൂർണമാക്കുക.

| വായുമലിനീകരണം (Air Pollution) | ജലമലിനീകരണം (water pollution) | ശബ്ദമലിനീകരണം (Noise pollution) |
|---|---|---|
| ആസ്മ | കോളറ | |

യേറെ വിഭവങ്ങൾ ഇല്ലാതായിത്തീരുകയും പരിസ്ഥിതിയുടെ ആഗിരണശേഷി (Absorptive capactiy) മുകളിൽ പാഴ്‌വസ്തുക്കൾ സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. ആഗിരണശേഷി എന്നതു കൊണ്ടുദ്ദേശിക്കുന്നത് അപചയത്തെ ഇല്ലാതാക്കാനുള്ള പരിസ്ഥിതിയുടെ കഴിവാണ്. നമ്മളിപ്പോൾ പരിസ്ഥിതിനാശത്തിന്റെ ആരംഭത്തിലാണ് എന്നതാണ് അതിന്റെ ഫലം. കഴിഞ്ഞകാല വികസനങ്ങൾ നദികളെയും മറ്റ് ജലാശയങ്ങളെയും മലിനമാക്കുകയും വറ്റിക്കുകയും ചെയ്തതിനാൽ ജലം ഒരു സാമ്പത്തികവസ്തുവായി മാറി. കൂടാതെ പുനസ്ഥാപിക്കാൻ കഴിയുന്നതും അല്ലാത്തതുമായ വിഭവങ്ങളുടെ തീവ്രവും വ്യാപകവുമായ ഉപഭോഗം ചില വിഭവങ്ങളെയെങ്കിലും ഉപയോഗിച്ചു തീർക്കുന്ന അവസ്ഥയിലേക്ക് എത്തിച്ചേർന്നു. അതുമൂലം പുതിയ വിഭവങ്ങൾ കണ്ടെത്തുന്നതിന് ആവശ്യമായ സാങ്കേതികവിദ്യക്കും ഗവേഷണത്തിനും വൻതുകകൾ ചെലവഴിക്കുന്നതിലേക്ക് നാം നിർബന്ധിതരായി. കൂടാതെ വെള്ളത്തിന്റെയും വായുവിന്റെയും ഉൽകൃഷ്ടത നഷ്ടമാകുന്നത് മൂലം ഉണ്ടാകുന്ന പരിസ്ഥിതിയുടെ അപചയം ആരോഗ്യച്ചെലവ് വർധിപ്പിക്കുന്നതിനും കാരണമാകുന്നു. (ഇന്ത്യയിൽ എഴുപത് ശതമാനത്തോളം ജലം മലിനമാണ്). ഇതുമൂലം വൻതോതിലുള്ള ശ്വാസകോശരോഗങ്ങളും ജലജന്യരോഗങ്ങളും ഇന്ത്യയിൽ വർദ്ധിക്കുകയും ആരോഗ്യ ചെലവുകൾ കൂടുകകയും ചെയ്യുന്നു. ആഗോള പരിസ്ഥിതിപ്രശ്നങ്ങളായ ആഗോളതാപനവും (Global warming), ഓസോൺശോഷണവുമെല്ലാം (Ozone depletion) കാര്യങ്ങൾ കൂടുതൽ ദുരിതത്തിലാക്കുകയും ഗവൺമെന്റിന്റെ സാമ്പത്തിക പ്രതിസന്ധി വർധിപ്പിക്കുകയും ചെയ്യുന്നു. അതിനാൽ ഋണാത്മക പരിസ്ഥിതി ആഘാതങ്ങളുടെ അവസരാത്മക ചെലവ് (Oportuntiy Cost) വളരെ വലുതാണെന്ന് ഇതിൽനിന്നും വ്യക്തമാക്കാം.

ഒരു വലിയചോദ്യം ഉയർന്നുവരുന്നത് ഇതാണ്. പരിസ്ഥിതിപ്രശ്നങ്ങൾ ഈ നൂറ്റാണ്ടിന് പുതിയതാണോ? അങ്ങിനെയെങ്കിൽ എന്തു കൊണ്ട്? ഇതിന് ഉത്തരം കണ്ടെത്താൻ ചില വിശദീകരണങ്ങൾ വേണ്ടിവരും. മനുഷ്യസംസ്കാരങ്ങൾ ഉടലെടുക്കാത്ത ആദ്യകാലങ്ങളിൽ, അല്ലെങ്കിൽ ജനസംഖ്യ വർദ്ധിക്കുന്നതിനു മുമ്പ്, അതുമല്ലെങ്കിൽ രാജ്യങ്ങൾ

**ബോക്സ് 9.1 : ആഗോളതാപനം (Global warming)**

വ്യവസായവിപ്ലവം മുതൽ ഹരിതഗൃഹവാതകങ്ങളുടെ വർധനവ് ഭൂമിയുടെ അന്തരീക്ഷത്തിൽ ഊഷ്മാവ് ക്രമേണ വർധിപ്പിച്ചു. ഇതിനെയാണ് ആഗോളതാപനം എന്നുപറയുന്നത്. അടുത്തകാലത്തായി ഉയർന്നുവന്ന ആഗോളതാപനം മനുഷ്യ സൃഷ്ടിയാണ്. ഇതിനു കാരണം മനുഷ്യനിർമിതമായ കാർബൺഡയോക്സൈഡ്, മറ്റ് ഹരിതഗൃഹവാതകങ്ങൾ എന്നിവയാണ്. ഇവ പ്രധാനമായും വരുന്നത് ഫോസ്സിൽ ഇന്ധനം കത്തിക്കുന്നതിലൂടെയും വനനശീകരണത്തിലൂടെയുമാണ്. കാർബൺ ഡയോക്സൈഡ്, മീഥേൻ, അതുപോലുള്ള വാതകങ്ങൾ (ഇവയ്ക്ക് ചൂട് കൂടുതൽ ആഗിരണം ചെയ്യാനുള്ള ശേഷിയുണ്ട്) എന്നിവ മാറ്റങ്ങളില്ലാതെ അന്തരീക്ഷത്തിൽ വർദ്ധിക്കുന്നതു മൂലം ഭൂമിയുടെ ഉപരിതലം കൂടുതൽ ചൂടാവുന്നു. വ്യവസായവിപ്ലവ കാലത്തിന് മുമ്പ് ഉണ്ടായിരുന്നതിനേക്കാൾ  കാർബൺഡയോക്സൈഡ് 31 ശതമാനവും, മീഥേൻ (CH 4) 149 ശതമാനവും 1750 മുതൽ വർദ്ധിക്കുകയുണ്ടായി. കഴിഞ്ഞ നൂറ്റാണ്ടിൽ അന്തരീക്ഷതാപം  1.1 ഡിഗ്രി ഫാരൻ ഹീറ്റ് (O. 6 ഡിഗ്രി സെൽഷ്യസ്) വർദ്ധനവുണ്ടായി. കൂടാതെ, സമുദ്രജലനിരപ്പ് ചില ഇഞ്ചുകൾ വർദ്ധിക്കുകയും ചെയ്തു. ധ്രുവത്തിലെ മഞ്ഞുരുകൽ, അതിന്റെ ഫലമായുണ്ടാകുന്ന സമുദ്രജലനിരപ്പ് വർദ്ധനവ്, തീരദേശങ്ങളിലെ വെള്ളപ്പൊക്കം, മഞ്ഞുരുകലിനെ ആശ്രയിച്ചുള്ള ജലവിതരണത്തിന്റെ തടസ്സപ്പെടൽ, പരിസ്ഥിതി യോഗ്യമായ സാഹചര്യങ്ങൾ അപ്രത്യക്ഷമാകുന്ന തോടുകൂടി ജീവജാലങ്ങളുടെ വംശനാശം, ഇടക്കിടക്കുള്ള ഉഷ്ണമേഖലാ കൊടുങ്കാറ്റുകൾ, ഉഷ്ണമേഖലാ അസുഖങ്ങളുടെ വർദ്ധനവ് എന്നിവയെല്ലാം ആഗോളതാപനത്തിന്റെ ചില ദീർഘകാല ഫലങ്ങളാണ്.

ആഗോളതാപനത്തിലേക്ക് നയിക്കുന്ന പ്രധാന ഘടകങ്ങൾ  ഇവയാണ്.

- കൽക്കരിയുടെയും പെട്രോളിയം  ഉൽപ്പന്നങ്ങളുടെയും കത്തിക്കൽ. ( ഇത്, കാർബൺ ഡൈഓക്സൈഡ്, മീഥേൻ, നൈട്രസ് ഓക്സൈഡ്, ഓസോൺ എന്നിവയുടെ ഉറവിടങ്ങളാണ്.)
- വനനശീകരണം, ഇതു മൂലം അന്തരീക്ഷത്തിലെ കാർബൺഡയോക്സൈഡിന്റെ അളവ് വർദ്ധിക്കുന്നു.
- മൃഗങ്ങളുടെ വിസർജ്യത്തിൽ നിന്നുണ്ടാകുന്ന മീഥേൻ ഗ്യാസ്.
- വർദ്ധിച്ച തോതിലുള്ള കന്നുകാലി ഉൽപാദനം. അത് വനനശീകരണം, മീഥേൻ എന്നിവ സൃഷ്ടിക്കുന്നു. കൂടതെ ജൈവഇന്ധനങ്ങളുടെ ഉപയോഗവും വർദ്ധിക്കുന്നു.

1997 ൽ ജപ്പാനിലെ ക്യോട്ടോവിൽ നടന്ന  കാലാവസ്ഥാവ്യതിയാനത്തെക്കുറിച്ചുള്ള UN സമ്മേളനം വ്യവസായവൽകൃത രാജ്യങ്ങൾ അവരുടെ ഹരിതഗൃഹവാതകങ്ങളുടെ ബഹിർഗമനം കുറച്ചു കൊണ്ടു വരേണ്ടതിനുള്ള ആഹ്വാനം ചെയ്തു.

*ഉറവിടം:* www.wikipedia.org

വ്യവസായവൽക്കരണം തുടങ്ങിയതിനു മുമ്പ് പ്രകൃതിവിഭവങ്ങളുടെ ചോദനം അതിന്റെ പ്രദാനത്തേക്കാൾ വളരെ കുറവായിരുന്നു. ഇത് അർത്ഥമാക്കുന്നത്, പാഴ്‌വസ്തുക്കളെ നശിപ്പിക്കാനുള്ള പരിസ്ഥിതിയുടെ ആഗിരണശേഷിക്കുള്ളിൽ നിന്നുകൊണ്ടുള്ള മലിനീകരണം മാത്രമായിരുന്നു അന്നുണ്ടായിരുന്നത് എന്നതാണ്. കൂടാതെ പ്രകൃതിവിഭവങ്ങളുടെ പുനസ്ഥാപിക്കാൻ കഴിയുന്ന കഴിവിനേക്കാൾ കുറഞ്ഞതോതിൽ മാത്രമാണ് വിഭവങ്ങൾ പ്രകൃതിയിൽനിന്നും എടുത്തിരുന്നത്. അതുകൊണ്ടുതന്നെ പരിസ്ഥിതി പ്രശ്നങ്ങൾ അന്ന് ഉയർന്നു വന്നിരുന്നില്ല.

എന്നാൽവ്യവസായവിപ്ലവവും, ജനസംഖ്യവിസ്‌പോടനവും ജനങ്ങളുടെ വർദ്ധിച്ചു വരുന്ന ആവശ്യങ്ങൾ നിറവേറ്റലുമെല്ലാം

**ബോക്സ് 9.2 : ഓസോൺ ശോഷണം**

അന്തരീക്ഷത്തിലെ സ്ട്രാറ്റോസ്ഫിയർ മേഖലയിലെ ഓസോണിന്റെ അളവ് കുറയുന്ന പ്രതിഭാസമാണ് ഓസോൺശോഷണം. സ്ട്രാറ്റോസ്ഫിയറിലെ ക്ലോറിന്റെയും ബ്രോമിന്റെയും ഉയർന്നതോതിലുള്ള മിശ്രിതങ്ങളാണ് ഇതിന്റെ പ്രധാന കാരണം. ക്ലോറോഫ്ളൂറോ കാർബണിൽ (CFC) നിന്നാണ് ഈ മിശ്രിതങ്ങൾ ഉണ്ടാകുന്നത്. ഇവ എയർകണ്ടീഷനിലും ഫ്രിഡ്ജിലും തണുപ്പിക്കുന്നതിനുള്ള വസ്തുവായി ഉപയോഗിക്കുന്നു, അല്ലെങ്കിൽ വിമാനം പറത്താനാവശ്യമായ ഏയറോസോൾആയും ഉപയോഗിക്കുന്നു. അതുപോലെ തന്നെ ബ്രോമോ ഫ്ലൂറോ കാർബൺസ് (ഹാലൻസ്) തീ കെടുത്തുന്ന ഉപകരണത്തിൽ ഉപയോഗിക്കുന്നു. ഓസോൺ പാളിയുടെ ശോഷണത്തിന്റെ ഫലമായി കൂടുതൽ അൾട്രാവയലറ്റ് രശ്മികൾ (UV rays) ഭൂമിയിലേക്ക് പതിക്കുകയും അത് ജീവജാലങ്ങളുടെ നാശത്തിന് കാരണമാവുകയും ചെയ്യുന്നു. കൂടാതെ, ഇത് മനുഷ്യന് തൊലിപ്പുറത്തുള്ള കാൻസറിന് കാരണമാകുകയും ചെയ്യുന്നു. അൾട്രാവയലറ്റ് രശ്മികൾ മൂലം ജലാശയങ്ങളിലെ ഒരുതരം ചെറിയ പായലുകളുടെ (Phytoplankton) ഉൽപാദനം കുറഞ്ഞ് മറ്റ് ജലാശയ ജീവജാലങ്ങളെ ബാധിക്കുന്നു. ഇത് കരയിലുള്ള ചെടികളുടെ വളർച്ചയെ സ്വാധീനിക്കുന്നു. 1790 മുതൽ 1990 വരെയുള്ള കാലഘട്ടത്തിൽ ഏതാണ്ട് അഞ്ച് ശതമാനത്തോളം ഓസോൺ പാളി നശിച്ചതായി കണ്ടെത്തി. ഏറ്റവും ദോഷകരമായ അൾട്രാവയലറ്റ് രശ്മികളെ ഭൂമിയിലേക്ക് വരുന്നത് തടഞ്ഞുനിർത്തുന്നത് ഓസോൺ പാളികളാണ്. ഓസോൺ പാളിയുടെ ശോഷണം മൂലം ലോകം മുഴുവൻ ഉത്കണ്ഠയിൽ ആണ്. ഇത് മോൺട്രിയൽ പ്രോട്ടോകോൾ സ്വീകരിക്കുന്നതിലേക്ക് നയിച്ചു. ഇത് ക്ലോറോ ഫ്ലൂറോ കാർബൺ സംയുക്തങ്ങൾ, ഓസോൺ ശോഷണകാരണരാസവസ്തുക്കളായ കാർബൺ ടെട്രാക്ലോറൈഡ്, ട്രൈക്ലോറോ ഈഥേൻ (അതിനെ മീഥൈൽ ക്ലോറോഫോം എന്നും പറയുന്നു). ബ്രോമിൻ സംയുക്തങ്ങൾ (ഹാലൻസ് എന്നും പറയുന്നു). എന്നിവയുടെ ഉപയോഗം നിരോധിക്കാൻ ആഹ്വാനം ചെയ്യുന്നു.

ഉറവിടം: www.ceu.hu



*ചിത്രം 9.2 ഇന്ത്യയിലെ ഏറ്റവും വലിയ വ്യവസായ മേഖലകളിൽ ഒന്നാണ് ദാമോദർവാലി. ദാമോദർ നദിയുടെ തീരത്തുള്ള വൻവ്യവസായങ്ങൾ ആ പ്രദേശത്തെ മലിനമാക്കി പരിസ്ഥിതി നാശത്തിലേക്ക് തള്ളി വിടുന്നു.*

കാര്യങ്ങൾ മാറ്റി മറിച്ചു. പരിസ്ഥിതിയ്ക്ക് പുനസ്ഥാപിക്കാൻ കഴിയുന്ന ശേഷിക്കപ്പുറത്തേക്ക് ഉൽപാദനത്തിനും ഉപഭോഗത്തിനുമായി വിഭവങ്ങളുടെ വർധിച്ച ചോദനമായിരുന്നു ഇതിന്റെ ഫലം. പാഴ്‌വസ്തുക്കളെ ആഗിരണം ചെയ്യാനുള്ള പരിസ്ഥിതിയുടെ കഴിവിനുമുകളിലുള്ള സമ്മർദ്ദം ഗണ്യമായി വർദ്ധിച്ചു. ഈ രീതി ഇന്നും തുടർന്നു കൊണ്ടിരിക്കുന്നു. പരിസ്ഥിതിയുടെ ഉൽകൃഷ്ടത നിലനിർത്തുന്ന ചോദന പ്രദാന ബന്ധത്തിന്റെ നേർവിപരീതമാണ് യഥാർത്ഥത്തിൽ സംഭവിച്ചത്. പരിസ്ഥിതി വിഭവങ്ങളോടും സേവനങ്ങളോടുമുള്ള വർദ്ധിച്ചുവരുന്ന ആവശ്യം ഒരു ഭാഗത്തും മറുഭാഗത്ത് അമിത ഉപയോഗം കൊണ്ടും, ദുരുപയോഗം കൊണ്ടും പരിമിതമായ വിഭവങ്ങളുടെ ലഭ്യതയുമാണ് നാമിന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ. അതുകൊണ്ടുതന്നെ, പരിസ്ഥിതി പ്രശ്നങ്ങളായ പാഴ്‌വസ്തുക്കളുടെ ഉത്ഭവവും മലിനീകരണവുമെല്ലാം ഇന്ന് ഗുരുതരമായ അവസ്ഥയിലാണ്.

## 9.3 ഇന്ത്യയിലെ പരിസ്ഥിതിയുടെ അവസ്ഥ (State of India's Environment).

ഫലഭൂയിഷ്ഠമായ മണ്ണ്, നൂറുകണക്കിന്നദികളും പോഷകനദികളും, സമൃദ്ധമായ ഹരിതവനങ്ങൾ, ഭൂമിക്കടിയിലുള്ള ധാരാളം ധാതുദ്രവ്യങ്ങളുടെ നിക്ഷേപം, വിശാലമായ ഇന്ത്യൻ മഹാസമുദ്രതീരം, പർവ്വതനിരകൾ മുതലായവയാൽ അതിസമ്പന്നമായ പ്രകൃതിവിഭവങ്ങളുടെ രാജ്യമാണ് നമ്മുടെ ഇന്ത്യ. ഡെക്കാൻ പീഠഭൂമിയുടെ കരിമണ്ണ്



*ചിത്രം 9.3. വനനശീകരണം മൂലം മണ്ണിന്റെ അപചയവും, ജൈവവൈവിധ്യങ്ങളുടെ നാശവും, വായു മലിനീകരണവും സംഭവിക്കുന്നു.*

പരുത്തി കൃഷിക്ക് വളരെ അനുയോജ്യമാണ്.

അതിനാൽ തന്നെ പരുത്തിത്തുണി വ്യവസായങ്ങൾ കേന്ദ്രീകരിച്ചിരിക്കുന്നത് ഈ മേഖലയിലാണ്. അറബിക്കടൽ മുതൽ ബംഗാൾ ഉൾക്കടലിൽ വരെ പരന്നുകിടക്കുന്ന സിന്ധുഗംഗാസമതല പ്രദേശം ലോകത്തിൽ തന്നെ ഏറ്റവും ഫലഭൂയിഷ്ഠമായതും വൻതോതിൽ കൃഷി നടത്തുന്നതും ജനസാന്ദ്രവുമായ പ്രദേശങ്ങളിലൊന്നാണ്. നിമ്നോന്നതമായി പരന്നുകിടക്കുന്ന ഇന്ത്യയിലെ കാടുകൾ ഭൂരിഭാഗം ജനങ്ങൾക്കും പച്ചപ്പ് നൽകുന്നു. കൂടാതെ വന്യജീവികൾക്കു നൈസർഗികമായ സംരക്ഷണവും നൽകുന്നു. ഇരുമ്പയിര്, കൽക്കരി, പ്രകൃതിവാതകം എന്നിവയുടെ വൻതോതിലുള്ള നിക്ഷേപം ഇന്ത്യയിൽ കണ്ടെത്തിയിട്ടുണ്ട്. ലോകത്തിലെ 20 ശതമാനത്തോളം ഇരുമ്പയിര് നിക്ഷേപം നമ്മുടെ രാജ്യത്താണ്. ബോക്സൈറ്റ്, ചെമ്പ്, ക്രോമേറ്റ്, രത്നം, സ്വർണം, ലെഡ്, ലിഗ്നൈറ്റ്, മാംഗനീസ്. സിങ്ക്, യുറേനിയം മുതലായവയെല്ലാം രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ലഭ്യമാണ്. എന്നിരുന്നാലും ഇന്ത്യയിലെ വികസന പ്രവർത്തനങ്ങൾ നമ്മുടെ പരിമിതമായ പ്രകൃതിവിഭവങ്ങൾക്കും മനുഷ്യആരോഗ്യത്തിനും ക്ഷേമത്തിനും വലിയ സമ്മർദമാണ് സൃഷ്ടിക്കുന്നത്. രണ്ടു തരത്തിലാണ് ഇന്ത്യയുടെ പരിസ്ഥിതിക്ക് ഭീഷണി ഉണ്ടാകുന്നത്:

ദാരിദ്യം മൂലമുള്ള പരിസ്ഥിതി നാശം. അതേസമയത്തു തന്നെ സമൃദ്ധവും, അതിവേഗം വളരുന്നതുമായ വ്യവസായ മേഖലയിൽ നിന്നുണ്ടാകുന്ന മലിനീകരണ ഭീഷണി. വായു മലിനീകരണം, ജല മലിനീകരണം, മണ്ണൊലിപ്പ്, വനനശീകരണം, വന്യജീവികളുടെ വംശനാശം എന്നിവയെല്ലാം ഇന്ത്യയിലെ വലിയ പരിസ്ഥിതിപ്രശ്നങ്ങളിൽ ചിലതാണ്. പ്രധാനപ്പെട്ട പരിസ്ഥിതി വിഷയങ്ങൾ ഇവയാണ്.

(i) മണ്ണിന്റെ അപചയം.

(ii) ജൈവവൈവിധ്യങ്ങളുടെ നാശം.

(iii) വായു മലിനീകരണം, പ്രത്യേകിച്ചും പട്ടണങ്ങളിലെ വാഹനങ്ങൾ മൂലം ഉണ്ടാകുന്നവ.

(iv) ശുദ്ധജല പരിപാലനം

(v) ഖരമാലിന്യങ്ങളുടെ സംസ്കരണം. ഭൂമിയുടെ അസ്ഥിരമായ ഉപയോഗം, അനുചിതമായ കൈകാര്യം ചെയ്യൽ എന്നിവമൂലം ഇന്ത്യയിലെ മണ്ണ്പല തരത്തിലുള്ള, പല അവസ്ഥയിലുള്ള അപചയം നേരിടുന്നു.

മണ്ണിന്റെ അപചയത്തിന് കാരണമാകുന്ന ചില ഘടകങ്ങൾ ഇവയാണ്.

(i) വനനശീകരണം മൂലമുള്ള സസ്യജാലങ്ങളുടെ നഷ്ടം.

(ii) വിറക് കാലിത്തീറ്റ എന്നിവയുടെ സുസ്ഥിരമല്ലാത്ത ശേഖരിക്കൽ.

(iii) മാറിമാറിവരുന്ന കൃഷി.

(iv) വനഭൂമിയിലേക്കുള്ള കടന്നുകയറ്റം.

(v) കാട്ടുതീയും അമിതമായ കന്നുകാലി മേയ്ക്കലും.

(vi ) മണ്ണ് സംരക്ഷണത്തിന് ആവശ്യമായ നടപടി സ്വീകരിക്കാതിരിക്കൽ.

(vii) ഉചിതമല്ലാത്ത വിളപര്യയം (crop rotation ).

**ബോക്സ് 9.3 :'ചിപ്കോ ' അല്ലെങ്കിൽ 'അപ്പിക്കൊ'......... ഒരു പേരിലെന്തിരിക്കുന്നു?**



ഹിമാലയത്തിലെ കാടുകളെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ തുടങ്ങിയ 'ചിപ്കോ' പ്രസ്ഥാനത്തെക്കുറിച്ച് നിങ്ങൾക്കൊരു പക്ഷേ അറിയാമല്ലോ? കർണാടകത്തിൽ ഇതിന് സമാനമായ ഒരു പ്രസ്ഥാനം ഉയർന്നുവന്നു. അത് 'അപ്പിക്കൊ' എന്ന് അറിയപ്പെടുന്നു. ഇതിനർത്ഥം ആലിംഗനം എന്നാണ്. 1983 സെപ്റ്റംബർ എട്ടാം തീയതി സിർസി ജില്ലയിലെ സൽക്കാനി കാടുകളിൽ മരങ്ങൾ വെട്ടി മുറിക്കാൻ തുടങ്ങിയപ്പോൾ,160 പുരുഷന്മാരും കൂടാതെ സ്ത്രീകളും കുട്ടികളുമടങ്ങുന്ന സംഘം മരങ്ങളെ ആലിംഗനം ചെയ്യുകയും മരം മുറിക്കുന്നവരെ നിർബന്ധിച്ച് ഒഴിവാക്കുകയും ചെയ്തു. അടുത്ത ആറ് ആഴ്ചകളിൽ വളരെ ജാഗ്രതയോടെ ഇവർ വനത്തിൽ തന്നെ ഉണ്ടായിരുന്നു. ഫോറസ്റ്റ് ഓഫിസർമാരുടെ ജില്ലാ പദ്ധതി അനുസരിച്ച് ശാസ്ത്രീയ അടിസ്ഥാനത്തിൽ മാത്രമേ മരം മുറിക്കുകയുള്ളൂ എന്ന ഉറപ്പു ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമാണ് വളണ്ടിയർമാർ പിരിഞ്ഞുപോയത്.

കോൺട്രാക്ടർമാരുടെ വാണിജ്യരൂപത്തിലുള്ള വ്യാപകമായ മരം മുറിക്കൽ, സ്വഭാവിക വനങ്ങളെ നശിപ്പിക്കുമ്പോൾ, മരങ്ങളെ ആലിംഗനം ചെയ്യുന്നതിലൂടെ കാടുകളെ സംരക്ഷിക്കാം എന്ന പ്രതീക്ഷയും വിശ്വാസവും ജനങ്ങളിൽ ഉയർന്നുവന്നു. ഈ പ്രത്യേക സംഭവത്തോടെ മരം മുറിക്കൽ അവസാനിക്കുകയും ഏതാണ്ട് പന്ത്രണ്ടായിരത്തോളം മരങ്ങളെ ജനങ്ങൾക്ക് സംരക്ഷിക്കുവാനും കഴിഞ്ഞു. മാസങ്ങൾക്കുള്ളിൽ തന്നെ ഈ പ്രസ്ഥാനം അയൽ ജില്ലകളിലേക്ക് കൂടി വ്യാപിച്ചു.

വിറകിനും, വ്യവസായ ആവശ്യങ്ങൾക്കുമായുള്ള വിവേചനരഹിതമായ മരം മുറിക്കൽ നിരവധി പരിസ്ഥിതി പ്രശ്നങ്ങളിലേക്ക് നയിച്ചു. ഉത്തരായന മേഖലയിൽ പേപ്പർ മിൽ തുടങ്ങി 12 വർഷം കഴിഞ്ഞപ്പോഴേക്കും, ആ മേഖലയിൽ മുള പൂർണമായും തുടച്ചു നീക്കപ്പെട്ടു. കേരളത്തിൽ ഗ്വാളിയോർ റയൺസ് മുള നശിപ്പിച്ചതുപോലെ 'വലിയ ഇലകളുള്ള മരങ്ങൾ, അവ നേരിട്ട് മഴ പതിക്കുന്നതിൽ നിന്നും മണ്ണിനെ സഹായിച്ചിരുന്നു. ഇവ മുറിച്ചത് മൂലം മണ്ണൊലിപ്പ് വ്യാപകമാവുകയും, പിന്നീട് ചെമ്മണ്ണ് മാത്രം അവശേഷിക്കുകയും ചെയ്തു. അവിടെ കളകൾ അല്ലാതെ മറ്റൊന്നും വളരാത്ത സ്ഥിതിയായി. 'ഒരു കർഷകൻ പറഞ്ഞതാണിത്. പുഴകളും തോടുകളും അതിവേഗം വരണ്ടുണങ്ങി. മഴ കുറഞ്ഞു, കേട്ടുകേൾവിപോലുമില്ലാത്ത പ്രാണികളും രോഗങ്ങളും വിളകളെ ആക്രമിച്ചു.

കോൺട്രാക്ടർമാരും ഫോറസ്റ്റ് ഉദ്യോഗസ്ഥരും ചില നിയമങ്ങളും നിയന്ത്രണങ്ങളും പ്രാവർത്തികമാക്കണമെന്ന് അപ്പിക്കോ വളണ്ടിയർമാർ ആവശ്യപ്പെട്ടു. ഉദാഹരണം ഏതെല്ലാം മരങ്ങളാണ് മുറിക്കാൻ അടയാളപ്പെടുത്തേണ്ടത്, എന്നത് അവിടുത്തെ പ്രാദേശിക വാസികളുമായി കൂടിയാലോചിക്കേണ്ടതാണ്. ജലസ്രോതസ്സുകളുടെ 100 മീറ്ററിനുള്ളിലെ മരങ്ങൾ, 30 ഡിഗ്രിയോ അതിനു മുകളിലോ ചെരിവുള്ള സ്ഥലങ്ങളിലെ മരങ്ങൾ എന്നിവ യാതൊരു കാരണവശാലും മുറിക്കാൻ പാടുള്ളതല്ല

വനഭൂമികൾ, അതിലെ അസംസ്കൃത വസ്തുക്കൾ എന്നിവ വ്യവസായാവശ്യങ്ങൾക്കുള്ള അസംസ്കൃത വസ്തുക്കളായി ഉപയോഗിക്കാൻ ഗവൺമെന്റ് നൽകാറുണ്ട് എന്ന് നിങ്ങൾക്കറിയാമോ? ഒരു പേപ്പർ മില്ല് ചിലപ്പോൾ പതിനായിരം പേർക്ക് ജോലി കൊടുത്തിരിക്കാം, പ്ലൈവുഡ് കമ്പനി എണ്ണൂറോളം പേർക്ക്ജോലി കൊടുത്തിരിക്കാം, എന്നാൽ അവർ കോടിക്കണക്കിനാളുകളുടെ ആവശ്യങ്ങൾ നിഷേധിക്കുകയാണെങ്കിൽ ഇത് സ്വീകരിക്കേണ്ടതുണ്ടോ? എന്താണ് നിങ്ങൾ കരുതുന്നത്.

ഉറവിടം: *Excerpts from "State of India's Environment 2: The Second Citizens' Report 1984-85, Cetnre for Science and Environment, 1996, New Delhi...*

(viii) അവിവേകമായ രാസവളങ്ങളും കീടനാശിനികളും ഉപയോഗിക്കൽ.

(ix) ജലസേചന സംവിധാനത്തിന്റെ ഉചിതമല്ലാത്ത ആസൂത്രണവും നടത്തിപ്പും.

(x) ഭൂഗർഭജല സൃഷ്ടിയുടെ ശേഷിയെക്കാൾ കൂടുതലായി ഭൂഗർഭജലം ഊറ്റിയെടുക്കൽ.

(xi) എല്ലാവർക്കും ഉപയോഗിക്കാൻ കഴിയാവുന്ന വിഭവങ്ങൾ (Open access resources)

(xii) കാർഷിക മേഖലയെ ആ ശ്രയിക്കുന്നവരുടെ ദാരിദ്ര്യം.

ലോകജനസംഖ്യയുടെ 17 ശതമാനവും, കന്നുകാലികളുടെ 20 ശതമാനവും ഭൂമിയുടെ 2.5 ശതമാനം മാത്രം വിസ്തൃതിയുള്ള നമ്മുടെ രാജ്യത്താണ് ഉള്ളത്. രാജ്യത്തുള്ള വലിയ ജനസാന്ദ്രത, കന്നുകാലികൾ, വിവിധ ആവശ്യങ്ങളായ വന സംരക്ഷണം, കൃഷി, പുൽത്തകിടി, മനുഷ്യവാസം, വ്യവസായം എന്നിവയ്ക്കായുള്ള ഭൂമിയുടെ ഉപയോഗം നമ്മുടെ പരിമിതമായ ഭൂവിഭവങ്ങൾക്ക് വലിയ സമ്മർദം സൃഷ്ടിക്കുന്നു.

അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റാനായി ഇന്ത്യയിൽ ഒരാൾക്ക് ശരാശരി ആവശ്യമായ വനഭൂമി എന്നത് 0.47 ഹെക്ടറാണ്. എന്നാൽ ലഭ്യമായത് വെറും 0.08 ഹെക്ടർ മാത്രം. അതിന്റെ ഫലമായി അനുവദനീയമായതിനപ്പുറം ഏതാണ്ട് 15 ദശലക്ഷം ക്യുബിക് മീറ്റർ വനങ്ങളാണ് വെട്ടിവീഴ്ത്തുന്നത്.

ഇന്ത്യയിൽ ഓരോ വർഷവും 5.3 ബില്ല്യൺ ടൺ മേൽമണ്ണ് എന്ന നിരക്കിൽ മണ്ണൊലിപ്പു തുടരുന്നു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അതിന്റെ ഫലമായി 0.8 ദശലക്ഷം ടൺ നൈട്രജൻ, 1.8 ദശലക്ഷം ടൺ ഫോസ്ഫറസ്, 26.3 ദശലക്ഷം ടൺ പൊട്ടാസ്യം എന്നിവ

## പഠനപ്രവർത്തനം

സാമ്പത്തിക പുരോഗതിയിൽ പരിസ്ഥിതിക്കുള്ള പങ്കിന്റെ പ്രാധാന്യത്തെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി താഴെപറയുന്ന കളികൾ പരിചയപ്പെടുത്താവുന്നതാണ്. ഏതെങ്കിലും ഒരു സ്ഥാപനത്തിലെ ഉൽപന്നത്തിന്റെ പേര് ഒരു കുട്ടിക്ക് നൽകുക. അടുത്ത കുട്ടി ഈ ഉൽപ്പന്നവും, അത് ഭൂമിയും പ്രകൃതിയുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്ന് കണ്ടെത്തട്ടെ.

| | | | | | | | | |
|---|---|---|---|---|---|---|---|---|
| ട്രക്കുകൾ | ← | ഉരുക്കും റബ്ബറും | | | | | | |
| സ്റ്റീൽ | ← | ഇരുമ്പ് | ← | ധാതുക്കൾ | ← | ഭൂമി. | | |
| റബ്ബർ | ← | മരങ്ങൾ | ← | കാടുകൾ | ← | ഭൂമി | | |
| പുസ്തകങ്ങൾ | ← | കടലാസുകൾ | ← | മരങ്ങൾ | ← | കാടുകൾ | ← | ഭൂമി |
| വസ്ത്രം | ← | പരുത്തി | ← | ചെടി | ← | പ്രകൃതി | | |
| പെട്രോൾ | ← | ഭൂമി | | | | | | |
| യന്ത്രസാമഗ്രി | ← | ഇരുമ്പ് | ← | ധാതു | ← | ഭൂമി | | |

ഒരു ട്ര ക്ക് കറുത്ത പുക പുറത്തു വിട്ടതിനാൽ അതിന്റെ ഡ്രൈവർ 1000രൂപ ചലാൻ അടക്കുന്നു. അയാളിൽ പിഴ ചുമത്തിയതതാണെന്ന് എന്തുകൊണ്ടാണ് നിങ്ങൾ കരുതുന്നത്? ഇത് നീതീകരിക്കാവുന്നതാണോ? ചർച്ച ചെയ്യുക.

ഓരോ വർഷവും നഷ്ടമാകുന്നു. മണ്ണൊലിപ്പ്മൂലം നഷ്ട പ്പെടുന്ന പോഷകഗുണമുള്ള മണ്ണ് ഒരുവർഷം 5.8 ദശലക്ഷം ടൺ മുതൽ 8. 4 ദശലക്ഷം ടൺ വരെ വരുമെന്നാണ് ഇന്ത്യാ ഗവൺമെന്റ് സൂചിപ്പിക്കുന്നത്.

ഇന്ത്യൻ നഗരങ്ങളിൽ വായു മലിനീകരണം വളരെ കൂടുതലാണ്. വാഹനങ്ങളാണ് ഇതിന് പ്രധാന കാരണം. എന്നാൽ ചില പ്രദേശങ്ങളിൽ വൻതോതിലുള്ള വ്യവസായങ്ങളും താപവൈദ്യുത നിലയങ്ങളും വായുമലിനീകരണത്തിന് ഹേതുവാകുന്നുണ്ട്. വാഹനം മൂലമുണ്ടാകുന്ന വായു മലിനീകരണം സാധാരണ ജനങ്ങൾക്ക് വലിയ ആഘാതമാണ് സൃഷ്ടിക്കുന്നത്. 1951 -ൽ ഏതാണ്ട് 3 ലക്ഷത്തോളം മോട്ടോർ വാഹനങ്ങളാണ് ഉണ്ടായിരുന്നതെങ്കിൽ, 2003 ആയപ്പോഴേക്കും അത് 67 കോടിയോളമായി വർധിച്ചു. 2003 ൽ ഇരുചക്രവാഹനങ്ങളും കാറുകളും കൂടി ആകെ രജിസ്റ്റർ ചെയ്ത വാഹനങ്ങളുടെ 80 ശതമാനത്തോളം വന്നിരുന്നു. ഇവയാണ് വായു മലിനീകരണത്തിൽ വലിയ പങ്കുവഹിക്കുന്നത്.

ലോകത്തിൽ പത്ത് വൻവ്യവസായ വൽകൃത രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ. അനാവശ്യവും അപ്രതീക്ഷിതവുമായ നിരവധി ഫലങ്ങളാണ് വ്യവസായ വൽക്കരണം സംഭാവന ചെയ്തിട്ടുള്ളത്. ആസൂത്രണമില്ലാത്ത നഗരവൽക്കരണം, മലിനീകരണം, അപകട സാധ്യത എന്നിവ ഇതിൽ ചിലതാണ്. ഇന്ത്യയിൽ പതിനേഴ്തരം വ്യവസായങ്ങൾ (വലുതും

**ബോക്സ് 9.4 : മലിനീകരണ നിയന്ത്രണ ബോർഡുകൾ**

രണ്ടു പ്രധാനപരിസ്ഥിതി പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നതിനായി (അതായത് ജലമലിനീകരണവും, വായുമലിനീകരണവും), ഗവൺമെന്റ് 1974ൽ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് (CPCB) സ്ഥാപിച്ചു'. ഇതിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതി പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നതിനായി സംസ്ഥാനങ്ങളും അവരുടേതായ ബോർഡുകൾ സ്ഥാപിച്ചു. വെള്ളം, വായു, മണ്ണ്എന്നിവയുടെ മലിനീകരണം, മലിനജലത്തിന്റെ ഗുണനിലവാരം, പുറത്തേക്കൊഴുകുന്ന മലിനവസ്തുക്കൾ എന്നിവയെക്കുറിച്ച് ഈ ബോർഡ് അന്വേഷിച്ച് വിവരങ്ങൾ ശേഖരിക്കുകയും പ്രചാരപ്പെടുത്തുകയും ചെയ്യുന്നു .ജലമലിനീകരണം കുറച്ചുകൊണ്ട്, നിയന്ത്രിച്ചുകൊണ്ട്, തടഞ്ഞു കൊണ്ട് കിണറുകളുടേയും അരുവികളുടേയും ശുചിത്വം പ്രോത്സാഹിപ്പിക്കുക, അതുപോലെതന്നെ രാജ്യത്തെ വായുമലിനീകരണം കുറച്ചുകൊണ്ട്, നിയന്ത്രിച്ചുകൊണ്ട്, തടഞ്ഞുകൊണ്ട് വായുവിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുക, എന്നിവക്കെല്ലാം ആ വശ്യമായ സാങ്കേതിക സഹായം ഈ ബോർഡുകൾ ഗവൺമെന്റിനു നൽകുന്നു .

ജലമലിനീകരണം, വായുമലിനീകരണം, അവയുടെ തടയൽ, നിയന്ത്രണം, കുറച്ചുകൊണ്ടുവരൽ എന്നിവയെക്കുറിച്ചുള്ള അന്വേഷണവും, ഗവേഷണവും, ബോർഡ് നടത്തുന്നു. കൂടാതെ ഇതിനെക്കുറിച്ച് മാധ്യമങ്ങളിലൂടെ വലിയ ബോധവൽക്കരണവും നടത്തുന്നുണ്ട്. മലിനജലം, കച്ചവടസ്ഥലങ്ങളിലെ അവശി ഷ്ടങ്ങൾ എന്നിവയെ നീക്കം ചെയ്യൽ, അവയുടെ ശുദ്ധീകരണം എന്നിവയെക്കുറിച്ചുള്ള ചട്ടങ്ങളും നിയമാവലികളും മാർഗ്ഗരേഖകളും മലിനീകരണ നിയന്ത്രണ ബോർഡുകൾ തയ്യാറാക്കുന്നു.

വ്യവസായശാലകളെ നിയന്ത്രിച്ചുകൊണ്ട് വായുവിന്റെ ഗുണനിലവാരം ഇവർ ഉറപ്പു വരുത്തുന്നു .യഥാർത്ഥത്തിൽ സംസ്ഥാന മലിനീകരണ ബോർഡുകളും അവയുടെ ജില്ലാതല ഓഫീസർമാരുമായി അവരുടെ അധികാര പരിധിയിലുള്ള എല്ലാ വ്യവസായവും ഇടയ്ക്കിടയ്ക്ക് പരിശോധിക്കുകയും, ഓരോ വ്യവസായത്തിന്റെയും മലിന വസ്തുക്കൾ, വാതകങ്ങൾ എന്നിവ പുറന്തള്ളുന്നതിന് എടുത്ത നടപടികൾ പരിശോധിച്ച് ഉറപ്പു വരുത്തുകയും ചെയ്യുന്നു. വ്യവസായങ്ങൾക്കുള്ള സ്ഥലം നിശ്ചയിക്കൽ, നഗരാസൂത്രണം എന്നിവക്കാവശ്യമയ പശ്ചാത്തല വായു ശുചിത്വത്തെക്കുറിച്ചുള്ള നിർദേശങ്ങളും മലിനീകരണ നിയന്ത്രണ ബോർഡുകൾ നൽകുന്നു.

ജലമലിനീകരണത്തെ ക്കുറിച്ചുള്ള സാങ്കേതിക സ്ഥിതിവിവര ദത്തങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡുകൾ ശേഖരിക്കുകയും, ഒത്തു നോക്കുകയും കുറച്ചുകൊണ്ടു വരികയും ചെയ്യുന്നു. 125 നദികൾ, (പോഷകനദികൾ ഉൾപ്പെടെ) കിണറുകൾ,

തടാകങ്ങൾ, കടലിടുക്ക്, കുളങ്ങൾ, ജലസംഭരണികൾ, ഓവ്, കനാൽ, എന്നിവയിലെ ജലത്തിന്റെ ഗുണനിലവാരം എന്നിവ ഈ ബോർഡുകൾ പരിശോധിക്കുന്നു.

അടുത്തുള്ള വ്യവസായശാല, ജലസേചനവകുപ്പ് എന്നിവ സന്ദർശിച്ച് ജലമലിനീകരണം, വായു മലിനീകരണം എന്നിവ തടയുന്നതിന് അവർ എടുത്ത നടപടികൾ എന്തെല്ലാമെന്ന വിവരങ്ങൾ ശേഖരിക്കുക.

വർത്തമാനപത്രങ്ങൾ, റേഡിയോ, ടെലിവിഷൻ, നിങ്ങളുടെ പരിസരത്തുള്ള നോട്ടീസ് ബോർഡ് എന്നിവയിലുള്ള പരസ്യങ്ങൾ (ജലമലിനീകരണം, വായു മലിനീകരണം എന്നിവയെക്കുറിച്ച്) നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടാകുമല്ലോ? പത്രശകലങ്ങൾ, ലഘുലേഖകൾ, മറ്റു വിവരങ്ങൾ, എന്നിവ ശേഖരിച്ച് ഇതിനെകുറിച്ച് നിങ്ങളുടെ ക്ലാസ്സിൽ ചർച്ച ചെയ്യുക.

ഇടത്തരമുള്ളതും) വലിയ തോതിൽ അന്തരീക്ഷ മലിനീകരണം നടത്തുന്നവയാണ് എന്ന് കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് (CPCB-Central Pollution Cotnrol Board) തിരിച്ചറിഞ്ഞിട്ടുണ്ട്.

മുകളിൽ സൂചിപ്പിച്ച വിഷയങ്ങളെല്ലാം ഇന്ത്യയുടെ പരിസ്ഥിതിക്കുള്ള വെല്ലുവിളികളാണ് ഉയർത്തിക്കാട്ടുന്നത്. സുസ്ഥിര വികസനത്തിന്റെവഴികൾ ബോധപൂർവമായി നാം സ്വീകരിച്ചിട്ടില്ലെങ്കിൽ, കേന്ദ്ര ഗവൺമെന്റിന്റെ പരിസ്ഥിതി മന്ത്രാലയവും, കേന്ദ്രസംസ്ഥാന സർക്കാറുകളുടെ മലിനീകരണ നിയന്ത്രണ ബോർഡുകളും സ്വീകരിച്ചിരിക്കുന്ന വിവിധ നടപടികൾക്ക് ഫലപ്രാപ്തി ഇല്ലാതെ പോകും. ഭാവിതലമുറയെ കുറിച്ചുള്ള ഉത്കണ്ഠയിലായിരിക്കണം ദീർഘകാലത്തേക്കുള്ള വികസനങ്ങൾ ഉണ്ടാകേണ്ടത്. ഭാവിതലമുറയെ പരിഗണിക്കാതെയുള്ള ഇന്നത്തെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്താനുള്ള വികസനം നമ്മുടെ പ്രകൃതി വിഭവങ്ങളെ ഇല്ലാതാക്കുകയും, പരിസ്ഥിതിയെ അപചയപ്പെടുത്തുകയും ചെയ്യും. പരിസ്ഥിതി നാശവും സാമ്പത്തിക പ്രതിസന്ധിയും ആയിരിക്കും ഇതിന്റെ ആത്യന്തിക ഫലം.

### പഠനപ്രവർത്തനം

ഏതൊരു ദേശീയ ദിനപത്രത്തിലും നിങ്ങൾക്ക് വായു മലിനീകരണത്തിന്റെ തോത് രേഖപ്പെടുത്തിയ കോളങ്ങൾ കാണാൻ കഴിയും. ദീപാവലി ദിവസത്തെയും, അതിന് ഒരാഴ്ച മുമ്പുള്ള ദിവസത്തെയും, ദീപാവലി കഴിഞ്ഞ് രണ്ട് ദിവസത്തിനു ശേഷമുള്ള ദിവസങ്ങളിലേയും പത്രങ്ങൾ ശേഖരിക്കുക. പ്രധാനപ്പെട്ട എന്ത് വ്യത്യാസമാണ് നിങ്ങൾക്ക് കാണാൻ കഴിയുക. ചർച്ച ചെയ്യുക.

## 9.4 സുസ്ഥിര വികസനം (Sustainable Development)

പരിസ്ഥിതിയും സമ്പദ്‌വ്യവസ്ഥയും പരസ്പരം ആശ്രയിച്ചിരിക്കുന്നതും പരസ്പരം ആവശ്യമുള്ളതുമാണ്. പരിസ്ഥിതിയുടെ അനന്തരഫലങ്ങളെ അവഗണിച്ചുകൊണ്ടുള്ള വികസനം ജീവജാലങ്ങളെ പരിപോഷിപ്പിക്കുന്ന പരിസ്ഥിതിയുടെ നാശത്തിനു തന്നെ കാരണമാവും. അതുകൊണ്ടുതന്നെ നമുക്ക് വേണ്ടത് സുസ്ഥിരവികസനമാണ്. ഇന്നത്തെ തലമുറ ആനന്ദിക്കുന്ന ജീവിത ഗുണങ്ങളെങ്കിലും വരുംതലമുറയ്ക്ക് അനുവദിക്കുന്ന വികസനമാണ് സുസ്ഥിരവികസനം. സുസ്ഥിരവികസനം എന്ന ആശയത്തിന് പ്രാമുഖ്യം കൊടുത്തത് ഐക്യരാഷ്ട്ര സഭയുടെ പരിസ്ഥിതി വികസന സമ്മേളനമാണ്. (UNCED-United Nations Conference on Environment and Development). 'ഭാവി തലമുറകൾക്ക് അവയുടെ ആവശ്യങ്ങൾ നിറവേറ്റാനുള്ള ശേഷിക്ക് വിഘാതമാകാത്ത തരത്തിൽ ഇന്നത്തെ തലമുറയുടെ ആവശ്യങ്ങൾ നിറവേറ്റുന്ന വികസനം' എന്നാണ് സുസ്ഥിര വികസനത്തെ UNCED നിർവചിച്ചിട്ടുള്ളത്.

ഈ നിർവചനം വീണ്ടും വായിക്കുക. ഇതിലെ 'ആവശ്യം' എന്ന പദവും 'ഭാവിതലമുറകൾ 'എന്ന ശൈലിയും ആവർത്തിക്കുന്ന പരസ്പര ബന്ധിത ശൈലികളാണ് എന്ന് നിങ്ങൾ ശ്രദ്ധിച്ചുവല്ലോ. വിഭവങ്ങളുടെ വിതരണവുമായി ബന്ധപ്പെടുത്തിയാണ് നിർവചനത്തിൽ, ആവശ്യകത എന്ന ആശയം ഉപയോഗിച്ചിരിക്കുന്നത്. എല്ലാവരുടെയും അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുക, മെച്ചപ്പെട്ട ജീവിതത്തിനു വേണ്ടി എല്ലാവരുടെയും ആഗ്രഹങ്ങൾ സഫലീകരിക്കാനുള്ള അവസരം ഉണ്ടാക്കുക എന്നിവയൊക്കെയാണ് നമ്മുടെ പൊതുഭാവി (Our Common Future) എന്ന റിപ്പോർട്ട് സുസ്ഥിരവികസനത്തെകുറിച്ച് വിശദീകരിക്കുന്നത്. എല്ലാവരുടെയും ആഗ്രഹങ്ങൾ നിറവേറ്റുന്നതിന് നമ്മുടെ വിഭവങ്ങൾ പുനർവിതരണം ചെയ്യേണ്ടതുണ്ട്. ഇത് ഒരു ധാർമിക വിഷയമാണ്. ഏറ്റവും അടിത്തട്ടിലുള്ള പാവങ്ങളുടെ ഭൗതിക ജീവിത നിലവാരം വർദ്ധിക്കുന്നതുമായി നേരിട്ട് ബന്ധപ്പെടുത്തിയാണ് എഡ് വേഡ് ബാർബ്യാർ സുസ്ഥിരവികസനത്തെ നിർവചിച്ചിരിക്കുന്നത്. വർദ്ധിച്ച വരുമാനം, യഥാർത്ഥ വരുമാനം, വിദ്യാഭ്യാസ സേവനങ്ങൾ, ആരോഗ്യ സംരക്ഷണം, ശുചിത്വം, ജലവിതരണം എന്നിവ ഉപയോഗിച്ച് ഇത് അളന്നു തിട്ടപ്പെടുത്താവുന്നതാണ്. കൃത്യമായിപ്പറഞ്ഞാൽ കേവല ദാരിദ്ര്യം ( Absolute povetry) കുറയ്ക്കുക എന്നതാണ് സുസ്ഥിര വികസനം കൊണ്ട് ലക്ഷ്യമിടുന്നത്. വിഭവങ്ങളുടെ ക്ഷയം, പരിസ്ഥിതിയുടെ അപജയം, സാംസ്കാരിക ഭംഗം, സാമൂഹ്യ അസ്ഥിരത എന്നിവ പരമാവധി കുറച്ചുകൊണ്ട് ദീർഘകാലം നിലനിൽക്കുന്നതും സുരക്ഷിതവുമായ ഉപജീവനമാർഗങ്ങൾ പാവപ്പെട്ടവർക്ക് നൽകി സുസ്ഥിരവികസനം നേടുക എന്നതാണ് ലക്ഷ്യമിടുന്നത്. എല്ലാവരുടെയും പ്രത്യേകിച്ച് ഭൂരിഭാഗം പാവങ്ങളുടെയും അടിസ്ഥാന ആവശ്യങ്ങളായ തൊഴിൽ, ഭക്ഷണം, ഊർജം, വെള്ളം, പാർപ്പിടം എന്നിവ നിറവേറ്റുന്ന വികസനമാണ് ഈ അർഥത്തിൽ സുസ്ഥിരവികസനം. കൂടാതെ, ഈ ആവശ്യങ്ങൾ നിറവേറ്റാനായി കാർഷിക, വൈദ്യുത, സേവന മേഖലകളു

ടെ വികസനം ഉറപ്പുവരുത്തേണ്ടതാണ്.

ഭാവിതലമുറയെ സംരക്ഷിക്കുക എന്നതി നാണ് ബ്രന്റ്ലാന്റ് കമ്മീഷൻ (Brundtland Commission) ഊന്നൽ നൽകുന്നത്. നമ്മുടെ ഗ്രഹമായ ഭൂമിയെ കേടുപാടുകൾ കൂടാതെ ഭാവി തലമുറയ്ക്ക് കൈമാറുക എന്നുള്ള ധാർമിക ഉത്തരവാദിത്വം നമുക്കുണ്ടെന്ന പരിസ്ഥിതി വാദം അർത്ഥവത്താണ്. അതായത് ഇന്നത്തെ തലമുറ നല്ല പരിസ്ഥിതിയെ വരും തലമുറയ്ക്ക് ദാനം നൽകേണ്ടതുണ്ട് . നമുക്ക് പാരമ്പര്യമായി കിട്ടിയ ജീവിതത്തിന്റെ ഗുണങ്ങൾ ഒട്ടും കുറയാതെ തന്നെ ഏറ്റവും ചുരുങ്ങിയത് അടുത്ത തലമുറയ്ക്കെങ്കിലും നമ്മൾ മാറ്റി വയ്ക്കേണ്ടതുണ്ട് .

(i) പ്രകൃതി വസ്തുവഹകളെ സംരക്ഷിക്കൽ

(ii) പ്രകൃതിയുടെ പുനർജനകമായ പരിസ്ഥിതി സംവിധാനത്തെ പരിപാലിക്കൽ.

(iii) ഭാവി തലമുറയിൽ അടിച്ചേൽപ്പിക്കുന്ന ചെലവുകൾ അഥവാ നഷ്ടങ്ങൾ ഒഴിവാക്കൽ. എന്നിവക്കെല്ലാം അനുകൂലമായ വികസനങ്ങൾ ഇപ്പോഴുള്ള തലമുറ വളർത്തേണ്ടതും പ്രോത്സാഹിപ്പിക്കേണ്ടതുമാണ്.

പരിസ്ഥിതി സാമ്പത്തിക വിദഗ്ധനായ ഹെർമൻഡാലിയുടെ അഭിപ്രായത്തിൽ സുസ്ഥിര വികസനത്തിനായി താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യേണ്ടതാണ്.

(i) ഭൂമിയുടെ വാഹക ശേഷിയെ (Carrying Capactiy) അടിസ്ഥാനമാക്കി ജനസംഖ്യ പരിമിതപ്പെടുത്തുക. പരിസ്ഥിതിയുടെ ഉൾക്കൊള്ളാനുള്ള ശേഷി എന്നത് കപ്പലിലെ പരമാവധി ഭാരം കയറ്റാവുന്ന "പ്ലിമോ സോൾ" രേഖ പോലെയാണ്. അത്തരത്തിൽ ഒരു പരിധിരേഖ സമ്പദ്‌വ്യവസ്ഥക്ക് ഇല്ലെങ്കിൽ ഭൂമിയുടെ താങ്ങൽ ശേഷിയെക്കാൾ കൂടുതൽ ജനസംഖ്യ വർധനവ് ഉണ്ടാകുകയും സുസ്ഥിര വികസനത്തിൽനിന്ന് വഴി മാറിപ്പോവുകയും ചെയ്യും.

(ii) നിവേശങ്ങളുടെ അമിത ഉപയോഗത്തിന് പകരം അവയെ തീർത്തും ഫലപ്രദമായി ഉപയോഗിക്കുന്ന സാങ്കേതിക വിദ്യ സ്വീകരിക്കുക

(iii) പുനസ്ഥാപിക്കാൻ കഴിയുന്ന വിഭവങ്ങൾ എടുക്കുന്നത് സുസ്ഥിരതയുടെ അടിസ്ഥാനത്തിൽ ആവണം. അതായത്, പുതുക്കാവുന്ന വിഭവങ്ങളുടെ പുനരുൽപാദന ശേഷിയെ മറികടക്കുന്ന രൂപത്തിൽ ആവരുത്.

(iv) പുനസ്ഥാപിക്കാൻ കഴിയുന്ന ബദൽ വിഭവങ്ങളുടെ സൃഷ്ടിയുടെ തോതിനേക്കാൾ കുറഞ്ഞ അളവിലേ പുനസ്ഥാപിക്കാൻ കഴിയാത്ത വിഭവങ്ങളുടെ ശോഷണം ഉണ്ടാകാവൂ

(v) മലിനീകരണം മൂലമുള്ള കാര്യക്ഷമതയില്ലായ്മ കുറക്കണം.

## 9.5 സുസ്ഥിര വികസനത്തിനുള്ള തന്ത്രങ്ങൾ (strategies for sustainable development)

പാരമ്പര്യേതരഊർജ്ജ ഉറവിടങ്ങൾ ഉപയോഗപ്പെടുത്തൽ. (Use of non-conventional sources of Energy)

നിങ്ങൾക്കറിയുന്നതു പോലെ വൈദ്യുതി ആവശ്യത്തിന് ഇന്ത്യ പ്രധാനമായും ആശ്രയിക്കുന്നത് താപവൈദ്യുത നിലയങ്ങളേയും ജലവൈദ്യുത പദ്ധതികളെയുമാണ്. ഇവ രണ്ടും പരിസ്ഥിതിക്ക് വലിയ ആഘാതമാണ് സൃഷ്ടിക്കുന്നത്. താപവൈദ്യുതി നിലയങ്ങൾ വൻതോതിൽ കാർബൺ ഡയോക്സൈഡ് അന്തരീക്ഷത്തിലേക്ക് പുറന്തള്ളുന്നു. ഇത് ഒരു ഹരിതഗൃഹവാതകമാണ്. കൂടാതെ താപവൈദ്യുത നിലയങ്ങൾ ഉൽപാദിപ്പിക്കുന്ന 'പറക്കുന്ന ചാരം' (Fly ash) ശരിയായ വിധത്തിൽ ഉപയോഗിച്ചില്ലെങ്കിൽ ജലം, മണ്ണ്, മറ്റ്പരിസ്ഥിതി ഘടകങ്ങൾ എന്നിവയെയെല്ലാം മലിനമാക്കും. ജലവൈദ്യുത പദ്ധതികൾ മൂലം കാടുകൾ മുങ്ങിപ്പോവുകയും, നദികളുടെ സ്വാഭാവിക ഒഴുക്കിനെ തടസ്സപ്പെടുത്തി നദീതടങ്ങളെ ശുഷ്കമാക്കുകയും ചെയ്യുന്നു. കാറ്റിൽനിന്നുള്ള വൈദ്യുതിയും സൗരോർജവും പാരമ്പര്യേതര ഊർജ്ജങ്ങൾക്ക് ഉദാഹരണങ്ങളാണ്. ഇവ ഒരുതരത്തിലും അന്തരീക്ഷ മലിനീകരണം ഉണ്ടാക്കുന്നില്ല . എന്നാൽ സാങ്കേതിക വിദ്യയുടെ അഭാവംമൂലം ഇവയെ വേണ്ടത്ര ഉപയോഗപ്പെടുത്താൻ നമുക്കു കഴിഞ്ഞിട്ടില്ല .

ഗ്രാമപ്രദേശങ്ങളിൽ എൽപിജിയും ഗോബർ ഗ്യാസും (LP G, Gobar Gas in Rural Areas:)

ഗ്രാമത്തിലെ കുടുംബങ്ങൾ പ്രധാനമായും ഇന്ധനമായി ഉപയോഗിക്കുന്നത് വിറക്, ഉണക്ക ചാണകം, അല്ലെങ്കിൽ മറ്റ് ജൈവ ഇന്ധനങ്ങൾ എന്നിവയാണ്. ഇത് പരിസ്ഥിതിക്ക് പലതരത്തിലുള്ള കുഴപ്പങ്ങൾ സൃഷ്ടിക്കുന്നു. ഉദാഹരണം....... വനനശീകരണം, പ്രകൃതിയുടെ പച്ചപ്പ് കുറയുന്നു, ചാണകം യഥാർത്ഥ ആവശ്യത്തിന് ഉപയോഗിക്കാനാവാതെ പോകുന്നു, വായു മലിനീകരണം മുതലായവ. ഈ പ്രശ്നം പരിഹരിക്കുന്നതിന് ഗ്രാമീണർക്ക് സബ്സിഡിയോടുകൂടിയ എൽപിജി ഗ്യാസ് കൊടുക്കുന്നുണ്ട്. കൂടാതെ വായ്പാ സൗകര്യങ്ങളും സബ്സിഡിയും നൽകിക്കൊണ്ട് ഗോബർ ഗ്യാസ് കൂടുതൽ പ്രോത്സാഹിപ്പിക്കന്നുണ്ട്. എൽപിജിയെ സംബന്ധിച്ചിടത്തോളം അത് ഒരു തരത്തിലുള്ള മലിനീകരണവും ഉണ്ടാക്കാത്ത ഇന്ധനമാണ്. വീടുകളിലെ വായു മലിനീകരണം ഒരു പരിധിവരെ എൽപിജി കുറയ്ക്കുന്നു. കൂടാതെ ഊർജത്തിന്റെ പാഴാക്കലും അത് കുറയ്ക്കുന്നു. ചാണകമാണ് ഗോബർ ഗ്യാസ് പ്ലാന്റിൽ പ്രധാനമായും ഉപയോഗിക്കുന്നത്. അതുമൂലമുണ്ടാകുന്ന വാതകം പാചകത്തിന് ഉപയോഗിക്കുന്നു. ബാക്കിവരുന്ന ചെളി (Slurry) ഒന്നാന്തരം ഒരു ജൈവവളവും മണ്ണിനെ സമ്പുഷ്ടമാക്കുന്നതുമാണ്..

പട്ടണങ്ങളിൽ സിഎൻജി (CNG in Urban Areas) :

ഡൽഹി നഗരത്തിലെ പൊതുവാഹനങ്ങളിൽ ഇന്ധനമായി ഇപ്പോൾ സിഎൻജിയാണ് ഉപയോഗിക്കുന്നത്. ഇതു വായുമലിനീകരണം ഗണ്യമായി കുറക്കുന്നു. കൂടാതെ കഴിഞ്ഞ കുറച്ചു വർഷങ്ങളായി പൊതുവെ ഇവിടെ ശുദ്ധവായു നിലനിൽക്കുന്നുണ്ട്.

**കാറ്റിൽ നിന്ന് ഊർജം** (Wind Power):

ഇത് കൂടുതൽ വേഗതയിൽ കാറ്റ് ഉള്ള സ്ഥലങ്ങളിൽ ഉൽപാദിപ്പിക്കാൻ കഴിയുന്ന ഊർജമാണ്. ഇത് പരിസ്ഥിതിക്ക് ഒരു ക്ഷതവും ഏല്പിക്കുന്നില്ല .കാറ്റിനനുസരിച്ച് അതിന്റെ പങ്ക (Turbine) കറങ്ങുകയും

## പഠനപ്രവർത്തനം

ഡൽഹി നഗരത്തിൽ ബസ്സുകളും മറ്റു പൊതുഗതാഗത വാഹനങ്ങളും പെട്രോൾ, ഡീസൽ എന്നിവക്കു പകരമായി സി എൻജി (CNG) യാണ് ഇന്ധനമായി ഉപയോഗിക്കുന്നത്. ചില വാഹനങ്ങളിൽ പരിവർത്തന സാധ്യമായ (Convertible) എൻജിനുകളാണ് ഉപയോഗിക്കുന്നത്. പട്ടണങ്ങളിൽ തെരുവ് വിളക്കിനായി സൗരോർജ്ജം ഉപയോഗിക്കുന്നു. ഈ മാറ്റങ്ങളെ ക്കുറിച്ച് എന്താണ് നിങ്ങൾ കരുതുന്നത്. 'സുസ്ഥിര വികസനത്തിന്റെ ആവശ്യകത ഇന്ത്യയിൽ 'എന്ന വിഷയത്തെക്കുറിച്ച് ഒരു സംവാദം സംഘടിപ്പിക്കുക.

വൈദ്യുതി ഉൽപ്പാദിപ്പിക്കുകയും ചെയ്യുന്നു. ഇതിന്റെ മൂലധന മുടക്ക് ചെലവേറിയതാണെങ്കിലും ഇതുമൂലമുള്ള ഗുണങ്ങൾ വലുതാണ്.

### ഫോട്ടോവോൾട്ടേക്ക് ബാറ്ററികൾ ഉപയോഗിച്ചുള്ള സൗരോർജ്ജം (solar power through photovoltaic cells ):

സൂര്യപ്രകാശം എന്ന രൂപത്തിൽ വൻതോതിൽ സൗരോർജം ലഭിക്കുന്ന ഒരു രാജ്യമാണ് ഇന്ത്യ. നമ്മളിപ്പോൾ പല ആവശ്യങ്ങൾക്കായി സൂര്യപ്രകാശത്തെ ഉപയോഗിക്കുന്നു. ഉദാഹരണമായി..... വസ്ത്രം, ധാന്യങ്ങൾ, മറ്റു കാർഷിക ഉൽപന്നങ്ങൾ, അതുപോലെതന്നെ നിതേ്യാപയോഗത്തിനുള്ള മറ്റു സാധനങ്ങൾ, എന്നിവ ഉണക്കുന്നതിന്നും, തണുപ്പിൽ നിന്ന് രക്ഷ നേടുന്നതിനും നാം സൂര്യപ്രകാശത്തെ ഉപയോഗിക്കുന്നു. പ്രകാശസംശ്ലേഷണത്തിനായി ചെടികൾ സൂര്യപ്രകാശത്തെയാണ്



*ചിത്രം 9.4 . ഗോബർ ഗ്യാസ് പ്ലാന്റ് ചാണകം ഉപയോഗിച്ച് ഗ്യാസ് ഉത്പാദിപ്പിക്കുന്നു*

ഉപയോഗിക്കുന്നത്. ഫോട്ടോ വോൾട്ടായിക് ബാറ്ററിയുടെ സഹായത്തോടെ സൂര്യപ്രകാശത്തെ വൈദ്യുതിയാക്കി മാറ്റാൻ ഇപ്പോൾ കഴിയും. ഈ ബാക്ടറികൾ ചില പ്രത്യേക സാമഗ്രികൾ ഉപയോഗിച്ച് സൂര്യപ്രകാശത്തെ പിടിച്ചെടുക്കുകയും അതിനെ മാറ്റി വൈദ്യുതിയാക്കുകയും ചെയ്യുന്നു. ഇത് ഒറ്റപ്പെട്ടുകിടക്കുന്ന സ്ഥലങ്ങളിലേക്കും അതുപോലെ ഗ്രിഡ് വഴിയോ, വൈദ്യുത ലൈൻ വഴിയോ വൈദ്യുതി എത്തിക്കാൻ സാധ്യമല്ലാത്തതോ ചെലവേറിയതോ ആയ സ്ഥലങ്ങളിലേക്കും വളരെ ഉപകാരപ്രദമായ സാങ്കേതികവിദ്യയാണ്. ഈ രീതി ഒരുതരത്തിലുള്ള മലിനീകരണവും സൃഷ്ടിക്കുന്നില്ല.

### ചെറുകിട ജലവൈദ്യുത പദ്ധതികൾ (Mini hydel plants)

മലനിരകൾ നിറഞ്ഞ പ്രദേശങ്ങളിൽ ധാരാളം അരുവികൾ ഉണ്ടാകാറുണ്ട്. ഇതിലെ ഭൂരിഭാഗം അരുവികളും എല്ലാ കാലങ്ങളിലും വെള്ളം നിറഞ്ഞവ ആയിരിക്കും. ഇത്തരം അരുവികളിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ തുടങ്ങാവുന്നതാണ്. ടർബൻ ഉപയോഗിച്ചുകൊണ്ട് പ്രാദേശിക ആവശ്യങ്ങൾക്കായി വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിയും. ഇത്തരം പദ്ധതികൾ പരിസ്ഥിതിക്കിണങ്ങുന്നവയാണ്. ഇതുമൂലം ആ പ്രദേശങ്ങളിൽ ഭൂമിയുടെ ഉപയോഗരീതിയിലൊന്നും മാറ്റം വരുന്നില്ല. പ്രാദേശികാവശ്യത്തിനുള്ള വൈദ്യുതി ഇവിടെ ഉൽപാദിപ്പിക്കുന്നു. വൻതോതിലുള്ള ടവറുകളോ കേബിളുകളോ ഇവിടെ ഉപയോഗിക്കുന്നില്ല. അതുമൂലം പ്രസരണ നഷ്ടവും ഒഴിവാക്കാം.

### പരമ്പരാഗത അറിവുകളും പ്രയോഗങ്ങളും (Traditional Knowledge and practices):

പരമ്പരാഗതമായി ഇന്ത്യക്കാർ പ്രകൃതിയോടിണങ്ങി ജീവിക്കുന്നവരാണ്. അവർ പ്രകൃതിയുടെ ഭാഗമായിരുന്നു, ഒരിക്കലും പ്രകൃതിയെ നിയന്ത്രിച്ചിരുന്നില്ല. നമ്മുടെ പഴയകാല കൃഷിരീതികൾ, ആരോഗ്യ പരിപാലനം, വീടുകൾ, ഗതാഗതം, എന്നിവ നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? അവയെല്ലാം തന്നെ പ്രകൃതിയോട് ഇണങ്ങിയവയായിരുന്നു. ഈയടുത്തകാലത്തായി നമ്മൾ പരമ്പരാഗത രീതിയിൽ നിന്നും മാറുകയുണ്ടായി. അത് നമ്മുടെ പരിസ്ഥിതിയുടെയും പൈതൃകത്തിന്റെയും നാശത്തിന് കാരണമായി. ഇപ്പോൾ തിരിച്ചുപോകാനുള്ള സമയമായിരിക്കുന്നു. ഏറ്റവും ഉചിതമായ ഒരു ഉദാഹരണമെടുക്കാം. ആരോഗ്യപരിപാലനരംഗത്ത് ഏതാണ്ട് പതിനയ്യായിരത്തോളം ഔഷധസസ്യങ്ങൾ നമ്മുടെ രാജ്യത്ത് ഉണ്ടായിരുന്നു. നാട്ടുപാരമ്പര്യ ചികിത്സ ഉൾപ്പെടെ ഏതാണ്ട് എണ്ണായിരത്തോളം ഔഷധസസ്യങ്ങൾ നാം സാധാരണയായി ഉപയോഗിക്കുന്നതാണ്. പാശ്ചാത്യ ചികിത്സാ രീതിയുടെ കടന്നുകയറ്റത്തോടെ നമ്മുടെ പാരമ്പര്യ ചികിത്സാരീതികളായ ആയുർവേദം, യുനാനി , ടിബറ്റൻ നാട്ടു ചികിത്സ, എന്നിവയെല്ലാം അവഗണിക്കപ്പെട്ടു. ഈ ആരോഗ്യ സംവിധാനങ്ങൾ എല്ലാംതന്നെ ചില മാറാവ്യാധികൾ ക്കുള്ള ചികിത്സയ്ക്കായി ഇപ്പോൾ കൂടുതൽ ആളുകൾ ആവശ്യപ്പെട്ടു വരുന്നുണ്ട്. ഇന്നത്തെക്കാലത്ത് എല്ലാ സൗന്ദര്യവർധക വസ്തുക്കളിലും_തലയിൽ തേയ്ക്കുന്ന

എണ്ണ, ടൂത്ത് പേസ്റ്റ് ശരീരത്തിൽ തേക്കുന്ന ലോഷൻ, മുഖത്ത് പുരട്ടുന്ന ലേപനം, എന്നിവയിലെല്ലാം ഔഷധക്കൂട്ടുകൾ ഉണ്ട്. ഈ ഉൽപ്പന്നങ്ങളെല്ലാം പരിസ്ഥിതി സൗ ഹാർദങ്ങളാണെന്നു മാത്രമല്ല, മറ്റു പാർശ്വ ഫലങ്ങളോ രാസപ്രക്രിയകളോ ഇല്ലാത്ത വയുമാണ്.

## ജൈവ വള രീതി (Biocomposting)

കഴിഞ്ഞ 50 വർഷമായി കാർഷികോൽ പാദനം വർധിപ്പിക്കുക എന്ന പരീക്ഷണ ത്തിന്റെ ഭാഗമായി ജൈവവള രീതി നമ്മൾ പൂർണമായി ഒഴിവാക്കുകയും, പകരം രാസ വള രീതിയിലേക്ക് തിരിയുകയും ചെയ്തു. അതിന്റെ ഫലമായി നമ്മുടെ ഫലഭൂയിഷ്ട മായ മണ്ണിനെ പ്രതികൂലമായി ബാധിക്കുകയും, ഭൂഗർഭജല മുൾ പ്പെടെ യുള്ള ജലാശയങ്ങൾ രാസമലിനമാ കുകയും ചെയ്തു. ഓരോരോവർഷം കൂടുന്തോറും ജലസേചനത്തിന്റെ ആവശ്യം വർദ്ധിക്കുകയാണ് ചെയ്യുന്നത്

രാജ്യം മുഴുവൻ വലിയൊരു വിഭാഗം കർഷകർ വീണ്ടും ജൈവവള രീതിയി ലേക്ക് നീങ്ങുകയാണ്. രാജ്യത്തിന്റെ പലഭാഗത്തും കന്നുകാലികളെ വളർത്തു ന്നത് പ്രധാന മായും കൃഷിക്കാവശ്യമായ ചാണകം ലഭിക്കുന്നതിനാണ്. ചാണകം ഒരു നല്ല ജൈവവളമാണ്. അതുപോലെ തന്നെ മണ്ണിന്റെ ഗുണം മെച്ചപ്പെടുത്തുന്ന തുമാണ്.

സാധാരണ ജൈവവളമുണ്ടാകുന്ന രീതിയേ ക്കാൾ വേഗത്തിൽ മണ്ണിരകൾ ജൈവവസ് തുക്കളെ ജൈവവളമാക്കി മാറ്റുന്നു. ഈ പ്ര ക്രിയ ഇപ്പോൾ വ്യാപകമായി ഉപയോഗിക്കു ന്നുണ്ട്. പരോക്ഷമായി ഇത് നമ്മുടെ പൗര അധികാരികൾക്കും ഗുണം ചെയ്യുന്നുണ്ട്. കാരണം കുറഞ്ഞ തോതിലേ ഇപ്പോൾ പാഴ് വസ്തുക്കൾ നീക്കം ചെയ്യേണ്ടതുള്ളൂ.

## ജൈവകീടനിയന്ത്രണം (Biopest Cotnrol)

അത്യുൽപാദനം ലഭിക്കാൻ വേണ്ടി വലിയ ആവേശത്തിലാണ് ഹരിത വിപ്ലവ രാസകീടനാശിനികൾ കൂടുതലായി ഉപ യോഗിച്ചിരുന്നത്. എന്നാൽ വളരെ പെട്ടെന്ന് തന്നെ അതിന്റെ തിരിച്ചടികൾ കാണാൻ തുടങ്ങി. ഭക്ഷ്യ ഉൽപന്നങ്ങൾ രാസമലീമസമായി. മണ്ണ്, ഭൂഗർഭജലമുൾ പ്പെടെയുള്ള ജലാശയങ്ങൾ എന്നിവ രാസകീടനാശിനി മൂലം മലിനമായി. പാൽ, ഇറച്ചി, മത്സ്യം എന്നിവ വരെ മലിനമാകുന്ന അവസ്ഥയിലെത്തി.

ഈ വെല്ലുവിളി നേരിടുന്നതിനുവേണ്ടി നല്ല രീതിയിലുള്ള കീടനിയന്ത്രണത്തിന് ശ്രമങ്ങളുണ്ടായി. അത്തരത്തിലുള്ള ഒരു നടപടിയാണ് ചെടികളുടെ വിത്തിൽ നിന്നുള്ള കീടനാശിനി ഉപയോഗം. ആര്യവേപ്പ് (മരം) ഇത്തരത്തിൽ ഉപയോഗി ക്കാവുന്നതാണ്'. പല തരത്തിലുള്ള കീട നിയന്ത്രണ രാസവസ്തുക്കൾ ആര്യ വേപ്പിൽ നിന്നാണ് വേർതിരിച്ചെടുക്കുന്നത്. പലതരം വിളകൾ ഉൾപ്പെടുത്തിയ സമ്മിശ്ര കൃഷി, ഒരേ ഭൂമിയിൽ തുടർച്ചയായുള്ള വർഷങ്ങളിലായി വിളകൾ മാറിമാറി കൃഷി ചെയ്യുന്ന രീതി, എന്നിവ കീടനിയന്ത്രണ ത്തിന് സഹായകരമാണ്.

കൂടാതെ കീടങ്ങളെ നിയന്ത്രിക്കുന്ന പല തരം മൃഗങ്ങളെകുറിച്ചും പക്ഷികളെകുറി ച്ചുമുള്ള അവബോധം കർഷകർക്കിടയിൽ

പരത്തുന്നുണ്ട്. ഉദാഹരണം എലികളെ പിടിക്കുന്ന പാമ്പുകൾ കർഷകന്റെ ഉറ്റമിത്രമാണ്. അവ എലി, ചുണ്ടെലി, മറ്റു കീടങ്ങൾ എന്നിവയെ ഇരയായി പിടിക്കുന്നു അതുപോലെതന്നെ പലതരത്തിലുള്ള പക്ഷികൾ ഉദാഹരണം : മൂങ്ങ, മയിൽ എന്നിവ ക്ഷുദ്രജീവികളെയും കീടങ്ങളെയും ഭക്ഷിക്കുന്നവയാണ്. ഈ ജീവികൾക്കെല്ലാം കൃഷിയിടങ്ങളിൽ വാസസ്ഥലം ഒരുക്കുകയാണെങ്കിൽ, ഇവ പലതരം കീടങ്ങളേയും ഇല്ലാതാക്കും. പല്ലികളും ഇത്തരത്തിൽ കർഷകന്റെ മിത്രം ആണ്. ഇത്തരം ജീവികളുടെ മൂല്യം നാം തിരിച്ചറിഞ്ഞ് അവയെ സംരക്ഷിക്കേണ്ടതുണ്ട്.

സുസ്ഥിരവികസനം ഇന്ന് ഒരു മന്ത്രമായിത്തീർന്നിരിക്കുന്നു. തീർച്ചയായും ഇതൊരു വികസനചിന്തയുടെ മാതൃകയാണ്. ഇത് പല തരത്തിലും വ്യാഖ്യാനിക്കുന്നുണ്ട് എങ്കിലും ഈ താൽപര്യം ഉറപ്പുവരുത്തുന്നത് ദീർഘകാലത്തേക്കുള്ള വികസന പാതകളും, എല്ലാവർക്കുമുള്ള ക്ഷേമവുമാണ്.

## 9.6 ഉപസംഹാരം (Conclusion)

വർദ്ധിച്ചുവരുന്ന ജനസംഖ്യയുടെ ആവശ്യങ്ങൾ നിറവേറ്റാനായി വൻതോതിലുള്ള സാധനങ്ങളുടെയും സേവനങ്ങളുടെയും ഉൽപാദനമാണ് നടക്കുന്നത്. ഈ സാമ്പത്തിക വികസനം പരിസ്ഥിതിയിൽ വലിയ ആഘാതങ്ങളാണ് സൃഷ്ടിക്കുന്നത്. വികസനത്തിന്റെ ആദ്യഘട്ടങ്ങളിൽ പരിസ്ഥിതി വിഭവങ്ങളുടെ ലഭ്യതയേക്കാൾ കുറഞ്ഞ അളവിൽ മാത്രമാണ് അവയുടെ ആവശ്യങ്ങൾ വന്നിരുന്നത്. പരിസ്ഥിതി വിഭവങ്ങളുടെ ആവശ്യകത ഇപ്പോൾ ലോകം മുഴുവനും വലിയ തോതിലാണ്. എന്നാൽ വിഭവങ്ങളുടെ അമിത ഉപയോഗവും ദുരുപയോഗവും അതിന്റെ പ്രദാനത്തെ പരിമിതപ്പെടുത്തുകയാണ്. പരിസ്ഥിതി പ്രശ്നങ്ങൾ പരമാവധി കുറച്ചു കൊണ്ടുള്ള വികസനമാണ് സുസ്ഥിരവികസനം ലക്ഷ്യമിടുന്നത്. അത് ഭാവി തലമുറയുടെ ആവശ്യങ്ങൾ നിറവേറ്റാനുള്ള ശേഷിക്ക് വിഘാതമാകാത്ത തരത്തിൽ ഇന്നത്തെ തലമുറയുടെ ആവശ്യങ്ങൾ നിറവേറ്റുന്ന വികസനമാവണം.



## അഭ്യാസം *(EXERCISES)*

1. പരിസ്ഥിതി എന്നതു കൊണ്ട് എന്താണ് അർത്ഥമാക്കുന്നത് ?
2. വിഭവങ്ങളുടെ പുന:സൃഷ്ടിയുടെ നിരക്കിനേക്കാൾ അധികമാണ് വിഭവങ്ങൾ ഉപയോഗിക്കുന്ന നിരക്ക് എങ്കിൽ എന്ത് സം വിക്കും?
3. താഴെ പറയുന്നവയെ പുതുക്കാവുന്ന വിഭവങ്ങളെന്നും, പുതുക്കാനാവാത്ത വിഭവങ്ങളെന്നും വേർതിരിച്ച് എഴുതുക.

   1. മരങ്ങൾ, 2. മത്സ്യം, 3. പെട്രോളിയം, 4. കൽക്കരി, 5. ഇരുമ്പയിര്, 6. വെള്ളം.

4. ഇന്ന് ലോകം അഭിമുഖീകരിക്കുന്ന രണ്ട് പ്രധാന പാരിസ്ഥിതിക പ്രശ്നങ്ങൾ ................ ഉം................ ഉം ആണ്.

5. ഇന്ത്യയിലെ പാരിസ്ഥിതിക പ്രതിസന്ധിക്ക് താഴെപ്പറയുന്ന ഘടകങ്ങൾ കാരണമാകുന്നു. ഇവ ഗവൺമെന്റിന് എന്ത് പ്രശ്നങ്ങളാണ് സൃഷ്ടിക്കുന്നത് .

   *(i)* ഉയരുന്ന ജനസംഖ്യ
   *(ii)* വായു മലിനീകരണം
   *(iii)* ജലമലിനീകരണം
   *( i v )* ആഡംബര ഉപഭോഗരീതി
   *(v)* നിരക്ഷരത
   *(vi)* വ്യവസായവൽക്കരണം
   *(vii)* നഗരവൽക്കരണം
   *(viii)* വന വിസ്തൃതിയിലുള്ള കുറവ്
   *(ix)* കടന്നുകയറ്റം
   *(x)* ആഗോളതാപനം

6. പരിസ്ഥിതിയുടെ ധർമ്മങ്ങൾ എന്തെല്ലാം?

7. ഇന്ത്യയിൽ മണ്ണിന്റെ അപചയത്തിന് കാരണമാകുന്ന 6 ഘടകങ്ങളെ തിരിച്ചറിയുക.

8. വിപരീത പാരിസ്ഥിതിക ആഘാതങ്ങളുടെ അവസര ചിലവ് ഉയർന്നിരിക്കുന്നത് എങ്ങനെയെന്ന് വിശദീകരിക്കുക.

9. ഇന്ത്യയിൽ സുസ്ഥിരവികസനം നേടുന്നതിനുള്ള തന്ത്രങ്ങളുടെ രൂപരേഖ തയ്യാറാക്കുക.

10. ഇന്ത്യക്ക് സമൃദ്ധമായ പ്രകൃതിവിഭവങ്ങളുണ്ട്. ഈ പ്രസ്താവന സാധൂകരിക്കുക.

11. പാരിസ്ഥിതിക പ്രതിസന്ധി അടുത്ത കാലത്തുണ്ടായ ഒരു പ്രതിഭാസമാണോ? ആണെങ്കിൽ എന്തുകൊണ്ട്?

12. രണ്ട് ഉദാഹരണങ്ങൾ വീതം എഴുതുക

   (a) പ്രകൃതിവിഭവങ്ങളുടെ അമിത ഉപയോഗം.

   (b) പ്രകൃതിവി വങ്ങളുടെ ദുരുപയോഗം.

13 ഇന്ത്യയുടെ പരിസ്ഥിതിക്ക് സമ്മർദ്ദം നൽകുന്ന 4 കാരണങ്ങൾ എഴുതുക. പാരിസ്ഥിതിക നാശം ലഘൂകരിക്കുന്നതിൽ അവസരാത്മക ചെലവ് അടങ്ങിയിട്ടുണ്ട്. വിശദീകരിക്കുക.

14. പ്രകൃതി വിഭവങ്ങളുടെ പ്രദാന ചോദന വൈരുദ്ധ്യങ്ങൾ വിശദീകരിക്കുക.

15. നിലവിലെ പാരിസ്ഥിതിക പ്രതിസന്ധി കണക്കാക്കുക.

16. ഇന്ത്യയുടെ വികസനത്തിന്റെ ഭാഗമായു ണ്ടായ രണ്ട് പ്രതികൂല പാരിസ്ഥിതിക ഫലങ്ങൾ എടുത്തെഴുതുക. ഇന്ത്യയുടെ പരിസ്ഥിതി പ്രശ്നങ്ങൾ രണ്ടുതരത്തിലാണ്. ദാരിദ്ര്യ പ്രേരിതവും, അതേസമയംതന്നെ ആഡംബര ജീവിതനിലവാരം കൊണ്ടും. ഇത് ശരിയാണോ?

17. എന്താണ് സുസ്ഥിരവികസനം?

18. നിങ്ങളുടെ പ്രദേശത്തെ മുന്നിൽകണ്ടുകൊണ്ട് സുസ്ഥിര വികസനത്തിന്റെ ഏതെങ്കിലും നാല് തന്ത്രങ്ങൾ വിവരിക്കുക.

19. സുസ്ഥിര വികസനത്തിന്റെ നിർവചനത്തിൽ തലമുറകൾക്കിടയിലുള്ള സമത്വത്തിന്റെ പ്രാധാന്യം വിവരിക്കുക.

## നിർദ്ദേശിക്കപ്പെട്ട അധിക പ്രവർത്തനങ്ങൾ.

1 മെട്രോപൊളിറ്റൻ നഗരങ്ങളിൽ ഓരോ വർഷവും റോഡുകളിലിറങ്ങുന്നത് ഏതാണ്ട് 70 ലക്ഷം കാറുകളാണ്. ഏതുതരത്തിലുള്ള വിഭവത്തിന്റെ ശോഷണമാണ് ഉണ്ടാകുന്നത് എന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? ചർച്ച ചെയ്യുക.

2. പുന ചംക്രമണം നടത്താൻ കഴിയുന്ന ഇനങ്ങളുടെ ഒരു ലിസ്റ്റ് തയ്യാറാക്കുക.

3. ഇന്ത്യയിലെ മണ്ണൊലിപ്പിന്റെ കാരണങ്ങളും ഫലങ്ങളും ഉൾക്കൊള്ളുന്ന ഒരു ചാർട്ട് തയ്യാറാക്കുക.

4. എങ്ങനെയാണ് ജനസംഖ്യാ വർദ്ധനവ് പരിസ്ഥിതി നാശത്തിന് കാരണമാകുന്നത്? ക്ലാസ് റൂമിൽ ഒരു സംവാദം നടത്തുക.

5. പരിസ്ഥിതി നാശം ശരിയാക്കുന്നതിന് രാജ്യം വലിയവിലനൽകേണ്ടി വരുന്നു. ചർച്ച ചെയ്യുക.

6. നിങ്ങളുടെ ഗ്രാമത്തിൽ ഒരു പേപ്പർ വ്യവസായം ആരംഭിക്കാൻ പോകുന്നു എന്നു കരുതുക. അതുമായി ബന്ധപ്പെട്ട് ഒരു റോൾ പ്ലെ തയ്യാറാക്കുക. അതിൽ ഒരു പൊതു പ്രവർത്തകൻ, വ്യവസായി, ഗ്രാമീണൻ എന്നിവർ ഉണ്ടായിരിക്കണം.

## REFERENCES


AGARWAL, ANIL and SUNITA NARAIN. 1996. *Global Warming in an Unequal World.* Centre for Science and Environment, Reprint Edition, New Delhi.

BHARUCHA, E. 2005. *Textbook of Environmental Studies for Undergraduate Courses*, Universities Press (India) Pvt Ltd.

CENTRE FOR SCIENCE AND ENVIRONMENT. 1996. *State of India's Environment 1: The First Citizens' Report 1982.* Reprint Edition, New Delhi.

CENTRE FOR SCIENCE AND ENVIRONMENT. 1996. *State of India's Environment 2: The Second Citizens' Report 1985*, Reprint Edition, New Delhi.

KARPAGAM, M. 2001.*Environmental Economics: A Textbook.* Sterling Publishers, New Delhi.

RAJAGOPALAN, R. 2005. *Environmental Studies: From Crisis to Cure*. Oxford University Press, New Delhi.

SCHUMACHER, E.F. *Small is Beautiful*. Abacus Publishers, New York.

**Journals**

*Scientific American*, *India*, Special Issue, September 2005
*Down to Earth*, Centre for Science and Environment, New Delhi.

**Websites**

http://envfor.nic.in
http://cpcb.nic.in
http://www.cseindia.org

യൂണിറ്റ്

*X*

# ഇന്ത്യയുടെ വികസന അനുഭവങ്ങൾ: അയൽ രാജ്യങ്ങളുമായുള്ള താരതമ്യം

*ഇന്നത്തെ ആഗോളവൽകൃത ലോകത്തിൽ ഭൂശാസ്ത്രപരമായ അതിർ വരമ്പുകൾ ക്രമത്തിൽ നിരർത്ഥകമാവുകയാണ്. വികസ്വര രാജ്യങ്ങളിലെ അയൽപക്ക രാജ്യങ്ങൾ അതാതിടങ്ങളിൽ എന്ത് നടക്കുന്നു എന്ന് അറിഞ്ഞിരിക്കേണ്ടത് അത്യാവശ്യമാണ്. വികസ്വര രാജ്യങ്ങൾക്ക് ലോക കമ്പോളത്തിൽ വളരെ പരിമിതമായ ഇടം മാത്രം ഉള്ളൂ എന്നതുകൂടി പരിഗണിക്കുമ്പോൾ ഈ അടുത്തറിയലിന്റെ പ്രാധാന്യം വർദ്ധിക്കുന്നു. ഈ അധ്യായത്തിൽ ഇന്ത്യയുടെ പ്രധാന അയൽ രാജ്യങ്ങളായ ചൈന, പാകിസ്ഥാൻ എന്നിവിടങ്ങളുമായുള്ള ഒരു താരതമ്യമാണ് ഉദ്ദേശിക്കുന്നത്.*

10

# ഇന്ത്യയുടെ വികസന അനുഭവങ്ങൾ: അയൽ രാജ്യങ്ങളുമായുള്ള താരതമ്യം

**പഠനനേട്ടങ്ങൾ**

- ഇന്ത്യയുടെയും ചൈന, പാകിസ്ഥാൻ എന്നീ അയൽരാജ്യങ്ങളുടെയും സാമ്പത്തികവും മാനവ വികസനപരവുമായ സൂചകങ്ങളെ താരതമ്യം ചെയ്യാൻ സാധിക്കുന്നു.
- വർത്തമാന വികസനതലത്തിലെത്തിച്ചേരാൻ അവർ സ്വീകരിച്ച വികസന തന്ത്രങ്ങളെ വിലയിരുത്താൻ കഴിയുന്നു.

*"ഭൂമിശാസ്ത്രം നമ്മെ അയൽക്കാരാക്കി. ചരിത്രം നമ്മെ മിത്രങ്ങളാക്കി. ധനതത്വശാസ്ത്രം നമ്മെ പങ്കാളികളാക്കി. ആവശ്യകത നമ്മെ സഖ്യകക്ഷികളാക്കി. ഇപ്രകാരം ദൈവം യോജിപ്പിച്ചവരെ മനുഷ്യൻ വേർപ്പെടുത്താതിരിക്കട്ടെ."*

*ജോൺ. എഫ്. കെന്നഡി*

**10.1. ആമുഖം**

ഇന്ത്യയുടെ വികസനത്തെക്കുറിച്ച് കഴിഞ്ഞ അധ്യായങ്ങളിൽ നാം വിശദമായി പഠിച്ചുവല്ലോ. ഇന്ത്യ അവലംബിച്ച നയങ്ങൾ വിവിധ മേഖലകളെ സ്വാധീനിച്ചത് എങ്ങനെയാണെന്നും നാം കണ്ടു. ആഗോളീകരണം ലോകരാഷ്ട്രങ്ങളിൽ വലിയ സാമ്പത്തിക പരിവർത്തനം ഉളവാക്കി. കഴിഞ്ഞ രണ്ടോ അതിലധികമോ ദശാബ്ദങ്ങളായി സാമ്പത്തികപരിഷ്കാരങ്ങൾ ഇന്ത്യയുൾപ്പെടെ ഓരോ രാജ്യത്തിലും ഹ്രസ്വകാല-ദീർഘകാലാടിസ്ഥാനത്തിൽ വൻസ്വാധീനമാണ് ചെലുത്തിയത്. രാഷ്ട്രങ്ങൾ തങ്ങളുടെ തദ്ദേശീയ സാമ്പത്തികവ്യവസ്ഥയെ ശാക്തീകരിക്കുന്നതിന് ഇദംപ്രഥമമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. തൽഫലമായാണ് **സാർക്ക്, യൂറോപ്യൻ യൂണിയൻ, ആസിയാൻ, ജി-എട്ട്, ജി- ഇരുപത്, ബ്രിക്സ്** എന്നീ പ്രാദേശിക ആഗോളസംഘടനകൾ രൂപം കൊണ്ടത്. വിവിധ രാജ്യങ്ങൾ തങ്ങളുടെ അയൽരാജ്യങ്ങൾ പിൻതുടരുന്ന വികസനപ്രക്രിയകളെക്കുറിച്ച് മനസ്സിലാക്കുവാനും അവ പകർത്തുവാനും ശ്രമം നടത്തുന്നതിൽ അതീവ ഉത്സുകരാണ്. എന്തെന്നാൽ സ്വന്തംരാജ്യത്തിന്റെയും അയൽരാജ്യങ്ങളുടെയും ശക്തിദൗർബല്യങ്ങൾ മനസ്സിലാക്കുന്നതിന് അത് ഏറെ സഹായകരമാണ്. തന്നെയുമല്ല, ആഗോളീകരണത്തിന്റെ തിരിച്ചറിവ് പ്രക്രിയകളിൽ വികസ്വരരാഷ്ട്രങ്ങൾക്ക് വിശേഷിച്ചും ഇത് ആവശ്യവുമാണ്. കാരണം സാമ്പത്തികതലങ്ങൾ പരിമിതമാണ്. വികസ്വരരാജ്യങ്ങൾക്ക് വികസിതരാജ്യങ്ങൾക്ക് പുറമേ വികസ്വരരാജ്യങ്ങ ളിൽ നിന്നും മത്സരം നേരിടേണ്ടി വരുമ്പോൾ ഈ അറിവ് പ്രധാനമാണ്. പരസ്പരാശ്രിതങ്ങളായ സാമൂഹിക സാമ്പത്തിക പരിതസ്ഥിതിയിൽ നിലനിൽക്കുന്ന രാജ്യങ്ങളെന്ന നിലയിൽ ഈ രാജ്യങ്ങളുടെ സമഗ്രമാനവ വികസന കാഴ്ച്ചപ്പാടുകളെ എത്തരത്തിലാണ് പങ്കുവെയ്ക്കപ്പെടുന്നത് എന്ന് മനസ്സിലാക്കുന്നതിന് വേണ്ടിയും നാം അയൽരാജ്യങ്ങളിലെ സാമ്പത്തികവ്യവസ്ഥകളെക്കുറിച്ച് മനസ്സിലാക്കേണ്ടതുണ്ട്.

ഈ അധ്യായത്തിൽ ഇന്ത്യയും അയൽപക്കത്തെ വൻശക്തികളായ പാകിസ്ഥാനും ചൈനയും അവലംബിക്കുന്ന വികസനതന്ത്രങ്ങൾ നാം താരതമ്യപഠനത്തിന് വിധേയമാക്കുകയാണ്. ഇവിടെ നാം ഓർമ്മിക്കേണ്ട ഒരു വസ്തുതയുണ്ട് - ഈ രാജ്യങ്ങൾ തമ്മിൽ സമൃദ്ധമായ പ്രകൃതിവിഭവങ്ങളുടെ ലഭ്യതയെ എഴുപത് വർഷത്തിലധികമായി മതേതരത്വത്തിലും സഹിഷ്ണുതയിലും അധിഷ്ഠിതമായ ഭരണഘടനയുള്ളതും ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രവുമായ ഇന്ത്യയും, സൈനീക രാഷ്ട്രീയ അടിത്തറയിൽ ഊന്നിയ പാകിസ്ഥാനും, സാമ്പത്തിക ഉദാരീകരണത്തിലേക്കും അൽപാൽപമായി ജനാധിപത്യത്തിലേക്കും നീങ്ങുന്ന സോഷ്യലിസ്റ്റ് ചൈനയും തമ്മിൽ മറ്റ് സമാനതകൾ തീരെയില്ല.

## 10.2. വികസനപാത – ഒറ്റനോട്ടത്തിൽ

ഇന്ത്യയുടേയും പാകിസ്ഥാന്റെയും ചൈന യുടെയും വികസനതന്ത്രങ്ങൾ തമ്മിൽ സാമ്യങ്ങളുണ്ട് എന്ന് നിങ്ങൾക്കറിയാമോ? ഒരേ കാലത്താണ് ഈ മൂന്ന് രാജ്യങ്ങളും വികസനപാതയിലേക്ക് കാലെടുത്ത് വച്ചത്. ഇന്ത്യയും പാകിസ്ഥാനും 1947 ൽ സ്വതന്ത്രരാഷ്ട്രങ്ങളായി. 1949 ലാണ് പീപ്പിൾസ് റിപ്പബ്ലിക്ക് ഓഫ് ചൈന സ്ഥാപിതമായത്. ചൈനയിലും റഷ്യയിലുമുണ്ടായ പുതിയതും വിപ്ലവാത്മകവുമായ മാറ്റങ്ങൾ ഉള്ളടക്കത്തിൽ വ്യത്യാസപ്പെട്ടിരിക്കുന്നു എങ്കിലും അവ പൊതുവേ ഏഷ്യയിലും ഏഷ്യൻ ഭൂഖണ്ഡത്തിലെ രാജ്യങ്ങളിലും പ്രകടമായ പുതിയ ഊർജ്ജത്തെയും നവശക്തിയേയും ഒരു പ്രഭാഷണത്തിൽ അക്കാലത്ത് ജവഹർലാൽ നെഹ്റു അനുസ്മരിക്കുകയുണ്ടായി.

ഏതാണ്ട് സമാനമായ രീതിയിലാണ് ഈ മൂന്ന് രാജ്യങ്ങളും വികസനതന്ത്രങ്ങൾ ആസൂത്രണം ചെയ്തത്. ഇന്ത്യ 1951 – 56 കാലത്തിലാണ് അതിന്റെ പ്രഥമ പഞ്ചവത്സര പദ്ധതി ആരംഭിച്ചത്. പാകിസ്ഥാനാകട്ടെ 1956 ലാണ് അതിന്റെ ഒന്നാം പഞ്ചവത്സരപദ്ധതി ആരംഭിച്ചത്. ഇപ്പോൾ ഇടക്കാല വികസനപദ്ധതി (Medium Term Development Plan)കൾ എന്നാണിതറിയപ്പെടുന്നത്. ചൈന 1953 ൽ അതിന്റെ പഞ്ചവത്സരപദ്ധതി പ്രഖ്യാപിച്ചു. 2013 ൽ പാകിസ്ഥാൻ അതിന്റെ 11-ാം പഞ്ചവത്സരപദ്ധതി ആരംഭിച്ചു. (2013–2018). 2016–20 വരെയാണ് ചൈനയുടെ പതിമൂന്നാം പഞ്ചവത്സരപദ്ധതി കാലഘട്ടം. 2017 വരെ ഇന്ത്യ പഞ്ചവത്സര പദ്ധതികളെ അടിസ്ഥാനമാക്കിയ വികസന മാതൃകയാണ് പിൻതുടർന്നത്. ഇന്ത്യയും പാകിസ്ഥാനും തങ്ങളുടെ പൊതുമേഖലയെ വികസിപ്പിച്ചെടുക്കുന്നതിനും സാമൂഹിക വികസനത്തിനുള്ള പൊതു ചെലവ് ഉയർത്തുന്നതിനും സമാനതന്ത്രങ്ങൾ ആവിഷ്കരിച്ചു. 1980 കൾ വരെ ഈ മൂന്നു രാജ്യങ്ങൾക്കും ഒരേ വളർച്ചാനിരക്കും ആളോഹരി വരുമാനവുമാണ് ഉണ്ടായിരുന്നത്. എന്നാൽ ഇന്ന് താരതമ്യം ചെയ്യുമ്പോൾ ഈ രാജ്യങ്ങൾ തമ്മിൽ എന്തെങ്കിലും സാദൃശ്യങ്ങളുണ്ടോ? ഈ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുന്നതിന് മുമ്പായി ചൈനയും പാകിസ്ഥാനും കൈക്കൊണ്ട വികസന നയങ്ങളുടെ ചരിത്രവഴികളെ നമുക്ക് വിലയിരുത്താം. കഴിഞ്ഞ മൂന്ന് യൂണിറ്റുകളിൽ സ്വാതന്ത്ര്യാനന്തരം ഇന്ത്യ അവലംബിച്ച നയങ്ങളെ നാം പരിചയപ്പെട്ടുകഴിഞ്ഞുവല്ലോ?

***ചൈന :*** ഏകപാർട്ടി ഭരണത്തിൻ കീഴിൽ പീപ്പിൾസ് റിപ്പബ്ളിക്ക് ഓഫ് ചൈന സ്ഥാപിതമായതിന് ശേഷം രാഷ്ട്രത്തിന്റെ സാമ്പത്തിക വ്യവസ്ഥയുടെ നിർണ്ണായക മേഖലകളും വ്യക്തിഗത സംരംഭങ്ങളും സ്വകാര്യ ഭൂമിയും ഗവൺമെന്റ് നിയന്ത്രണത്തിലായി. 1958 ൽ ആരംഭിച്ച മഹത്തായ കുതിച്ചുചാട്ടം (Great Leap Forward) എന്നു പേരിട്ട പ്രചാരണപരിപാടി രാജ്യത്തിന്റെ വൻതോതിലുള്ള വ്യവസായികവൽക്കരണത്തെ ലക്ഷ്യം വച്ചുള്ളതായിരുന്നു. ഇത് ജനങ്ങൾക്ക് വീടിനോട് ചേർന്ന് വ്യവസായങ്ങൾ തുടങ്ങുന്നതിന് വലിയ പ്രോത്സാഹനം നൽകി. ഗ്രാമീണമേഖലകളിൽ **കമ്മ്യൂണുകൾ** ആരംഭിച്ചു. കമ്മ്യൂൺ വ്യവസ്ഥയിൽ, ജനങ്ങൾ കൃഷിഭൂമികളിൽ സംഘടിതമായി കൃഷി ചെയ്യുന്നു. ഇത്തരത്തിലുള്ള 26,000 കമ്മ്യൂണുകളാണ് 1958 ൽ കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവർക്കിടയിൽ മാത്രം ഉണ്ടായിരുന്നത്. **മഹത്തായ കുതിച്ചുചാട്ട** (Great Leap



ചിത്രം 10.1. വാഗാ അതിർത്തി – വിനോദ സഞ്ചാര കേന്ദ്രം എന്നതിലുപരി ഇന്ത്യാ–പാക് വ്യാപാരത്തിന്റെ സുപ്രധാന മാർഗ്ഗം.

Forward)കാലഘട്ടത്തിൽ ചൈനയ്ക്കു ഒട്ടനവധി പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടി വന്നു. ഇക്കാലത്ത് 3 കോടിയോളം ജനങ്ങളെ കൊന്നൊടുക്കിയ രൂക്ഷമായ വരൾച്ച ആ രാജ്യത്തിന് ഭീഷണിയായിത്തീർന്നു. അതിനിടയിൽ റഷ്യയും ചൈനയും തമ്മിൽ സംഘർഷം ഉടലെടുത്തു. വ്യവസായവൽക്കരണപ്രക്രിയയിൽ ചൈനയെ സഹായിക്കാൻ റഷ്യ അയച്ച വിദഗ്ധരെ അവർ തിരിച്ച് വിളിക്കുകയും ചെയ്തു. 1965 ലാണ് മാവോ മഹത്തായ **തൊഴിലാളി സാംസ്കാരികവിപ്ലവ** (The Great Proletarian Cultural Revolution 1966–76) ത്തിന് തുടക്കം കുറിച്ചത്. ഈ വിപ്ലവത്തിന് കീഴിൽ വിദ്യാർത്ഥികളെയും തൊഴിൽ വിദഗ്ധരെയും പഠിക്കുന്നതിനും ജോലിക്കുമായി രാജ്യത്തിന്റെ ഗ്രാമപ്രദേശങ്ങളിലേക്ക് നിയോഗിച്ചു. 1978ൽ കൊണ്ട് വന്ന പരിഷ്കാരങ്ങളാണ് ദ്രുതഗതിയിലുള്ള ഇന്നത്തെ വ്യാവസായിക വളർച്ചയിലേക്ക് ചൈനയെ നയിച്ചത്. ആരംഭഘട്ടത്തിൽ കൃഷി, വിദേശവ്യാപാരം, നിക്ഷേപം എന്നീ മേഖലകളിലാണ് പരിഷ്കാരങ്ങൾക്ക് തുടക്കം കുറിച്ചത്. ഉദാഹരണമായി, ഉടമസ്ഥാവകാശം നൽകാതെ കൃഷി ചെയ്യുന്നതിന് മാത്രമായി കൃഷിഭൂമി വ്യക്തികൾക്ക് ഭാഗിച്ച് നൽകി. നിശ്ചിതനിരക്കിലുള്ള നികുതികൾ നൽകിയതിന് ശേഷമുള്ള വരുമാനം മുഴുവൻ സ്വന്തമാക്കാൻ അവർക്ക് അനുവാദം ഉണ്ടായിരുന്നു. വ്യാവസായികമേഖലകളിലാണ് പിന്നീടുള്ള ഘട്ടത്തിൽ പരിഷ്കാരങ്ങൾ തുടങ്ങിയത്. സ്വകാര്യമേഖലയിലുള്ള കമ്പനികൾക്ക് പൊതുവിലും ടൗൺഷിപ്പ്, പ്രാദേശികസംഘങ്ങളുടെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന ഗ്രാമീണ സംരംഭങ്ങൾ എന്നിവയ്ക്ക് വിശേഷിച്ചും ചരക്കുകൾ ഉൽപാദിപ്പിക്കുവാൻ അനുവാദം നൽകി. ഈ ഘട്ടത്തിൽ നാം ഇന്ത്യയിൽ പൊതുമേഖലാസംരംഭങ്ങൾ എന്നു വിളിക്കുന്നതും, ചൈനയിൽ രാഷ്ട്രത്തിന്റെ ഉടമസ്ഥതയിലുള്ള SOES (State Owned Enterprise) എന്ന് വിളിക്കപ്പെടുന്നതുമായ സംരംഭങ്ങൾക്ക് കടുത്ത മത്സരം നേരിടേണ്ടി വന്നു. ഈ പരിഷ്ക്കാരങ്ങളിൽ ഇരട്ടവില (Dual

Price)സമ്പ്രദായം ഉൾപ്പെടും. ഇരട്ടവില സമ്പ്രദായത്തിൽ കർഷകർക്കും വ്യവസായ യൂണിറ്റുകൾക്കും ഒരു നിശ്ചിത അളവ് നിവേശങ്ങളും (Input) ഉൽപ്പന്നങ്ങളും ഗവൺമെന്റ് നിശ്ചയിക്കുന്ന വിലയ്ക്ക് വാങ്ങുകയും വില്ക്കുകയും, അവശേഷിക്കുന്നത് കമ്പോളവിലയ്ക്ക് വാങ്ങുകയും വിൽക്കുകയും ചെയ്യാം. ഉൽപ്പാദനം വർദ്ധിച്ച വർഷങ്ങളിൽ സ്വാഭാവികമായും സാധന സാമഗ്രികളുടെ വിലയും വിൽപ്പനയും വർദ്ധിച്ചു. കൂടാതെ വിദേശ നിക്ഷേപകരെ ആകർഷിക്കാൻ **പ്രത്യേക സാമ്പത്തികമേഖലകൾ** (Special Economic Zone) ആരംഭിക്കുകയും ചെയ്തു.

***പാകിസ്ഥാൻ:*** പാകിസ്ഥാൻ കൈകൊണ്ട സാമ്പത്തിക നയങ്ങളെ വീക്ഷിച്ചാൽ അവയ്ക്ക് ഇന്ത്യയുടെ നയങ്ങളുമായി പല സാനതകളുമുണ്ടെന്ന് കാണാൻ കഴിയും. പൊതുമേഖലയും സ്വകാര്യമേഖലയും ചേരുന്ന മിശ്രസമ്പദ്‌വ്യവസ്ഥയാണ് പാകിസ്ഥാനും പിൻതുടരുന്നത്. 1950 കളിലും 1960 കളിലും ഇറക്കുമതി പ്രതിസ്ഥാപനം അടിസ്ഥാനമാക്കിയുള്ള വ്യവസായവൽക്കരണത്തിനു വേണ്ടി പാകിസ്ഥാൻ ഒരു നിയന്ത്രിത നയരൂപരേഖ (Regulated Policy Frame Work) ആവിഷ്കരിച്ചു. ഈ നയരേഖയിൽ ഉപഭോഗവസ്തുക്കളുടെ ഉൽപ്പാദനത്തിന് താരിഫ് സംരക്ഷണവും അതോടൊപ്പം മാത്സര്യ ഇറക്കുമതിക്കുമേൽ നിയന്ത്രണങ്ങളും ഏർപ്പെടുത്തിയിരുന്നു. ഹരിതവിപ്ലവത്തിന്റെ ആവിർഭാവത്തോടെ യന്ത്രവൽക്കരണം സാധാരണമാവുകയും തിരഞ്ഞെടുക്കപ്പെട്ട മേഖലകളിൽ അടിസ്ഥാനസൗകര്യങ്ങളിലെ പൊതുനിക്ഷേപത്തിൽ വർദ്ധനവ് ഉണ്ടാവുകയും ചെയ്തു. ഇത് ഭക്ഷ്യധാന്യങ്ങളുടെ ഉൽപാദനത്തിൽ വർദ്ധനവ് ഉണ്ടാക്കി. കാർഷികഘടനയിൽ വലിയ പരിവർത്തനം ഉണ്ടായി. 1970 കളിൽ മൂലധന വ്യവസായങ്ങളുടെ **ദേശസാൽക്കരണം** നടന്നു. 1970 കളിലും 1980 കളിലും പ്രധാന സാമ്പത്തികമേഖലകളിൽ സ്വകാരീകരണവും സ്വകാര്യമേഖലയ്ക്ക് പ്രോത്സാഹനവും നല്കികൊണ്ട് പാകിസ്ഥാൻ അതിന്റെ നയങ്ങളിൽ മാറ്റം വരുത്തി. ഈ കാലഘട്ടത്തിൽ പാകിസ്ഥാന് പാശ്ചാത്യരാഷ്ട്രങ്ങളിൽ നിന്ന് സാമ്പത്തിക പിന്തുണയും, മധ്യപൂർവ്വേഷ്യൻ രാജ്യങ്ങളിലേക്കുള്ള കുടിയേറ്റത്തിൽ നിന്ന് വർദ്ധിച്ച ആദായവും ലഭിച്ചിരുന്നു. അവരുടെ സാമ്പത്തിക വളർച്ചയിൽ ഇതു സഹായകരമാവുകയും ചെയ്തു. അന്നത്തെ പാകിസ്ഥാൻ ഗവൺമെന്റ് സ്വകാര്യമേഖലയ്ക്ക് വമ്പിച്ച പ്രോത്സാഹനങ്ങൾ വാഗ്ദാനം ചെയ്തിരുന്നു. ഇതെല്ലാം പുതിയ നിക്ഷേപങ്ങൾക്ക് അനുകൂലമായ ഒരു സാഹചര്യം സൃഷ്ടിച്ചു. 1988 ൽ രാജ്യത്തെ സാമ്പത്തിക പരിഷ്കാരങ്ങൾക്ക് തുടക്കമായി.

ചൈനയുടെയും പാകിസ്ഥാന്റെയും വികസനതന്ത്രങ്ങളെ സംക്ഷിപ്തമായി മനസ്സിലാക്കിയതിനാൽ നമുക്കിനി ഈ രാഷ്ട്രങ്ങളുടെ വികസന സൂചകങ്ങളെ താരതമ്യ പഠനത്തിന് വിധേയമാക്കാം.

പട്ടിക 10.1 . തെരഞ്ഞെടുത്ത ജനസംഖ്യാ സൂചകങ്ങൾ 2000–01

| രാജ്യം | ജനസംഖ്യ (കോടിയിൽ) | ജനസംഖ്യാ വാർഷിക | ജനസാന്ദ്രത ചതുരശ്ര കി. | സ്ത്രീപുരുഷ അനുപാതം | പ്രത്യുൽപ്പാദന നിരക്ക് | നഗര വൽക്കരണം |
|---|---|---|---|---|---|---|
| ഇന്ത്യ | 1311 | 1.2 | 441 | 929 | 2.3 | 33 |
| ചൈന | 1371 | 0.5 | 146 | 941 | 1.6 | 56 |
| പാകിസ്ഥാൻ | 188 | 2.1 | 245 | 943 | 3.7 | 39 |

*ഉറവിടം. ലോകവികസന സൂചകങ്ങൾ 2017 www. worldbank.org*

## 10.4 മൊത്തം ആഭ്യന്തര ഉൽപ്പന്നവും മേഖലകളും

ലോകത്തിൽ ഇപ്പോൾ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്ന വിഷയങ്ങളിൽ ഒന്ന് ചൈനയുടെ ജി.ഡി.പി യിലെ വളർച്ചാനിരക്കാണ്. ലോകത്തിലെ തന്നെ രണ്ടാമത്തെ വലിയ GDP (PPP അനുസരിച്ച്) 19.8 ലക്ഷം കോടി ഡോളർ വരുന്ന ചൈനയുടേതാണ്. ഇന്ത്യയുടെ GDP (PPP അനുസരിച്ച് )8.07 ലക്ഷം കോടി ഡോളർ ആണ്. അതേ സമയം പാകിസ്ഥാന്റെ GDP 0.94 ലക്ഷം കോടി ഡോളർ മാത്രമാണ്. ഇത് ഇന്ത്യയുടെ GDP യുടെ 12% മാത്രമേയുള്ളൂ. ഇന്ത്യയുടെ GDP ചൈനയുടെ GDP യുടെ 40% മാത്രമേ വരൂ.

പട്ടിക 10.2 ൽ സൂചിപ്പിക്കുന്ന പ്രകാരം മിക്ക വികസിതരാജ്യങ്ങളും തങ്ങളുടെ വളർച്ചാനിരക്ക് 5% മായി നിലനിർത്താൻ പ്രയാസപ്പെടുമ്പോൾ ചൈന രണ്ടു ദശകത്തിലേറെയായി രണ്ടക്കത്തിൽ വളർച്ചാ നിരക്ക് നിലനിർത്തുന്നു. കൂടാതെ 1980 ൽ പാകിസ്ഥാന്റെ വളർച്ചാനിരക്ക് ഇന്ത്യയേക്കാൾ കൂടുതൽ ആയിരുന്നു. ചൈനക്ക് രണ്ടക്ക വളർച്ചാനിരക്ക് കൈവരിക്കാൻ കഴിഞ്ഞപ്പോൾ ഇന്ത്യയുടെ സ്ഥാനം പിറ




**കൃഷിയും ഭൂവിനിയോഗവും ഇന്ത്യ, ചൈന, പാക്കിസ്ഥാൻ എന്നീ രാജ്യങ്ങളു**

പട്ടിക 10.2 GDP വളർച്ചാ നിരക്ക് (%)

1980–2015

| രാജ്യം | 1980–90 | 2011–15 |
|---|---|---|
| ഇന്ത്യ | 5.7 | 6.7 |
| ചൈന | 10.3 | 7.9 |
| പാകിസ്ഥാൻ | 6.3 | 4.0 |

ഉറവിടം. Key Indicators for Asia and Pacific 2011. Asian Development Bank, Philippines.

കിലായി. 2011–15 കളിൽ ഇന്ത്യയുടെയും ചൈനയുടെയും വളർച്ചാനിരക്കിൽ നാമമാത്ര കുറവ് മാത്രമനുഭവപ്പെട്ടപ്പോൾ പാകിസ്ഥാന്റെ വളർച്ചാനിരക്ക് 4% കുറഞ്ഞു. 1988 ൽ നടപ്പാക്കിയ സാമ്പത്തികപരിഷ്കരണ പ്രക്രിയകളും രാഷ്ട്രീയഅസ്ഥിരതയുമാണ് ഈ പ്രവണതകൾക്ക് കാരണങ്ങളായി വിദഗ്ധർ ചൂണ്ടി കാണിക്കുന്നത്. ഈ രാജ്യങ്ങളിൽ ഇത്തരം പ്രവണതകൾക്ക് എന്തൊക്കെ ഘടകങ്ങൾ സംഭാവന നല്കിയെന്ന് തുടർന്നുള്ളഭാഗങ്ങളിൽ നമുക്ക് പഠിക്കാം.

**പരിശീലിക്കുക**

- ഉൽപന്ന നിർമ്മാണ മേഖലയ്ക്ക് ചൈന പ്രാധാന്യം നൽകിയതുപോലെ ഇന്ത്യയും പാകിസ്ഥാനും പ്രാധാന്യം നൽകണമെന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടോ? എന്തുകൊണ്ട്?
- വളർച്ചയുടെ എഞ്ചിനായി സേവനമേഖലയെ ആശ്രയിക്കരുതെന്നാണ് വിദഗ്ധമതമെങ്കിലും ഇന്ത്യയുടേയും പാകിസ്ഥാന്റെയും മൊത്തം ഉൽപ്പന്നത്തിന്റെ സിംഹഭാഗവും സംഭാവന നൽകുന്നത് ഈ മേഖലയാണ്. നിങ്ങൾക്കെന്ത് തോന്നുന്നു?




ചിത്രം 10. 3. വ്യവസായങ്ങൾ – ഇന്ത്യ, ചൈന, പാകിസ്ഥാൻ

ആദ്യമായി, വിവിധ മേഖലകളിൽ തൊഴിൽ ചെയ്യുന്നവർ *GDP* ക്കു നൽകുന്ന സംഭാവനകൾ എന്തൊക്കെയാണെന്ന് നോക്കാം. ഇന്ത്യയെ അപേക്ഷിച്ച് ചൈനയിലേയും പാകിസ്ഥാനിലെയും നഗര വാസികളുടെ അനുപാതം കൂടുതലാണെന്ന് മുൻഭാഗങ്ങളിൽ നിന്ന് നാം മനസ്സിലാക്കിയിട്ടുണ്ടല്ലോ.

ഭൂമിശാസ്ത്രപരവും കാലാവസ്ഥപരവുമായ പ്രത്യേകതകൾ കാരണം ചൈനയിൽ കൃഷിയോഗ്യമായ ഭൂമി താരതമ്യേന കുറവാണ്. ഏതാണ്ട് മൊത്തം കരഭൂമിയുടെ 10 % മാത്രമാണ് ചൈനയിലെ കൃഷിക്കനുയോജ്യമായ ഭൂമിയുടെ അളവ്. ഇന്ത്യയിൽ ലഭ്യമായ അനുയോജ്യമായ

**പട്ടിക 10. 3. തൊഴിലിന്റെയും GDP യുടെയും മേഖലാ അടിസ്ഥാനത്തിലുള്ള സംഭാവന (%) -2014-15**

| മേഖല | GDP യിലേക്കുള്ള സംഭാവന | | | തൊഴിൽ ശക്തി വിതരണം | | |
|---|---|---|---|---|---|---|
| | ഇന്ത്യ | ചൈന | പാകിസ്ഥാൻ | ഇന്ത്യ | ചൈന | പാകിസ്ഥാൻ |
| കൃഷി | 17 | 9 | 25 | 50 | 28 | 43 |
| വ്യവസായം | 30 | 43 | 21 | 21 | 29 | 23 |
| സേവനം | 53 | 48 | 54 | 29 | 43 | 34 |
| ആകെ | 100 | 100 | 100 | 100 | 100 | 100 |

ഭൂമിയുടെ 40% മാത്രമാണിത്. 1980 വരെ ചൈനയിലെ ജനസംഖ്യയുടെ 80% ത്തിലധികവും കൃഷിയെയാണ് ജീവിതമാർഗമായി ആശ്രയിച്ചത്. എന്നാൽ പിന്നീട് ഗവൺമെന്റ് ജനങ്ങളെ ഈ മേഖലയിൽ നിന്ന് പിന്തിരിയാനും കരകൗശലം, വാണിജ്യം, ഗതാഗതം തുടങ്ങിയമേഖലകളിൽ ഏർപ്പെടാനും പ്രേരിപ്പിച്ചു. 2014-15 ൽ ചൈനയുടെ തൊഴിൽ ശക്തിയുടെ 28 ശതമാനം കൃഷിയിൽ ഏർപ്പെടുന്നവരും അതിന്റെ *GDP* യിലേക്കുള്ള സംഭാവന 9 ശതമാനവും (പട്ടിക 10.3 ശ്രദ്ധിക്കൂക.) ആയിരുന്നു.

ഇന്ത്യയിലും പാകിസ്ഥാനിലും GDP യിലേക്കുള്ള കൃഷിയുടെ സംഭാവന യഥാക്രമം 17 ഉം 25 ഉം ശതമാനവും ആണ്. എന്നാൽ കാർഷിക മേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ അനുപാതം കൂടുതൽ ഇന്ത്യയിലാണ്. പാകിസ്ഥാനിൽ ഏതാണ്ട് 43 ശതമാനം ആളുകൾ കൃഷിയിലേർപ്പെടുമ്പോൾ ഇന്ത്യയിൽ അത് 50 ശതമാനമാണ്. ഉൽപ്പന്നം, തൊഴിൽ എന്നിവയുടെ മേഖല തിരിച്ചുള്ള സംഭാവനയുടെ കാര്യത്തിൽ ഈ മൂന്നുരാജ്യങ്ങളിൽ വ്യവസായ, സേവനമേഖലകളിൽ തൊഴിൽ ശക്തി അനുപാതം കുറവാണെങ്കിലും ഉൽപ്പന്ന സംഭാവന ഉയർന്നതാണ്. ചൈനയിൽ GDP ക്ക് ഏറ്റവും അധികം സംഭാവന നൽകുന്നത് നിർമ്മാണ മേഖലയും സേവനമേഖലയുമാണ്. ഇത് യഥാക്രമം 13 ഉം 48 ഉം ശതമാനമാണ്. എന്നാൽ ഇന്ത്യയിലും പാകിസ്ഥാനിലും GDP ലേയ്ക്ക് ഏറ്റവും കൂടുതൽ സംഭാവന നൽകുന്നത് സേവനമേഖലയാണ്. ഇരുരാജ്യങ്ങളിലേയും സേവനമേഖലയുടെ മൊത്തം സംഭാവന GDP യുടെ 50 ശതമാനത്തിലധികമാണ്.

സാധാരണഗതിയിൽ രാജ്യങ്ങളുടെ വികസന പ്രക്രിയയുടെ വിവിധ ഘട്ടങ്ങളിൽ തൊഴിൽ, ഉൽപന്നം എന്നിവയുടെ മേഖലാടിസ്ഥാനത്തിലുള്ള സംഭാവന വർദ്ധനവ്, ആദ്യം കാർഷിക മേഖലയിൽ നിന്നും നിർമ്മാണമേഖലയിലേക്കും പിന്നീടത് സേവന മേഖലയിലേക്കും മാറും. ഇതാ

ണ് ചൈനയിൽ സംഭവിക്കുന്നതെന്ന് പട്ടിക 10.4 ൽ നിന്ന് മനസ്സിലാക്കാം. ഇന്ത്യയിലേയും പാകിസ്ഥാനിലേയും നിർമ്മാണമേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ അനുപാതം യഥാക്രമം 21% ഉം 23% ഉം ആണ്. ഇത് വളരെ താഴ്ന്ന നിരക്കാണ്. വ്യവസായമേഖലയിലെ GDP യിലേക്കുള്ള സംഭാവന ഇന്ത്യയിൽ 38%വും പാക്കിസ്ഥാനിൽ 21 ശതമാനവുമാണ്. ഇന്ത്യയിലും പാകിസ്ഥാനിലും മാറ്റം സംഭവിക്കുന്നത് കാർഷികമേഖലയിൽ നിന്നും നേരിട്ട് സേവനമേഖലയിലേക്കാണ്.

ഇപ്രകാരം ഇന്ത്യയിലും പാകിസ്ഥാനിലും വികസനത്തിന് ചുക്കാൻ പിടിക്കുന്നത് സേവന മേഖലയാണ്. ഇത് GDP ക്ക് കൂടുതൽ സംഭാവന നൽകുന്നതോടൊപ്പം ദീർഘവീക്ഷണമുള്ള തൊഴിൽ ദാതാവായി (Prospective employer) മാറുകയും ചെയ്യുന്നു. 1980 കളിലെ തൊഴിൽശക്തി അനുപാതം നോക്കിയാൽ പാകിസ്ഥാൻ ഇന്ത്യയേക്കാളും ചൈനയേക്കാളും വളരെ വേഗത്തിലാണ് തങ്ങളുടെ തൊഴിൽശക്തിയെ സേവനമേഖലയിലേക്ക് തിരിച്ച് വിട്ടത്. 1980 കളിൽ ഇന്ത്യയും, ചൈനയും പാകിസ്ഥാനും യഥാക്രമം 17 ഉം 12 ഉം 27 ഉം ശതമാനം തൊഴിൽശക്തി സേവനമേഖലയിൽ തൊഴിലിലേർപ്പെട്ടിരുന്നു. 2014 ൽ ഇത് യഥാക്രമം 29 ഉം, 43 ഉം, 34 ഉം ശതമാനത്തിലെത്തി.

കഴിഞ്ഞ മൂന്ന് ദശകങ്ങളായി ഈ മൂന്ന് രാജ്യങ്ങളിലും തൊഴിൽശക്തിയുടെ ഏറിയ പങ്കും ആശ്രയിച്ചിരിക്കുന്ന കാർഷികമേഖലയുടെ തളർച്ചയാണ് കാണാൻ കഴിയുന്നത്. വ്യവസായിക മേഖലയിൽ ചൈനയുടെ വളർച്ചാനിരക്ക് രണ്ടക്ക സംഖ്യയിൽ തുടർന്ന് പോരുമ്പോൾ ഇന്ത്യയിലും പാകിസ്ഥാനിലുമാകട്ടെ ഈ മേഖലയിലുള്ള വളർച്ചാനിരക്ക് കുറഞ്ഞ് വരുന്നു. സേവന മേഖലയുടെ കാര്യത്തിൽ 1980–2015 കാലയളവിൽ ചൈന അതിന്റെ വളർച്ചാനിരക്ക് ഉയർത്തിയപ്പോൾ ഇന്ത്യയുടെയും പാകിസ്ഥാന്റെയും സേവനമേഖലയിലെ വളർച്ചാനിരക്ക് കുറഞ്ഞു. ചുരുക്കത്തിൽ ചൈനയുടെ വളർച്ചയ്ക്ക് ഉൽപ്പന്നനിർമ്മാണമേഖലയും സേവനമേഖലയും സംഭാവന നൽകിയപ്പോൾ ഇന്ത്യയുടെ വളർച്ചയ്ക്ക് സംഭാവന നൽകിയത് സേവനമേഖലയാണ്. എന്നാൽ ഈ മൂന്ന് മേഖലകളിലും പാകിസ്ഥാന്റെ വളർച്ച കുറഞ്ഞു.

**പരിശീലിക്കുക**

- വ്യാവസായിക മേഖലയ്ക്ക് ചൈന പ്രാധാന്യം നൽകിയതുപോലെ ഇന്ത്യയും പാകിസ്ഥാനും പ്രാധാന്യം നൽകണമെന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടോ? എന്തുകൊണ്ട്?
- വളർച്ചയുടെ എഞ്ചിനായി സേവന മേഖലയെ ആശ്രയിക്കരുതെന്നാണ് വിദഗ്ധമതമെങ്കിലും ഇന്ത്യയുടേയും പാകിസ്ഥാന്റെയും മൊത്തം ഉൽപ്പന്നത്തിന്റെ സിംഹഭാഗവും സംഭാവന നൽകുന്നത് ഈ മേഖലയാണ്. നിങ്ങൾക്കെന്ത് തോന്നുന്നു?

**പട്ടിക 10. 4. വിവിധമേഖലകളിലെ ഉൽപന്ന വളർച്ചയുടെ പ്രവണതകൾ 1980 – 2015**

| രാജ്യം | 1980 – 90 | | | 2011–15 | | |
|---|---|---|---|---|---|---|
| | കൃഷി | വ്യവസായം | സേവനം | കൃഷി | വ്യവസായം | സേവനം |
| ഇന്ത്യ | 3.1 | 7.4 | 6.9 | 2.3 | 5 | 8.4 |
| ചൈന | 5.9 | 10.8 | 13.5 | 4.1 | 8.1 | 8.4 |
| പാകിസ്ഥാൻ | 4 | 7.7 | 6.8 | 2.7 | 3.4 | 4.4 |

### 10.5 മാനവ വികസന സൂചകങ്ങൾ

മാനവ വികസന സൂചകങ്ങളുടെ പ്രാധാന്യം വികസ്വര, വികസിത രാജ്യവും ഇതിൽ സ്ഥാനങ്ങളും നാം മുൻ ക്ലാസ്സുകളിൽ പഠിച്ചിട്ടുണ്ടല്ലോ. തെരഞ്ഞെടുത്ത ചില മാനവ വികസന സൂചകങ്ങളിൽ ഇന്ത്യയും ചൈനയും പാകിസ്ഥാനും എന്ത് പ്രകടനമാണ് നടത്തിയതെന്ന് നമുക്ക് നോക്കാം. (പട്ടിക 10.5 ശ്രദ്ധിക്കുക.)

പട്ടിക 10.5 ൽ ചൈന ഇന്ത്യയേയും പാകിസ്ഥാനേയും അപേക്ഷിച്ച് പല സൂചകങ്ങളുടെയും കാര്യത്തിൽ വളരെ മുന്നിലാണെന്ന് കാണാം. പ്രത്യേകിച്ച്, വരുമാനസൂചകങ്ങളായ GDP പ്രതിശീർഷവരുമാനം, ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ജനസംഖ്യയുടെ അനുപാതം അല്ലെങ്കിൽ ആരോഗ്യ സൂചകങ്ങളായ മരണ നിരക്ക്, പൊതുശുചിത്വം, സാക്ഷരത, ആയൂർദൈർഘ്യം പോഷകാഹാരക്കുറവ് തുടങ്ങിയ സൂചകങ്ങളുടെ കാര്യത്തിലെല്ലം ഇത് പ്രകടമാണ്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ അനുപാതം കുറയ്ക്കുന്നതിൽ പാകിസ്ഥാൻ ഇന്ത്യയേക്കാൾ ബഹുദൂരം മുന്നിലാണ്. കൂടാതെ പൊതുശുചിത്വം, ശുദ്ധജല ലഭ്യത തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കുന്നതിൽ പാകിസ്ഥാൻ ഇന്ത്യയേക്കാൾ മെച്ചമാണ്. എന്നാൽ മാതൃമരണനിരക്ക് കുറയ്ക്കു ന്നതിൽ ഇരുരാജ്യങ്ങളും അത്ര മികച്ചതല്ല. ചൈനയിൽ ഒരു ലക്ഷം ജനനം നടക്കുമ്പോൾ 27 സ്ത്രീകളാണ് മരിക്കുന്നതെങ്കിൽ ഇന്ത്യയിലും പാകിസ്ഥാനിലും യഥാക്രമം 178 ഉം, 174 ഉം സ്ത്രീകളാണ് മരിക്കുന്നത്. അത്ഭുതകരമെന്നു പറയട്ടെ ശുദ്ധജലസ്രോതസ്സുകളുടെ ലഭ്യതയിൽ ഈ മൂന്ന് രാജ്യങ്ങളും മെച്ചപ്പെട്ട നിലയിലാണ്. ഒരു ദിവസം 3-10 ഡോളർ എന്ന ലോക ദാരിദ്ര്യരേഖ നിർണ്ണയനിരക്ക് നോക്കുമ്പോൾ മൂന്ന് രാജ്യങ്ങളിലും വെച്ച് ഇന്ത്യയിലാണ് ഏറ്റവും കൂടുതൽ ദരിദ്രർ. ഈ വ്യത്യാസം എന്ത് കൊണ്ട് സംഭവിക്കുന്നുവെന്ന് നിങ്ങൾ കണ്ടെത്തുക.

മുകളിൽപറഞ്ഞ മാനവവികസന സൂചകങ്ങളെ തെറ്റായ മുൻവിധിയോടെ സമീപിക്കുന്നതിനാൽ, ഇത്തരം ചോദ്യങ്ങളെ വില

**പട്ടിക 10. 5. മാനവവികസനത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട സൂചകങ്ങൾ, 2016**

| ഇനങ്ങൾ | ഇന്ത്യ | ചൈന | പാകിസ്ഥാൻ |
|---|---|---|---|
| മാനവ വികസന സൂചകം (മൂല്യം) | 0.624 | 0.738 | 0.550 |
| സ്ഥാനം(HDIയുടെ അടിസ്ഥാനത്തിൽ) | 131 | 91 | 148 |
| ആയൂർ ദൈർഘ്യം (വർഷം) | 68.3 | 76 | 66.4 |
| ശരാശരി സ്കൂൾ വിദ്യാഭ്യാസ വർഷങ്ങൾ(15 വയസ്സിനും അതിന് മുകളിലും, ശതമാനത്തിൽ) | 6.3 | 7.6 | 5.1 |
| ആളോഹരി GDP(PPP US ഡോളർ) | 6092 | 14400 | 4866 |
| ദാരിദ്രരേഖയ്ക്ക് താഴെയുള്ളവർ (ശതമാനത്തിൽ) | 37 | 32 | 44 |
| ശിശുമരണനിരക്ക് (1000 ജനനത്തിൽ) | 38 | 9 | 66 |
| മാതൃ മരണനിരക്ക് (ലക്ഷം ജനനത്തിൽ) | 174 | 27 | 178 |
| മെച്ചപ്പെട്ട ശുചീകരണ സൗകര്യം ഉപയോഗിക്കുന്നവർ (ശതമാനത്തിൽ) | 40 | 77 | 64 |
| മെച്ചപ്പെട്ട ശുദ്ധജല സ്രോതസ്സുകൾ ലഭ്യമായവർ(ശതമാനത്തിൽ) | 94 | 96 | 91 |
| പോഷകാഹാരകുറവ് (മൊത്തം ജനസംഖ്യയുടെ % ൽ) | 39 | 9 | 45 |

**അവലംബം മാനവവികസന റിപ്പോർട്ട് – 2016.** www. worldbank. org

യിരുത്തുമ്പോൾ നാം സൂക്ഷ്മത പുലർത്തേണ്ടതുണ്ട്. ഇതിനു കാരണം, ഇവ അങ്ങേയറ്റം പ്രാധാന്യമുള്ളതാണെങ്കിലും പര്യാപ്തമായ സൂചകങ്ങളല്ല. ഇതോടൊപ്പം നാം സ്വാതന്ത്ര്യത്തിന്റെ സൂചക(Libety Indicators) ങ്ങളെന്ന് വിളിക്കുന്നവയേയും പരിഗണിക്കേണ്ടതുണ്ട്. സാമൂഹിക രാഷ്ട്രീയ നയരൂപീകരണത്തിൽ ജനപങ്കാളിത്തത്തിന്റെ വ്യാപ്തി മനസ്സിലാക്കാൻ വേണ്ടിയാവണം ഇത്തരം സൂചകങ്ങൾ കൂട്ടി ചേർക്കേണ്ടത്. അതിലുപരിയായുള്ള ഒരു പരിഗണനയും ഇവയ്ക്ക് നൽകേണ്ടതില്ല. സ്വാതന്ത്ര്യ സൂചകങ്ങളുടെ പ്രധാനഅളവുകോലുകളായ പൗരാവകാശങ്ങൽക്ക് നൽകുന്ന ഭരണ ഘടനാ സംരക്ഷണം സ്വതന്ത്രനീതിന്യായ വ്യവസ്ഥക്കും, നിയമവാഴ്ചക്കും ഭരണഘടന നൽകുന്ന സംരക്ഷണം എന്നിവയെ ഇനിയും ഒരു വലിയ അളവിൽ പ്രവൃത്തി പഥത്തിൽ കൊണ്ടുവരേണ്ടതായിട്ടുണ്ട്. ഇത്തരം സൂചകങ്ങളെ അവഗണിക്കുകയും നിസ്സാരവൽക്കരിക്കുകയും ചെയ്തുകൊണ്ടാണ് മാനവവികസന സൂചകങ്ങൾ നിർമ്മിക്കപ്പെടുന്നതെങ്കിൽ, ഈ സൂചകങ്ങൾ അപൂർണ്ണവും പരിമിതി ഉള്ളവയുമാണെന്ന് പറയേണ്ടി വരും.

## 10.6 വികസനതന്ത്രങ്ങൾ – ഒരു അവലോകനം

സാധാരണഗതിയിൽ ഒരു രാജ്യത്തെ വികസനതന്ത്രങ്ങളെ മറ്റ് രാജ്യങ്ങൾ പഠനത്തിനുള്ള മാതൃകയായും തങ്ങളുടെ വികസനത്തിനുള്ള വഴികാട്ടിയായും ഉപയോഗിക്കാറുണ്ട്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സാമ്പത്തികപരിഷ്കാര പ്രക്രിയ തുടങ്ങിയ ശേഷം ഇത് പ്രത്യേകിച്ചും വ്യക്ത മാണ്. നമ്മുടെ അയൽരാജ്യങ്ങളുടെ സാമ്പത്തികപരിഷ്കാരങ്ങളുടെ നിർവ്വഹണ ങ്ങളിൽ നിന്നും അനുഭവങ്ങൾ ഉൾക്കൊള്ളുന്നതിന്, ആ രാജ്യങ്ങളുടെ ജയപരാജയങ്ങളുടെ കാരണങ്ങൾ കൃത്യമായി മനസ്സിലാക്കേണ്ടതുണ്ട്. അതോടൊപ്പം അവരുടെ വികസനതന്ത്രങ്ങളുടെ വിവിധ ഘട്ടങ്ങളെ വേർതിരിച്ചറിയൽ അനിവാര്യവുമാണ്. രാജ്യങ്ങൾ തങ്ങളുടെ വികസനത്തിന്റെ വിവിധ ഘട്ടങ്ങളിലൂടെ വ്യത്യസ്ത രീതിയിലാണ് കടന്നുപോകുന്നതെങ്കിലും ഈ പരിഷ്കരണങ്ങളുടെ തുടക്കത്തെ ഒരു പ്രമാണമായി സ്വീകരിക്കാവുന്നതാണ്. ചൈനയിൽ സാമ്പത്തിക പരിഷ്കാരങ്ങൾ നടപ്പാക്കിയത് 1978 ലും ഇന്ത്യയിൽ 1991 ലും പാകിസ്ഥാനിൽ 1988 ലുമാണെന്ന് നാം മനസ്സിലാക്കി കഴിഞ്ഞുവല്ലോ. ഈ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിന് മുമ്പും ശേഷവുമുള്ള ഈ രാഷ്ട്രങ്ങളുടെ ജയപരാജയങ്ങളെ നമുക്ക് ചുരുക്കി വിലയിരുത്താം.

എന്ത് കൊണ്ടാണ് ചൈന 1978 ൽ ഘടനാപരമായ നവീകരണ നടപടികൾ നടപ്പിലാക്കിയത്? ഇന്ത്യയും പാകിസ്ഥാനും സാമ്പത്തിക പരിഷ്കാരങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ലോകബാങ്ക്, IMF എന്നിവയുടെ ഭാഗത്ത് നിന്നുമുണ്ടായിരുന്നതുപോലുള്ള സമ്മർദ്ദങ്ങളൊന്നും ചൈനക്കുണ്ടായിരുന്നില്ല. മാവോയുടെ ഭരണകാലത്തെ ചൈനീസ് സമ്പദ്വ്യവസ്ഥയുടെ പരിഷ്കരണമില്ലായ്മയോടും കുറഞ്ഞ വളർച്ചാനിരക്കിനോടും പുതിയ നേതൃത്വത്തിന് ഒട്ടും ചേർന്ന് പോകാൻ പറ്റിയില്ല. അവർക്ക് വികേന്ദ്രീകരണം സ്വയംപര്യാപതത, വിദേശ സാങ്കേതിക ചരക്കുകൾ, മൂലധനം എന്നിവയുടെ വർജ്ജനം തുടങ്ങിയ മാവോയുടെ സാമ്പത്തിക വികസന കാഴ്ചപ്പാടുകൾ വൻ പരാജയമായാണ് അനുഭവപ്പെട്ടത്. ഭൂപരിഷ്കരണം, സ്ഥിതിസമത്വവാദം, മഹത്തായ കുതിച്ച് ചാട്ടം, മറ്റു പരിഷ്ക്കരണങ്ങൾ എന്നിവ നടപ്പിലാക്കിയിട്ടും 1978 ലെ ആളോഹരി ധാന്യ ഉൽപ്പന്ന (Percapita Grain Output) 1950 കളുടെ മദ്ധ്യേയുള്ളത് പോലെ തന്നെയായിരുന്നു.

പരിഷ്ക്കരണശേഷമുള്ള കാലയളവിലെ സാമൂഹികസാമ്പത്തിക സൂചകങ്ങളിൽ ഗുണകരമായ പരിവർത്തനം കൊണ്ടുവരാൻ സഹായിച്ചത് വിദ്യാഭ്യാസം, ആരോഗ്യ മേഖലകളിലെ അടിസ്ഥാനം വികസനം, ഭൂപരിഷ്കരണം, ദീർഘകാല വികേന്ദ്രീകൃത പദ്ധതികൾ ചെറുകിട സംരംഭങ്ങളുടെ നിലനിൽപ്പ് തുടങ്ങിയവയാണ് ഗ്രാമീണ മേഖലയിൽ അടിസ്ഥാന ആരോഗ്യ സേവനത്തിന്റെ വിപുലീകരണം, പരിഷ്കരണത്തിന് മുമ്പേ തന്നെ ഉണ്ടായിട്ടുണ്ട്. കമ്മ്യൂൺ സമ്പ്രദായ

ത്തിലൂടെ ഭക്ഷ്യധാന്യങ്ങളുടെ തുല്യമായ വിതരണം നടപ്പാക്കിയിരുന്നു. ഓരോ പരിഷ്ക്കരണ നടപടിയും ആദ്യം ചെറിയ അളവിൽ നടപ്പിലാക്കുകയും പിന്നീടത് വലിയ തോതിൽ വിപുലീകരിക്കുകയും ചെയ്തു എന്ന വിദഗ്ധർ ചൂണ്ടികാണിക്കുന്നു. വികേന്ദ്രീകത, ഭരണസംവിധാനത്തിന്റെ കീഴിലുള്ള പരീക്ഷണങ്ങൾ സാമ്പത്തിക, സാമൂഹിക, രാഷ്ട്രീയ ജയപരാജയങ്ങൾ വിലയിരുത്താൻ സഹായിച്ചു. ഉദാഹരണമായി കൃഷിയിൽ പരിഷ്ക്കരണങ്ങൾ ഏർപ്പെടുത്തിയപ്പോൾ, മുമ്പ് സൂചിപ്പിച്ചത് പോലെ, കൃഷി യിടങ്ങളെ തുണ്ടുകളായി തിരിച്ച് വ്യക്തികൾക്ക് കൃഷിക്കായി കൈവശം കൊടുത്തത് ധാരാളം പാവപ്പെട്ടവർ അഭിവൃദ്ധിപ്പെടാൻ ഇടയായി ഇത് ഗ്രാമീണ വ്യവസായങ്ങളുടെ ക്രമേണയുള്ള അസാധാരണമായ വളർച്ചയ്ക്കും കൂടുതൽ പരിഷ്ക്കരണങ്ങൾക്കുള്ള ശക്തമായ അടിത്തറ പണിയുന്നതിനുള്ള സാഹചര്യം രൂപപ്പെടുത്തി. എങ്ങനെയാണ് പരിഷ്ക്കരണപ്രവർത്തനങ്ങൾ ചൈനയെ ദ്രുതഗതിയിലുള്ള വളർച്ചയിലേക്ക് നയിച്ചത് എന്നതിനുള്ള ഇത്തരം നിരവധി ഉദാഹരണങ്ങൾ വിദഗ്ധർ എടുത്തു കാണിക്കുന്നുണ്ട്.

പാകിസ്ഥാനിൽ, സാമ്പത്തിക സൂചകങ്ങളുടെ സ്ഥിതി മോശമാകുന്നതിലേക്ക് പരിഷ്ക്കരണങ്ങൾ നയിച്ചുവെന്ന് വിദഗ്ധർ അഭിപ്രായപ്പെടുന്നു. 1980 കളിലെ വളർച്ചാനിരക്കുമായി താരതമ്യം ചെയ്യുമ്പോൾ, 1990 കളായപ്പോഴേക്കും GDP യുടെയും അതുമായി ബന്ധപ്പെട്ട ഘടകങ്ങളുടെയും വളർച്ചാനിരക്ക് കുറഞ്ഞതായി മുൻ ഭാഗങ്ങളിൽ നാം കണ്ടതാണല്ലോ.

അന്തർദേശീയ ദാരിദ്ര്യരേഖയുമായി ബന്ധപ്പെട്ട കണക്കുകൾ പ്രകാരം പാകിസ്ഥാൻ മെച്ചപ്പെട്ട അവസ്ഥയിലാണെങ്കിലും പാക്കിസ്ഥാനിലെ ഔദ്യോഗിക ദത്തങ്ങൾ ഉപയോഗിച്ചുകൊണ്ട് വിഗ്ദ്ധർ അവിടെ ദാരിദ്ര്യം വർദ്ധിക്കുന്നുവെന്ന് ചൂണ്ടികാണിക്കുന്നു. ദരിദ്രരുടെ അനുപാതം 1960 കളിൽ

**പരിശീലിക്കുക**

- സാമ്പത്തിക വളർച്ചയുടെ കാര്യത്തിൽ, ഇന്ത്യ തന്റെ ഏഷ്യൻ അയൽ രാജ്യങ്ങൾക്കും മറ്റ് വികസ്വരരാജ്യങ്ങൾക്കുമൊപ്പമാണെങ്കിലും മാനവവികസന സൂചകങ്ങളുടെ കാര്യത്തിൽ സ്ഥിതി വളരെ ദയനീയമാണ്. എവിടെയാണ് ഇന്ത്യയ്ക്ക് തെറ്റുപറ്റിയത്.? മനുഷ്യവിഭവത്തിന് അർഹമായ പരിഗണന നൽകാത്തതെന്തുകൊണ്ടാണ്? ക്ലാസ്സിൽ ചർച്ച ചെയ്യുക.
- ചൈനീസ് ഉൽപന്നങ്ങളുടെ ഇന്ത്യയിലേക്കുള്ള കുത്തൊഴുക്ക് ഉൽപന്നനിർമ്മാണ മേഖലയെ ദോഷകരമായി ബാധിച്ചുവെന്നും ഇന്ത്യ അയൽരാജ്യങ്ങളുമായി വ്യാപാരത്തിലേർപ്പെടുന്നുമില്ല എന്നുമുള്ള പൊതുധാരണകൾ ഇന്ത്യയിൽ പരക്കുന്നുണ്ട്. താഴെ കൊടുത്ത പട്ടിക ശ്രദ്ധിക്കുക. ചൈന, പാകിസ്ഥാൻ എന്നീ രാജ്യങ്ങളിലേക്കുള്ള ഇന്ത്യൻ കയറ്റുമതിയുടെയും, ഈ രാജ്യങ്ങളിൽ നിന്ന് ഇന്ത്യയിലേക്കുള്ള ഇറക്കുമതിയുടേയും വിവരങ്ങളാണ് ഇതിലുള്ളത്. പട്ടിക വിശകലനം നടത്തി ക്ലാസ്സിൽ ചർച്ച ചെയ്യുക. അയൽ രാജ്യങ്ങളുമായി വ്യാപാരങ്ങളിലെ സാധനസേവനങ്ങളുടെ വിശദാംശങ്ങൾ പത്രങ്ങൾ, വെബ്സൈറ്റ്, ന്യൂസ് എന്നിവയിൽ നിന്ന് ശേഖരിക്കുക. (http: //dgft.gov.inl)

40 ശതമാനത്തിന് മുകളിലായിരുന്നു . അത് 1980 കളിൽ 25 ശതമാനമായി കുറയുകയും 1990 കളിൽ വീണ്ടും ഉയരാൻ തുടങ്ങുകയും ചെയ്തു. പാകിസ്ഥാനിൽ വളർച്ച പിന്നോട്ടുപോകാനും ദാരിദ്ര്യത്തിന്റെ തിരിച്ച് വരവിനും കാരണമായി വിദഗ്ധർ കണ്ടെത്തിയത് കാർഷികമേഖലയുടെ വളർച്ചയും ഭക്ഷ്യധാന്യങ്ങളുടെ വിതരണവും സാങ്കേതിക മാറ്റത്തിലൂടെയുള്ള വ്യവസ്ഥാപിത പദ്ധതികൾ വഴിയല്ല പകരം മികച്ച വിളവിനെ ആശ്രയിച്ചായിരുന്നു എന്നതാണ്. മികച്ച വിളവ് ലഭിക്കുമ്പോൾ സമ്പദ്‌വ്യവസ്ഥ മികച്ച നിലയിലെത്തുന്നു. അല്ലാത്ത പക്ഷം, സാമ്പത്തിക സൂചകങ്ങൾ നിശ്ചലാവസ്ഥയും പിന്നോക്ക പ്രവണതയും കാണിക്കുന്നു. ഇന്ത്യ അതിന്റെ അടവുശിഷ്ട പ്രതിസന്ധി മറി കടക്കാൻ IMFൽ നിന്നും ലോകബാങ്കിൽ നിന്നും സഹായം സ്വീകരിച്ചത് നിങ്ങൾ ഓർക്കുന്നുണ്ടാകുമല്ലോ. വിദേശ വിനിമയം ഏതൊരു രാജ്യത്തെ സംബന്ധിച്ചും പ്രധാനപ്പെട്ട ഘടകമാണ്. അതിനാൽ അത് എങ്ങനെ നേടുന്നു എന്നത് പ്രാധാന്യമർഹിക്കുന്നു. നിർമ്മിത ഉൽപ്പന്നങ്ങളുടെ കയറ്റുമതിയിൽ സുസ്ഥിരത നിലനിർത്താൻ കഴിയുന്ന രാജ്യങ്ങൾക്ക് വിദേശവിനിമയം സുഗമമായി നേടിയെടുക്കാൻ കഴിയും. മധ്യ കിഴക്കൻ രാജ്യങ്ങളിലേക്ക് കുടിയേറിയവർ അയക്കുന്ന പണവും, കാർഷിക ഉൽപ്പന്നങ്ങളുടെ കയറ്റുമതിയുമാണ് പാകിസ്ഥാന് വിദേശ വിനിമയം നേടിക്കൊടുക്കുന്നത്, കൂടാതെ വിദേശ വായ്പകളോടുള്ള വർദ്ധിച്ച ആശ്രയത്വവും അത് തിരിച്ചടയ്ക്കുന്നതിനുള്ള വലിയ ബുദ്ധിമുട്ടുകളും ഈ രാജ്യം നേരിടുന്നുണ്ട്.

എന്നിരുന്നാലും കുറച്ചു വർഷങ്ങളായി പാക്കിസ്ഥാൻ സാമ്പത്തിക വളർച്ച വീണ്ടെടുക്കുകയും നിലനിർത്തുകയും ചെയ്യുന്നുണ്ട്. 2015-16-ൽ GDP 4.7 ശതമാനം വളർച്ച രേഖപ്പെടുത്തിയതായി 2016-17-ലെ വാർഷിക പദ്ധതി റിപ്പോർട്ടിൽ പറയുന്നു. ഇത് കഴിഞ്ഞ 8 വർഷങ്ങളിലെ ഏറ്റവും ഉയർന്ന നിരക്കാണ്. കാർഷിക മേഖല നിലവിലെ സ്ഥിതിയിൽ നിന്നും വളരെ ഉയർന്ന വളർച്ച നേടിയ പ്പോൾ വ്യാവസായിക മേഖലയും സേവനമേഖലയും യഥാക്രമം 6.8 ഉം 5.7 ഉം ശതമാനം വളർച്ച രേഖപ്പെടുത്തി. പല സ്ഥൂലസാമ്പത്തിക സൂചകങ്ങളും അനുകൂലവും സ്ഥിരവുമായ വളർച്ചാപ്രവണത കാണിക്കാൻ തുടങ്ങിയിട്ടുണ്ട്.

### 10.7 ഉപസംഹാരം

നമ്മുടെ അയൽരാജ്യങ്ങളുടെ വികസനാനുഭവങ്ങളിൽ നിന്ന് നാം എന്തെല്ലാമാണ് പഠിക്കുന്നത്? ഇന്ത്യയും ചൈനയും പാകിസ്ഥാനും അഞ്ച് പതിറ്റാണ്ടിലേറെ വരുന്ന അതിന്റെ വികസനപാതയിലൂടെ വ്യത്യസ്ഥ ഫലങ്ങളുമായി യാത്ര ചെയ്തു. 1970 കളുടെ അവസാനം വരെ ഇവയെല്ലാം താഴ്ന്ന വികസനത്തിന്റെ തലമാണ് നിലനിർത്തിയത്. കഴിഞ്ഞ മൂന്ന് പതിറ്റാണ്ട് ഈ രാജ്യങ്ങളെ വ്യത്യസ്ത തലങ്ങളിലേക്കെത്തിച്ചിട്ടുണ്ട്. ജനാധിപത്യ സംവിധാനങ്ങളിലൂടെ ഇന്ത്യ തെറ്റില്ലാത്ത പ്രകടനം നടത്തുന്നുവെങ്കിലും ഇവിടുത്തെ ഭൂരിഭാഗം ആൾക്കാരും ഇപ്പോഴും കൃഷിയെയാണ് ആശ്രയിക്കുന്നത്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളുടെ കുറവനുവപ്പെടുന്നു. ജനസംഖ്യയുടെ നാലിൽ ഒന്ന് വരുന്ന ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള ജനങ്ങളുടെ ജീവിതനിലവാരം ഇനിയുമുയർത്തേണ്ടതുണ്ട്. വിദേശത്തു നിന്നുള്ള വരുമാനം,

വിദേശ സഹായം എന്നിവയോടുള്ള അമിതാശ്രയത്വം, കാർഷിക മേഖലയുടെ പരിതാപകരമായ പ്രകടനം എന്നിവയാണ് പാകിസ്ഥാൻ സമ്പദ്വ്യവസ്ഥയുടെ തളർച്ചയ്ക്കുള്ള കാരണങ്ങളായി വിദഗ്ധർ ചൂണ്ടികാട്ടുന്നത്. കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ധാരാളം സ്ഥൂലകസാമ്പത്തിക സൂചകങ്ങളിൽ സമ്പദ്വ്യവസ്ഥയുടെ പുന:പ്രാപ്തിയെ പ്രതിഫലിപ്പിച്ചുകൊണ്ട് ഉയർന്നതും അനുകൂലവുമായ വളർച്ചാനിരക്ക് പ്രകടമാകാൻ തുടങ്ങിയിട്ടുണ്ട്. ചൈനയിൽ, രാഷ്ട്രീയ സ്വാതന്ത്ര്യത്തിന്റെ അഭാവവും മനുഷ്യാവകാശങ്ങളിലുള്ള അതിന്റെ പ്രത്യാഘാതങ്ങളും പ്രധാന ആശങ്കകൾ ആണ്. എങ്കിലും അതിന്റെ അവസാന മൂന്ന് പതിറ്റാണ്ടുകളിൽ അത് രാഷ്ട്രീയപ്രതിബദ്ധത ഒഴിവാക്കാതെതന്നെ കമ്പോള സമ്പ്രദായത്തെ ഉപയോഗപ്പെടുത്തി കൊണ്ട് ദാരിദ്ര്യ നിർമ്മാർജ്ജനത്തോടൊപ്പം ഉയർന്ന വളർച്ചാനിരക്ക് നേടുന്നതിൽ വിജയിച്ചു. നിങ്ങൾ ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യം ഇന്ത്യയുടെയും പാകിസ്ഥാന്റെയും പൊതു മേഖലാ സ്വകാരീകരണത്തിൽ നിന്നും വ്യത്യസ്ഥമായി ചൈന കമ്പോളസംവിധാനത്തിലൂടെ (Market Mechanism) സാമൂഹിക സാമ്പത്തികഅവസരങ്ങൾ അധികമായി സൃഷ്ടിക്കാൻ ശ്രമിച്ചു എന്നതാണ്. ഭൂമിയുടെ മേലുള്ള കൂട്ടായ ഉടമസ്ഥാവകാശവും ഭൂമിയിൽ കൃഷി ചെയ്യാൻ വ്യക്തികളെ അനുവദിക്കുകയും ചെയ്യുന്നതിലൂടെ ചൈന അതിന്റെ ഗ്രാമീണമേഖലയിലെ സാമൂഹ്യസുരക്ഷിതത്വം ഉറപ്പ് വരുത്തി. പരിഷ്ക്കരണങ്ങൾക്ക് മുമ്പേ സാമൂഹ്യഅടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലുള്ള പൊതുമേഖലയുടെ ഇട പെടൽ ചൈനയിൽ മാനവ വികസന സൂചികയിൽ ക്രിയാത്മകമായ ഫലങ്ങൾ ഉളവാക്കിയിട്ടുണ്ട്.

## സംഗ്രഹം

- ആഗോളീകരണപ്രക്രിയകൾ തിരിച്ചറിയപ്പെടുന്ന സാഹചര്യത്തിൽ, വികസ്വര രാജ്യങ്ങൾ തങ്ങളുടെ അയൽ രാജ്യങ്ങൾ പിന്തുടരുന്ന വികസനപ്രവർത്തനങ്ങളെ സൂക്ഷ്മമായി വീക്ഷിക്കുവാൻ ഉത്സാഹം കാണിക്കുന്നു. കാരണം വികസ്വര രാജ്യങ്ങൾ വികസിത രാജ്യങ്ങളിൽ നിന്നും, അവരിൽ നിന്നുതന്നെയും മത്സരം നേരിടേണ്ടി വരുന്നു.
- ഇന്ത്യ, ചൈന, പാകിസ്ഥാൻ എന്നീ രാജ്യങ്ങളുടെ ഭൗതികവിഭവങ്ങളിൽസാമ്യതയുണ്ടെങ്കിലും രാഷ്ട്രീയ സംവിധാനങ്ങൾ വ്യത്യസ്ഥമാണ്.
- ഈ മൂന്ന് രാജ്യങ്ങളും വികസനത്തിന്റെ അടിത്തറയായി ആശ്രയിക്കുന്നത് പഞ്ചവത്സരപദ്ധതികളേയാണ്. എന്നിരുന്നാലും വികസനനയങ്ങൾ നടപ്പിലാക്കുന്ന ഘടന തികച്ചും വ്യത്യസ്ഥമാണ്.
- എൺപതുകളുടെ തുടക്കം വരെ, ഈ മൂന്ന് രാജ്യങ്ങളുടെയും വളർച്ചാനിരക്ക്, ദേശീയ വരുമാനത്തിൽ വിവിധ മേഖലകളുടെ സംഭാവന എന്നിങ്ങനെയുള്ള വികസനസൂചകങ്ങൾ സമാനമായിരുന്നു.
- സാമ്പത്തിക പരിഷ്കാരങ്ങൾ ഇന്ത്യയിൽ 1991 ലും പാകിസ്ഥാനിൽ 1988 ലും ചൈനയിൽ 1978 ലുമാണ് ആരംഭിച്ചത്.
- ചൈനയിൽ ഘടനാപരമായ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചത് സ്വപ്രേരണയിലായിരുന്നുവെങ്കിൽ, വിദേശഏജൻസികളുടെ സമ്മർദ്ദത്താലായിരുന്നു ഇന്ത്യയിലും പാകിസ്ഥാനിലും ആരംഭിച്ചത്.
- ഈ മൂന്ന് രാജ്യങ്ങളിലും നടപ്പിലാക്കിയ നയപരമായ നടപടികളുടെ പ്രത്യാഘാതങ്ങൾ വ്യത്യസ്ഥമായിരുന്നു ഉദാഹരണത്തിന് 'ഒറ്റ കുട്ടി നയം'ചൈനയിലെ ജനസംഖ്യാ വർദ്ധനവിനെ പിടിച്ചുനിർത്തിയെങ്കിൽ, ഇന്ത്യയിലും പാകിസ്ഥാനിലും കാര്യമായ മാറ്റങ്ങൾ ഇനിയും സംഭവിക്കാനിരിക്കുന്നതേയുള്ളൂ.
- ഈ മൂന്ന് രാജ്യങ്ങളിലും 50 വർഷത്തെ ആസൂത്രിത വികസനത്തിന് ശേഷവും തൊഴിൽ ശക്തിയുടെ സിംഹഭാഗവും ആശ്രയിക്കുന്നത് കൃഷിയേയാണ്. കാർഷിക മേഖലയിലുള്ള ഈആശ്രിതത്വം കൂടുതൽ ഇന്ത്യയിലാണ്.
- കൃഷിയിൽ നിന്ന് വ്യസായത്തിലേക്കും ക്രമേണ സേവന മേഖലയിലേക്കുമെന്ന പരമ്പരാഗത വികസനമാതൃകയെ ചൈന പിന്തുടർന്നപ്പോൾ ഇന്ത്യയുടെയും പാകിസ്ഥാന്റെയും മാറ്റം കൃഷിയിൽ നിന്ന് നേരിട്ട് സേവന മേഖലയിലേക്കായിരുന്നു.
- ഇന്ത്യയെയും പാകിസ്ഥാനേയും അപേക്ഷിച്ച് ചൈനയിലെ വ്യവസായ മേഖല ഉയർന്ന വളർച്ചാനിരക്ക് നിലനിർത്തുന്നുണ്ട്.
- പല മാനവവികസന സൂചകങ്ങളുടെയും കാര്യത്തിൽ ചൈന, ഇന്ത്യയെയും പാകിസ്ഥാനേയും അപേക്ഷിച്ച് ബഹുദൂരം മുന്നിലാണ്. എന്നിരുന്നാലും ഈ നേട്ടങ്ങൾ പരിഷ്കരണ പ്രവർത്തനങ്ങളുടെ ഫലമായിട്ടല്ല ഉണ്ടായത്. മറിച്ച്, പരിഷ്കരണ കാലഘട്ടത്തിനു മുമ്പേ ചൈന സ്വീകരിച്ച വികസനതന്ത്രങ്ങളുടെ ഫലമായിരുന്നു.
- വികസന സൂചകങ്ങളെ വിലയിരുത്തുമ്പോൾ 'സ്വാതന്ത്ര്യത്തിന്റെ സൂചകങ്ങളെയും പരിഗണിക്കേണ്ടതുണ്ട്.



## അഭ്യാസങ്ങൾ

1. സാമ്പത്തികസംഘങ്ങളും പ്രാദേശിക സംഘങ്ങളും രൂപപ്പെടുന്നതെങ്ങിനെ?
2. ആഭ്യന്തര സമ്പദ്‌വ്യവസ്ഥയേ ശക്തിപ്പെടുത്താൻ, രാജ്യങ്ങൾ സ്വീകരിക്കുന്ന വിവിധ മാർഗ്ഗങ്ങൾ എന്തെല്ലാം?
3. വികസനപാതയിൽ ഇന്ത്യയും പാകിസ്ഥാനും പിന്തുടരുന്ന വികസനതന്ത്രങ്ങളുടെ സാമ്യതകൾ എന്തെല്ലാം?
4. 1958 ൽ ചൈനയിൽ ആരംഭിച്ച 'മഹത്തായ കുതിച്ചുചാട്ട'ത്തെ കുറിച്ച് വിവരിക്കുക.
5. 1978 ലെ പരിഷ്കാരങ്ങളുടെ ഫലമാണ് ചൈനയിലെ ദ്രുതഗതിയിലുള്ള വ്യാസായകവളർച്ചാനിരക്ക്. നിങ്ങൾ യോജിക്കുന്നുണ്ടോ? സ്പഷ്ടമാക്കുക.
6. സാമ്പത്തിക പുരോഗതിക്ക് പാകിസ്ഥാൻ സ്വീകരിച്ച വികസനസംരംഭപാതകളെ കുറിച്ചെഴുതുക.
7. ചൈനയിലെ 'ഒറ്റകുട്ടി നയ'ത്തിന്റെ പ്രധാന വിവക്ഷ എന്ത്?
8. ഇന്ത്യ, പാകിസ്ഥാൻ, ചൈന എന്നിവയുടെ ജനസംഖ്യ സൂചകങ്ങളുടെ സവിശേഷതകളെ സൂചിപ്പിക്കുക.
9. ഇന്ത്യയുടെയും ചൈനയുടെയും 2003 ലെ മൊത്തം ആഭ്യന്തര ഉൽപന്നത്തിലെ (G-D-P) മേഖലാ സംഭാവനകളെ താരതമ്യപ്പെടുത്തി വ്യത്യാസങ്ങൾ കണ്ടെത്തുക.
10. മാനവവികസനത്തിന്റെ വിവിധ സൂചകങ്ങളെ നിർദ്ദേശിക്കുക.
11. സ്വാതന്ത്ര്യത്തിന്റെ സൂചിക എന്തെന്ന് നിർവ്വചിക്കുക. ഉദാഹരണങ്ങൾ എഴുതുക.
12. ചൈനയിലെ ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ചയിലേക്ക് നയിച്ച ഘടകങ്ങളെ വിലയിരുത്തുക.
13. ഇന്ത്യ, ചൈന, പാകിസ്ഥാൻ എന്നിവയുടെ സമ്പദ്‌വ്യവസ്ഥകളുടെ സവിശേഷതകളുടെ അടി സ്ഥാനത്തിൽ താഴെ പറയുന്നവയെ മൂന്ന് തലക്കെട്ടുകളിലാക്കി എഴുതുക.
    - ഒറ്റകുട്ടി നയം • താഴ്ന്ന പ്രത്യുൽപ്പാദന നിരക്ക് • ഉയർന്ന നഗരവൽക്കരണ നിരക്ക്.
    - മിശ്ര സമ്പദ്‌വ്യവസ്ഥ • വളരെ ഉയർന്ന പ്രത്യുൽപ്പാദന നിരക്ക് .
    - ഉയർന്ന ജനസംഖ്യ • ഉയർന്ന ജനസാന്ദ്രത.
    - ഉൽപന്നനിർമ്മാണ മേഖല മൂലമുള്ള വളർച്ച.
    - സേവന മേഖല മൂലമുള്ള വളർച്ച.
14. പാകിസ്ഥാനിലെ താഴ്ന്ന വളർച്ചാനിരക്കിനും ദാരിദ്ര്യത്തിന്റെ തിരിച്ചുവരവിനും ഉള്ള

കാരണങ്ങൾ എഴുതുക.

15. പ്രധാന മാനവവികസന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ഇന്ത്യ, പാകിസ്ഥാൻ എന്നിവയുടെ വികസനത്തെ താരതമ്യപ്പെടുത്തി വ്യത്യാസങ്ങൾ കണ്ടെത്തുക.

16. കഴിഞ്ഞ രണ്ട് ദശകങ്ങളിൽ ഇന്ത്യയും ചൈനയും സാക്ഷിയായ വളർച്ചാനിരക്കിലെ പ്രവണതകളെ കുറിച്ച് അഭിപ്രായമെഴുതുക.

17. വിട്ട ഭാഗം പൂരിപ്പിക്കുക.

    (a) ........... 1956 ൽ ആദ്യ പഞ്ചവത്സര പദ്ധതി ആരംഭിച്ചു. (പാകിസ്ഥാൻ/ ഇന്ത്യ)

    (b) മാതൃമരണനിരക്ക് .................. ലാണ് വളരെ കൂടുതൽ (ചൈന/ പാകിസ്ഥാൻ)

    (c) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനങ്ങളുടെ അനുപാതം കൂടുതൽ .................... ലാണ് (ഇന്ത്യ/ പാകിസ്ഥാൻ)

    (d 1978 ൽ ................... ലാണ് പരിഷ്കാരങ്ങൾ ആരംഭിച്ചത്. (ചൈന/ പാകിസ്ഥാൻ)

## കൂടുതൽ അഭ്യാസം

1. ഇന്ത്യയും ചൈനയും, ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള സ്വതന്ത്ര വ്യാപാരം എന്ന തലക്കെട്ടിൽ ക്ലാസ്സിൽ ഒരു സംവാദം സംഘടിപ്പിക്കുക.

2. കളിപ്പാട്ടങ്ങൾ, ഇലക്ട്രോണിക്സ് വസ്തുക്കൾ, വസ്ത്രങ്ങൾ, ബാറ്ററികൾ മുതലായ ചൈനീസ് ഉൽപന്നങ്ങൾ, കുറഞ്ഞ വിലയിൽ കമ്പോളങ്ങളിൽ ലഭ്യമാണെന്ന് നിങ്ങൾക്കറിയാം. ഈ വസ്തുക്കൾ ഗുണത്തിലും വിലയിലും ഇന്ത്യൻ വസ്തുക്കളുമായി താരതമ്യത്തിന് അർഹമാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ? ആഭ്യന്തരവസ്തുക്കൾക്ക് ഇവ ഭീഷണി ഉയർത്തുന്നുണ്ടോ? ചർച്ച ചെയ്യുക.

3. ജനസംഖ്യാ വളർച്ചയെ കുറയ്ക്കാൻ ചൈനയെപ്പോലെ ഇന്ത്യയ്ക്കും 'ഒറ്റ കുട്ടി നയം' നടപ്പിലാക്കാൻ കഴിയുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ? ജനസംഖ്യാ വളർച്ച കുറയ്ക്കാൻ ഇന്ത്യക്ക് നടപ്പിലാക്കാവുന്ന നയങ്ങളെക്കുറിച്ച് സംവാദം സംഘടിപ്പിക്കുക.

4. ചൈനയുടെ വളർച്ചയിൽ നിർണ്ണായക പങ്ക് വഹിച്ചത് വ്യവസായിക മേഖലയെങ്കിൽ ഇന്ത്യയുടേത് സേവനമേഖലയാണ്.

   ഈ പ്രസ്താവനയുടെ പ്രാധാന്യം സൂചിപ്പിക്കുന്ന ഒരു ചാർട്ട് തയ്യാറാക്കുക. കഴിഞ്ഞ ദശാബ്ദങ്ങളിൽ ഈ രാജ്യങ്ങളിൽ ഉണ്ടായ ഘടനാപരമായ മാറ്റങ്ങളേയും പരിഗണിക്കുക

5. മാനവ വികസന സൂചകങ്ങളിൽ ചൈന മുൻനിരയിലെത്തിയതെങ്ങിനെയാണ്? ക്ലാസിൽ ചർച്ച ചെയ്യുക. അതിനായി ഏറ്റവും പുതിയ മാനവവികസന റിപ്പോർട്ട് ഉപയോഗിക്കുക.

## REFERENCES


### Books

Dreze, Jean and Amartya Sen. 1996. *India: Economic Development and Social Opportunity.* Oxford University Press, Delhi.

### Articles

Ray, Alok. 2002. 'The Chinese Economic Miracle: Lessons to be Learnt.' *Economic and Political Weekly,* September 14, pp. 3835-3848.

Zaidi, S. Akbar. 1999. 'Is Poverty now a Permanent Phenomenon in Pakistan?' *Economic and Political Weekly,* October 9, pp. 2943-2951.

### Government Reports

*Human Development Report 2005,* United Nations Development Programme, Oxford University Press, Oxford.

*Pakistan: National Human Development Report 2003,* United Nations Development Programme, Second Impression 2004.

*World Development Report 2005,* The World Bank, published by Oxford University Press, New York.

*Labour Market Indicators, 3rd Edition,* International Labour Organisation, Geneva.

### Websites

www.stats.gov.cn
www.statpak.gov.pk
www.un.org
www.ilo.org
www.planningcommission.nic.in
www.dgft.delhi.nic.in